www.malankaralibrary.com

# ബഥനിയുടെ കെടാവിളക്കുകൾ



www.malankaralibrary.com

Published by : Mother General
Bethany Sisters Generalate House
Kottayam, Kalathipady

Printed at : Bethany Printing House
Kumily

## ആമുഖം

ബഥനി സന്യാസിനീ സമൂഹത്തിലെ ആദ്യത്തെ കെടാവിളക്കുകളായ പത്തുമദറുമാരുടെ ചുരുങ്ങിയ ജീവചരിത്രം അടങ്ങുന്നതാണ് ഈ പുസ്തകം. ഈ പത്തുമദുമാരേയും ബഥനിയുടെ കെടാവിളക്കുകളായി പ്രദാനം ചെയ്ത നല്ല ദൈവത്തെ മഹത്വപ്പെടുത്തുന്നു. അവർക്ക് എണ്ണയും പ്രകാശവും പകർന്നു കൊടുത്ത ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന് ആദരാജ്ഞലികൾ അർപ്പിക്കുന്നു.

കേരളത്തിലെ കുലീന കുടുംബത്തിൽപെട്ടവരും അടിയുറച്ച ദൈവവിശ്വാസത്തിലും യാക്കോബായ പാരമ്പര്യത്തിലും വളർന്നുവന്ന വരായിരുന്ന പത്തുമദറുമാരും. സ്ത്രീവിദ്യാഭ്യാസം അധികം പ്രോൽസാഹിപ്പി ക്കാതിരുന്നതായ ഒരു കാലഘട്ടത്തിൽ സ്ത്രീകൾ പൊതുരംഗത്ത് അധികം പ്രവേശിക്കാതിരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്ക് സന്യാസം സ്വപ്നം കാണാൻ പോലും സാധിക്കാത്ത യാക്കോബായ സഭയിൽ ജനിച്ചുവളർന്ന പെൺകുട്ടികളെയാണ് അന്നത്തെ മാതാപിതാക്കൾ ഒരുയുവ വൈദീകനായി രുന്ന എം.എ. അച്ചന്റെ കൂടെ കൽക്കട്ടായിൽ നിന്നും 300 കി.മി. അകലെയുള്ള ബാരിസോളിലേയ്ക്ക് (ഇന്നത്തെ ബംഗ്ലാദേശ്) പറഞ്ഞയക്കുന്നത്. ഒരു യുവ വൈദീകനായിരുന്നുവെങ്കിലും എം.എ.അച്ചന്റെ വ്യക്തിത്വത്തിന്റെ ശ്രേഷ്ടതയും ജീവിത വിശുദ്ധിയും ആ മാതാപിതാക്കൾ മനസ്സിലാക്കിയിരുന്നു. അവിടെ ആംഗ്ലിക്കൻ സിസ്റ്റേഴ്സിൻ കൂടെ ഇവർക്ക് സന്യാസ പരിശീലനം നൽകുവാൻ ഉള്ള എം.എ.അച്ചന്റെ പരിശ്രമം യഥാർത്ഥത്തിൽ വലിയ ദൈവ നടത്തിപ്പായിരുന്നു.

ബഥനിയിലെ ആദ്യത്തെ ഈ പത്തുമദറുമാരും കത്തോലിക്കാ സഭയിലേക്കു കടന്നുവരാൻ യാത്രചെയ്തിട്ടുള്ള പന്ഥാവുകൾ - ദൈവം കൂടെയിരുന്ന് വഴി നടത്തിയിട്ടുള്ള പാതകൾ വളരെ വിസ്മയാവഹങ്ങളാണ്. മരുഭൂമിയും ചെങ്കടലും അവർക്ക് തരണം ചെയ്യേണ്ടതായിവന്നു. പകൽ മേഘസ്തംഭവും രാത്രി അഗ്നിഞ്ഞുണുമായി ദൈവം അവരെ നയിച്ചു. കാറും

www.malankaralibrary.com

കോളും അല്ലലും അലച്ചിലും ആഞ്ഞടിച്ചു. എങ്കിലും അമരത്തു കർത്താവുണ്ടായിരുന്നതുകൊണ്ട് തോണി മുങ്ങിയില്ല. അവർ നിരാശരായില്ല. "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മക്കായി പരിണമിപ്പിക്കുന്നു" (റോമ 8/28) എന്ന് അവർ ആഴമായി വിശ്വസിച്ചു. അനന്തമായ ദൈവ പരിപാലനയോടു കൂടിയ ആ യാത്ര എത്തിച്ചേർന്നത് ബഥനി സന്യാസിനീ സമൂഹങ്ങളുടെ സ്ഥാപനത്തിലും പുനരൈക്യത്തിലുമാണ്.

സുദീർഘമായ ഒരുകാല ഘട്ടം തന്നെ സിസ്റ്റേഴ്സ് അവരുടെ വ്രതവാഗ്ദാനത്തിനായി ദാഹിച്ചു കൊതിച്ച് കാത്തിരിക്കേണ്ടതായി വന്നു. മാർ ഈവാനിയോസ് പിതാവ് ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതിനുശേഷം അദ്ദേഹത്തിന്റെ മുമ്പാകെയാണ് സിസ്റ്റേഴ്സ് വ്രതവാഗ്ദാനം നടത്തിയത്. അതും ദൈവ നിയോഗം തന്നെ. ആ അവസരത്തിൽ വന്ദ്യ പിതാവ് പറയുകയുണ്ടായി, "മക്കളെ നിങ്ങൾക്കുവേണ്ടി ഞാൻ ഈ കുരിശു വഹിക്കുന്നു വെന്ന്". അങ്ങനെ 1925 - ൽ മലങ്കരയിൽ ബഥനി സന്യാസിനീ സമൂഹം രൂപം കൊണ്ടു. എന്നാൽ യാക്കോബായ സഭയാകുന്ന മണ്ണിൽ സന്യാസം വളരുകയില്ലായെന്ന് പിതാവിന് അറിയാമായിരുന്നു.

പുനരൈക്യത്തിനുശേഷം പത്തു മദറുമാർക്കും അവരുടെ കുടുംബാംഗങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും വലിയ എതിർപ്പുകളും പ്രതിബന്ധങ്ങളും നേരിടേണ്ടിവന്നു. നമ്മുടെ പത്തു മദറുമാരും ധീരവനിതകളായിരുന്നു. ദൈവകൃപയാൽ അവയെല്ലാം അവർ തരണം ചെയ്തു. നീണ്ടവർഷത്തെ ശ്രേഷ്ടമായ സന്യാസ പരിശീലനവും സ്ഥാനപിതാവിൽനിന്നു തന്നെ ചൈതന്യവും സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ചവരായിരുന്നു പത്തുമദറുമാരും. അവരുടെ നന്മകൾ റോം അംഗീകരിച്ചതിന്റെ അടയാളമായിട്ടാണ് റോമിൽ നിന്നും പത്തുപേർക്കും മദറുസ്ഥാനം നൽകിയത്. ഇന്നു ബഥനി മക്കളുടെ ഹൃദയത്തിൽ പത്തു മദറുമാരും ജീവിക്കുന്നു.

സമൂഹത്തിലെ ഇളം തലമുറകൾ എല്ലാം തന്നെ ഈ പത്തു മദറുമാരുടേയും ജീവിതം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. അവർക്ക് അത് പകർന്നു കൊടുക്കേണ്ടത് മുതിർന്ന തലമുറയുടേയും കടമയുമാണല്ലോ. സമൂഹത്തിന്റെ കാരിസം അനുസരിച്ചു ജീവിക്കുവാനും ഈ വന്ദ്യ മദറുമാരുടെ ജീവിതം നമുക്ക് ഏറ്റം സഹായകമാകും. നമ്മുടെ അഞ്ചു പ്രോവിൻസുകളിൽ നിന്നുമുള്ള സിസ്റ്റേഴ്സ് ഇതിന്റെ രൂപീകരണത്തിൽ സഹായിച്ചു. പ്രത്യേകിച്ച് ഓരോ മദറുമാരുടേയും ജീവചരിത്രം എഴുതിയ സി.ഫിലോമിന (പത്തനംതിട്ട) സി.സ്ക്കൊളാസ്റ്റിക്കാ (ബത്തേരി) സി.ഹാക്കിം, സി. സെൽക്കാ, സി.ശ്ബീഹാ, സി. ഡൽഫീനാ, സി. ഹെലനാ, സി. പാസ്ക്കൽ, സി. വിജയ, സി. ഫിലോമിന (തിരുവല്ല) എന്നിവരോടുള്ള നന്ദിയും സ്നേഹവും സമൂഹത്തിന്റെ കടപ്പാടും പ്രത്യേകം അറിയിക്കുന്നു. ഈ പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച കുമളി ബഥനി പ്രസ് അംഗങ്ങളോടും പ്രത്യേകിച്ച് സി. പ്രേഷിതയോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഈ പുസ്തകം ബഥനി സന്യാസിനീ സമൂഹത്തിന് ആത്മീയ തീക്ഷണതയും ഉണർവ്വും ഉന്മേഷവും പ്രദാനം ചെയ്യട്ടെ. വന്ദ്യമദറുമാർക്ക് ബഥനി മക്കളുടെ ആയരമായിരം ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് **"ബഥനിയുടെ കെടാവിളക്കുകൾ"** ബഥനി സിസ്റ്റേഴ്സ് ജനറലേറ്റിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

സി. ബഞ്ചമിൻ എസ്.ഐ.സി.
മദർ ജനറൽ

കോട്ടയം
16-11-2009

www.malankaralibrary.com

## ഉള്ളടക്കം


| | | Page No. |
|---|---|---|
| മദർ ശൈനോ | – | 1 |
| മദർ ഹൂബാ | – | 38 |
| മദർ ദനഹാ | – | 61 |
| മദർ സൾഗാ | – | 85 |
| മദർ മാക്സാ | – | 125 |
| മദർ തൈബൂസ് | – | 153 |
| മദർ ബാസിം | – | 167 |
| മദർ സൈബാർ | – | 180 |
| മദർ ഹൈമനൂസ് | – | 203 |
| മദർ ത്രീസൂസ് | – | 229 |

www.malankaralibrary.com



# മദർ ശൈനോ
## 1883 – 1951

www.malankaralibrary.com

# മദർ ശൈനോ

*(സി. ഫിലോമിന, പത്തനംതിട്ട)*

## ആമുഖം

ബഥനി മഠാംഗങ്ങൾക്കെല്ലാം ശ്രവണമാത്രയിൽ തന്നെ അഭിമാനമുണർത്തുന്ന പാവന നാമമാണ് മദർ ശൈന . മാർ ഈവാനിയോസ് തിരുമേനി വിഭാവനം ചെയ്ത സന്യാസിനീ സമൂഹത്തിലെ ആദ്യത്തെ അംഗം. 1925-ൽ ബഥനിയിൽ പ്രഥമ അംഗമായി, തികച്ചും ഭാരതീയവും പൗരസ്ത്യവുമായ രീതിയിൽ പ്രതിഷ്ഠിതയായി, 1926-ൽ മഹൽപ്രതിഷ്ഠ (Solemn Dedication) നടത്തി. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ സത്യാന്വേഷണപാതയിൽ, പ്രാർത്ഥനാപൂർവ്വം അനുഗമിച്ചു. 1930 സെപ്റ്റംബർ 20-ാം തിയതി നടന്ന ചരിത്ര പ്രസിദ്ധമായ പുനരൈക്യത്തെ തുടർന്ന് മാതൃസഭയുമായുള്ള കൂട്ടായ്മയിലേക്ക് ധൈര്യപൂർവ്വം സ്വസഹോദരിമാരായ സന്യാസിനിമാരുമൊത്ത് കടന്നുവന്നു, വലിയ മദർ എന്ന് അറിയപ്പെട്ടു.

തൃപ്പൂണിത്തുറയിലെ പുരാതനമായ മൂക്കഞ്ചേരിൽ കുടുംബത്തിൽ പത്രോസ്, കുഞ്ഞാംമറിയാം ദമ്പതിമാരുടെ മകളും സ്ലീബാദാസ സമൂഹസ്ഥാപകനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സഹോദരിയുമാണ് മദർ ശൈന. 1925 സെപ്റ്റംബർ 21-ാം തീയതി മിശിഹാനുകരണ സന്യാസിനീ സമൂഹം മലങ്കര യാക്കോബായ സഭയിൽ ഔദ്യോഗികമായി സമാരംഭിച്ചു. അന്ന് സന്യാസപ്രതിഷ്ഠ നടത്തിയ മൂവരിൽ ഒന്നാമത്തെ അംഗമാണ് മദർ ശൈന.

മാർ ഈവാനിയോസ്, മാർ തിയോഫിലസ് എന്നീ പിതാക്കന്മാരിൽ നിന്നും നേരിട്ട് സന്യാസ പരിശീലനം ലഭിച്ച ബഥനി സന്യാസിനിയും ബഥനി മക്കൾക്ക് എന്നും സ്നേഹനിധിയുമായ അമ്മയുമായിരുന്നു മദർ. ഇദം പ്രഥമമായി മലങ്കരസഭയിൽ സ്ഥാപിതമായ ബഥനി സന്യാസിനീ സമൂഹത്തിന്റെ പ്രഥമ മദർ സുപ്പിര്യർ ആയിരുന്നു. 1926 മുതൽ 1930 വരെ സിസ്റ്റർ സുപ്പീര്യറായും 1930 മുതൽ 1936 വരെ തിരുമൂലപുരത്തും 1936 മുതൽ 1939 വരെ

www.malankaralibrary.com

തിരുവനന്തപുരത്തും നാലാഞ്ചിറയിലും മദർ സുപ്പീര്യറായും മഠാംഗങ്ങളെ സ്നേഹപൂർവ്വം മദർ നയിച്ചിരുന്നു. മലങ്കരസഭയിൽ സ്ത്രീകൾക്ക് സന്യാസം അപരിചിതമായിരുന്ന കാലത്ത് ദൈവത്തിനായി സ്വയം പ്രതിഷ്ഠിക്കുവാൻ തയ്യാറായി മുന്നോട്ടുവന്ന യുവതികൾക്ക് നേതൃത്വം കൊടുക്കുവാൻ ദൈവം തെരഞ്ഞെടുത്ത കന്യാകാരത്നമാണ് മദർ ശൈന.

നാലാഞ്ചിറ മഠംവകയായി പുതുതായി നിർമ്മിച്ച സെമിത്തേരിയിൽ ആദ്യമായി മദർ ശൈനായുടെ മൃതശരീരം സംസ്കരിക്കപ്പെട്ടു. അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രധാനകാർമികത്വത്തിൽശവസംസ്കാര ശുശ്രൂഷകൾ ഏറ്റുവാങ്ങിയ ബഥനി സന്യാസിനി സമൂഹത്തിലെ ഏകവ്യക്തിയാണ് മദർ ശൈന. ഏറെക്കാലം ബഥനി സന്യാസിനീ സമൂഹത്തിന്റെ വല്യമദറായി, കൊച്ചുമക്കളെ എന്നപോലെ ഞങ്ങളെ വാത്സല്യത്തോടെ വളർത്തുകയും സ്നേഹത്തോടെ കരുതുകയും സമർപ്പണ ജീവിതത്തിൽ കൈപിടിച്ചു നടത്തുകയും ഉറപ്പിക്കുകയും ചെയ്ത നല്ല അമ്മയാണ് മദർ ശൈന.

## കുടുംബപശ്ചാത്തലം - കുടുംബം, ബാല്യം

ശതാബ്ദങ്ങളുടെ പാരമ്പര്യം അവകാശപ്പെടുന്ന കുലീന കുടുംബമായിരുന്നു മദർ ശൈനയുടേത്. പ്രൊഫസർ നാഗമയ്യ തിരുവിതാംകൂർ മാനുവലിൽ, കുടുംബപാരമ്പര്യത്തിന് ചൂണ്ടികാണിക്കുന്ന ഒരു വസ്തുത പ്രാചീന കുടുംബങ്ങളിൽ തലമുറകളായി നിലനിന്നുപോന്നിരുന്ന പൗരോഹിത്യമാണ്. 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മുക്കഞ്ചേരിൽ , കുടുംബത്തിലെ അറിയപ്പെടുന്ന കാരണവരായ കുര്യൻ കത്തനാർ, സഹോദരപൗത്രനായിരുന്ന ഗീവർഗീസ് റമ്പാൻ, അദ്ദേഹത്തിന്റെ സഹോദരപുത്രനും മദർ ശൈനായുടെ ഇളയ സഹോദരനുമായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എന്നിവരുടെ ചരിത്രം ഇത് സാക്ഷിക്കുന്നു.

മദർ ശൈനായുടെ പൂർവ്വികർ സമുദായ പ്രമാണികളും തികഞ്ഞ സഭാസ്നേഹികളുമായിരുന്നുവെന്ന് 17-ാം നൂറ്റാണ്ട് മുതലുള്ള രേഖകൾ വെളിപ്പെടുത്തുന്നു. തൃപ്പൂണിത്തുറയിലേക്ക് കുടിയേറിപ്പാർത്തതിനുശേഷം കൊച്ചി സംസ്ഥാനഭരണത്തിലും അവർക്ക് നിർണ്ണായകസ്വാധീനം കൈവന്നിരുന്നു. മലങ്കര ഓർത്തഡോക്സ് സഭാ സമൂഹത്തിൽ മൂക്കഞ്ചേരി കുടുംബാംഗങ്ങൾക്കുണ്ടായിരുന്ന സ്ഥാനം, കുടുംബചരിത്രത്തിന്റെ ചുരുളഴിയുമ്പോൾ വ്യക്തമാകുന്നതാണ്.



ആർത്താറ്റ് പള്ളിയായിരുന്നു മൂക്കഞ്ചേരിൽ തറവാട്ടുകാരുടെ മാതൃ ഇടവകയെന്ന് വിശ്വസിക്കപ്പെട്ടുപോരുന്നു. ഈ കുടുംബക്കാർ ചാലിശ്ശേരി - പാലയൂർ-കുന്നംകുളത്തു താമസിച്ചിരുന്ന സുറിയാനിക്കാരായിരുന്നുവെന്നും 1790 ലെ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് വിശ്വാസ സംരക്ഷണാർത്ഥം കൊച്ചി ഭാഗത്തേക്ക് പലായനം ചെയ്തെന്നുമാണ് കരുതപ്പെടുന്നത്. ടിപ്പുവിന്റെ പിൻവാങ്ങലിനുശേഷം ആർത്താറ്റ് പള്ളി പുനരുദ്ധരിക്കപ്പെട്ടപ്പോൾ, പള്ളിക്ക് ഇവർ സഹായങ്ങൾ നൽകിയിരുന്നു എന്നതിന് തെളിവാണ് ആർത്താറ്റ് പള്ളിശിലാന്തിയിൽ കാണുന്ന മൂക്കഞ്ചേരി കുടുംബം വക എന്ന കൊത്തുപണി.

ടിപ്പുവിന്റെ പടയോട്ടത്തിൽ പലായനം ചെയ്ത് ഒരു തായ്വഴി തൃപ്പൂണിത്തുറയ്ക്ക് സമീപം ഏതൂരിൽ നായന്മാരുടെ വക പറമ്പുവാങ്ങി താമസമാക്കി. മൂക്കഞ്ചേരിപറമ്പ് എന്നായിരുന്നത്രേ അതിന്റെ പേര്. അങ്ങനെയാണ് മൂക്കഞ്ചേരിൽ എന്ന കുടുംബപ്പേരിന്റെ ഉത്ഭവം എന്നാണ് നിഗമനം. മൂക്കഞ്ചേരിൽ കുടുംബത്തിന്റെ കാരണവർ കത്തനാർ പാപ്പൻ , എന്നറിയപ്പെട്ടിരുന്ന കുര്യൻ കത്തനാരാണ്. ഇദ്ദേഹം തൃപ്പൂണിത്തുറ നടമേൽ പള്ളി വികാരിയായിരുന്നു. ഇദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നത് ഈ പള്ളിയിലാണ്. കുര്യൻ കത്തനാരുടെ സഹോദരൻ ചെറിയയിൽ നിന്നാണ് പിന്നീടുള്ള താഴ്വഴികൾ. ചെറിയയ്ക്ക് പൈലി ചെറിയ, വർക്കി ചെറിയ എന്നീ രണ്ട് ആൺമക്കളുണ്ടായിരുന്നു.

മൂക്കഞ്ചേരിൽ വർക്കി ചെറിയയുടെ കുടുംബം വികസിച്ചു. വർക്കി ചെറിയയുടെ നാല് ആൺമക്കളിൽ മൂത്തയാളാണ് ഗീവർഗീസ് റമ്പാൻ . മുളന്തുരുത്തി സുന്നഹദോസിൽ സംബന്ധിച്ച ഈ ആത്മീയ ആചാര്യൻ അതിന്റെ പിറ്റേന്ന് പരിശുദ്ധ

www.malankaralibrary.com

പാത്രിയർക്കീസ് ബാവായിൽ നിന്ന് റമ്പാൻപട്ടം സ്വീകരിക്കുകയാ യിരുന്നു. മെത്രാൻ പദവിയില്ലാതെ സഭാ സേവനം മതിയെന്ന് ശഠിച്ച ധീരോദാത്തനായിരുന്ന ഇദ്ദേഹം പഴയ സെമിനാരിയിലെ മല്പാൻ സ്ഥാനത്തിനുശേഷം വെട്ടിക്കൽ ദയറായിലും ഹിൽപാ ലസിനടുത്ത് സ്ഥാപിച്ച സ്വന്തം ദയറായിലുമായി ആശ്രമജീവിതം കഴിച്ചു.

ഗീവറുഗീസ് റമ്പാന്റെ സഹോദരന്മാരിൽ രണ്ടാമനാണ് മദർ ശൈനയുടെ പിതാവ് പുരവത്ത്. മദറിന്റെയും പിതൃസഹോ ദരന്മാരുടെയും കുടുംബശാഖകളായി ഇന്ന് നാല് കുടുംബക്കാർ തൃപ്പൂണിത്തുറയിലുണ്ട്.

1. മൂക്കഞ്ചേരിൽ പടിഞ്ഞാറേവീട്- മദറിന്റെ പിതാവ് പണികഴിപ്പിച്ചവീട്
2. മൂക്കഞ്ചേരിൽ കിഴക്കേവീട് - പിതൃസഹോദരൻ കുഞ്ഞിച്ചെറിയയുടെ വീട്
3. മൂക്കഞ്ചേരിൽ ബംഗ്ലാവുവീട് - പിതൃസഹോദരൻ പൈലിയുടെ വീട്
3. മൂക്കഞ്ചേരിൽ അങ്ങാടിവീട് - പിതൃസഹോദരൻ യൗസേപ്പിന്റെ വീട്

ഇതിൽ അങ്ങാടിവീടാണ് തറവാടുവീട്. മദറും സഹോദ രങ്ങളും ജനിച്ചത് ഇവിടെയാണ്. കുടുംബത്തിലെ പതിവനുസ രിച്ച് പിതൃസഹോദരങ്ങളിൽ ഇളയവനായ യൗസേപ്പ് ഇവിടെ താമസിച്ചു.

മൂക്കഞ്ചേരിൽ പടിഞ്ഞാറേ വീട്ടിൽ പൂവരത്തിന്റേയും (പ ത്രോസ്) കുളിയാട്ടു കുഞ്ഞാംമറിയത്തിന്റെയും പത്തുമക്കളിൽ ഒൻപതാമത്തെ സന്തതിയായി മദർ ശൈന കൊല്ലവർഷം 1059 തുലാംമാസം 1-ാം തീയതി (ക്രിസ്തുവർഷം ഒക്ടോബർ 14ന്) തറവാടുവീടായ അങ്ങാടിയിൽ ജനിച്ചു. കുഞ്ഞിളച്ചി എന്നറി യപ്പെട്ടിരുന്ന ശിശുവിന് തൃപ്പൂണിത്തുറ യാക്കോബായ പള്ളിയിൽ വച്ച് മാമ്മോദീസായും മൂറോനഭിഷേകവും നൽകി. ശോശാമ്മ എന്നായിരുന്നു മാമോദീസാ പേര്. വീടിനടുത്തുള്ള ആശാൻ പള്ളി ക്കൂടത്തിലും പിന്നീട് തൃപ്പൂണിത്തുറ പ്രൈമറി സ്ക്കുളിലും പഠനം നടത്തി.



മെലിഞ്ഞശരീരപ്രകൃതി, സൗമ്യമായ പെരുമാറ്റം, അഴകു ള്ളതും പ്രസരിപ്പുള്ളതുമായ മുഖഭാവം ഇവ മറ്റുള്ളവർക്കു കുഞ്ഞി ളച്ചിയിൽ സന്തോഷമുളവാക്കിയിരുന്നു. തികഞ്ഞ യാക്കോബായ പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ചുവളർന്ന കുഞ്ഞിളച്ചി ഭക്ത കാര്യങ്ങളിൽ ശ്രദ്ധയുള്ളവളും സഭാസ്നേഹിയുമായിരുന്നു. ദൈവീക ചൈതന്യം തുളുമ്പുന്ന മുഖവും പ്രസന്നഭാവവും സൗമ്യ മായ സമീപനവും തന്റെ വ്യക്തിത്വത്തിന്റെ ധന്യത വിളിച്ചറിയി ക്കുന്നവയായിരുന്നു. സ്ത്രീ വിദ്യാഭ്യാസം നിഷിദ്ധമായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ശൈശവവിവാഹം നിലവിലിരുന്ന കാല യളവ്. തൃപ്പൂണിത്തുറ തിരുവാംകുളം മെയിൻ റോഡിൽ (NH 47) മദറിന്റെ പിതാവ് പുരവത്ത് പണികഴിപ്പിച്ച മാളികവീടിന് 150 വർഷത്തോളം പഴക്കമുണ്ട്. ഈ വീട്ടിൽ വച്ചാണ് 8-ാം വയസ്സിൽ നാട്ടുനടപ്പനുസരിച്ച് കോലഞ്ചേരിയിൽ ഒരു കുലീനകുടുംബ ത്തിൽപ്പെട്ട 13 വയസുകാരനെ കൊണ്ട് കുഞ്ഞിളച്ചിയെ വിവാഹം കഴിപ്പിച്ചത്.

മദർ ശൈനോയ്ക്ക് കുഞ്ഞിച്ചെറിയ, പൈലി, എം. പി. വർക്കി, എം. പി. പീറ്റർ എന്നീ നാല് പ്രഗത്ഭരായ സഹോദരന്മാരും അച്ച, ഉണ്ണിഅന്നം, കുഞ്ഞേലി, മറിയം, മാത്തിരി എന്നിങ്ങനെ അഞ്ച് സഹോദരിമാരും ഉണ്ടായിരുന്നു. ഇവരിൽ മദറിന്റെ നേരെ മൂത്ത സഹോദരി മാത്തിരിയെ മുവാറ്റുപുഴ ജില്ലയിൽ കുന്നക്കു രിടി എന്ന സ്ഥലത്താണ് വിവാഹം ചെയ്തയച്ചത്. ബഥനി സന്യാ സിനി സമൂഹത്തിലെ പരേതരായ സി. റജീന, സി. ബ്രിജിറ്റ് ഇവരും ഇന്ന് മുവാറ്റുപുഴ പ്രൊവിൻസിലുള്ള സിസ്റ്റർ ശൈനാമേരിയും മാത്തിരിയുടെ മകനായ രാമനാട്ടിൽ ബഹു. പത്രോസച്ചന്റെ മക്ക ളാണ്. അദ്ദേഹത്തിന്റെ ഒരു കൊച്ചുമകൾ സി. മരിയറാണി ഇന്ന് ബഥനി മുവാറ്റുപുഴ പ്രൊവിൻസിൽ സേവനമനുഷ്ഠിക്കുന്നു. മല ങ്കരകത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ബഹു. പത്രോ സച്ചൻ തിരുവല്ലാ രൂപതയിൽ പ്രശസ്ത സേവനം അനുഷ്ഠിച്ച് 1977 ഡിസംബർ 18-ാം തീയതി സ്വർഗ്ഗീയഭാഗ്യത്തിലേക്ക് വിളിക്ക പ്പെട്ടു.

മദർ ശൈനായുടെ നേരെ ഇളയസഹോദരനാണ് പിൽകാ ലത്ത് കർമ്മേലിലെ കർമ്മയോഗി എന്നറിയപ്പെട്ടിരുന്ന സ്ലീബാ

www.malankaralibrary.com

ദാസസമൂഹസ്ഥാപകനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി. മലബാറിന്റെ മെത്രാനായിട്ടാണ് അദ്ദേഹം വാഴിക്കപ്പെട്ടത്. ദളിതർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച സാമൂഹ്യപരിഷ്കർത്താവും സ്ലീബാദാസ സമൂഹത്തിലൂടെ ആത്മീയോത്കർഷം സാധിച്ച സാത്വികനുമായിരുന്നു അദ്ദേഹം. കണ്ടനാട് ദയറായിൽ നിത്യവിശ്രമം കൊള്ളുന്നു. ദയറായക്കാരനായി ജീവിച്ച സഹോദരനും, ബഥനിയിൽ സന്യാസം വരിച്ച സഹോദരിയും തമ്മിൽ ഗാഢമായ ആത്മബന്ധം ഉണ്ടായിരുന്നു.

## ജീവിതത്തിലെ വഴിത്തിരിവ്.

വിവാഹത്തെക്കുറിച്ചോ കുടുംബ ജീവിതത്തെക്കുറിച്ചോ വേണ്ടത്ര അറിവില്ലാതിരുന്ന കുഞ്ഞിളച്ചി നാട്ടുനടപ്പനുസരിച്ച് ചെറുപ്പത്തിൽ തന്നെ വിവാഹിതയായെങ്കിലും തിരിച്ചറിവുണ്ടാകുന്നതുവരെ നാലഞ്ചുവർഷക്കാലം പിതൃഭവനമായ മൂക്കഞ്ചേരിയിൽ തന്നെ താമസിച്ചു. അക്കാലത്ത് കുഞ്ഞിളച്ചിക്ക് ടൈഫോയിഡ് പിടിപെട്ട് രോഗകിടക്കയിലായി. രോഗം ഗുരുതരമായ അവസ്ഥയിൽ പ്രിയപ്പെട്ട പത്നിയെ കാണാനെത്തിയ ഭർത്താവ് സ്വഭവനത്തിൽ തിരിച്ചെത്തിയശേഷം ടൈഫോയിഡ് ബാധിതനായി. രണ്ടുമൂന്നാഴ്ചത്തെ ചികിത്സയ്ക്കുശേഷം കുഞ്ഞിളച്ചി പൂർണ്ണസുഖം പ്രാപിക്കുകയുണ്ടായി. എന്നാൽ ഭർത്താവിന് രോഗം ഗുരുതരമാവുകയും അദ്ദേഹം മരണമടയുകയുമാണുണ്ടായത്. ബാല്യം പിന്നിടുംമുമ്പ് വൈധവ്യം സംഭവിച്ച കുഞ്ഞിളച്ചിയെ വീണ്ടും വിവാഹം ചെയ്യിക്കാൻ കുടുംബക്കാർ നിശ്ചയിച്ചു. പുനർവിവാഹത്തിന് കുഞ്ഞിളച്ചി തയ്യാറല്ലായിരുന്നു. തുടരെ വന്നുകൊണ്ടിരുന്ന എല്ലാ കല്ല്യാണാലോചനകളേയും നിശ്ചയദാർഢ്യത്തോടെ എതിർത്തുകൊണ്ട് ഉപവാസം, പ്രാർത്ഥന, ആദ്ധ്യാത്മികപാരായണം ഇവയിലും വിട്ടുജോലികളിലും മുഴുകി. ദൈവസംസർഗ്ഗത്തിൽ കുഞ്ഞിളച്ചി മുന്നോട്ട് നീങ്ങി. കുടുംബത്തിലുള്ളവരെല്ലാം കുഞ്ഞിളച്ചിയോട് ആദരവും സ്നേഹും പ്രദർശിപ്പിച്ചിരുന്നു. ഇളംതലമുറക്കാർ കുഞ്ഞമ്മായി എന്ന് സ്നേഹപൂർവം വിളിച്ചുവന്നു. കുഞ്ഞിളച്ചിക്ക് പിതൃസഹോദരനായ ഒരുറമ്പാൻ ഉണ്ടായിരുന്നു. അദ്ദേഹവും ആദ്ധ്യാത്മീക ജീവിതത്തിന് കഥാനായികക്ക് പ്രചോദനം നൽകി വന്നു. സംതൃപ്തമായ ജീവിതം ദൈവകരങ്ങളിലൂടെ



മാത്രം സംജാതമാകുന്നു എന്നവൾക്കു തിരിച്ചറിവുണ്ടായിരുന്നു. കുരിശുകൾ സന്തോഷത്തോടും സ്തോത്രത്തോടും കൂടി സഹിച്ചുകൊണ്ട് ജീവിതം അർത്ഥപൂർണ്ണമാക്കാൻ കുഞ്ഞിളച്ചി ശ്രദ്ധ വച്ചു.

## സ്ത്രീകൾക്ക് മലങ്കരയിൽ സന്യാസമോ?

കൽക്കട്ടായിൽ സെറാംബൂർ കോളേജിൽ പ്രൊഫസറായി നിയമിതനായ പ്രശസ്തനും പ്രഗത്ഭനുമായ ഫാ. പിറ്റി ഗീവർഗീസ് മലങ്കര സുറിയാനി സഭയിലെ വൈദികരിൽ അന്ന് എം. എ ബിരുദം നേടിയ ആദ്യവ്യക്തിയായിരുന്നു. എം. എ. അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന സഭാസ്നേഹിയായ അദ്ദേഹത്തിന് ചെറുപ്പം മുതലേ സന്യാസാഭിമുഖ്യം ഉണ്ടായിരുന്നു. ദൈവ സ്നേഹത്തിൽ വേരൂന്നി വളർന്ന അദ്ദേഹത്തിന് മലങ്കരസഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെയ്ക്കണം എന്ന ആഗ്രഹമുണ്ടായി. ഈ ദൗത്യത്തെപ്പറ്റിയുള്ള ചിന്ത അദ്ദേഹത്തിൽ രൂഢമൂലമാവുകയും, ദൈവത്തിനു സമ്പൂർണ്ണമായി സ്വയം പ്രതിഷ്ഠിക്കപ്പെട്ട അംഗങ്ങൾ അടങ്ങുന്ന ഒരു സന്യാസ സമൂഹം മലങ്കരയിൽ ഉണ്ടാവണമെന്ന് തീവ്രമായി ആഗ്രഹിക്കുകയും ചെയ്തു.

മഹാകവി ടാഗോറിന്റെ ശാന്തിനികേതനവും, മഹാത്മജിയുടെ സബർമതി ആശ്രമവും അദ്ദേഹം സന്ദർശിച്ചു. അവരുമായി ഉറ്റബന്ധം പുലർത്തി. ഭാരതീയ സന്യാസദർശനവും ഭാരതീയ സംസ്ക്കാരവും സ്വാംശീകരിച്ചുകൊണ്ട് പൗരസ്ത്യരീതിയിലുള്ള ഒരു ക്രിസ്തീയ സന്യാസ സമൂഹത്തിന് രൂപം നൽകുന്നതിന് അദ്ദേഹം ഉറച്ചു. മലങ്കരസഭയുടെ ആദ്ധ്യാത്മികോന്നമനം സാധിക്കുകയും അതോടൊപ്പം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ രക്ഷാകര സന്ദേശം എത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. ഈ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനുതകുന്ന വിധത്തിൽ സന്യാസസമൂഹം രൂപീകരിക്കുന്നതിന് അനുവാദം അപേക്ഷിച്ചുകൊണ്ട് മാർ ഈവാനിയോസ് തന്റെ ഗുരുവും മലങ്കരസഭയുടെ അദ്ധ്യക്ഷനുമായിരുന്ന അഭിവന്ദ്യ വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസിനെ സമീപിച്ചു. അദ്ദേഹം മലങ്കരയിൽ ഒരു സന്യാസസമൂഹസ്ഥാപനത്തിന് അനുമതിയും

www.malankaralibrary.com

ആശിർവാദവും നൽകി. മലങ്കരസഭയുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനായി തന്റെ ഉന്നതമായ പ്രൊഫസർ സ്ഥാനം രാജിവയ്ക്കുന്നതിനും അദ്ദേഹം തീർച്ചയാക്കി. സന്യാസത്തിന്റെ തുടക്കം സെറാമ്പൂരിൽ വച്ചുതന്നെ നടന്നു. ഉപരിപഠനത്തിനായി സെറാമ്പൂർ കോളജിൽ എത്തിയ ഏതാനും വൈദിക വിദ്യാർത്ഥികളും ഫാ. പി. റ്റി. ഗീവർഗീസും ചേർന്ന് തപോനിഷ്ഠയുടേയും, ഏകാഗ്രതയുടേയും പ്രാർത്ഥനയുടേതുമായ ജീവിതത്തിനു രൂപം നൽകി.

മലങ്കരസഭയെ ഉദ്ധരിക്കാനുള്ള പരിശ്രമത്തിൽ പുരുഷന്മാർക്കായി മാത്രം സന്യാസ സമൂഹം ഉണ്ടായാൽ പോരാ, സ്ത്രീകൾക്കും സമൂഹനിർമ്മിതിയിൽ വലിയ സ്ഥാനം ഉണ്ട്. കുടുംബത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം വളരെ വലുതാണ്. ജീവിതം ദൈവസമ്പാദനത്തിനായി സ്വയം പ്രതിഷ്ഠിക്കുന്ന പുരുഷന്മാരെപോലെതന്നെ പരിത്യാഗത്തിലൂടെ ഈശ്വര സാക്ഷാത്കാരം നേടാൻ സ്ത്രീകൾക്കും അവസരമുണ്ടാകണം. ഗൃഹാന്തർഭാഗങ്ങളിലേക്ക് കടന്നു ചെന്ന് വീടിന്റെ ഉള്ളറയിൽ വെളിച്ചം പരത്താൻ സ്വയം ദൈവത്തിന് പ്രതിഷ്ഠിതരായ സ്ത്രീകളുടെ പ്രേഷിത വൃത്തിക്ക് കൂടുതൽ കഴിവുണ്ടാകും. ആകയാൽ സ്ത്രീകൾക്കും മലങ്കര സുറിയാനി സഭയിൽ ഒരു സന്യാസസമൂഹം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി.

എം. എ. അച്ചൻ സെറാമ്പൂർ കോളേജിലായിരുന്ന കാലത്ത് ഹൈ ചർച്ച്കാർ എന്ന് വിളിക്കപ്പെട്ടിരുന്ന ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സ് ഓഫ് ദി എപ്പിഫനി (ഒ.എം.എസ്.ഇ) എന്ന സമൂഹവുമായി സമ്പർക്കം പുലർത്തുന്നതിനിടയായി. കൽക്കട്ടായിൽ നിന്നും മുന്നൂറിൽ പരം മൈലുകൾ അകലെ ബാരിസോൾ എന്ന സ്ഥലത്ത് ഇപ്പോഴത്തെ ബംഗ്ലാദേശിൽ സാധുക്കളായ ഇന്ത്യാക്കാരുടെ ഉത്ഥാരണാർത്ഥം സ്ഥാപിക്കപ്പെട്ടിരുന്നമഠത്തിന്റെ സ്ഥാപകയായ മദർ ഈഡിത്ത് ലാംഗ്രിഡ്ജ് എന്ന ബഹുമാന്യയായ മദറുമായി അദ്ദേഹത്തിനുണ്ടായ പരിചയം മലങ്കരയിൽ ഒരു സന്യാസിനി സമൂഹത്തിന്റെ സ്ഥാപനത്തിന് വഴിയൊരുക്കി.



കേരളക്കരയിൽ വന്ന് മലങ്കരയിൽപ്പെട്ട പെൺകുട്ടികൾക്കായി ഒരു സന്യാസിനി മഠം തുടങ്ങുന്നതിന് എം. എ. അച്ചൻ മദറിനോട് ആവശ്യപ്പെടുകയുണ്ടായി. തൽക്കാലം ആയതു സാധ്യമല്ലെന്നും കേരളത്തിൽ നിന്നും സന്യാസാഭിമുഖ്യമുള്ള ഏതാനും പെൺകുട്ടികളെ തെരഞ്ഞെടുത്ത് ബാരിസോളിൽ കൊണ്ടുചെന്നാക്കിയാൽ അവർക്കു സന്യാസപരിശീലനം നൽകാമെന്നും ഉദാരമതിയായ മദർ ഈഡിത്ത് സമ്മതിച്ചു. അങ്ങനെ അന്ന് മലങ്കരസഭ മേലദ്ധ്യക്ഷനായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടും ആശീർവാദത്തോടും കൂടി 1915 ൽ കേരളത്തിൽ നിന്നും കുലീന കുടുംബത്തിൽ പെട്ടവരും മലങ്കര സഭാസ്നേഹികളുമായവരുടെ മക്കളിൽ ചിലരെ തെരഞ്ഞെടുത്ത് പഠനത്തിനായി ബാരിസോളിലെ കന്യാമഠത്തിൽ എം. എ അച്ചൻ കൊണ്ടുചെന്നാക്കി. എപ്പീഫനി സിസ്റ്റേഴ്സ് തനി ഭാരതീയ രീതിയിൽ ലാളിത്യമാർന്ന ജീവിതശൈലിയിൽ താൻ ഭരമേൽപ്പിച്ച പെൺകുട്ടികൾക്ക് ക്രിസ്തീയ മൂല്യങ്ങൾക്ക് അടിത്തറപാകികൊണ്ട് സന്യാസപരിശീലനം നൽകിവന്നു. ഈ പുതിയ പദ്ധതിയെപ്പറ്റി കേരളക്കരയിൽ അറിയാൻ ഇടയായ അവസരത്തിൽ മക്കളെ അയയ്ക്കാൻ മിക്കവർക്കും താൽപ്പര്യമില്ലായിരുന്നു. മലങ്കരസുറിയാനി സഭയിൽ കേട്ടുകേൾവിപോലുമില്ലാത്ത സ്ത്രീ സന്യാസമെന്ന പുരോഗമന പദ്ധതിയെ പലരും വിമർശിച്ചു, ആശങ്കപ്രകടിപ്പിച്ചു.

കുഞ്ഞിളച്ചി (എം. പി. ശോശാമ്മ) യുടെ ഇളയ സഹോദരനായ എം. പി. പത്രോസ്( ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ) പരുമല എത്തി പുരോഹിത ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ച് യാക്കോബായ സഭയിൽ ശെമ്മാശപ്പട്ടം സ്വീകരിച്ചിരുന്നു. സമർത്ഥനും സഭാസ്നേഹിയുമായിരുന്ന ശെമ്മാശൻ അക്കാലത്ത് പ്രസിദ്ധനായി തീർന്ന മാവേലിക്കരക്കാരൻ എം. എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന പി. റ്റി ഗീവറുഗീസ് അച്ചന്റെ ശിഷ്യത്വം ഇഷ്ടപ്പെട്ടിരുന്നു. ഉപരിപഠനാർത്ഥം സെറാമ്പൂരിലേക്ക് ശെമ്മാശനെയും എം. എ അച്ചൻ കൊണ്ടുപോയിരുന്നു. മലങ്കരയാക്കോബായ സഭയിൽ സ്ത്രീ സന്യാസം നിഷിദ്ധമായി ഗണിക്കപ്പെട്ടിരുന്ന കാലത്ത്. ഈ പുതിയ സംരംഭം ശ്രേഷ്ഠമായി കരുതിയിരുന്ന ഒരാളായിരുന്നു പത്രോസ് ശെമ്മാശൻ. അദ്ദേഹം എം. എ. അച്ചന് ഇക്കാര്യത്തിൽ എല്ലാ പിന്തുണയും നൽകിയിരുന്നു. ഇത്തരുണത്തിൽ ഇച്ചേച്ചി എന്നു

www.malankaralibrary.com

താൻ വിളിക്കുന്ന തന്റെ മൂത്ത സഹോദരിയുടെ ജീവിതകഥയെല്ലാം ഗുരുവിനോട് വിശദമായി പറഞ്ഞിട്ടുണ്ടായിരുന്നു. എം. എ. അച്ചന്റെ പുതിയ പരിപാടികളെ കുറിച്ച് അവസരോചിതം പെങ്ങളെയും ധരിപ്പിക്കാൻ ശെമ്മാശൻ മറന്നില്ല. പുനർവിവാഹ വാഞ്ചയില്ലെങ്കിലും ജീവിതം വഴിമുട്ടിനിൽക്കുന്ന ഈ അവസരത്തിൽ ദൈവാശ്രയത്തോടെ മുന്നോട്ടുപോകുന്ന സഹോദരിക്ക് എം. എ. അച്ചന്റെ പുതുപദ്ധതി ആശ പകർന്നു. എം. എ. അച്ചനെ കാണുന്നതിനും സംസാരിക്കുന്നതിനും ആഗ്രഹിച്ചിരിക്കെ ദൈവം അതിനു വഴിയൊരുക്കി.

## ബാരിസോളിലേക്ക്

അടുത്തുവന്ന അവധികാലത്ത് 1916-ൽ എം. എ. അച്ചൻ നാട്ടിൽ വന്നു. കൊച്ചിയിൽ മാന്തുരുത്തി എന്ന സ്ഥലത്ത് ഒരു പുലയ കോളനിയുണ്ടായിരുന്നു. അക്ഷരാഭ്യാസമില്ലാത്തവരും അധഃകൃതരെന്ന് മുദ്രകുത്തപ്പെട്ടിരുന്നവരുമായ ഈ ദളിതരുടെ ദുരന്തകഥ പത്രോസ് ശെമ്മാശനിൽ നിന്നും അറിഞ്ഞ എം. എ. അച്ചൻ അവധിക്കാലം കുറച്ചുദിവസം അവർക്കായി ചിലവഴിക്കാനും അവരുടെകൂടെ ആയിരിക്കാനുമാഗ്രഹിച്ച് അവധികാലത്ത് നാട്ടിലേക്ക് പോകുന്ന ശെമ്മാശനുമൊത്ത് മാന്തുരുത്തിയിലേക്ക് തിരിച്ചു. ശെമ്മാശൻ കരുതികൂട്ടി സംഘടിപ്പിച്ചതല്ലെങ്കിലും ഈ മിഷൻയാത്ര കുഞ്ഞിളച്ചിയെ സംബന്ധിച്ചിടത്തോളം ദൈവനിയോഗമായി. സ്വസഹോദരനുമൊത്ത് യാദൃശ്ചികമായി ഭവനത്തിലേക്ക് വന്ന എം. എ. അച്ചനോട് തന്റെ ആഗ്രഹങ്ങളെല്ലാം അറിയിക്കുകയും ബാരിസോളിലേക്ക് പോകുന്നതിന് താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തു. 1917-ൽ തൃപ്പുണിത്തുറ മൂക്കഞ്ചേരിൽ ശോശാമ്മ, കായംകുളം പൊൻവാണിഭം ആച്ചിയമ്മ, കറ്റാനം ആന്നിയിൽ അന്നമ്മ, ഇവർ കൂടി ബാരിസോളിലെത്തി.

എം. എ. അച്ചൻ അവിടെയെത്തുകയും രണ്ടുബാച്ചുകളിലായി കേരളത്തിൽ നിന്ന് സന്യാസപരിശീലനത്തിനായി അവിടെ എത്തിചേർന്ന ആറ് മലയാളി പെൺകുട്ടികളേയും ഒന്നിച്ചിരുത്തി ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രായംകൊണ്ട് മുതിർന്ന മൂക്കഞ്ചേരിൽ എം.പി. ശോശാമ്മയെ കൂടെയുള്ളവർ



ഇളയമ്മ എന്ന് വിളിക്കണമെന്ന് നിർദ്ദേശം നൽകി. ഭാവി സന്യാസകൂട്ടായ്മയിലുണ്ടായിരിക്കേണ്ട കുടുംബഭാവനയുടേയും പരസ്പര ആദരവിന്റെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ആദ്യപാഠങ്ങൾ ദീർഘവീക്ഷണപടുവായ എം. എ. അച്ചൻ പറഞ്ഞുകൊടുക്കുകയും ആറുപേരുടേയും പഠനവും പരിശീലന പദ്ധതിയും ക്രമീകരിക്കുകയും ചെയ്തു. ആഴ്ചയിലൊരിക്കൽ ബാരിസോളിലെത്തി സുറിയാനി ക്രമത്തിൽ വിശുദ്ധകുർബാന അർപ്പിക്കാമെന്നും, കുമ്പസാരം കേൾക്കാമെന്നും അച്ചൻ പറഞ്ഞത് അവർക്ക് ആശ്വാസവും സന്തോഷവുമായി. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന്മട്ടയ്ക്കൽ അലക്സാണ്ടർ ശെമ്മാശനെ ചുമതലപ്പെടുത്തി.

എപ്പീഫനി സിസ്റ്റേഴ്സ് ചുറ്റുപാടുമുള്ള സാധുജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചുകൊണ്ടിരുന്നു. സാധുക്കളായ ആളുകളുടെ ഇടയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും അവരിൽ ക്രിസ്തീയ മൂല്യങ്ങൾ ഉറപ്പിക്കുന്നതിനും ജീവിതം വിജയപ്രദവും, സന്തോഷപ്രദവുമാക്കുന്നതിനും അവർ ലക്ഷ്യം വച്ചിരുന്നു. സ്കൂളുകൾ, കോളേജുകൾ, അനാഥാലയങ്ങൾ, സ്ത്രീകൾക്കുള്ള റിലീഫ് സെറ്റിൽമെന്റ് ഇവ അവർ ഈ ഉദ്ദേശ്യത്തോടെ നടത്തിയിരുന്നു. സ്ത്രീജനോദ്ധാരണ പ്രവർത്തനങ്ങളിൽ മദറും സിസ്റ്റേഴ്സും വ്യാപൃതരായിരുന്നു. ബാരിസോളിലെ ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ ത്യാഗോജ്ജ്വലമായ ലളിത ജീവിതവും നിസ്വാർത്ഥസേവനവും സ്ത്രീജനോദ്ധാരണ പ്രവർത്തനശൈലിയും മനസ്സിലാക്കിക്കൊണ്ടാണ് എം. എ. അച്ചൻ ഈ സമൂഹവുമായി ബന്ധപ്പെടാൻ പ്രേരിതനായത്. സ്ത്രീജനോദ്ധാരണം മലങ്കരയിൽ അത്യാവശ്യമെന്നും അതിനായി അർപ്പിതരായ സ്ത്രീകളെ പരിശീലിപ്പിക്കുന്നതിന് മദർ ഈഡിത്തിന്റെ മേൽനോട്ടം വേണമെന്ന് ആവശ്യപ്പെട്ടതും ഇക്കാരണത്താൽ തന്നെയായിരുന്നു.

കേരളത്തിൽ തൃശ്ശൂർ ജില്ലയിൽ ജനിച്ചുവളർന്ന ശോശാമ്മക്ക് ബാരിസോളിലെ ചതുപ്പുനിറഞ്ഞ ഡൽറ്റാ പ്രദേശത്തെ കാലാവസ്ഥ അത്രയോജിച്ചതായിരുന്നില്ല. തന്മൂലം ബാരിസോളിലെത്തി നാലുമാസം കഴിഞ്ഞപ്പോഴെക്കും ശാരീരികാസ്വാസ്ഥ്യം മൂലം നാട്ടിൽ വന്ന് ചികിത്സ നടത്തി തിരിച്ചുപോവുകയായിരുന്നു. ശാരീരികമായി ബലഹീനയായിരുന്നെങ്കിലും നിഷ്ഠാജീവിതത്തിൽ

www.malankaralibrary.com

ഇളയമ്മ എല്ലാവർക്കും മാതൃകയായിരുന്നു. എന്നുമാത്രമല്ല മറ്റുള്ളവരും നിഷ്ഠയിൽ ജീവിക്കണമെന്ന് നിർബന്ധമുള്ളവളുമായിരുന്നു. 1918 ജൂലൈ 16ന് (കർക്കിടകം 3) മാർത്തോമ്മാശ്ലീഹായുടെ ദുഃക്റാനാ തിരുനാളിൽ മലയാളിപെൺകുട്ടികൾക്കായി പുതുതായി നിർമ്മിച്ചിരുന്ന ചാപ്പലിൽ വെച്ച് എം. പി. ശോശാമ്മയെ എം. എ. അച്ചൻ അർത്ഥിനി (പോസ്റ്റുലന്റ്) പദത്തിൽ പ്രവേശിപ്പിച്ചു.

ഇതിനകം എം. എ. അച്ചൻ സെറാമ്പൂരിൽ സന്യാസജീവിതത്തിന് ആരംഭം കുറിച്ചിരുന്നു. എങ്കിലും സന്യാസസമൂഹരൂപീകരണത്തിനും താനുദ്ദേശിക്കുന്ന ആദ്ധ്യാത്മികോന്നമനം മലങ്കരസഭയ്ക്ക് കൈവരുത്തുന്നതിനും സ്വന്തം നാട്ടിലേക്ക്, തന്റെ പ്രിയപ്പെട്ട മലങ്കരസഭയിൽ സ്വജന മദ്ധ്യത്തിലേക്ക് പോകണമെന്നും അതിലേക്ക് താനിന്ന് കാര്യമായി ഗണിക്കുന്ന പലതും ഉപേക്ഷിച്ചേ മതിയാവൂ എന്നും ഇതിനകം എം. എ. അച്ചന് ബോദ്ധ്യമായി. സെറാമ്പൂരിലെ ഉന്നതമായ പ്രൊഫസർ സ്ഥാനം രാജിവെച്ച് നാട്ടിൽ മടങ്ങിയെത്തി. ആശ്രമത്തിനായി പർണ്ണശാലയുണ്ടാക്കി. 1919-ൽ പെരുനാട്ടിൽ മുണ്ടൻ മലയിൽ ബഥനി ആശ്രമം സ്ഥാപിച്ചു. ബഥനി മഠവും ഏകാന്ത ജീവിതത്തിനു സൗകര്യമുള്ള പെരുനാട്ടിൽ എവിടെയെങ്കിലും ഒരു കുന്നിൽ സ്ഥാപിക്കണമെന്നായിരുന്നു എം. എ. അച്ചന്റെ ആഗ്രഹം. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. ബഹുമാന്യനായ കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ വകയായി തിരുമൂലപുരത്ത് ഒരു കെട്ടിടവും സ്ഥലവും പ്രവർത്തനരഹിതമായി കിടന്നിരുന്നു. അനേകവർഷമായി ശൂന്യമായി കിടന്നിരുന്ന ആ സ്ഥലവും കെട്ടിടവും സമുദായം വക ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂൾ സ്ഥാപിച്ച് നടത്തുന്നതിലേക്ക് വിനിയോഗിക്കണമെന്ന് എം. എ. അച്ചൻ താൽപര്യപ്പെടുകയും കണ്ടത്തിൽ വർഗീസ് മാപ്പിള ആയത് സസന്തോഷം സമ്മതിക്കുകയും ചെയ്തു.

തിരുമൂലപുരത്ത് ഒരു ഇംഗ്ലീഷ് സ്ക്കൂൾ സ്ഥാപിക്കുന്നതിന് യോഗ്യരായ അദ്ധ്യാപികമാരെ ആരെയെങ്കിലും ഇംഗ്ലണ്ടിൽ നിന്നും വരുത്തി കൊടുക്കണമെന്ന് ഫാ. പി. റ്റി. ഗീവർഗീസ് മദർ ഈഡിത്തിനോടാവശ്യപ്പെട്ടു. അതിൻ പ്രകാരം ഓക്സ്ഫോർഡിൽ മദറിന്റെ സതീർത്ഥ്യയായിരുന്ന മിസ്. എ. ഹോംസിനെയും ആയിടയ്ക്ക്ബിരുദം നേടിയ മിസ്സ്. ബ്രൂക്സ്മിത്തിനെയും മദർ ഇംഗ്ലണ്ടിൽ നിന്നും ക്ഷണിച്ചുവരുത്തുകയുണ്ടായി. നേരെ ഇംഗ്ലണ്ടിൽ നിന്നും ബാരിസോളിൽ എത്തിയ അവർ മദറിന്റെ ആതിഥ്യം സ്വീകരിച്ചു. ബാരിസോളിൽ വെച്ച് മലയാളക്കരയിൽ നിന്നുള്ള സിറിയൻ പെൺകുട്ടികളുമായി അവർ ഇടപഴകാൻ ഇടയായി. സമർത്ഥരായ ഈ പെൺകുട്ടികൾ സാമാന്യം ഇംഗ്ലീഷ് ഭാഷയും നന്നായി മലയാളഭാഷയും അറിയാവുന്നവരായിരുന്നതിനാൽ അവർകൂടെ തിരുമൂലക്ക് ചെല്ലണമെന്ന് മിസ്. എ. ഹോംസ് ശാഠ്യമായി. മദറും എം. എ. അച്ചനും വളരെ വിഷമിച്ചു. മലയാളഭാഷ അറിയാവുന്ന അവർ കൂടെ തിരുമൂലക്ക് ചെല്ലാതെ അവർ അങ്ങോട്ടു പോകുകയില്ലെന്ന് ശഠിച്ചതിനാൽ ഗത്യന്തരമില്ലാതാകുകയും ഫാ. പി. റ്റി. ഗീവർഗീസിന്റെ നിർദ്ദേശ പ്രകാരം സന്യാസപരിശീലനത്തിലായിരുന്ന എം. പി. ശോശാമ്മയെയും കൂട്ടുകാരെയും 1920 മാർച്ച് അവസാനത്തിൽ തിരുമൂലപുരത്തേക്ക് കൊണ്ടുവരുകയുമാണ് ഉണ്ടായത്.

## ബഥനിയിലെ ആദ്യകാലങ്ങൾ

ബാരിസോളിൽ സന്യാസപരിശീലനത്തിലിരുന്ന സുറിയാനി പെൺകുട്ടികളുടെ പരിശീലനം തിരുമൂലപുരത്ത് നിർമ്മിതമായ ബഥനി മഠത്തിൽ സിസ്റ്റർ ഹെലന്റെ മേൽനോട്ടത്തിൽ തന്നെ തുടർന്നു. തിരുമൂല ഇടവകാംഗങ്ങളായിരുന്ന സ്ത്രീകൾക്ക് ആഴ്ചതോറും സി. ഹെലൻ വേദപാഠ ക്ലാസ്സുകൾ നൽകിയിരുന്നു. ഭവനസന്ദർശനത്തിനും, മതപഠനക്ലാസ്സുകൾക്കും വേണ്ട പരിശീലനം എം. പി. ശോശാമ്മയ്ക്കും കൂട്ടുകാർക്കും സിസ്റ്റർ നൽകിയിരുന്നു. മഠത്തിനു സമീപത്തായി നടത്തി വന്നിരുന്ന നല്ലിടയൻ പ്രൈമറി സ്ക്കൂളിന്റെ ചുമതലയും മഠത്തിലെ അംഗങ്ങൾ നടത്തിവന്നു. തിരുമൂലവിലാസം യു. പി. സ്ക്കൂൾ എന്നപേരിൽ ഇന്നും മഠംവകയായിതന്നെ സ്ക്കൂൾ നിലനിൽക്കുന്നു. (പൊൻവാണിഭം ആച്ചിയമ്മ, കുറ്റിയിൽ മറിയാമ്മ, കല്ലുമ്പുറത്ത് കൊച്ചുമറിയാമ്മ, സൂസമ്മ, റാഹേലമ്മ തുടങ്ങിയവരാണ് 1920 മെയ് 20ന് പുതുതായി ആരംഭിച്ച ബഥനി മഠത്തിൽ മൂക്കഞ്ചേരിൽ ശോശാമ്മയോടൊത്ത് ഭവനപ്രവേശം ചെയ്തത്. മാമ്പുഴക്കാട്ടു സാറാമ്മ മിസ്. ബേക്കറിൽ നിന്ന് പഠിച്ചിരുന്നു. മാവേലിക്കര അന്നമ്മ, കല്ലറയ്ക്കൽ കുഞ്ഞമ്മ എന്നിവരെ ബാലികാമഠം സ്ക്കൂളിൽ ചേർത്ത് അവിടെ

www.malankaralibrary.com

ബോർഡിങ്ങിൽ താമസിപ്പിച്ചു. മിസ് ബേക്കർ ഹൈസ്ക്കൂളിൽ പഠനം പൂർത്തിയാക്കിയിരുന്നതിനാൽ എലിശുബ, കെ.കെ. റെയ്ചൽ എന്നിവരെ 1923 മാർച്ച് 7ന് തിരുമൂലപുരം യാക്കോബായ പള്ളിയിൽ വച്ച് ആബോ ഗീവർഗീസ് അർത്ഥിനി പദത്തിൽ പ്രവേശിപ്പിച്ചു. കൽക്കട്ട ഡയോസിസ്സൻ കോളേജിൽ നിന്ന് ബി. എ പാസായി ബാരിസോൾ സംഘത്തിൽ ചേർന്ന കൂടത്തുംമുറി സാറാമ്മയെ ബാലികാ മഠം ഹൈസ്ക്കൂൾ അദ്ധ്യാപികയായി നിയമിച്ചിരുന്നു. രണ്ടുവർഷത്തെ അദ്ധ്യാപനത്തിനുശേഷം മാതാപിതാക്കളുടെ എതിർപ്പുകളൊന്നും കാര്യമാക്കാതെ സാറാമ്മ സന്യാസ പരിശീലനത്തിനായി തിരുമൂലമഠത്തിൽ ചേർന്നു. 1924 ജൂൺ 16ന് തിരുമൂല മഠം ചാപ്പലിൽ വച്ച് സാറാമ്മയും അർത്ഥിനി പദത്തിലേക്ക് സ്വീകരിക്കപ്പെട്ടു.കോട്ടയം ഒളശയിൽ കളപ്പുരയ്ക്കൽ യാക്കോബ് ശെമ്മാശന്റെ (മാർ തിയോഫിലോസ്) സഹോദരിയായ കെ.എ.ഏലിയാമ്മയും 1925ൽ മാവേലിക്കരനിന്നുള്ള പി. പി. അന്നമ്മയും ബഥനി മഠത്തിൽ ചേർന്ന് പരിശീലനം ആരംഭിച്ചു.

## ബഥനി സന്യാസിനി സമൂഹസ്ഥാപനം

പൗരസ്ത്യ സഭയിൽ ഒരു മെത്രാനല്ലാതെ മറ്റാർക്കും സന്യാസപട്ടം നൽകുവാൻ അധികാരമുണ്ടായിരുന്നില്ല. പുരുഷന്മാർക്ക് വ്രതവാഗ്ദാനം ചെയ്യുവാൻ മലങ്കര സഭയിൽ അനുവാദമുണ്ടായിരുന്നു. എന്നാൽ സ്ത്രീകൾക്ക് അത് അനുവദിച്ചിരുന്നില്ല. സി. ഹെലന്റെ മേൽനോട്ടത്തിൽ സന്യാസപരിശീലനം തുടർന്നിരുന്ന അർത്ഥിനികളെ സന്യാസപദവിയിലേക്ക് പ്രവേശിപ്പിക്കണമെന്നുള്ള എം. എ. അച്ചന്റെ അപേക്ഷ മലങ്കര സഭയുടെ അദ്ധ്യക്ഷൻ വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് കർശനമായി നിരോധിച്ചു. പെൺകുട്ടികളെ കൽക്കട്ടായിലും ബാരിസോളിലുമയച്ച് പഠിപ്പിക്കുന്നതിനും സന്യാസപരിശീലനം നൽകുന്നതിനും അനുവാദം നൽകിയ സഭാദ്ധ്യക്ഷൻ തന്നെ അതു നിരസിച്ചു എന്നതിൽ എം. എ. അച്ചൻ ദുഖിതനായി. ദീർഘകാലമായി വ്രതവാഗ്ദാനം കാംക്ഷിച്ചു പരിശീലനത്തിൽ കഴിഞ്ഞിരുന്ന അർത്ഥിനികളും വളരെയേറെ വേദനിച്ചു. ഈ പുതിയ സംരംഭം സഭയിൽ സ്വീകാര്യമല്ലാതെ വന്നതിനാൽ മദർ ഈഡിത്തിനും സി. ഹെലനും വളരെ ക്ലേശമുണ്ടായി. ഇങ്ങനെയൊരു തടസ്സം ആംഗ്ലിക്കൻസിനുപോലും മനസിലാക്കാൻ സാധിച്ചില്ല.



വളരെ നാളുകൾക്കുമുമ്പുതന്നെ മലങ്കര സുറിയാനി സഭയിൽ ഒരു മെത്രാനാകുന്നതിനുള്ള ആഹ്വാനം എം. എ. അച്ചന് പലപ്പോഴായി ഉണ്ടായിട്ടുണ്ട്. എന്നാൽ മെത്രാൻ പദവി തന്റെ സന്യാസാദർശത്തിന് മങ്ങലേല്പിക്കുകയോ സന്യാസാനുഷ്ഠാനങ്ങൾക്ക് വിഘാതമാവുകയോ ചെയ്തേക്കാമെന്ന ചിന്ത അത് നിരസിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു. തന്നെയുമല്ല, അബ്ദുള്ള പാത്രിയർക്കീസിന്റെ അധികാരപ്രമത്തതയിൽ നിന്നും രക്ഷപെടുന്നതിന് ഓർത്തഡോക്സ് ചിന്താഗതിക്കാരായ മെത്രാന്മാരും അവരുമായി യോജിച്ചുനിന്ന വൈദികരും ദൈവജനവുമൊന്നിച്ച് ഓർത്തഡോക്സ് എന്നപേരിൽ ഒരു സ്വതന്ത്രസഭാ സമൂഹമായിത്തീരുകയും ചെയ്തിരുന്നു. വട്ടിപ്പണക്കേസിലും മറ്റും ഈ മെത്രാൻ കക്ഷിക്ക് തോൽവി സംഭവിച്ചിരുന്ന സമയവുമായിരുന്നു അത്. ഈ സന്ദർഭത്തിൽ ഓർത്തഡോക്സ് സഭയ്ക്ക് കൂടുതൽ മെത്രാന്മാരെ വാഴിക്കേണ്ടിവന്നു. ആ സ്ഥാനത്തേക്ക് എം. എ. അച്ചനെയാണ് വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് തിരുമേനിയുടെ സുന്നഹദോസ് ഏറ്റവും യോഗ്യനായി കണ്ടത്.

മൺചട്ടിയും, കാവിവസ്ത്രവും അഭികാമ്യമായി കരുതി ഉന്നതപദവികൾ വിട്ടൊഴിഞ്ഞ് സന്യാസ ജീവിതം നയിക്കുന്ന എം.എ. അച്ചന് ഇങ്ങനെയൊരു ഉന്നതസ്ഥാനം തന്റെ സഭയ്ക്കുവേണ്ടിയായാൽ പോലും സ്വീകരിക്കാൻ വിമുഖതയായിരുന്നു. എം. എ. അച്ചൻ ചിന്താധീനനായി, എന്താണുവേണ്ടതെന്നറിയാതെ വിഷമിച്ചു. ദൈവാശ്രയത്തോടെ മുന്നേറി. അദ്ദേഹത്തിന്റെ ചിന്തകൾ രണ്ടുതട്ടിലായി. അർപ്പണബോധത്തോടെ ദൈവമുമ്പാകെ പ്രതിഷ്ഠിതരാകാൻ വെമ്പുന്ന ഒരുവൃന്ദം ശിരോവസ്ത്രധാരികളെ തന്റെ മനക്കാമ്പിൽ ദർശിച്ചു. തന്റെ ചിന്തയുടെ ത്രാസിൽ ദൈവനിയോഗത്തട്ട് ഭാരം കൂടിയതായി. ഈ ദൈവഹിതം ശിരസ്സാവഹിക്കുന്നതിന് ഇനി തടസ്സമുണ്ടാകേണ്ട കാര്യമില്ലെന്ന് ആബോ ഗിവർഗീസിന് ബോധ്യമായി. 1925 മെയ് 1 ന് നിരണം യാക്കോബായപ്പള്ളിയിൽ വച്ച് ആബോ ഗീവർഗീസ് മാർ ഈവാനിയോസ് (സ്വർണ്ണനാവുകാരൻ) , എന്ന നാമത്തിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

സന്യാസപ്രതിഷ്ഠക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ ബഥനി

www.malankaralibrary.com

യിൽ ആരംഭിച്ചു. മാർ ഈവാനിയോസ് പിതാവ് തന്നെ അർത്ഥിനികൾക്ക് കൂടെക്കൂടെ ക്ലാസ്സുകളും നിർദ്ദേശങ്ങളും നൽകി. എം. പി. ശോശാമ്മയും മറ്റു സഹോദരികളും എട്ടുനോമ്പുകാലം പ്രത്യേകമായി ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും, പ്രായശ്ചിത്തത്തിന്റെയും ദിനങ്ങളായി ആചരിച്ചു. സെപ്റ്റംബർ 1 മുതൽ ശോശാമ്മ മൂക്കഞ്ചേരിൽ, ആച്ചിയമ്മ പൊൻവാണിഭം, സാറാമ്മ കൂടത്തും മുറിയിൽ എന്നീ മൂന്ന് പേർ ധ്യാനത്തിൽ പ്രവേശിച്ചു. ധ്യാനം നയിച്ചത് മാർ ഈവാനിയോസ് പിതാവുതന്നെയായിരുന്നു. 1925 സെപ്റ്റംബർ 20ന് വ്രതവാഗ്ദാനത്തിനൊരുക്കമായുള്ള സ്വീകരണശുശ്രൂഷ നടന്നു. നവശിഷ്യകൾ ഓരോരുത്തരോടും ചോദ്യങ്ങൾ ചോദിച്ച് ദേവാലയത്തിൽ പ്രവേശിപ്പിച്ച് പ്രാരംഭ ശുശ്രൂഷകൾ നടത്തി റൂശ്മാ കുത്തി സന്യാസ നാമങ്ങൾ നൽകി അനുഗ്രഹിച്ചു.

സന്യാസപ്രതിഷ്ഠ:- 1925 സെപ്റ്റംബർ 21 ന് ബഥനി സന്യാസിനി സമൂഹം സ്ഥാപിക്കപ്പെട്ടു.

ബഥനി സന്യാസസമൂഹത്തിലെ ആദ്യ അംഗങ്ങളായ മൂന്ന് പേർ പൗരസ്ത്യ സഭാ പാരമ്പര്യമനുസരിച്ച് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പിൽ സന്യാസപ്രതിഷ്ഠ നടത്തി. ദീർഘകാലത്തെ പരിശീലനവും കാത്തിരിപ്പും പ്രാർത്ഥനാ ജീവിതവും തീവ്രമായ ധ്യാനമുറകളും അനുഷ്ഠിച്ച്, പരിപൂർണ്ണമായി തങ്ങളെതന്നെ ദൈവത്തിന് നിത്യമായി പ്രതിഷ്ഠിച്ചു. തങ്ങളെ മുഴുവനായും ഹോമയാഗമായി ദൈവത്തിന് പരിപൂർണ്ണമായി സമർപ്പണം ചെയ്യുന്ന നിത്യവ്രതവാഗ്ദാനമായിരുന്നു മൂക്കഞ്ചേരിൽ ശോശാമ്മ (സി. ശൈന) പൊൻവാണിഭം ആച്ചിയമ്മ (സി. ഹൂബാ) കൂടത്തും മുറിയിൽ സാറാമ്മ (സി. ദനഹ) ഇവർ നിർവ്വഹിച്ചത്. സുറിയാനിയിലുള്ള ഇവരുടെ പേരുകളുടെ അർത്ഥം യഥാക്രമം സമാധാനം, സ്നേഹം, ഉദയം എന്നിങ്ങനെയാണ്. ശുശ്രൂഷകളെല്ലാം പൗരസ്ത്യപാരമ്പര്യമനുസരിച്ച് സുറിയാനി പ്രതിഷ്ഠാക്രമത്തിൽ ആദ്യവസാനം നടത്തിയെന്നുള്ളത് അതിന്റെ ശ്രേഷ്ഠത വ്യക്തമാക്കി. നിത്യപ്രതിഷ്ഠ നടത്തിയ ആദ്യ മൂന്നംഗങ്ങളിൽ 40 വയസ് പൂർത്തിയായിരുന്ന സി. ശൈന 1926 സെപ്റ്റംബർ 21 ന് മാർ ഈവാനിയോസ് പിതാവിന്റെ തീരുമാനപ്രകാരം മഹത്പ്രതിഷ്ഠ നടത്തി. അതിനുള്ള അടയാളമായി കറുത്തശിരോവസ്ത്രമാണ് നൽകിയത്. നിത്യപ്രതിഷ്ഠ ചെയ്തവർക്ക് വെള്ള ശിരോവസ്ത്രവും സന്യാസ വസ്ത്രങ്ങളായി ളോഹ, അരക്കെട്ട്, ഒപ്പീസ, കുബ്ഊന, ദീദ, കറുത്ത ചരടിൽ കോർത്ത കറുത്ത തടികുരിശ് ഇവയാണ് ആദ്യ സിസ്റ്റേഴ്സിന് നൽകപ്പെട്ടത്. സന്യാസപ്രതിഷ്ഠയ്ക്കായി എത്തിയ ശോശാമ്മ, ആച്ചിയമ്മ, സാറാമ്മ എന്നിവരുടെ പ്രതിജ്ഞാപത്രം സ്വന്തം കൈപ്പടയിലെഴുതി ഒപ്പുവെച്ചത് വ്രതവാഗ്ദാന സമയത്ത് ഉച്ചത്തിൽ വായിച്ച് അവിടെ വച്ചുതന്നെ കുരുശിന്റെ മുദ്രകുത്തി ഒപ്പുവച്ച് വ്രതവാഗ്ദാനത്തിന് ഉറപ്പുവരുത്തി.

മഹത് പ്രതിഷ്ഠ നടത്തിയ സിസ്റ്റർ ശൈനായുടെ കുബ്ഊനായിൽ മലങ്കരമെത്രാന്മാരും റമ്പാന്മാരും ധരിക്കുന്ന രീതിയിൽ 13 കുരിശുകൾ ഉണ്ടായിരുന്നു. നിത്യ പ്രതിഷ്ഠനടത്തിയ രണ്ടുപേർക്ക് കുബ്ഊനായിൽ ഏഴു കുരിശുകൾ തയ്ച്ചിരുന്നു. 1942വരെയും ഇത് നിലനിന്നിരുന്നു. പിന്നീട് എല്ലാവർക്കും കുബ്ഊനായിൽ പിറകിലുള്ള ഒരു കുരിശുമാത്രം മതിയെന്ന് തീരുമാനിച്ചു. പ്രതിഷ്ഠാകർമ്മവും സഭാവസ്ത്രവും അന്നും ഇന്നും ഒരുപോലെ തന്നെ എന്നത് അന്നത്തെ പ്രതിഷ്ഠയുടെ ആഴവും, പൂർണ്ണതയും വ്യക്തമാക്കുന്നു.

## പുനരൈക്യപാതയിലേക്ക്:- അഗ്നി പരീക്ഷണം

1930 ൽ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യംസംബന്ധിച്ചുള്ള എല്ലാ നടപടികളും ശക്തമായി മുന്നേറിക്കൊണ്ടിരുന്ന കാലയളവായിരുന്നു. സി. ശൈനായ്ക്കും മറ്റ് സഹോദരിമാർക്കും പുനരൈക്യത്തിന്റെ ആവശ്യം ബോധ്യമായിരുന്നു. ഇക്കാലയളവിൽ സുപ്പീരിയറായിരുന്ന സി. ശൈനായ്ക്ക് നേരിട്ട് വെല്ലുവിളികളും പ്രതിസന്ധികളും അതുമൂലമുണ്ടായ വിഷമങ്ങളും ഏറെയായിരുന്നു. തീരുമാനം നന്മയാണെന്നും ദൈവഹിതമാണെന്നും ബോദ്ധ്യപ്പെട്ടാൽ അതിൽ ഉറച്ചുനിന്ന് അതു പ്രാവർത്തികമാക്കാൻ സർവ്വാത്മനാ പരിശ്രമിക്കുന്ന ബഥനി സ്ഥാപകപിതാവിനെ സി. ശൈനായ്ക്ക് വിശ്വാസമാണ്. അദ്ദേഹത്തെ ഇതിനകം നന്നായി മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ തീരുമാനവും

www.malankaralibrary.com

ഒരിക്കലും അബദ്ധമാകാൻ സാധ്യതയില്ല എന്ന ഉറച്ച ബോദ്ധ്യം സിസ്റ്ററിനുണ്ട്. പക്ഷേ വീട്ടുകാരിൽ നിന്നും ബന്ധുമിത്രാദികളിൽ നിന്നുമെല്ലാം വന്നുകൊണ്ടിരിക്കുന്ന കത്തുകൾ, താക്കീതുകൾ, ഭീഷണികൾ ഇവയെല്ലാം മനഃചാഞ്ചല്യമുണ്ടാക്കുന്നു എന്നുമാത്രമല്ല. ആകാംക്ഷയിലേക്കും ചില ഭയാനകമായ ചിന്തയിലേക്കും, ഉത്കണ്ഠയിലേക്കും തന്നെ വലിച്ചിഴക്കുന്നു. സ്വസഹോദരപുത്രനും ഉത്തമസഭാസ്നേഹിയുമായ കെ. സി. വർക്കി സ്നേഹപൂർവ്വം കാര്യങ്ങൾ പറഞ്ഞുകൊണ്ടയച്ച കത്തുകൾ ഒരു വിധത്തിൽ സിസ്റ്ററിനെ പിന്തിരിപ്പിക്കാൻ പോരുന്നവയായിരുന്നു.നിരീശ്വരവാദിയായിരുന്ന സ്വന്തസഹോദരൻ എം. പി. വർക്കിയും സ്വസഹോദരി ഭർത്താവും നിശിതവും രൂക്ഷവുമായ ഭാഷയിൽ സിസ്റ്ററിനു കത്തുകൾ അയച്ചു, എന്നുമാത്രമല്ല മാർ ഈവാനിയോസ് പിതാവിനെ നിശിതമായി വിമർശിക്കുകയും പഴിക്കുകയും ചെയ്തു. ഇതെല്ലാം സിസ്റ്ററിനെ പരിഭ്രാന്തചിത്തയാക്കി.

ലളിതമനസ്കയും ശാന്തശീലയുമായ സിസ്റ്റർ ശൈനാ വ്യക്തമായ ഒരു തീരുമാനം എടുക്കാനാവാതെ തളർന്നെങ്കിലും നഷ്ടധൈര്യയായില്ല. തന്റെ ബുദ്ധിമുട്ടുകൾ മഠത്തിലെ സഹോദരികളോട് പങ്കുവയ്ക്കാനും അങ്ങനെ അവരുടേയും തന്റെയും വിഷമഘട്ടത്തെ മറികടക്കാനും തീരുമാനമെടുത്തു. സിസ്റ്ററിന്റെ തന്നെ വാക്കുകളിൽ അത് ഇവിടെ ഉദ്ധരിക്കാം. ധൃതിയായി നമ്മൾ ഒന്നും ചെയ്യരുത്. ബാവായും വട്ടശ്ശേരി മെത്രാച്ചനും ആബൂനായും (അലക്സിയോസച്ചൻ) ഇവരെല്ലാം കൂടി ഒന്നിച്ചാണു കത്തോലിക്കാ സഭയിലേക്കെങ്കിൽ തരക്കേടില്ലായിരുന്നു. വട്ടശ്ശരിൽ മെത്രാച്ചന്റെ മനമെന്തെന്നറിഞ്ഞുകൂടാ. മെത്രാച്ചൻ ഒരാംഗ്യം കാണിച്ചാൽ ദുഷ്ടന്മാരായ ആളുകൾ പിതാവിനെ (മാർ ഈവാനിയോസ്) എന്തും ചെയ്യും. കുറെക്കൂടി കാത്തിരിക്കാൻ എന്റെ ഉള്ളിൽ എന്തോ ഒന്ന് എന്നെ നിർബന്ധിക്കുന്നു. അതു ദൈവത്തിൽ നിന്നോ,പിശാചിൽ നിന്നോ എനിക്കറിഞ്ഞുകൂടാ. എന്റെ മനസ്സ് ഉറപ്പില്ലാത്തതാണെന്ന് പിതാവിനോട് പലവട്ടം ഞാൻ പറഞ്ഞിട്ടുണ്ട്. പിതാവിന്റെ പ്രാർത്ഥനയാൽ എത്രയോപേരെ സുഖമാക്കിയിട്ടുണ്ട്. എനിക്കും പിതാവിന്റെ പ്രാർത്ഥനയാൽ സുഖം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ പിതാവിനോട് അപേക്ഷി



ച്ചു. നമ്മൾ ധൃതിവെച്ചുവല്ലതും ചെയ്താൽ ആപത്തുണ്ടാകും കൂടെ ചേരാമെന്നുപറഞ്ഞവരിൽ എത്രപേർ സമയത്തുണ്ടാകും എന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ ഇടയനെ അടിക്കും. ആടുകൾ ചിതറിപ്പോകും. എന്നുപറയുംപ്പോലെ വല്ലതും സംഭവിച്ചാൽ എന്തുചെയ്യും. നമ്മുടെ കൊച്ചുതിരുമേനി (മാർ തിയോഫിലോസ്) ഇവിടെ വന്നപ്പോൾ എന്റെ ഭയമെല്ലാം ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഇതിനെല്ലാം പുറമേ നമ്മുടെ ആബൂനും (ഫാ. അലക്സിയോസ്) പിതാവിന്റെ വലംകൈ. ഇതിനോടൊട്ടും അനുകൂലവുമില്ല. ധൃതിയിൽ ഒന്നും ചെയ്യാതിരിക്കാൻ പെൺമക്കൾ വേണം പിതാവിനെ നിർബന്ധിക്കേണ്ടത്. എല്ലാവരുംകൂടി ഒന്നിച്ചാണെങ്കിൽ ചേരുന്നതുകൊള്ളാം. എന്തെല്ലാം അദ്ദേഹം എഴുതിയിരുന്നു എന്നുപറഞ്ഞുകൊണ്ട് ആ കത്തിന്റെ പ്രസക്തഭാഗങ്ങളും വായിപ്പിച്ചുകേൾപ്പിച്ചു. സി. ദനഹാ, സി. സൾഗാ, സി. മാക്സാ എന്നിവരോടു സംസാരിച്ചശേഷം സി. ശൈനാ എല്ലാവരുടേയും പ്രാർത്ഥനാ സഹായം അപേക്ഷിച്ചു. ഏകദേശം മുക്കാൽ മണിക്കൂർ സമയത്തെ പരിദേവനം സിസ്റ്റേഴ്സിനെയെല്ലാം ആകുലചിത്തരാക്കിയതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. ഈ കേട്ട വിവരങ്ങളെല്ലാം വന്ദ്യ പിതാവിനെ അറിയിക്കുന്നതിന് സിസ്റ്റേഴ്സ് ഒട്ടും താമസിച്ചില്ല. പ്രാർത്ഥനയിൽ മാത്രം ആശ്രയം വച്ചുകൊണ്ട് സിസ്റ്റേഴ്സ് എല്ലാവരും മുമ്പോട്ടുപോയി.

പുനരൈക്യത്തെ സംബന്ധിച്ച് സിസ്റ്റേഴ്സ് തന്നത്താൻ തീരുമാനമെടുക്കട്ടെ എന്നതാണ് പിതാവിന്റെ ആദർശമെങ്കിലും പിതാവിന്റെ സഹായം അവരാവശ്യപ്പെടുന്നതനുസരിച്ച് നൽകികൊണ്ട് അവരെ ഉറപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനും ആവശ്യമായ പഠനങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനും അഭിവന്ദ്യ പിതാവ് ശ്രദ്ധിച്ചിരുന്നു. 1930 ജൂൺ ആറുമുതൽ ആഴ്ചയിൽ ഒരു ദിവസം ഭജനമനുഷ്ഠിക്കുന്നതിനും അതിനുസാധിക്കാത്തവർ ആഴ്ചയിൽ രണ്ടുദിവസമായി പകുതി ദീവസം വീതം ഭജനമിരിക്കുന്നതിനും പിതാവ് നിർദ്ദേശിച്ചു. ദൈവമഹത്വത്തിനായി ദൈവഹിതാനുസരണം തങ്ങളെത്തന്നെ മുഴുവനായി വിനിയോഗിക്കുന്നതിനുവേണ്ടി വി. കുർബാന കാണുക, വി. കുർബാന അനുഭവിക്കുക, വി. കുർബാനക്കു മുമ്പും പിമ്പും പ്രാർത്ഥിക്കുക, മദ്ധ്യസ്ഥ

www.malankaralibrary.com

പ്രാർത്ഥന നടത്തുക എന്നിത്യാദി അനുഷ്ഠാനങ്ങൾ ത്യാഗപൂർവ്വം ഈ ഉദ്ദേശ്യത്തോടെ നിർവ്വഹിക്കുന്നതിന് മഠാംഗങ്ങളോട് വന്ദ്യ പിതാവ് നിർദ്ദേശിച്ചു.

സിസ്റ്റർ ശൈനായുടെ ബുദ്ധിമുട്ടുകളെ പിതാവ് സ്നേഹ പൂർവ്വം പരിഗണിച്ചു. വീട്ടുകാരുടേയും അലക്സിയോസച്ചന്റെയും അഭിപ്രായങ്ങളെക്കുറിച്ച് നന്നായി പഠിക്കുന്നതിനും വന്ദ്യ പിതാവ് സഹായിച്ചു. കത്തോലിക്കാ സഭയുടെ പഠനങ്ങളെയും സിസ്റ്റർ ശൈനായ്ക്ക് അരോചകമായി തോന്നിയിരുന്ന ചില അനുഷ്ഠാന ങ്ങളെയും കുറിച്ച് പിതാവിനോട് പറഞ്ഞു. ഇതുവരെയും തങ്ങൾ അനുഷ്ഠിച്ചുപോന്നിരുന്ന ആചാരാനുഷ്ഠാനങ്ങൾ ഭേദപ്പെ ടുത്താതെയും ലത്തീൻ കൽദായ റീത്തുകളോടുലയിച്ചു ചേരാതെ അന്ത്യോക്യൻ ആരാധനാക്രമം അതിന്റെ തനിമയിൽ പാലിച്ചുകൊ ണ്ടുള്ള ഒരു സ്വതന്ത്രമായ വ്യക്തിഗതസഭയായിരിക്കും മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്നും ഇപ്പോഴുള്ള ഒന്നും തന്നെ നഷ്ടപ്പെടുത്താതെ സാർവ്വത്രിക സഭാകൂട്ടായ്മയിലേക്കുള്ള ഒരു പുനരൈക്യമാണ് ലക്ഷ്യമാക്കുന്നതെന്നും മാർ ഈവാനിയോസ് പിതാവ് പറഞ്ഞു മനസിലാക്കി. അങ്ങനെ സി. ശൈനാ തന്റെ വിഷമഘട്ടത്തെ തരണം ചെയ്യുകയും സമാധാനചിത്തയാകുകയും ചെയ്തു.

## തിരുമൂലപുരം ബാലികാമഠവുമായുള്ള ബന്ധം വിഛേദിക്കപ്പെടുന്നു.

ബഥനി ബാലികാമഠം സ്ക്കൂളിന്റെ ആരംഭത്തിൽ സിസ്റ്റേഴ്സ് ഇല്ലാതിരുന്ന സാഹചര്യത്തിലാണ് സ്ക്കുളിന്റെ സുഗ മമായ നടത്തിപ്പിനുവേണ്ടി ഇംഗ്ലണ്ടിൽ നിന്നും ബ്രൂക്സ്മിത്തി നെയും മിസ് ഹോംസിനെയും മറ്റും എം. എ. അച്ചന്റെ നിർദ്ദേശ പ്രകാരം മദർ ഈഡിത്ത് ക്ഷണിച്ചുവരുത്തിയത്. ബാരിസോളിൽ നിന്നും സന്യാസപരിശീലനത്തിലിരുന്ന അർത്ഥിനികളെ തിരുമൂ ലപുരത്തുകൊണ്ടുവരുവാൻ നിർബന്ധിച്ചത് മേൽപറഞ്ഞവരാ ണെന്ന് ഓർക്കണം. 1930 ൽ ബഥനി മെത്രാച്ചന്റെ പുനരൈക്യശ്ര മങ്ങൾ ശക്തമായതോടെ ബഥനി സിസ്റ്റേഴ്സിനെക്കുറിച്ചുള്ള സംശ യങ്ങളും വർദ്ധമാനങ്ങളായി. തന്മൂലം മിസ് ബ്രൂക്സ്മിത്ത് ഒരു



കത്തുമുഖേന സിസ്റ്റേഴ്സ് മതാദ്ധ്യാപനം നിർത്തുമെന്നുണ്ടെങ്കിൽ അത് ഇപ്പോൾ തന്നെ നിർത്തലാക്കുന്നതാണ് നല്ലത് എന്ന് മാർ ഈവാനിയോസ് പിതാവിനെ അറിയിച്ചു. എന്തുവേണ്ടു എന്ന് പിതാവ് മഠത്തിലേക്ക് എഴുതി ചോദിച്ചു. അതേക്കുറിച്ച് സിസ്റ്റർ സുപ്പീരിയർ സിസ്റ്റേഴ്സുമായി ആലോചിച്ച് സ്ക്കൂളിൽ പഠിപ്പിക്കു ന്നത് നിർത്താൻ വിചാരിക്കുന്നു എന്നും കത്തോലിക്കാ പുന രൈക്യം വരെ ചാപ്പലിന്റെ ജോലിചെയ്യുന്നതിന് തടസ്സമില്ലെന്നും പിതാവിനെയും മിസ്സ് ബ്രൂക്സ്മിത്തിനെയും അറിയിച്ചു. എന്നാൽ ചാപ്പലിന്റെ കാര്യങ്ങളൊക്കെ ഞാൻ ഏർപ്പാടുചെയതിട്ടുണ്ട് എന്നു പറഞ്ഞ് അവരുടെ അമർഷം പ്രകടമാക്കി. ജൂലൈ മാസം സ്ക്കൂൾ ചാപ്പലിൽ വച്ചുനടക്കുന്ന ദുഖ്റാനാ പെരുനാൾ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനു ക്ഷണിക്കുകയും ആദ്യത്തെ റ്റേം തീരുന്ന തുവരെ സ്ക്കൂളിൽ സേവനം തുടരുന്നതിന് തടസ്സമില്ലെന്നു പറ യുകയും ചെയ്തു. വന്ദ്യ പിതാവ് കൽപ്പിച്ചതിനുശേഷം ജോലി തുടർന്നു.

## അതു സാധ്യമല്ല

തിരുമൂല ബാലികാ മഠം സ്കൂളിനും മഠത്തിനുമിടയ്ക്ക് ആദ്യകാലത്ത് ഒരു അതിർത്തി വരമ്പും ഉണ്ടായിരുന്നില്ല. സ്കൂളിലെ കുട്ടികൾ ഏതുസമയത്തും ഏതാവശ്യത്തിനും മഠത്തിൽ വരുന്നതിനു യാതൊരു മുടക്കും ഉണ്ടായിരുന്നില്ല. മഠവും സിസ്റ്റേഴ്സും അവരുടെ സ്വന്തമാണെന്നാണ് കരുതിയിരുന്നത്. റോമായിൽ ബഥനിക്കാർ പോകുമെന്നുള്ള ശ്രുതി പരന്നുകഴിഞ്ഞ പ്പോഴാണ് സ്കൂളിനോട് തൊട്ട് ഉണ്ടാക്കിയിരുന്നതും മഠത്തിന്റെ അതിർത്തിക്കടുത്തായിരുന്നതുമായ ഒരു കെട്ടിടത്തിൽ എസ്തോർ തോമസ് എന്ന കുട്ടിക്ക് രോഗശുശ്രൂഷ ചെയ്തിരുന്ന റാഹേൽ ചേടത്തി രാത്രിയിൽ സിസ്റ്റർ ഹെലന്റെ കെട്ടിടത്തിൽ ഉറങ്ങുവാൻ അനുവദിക്കുമോ എന്ന് മിസ്സ് ബ്രൂക്സ്മിത്ത് സി. ശൈനായോട് ചോദിച്ചു. അതുവരെയുള്ള സംഭവവികാസങ്ങൾ കണക്കിലെടുത്തു കൊണ്ടും അനുവദിച്ചാൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഭവിഷ ത്തുകൾ ഗ്രഹിച്ചുകൊണ്ടും അതു സാധ്യമല്ല എന്ന് സിസ്റ്റർ സുപ്പീരിയർ തീർത്തുപറഞ്ഞു. 1920 ആഗസ്റ്റ് മാസം 2ന് ആയിരുന്നു ഈ സംഭവം. അനുവാദം കൊടുത്താൽ അതൊരു അവകാശവാദ

www.malankaralibrary.com

മാകുമെന്ന് സിസ്റ്റർ ശൈന ഭയപ്പെട്ടു. ഈ കെട്ടിടം സിസ്റ്റർ ഹെലനും കൂടെ താമസിച്ചിരുന്ന സിസ്റ്ററിനും വേണ്ടി മദറിന്റെ ചെല വിൽ പണികഴിപ്പിച്ചിട്ടുള്ളവയായിരുന്നു. സിസ്റ്റർ സുപ്പീരിയറിന്റെ ധീരമായ മറുപടി മഠാംഗങ്ങൾക്ക് സന്തോഷവും ധൈര്യവും പകർന്നു.

## മിസ്സ് ബ്രൂക്സ്മിത്തിന്റെ ആകുലത

ബഥനിക്കാർ റോമായിൽ പോകുന്നു എന്നുകേട്ടു ചില പ്രത്യേക ഉദ്ദേശ്യങ്ങളോടുകൂടി മിസ്സ് ബ്രൂക്സ്മിത്ത് മഠത്തിൽ വന്നു. നിങ്ങളെല്ലാം ഇവിടെ നിന്നു പോകുകയാണെന്നു കേട്ടല്ലോ. പിന്നെ ഞങ്ങൾ എങ്ങനെയാണ്. സിസ്റ്റർ സുപ്പീരിയറിനുവേണ്ടി സി. സൾഗാ പരിഭാഷപ്പെടുത്തി. ഞങ്ങൾ എങ്ങുംപോകുന്നില്ല. ഇവി ടെ ത്തന്നെ താമസിക്കുന്നതേയുള്ളു. എന്ന് സിസ്റ്റർ സുപ്പീരിയർ പറയുകയുണ്ടായി. നിങ്ങൾ പോകുന്നുവെങ്കിൽ ഈ സ്ഥലം ഞങ്ങൾക്കു വേണം എന്ന് മിസ് ബ്രൂക്സ്മിത്ത് പറഞ്ഞു. വിവര ങ്ങൾ മദർ ശൈനാ പിതാവിനെ അറിയിച്ചു. പുനരൈക്യം സംബ ന്ധിച്ച കാര്യങ്ങളെല്ലാം വിശദമായി പിതാവ് അവരുടെ പേർക്ക് എഴുതി അയച്ചു. ആ എഴുത്ത് മിസ് ഹോംസിനും അയച്ചുകൊടു ക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും മിസ് ബ്രൂക്സ്മിത്ത് അയച്ചു കൊടുത്തില്ല.

1930 ഓഗസ്റ്റ് 21 ന് മാർ ഈവാനിയോസ് തിരുമേനിയും ആശ്രമസ്ഥരും മുണ്ടൻമല വിട്ടിറങ്ങുമെന്ന വാർത്ത മഠത്തിലും എത്തി. അതിനുശേഷം ബാലികാ മഠം ചാപ്പലിലേക്കോ, സ്ക്കൂളി ലേക്കോ മഠാംഗങ്ങൾ ആരും തന്നെ സേവനത്തിനായി പോയില്ല. പുനരൈക്യ സംഭവത്തിന് ഏതാനും ദിവസം മുമ്പ് ബ. അലക്സി യോസച്ചനും വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് മെത്രാച്ചനും സിസ്റ്റേഴ്സിനെ അതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനായി തിരു മൂലപുരത്തെത്തി പരിശ്രമം നടത്തുകയുണ്ടായി. പ്രത്യേകിച്ച് മദർ ശൈന, മദർ ഹൂബാ ഇവരെ എങ്ങനെയെങ്കിലും പുനരൈക്യ ശ്രമ ത്തിൽ നിന്നും പിൻമാറ്റുന്നതിന് ഫാ. അലക്സിയോസ് ആഗ്രഹി ക്കുകയും അതിനായി വീണ്ടും വീണ്ടും പരിശ്രമിക്കുകയും ചെയ്തു. ഈ കാലയളവിൽ സി. ശൈനാ അനുഭവിച്ച മാനസിക പീഢന ങ്ങൾ വർണ്ണിക്കാവതല്ല. ഒരുവിധത്തിൽ പറഞ്ഞാൽ വളരാൻ ആരം



ഭമിട്ടു മുന്നേറിയ ബഥനി വടവൃക്ഷത്തിന്റെ വേരുകൾ മലങ്കര സഭാ മണ്ണിൽവേരുറപ്പിക്കാനാവാതെ ബന്ധമറ്റു ആടിയുലയുകയായിരു ന്നു.

## ആകാംക്ഷാഭരിതമായ നിമിഷങ്ങൾ

സാർവ്വത്രിക സഭയുമായുള്ള പുനരൈക്യശ്രമം ഫലപ്രാ പ്തിയുടെ വക്കോളമെത്തിയെന്നും മാർ ഈവാനിയോസ് പിതാവ് അതിനുള്ള എല്ലാ പദ്ധതികളും ഒരുക്കിക്കഴിഞ്ഞെന്നും സി. ശൈനായ്ക്കും മഠാംഗങ്ങൾ ഏവർക്കും മനസ്സിലായി. യാക്കോ ബായ സഭാ സമൂഹത്തിൽ നിന്നും മാറിനിൽക്കുന്ന മെത്രാൻ കക്ഷി യിൽ പെട്ടവരിൽ ഒരു നല്ലഭാഗം വട്ടശ്ശേരി തിരുമേനിയും മറ്റു സഭാ ധികാരികളുമുൾപ്പെടെയുള്ളവരാണല്ലോ ബഥനിയോടൊപ്പം പുന രൈക്യത്തിന് തയ്യാറായത്. റോമുമായുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള ചുമതലയാണ് മാർ ഈവാനിയോസ് പിതാവി നുള്ളതെന്നു മഠാംഗങ്ങൾക്കറിവുണ്ടായിരുന്നു. ആകാംക്ഷാഭരിത രായി കഴിയുന്ന ഈ അവസരത്തിലാണ് വട്ടിപ്പണക്കേസിൽ മെത്രാൻ കക്ഷി ജയിച്ചെന്ന വാർത്ത വന്നത്. സഭൈക്യത്തിനായി പിതാവിനോടൊത്തു നിന്നവരായുള്ള ഏതാനും വിശിഷ്ട വ്യക്തികൾ, മെത്രാന്മാരും പട്ടക്കാരും വിശ്വാസികളും ഈ വിജയ ലഹരിയിൽ മുങ്ങിപ്പോവുകയും തത്ഫലമായി സഭൈക്യം വേണ്ടെ ന്നുവയ്ക്കുകയുമായിരുന്നു. ഇത് മഠാംഗങ്ങൾക്ക് സന്നിഗ്ദ്ധാവസ്ഥ ഉളവാക്കി. എന്നാൽ ദൈവഹിതം നിറവേറ്റുന്നതിൽ നിന്നും പിൻമാ റാതെ നിശ്ചയ ദാർഢ്യത്തോടും സ്ഥിരചിത്തതയോടും കൂടി മാർ ഈവാനിയോസ് പുനരൈക്യത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടി രുന്നു. 1930 സെപ്റ്റംബർ മാസാരംഭത്തിൽ വന്ദ്യ പിതാവ് മഠത്തിൽ എത്തി. സിസ്റ്റേഴ്സിനെയെല്ലാവരെയും വിളിച്ചുകൂട്ടി ചോദിച്ചു. നിങ്ങളിൽ ആർക്കൊക്കെ ദുഖമുണ്ട്. പുനരൈക്യപ്പെടുന്നതിൽ സിസ്റ്റേഴ്സ് ഒന്നിച്ചുച്ചരിച്ചു , ആർക്കുമില്ല. സി. ശൈനാ തുടർന്നു. എനിക്ക് ആദ്യം മാത്രമേ ദുഖമുണ്ടായിരുന്നുള്ളു. കൂടുതൽ വിശദീ കരണത്തിന് സമയമെടുക്കാതെ മാതൃസഭയുമായി പുരൈക്യത്തിനു സമ്മതമുള്ളവർ നിങ്ങളുടെ സമ്മതം രേഖപ്പെടുത്തി നമ്മെ ഏല്പ്പി ക്കണം എന്ന് വന്ദ്യ പിതാവ് പറഞ്ഞു.

1930 സെപ്റ്റംബർ 20-ാം തീയതി ചരിത്ര പ്രസിദ്ധമായ

www.malankaralibrary.com

പുനരൈക്യം നടന്നു. വെല്ലുവിളികളെയും പ്രതിസന്ധികളേയും തരണംചെയ്ത് പുനരൈക്യ പാതയിൽ നിലയുറപ്പിച്ച മാർ ഈവാനിയോസ് പിതാവ് ബ. ജോൺ ഒ. ഐ. സി. അച്ചനുമൊത്ത് 1930 സെപ്റ്റംബർ 22-ാം തീയതി ബുധനാഴ്ച രാവിലെ തിരുമൂല മഠത്തിലെത്തി. വീടിനെയും കുടുംബത്തേയും പരിത്യജിച്ച് ദൈവവേലയ്ക്കായി ഇറങ്ങിതിരിച്ച തങ്ങൾക്ക് വഴികാട്ടിയും ഇടയനും പിതാവുമായ തിരുമേനിയുടെ ഇപ്പോഴത്തെ സാന്നിധ്യം വ്യത്യസ്തമായ നിയോഗം പേറുന്നതായിരുന്നു. പിതാവിന്റെ അടുത്ത നടപടി എന്താണെന്ന് രൂപമില്ല. മനസ്സ് സ്വസ്ഥമാണെങ്കിലും സ്വയം ഏറ്റെടുത്ത തീരുമാനങ്ങൾ ഉറച്ചതാണെങ്കിലും ഈ ഉറപ്പ് മഠാംഗങ്ങൾ പരസ്പരംവേണ്ട വിധത്തിൽ കൈമാറിയിട്ടില്ല. അതുകൊണ്ടുതന്നെ എല്ലാവരും ആകാംക്ഷാഭരിതരായിരുന്നു. മഠാംഗങ്ങൾക്ക് നേതൃത്വം വഹിക്കുന്ന സിസ്റ്റർ സുപ്പീരിയർ സി. ശൈനാ, സിസ്റ്റേഴ്സ് ഹൂബാ, ദനഹാ, സൾഗാ, മാക്സാ, തൈബൂസ്, ബാസിം, എന്നീ 7 പേരും ഒളശ്ശേയിൽ കെ. എ. ഏലിയാമ്മ (നോവിസ്) കൂടത്തും മുറിയിൽ പടിഞ്ഞാറ്റേതിൽ മറിയാമ്മ, തിരുവഞ്ചൂർ വേങ്കടത്തു മറിയാമ്മ(അർത്ഥിനികൾ) ഇങ്ങനെ 10 പേരാണ് മഠാംഗങ്ങൽ. കൊല്ലത്തു വച്ചും അതിനുശേഷവും നടന്ന പുനരൈക്യ സംഭവങ്ങളെല്ലാം വ്യക്തമായി മനസ്സിലാക്കി. ഇപ്പോൾ പിതാവും അച്ചനും റോമാക്കാരും ഞങ്ങൾ മലങ്കരക്കാരും ആണ് എന്ന സി. ദനഹായുടെ രസകരമായ പ്രസ്താവന കൂട്ടച്ചിരിക്കു കാരണമായി. അതിനു മറുപടിയെന്നോണം പിതാവ് പറഞ്ഞു, നിങ്ങൾക്ക് കത്തോലിക്കാ സഭാ വിശ്വാസം സ്വീകരിക്കുന്നതിനും സ്വീകരിക്കാതിരിക്കുന്നതിനും പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. ഞങ്ങൾ ആരെയുംനിർബന്ധിക്കുകയില്ല. ഉടനെ അവർ പരസ്പരം നോട്ടമില്ലാതെ പത്തുപേരും ഒരേ സ്വരത്തിൽ പിതാവിന്റെ വഴികൾ ഞങ്ങളുടേതാണ്. അതുതന്നെ ഞങ്ങൾ സ്വീകരിക്കും. അതിന് മാറ്റമില്ല. സിസ്റ്റേഴ്സിന്റെ നിശ്ചയ ദാർഢ്യം കണ്ട് ബ. ജോണച്ചൻ സിസ്റ്റേഴ്സിനു താൽപര്യമെങ്കിൽ ഇനിയും താമസിച്ചിട്ടുകാര്യമില്ല. എന്നുപറയുകയുണ്ടായി. എന്നാൽ നമുക്ക് പള്ളിയിലേക്കു പോകാം. എന്നുപറഞ്ഞ പിതാവിനെ അനുഗമിച്ച് എല്ലാവരും ചാപ്പലിൽ എത്തി. പ്രാർത്ഥനയ്ക്കുശേഷം വന്ദ്യ പിതാവ് ഒരു ഉപദേശം നൽകി. അതിനുശേഷം പ്രതിജ്ഞാ വാചകം ഇംഗ്ലീഷിലും മലയാളത്തിലും എഴുതിയിരുന്നത് പിതാവ് സിസ്റ്റേഴ്സിനെ



വായിച്ചു കേൾപ്പിച്ചു. പിന്നീട് അഭിവന്ദ്യ പിതാവ് സി. ഹെലൻ താമസിച്ചിരുന്ന കെട്ടിടത്തിലേക്ക്പോയി. സുപ്പീരിയർ സി. ശൈനാ മുതൽ സിസ്റ്റേഴ്സിനെ ഓരോരുത്തരായി വിളിച്ച് സംസാരിച്ചു നിർബന്ധമില്ല എന്ന വസ്തുത വീണ്ടും വീണ്ടും അവരെ മനസ്സിലാക്കി. പൂർണ്ണ സ്വാതന്ത്ര്യത്തോടെവേണം തീരുമാനമെടുക്കാനെന്ന് ഓർമ്മപ്പെടുത്തി. എല്ലാവരേയും ഓരോരുത്തരായി കണ്ട ശേഷം പിതാവ് ചാപ്പലിൽ മടങ്ങിയെത്തി. പ്രാർത്ഥന തുടങ്ങി. പിതാവ് ചൊല്ലികൊടുത്ത പ്രതിജ്ഞാ വാചകം സി. ശൈനായും സിസ്റ്റേഴ്സും മലയാളത്തിൽ ഏറ്റുചൊല്ലി. മഠാംഗങ്ങൾ പത്തുപേരിൽ ആരും തന്നെ മാറി നിൽക്കാതെ പുനരൈക്യപ്പെട്ടു എന്നത് അത്ഭുതം തന്നെ.

എല്ലാവരും പ്രശസ്തമായ യാക്കോബായ ഓർത്തഡോക്സ് കുടുംബങ്ങളിൽ നിന്നുള്ളവർ, സഹോദരങ്ങൾ അടുത്ത ബന്ധുക്കൾ പലരും വൈദികർ, സമുദായ പ്രമാണികൾ, പക്ഷേ അതൊന്നും ഒരാളേപ്പോലും പിൻതിരിപ്പിക്കാൻ ഇടയാക്കിയില്ല. ദുർബലയെന്നു കരുതിയ സി. ശൈന ധീരതയോടെ തീരുമാനത്തിൽ ഉറച്ചുനിന്നു എന്നത് ആശ്ചര്യം തന്നെ. ധീരതയുടെ ഇതിഹാസം ചമച്ചുകൊണ്ട് ബഥനി മഠാംഗങ്ങൾ ഒന്നൊഴിയാതെ ഒരൊറ്റ സമൂഹമായി പുനരൈക്യ പ്രസ്ഥാനത്തിലേക്ക് കടന്നവന്നു. ബഥനി സന്യാസിനി സമൂഹം മലങ്കരകത്തോലിക്കാ സഭയിലെ ആദ്യത്തെ സന്യാസിനി സമൂഹമായി തീർന്നു. ആഗോള കത്തോലിക്കാ സഭയിലെ പൂവാടിയിൽ ഒരു സന്യാസിനി സമൂഹം കൂടെ സാർവ്വത്രിക സഭാ കൂട്ടായ്മയിലേയ്ക്ക് പറിച്ചു നടപ്പെട്ടു. ഈ കൂട്ടായ്മയിൽ നിന്നും ഒരാളെങ്കിലും മാറി നിന്നിരുന്നെങ്കിൽ ബഥനി മഠത്തിന്റെ മാത്രമല്ല പുനരൈക്യത്തിന്റെ ചരിത്രത്തിലും മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിലും കാര്യമായ വ്യതിയാനം ഉണ്ടാകുമായിരുന്നു. മഠാംഗങ്ങൾ പത്തുപേരും പുനരൈക്യപ്പെട്ടതിനാൽ തിരുമൂല ബഥനി മഠം വിട്ട് സിസ്റ്റേഴ്സ് ഇറങ്ങി പോകേണ്ടതായി വന്നില്ല.

## എതിർപ്പുകളുടെ പാതയിലൂടെ

മലങ്കര സഭാ ചരിത്രത്തിൽ നവീനദ്ധ്യായം ആരംഭിക്കു

www.malankaralibrary.com

കയായി. മലങ്കരസഭയിൽ നട്ടുവളർത്തിയ സന്ന്യാസമാകുന്ന പനിനീർച്ചെടി സാർവ്വത്രീകസഭാ കൂട്ടായ്മയിലേക്കു പറിച്ചുനടപ്പെട്ടു. പ്രതികൂലസാഹചര്യങ്ങളും യാതനകളും നിറഞ്ഞ വഴികൾ അനവധി പിന്നിട്ടുകൊണ്ട് മാതൃസഭയാകുന്ന സമാധാന തുറമുഖത്തു നങ്കൂരമുറപ്പിച്ചതിന്റെ ഹൃദ്യമായ അനുഭവം. ഏറെ ആശിച്ചു കാത്തുപാർത്തിരുന്ന പുനരൈക്യത്തിന്റെ പാതയിൽ എത്തിച്ചേർന്നതിൽ മഠാംഗങ്ങൾക്കെല്ലാവർക്കും അതീവ സന്തോഷം. സമാധാനം എന്നർത്ഥമുള്ള ശൈന എന്ന നാമധാരിയായ സിസ്റ്റർ സുപ്പീര്യറിന്റെ നേതൃത്വത്തിൽ മഠാംഗങ്ങളേവരും നവോന്മേഷത്തോടെ മലങ്കരസുറിയാനി കത്തോലിക്കാ സഭാംഗങ്ങളായി തങ്ങളുടെ പ്രവർത്തനം തുടർന്നു.

പ്രതികൂലങ്ങൾ, പ്രതിസന്ധികൾ, വെല്ലുവിളികൾ ദുരന്താനുഭവങ്ങൾ ഇവ തുടരെ തരണം ചെയ്യേണ്ടിവന്ന ഒരു കാലയളവായിരുന്നു പുനരൈക്യത്തിനു തൊട്ടുമുൻമ്പും പിൻപുമുള്ള കാലഘട്ടം. മാർ ഈവാനിയോസും അദ്ദേഹത്തിന്റെ പിന്നാലെ ബഥനിക്കാരും റോമായിലേക്കു കാലുമാറി എന്ന വാർത്ത കാട്ടുതീ കണക്കേ നാടാകെ പരന്നു. മലങ്കര ഓർത്തഡോക്സ് വിഭാഗത്തിൽ നിന്നും പിന്തിരിഞ്ഞ് റോമായിൽ പോയ മാർ ഈവാനിയോസിനെ പി ന്തുടർന്ന അപവാദങ്ങളും ആക്ഷേപങ്ങളും കേട്ട് മഠാംഗങ്ങൾ വേദനിച്ചു. മാതൃസഭയിലേക്കു കടന്നുവന്ന ബഥനിക്കാരെയും അധിക്ഷേപിക്കുകയും അവർക്കെതിരെ അപവാദങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു.

സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളും സ്വന്തമെന്നനിലയിൽ ഇതുവരെ മിത്രങ്ങളായി വർത്തിച്ചവരും ശത്രുക്കളായിമാറി. ബന്ധുക്കളോ സ്വന്തം മാതാപിതാക്കളോ പോലും ബഥനി മഠാംഗങ്ങളുടെ വ്രതവാഗ്ദാനത്തിനോ മഠത്തിലെ മറ്റു പ്രധാനപ്പെട്ട പരിപാടികൾക്ക് സംബന്ധിക്കുവാനോ വന്നില്ല എന്നത് സിസ്റ്റേഴ്സിന്റെ ഹൃദയവ്യഥയ്ക്ക് കാരണമായി. സഭാ മാദ്ധ്യമങ്ങൾ ബഥനി മെത്രാച്ചനെതിരായി നടത്തിയ കുപ്രചരണങ്ങളും അതു മൂലമുളവായ തെറ്റിദ്ധാരണകളുമാണ് ഈ അകൽച്ചയ്ക്കും, വെറുപ്പിനും, വിദ്വേഷത്തിനും ഇടനൽകിയതെന്നു പറഞ്ഞു കൊള്ളട്ടെ.



1915 മുതൽ 1920 വരെ ബാരിസോളിലും 1920 മുതൽ 1926 വരെ തിരുമൂലപുരത്തും ബഥനി മഠാംഗങ്ങൾക്കു സന്ന്യാസ പരിശീലനം നൽകിവന്ന എപ്പിഫനി സിസ്റ്റേഴ്സിനോട് പ്രത്യേകിച്ച് സ്നേഹനിധിയായ മദർ ഈഡിത്തിനോടും സിസ്റ്റർ ഹെലനോടും എന്നന്നേക്കുമായി വേർപിരിയേണ്ടി വന്നതിൽ സുപ്പീര്യറായിരുന്ന മദർ ശൈനോയും മറ്റു മഠാംഗങ്ങളും അനുഭവിച്ച ദുഃഖം മർമ്മഭേദകമായിരുന്നു.

സ്ത്രീ വിദ്യാഭ്യാസവും അതു വഴിയുള്ള സ്ത്രീ ജനോദ്ധാരണവും ലക്ഷ്യമാക്കി പടുത്തുയർത്തിയ ബാലികാമഠം സ്കൂളും അവിടെ മഠാംഗങ്ങൾ നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങളും പൂർണ്ണമായി കൈവിടേണ്ടി വന്ന അവസ്ഥ വന്ദ്യപിതാവിനും, അതു പോലെ സിസ്റ്റേഴ്സിനും വലിയ വേദന ഉളവാക്കി. തിരുമൂലബാലികാമഠത്തിൽ അദ്ധ്യാപികമാരായി സേവനമനുഷ്ഠിച്ചിരുന്നവർക്ക് തങ്ങൾ സ്വന്തമെന്നു കരുതി വളർത്തി വലുതാക്കിക്കൊണ്ടുവന്ന ബാലികാമഠം സ്കൂൾ വിട്ടുപേക്ഷിച്ചത് എത്രമാത്രം വേദനാജനകമായിരുന്നു എന്നത് ഊഹിക്കുകയേ വേണ്ടു.

Miss Brookes Smith, മദർ ഈഡിത്തു ചെലവുചെയ്തു പണിയിച്ച കെട്ടിടം കൈവശമാക്കാനുള്ള ഒരു പരിശ്രമം കൂടി വീണ്ടും നടത്തുകയുണ്ടായി. മദർ ഈഡിത്തും സിസ്റ്റർ ഹെലനും പോകുന്നതിനുമുമ്പ് വട്ടശ്ശേരിൽ മെത്രാച്ചൻ, ഫാദർ അലക്സിയോസ്, മിസ് ബ്രൂക്ക് സ്മിത്ത് ഇവർ ഇതെക്കുറിച്ച് എന്തെങ്കിലും മദറിനോടു സംസാരിച്ചു കാണണം. പക്ഷേ അതൊന്നും വെളിപ്പെടുത്തപ്പെട്ടിട്ടില്ല. 1930 സെപ്റ്റംബർ 25-ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം സിസ്റ്റേഴ്സ് ആദ്ധ്യാത്മീകപാരായണം നടത്തിക്കൊണ്ടിരിക്കുമ്പോൾ Miss Brookes Smith, മഠത്തിൽ വന്ന് അവർക്കു രണ്ട് അതിഥികൾ വരുന്നു. അവരുടെ താമസത്തിനായി സിസ്റ്റർ ഹെലന്റെ കെട്ടിടം ഒന്നു കൊടുക്കണമെന്നാവശ്യപ്പെട്ടു. അത് സാദ്ധ്യമല്ല എന്ന് സിസ്റ്റർ സുപ്പീര്യർ പറഞ്ഞു. അങ്ങനെ ശക്തമായി നിഷേധിച്ചതോടെ ആ പരിശ്രമം അവസാനിച്ചു. Miss Brooks Smith ന്റെ പ്രതീക്ഷയ്ക്കു നേരെ വിരുദ്ധമായിരുന്നു ഈ മറുപടി. അവർ

www.malankaralibrary.com

പ്രയാസം ഉള്ളിലൊതുക്കി All Right എന്ന് പറഞ്ഞ് വേഗം സ്ഥലം വിട്ടു. ഇത്രയും ബുദ്ധിയായി സിസ്റ്റർ സുപ്പീര്യർ വർത്തിച്ചതു കൊണ്ടു മാത്രമാണ് ബഥനി മഠത്തിൽ സൈ്വര്യമായി മഠാംഗങ്ങൾ തുടർന്നു ജീവിക്കാൻ പറ്റിയത്.

സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞവർ തമ്മിൽ മേൽപറഞ്ഞ സാഹചര്യങ്ങൾ മൂലം അകലേണ്ടി വന്നതിൽ മദർ ശൈനായ്ക്കും മഠാംഗങ്ങൾക്കും അതിയായ ഖേദം ഉളവായി. പുനരൈക്യപ്പെട്ടു എന്ന കാരണത്താൽ മുണ്ടൻമലയിൽ നിന്നും എല്ലാം ഉപേക്ഷിച്ചുപോന്ന മാർ ഈവാനിയോസ് പിതാവിനു നേരിടേണ്ടി വന്ന എതിർപ്പുകളെല്ലാം മഠാംഗങ്ങളെയും ബാധിച്ചിരുന്നു. മഠവും അതിന്റെ പ്രവർത്തനരംഗങ്ങളും അവരുടെതായിത്തന്നെ നിലനിന്നു. ഏതുസമയവും, മഠവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നിർവ്വഹിച്ചിരുന്ന ബാലികാമഠത്തിലെ റ്റീച്ചേഴ്സിനും, കുട്ടികൾക്കും ലഭിച്ച മുടക്കുകല്പന, സ്കൂളിൽ സിസ്റ്റേഴ്സു ചെയ്തിരുന്ന എല്ലാ സേവനങ്ങളുടെയും നിരോധനം ഇവയെല്ലാം അക്കാലത്ത് ഉണ്ടായ ചില ദുരന്താനുഭവങ്ങളാണ്.

പുനരൈക്യപ്പെടുന്ന സഹോദരങ്ങൾക്ക് അനുഭവപ്പെട്ടു കൊണ്ടിരുന്ന പ്രയാസങ്ങളും പരിത്യക്താവസ്ഥയും സിസ്റ്റേഴ്സിനെ ഏറെ വിഷമിപ്പിച്ചു. മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭയോട് വിശ്വാസദാർഢ്യം പ്രഖ്യാപിച്ചിരുന്നവരുമായി ബന്ധപ്പെടുന്നത് കർശനമായി വിലക്കിക്കൊണ്ട് കാതോലിക്കാ ബാവാ കല്പന പുറപ്പെടുവിച്ചു.

തങ്ങളുടെ ഗുരുവും പിതാവും ഇടയനുമായ മാർ ഈവാനിയോസ് പിതാവിനെ വ്യവഹാരങ്ങളിൽ കുടുക്കി, പകപോക്കാൻ എതിരാളികൾ ഒരുമ്പെട്ടു. അദ്ദേഹം സ്ഥാപിച്ച ബഥനിപ്പള്ളികൾ മലങ്കരസുറിയാനി സഭയുടെ സമ്പത്തും സഹായവും കൊണ്ട് നിർമ്മിച്ചതാണെന്ന ന്യായം പറഞ്ഞ് അവയെ തന്റെ ഭരണസീമയിൽ കൊണ്ടുവരുന്നതിന് കാതോലിക്കാ ബാവായും അനുയായികളും പരിശ്രമിച്ച് വ്യവഹാരങ്ങളിൽ മുഴുകി.

മലങ്കര സുറിയാനി സഭവക സ്കൂകളുടെ മാനേജരായി



എം.എ. അച്ചനെ 1923 - ൽ വട്ടശ്ശേരിൽ തിരുമേനി നിയമിച്ചിരുന്നു. പ്രഗത്ഭനായ എം.എ.അച്ചൻ തനിക്കു ഭരമേല്പിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെ വളർത്തുകയും പുരോഗതിയിലേക്ക് നയിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ സ്ഥാപനങ്ങളെല്ലാം സ്വന്തമാക്കുന്നതിനും തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കുന്നതിനും സഭാധികൃതർ ശ്രമിച്ചു. പ്രശ്നങ്ങൾ ഗുരുതരമായി. നിർഭാഗ്യവശാൽ വിദ്യാലയങ്ങളെ ചൊല്ലി വ്യവഹാരങ്ങളും കേസുകളും ഉദ്ഭവിച്ചു. സ്വാഭാവീകമായി പുനരൈക്യപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ചെറുത്തുനില്പിനുള്ള ശ്രമം കോടതി വഴിയുള്ള ഒത്തുതീർപ്പിന് കളമൊരുക്കുകയാണുണ്ടായത്. കൂടാതെ, അവർ മാർ ഈവാനിയോസിനും പുനരൈക്യ പ്രസ്ഥാനത്തിനുമെതിരെ അപ്പോസ്തോലിക് ഡലിഗേറ്റിനും മാർപാപ്പായ്ക്കും നിവേദനങ്ങൾ അയച്ച് പ്രശ്നങ്ങൾ സൃഷ്ടിച്ചു.

സംഭവവികാസങ്ങൾ അപ്പോഴപ്പോൾ അറിഞ്ഞുകൊണ്ടിരുന്ന സുപ്പീര്യർ സിസ്റ്റർ ശൈനായ്ക്ക് താങ്ങാനാവുന്നതിലധികമായിരുന്നു ഈ വിധമായ മനഃക്ലേശങ്ങൾ. പുനരൈക്യത്തിന്റെ ശൈശവദശയിൽ അനുഭവിക്കേണ്ടി വന്ന കഷ്ടതകളും നിന്ദനങ്ങളും ആ ശാന്തശീലയെ തളർത്തിയില്ല. മറിച്ച് കൂടുതൽ ധൈര്യശാലിയും ദൈവാശ്രയമുള്ളവളുമാക്കി നിരന്തരമായ ദൈവസംസർഗ്ഗവും, മൗനവും, ധ്യാനവും, ത്യാഗ പ്രവൃത്തികളും വഴി പുനരൈക്യ പ്രസ്ഥാനത്തിനു ശക്തി പകർന്നു. മദറിന്റെ നേതൃത്വത്തിൽ മഠാംഗങ്ങളേവരും മദറിനെപ്പോലെതന്നെ പ്രാർത്ഥനയും തപോനിഷ്ഠകളും വഴി മലങ്കര കത്തോലിക്കാ സഭയുടെ ഉന്നതിക്കായി ഹൃദയപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരുന്നു. ശൈശവം പിന്നിട്ടില്ലാത്ത സഭയ്ക്കു താങ്ങും തണലുമായി സിസ്റ്റേഴ്സ് വർത്തിച്ചിരുന്നു. ബഥനിയെന്നാൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്നും മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്നാൽ ബഥനി എന്നും പറയത്തക്കവിധമായിരുന്നു അക്കാലത്ത്സഭയും സമൂഹവും തമ്മിലുള്ള ആത്മബന്ധം.

## പുനരൈക്യത്തിനുശേഷം

തിരുമൂല ബാലികാമഠത്തോടുള്ള ബന്ധം കത്തോലിക്കാ

www.malankaralibrary.com

പുനരൈക്യത്തോടെ നിലച്ചതുകൊണ്ട് ബഥനി മഠാംഗങ്ങൾക്ക് വിഷമം ഉണ്ടാകാതിരിക്കാൻ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചന്റെ താല്പര്യപ്രകാരം നങ്ങ്യാർകുളങ്ങര നീലാർമഠം വിലയ്ക്കു വാങ്ങി ബഥനി ബാലികാമഠം സ്കൂൾ സ്ഥാപിക്കുകയുണ്ടായി. തിരുമൂല ബഥനി മഠത്തിൽ സിസ്റ്റർ ശൈനാ സുപ്പീര്യർ ആയിരിക്കുന്ന കാലത്താണ് 1931 – ൽ സ്കൂൾ ആരംഭിച്ചത്. 1933 മെയ് 17–ന് പരിമിതമായ സാഹചര്യങ്ങളിൽ ഓലമേഞ്ഞ കെട്ടിടത്തിൽ ബഥനിയുടെ ആദ്യത്തെ ശാഖാമന്ദിരം സ്ഥാപിതമായി. സാമ്പത്തീക പരാധീനതകൾ അക്കാലത്ത് അനുഭവപ്പെട്ടിരുന്നെങ്കിലും എല്ലാം ദൈവീകപദ്ധതിയുടെ ഭാഗമായി സിസ്റ്റേഴ്സ് സന്തോഷത്തോടെ സ്വീകരിച്ചു. സിസ്റ്റർ ദനഹായെ അവിടെ സുപ്പീര്യറായും ഹെഡ്മിസ്ട്രസ്സായും നിയമിച്ചു. സി. മാക്സ, സി. ബാസിം, സി. സൈബാർ, സി. തൈബൂസ് ഇവരെ അംഗങ്ങളായി നങ്ങ്യാർകുളത്തേക്കയച്ചു, സിസ്റ്റർ സൈബാർ ഒഴിച്ച് ബാക്കിയുള്ള അംഗങ്ങൾ സ്കൂളിൽ അദ്ധ്യാപികമാരായി. ഇടയ്ക്കിടെ മദർ ശൈനാ പുതിയ മഠവും സ്ഥാപനവും സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവന്നു. സിസ്റ്റേഴ്സിന്റെ സംസ്ക്കാരസമ്പന്നമായ പെരുമാറ്റവും, പ്രാർത്ഥനാ ചൈതന്യവും, ലാളിത്യമാർന്ന ജീവിതശൈലിയും ആത്മാർത്ഥത നിറഞ്ഞ അദ്ധ്യാപനവും വിദ്യാർത്ഥികളിലും, മാതാപിതാക്കളിലും നാട്ടുകാരിലും വലുതായ മതിപ്പുളവാക്കി. നഷ്ടപ്പെട്ടുപോയ തിരുമൂലബാലികാമഠം സ്കൂളിനു പകരം, നങ്ങ്യാർകുളങ്ങര ബാലികാമഠം ആരംഭിച്ചതുമൂലം സിസ്റ്റേഴ്സിനു മുമ്പുണ്ടായ പ്രയാസങ്ങൾ ഒരു പരിധിവരെ ഇല്ലാതായി.

1932 – ൽ മലങ്കര കത്തോലിക്കാ സഭയുടെ ആർച്ച് ഡയോസിസായി തിരുവനന്തപുരവും ഡയോസിസായി തിരുവല്ലായും രൂപീകൃതമായി തിരുവനന്തപുരത്ത് മാർ ഈവാനിയോസ് തിരുമേനിയും തിരുവല്ലായിൽ മാർ തെയോഫിലോസ് തിരുമേനിയും അദ്ധ്യക്ഷന്മാരായി. രണ്ടു രൂപതകളിലെയും അതിർത്തി നിർണ്ണയിക്കപ്പെട്ടു. മാർ ഈവാനിയോസ് തിരുമേനിയുടെ ശ്രദ്ധ മുഴുവൻ തിരുവനന്തപുരത്ത് കേന്ദ്രീകരിക്കേണ്ടി വന്നു. ആശ്രമസ്ഥരുടെ തിരുവനന്തപുരത്തേക്കുള്ള മാറിതാമസവും, മാർ തെയോഫിലോസ് തിരുമേനിയുടെ



അനാരോഗ്യവും, അതുവരെ സിസ്റ്റേഴ്സിനു സംരക്ഷണ നൽകിയിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ അസാന്നിദ്ധ്യവും സിസ്റ്റേഴ്സിന്റെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചു. തിരുവല്ല രൂപതയും സാമ്പത്തീക പരാധീനത അനുഭവിക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്. സിസ്റ്റേഴ്സിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കും അനുദിന ചെലവുകൾക്കും വഴികാണാതെ വിഷമിക്കേണ്ട സാഹചര്യം ഉണ്ടായി. 1936 ഏപ്രിൽ മാസം 23–ാം തീയതി തിരുവല്ലായിലെ മഠം തല്ക്കാലമായി അടച്ചുപൂട്ടുകയും അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ ക്രമീകരണം അനുസരിച്ച് തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് സിസ്റ്റേഴ്സിനെ എല്ലാവരെയും കൊണ്ടു പോവുകയും ചെയ്തു.

## ബഥനി രണ്ടു രൂപതാസമൂഹങ്ങൾ

തിരുവല്ലായിൽ നിന്നും ബഥനി സന്ന്യാസിനീ സമൂഹം തിരുവനന്തപുരത്തേക്ക് മാറ്റപ്പെട്ടതിനെ തുടർന്ന് തിരുവല്ലായിൽ അതുവരെ നടത്തിവന്ന പ്രവർത്തനങ്ങൾക്ക് മാന്ദ്യം സംഭവിച്ചു തിരുവല്ലാ രൂപതയിൽ സേവനമനുഷ്ഠിക്കുന്നതിനായി സിസ്റ്റേഴ്സിനെ അയച്ചുകൊടുക്കണമെന്ന് മാർ തെയോഫിലോസ് തിരുമേനി മാർ ഈവാനിയോസ്തിരുമേനിയോട് ആവശ്യപ്പെട്ടു. ഇരുരൂപതകളിലും മഠങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമെന്നു മനസ്സിലാക്കിയ പിതാവ് തിരുവല്ലായിൽ ഒരു രൂപതാസമൂഹം തുടങ്ങുന്നതിനായി മൂന്ന് സിസ്റ്റേഴ്സിനെ അയച്ചു. ഇവർ മാർ തെയോഫിലോസ് തിരുമേനിയുടെ കീഴിൽ തിരുവല്ലായിൽ സ്ഥാപിതമായ ബഥനി മഠത്തിലെ ആദ്യ അംഗങ്ങളായി. അങ്ങനെ 1936 മുതൽ തിരുവല്ലായിൽ മദർ ഹൂബായുടെയും തിരുവനന്തപുരത്ത് മദർ ശൈനായുടെയും നേതൃത്വത്തിൽ രണ്ടു രൂപതാസമൂഹങ്ങളെന്ന നിലയിലായിരുന്നു സമൂഹത്തിന്റെ തുടർന്നുള്ള വളർച്ച. 1937 നവംബറിൽ മാർ സേവേറിയോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. അനാരോഗ്യം മൂലം രൂപതാ ഭരണത്തിന് അശക്തനായിത്തീർന്ന മാർ തെയോഫിലോസ് തിരുമേനിയുടെ പിൻഗാമിയായി അദ്ദേഹം നിയമിതനായി.

www.malankaralibrary.com

1936 മുതൽ 1956 വരെ കത്തോലിക്കാസഭയുടെ ശീതള ഛായയിൽ തിരുവനന്തപുരം തിരുവല്ലാ എന്നീ രൂപതകളിലായി രണ്ടു ഡയോസിസൻ സമൂഹങ്ങളെന്ന നിലയിൽ വന്ദ്യ പിതാക്കന്മാരുടെ പരിലാളനയിൽ ബഥനി സന്ന്യാസിനീ സമൂഹം വളർന്നു വന്നു.

## മദർ ശൈനായുടെ മിഷ്യൻ ദർശനം

പുനരൈക്യശില്പിയായ മാർ ഈവാനിയോസ് മലങ്കര സഭയുടെ ആദ്ധ്യാത്മീക ഉന്നമനം മാത്രമല്ല ലക്ഷ്യം വച്ചത്. നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (MK 16/15) എന്നുള്ള മിശിഹാതമ്പുരാന്റെ അന്ത്യശാസനത്തെ ശിരസ്സാവഹിക്കുകയും നിറവേറ്റുകയും ചെയ്യുന്നതിൽ വലുതായ തീക്ഷ്ണത പ്രദർശിപ്പിച്ചിരുന്നു. ലോകത്തിൽ യേശുവിന്റെ രക്ഷാകരകർമ്മം അഭംഗുരം തുടരുന്നതിന് പ്രത്യേകിച്ച് ഭാരതത്തെ മുഴുവൻ സുവിശേഷത്തിന്റെ പ്രകാശത്തിലേക്ക് കൊണ്ടുവരുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. ക്രിസ്തുവിന്റെ മാർഗ്ഗം അറിഞ്ഞിട്ടില്ലാത്ത നാനാജാതിമതസ്ഥരെ യേശുമാർഗ്ഗത്തിലെത്തിക്കാൻ തീവ്ര പ്രയത്നം നടത്തി. അധഃ കൃതരെന്നു മുദ്രകുത്തി സമൂഹം മാറ്റിനിർത്തിയിരുന്നവരെ ഉദ്ധരിക്കുന്നതിന് വലുതായ പരിശ്രമം നടത്തിയിരുന്നു.

മലങ്കര ഹൈരാർക്കിയുടെ അതിർത്തി തെക്ക് കന്യാകുമാരി വരെ വ്യാപിച്ചുകിടന്നിരുന്നു. തെക്കൻ തിരുവിതാംകൂറിലെ നാടാർ സമുദായത്തിൽപ്പെട്ട അംഗങ്ങളെ കത്തോലിക്കാ സഭയിൽ സ്വീകരിച്ചുകൊണ്ട് മലങ്കര കത്തോലിക്കാ സഭയിൽ ഒരു പുതിയ സംരംഭത്തിന് തുടക്കം കുറിച്ചു. ചങ്ങനാശേരി അതിരൂപതയിൽ നിന്നും മലങ്കരയിൽ പ്രവർത്തിക്കാനായി വന്ന യുവമിഷ്യനറിയായ വന്ദ്യ ജോസഫ് കുഴിഞ്ഞാലിൽ അച്ചനെ മാർത്താണ്ഡം കേന്ദ്രമാക്കി പ്രവർത്തിക്കാനയച്ചു. അദ്ദേഹത്തിന്റെ താല്പര്യപ്രകാരം ഒരു മിഷ്യനറി സന്ന്യാസിനീ സമൂഹം സ്ഥാപിക്കുവാനുള്ള അനുവാദം മാർ ഈവാനിയോസ് പിതാവ് നൽകി. ഇന്ന് മാർത്താണ്ഡം ഒരു



മലങ്കര രൂപതയായി ഉയർത്തിയതിനു പിന്നിൽ മേരിമക്കൾ സമൂഹത്തിന്റെ ശുശ്രൂഷകൾ വിലപ്പെട്ടതാണ്. മേല്പറഞ്ഞ മിഷ്യനറി സമൂഹത്തിന്റെ പ്രാരംഭദശയിൽ അംഗങ്ങളായി വന്നവർക്ക് സന്ന്യാസപരിശീലനം നൽകുവാനായി. ബഥനി മഠാംഗങ്ങളായ മദർ ബാസിമിനെയും സിസ്റ്റർ ഹനോനോയെയും 1937 – ൽ അയച്ചുകൊടുക്കുവാനുള്ള ഔദാര്യമനസ്ഥിതി മദർ ശൈനായ്ക്കുണ്ടായിരുന്നു. അവരുടെ പരിശീലനം പൂർത്തിയാക്കുവോളം 2 വർഷക്കാലം ബഥനി സിസ്റ്റേഴ്സ് അവിടെ നിസ്തുല സേവനം അനുഷ്ഠിക്കുകയുണ്ടായി. അംഗങ്ങൾ കുറവായിരുന്ന അക്കാലത്ത് തിരുവനന്തപുരം, തിരുവല്ല, നങ്ങ്യാർകുളം, മാർത്താണ്ഡം ഈ നാലു സ്ഥലങ്ങളിലായി അന്നുണ്ടായിരുന്ന സിസ്റ്റേഴ്സിനെ അയയ്ക്കുകയും സ്തുത്യർഹമായ സേവനം ചെയ്യുന്നതിനുവേണ്ട ഒത്താശകളും, നിർദ്ദേശങ്ങളും ക്രമീകരണങ്ങളും മദർ ശൈനാ നൽകുകയും മലങ്കര സഭയെ അതിന്റെ ശൈശവദശയിൽ പരിപാലിക്കുകയും ചെയ്തുവെന്നത് ഒരു ചെറിയകാര്യമല്ല. ബഥനിയുടെ ബാലാരിഷ്ടതകൾ നിറഞ്ഞ അക്കാലത്ത് മദറിന്റെ നേതൃത്വം വിലപ്പെട്ട ഒന്നായിരുന്നു.

ലോകത്തിൽ അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സഭയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്ന് പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ നമ്മുടെ സഭയെ ശ്ലാഘിക്കാൻ ഇടയായെങ്കിൽ അതിനു പിന്നിൽ പ്രവർത്തിച്ച ഒരു നെടുംതൂണായിരുന്നു മദർ ശൈന.

1936 മുതൽ 39 വരെ തിരുവനന്തപുരം ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ മദർ ജനറലായും തുടർന്ന് 1954 വരെ നാലാഞ്ചിറ ബഥനി മഠത്തിൽ അംഗമായും മദർ ജീവിച്ചു. ദലിതരുടെ ഉദ്ധാരണത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച സ്വസഹോദരൻ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെപ്പോലെ മദറിനും പാവപ്പെട്ടവരോട് പ്രത്യേകിച്ച് അധഃകൃതരെന്നു മുദ്രകുത്തി മാറ്റി നിർത്തപ്പെട്ടവരോട് വലുതായ സ്നേഹവും പരിഗണനയും ഉണ്ടായിരുന്നു. കരുണാർദ്രമായ ഒരു മനസിന്റെ ഉടമയായിരുന്നു വല്യമദർ. നാലാഞ്ചിറ മഠത്തിനു ചുറ്റും താമസിച്ചിരുന്നവരുടെ കുടുംബങ്ങളോട് വളരെ സ്നേഹത്തോടും

www.malankaralibrary.com

കാരുണ്യത്തോടും കൂടി പെരുമാറുകയും ചെയ്തിരുന്നു. പാവപ്പെട്ടവരിൽ യേശുവിനെ ദർശിക്കുകയും, യേശുതമ്പുരാനെ നൽകുവാൻ പരിശ്രമിക്കുകയും ചെയ്തിരുന്ന മദർ അവർക്ക് ആശ്വാസവും, സമാധാനവും നൽകിയിരുന്നു. വല്യമദറിന്റെ വേർപാടിൽ അവർ ഹൃദയം നൊന്തു വിലപിച്ചു. ദൈവസ്നേഹം നിറഞ്ഞുനിന്ന മദറിൽ നിന്നും കരകവിഞ്ഞൊഴുകിയ പരസ്നേഹം പ്രത്യേകിച്ച് നിരാലംബരോടുള്ള കരുണാർദ്രമായ സ്നേഹം നമുക്ക് അനുകരിക്കാവുന്ന മാതൃകയാണ്.

പ്രത്യേക മാനുഷീക സിദ്ധികളൊന്നും കാര്യമായി അവകാശപ്പെടാനില്ലാത്ത മദർ ശൈന വിശുദ്ധിയുടെ കൊടുമുടിയിലെത്താൻ ശ്രമിച്ചിരുന്ന ഒരു ഉത്തമ സന്ന്യാസിനിയാണ്. ദൈവഹിതത്തിന് കീഴ്വഴങ്ങി ജീവിച്ച മദർ എപ്പോഴും ദൈവസംസർഗ്ഗത്തിൽ ജീവിക്കുകയും നിരന്തരം പരസ്നേഹ പ്രവർത്തനങ്ങളിൽ വ്യാപരിക്കുകയും ചെയ്തിരുന്നു.

## പ്രാർത്ഥനാജീവിതവും കർമ്മോദ്യുക്ത ജീവിതവും

സന്ന്യാസപ്രതിഷ്ഠ 1925 സെപ്റ്റംബറിൽ നടന്നു. ബഥനി സ്വയം വളരേണ്ട സമയമായി. തന്മൂലം സന്ന്യാസപ്രതിഷ്ഠ നടത്തിയവരിൽ മുതിർന്നയാളായ സിസ്റ്റർ ശൈനായെ കൂട്ടായ്മയുടെ നേതൃത്വം വഹിക്കുന്നതിന് വന്ദ്യപിതാവു തന്നെ നിയമിച്ചു. സിസ്റ്റർ ശൈനാ ദൈവതൃക്കരങ്ങളിൽ നിന്നെന്നവണ്ണം ആ ചുമതല ശിരസ്സാവഹിച്ചു. ബഥനിയിലെ മറിയത്തെപ്പോലെ പ്രാർത്ഥനയുടെയും മാർത്തയെപ്പോലെ ശുശ്രൂഷയുടെയും ജീവിതം നയിച്ചു.

പ്രവർത്തനങ്ങളോടൊപ്പം നിഷ്ഠാപരമായ ജീവിതത്തിലൂടെ ആദ്ധ്യാത്മിക വളർച്ച സാധിതമാക്കുന്നതിനുള്ള സംവിധാനങ്ങളും മഠത്തിലുണ്ടായിരുന്നു. മലങ്കര സുറിയാനി സമുദായ പാരമ്പര്യത്തിൽ ആരാധനാക്രമത്തിന് വലുതായ പ്രാധാന്യം കല്പിച്ചിരുന്നു. ആരാധനാക്രമത്തിൽ പരമപ്രാധാന്യം ദിവ്യബലിക്കു നൽകിപ്പോന്നു. വി. കുർബാനയുടെ പ്രാധാന്യം നന്നായി മനസ്സിലാക്കിയിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് മഠത്തിൽ എല്ലാ ദിവസവും വി. കുർബാന അർപ്പിക്കുന്നതിനും, വി. കുർബാന പൂജ്യമായി സൂക്ഷിച്ചു വയ്ക്കുന്നതിനുമുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. വി. കുർബാനയുടെ സന്നിധിയിൽ നിരന്തരം പ്രാർത്ഥിക്കുന്നതിനും പ്രവർത്തനങ്ങൾക്കെല്ലാം ശക്തി സംഭരിക്കുന്ന സ്രോതസ്സായി ബലിയർപ്പണത്തിൽ എല്ലാ ദിവസവും പങ്കെടുക്കുന്നതിനും മഠാംഗങ്ങൾക്ക് സൗകര്യം ഉണ്ടായിരുന്നു. മിശിഹായോടൊത്ത് മിശിഹായ്ക്കുവേണ്ടി ജീവിച്ച് മിശിഹാനുകരണം സുഗമമാക്കുന്നതിന് സിസ്റ്റർ ശൈനോ വളരെയേറെ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. യാമനമസ്ക്കാരം, ഉപവാസം ഇതര തപാനുഷ്ഠാനങ്ങൾ, മലങ്കര സഭ നിഷ്കർഷിക്കുന്ന നോമ്പുകൾ ഇവയെല്ലാം വിശുദ്ധീകരണ മാർഗ്ഗങ്ങളായി കരുതി. സന്ന്യാസ നിഷ്ഠാജീവിതത്തിന് ഏറ്റവും ഉപകരിക്കുന്ന മൗനവും, ലളിതജീവിതവും, അദ്ധ്വാനശീലവും മദർ ശൈനായുടെ ജീവിതത്തെ അർത്ഥവത്താക്കി. ഉള്ളായ്മയിലും, ഇല്ലായ്മയിലും സംതൃപ്തമനഃസ്ഥിതി മദർ പുലർത്തിയിരുന്നു. സ്ഥാപക പിതാവു നിഷ്കർഷിച്ചു കൊടുത്തിരുന്ന പ്രകാരം ദൈവസംസർഗ്ഗമാധുര്യം അനുഭവിക്കുന്നതിനുതകുന്ന അനുദിന ധ്യാനം, മതപഠനം, വേദപഠനം, ഇവ മുടങ്ങാതെ നടത്തുന്നതിനും ആദ്ധ്യാത്മീക ഗ്രന്ഥങ്ങൾ വായിക്കുന്നതിനും മദ്ധ്യസ്ഥ പ്രാർത്ഥന നിഷ്ഠയോടും സ്നേഹത്തോടും നിർവ്വഹിക്കുന്നതിനും മദർ ശുഷ്കാന്തി പ്രദർശിപ്പിച്ചിരുന്നു.

നേതൃത്വസ്ഥാനം അലങ്കരിച്ചിരുന്ന മദർ പ്രവർത്തനവും പ്രാർത്ഥനയും കോർത്തിണക്കിയാണ് കൊണ്ടുപോയിരുന്നത്. ഒരു സാധാരണ അംഗമെന്ന നിലയിൽ ഭവന ശുശ്രൂഷകൾ ഏറ്റെടുത്ത് സന്തോഷത്തോടെ മദർ ചെയ്തിരുന്നു. ഭക്ഷണം പാകം ചെയ്യുന്നതിലും പറമ്പിൽ പ്ലാവ്, മാവ്, പേര, ചാമ്പ തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലും മദർ മുൻകൈ എടുത്തിരുന്നു. തന്റെ വിശ്രമജീവിതത്തിൽ സിസ്റ്റേഴ്സിന് ഭവനശുശ്രൂഷകളിൽ നേതൃത്വം നൽകിവന്നു. ശുചിത്വത്തിന്റെ കാര്യത്തിലും അടുക്കിലും ചിട്ടയിലും കാര്യങ്ങൾ നിർവ്വഹിക്കുന്നതിലും മദർ അത്യധികം ശ്രദ്ധകാണിച്ചിരുന്നു. പൊതുവിൽ ഉപയോഗിച്ചിരുന്ന പായ്, തലയിണ, ഷീറ്റുകൾ, പാത്രങ്ങൾ ഇവയൊക്കെയും ക്ഷീണിതയാകുംവരെയും മദറിന്റെ മേൽനോട്ടത്തിലായിരുന്നു സിസ്റ്റർ ഹാദൂസാ മദറിനെപ്പറ്റി ഓർമ്മി

www.malankaralibrary.com

ക്കുന്നു. അസുഖാവസ്ഥയിലും മദർ പൊതുജോലികൾ സിസ്റ്റേഴ്സിനെക്കൊണ്ടുചെയ്യിച്ചിരുന്നു. പായ് വൃത്തിയാക്കി ക്രമമായി വയ്ക്കുന്നതു കാണിച്ചുതരും. പിതാവിന്റെയും മറ്റ് അതിഥികളുടെയും പാത്രങ്ങൾ ഉപയോഗം കഴിഞ്ഞ് കഴുകി തുടച്ച് വെയിലത്തുവച്ച് മുകളിൽ വെള്ളത്തുണി വിരിച്ചുണക്കും. ഉണങ്ങി കഴിഞ്ഞ് തുടച്ചടുക്കി അലമാരിയിൽ ഭദ്രമായി വച്ചുപൂട്ടും. വീണ്ടും ആവശ്യമുള്ളപ്പോൾ എടുത്തിട്ട് ഇതുപോലെതന്നെ ചെയ്തിരുന്നു.

വിവിധങ്ങളായ പ്രവർത്തനങ്ങൾക്കിടയിൽ പ്രാർത്ഥനയ്ക്കായി വളരെയധികം സമയം മദർ ചെലവഴിച്ചിരുന്നു. നിരന്തരമായി ഒരു ജപമാല കയ്യിൽ സൂക്ഷിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തീരെ സുഖമില്ലാതിരിക്കുമ്പോഴും ചാപ്പലിൽ കസേരയിലിരുന്ന് ഏകാഗ്രതയോടെ പ്രാർത്ഥിക്കുന്ന വല്യമദറിന്റെ ആ രൂപം ഞങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു . എപ്പോഴും ദൈവസംസർഗ്ഗത്തിൽ വ്യാപരിച്ചിരുന്ന മദർ ശൈനാ പ്രാർത്ഥനാജീവിതത്തിൽ വലിയ മാതൃകയായിരുന്നു. മദർ സുപ്പീര്യർ എന്ന നിലയിൽ തനിക്കു ഭരമേല്പിക്കപ്പെട്ട മഠാംഗങ്ങൾക്ക് വേണ്ടി മദർ പ്രാർത്ഥിച്ചിരുന്നു. കർത്താവേ നീയെന്നെ ഭരമേല്പിച്ചിട്ടുള്ള മക്കളെ വേണ്ടപ്രകാരം ഭരിപ്പാൻ എന്നെ പഠിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണമേ (മദറിന്റെ ഡയറിക്കുറിപ്പിൽ നിന്ന്)

അഭിവന്ദ്യപിതാക്കന്മാർക്കു വേണ്ടിയും വൈദീകർക്കു വേണ്ടിയും പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടിയും ആഗോള സഭയ്ക്കുവേണ്ടിയും ലോകം മുഴുവനു വേണ്ടിയും നിരന്തരം പ്രാർത്ഥിച്ചിരുന്ന മദർ ബഥനിമക്കൾക്ക് പ്രാർത്ഥനയുടെ ഒരമ്മയായിരുന്നു.

## മദർ ശൈനോ നിത്യതയിലേക്ക്

തിരുവനന്തപുരം നാലാഞ്ചിറ മഠത്തിൽ പ്രമേഹരോഗിയായി വിശ്രമജീവിതം നയിച്ചിരുന്ന മദർ ശൈനോ 1951 ആയപ്പോഴേയ്ക്കും തീർത്തും അവശയായി. ക്രമേണ ഓർമ്മ, കേൾവി, കാഴ്ച ഇവയ്ക്കു കുറവു സംഭവിച്ചു. ചികിത്സകൊണ്ട്



രോഗങ്ങൾക്ക് കുറവുണ്ടായില്ല. കൂടുതൽ ക്ഷീണിതയായി കണ്ടതിനാൽ മാർ ഈവാനിയോസ് പിതാവ് സെപ്റ്റംബർ മാസത്തിൽ മദറിന് രോഗീലേപനം നൽകുകയുണ്ടായി. ഒക്ടോബർ 9-ാം തീയതി രാത്രി മദറിന് രോഗം വർദ്ധിച്ചു. മദറിന്റെ ഗുരുതരമായ നിലയെപ്പറ്റി മാർ ഈവാനിയോസ് തിരുമേനിയെ അറിയിച്ചു. വന്ദ്യപിതാവ് രാത്രിയിൽ മഠത്തിൽ വന്ന് മദറിനുവേണ്ടി പ്രാർത്ഥനകൾ നടത്തി. വെളുപ്പിന് തിരിച്ചുപോയി. 10-ാം തീയതി കായംകുളം മഠത്തിന്റെ ഉത്ഘാടനത്തിനായി അവിടേക്കു പോയിരുന്ന മദർ ജനറൽ മദർ ബാസിമിനെയും സിസ്റ്റേഴ്സിനെയും വന്ദ്യപിതാവ് തിരികെ വിളിപ്പിച്ചു. 10-ാം തീയതി രാവിലെ വി. കുർബാനയ്ക്കുശേഷം ബഹു. കോശി കാക്കനാട്ടച്ചനും (വല്യച്ചൻ) സിസ്റ്റേഴ്സും മദറിന്റെ മുറിയിലെത്തി പ്രാർത്ഥിച്ച് അന്ത്യാശീർവ്വാദം നൽകി. രാവിലെ 8.10 ന് മദറിന്റെ പാവനാത്മാവ് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു. ബഥനിയിലെ ആദ്യത്തെ ദീപം പൊലിഞ്ഞു. നിറകണ്ണുകളോടെ മഠാംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട വല്യമദറിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു.

മദർ ശൈനോയുടെ മരണവാർത്തയറിഞ്ഞ് ബഥനി മഠാംഗങ്ങൾ എല്ലാവരും നാലാഞ്ചിറയിലെത്തി. മദർ ശൈനായുടെ വിയോഗത്തിൽ അഭിവന്ദ്യ പിതാവ് ദുഃഖിതനായി സംസ്ക്കാര കർമ്മത്തിനു മുഖ്യകാർമ്മീകത്വം അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് വഹിച്ചു. അനേകം വൈദീകർ, കന്യാസ്ത്രീകൾ, ഇടവകജനങ്ങൾ നാനാജാതിമതസ്ഥരായ നാട്ടുകാർ എന്നിങ്ങനെ ഒരു വലിയ ജനസമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ സംസ്ക്കാരകർമ്മം നിർവ്വഹിക്കപ്പെട്ടു. ഇപ്പോഴത്തെ മഠംവക ചാപ്പലിനു വലത്തുവശത്തായി അഭിവന്ദ്യപിതാവ് നിർദ്ദേശിച്ചു തന്ന സ്ഥാനത്ത് പുതുതായി നിർമ്മിച്ച കല്ലറയിൽ ഒക്ടോബർ 11 -ാം തീയതി മദറിന്റെ മൃതദേഹം സംസ്ക്കരിക്കപ്പെട്ടു. വലിയമദറിന്റെ ഓർമ്മ ബഥനിയിൽ എന്നും നിലനില്ക്കും. സ്വർഗ്ഗത്തിൽ ബഥനിയുടെ വലിയ മദ്ധ്യസ്ഥയായിരുന്നുകൊണ്ട് മദർ നമുക്കായി മാദ്ധ്യസ്ഥം വഹിക്കുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട വലിയമദറിന് പിൻതലമുറക്കരായ മക്കളുടെ പ്രണാമം !!

www.malankaralibrary.com



# മദർ ഹൂബാ

## 1893 – 1971

www.malankaralibrary.com

# മദർ ഹൂബാ

*(സിസ്റ്റർ സ്ക്കൊളാസ്റ്റിക്ക, ബത്തേരി)*

## ആമുഖം

മദർ ഹൂബായെ നമുക്ക് സ്നേഹമാതാ എന്ന് വിളിക്കാം. ഹൂബാ എന്ന സുറിയാനി വാക്കിന്റെ അക്ഷരാർത്ഥം അതുതന്നെയാണ് സദ്ഗുരുവും, ബഥനിയുടെ മെത്രാപ്പോലീത്തായുമായ സ്ഥാപക പിതാവ് തന്റെ ശിഷ്യകളെ മനസ്സിലാക്കിയിരുന്നു. വ്രത വാഗ്ദാന സമയത്ത് ആച്ചിയമ്മയ്ക്ക് നല്കപ്പെട്ട സന്യാസ നാമമാണിത്.

മദർഹൂബാ അമ്മയായിരുന്നു. സ്നേഹം തന്നെയായിരുന്നു. സ്നേഹം മറ്റുള്ളവർക്ക് അനുഭവവേദ്യമാകുന്നത് സ്നേഹിക്കപ്പെടുമ്പോഴാണ്. നമ്മെ ആദ്യം സ്നേഹിച്ച ദൈവത്തെ വി. യോഹന്നാൻ ശ്ലീഹാ ദൈവം സ്നേഹമാകുന്നു എന്ന് തന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തുന്നു.

മദർ ഹൂബാ ഒരു ദേശത്തിന്റെ തന്നെ സ്നേഹമഹിയായ അമ്മയായിരുന്നുയെന്ന് തിരുമൂലപുരംകാർതന്നെ സാക്ഷിക്കുന്നു. ആച്ചിയമ്മക്കൊച്ചമ്മ My gracious Mother എന്ന ലേഖനത്തിൽ ശ്രീ. K.G.വർഗീസ് മൈലക്കാലിൽ എഴുതുന്നു. ഒരു സ്ത്രീ സ്നേഹത്തിന്റെ ഉറവിടവുമാണ്. ആച്ചിയമ്മ ക്കൊച്ചമ്മയുടെ അഥവാ മദർ ഹൂബായുടെ സ്നേഹം പ്രവഹിക്കാത്ത ഒരു തിരുമൂലക്കാരനും ഉണ്ടായിരിക്കയില്ല. വിശുദ്ധ മാതാവിനെപ്പോലെ അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത ഒരു വന്ദ്യമാതാവായിരുന്നു മദർ ഹൂബാ. (മദർ ഹൂബാ എസ്.ഐ.സി. ഒരനുസ്മരണം Page 18)

മദർ ഹൂബായെക്കുറിച്ച് ഒരു അനുസ്മരണഗ്രന്ഥം തയ്യാറാക്കുന്ന വിവരം അറിഞ്ഞപ്പോൾ തിരുവല്ല, ബത്തേരി പ്രോവിൻസുകളിൽ നിന്ന് ധാരാളം സിസ്റ്റേഴ്സ് അവരുടെ അനുഭവ സാക്ഷ്യവിവരണങ്ങൾ നല്കി. സ്നേഹമയിയായ വത്സല മാതാവിന്റെ രൂപമാണ് അതിലൂടെയെല്ലാം പ്രകാശിതമായി

www.malankaralibrary.com

കാണുന്നത്. പലരുടേയും ബഥനി മഠത്തിലേയ്ക്കുള്ള ദൈവവിളിയുടെ ആരംഭം മദർ ഹൂബായുമായി, അവർക്കോ, കുടുംബത്തിനോ ഉള്ള സൗഹൃദബന്ധവും, മദറിന്റെ പ്രോജ്ജ്വലമായ വ്യക്തിവിശേഷത്തിന്റെ ആകർഷണവും അതു സൃഷ്ടിച്ച മാസ്മരിക വലയുമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. എന്തിനധികം പറയണം. ബഥനിയിൽ പലരേയും നിലനിർത്തിയത് മദർ ഹൂബായുടെ പ്രാർത്ഥനയും സ്നേഹപൂർണ്ണമായ സദുപദേശങ്ങളുമായിരുന്നുവത്രെ.

മദർ ഹൂബായെക്കുറിച്ചുള്ള ഈ ചെറുഗ്രന്ഥം തയ്യാറാക്കുന്നതിന് പ്രോവിൻസുകൾക്കതീതമായി പ്രതികരണങ്ങൾ അയച്ചുതന്ന എല്ലാവരേയും ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കുകയാണ്.

മദർ സൾഗായുടെ ചരിത്രക്കുറിപ്പുകളാണ് ഈ രചനയിൽ എനിക്ക് ഉത്തേജനവും മാർഗ്ഗദീപവും ആയിരുന്നിട്ടുള്ളത്. മദർ സൾഗായുടെ അതുല്യപ്രതിഭയുടെ മുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു. ! ബഥനി സന്ന്യാസിനീ സമൂഹത്തിന് സ്ഥാപക മദറുമാരുണ്ടായിരുന്നില്ലെന്ന് മദർ സൾഗാ തറപ്പിച്ച് പറയുന്നുണ്ട്. Great എന്ന് ഉദ്ഘോഷിക്കാനേ എനിക്ക് കഴിയുന്നുള്ളു. അനുവാചക മനസ്സുകൾ മർമ്മം ഗ്രഹിച്ചാലും.

മദർ ഹൂബായിലേക്ക് തിരികെവരാം. കൽക്കട്ടായ്ക്ക് ഒരമ്മയുണ്ടായി. മദർ തെരേസാ. അതുപോലെ തിരുമൂലപുരത്തിനും ഒരു അമ്മയെ കിട്ടി. മദർ ഹൂബാ. തിരുവല്ലായിൽ മദറുമാർ പലരായപ്പോൾ മദർ ഹൂബായെ സൂചിപ്പിക്കാൻ, വല്യമദർ എന്ന് വിശേഷിപ്പിക്കാൻ മൗന സമയത്ത് ഒരു ആംഗ്യഭാഷ നിലവിലുണ്ടായിരുന്നു. ഇരു കൈകൊണ്ടും ഒരു നീണ്ടഅളവ് കാണിക്കുക. കുട്ടികളുടെ ഭാഷയാണല്ലോ അത്. അമ്മയോട് എത്രമാത്രം സ്നേഹമുണ്ട്, എന്നതിന് കുട്ടിക്കാണിക്കുന്ന അടയാളം. ഇതിൽ എല്ലാം അടങ്ങിയിട്ടുണ്ട്. മദർ ഹൂബായുടെ സ്വർഗ്ഗീയമാദ്ധ്യസ്ഥം യാചിച്ചുകൊണ്ട്, നമുക്ക് ആ ധന്യജീവിതത്തിലേക്ക് ഒന്ന് എത്തിനോക്കാം. മദർ ഹൂബായാകുന്ന സ്ത്രീരത്നത്തെ ആർക്കും പൂർണ്ണമായി അപഗ്രഥിക്കാനാവില്ല. എല്ലാം



മനസ്സിൽ സംഗ്രഹിച്ച് പൂർണ്ണമായും വിശ്വസിച്ച് ജീവിച്ച ( മദറിന്റെ തന്നെ വാക്കുകൾ) പരിശുദ്ധ കന്യകാമാതാവിന്റെ പിൻതുടർച്ചക്കാരിയാണ് മദർ.

## 2. കുടുംബപശ്ചാത്തലം

കായംകുളത്തെ പുരാതനമായ പൊൻവാണിഭം തറവാട്ടിലാണ് മദർ ഹൂബാ ജനിച്ചത്. പൊൻവാണിഭം പുരാതനമായ യാക്കോബായ സുറിയാനിത്തറവാടുകളിലൊന്നാണ്. ശ്രീമാൻ ഇടിച്ചാണ്ടിയായിരുന്നു പിതാവ്. അമ്മ അന്നമ്മ കറ്റാനം ആന്നിയിൽ പോളച്ചിറക്കൽ തറവാട്ടിലേത്.

ഇടിച്ചാണ്ടി – അന്നമ്മ ദമ്പതികൾക്ക് കുഞ്ഞ്, ബേബിക്കുട്ടി, മറിയാമ്മ എന്നീ മക്കൾക്ക്ശേഷം 1068 ചിങ്ങം 22–ാം തീയതി (1893 സെപ്റ്റംബർ 7) നാലാമത്തെ മകൾ ജനിച്ചു. പരിശുദ്ധ കന്യകാമാതാവിന്റെ ജനനപെരുനാളിന്റെ തലേന്ന് ഭൂജാതയായ ശിശുവിന് കായംകുളം കാദീശാപ്പള്ളിയിൽ വച്ച് മാമോദീസായും മൂറോനഭിഷേകവും നല്കി. ശോശാമ്മ എന്ന് പേരിട്ടു. ആച്ചിയമ്മ എന്നായിരുന്നു വിളിപേര്. ആച്ചിയമ്മയ്ക്കുശേഷം അന്നമ്മ, ഏലിയമ്മ എന്ന് രണ്ട് അനുജത്തിമാരും ഉണ്ടായി. സഹോദരന്മാരിൽ ബേബിക്കുട്ടി യൗവ്വനത്തിൽ മരണപ്പെട്ടു. ഇടിച്ചാണ്ടി കൃഷ്ണപുരം മുൻസീഫ് കോർട്ടിലെ ക്ലർക്കായിരുന്നു.

### വിദ്യാഭ്യാസം

പരുത്തി വീട്ടിൽ ആശാന്റെ പക്കൽ കായംകുളം പള്ളിവക സ്കൂളിൽ നിലത്തെഴുത്തിനിരുത്തി. ഒന്നും രണ്ടും ക്ലാസ്സുകൾ പുതുപ്പള്ളി ആഞ്ഞിലിമൂട്ടിൽ സ്കൂളിൽ ചേർന്നാണ് പഠിച്ചത്. അപ്പനോടൊത്ത് ആച്ചിയമ്മ പുതുപ്പള്ളിയിൽ താമസിച്ചു. തുടർന്ന് കായംകുളം ഗവൺമെന്റ് സ്കൂളിൽ പഠനം തുടർന്നു.

### അപകടങ്ങൾ

9–ാം വയസ്സിൽ ഓണാവധിക്കാലത്ത് മാതാപിതാക്കൾ വീട്ടിലില്ലാതിരുന്ന തക്കംനോക്കി ആച്ചിയമ്മ അടുത്ത വീട്ടിൽ

www.malankaralibrary.com

ഊഞ്ഞാലാടാൻ പോയി. കളിമദ്ധ്യെ തെറിച്ചുവീണ് മണൽ കൂനയിൽ കൈകുത്തി കൈ ഒടിഞ്ഞു. ആരോടും പറഞ്ഞില്ല. അറിഞ്ഞപ്പോൾ ചികിത്സചെയ്തു നീണ്ടചികിത്സകൊണ്ടു ഒന്നും ഫലമുണ്ടായില്ല. അതിവേദന അനുഭവിക്കേണ്ടിവന്നു. കൈയ്ക്ക് സ്വാധീനമില്ലാതായി. പഠനവും നിർത്തിവയ്ക്കേണ്ടിവന്നു. കറ്റാനത്ത് അമ്മ വീട്ടിൽ അമ്മാച്ചനോടൊത്ത് നാലുവർഷം താമസിച്ചു. 13-ാം വയസ്സിൽ കൈ തിരുമ്മിക്കാൻ പുതുപള്ളിക്ക് പോയി.

16-ാം വയസ്സിൽ മറ്റൊരപകടവും ഉണ്ടായി. കായംകുളത്തെ ജന്മഗൃഹത്തിന് തീപിടിച്ചു. അതെത്തുടർന്ന് അടുത്ത് ഒരു വാടക വീട്ടിലേക്ക് മാറേണ്ടിവന്നു. പിതൃസഹോദരൻ P.I. ദാനിയേലിന്റെ കൂടെ ഒരു കൊല്ലം ആലപ്പുഴയിലും കഴിഞ്ഞശേഷം 1914 -ൽ പുതുപ്പള്ളി വീട്ടിൽ തിരിച്ചെത്തി. ഇതിനിടയിലും കറ്റാനത്തെ അമ്മവീട്ടിൽ ആച്ചിയമ്മയും ഇളയസഹോദരി ഏലിയാമ്മയും അമ്മാച്ചന്റെ മക്കൾ തങ്കമ്മ, അന്നമ്മ (മദർ സൽഗ) എന്നിവരും ഒന്നിച്ചുകൂടുക പതിവായിരുന്നു.

## 3. ആച്ചിയമ്മയുടെ ദൈവവിളി

കറ്റാനം ഇടവകയിൽ നടന്ന സംഭവ വികാസങ്ങളാണ് ആച്ചിയമ്മയുടെ ജീവിതത്തിൽ വഴിത്തിരിവായത്. കറ്റാനത്തെ യാക്കോബായ വിശ്വാസികൾക്ക് ആദ്ധ്യാത്മിക നേതൃത്വം നൽകിയിരുന്ന മാങ്കാവിൽ എം. ജി. ഗീവർഗ്ഗീസച്ചൻ ഇടവകയിൽ ധ്യാന പ്രസംഗങ്ങൾ സംഘടിപ്പിച്ച് ആദ്ധ്യാത്മിക ചൈതന്യം നിലനിറുത്തുവാൻ ശ്രമിച്ചു. കോഴഞ്ചേരി തേവർവേലിൽ അച്ചൻ തുമ്പമൺ പുത്തൻവീട്ടിലച്ചൻ, എം.ഡി സെമിനാരി പ്രിൻസിപ്പൽ, പണിക്കരുവീട്ടിൽ എം. എ. അച്ചൻ എന്നിവരുടെ പ്രസംഗങ്ങൾ ഇടവകയ്ക്ക് നവജീവൻ നൽകി. കായംകുളം കാദീശാപ്പള്ളി അന്ന് വട്ടിപ്പണക്കേസിൽപ്പെട്ട് പൂട്ടികിടക്കുകയായിരുന്നു.

മാങ്കാവിലെ ഗീവർഗീസ് അച്ചന്റെ അനുജൻ എം. ജി. സാമുവേൽ ശെമ്മാശൻ 1915 ജനുവരി 20- ന് കറ്റാനത്തുവച്ച്



വൈദീക പട്ടം സ്വീകരിച്ചു. ഇതു പ്രമാണിച്ച് കുണ്ടറ മെത്രാനായിരുന്ന മാർ ഗ്രീഗോറിയോസ് (3-ാം കാതോലിക്കാ ബാവ) കറ്റാനത്ത്‌വന്ന് താമസിച്ച് വിശ്വാസ ചൈതന്യം ശക്തിപ്പെടുത്തി. എം. എ അച്ചന്റെ പാപമോചനം എന്ന പുസ്തകം കൗദാശിക ജീവിതത്തിനും ആത്മീയ ഉണർവ്വിനും വഴിയൊരുക്കി. എം. എ. അച്ചന്റെ വലംകൈ ആയിരുന്ന തേവലക്കരതെക്കേത്തയ്യിൽ റ്റി.കെ. തോമസ് ശെമ്മാശൻ കറ്റാനത്ത് കൂദാശപരമായ ജീവിതത്തിന് വന്നിരുന്ന യുവതികളെയെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങൾ എന്നോണം വിശ്വാസത്തിൽ സ്ഥിരീകരിക്കാൻ ശ്രമിച്ചു. ഇവരിൽ പൊൻവാണിഭം ആച്ചിയമ്മയും ആന്നിയിൽ അന്നമ്മയും സ്ഥിരചിത്തരായി എം. എ. അച്ചൻ വിഭാവനം ചെയ്തിരുന്ന സന്യാസജീവിതത്തിന് മനസ്സുകൊണ്ട് ഒരുങ്ങി. എം.എ അച്ചന്റെ ആത്മസുഹൃത്തായ മട്ടയ്ക്കൽ ശെമ്മാശനിൽ നിന്ന് വിശുദ്ധന്മാരുടെ ജീവചരിത്രം തോമസ് ആക്കമ്പിസിന്റെ ക്രിസ്താനുകരണം എന്ന ഉത്തമഗ്രന്ഥങ്ങൾ ഈ യുവതികൾക്ക് ലഭിച്ചു. വേദപുസ്തകത്തിനു പുറമെ ഇവപ്രതിദിനം വായിക്കുക ശീലമാക്കി ദൈവകൃപയാൽ ആച്ചിയമ്മയ്ക്കും അന്നമ്മയ്ക്കും 1917 ലെ രണ്ടാമത്തെ ബാച്ചിൽ എം. എ. അച്ചന്റെ പദ്ധതിയിൽ സന്യാസപരിശീലനത്തിന് പുറപ്പെടാൻ ഭാഗ്യവും അനുമതിയും ലഭിച്ചു.

## 1. ബാരിസോളിലെ, സന്യാസപരിശീലനം

( മദർ സൽഗയുടെ ലേഖനത്തിൽ നിന്ന്)

1917 ജൂൺ 22 - ാം തീയതി ആണ് ആച്ചിയമ്മ സന്യാസ പരിശീലനാർത്ഥം ബാരിസോളിലേയ്ക്ക് പുറപ്പെടുന്നത്. ഫാ. ഗീവർഗീസിലുള്ള അടിയുറച്ച വിശ്വാസവും അദ്ദേഹത്തിൽ നിന്നുൾക്കൊണ്ട ആദ്ധ്യാത്മിക ഉണർവ്വുമായിരുന്നു ആച്ചിയമ്മയുടെ ഏക കൈമുതൽ. കൂടാതെ സന്യാസ ജീവിതത്തോട് തോന്നിയ അദമ്യമായ അഭിനിവേശവും പ്രായത്തിൽ ഇളയവളാണെങ്കിലും അമ്മാച്ചന്റെ മകൾ അന്നമ്മയുടെ സാന്നിദ്ധ്യം സുരക്ഷിതത്വ ബോധം നൽകി. സെറാംമ്പൂർ വരെയുള്ള ദൂരയാത്രയ്ക്കൊടുവിൽ ഫാദർ

www.malankaralibrary.com

ഗീവർഗീസിന്റെ പക്കലെത്തിയത് സന്തോഷകരവും ആശ്വാസപ്രദവും ആയിരുന്നിരിക്കണം. ബാരിസോളിലെത്തിയപ്പോൾ നേരത്തെ പോയിരുന്ന സുറിയാനി പെൺകുട്ടികളുടെ സാന്നിദ്ധ്യം കൂടുതൽ സന്തോഷം നൽകി. തന്നേക്കാൾ മൂത്ത എം. പി. ശോശാമ്മ (കുഞ്ഞിളച്ചിയും) ഗ്രൂപ്പിലുണ്ടായിരുന്നു. ഫാദർ ഗീവർഗീസ് എല്ലാ നിർദ്ദേശങ്ങളും നല്കി. ഇനിയും എല്ലാവർക്കും കുഞ്ഞിളച്ചി ഇളയമ്മയും താൻ ആച്ചിയമ്മകൊച്ചമ്മയും അന്നമ്മ എലിസ്ബയും ആയിരിക്കും.

ഓക്സ്ഫോർഡ് മിഷ്യൻ സിസ്റ്റേഴ്സ് മദർ ഈഢിത്തിന്റേയും സിസ്റ്റർ ഹെലന്റേയും കൂലിനമായ പെരുമാറ്റരീതി സ്നേഹവാൽസല്യങ്ങൾ, സന്യാസ വസ്ത്രം ഇവയെല്ലാം ഒരു ധന്യതയിലേയ്ക്ക് തന്നെ ഉയർത്തുന്നതായി ആച്ചിയമ്മയ്ക്ക് അനുഭവപ്പെട്ടു. വളരെ നാളായി താൻ കാത്തിരുന്ന സന്യാസപരിശീലനത്തിലേയ്ക്ക് പക്വതയോടെ കാൽവയ്പ് നടത്തുവാനും, എല്ലാ ബുദ്ധിമുട്ടുകളേയും അതിജീവിക്കുവാനും ആച്ചിയമ്മയുടെ മനസ്സ് ധൈര്യം പ്രാപിച്ചു.

ജൂലൈ മാസം മുതൽ ക്ലാസുകൾ ആരംഭിച്ചു. മദർ ഈഢിത്തിന്റെ ക്ലാസ്സ് ഞയറാഴ്ചകളിലായിരുന്നു. ഒരോരുത്തരുടേയും ഗ്രേഡ് അനുസരിച്ചായിരുന്നു പഠിപ്പിച്ചിരുന്നത്. ക്ലാസ്സുകൾ തർജ്ജിമ ചെയ്യുവാനും മലയാളത്തിൽ നോട്ടുകൾ തരാനും കളപ്പുരയ്ക്കൽ യാക്കോബ് ശമ്മാശൻ ഉണ്ടായിരുന്നത് ഭാഗ്യമായി സന്യാസനിഷ്ഠകളും, സന്യാസജീവിത മാഹാത്മ്യവും ആച്ചിയമ്മ ഗ്രഹിച്ചു മദർ ഈഢിത്തിൽ നിന്ന്. സി. ഹെലന്റെ പ്രത്യേക മേൽനോട്ടത്തിൽ ശിക്ഷണവും, പ്രായോഗിക പരിശീലനവും നേടി 23 വയസ്സായിരുന്ന ആച്ചിയമ്മയ്ക്കും, 38 കഴിഞ്ഞ ഇളയമ്മയ്ക്കും സന്യാസപരിശീലനമായിരുന്നു എല്ലാറ്റിലും പ്രധാനം. ആച്ചിയമ്മയ്ക്ക് കൈയ്ക്ക് സ്വാധീനക്കുറവുണ്ടായിരുന്നുവെങ്കിലും പരിശീലനത്തിന് അതൊരു തടസ്സമായിരുന്നില്ല. ഇളയമ്മയ്ക്ക് ബാരിസോളിലെ ശീതകാലം ദുസ്സഹമായിരുന്ന തിനാൽ നാട്ടിലേയ്ക്ക് മടങ്ങേണ്ടിവന്നു. 1918 മാർച്ച് 1- ന് ആച്ചിയമ്മയേയും കെ. കെ. മറിയാമ്മയേയും ഒരു പ്രത്യേക ശുശ്രൂഷയിലൂടെ പോസ്റ്റുലൻസിയിൽ പ്രവേശിപ്പിച്ചു: 1918 ഏപ്രിലിൽ



എല്ലാവർക്കുമൊപ്പം ആച്ചിയമ്മയും നാട്ടിൽ വന്നു. തിരികെപോയപ്പോൾ ഇളയമ്മയും, 3-ാം മത്തെ ഗ്രൂപ്പ് 5 പേരും കൂടെയുണ്ടായിരുന്നു. അർത്ഥിനികൾക്കുവേണ്ടി വി. കുർബാന അർപ്പിക്കാൻ കൽക്കട്ടായിൽ നിന്ന് ബ. സ്ക്കറിയാഅച്ചനും വന്നു ചേർന്നു. ബാരിസോളിലെ പരിശീലനത്തിന് നാൾതോറും മിഴിവേറിക്കൊണ്ടിരുന്നു. ജൂലിയൻ കലണ്ടർ അനുസരിച്ച് ജൂലൈ 10- ന് ദുക്റാനാത്തിരുനാളിന് ചാപ്പൽ കൂദാശയും അതേ തുടർന്ന് ഇളയമ്മ, സൂസമ്മ എന്നിവരുടെ പോസ്റ്റുലൻസി പ്രവേശനവും നടത്തപ്പെട്ടു.

1918 ഓഗസ്റ്റ് മാസത്തിൽ ബാരിസോളിൽ അതുവരെ വന്നെത്തിയ സുറിയാനി പെൺകുട്ടികൾക്കായി ഫാദർ ഗീവർഗീസ് ഒരു ധ്യാനം നടത്തി ആത്മീയ നടത്തിപ്പിനും അവസരം നൽകി. ഭാവി മഠാംഗങ്ങളെ കണ്ടുപിടിക്കുന്നതിനായിരുന്നു ഇത്.

സെപ്റ്റംബർ അവധികഴിഞ്ഞ് ആച്ചിയമ്മ ബാരിസോളിന് പോയില്ല. ജോബാർചാർ എന്ന സ്ഥലത്ത് ബോട്ടിൽ തന്നെ താമസിച്ച് മിഷ്യൻ വേലചെയ്യുന്ന സിസ്റ്റേഴ്സിനൊടൊപ്പം ജോലിചെയ്തു. പരിശീലന കാലത്ത് എപ്പിഫനി സിസ്റ്റേഴ്സിന്റെ വിവിധങ്ങളായ പ്രേഷിതവേലകളിൽ ഉത്സാഹപൂർവ്വം പങ്കുചേർന്നു. അങ്ങനെ 1917 മുതൽ എപ്പിഫനി സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലും ഫാദർ പി.റ്റി. ഗീവർഗീസിന്റെ നിയന്ത്രണത്തിലും തുടങ്ങിയ സന്യാസ പരിശീലനം വിജയകരമായി പൂർത്തിയാക്കുവാൻ ആച്ചിയമ്മയ്ക്ക് ഭാഗ്യവും ദൈവാനുഗ്രഹവും ലഭിച്ചു. തുടർന്ന് കേരളത്തിലേയ്ക്ക് തിരികെവരാനും, മഠം തുടങ്ങി പരിശീലനത്തിന്റെ പരിസമാപ്തിയിൽ സന്യാസവ്രത മനുഷ്ഠിക്കുവാനുമായി ആച്ചിയമ്മ കാത്തിരുന്നു.

### 5. ഒരു സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുന്നു - തിരുമൂലപുരത്ത് ബഥനി മഠാരംഭം.

ബാരിസോളിലെ പരിശീലനം എത്രയും വേഗം കേരളത്തിന്റെ മണ്ണിലേയ്ക്ക് പറിച്ചുനടുന്നതിന് ഫാദർ ഗീവർഗീസും, മദർ ഈഢിത്തും അക്ഷമരായി കാത്തിരിക്കു

www.malankaralibrary.com

കയായിരുന്നു. ആച്ചിയമ്മ ഉൾപ്പെടെ നാലുപേർ ഇതിനകം പോസ്റ്റുലൻസായി കഴിഞ്ഞിരുന്നു. ഇവരെ നാട്ടിൽ കൊണ്ടുവന്ന് മുണ്ടൻമലയ്ക്ക് സമീപം അനുയോജ്യമായ ഒരു സ്ഥലത്ത് മഠത്തിന്റെ ആരംഭം കുറിക്കണമെന്നായിരുന്നു ഫാദർ ഗീവറുഗീസ് മനസ്സിൽ കണ്ടത്. പക്ഷെ ബാലികാമഠം സ്കൂളിലേയ്ക്ക് വരേണ്ട മിസ് ഹോംസ് സംഗതിയാകെ തകിടം മറിച്ചു. കന്യകാമഠം ബാലികാമഠം സ്കൂളിനോട് ചേർന്നല്ലായെങ്കിൽ അവർ വരികയില്ലായെന്ന് ശഠിച്ചു. ഗത്യന്തരമില്ലാതെ ഫാദർ ഗീവറുഗീസ് തിരുമൂലപ്പള്ളി വികാരി ചിറ്റക്കാട്ട് മാത്യൂസച്ചൻ വഴി കൊച്ചുമാലിൽക്കാരുടേതായി സ്കൂളിനോട് തൊട്ടുകിടക്കുന്ന സ്ഥലം വാങ്ങി. പെരുനാട്ടിൽ നിന്നും തടിയും മറ്റും എത്തിച്ച് ധൃതഗതിയിൽ പണി ആരംഭിച്ചു. 1920 മേയ് 18– ന് ബാലികാമഠം ഗേൾസ് ഹൈസ്കൂൾ ആരംഭിച്ചു. റസിഡൻഷ്യൽ സ്കൂളായതിനാൽ പെൺകുട്ടികളെ നോക്കാനായി ബാരിസോളിൽ നിന്നും നേരത്തെ എത്തിയിരുന്ന ആച്ചിയമ്മയും, മറിയാമ്മയും ബോർഡിംഗിൽ താമസിച്ചു. മദർ ഈഡിത്തും സി. ഹെലനും എത്തുന്നത് 1920 ഓഗസ്റ്റിലാണ്. മഠം പണി ഒന്നുമാകാതിരുന്നതുകൊണ്ട് മദർ ഈഡിത്തിന് തിരികെ പോകേണ്ടിവന്നു. സി. ഹെലൻ പള്ളത്ത് , ആംഗ്ലിക്കൻസിന്റെ വക സ്ഥാപനത്തിൽ താമസിച്ചു. തിരുമൂലപുരംമഠത്തിന് അടുക്കളയും രണ്ടു മുറിയും തീർന്നപ്പോൾ ബാലികാമഠത്തിലുണ്ടായിരുന്ന അർത്ഥിനികളുമൊത്ത് അവിടെ താമസം ആരംഭിച്ചു. ആച്ചിയമ്മയ്ക്ക് ഭാഗികമായി സ്വന്തം മണ്ണിലെ സന്യാസ പരിശീലനത്തിന്റെ ആദ്യഘട്ടത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു അത്. 1920 നവംബർ 29 – ന് എപ്പിഫനി സിസ്റ്റേഴ്സിന് താമസിക്കുവാനുള്ള കെട്ടിടം പണി പൂർത്തിയാതിനെ തുടർന്ന് സിസ്റ്റർ ഹെലൻ അവിടേയ്ക്ക് മാറി സിസ്റ്റർ ഡോറിനും ഇതിനോടകം തിരുമൂലപുരത്ത് എത്തിച്ചേർന്നു.

അർത്ഥിനികളായി ഉണ്ടായിരുന്നവർ

1. ആച്ചിയമ്മ പൊൻവാണിഭം
2. മറിയാമ്മ കുറ്റിയിൽ
3. സൂസാമ്മ കെ. സി.
4. ശോശാമ്മ എം. പി. ( ഇളയമ്മ)



ബാരിസോളിലെ സന്യാസപരിശീലന പദ്ധതി തിരുമൂലപുരത്ത് തുടർന്നുകൊണ്ടിരുന്നു. ബാലികാമഠം ബോർഡിംഗിന്റെ ചുമതലയ്ക്ക് പുറമെ നല്ലിടയന്റെ സ്കൂൾ, തിരുമൂലപുരം ഇടവകയിലെ കാര്യങ്ങൾ, അധ:കൃതരുടെ ഇടയിലെ സുവിശേഷ വേല, ഭവന സന്ദർശന പരിപാടികൾ എന്നിത്യാദി മിഷ്യൻ പ്രവർത്തനങ്ങൾക്കെല്ലാം ചുക്കാൻ പിടിച്ചിരുന്നത് ആച്ചിയമ്മക്കൊച്ചമ്മ തന്നെയായിരുന്നു. ഹാശാ ആഴ്ച പെരുനാട്ടിലായിരുന്നു. തിരുമൂലപുരത്തുനിന്നും ഇറപ്പുഴക്കടവ് വരെ കാൽനടയാത്ര. അതിനുശേഷം വള്ളത്തിൽക്കയറി വടശ്ശേരിക്കര കടവിലെത്തുമ്പോൾ ആബൂന ( ഫാദർ അലക്സിയോസ്) കാത്തുനിൽപ്പുണ്ടാവും. സത്രത്തിൽ താമസം. ഹേവോറോ ദിനങ്ങൾ കഴിഞ്ഞാണ് റ്റീം തിരിച്ചെത്തുന്നത്.

1920 ഡിസംബറിന് തിരുമൂല മഠം കൂദാശചെയ്യപ്പെട്ടു. പഠനത്തിനായി പോയിരുന്നവർ ഓരോരുത്തരായി തിരിച്ചെത്തി പോസ്റ്റുലൻസിയിൽ പ്രവേശിച്ചു.

1922 ഏപ്രിൽ : എലിസ്ബാ (സൾഗ) പി.റ്റി. അന്നമ്മ
1923 മാർച്ച് 17 : പി.പി. അന്നമ്മ പുത്തൻപുരയ്ക്കൽ (മാക്സാ)
1924 ജൂൺ 16 : സാറാമ്മ വർഗീസ് കൂടത്തുംമുറി (ദനഹാ)
1924 ജൂൺ 24 : കെ. കെ. ഏലിയാമ്മ ഒളശ്ശ കളപ്പുരയ്ക്കൽ
(സൈബാർ യാക്കോബുശെമ്മാശന്റെ സഹോദരി)

## സന്യാസ പ്രതിഷ്ഠ

തിരുമൂലപുരം ബഥനി മഠത്തിന്റെ ആരംഭം മുതൽ ഇടമുറിയാതെ സർവ്വതിനും സാക്ഷിയായി നില്ക്കുവാനുള്ള ഭാഗ്യം ആച്ചിയമ്മക്കൊച്ചമ്മയ്ക്കായിരുന്നു. പെരുനാട്ടിലെ ആശ്രമവും ആശ്രമാദ്ധ്യക്ഷൻ പിതാവും, ഗുരുഭൂതയായിരുന്ന സിസ്റ്റർ ഹെലനും, തിരുമൂലപുരത്തെ ജനങ്ങളും, ഇടവക പള്ളിയും എല്ലാം സമന്വയിപ്പിയ്ക്കുന്ന ഒരു ജീവിതസരണി, ധന്യമായിരുന്നെങ്കിലും പൂർണ്ണമായിരുന്നില്ല. സന്യാസ പ്രതിഷ്ഠയും, പ്രതിഷ്ഠാ ജീവിതവും മുന്നിൽ കണ്ടുകൊണ്ട് ഇറങ്ങിത്തിരിച്ചിട്ട് 7 വർഷം കഴിഞ്ഞിരുന്നു. ബഥനി

www.malankaralibrary.com

സിസ്റ്റേഴ്സിന്റെ സന്യാസ പ്രതിഷ്ഠയ്ക്ക് ഒരു മെത്രാൻ കൂടിയേ തീരൂ എന്നതിനാൽ സ്ഥാപക പിതാവ് ബഥനി മെത്രാനാകാൻ സമ്മതിച്ച് 1925 മെയ് 1-ാം തീയതി നിരണത്തുവച്ച് (വി. യോഹന്നാൻ ശ്ലീഹായുടെ നാമധേയത്തിൽ) ഈവാനിയോസ് എന്ന പേർ സ്വീകരിച്ച് അഭിഷിക്തനായി.

ഒടുവിൽ കാത്തിരുപ്പിന് അത്ഭുതകരമായ അന്ത്യം കുറിച്ചുകൊണ്ട് മഹത്വ്രതവാഗ്ദാനത്തിന്റെ ദിവസം വന്നെത്തി. അർത്ഥിനി പദത്തിൽ പ്രവേശിക്കപ്പെട്ടവരിൽ നിന്ന് എം.പി. ശോശാമ്മ, ആച്ചിയമ്മ, സാറാമ്മ കൂടത്തുംമുറി എന്നിവരെ സന്ന്യാസ പ്രതിഷ്ഠയ്ക്കായി പിതാവ് തെരഞ്ഞെടുത്തു. ആച്ചിയമ്മയ്ക്കത് ജന്മസാഫല്യമായി.

1925 സെപ്റ്റംബർ 21, (കന്നി 8) യാക്കോബായ പാരമ്പര്യപ്രകാരം മാതാവിന്റെ ജനനപ്പെരുനാൾ ദിനമാണ്. സ്ഥാപകപിതാവിന്റെ ജന്മദിനവും. കന്യകമാതാവിനോടുള്ള സ്ഥാപക പിതാവിന്റെ ഭക്തി, ഈ ദിവസത്തിന്റെ തെരഞ്ഞെടുപ്പിലൂടെ സ്വാഭാവികമായി ബഥനിയിലേയ്ക്ക് പ്രവഹിച്ചു. ആച്ചിയമ്മയുംഅതിൽ ഏറെ സന്തോഷിച്ചു. (ആച്ചിയമ്മയുടെ ജന്മദിനം സെപ്റ്റംബർ 7)

തിരുമൂലപുരം മഠത്തിന്റെ ചാപ്പലിൽ വച്ചാണ് ഈ മൂന്ന് അർത്ഥിനികൾ വ്രതാനുഷ്ഠാനം നടത്തി സന്യാസവസ്ത്രം സ്വീകരിച്ചത് ഈ മഹത് കർമ്മത്തിനുള്ള ഒരുക്കങ്ങൾ കാലേകൂട്ടി പിതാവും Oxford mission സിസ്റ്റേഴ്സും നടത്തിയിരുന്നു. സന്ന്യാസ വസ്ത്രം രൂപകല്പന ചെയ്തതും, വി. ബസ്സേലിയോസിന്റെ നിയമസംഹിത ഗ്രീക്കിൽ നിന്ന് ഇംഗ്ലീഷിലേയ്ക്ക് മൊഴിമാറ്റിയതുമടക്കം എല്ലാ കാര്യങ്ങളും മദർ ഈഡിത്ത് കുറ്റമറ്റതാക്കി.

പ്രതിഷ്ഠയാലെ ഒരു വ്യക്തി സ്വമനസ്സാ സംപൂർണ്ണമായി ദൈവത്തിന് സമർപ്പിയ്ക്കുന്ന ബലിയായിട്ടാണ് സന്യാസവ്രത വാഗ്ദാനത്തെ സ്ഥാപക പിതാവ് നിർവ്വചിച്ചത്



നല്കപ്പെട്ട സന്യാസനാമങ്ങൾ.

| | | | |
|---|---|---|---|
| 1. | ശോശാമ്മ | - ശൈന | - സമാധാനം |
| 2. | ആച്ചിയമ്മ | - ഹൂബാ | - സ്നേഹം |
| 3. | സാറാമ്മ | - ദനഹ | - ഉദയം |

അന്ന് പ്രതിഷ്ഠ നടത്തിയവരിൽ ശോശാമ്മ എം. പി.യ്ക്ക് 40 വയസ്സ് തികഞ്ഞതിനാൽ മഹത് പ്രതിഷ്ഠയ്ക്കർഹത നേടിയിരുന്നു. മദർ ഹൂബാ നടത്തിയത് നിത്യമായ പ്രതിഷ്ഠയാണ്. മദർ ശൈന മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ ആദ്യ സുപ്പിരിയറായി നിയമിക്കപ്പെട്ടു. അങ്ങനെ സുറിയാനി പെൺകുട്ടികൾക്ക്വേണ്ടി എം.എ. അച്ചന്റെ നിർദേശ പ്രകാരം എപ്പിഫനി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തിയ 10 വർഷത്തെ സന്യാസ പരിശീലനം ലക്ഷ്യ പ്രാപ്തിയിലെത്തി.

## 6. പുനരൈക്യം എന്ന മഹാകൃപ

ബഥനി ആശ്രമത്തിന്റേയും മഠത്തിന്റേയും സ്ഥാപനം അതിൽ തന്നെ പൂർണ്ണമായ ഒന്നല്ലെന്നും ക്രിസ്തീയ യോജിപ്പിലേയ്ക്ക് വന്നെത്തണമെന്നുമുള്ള ധാരണ ക്രമാനുഗതമായി തന്റെ ശിഷ്യർക്ക് സ്ഥാപക പിതാവ് നല്കിയിരുന്നു. ബാരിസോളിലെ പരിശീലനകാലത്തുതന്നെ പഠിക്കുവാനും, ചിന്തിക്കുവാനുമുള്ള സൗകര്യവും ഉണ്ടായിരുന്നു. ആംഗ്ലീക്കൻ സിസ്റ്റേഴ്സിന് റോമുമായുള്ള ചരിത്ര പരമായ എതിർപ്പ് നിലനില്ക്കെ ബഥനി സിസ്റ്റേഴ്സിന് സ്വതന്ത്രമായി ചിന്തിക്കുവാൻ ബുദ്ധിമുട്ടാവുമെന്നും പിതാവ് മനസ്സിലാക്കി തന്ത്രപൂർവ്വം, ബഥനി മഠസ്ഥാപനത്തിനുശേഷം അവരെ അകറ്റുകയാണുണ്ടായത്. 1926-ൽ അവർ യാത്ര പറഞ്ഞുപോയെങ്കിലും അവധിക്കാലം ചെലവഴിക്കുന്നതിന് അവർ തിരുമൂലപുരത്ത് എത്തുമായിരുന്നു. 1930-ൽ മാർ ഈവാനിയോസ് കൊല്ലത്തുവച്ച് പുനരൈക്യപ്പെട്ടപ്പോഴും അവർ തിരുമൂല മഠത്തിലുണ്ടായിരുന്നു. പിറ്റേദിവസം സന്ധ്യയ്ക്കാണ് മദർ ഈഡിത്തും സിസ്റ്റർ ഹെലനും മടങ്ങിപ്പോയത്. സിസ്റ്റേഴ്സിന് പ്രാർത്ഥിച്ച് തീരുമാനം എടുക്കുവാനും ആലോചിയ്ക്കുവാനും സമയവും സ്വാതന്ത്ര്യവും നൽകിയിരുന്നു. ബന്ധുജനങ്ങൾക്കുണ്ടാകാവുന്ന സംഘർഷാവസ്ഥയെക്കുറിച്ച് പലർക്കും

www.malankaralibrary.com

മനോവിഷമം ഉണ്ടായിരുന്നു. വിശേഷിച്ചും മദർ ശൈനോയ്ക്ക് . സഹോദരന്മാരുടെ എതിർപ്പുകൾ മദറിനെ തളർത്തി. മദർ ഹുബാ അചഞ്ചലയായിരുന്നു. മദർ പറഞ്ഞത് എനിക്ക് പിതാവിൽ പൂർണ്ണ വിശ്വാസമാണ്. ഉറപ്പുണ്ട് പിതാവ് തെറ്റിലേയ്ക്ക് നമ്മെ നയിക്കില്ല. അതെല്ലാവർക്കും ഉറപ്പുള്ള കാര്യമായിരുന്നു. സെപ്റ്റംബർ 22-ാം തീയതി ബഥനി സന്യാസിനിമാർ ഒന്നടങ്കം പിതാവിനാൽ കത്തോലിക്കാ പുനരൈക്യത്തിലേയ്ക്ക് പ്രവേശിച്ചു. ബഥനിയുടെ നിയോഗം തന്നെ ഈ സഭൈക്യ ശുശ്രൂഷയാണ്. നൂറ്റാണ്ടുകളിലെ ഒറ്റപ്പെട്ട ഐക്യശ്രമങ്ങൾക്കു ശേഷം വിജയം വരിച്ച ഒരു മഹാത്ഭുതമായിത്തീർന്നു, ബഥനിയുടെ പുനരൈക്യം.

## 7. ബഥനി സിസ്റ്റേഴ്സ് പുനരൈക്യശേഷം

മഹത്വ്രതത്തിനും പ്രതിഷ്ഠയ്ക്കുംശേഷം സി. ശൈന മദർ സുപ്പീരിയറായി സമൂഹകാര്യങ്ങൾ നടത്തിപ്പോന്നു. പുനരൈക്യത്തിനുശേഷം ആംഗ്ലീക്കൻ സിസ്റ്റേഴ്സ് തിരുമൂല പുരത്തിന് പിന്നീട് വന്നിട്ടില്ല.

1932 -ൽ ഈവാനിയോസ് പിതാവ് റോമിൽ 11-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചശേഷം മടങ്ങിയെത്തിയപ്പോൾ മലങ്കര ഹയരാർക്കി സ്ഥാപനാനുമതിയുമായിട്ടാണ് വന്നത്. 1932 മാർച്ച് 12-ന് ഹയരാർക്കി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈവാനിയോസ് പിതാവ് മലങ്കര മെത്രാപ്പോലീത്തായും തിരുവനന്തപുരം അതിരൂപതയുടെ ആർച്ച്ബിഷപ്പും, മാർ തെയോഫിലോസ് തിരുവല്ലാ രൂപതയുടെ മെത്രാനുമായിട്ടുമായിരുന്നു നിയമനം.

1936 -ഏപ്രിൽ 23-ന് തിരുമൂലപുരം മഠത്തിൽ നിന്ന് സിസ്റ്റേഴ്സിനെ ഒന്നടങ്കം നാലാഞ്ചിറയിലേയ്ക്ക് മാറ്റി. അവിടെ മഠത്തിന് താൽക്കാലിക കെട്ടിടം തീർന്നിരുന്നു. തെയോഫിലോസ് പിതാവ് രൂപതാ ഭരണ സാരഥ്യം ഏറ്റെടുത്തശേഷം അദ്ദേഹ ത്തിന്റെ അഭ്യർത്ഥന പ്രകാരം സിസ്റ്റേഴ്സിനെ തിരുമൂലപുരത്തിന് വിടാൻ മാർ ഈവാനിയോസ് തീരുമാനിച്ചു. സിസ്റ്റേഴ്സിനെകൂട്ടി ആരുപോകും എന്ന് ചോദിച്ചപ്പോൾ സിസ്റ്റർ ഹൂബാ സന്തോഷ



സമേതം സമ്മതം അറിയിച്ചു. സിസ്റ്റർ ഹൂബായുടെ കൂടെ പിതാവ് നിയോഗിച്ചത് സിസ്റ്റർ തൈബൂസ്, സിസ്റ്റർ ബ്രൂക്സാ എന്നിവരെയാണ് ഇതേപ്പറ്റി മദറിന്റെ ഡയറികുറിപ്പിൽ ഇങ്ങനെ കാണുന്നു. എന്റെ കൂടെ വിടേണ്ട സിസ്റ്റേഴ്സിന്റെ പേരുകൾ ഞാൻ പിതാവിനെ അറിയിച്ചപ്പോൾ പിതാവ് ഇപ്രകാരം പറഞ്ഞു. എന്റെ മകളുടെ കൂടെ ഞാൻ വിടുന്നവരെ കൊണ്ടുപോയാൽ എന്റെ മകൾക്ക് അനുഗ്രഹമേ ഉണ്ടാകൂ ഒട്ടും ഭയപ്പെടേണ്ട. ഈ വാക്കുകളിൽ ദൈവ പരിപാലന ദർശിച്ച മദറിന്റെ പ്രതികരണമായി ഡയറിയിൽ കാണുന്നു. ഞാൻ എന്റെ സർവ്വഭാരങ്ങളും നീക്കി പ്രാർത്ഥിച്ചൊരുങ്ങി വിശ്വസിച്ച് പുറപ്പെട്ടു. (മദർ ഹൂബാ ഡയറിക്കുറിപ്പ് പേജ് 6)

അങ്ങനെ സിസ്റ്റർ ഹൂബാ തിരുവല്ലായുടെ വല്യമദറായി. അധികാരികളിൽ ദൈവഹിതം ദർശിച്ച് ദൈവ പരിപാലനയിൽ വിശ്വാസം അർപ്പിച്ച് പുനരൈക്യത്തിന്റെ കൃപാവരം ജീവിതത്തിൽ ഏറ്റുവാങ്ങി തിരുവല്ലാ ബഥനിയെ ഉയരങ്ങളി ലേയ്ക്ക് നയിക്കുവാൻ മദറിനെ ദൈവം ഉപകരണമാക്കി.

## 7 മദർ ഹൂബാ തിരുമൂലമഠത്തിൽ തിരിച്ചെത്തുന്നു.

മദർ ശൈന, സി. ബ്രൂക്സാ, സി. തൈബൂസ് എന്നിവരോടൊത്ത് 1936 ജൂൺ 16-ാം തിയതി നങ്ങ്യാർകുളം മഠം വഴി ഉച്ചകഴിഞ്ഞ് 3.30 ന് തിരുമൂലപുരം മഠത്തിലെത്തി. സ്വീകരിക്കാൻ രൂപതാ അഡ്മിനിസ്ട്രേറ്റർ മോൺ. സക്കറിയാസ് വാച്ചാപറമ്പിൽ, ഫാദർ ഗീവറുഗീസ് ഒ. ഐ. സി. , പീലിപ്പോച്ചൻ, മഠത്തിൽ ചേരാനാഗ്രഹിച്ച് വന്ന യുവതികൾ, മഠത്തിൽ സഹായിക്കുവാനുള്ള കുട്ടികൾ എന്നിവരൊക്കെ കാത്തു നിന്നിരുന്നു.

ചാപ്പലിൽ വി. കുർബാന അർപ്പിച്ചതിനുശേഷം ബ. മോൺസിഞ്ഞോറച്ചൻ മദർ ഹൂബായെ മദ്ബഹായുടെ മുമ്പിൽ വിളിച്ചിരുത്തി. പ്രത്യേകം ഉപദേശം നൽകി. പ്രാർത്ഥിച്ച് തിരുവല്ല ബഥനി മഠത്തിന്റെ മദർ സുപ്പീരിയറായി പ്രഖ്യാപിച്ചു. എല്ലാവരും മദറിന് കൈസ്സൂരി നൽകി വിധേയത്വം പ്രകടിപ്പിച്ചു. എല്ലാറ്റിനും

www.malankaralibrary.com

സാക്ഷിയായി മദർ ശൈനോ നിന്നിരുന്നു. രണ്ടാഴ്ച തിരുമൂലപുരത്ത് താമസിച്ചതിനുശേഷമാണ് മദർ ശൈനാ മടങ്ങിപ്പോയത്. മദർ ശൈനോ എന്നും മദർ ഹൂബായ്ക്ക് വലിയ മദർ ആയിരുന്നു.

അന്ന് സംഭവത്തിന് സാക്ഷിയായി നിന്നവർ പില്ക്കാലത്ത് ബഥനി സിസ്റ്റേഴ്സായി തീർന്നിട്ടുണ്ട്. സിസ്റ്റർ എലിസബത്ത്, സി. സിസിലി, സി. നുഹ്റ, സി. സെമഹ, എന്നിവരാണവർ. അങ്ങനെ ആച്ചിയമ്മ കൊച്ചമ്മയുടെ ദൈവ വിളി സാർത്ഥകമായി.

7 – 1936 ജൂൺ – 16-ാം തീയതി തിരുമൂല മഠത്തിന്റെ മദർ സുപ്പീരിയറായി തിരിച്ചെത്തിയ മദർ ഹൂബായ്ക്ക് പിതാക്കന്മാരുടെ സാന്നിദ്ധ്യസഹായങ്ങൾ ഇല്ലാത്ത ഒരു തരം ശൂന്യതയായിരുന്നു. തെയോഫിലോസ് തിരുമേനിയുടെ അസുഖം മദറിനെ തളർത്തിക്കളഞ്ഞു. നാളാഗമത്തിൽ മദർ അതിങ്ങനെ വിവരിയ്ക്കുന്നു. മുകളിലത്തെ നിലയിൽ വി. കുർബാനാനുഭവത്തിന് ചെന്നപ്പോൾ മുറിയിൽ നിന്ന് ഞാൻ ഒച്ച കേട്ടു. പിതാവിന് സുഖമില്ലായെന്ന് ഞാൻ അറിഞ്ഞിരുന്നു. പക്ഷെ .... ഞാൻ നിന്നിടത്ത് തന്നെ നിന്നുപോയി ... ബാരിസോളിൽ വഴിനടത്തിയതുപോലെ തന്നെ ആരിനി സഹായിക്കും ?. സിസ്റ്റർ തൈബൂസ് രോഗബാധിതയായി. സിസ്റ്റർ ബ്രൂക്സായ്ക്കും മദറിനെ സഹായിക്കുവാൻ സാധിക്കുമായിരുന്നില്ല. ഇതിനകം സിസ്റ്റർ തൈബൂസിന്റെ രോഗം അധികരിച്ചതിനാൽ ചികിത്സാർത്ഥം തിരുവനന്തപുരം ആശുപത്രിയിലേയ്ക്ക് മാറ്റേണ്ടി വന്നു. പകരം സിസ്റ്റർ ത്രീസൂസിനെ വലിയ പിതാവ് മദറിന് കൂട്ടായി അയച്ചു. സ്ഥാപകപിതാവിനോടും നാലാഞ്ചിറയിലെ സഹസന്യാസിനീ മാരോടും ഗാഢമായ സ്നേഹ ബന്ധമാണ് മദർ ഹൂബാ പുലർത്തിയിരുന്നത്. മദറിന്റെ ഡയറികളിലും ആദ്യകാലനാളാഗമ ങ്ങളിലും ഒരിടത്തും നെഗറ്റീവ് ചിന്തകൾ കടന്ന് വന്നിട്ടില്ല. സ്വാധീനമില്ലാത്ത വലംകൈകൊണ്ടോ ഇടതുകൈ കൊണ്ടോ എത്രമാത്രമാണ് എഴുതിയിരിക്കുന്നത് ? കുത്തിക്കുറിച്ച് വച്ചിരിക്കുന്ന വരികളും അവയിലൂടെ ഇതൾവിരിയുന്ന



ആദ്യകാലസംഭവവികാസങ്ങളും വായിക്കുന്നവരുടെ ഹൃദയം തകരും. പരാതികൾ ഇല്ല പരിഭവമില്ല ദൈവത്തിലുള്ള ആശ്രയം വിശ്വാസ ജീവിതം അതിന്റെ ബഹിർ സ്പുരണങ്ങൾ ഇവ മാത്രം. അവൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു. ശക്തനായവൻ എന്നിൽ വലിയകാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു എന്ന് പാടിയ കന്യകാമാതാവിന്റെ ഓർമ്മയാണ് മദർ ഹൂബായുടെ ആന്തരിക ജീവിതത്തെക്കുറിച്ച് പഠിക്കുമ്പോൾ അറിയാൻ കഴിയുന്നത്. മദർ ദൈവത്തിലാശ്രയിച്ചു, വിശ്വസിച്ചു.

## 8 തിരുവല്ല ഡയോസിസൻ ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം.

1937 നവംബർ 17-ാം തീയതി നിരണം ഭദ്രാസനാധിപൻ വാളക്കുഴിയിൽ ജോസഫ് മാർസേവേറിയോസ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത് തിരുവല്ലാരൂപതയ്ക്കും തിരുമൂല മഠത്തിനും ഏറ്റവും വലിയ അനുഗ്രഹമായി. 1938 ഒക്ടോബർ 8-ാം തീയതി അഡ്മിനിട്രേറ്റർ എന്ന നിലയിൽ അദ്ദേഹം രൂപതാഭരണം ഏറ്റു. രൂപതയോടൊത്ത് ബഥനിമഠത്തെയും പുനരൈക്യ പ്രസ്ഥാനത്തെയും വളർത്തി വലുതാക്കുന്നതിന് മദർ ഹൂബായെ പ്രാപ്തയാക്കിയത് വന്ദ്യ സേവേറിയോസ് പിതാവിന്റെ സ്നേഹവാത്സല്യങ്ങളും ആത്മീയ നടത്തിപ്പും തന്നെ.

### തിരുവല്ലാ സമൂഹത്തിന്റെ വളർച്ച :

മദർ ഹൂബാ എല്ലാവരോടും സഹകരിച്ച് മുന്നേറി. നാലാഞ്ചിറ ബഥനിമഠം, മാർ ഈവാനിയോസ് പിതാവ് ബഥന്യാശ്രമസ്ഥർ, ബ. വൈദികർ, ഇടവക ജനങ്ങൾ, പ്രഥമവും പ്രധാനവുമായി തിരുവല്ലാ രൂപതയുടെ സാരഥികൾ ഏവർക്കും മദർ പ്രിയങ്കരി ആയിരുന്നു. നന്നെ കഷ്ടപ്പാടായിരുന്നിട്ടും ആതിഥ്യ മര്യാദകൾക്ക് മദർ ഒരു വിട്ടുവീഴ്ചയും ചെയ്തില്ല. നിഷ്ഠാജീവിതം അങ്ങേയറ്റം മുറുകെപ്പിടിച്ചു.

തിരുമൂലപുരത്ത് പെൺകുട്ടികൾക്കായി തുടങ്ങിയ

www.malankaralibrary.com

ബോർഡിംഗ് ഹൗസ് ആണ് അടുത്ത പ്രദേശങ്ങളിലെ കുലീന കുടുംബങ്ങളിലെ പെൺകുട്ടികളെ ബഥനിയിലേയ്ക്കടുപ്പിച്ചത്. അതോടൊപ്പം തന്നെ അധ:കൃതരോടുള്ള സ്നേഹവും നിലനിറുത്തി. കത്തോലിക്കാ പുനരൈക്യംമൂലം കുടുംബക്കാർ മുഖം തിരിച്ചെങ്കിലും അനേകർ സ്നേഹാദരവുകളോടെ മദറിനോടും മദറിന്റെ പ്രസ്ഥാനത്തോടും ആഭിമുഖ്യം പുലർത്തി. തിരുമൂലമഠം അതിശയകരമായ വിധത്തിൽ മുന്നേറിയത് ഇക്കാരണത്താലാണ്. സ്വഭാവ വൈശിഷ്ട്യത്തേക്കാൾ ഏറെ അത് മദറിന്റെ ആന്തരിക ദൃഢതയും, പുണ്യാഭ്യാസവഴികളും, വിശ്വാസ ജീവിതവും ആയിരുന്നുവെന്ന് ആരും സമ്മതിക്കും സഭാ കൂട്ടായ്മയിലേയ്ക്ക് പറിച്ചു നടപ്പെട്ട ബഥനി അതിന്റെ കൃപാവരത്താൽ വളരെ വേഗം വളരാനിടയായി. സന്യാസത്തിന്റെ ഈ പുതിയഭാവം ഒട്ടുവളരെ പേരെ ആകർഷിച്ചു. 10 പേരായി തുടങ്ങിയ ബഥനി സന്യാസിനീ സമൂഹം തിരുവല്ലാ രൂപതയിലായപ്പോൾ 3 പേരായി സി. തൈബൂസ് അതിനോടകം മാറാരോഗിയായി തീർന്നിരുന്നു. സിസ്റ്ററിന്റെ സഹനം കൊണ്ട് തിരുവല്ലാ ബഥനിയ്ക്ക് വളർച്ചയും മുന്നേറ്റവും ഉണ്ടായി എന്നു വേണം കരുതാൻ. രക്ഷാകരമായ സഹനകഥയായിരുന്നുവല്ലോ അത്. മദർ ഹൂബാ ഏറ്റംവാത്സല്യത്തോടെ സിസ്റ്ററിനെ ശുശ്രൂഷിച്ചിരുന്നു. മദർ ഹൂബായുടെ സഹചാരിയായി മദർ ത്രീസൂസിന്റെ പങ്ക് ഒട്ടും കുറച്ച്കാണാനാവില്ല. രൂപതയുടെ വിവിധ ഭാഗങ്ങളിലായി മഠവും സ്ഥാപനങ്ങളും തുടങ്ങി. ഇടവക പ്രവർത്തനങ്ങൾക്കും അവരുടെ ആരാധനാജീവിതത്തിനും ഇവ നല്ല പങ്ക് വഹിച്ചിരുന്നു. രൂപതയുടെ ആവശ്യത്തിനായിരുന്നു മുൻ തൂക്കം നൽകിയിരുന്നത്. തിരുവല്ലാരൂപതയിൽ മാർ സേവേറിയോസ് ഭരണഭാരം ഏറ്റതു മുതൽ തിരുമൂലമഠം മാതൃഭവനമായി പ്രവർത്തനമാരംഭിച്ചു. മദർ ത്രീസൂസ് വന്ദ്യ സേവേറിയോസ് പിതാവുമായി സഹകരിച്ച് കൈഎഴുത്തു പ്രതിയായി ഉണ്ടാക്കിയ വി. നിയമം റിവൈസ് ചെയ്ത് തിരുവല്ലാ ഡയോസിസൻ മിശിഹാനുകരണ സന്യാസിനീ സമൂഹം ദ്വിതീയാശ്രമം എന്ന പേരിൽ 1941 ൽ പ്രസിദ്ധീകരിക്കപ്പെട്ട വി. നിയമമാണ് നോവിസ്സസിന് നല്കപ്പെട്ടത്. മാർ സേവേറിയോസ് മെത്രാപ്പോലീത്താ സുപ്പീര്യർ ജനറലും മദർ ഹൂബാ, മദർ ജനറലും ആയിരുന്നു. (ഡയോസിഷൻ സമൂഹങ്ങളുടെ പരമാധ്യക്ഷ



സ്ഥാനം സുപ്പീരിയർ ജനറൽ സ്ഥലത്തെ ബിഷപ്പിനാണ്). ഈ നിയമസംഹിതയനുസരിച്ച് സന്യാസജീവിതം ക്രമപ്പെടുത്തി രൂപീകരണവും, അപ്പസ്തോല പ്രവർത്തനങ്ങളും ക്രോഡീകരിച്ചിരുന്നു. വി. നിയമം അനുശാസിക്കുന്നതുപോലെ ജീവിക്കുന്നതിന് സിസ്റ്റേഴ്സിന് വേണ്ട സംവിധാനം നല്കാൻ മദർ ഹൂബാ ശ്രദ്ധിച്ചിരുന്നു. 1956 ആഗസ്റ്റ് 6- ന് സമൂഹം പൊന്തിഫിക്കൽ ആകുന്നതുവരെ മദർ ഹൂബാ തന്നെയായിരുന്നു തിരുവല്ലായുടെ മദർ ജനറൽ.

## സ്ഥിതിവിവരകണക്കുകൾ :

| | |
|---|---|
| 1936 - 1944 | 19 സിസ്റ്റേഴ്സ് മദർ മാക്സായുടെ കീഴിൽ നോവിഷേറ്റ് പൂർത്തിയാക്കി. സേവേറിയോസ് പിതാവിന്റെ മുമ്പാകെ ആദ്യവ്രതവാഗ്ദാനം ചെയ്തു. |
| 1947 - 1950 | വരെ മദർ ത്രീസൂസ് , സി. മക്രീന നോവിസ്മിസ്ട്രസുമാർ 24 സിസ്റ്റേഴ്സ് മാർ സേവേറിയോസ് പിതാവിന്റെ മുമ്പാകെ ആദ്യവ്രതം നടത്തി. |
| 1951 - 1953 | വരെ സിസ്റ്റർ മോനിക്ക നോവിസ്മിസ്ട്രസ് 10 സിസ്റ്റേഴ്സ് മാർ സേവേറിയോസ് പിതാവിന്റെ മുമ്പാകെ ആദ്യവ്രതം നടത്തി. |
| 1955 - ൽ | സിസ്റ്റർ റോസ് നോവിസ്മിസ്ട്രസ് 10 സിസ്റ്റേഴ്സ് മാർ സേവേറിയോസ് പിതാവിന്റെ മുമ്പാകെ ആദ്യവ്രതം നടത്തി. |
| 1956 -ൽ | സിസ്റ്റർ മക്രീന നോവീസ് മിസ്ട്രസ് 7 സിസ്റ്റേഴ്സ് മാർ അത്തനാസിയോസ് പിതാവിന്റെ മുമ്പാകെ ആദ്യവ്രതം നടത്തി. |

ബാരിസോളിലെ അംഗങ്ങളായ മദർ ഹൂബാ, മദർ തൈബൂസ്, മദർ ത്രീസൂസ് എന്നിവരടക്കം 70 +3 = 73 സിസ്റ്റേഴ്സ്. ഇവരിൽ മദർ തൈബൂസ് മാറാരോഗം മൂലവും, സിസ്റ്റർ നയോമിഫ്രാൻസീസ് ഇടിമിന്നലേറ്റും മരണമടഞ്ഞു. മദറിന്റെ

www.malankaralibrary.com

ഭരണകാലത്ത് ആരും സമൂഹം വിട്ടുപോയില്ല. 1953 ജൂലൈ 15 സ്ഥാപകപിതാവ് അന്തരിച്ചതും 1955 ലെ സേവേറിയോസ് പിതാവിന്റെ പെട്ടെന്നുള്ള മരണവും 1956 ജൂൺ 27 - ന് മാർ തെയോഫിലോസ് പിതാവിന്റെ വേർപാടും തിരുവല്ലാ ബഥനി സിസ്റ്റേഴ്സിനെ പ്രത്യേകിച്ചും മദർ ഹൂബായെ അഗാധ ദുഃഖത്തിലാഴ്ത്തി.

1954 ഏപ്രിൽ 22 - ന് ബന്ധു കൂടിയായിരുന്ന ഉണ്ണികുഞ്ഞച്ചൻ സഖറിയാസ് മാർ അത്തനാസിയോസ് എന്ന പേരിൽ തിരുവല്ലാ ബിഷപ്പായത് മദറിന് ആശ്വാസം പകർന്നു കാണണം.

മദർ ഹൂബാ സ്നേഹം ആയുധമാക്കിയാണ് സമൂഹത്തെ മുന്നോട്ടു നയിച്ചത്. അനുസരിക്കാതിരിക്കാൻ ആർക്കും സാധിക്കയില്ലായിരുന്നു. മദറിന് ഔദ്യോഗിക കൗൺസിലേഴ്സ് ഇല്ലായിരുന്നു. എല്ലാവരിൽ നിന്നും നല്ലതു സ്വീകരിക്കാൻ മദറിന് മടിയും ഇല്ലായിരുന്നു. വിനയാന്വിതമായ പെരുമാറ്റംകൊണ്ട് എല്ലാവരും മദറിന് സഹായങ്ങൾ നൽകി.

1936 മുതൽ 1960 വരെയുള്ള കാലഘട്ടത്തിൽ ഉണ്ടായ ശാഖാമന്ദിരങ്ങൾ.

1. കുന്നംകുളം
2. പുത്തനങ്ങാടി കോട്ടയം
3. പിറവം
4. അഞ്ചൽപ്പെട്ടി
5. പുഷ്പഗിരി

തിരുമൂലപുരത്ത് ഒരു നല്ലചെറിയ പള്ളി പണി കഴിപ്പിച്ചത് മദറിനോട് സ്നേഹാദരവുകൾ ഉണ്ടായിരുന്ന ഹോസ്റ്റൽ യുവതികളുടേയും മറ്റും വീടുകളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചാണ്. പ്രേഷിതവേലകൾക്ക് സിസ്റ്റേഴ്സിനെ സജ്ജമാക്കാൻ മദർ ശ്രമിക്കുകയും ആനുകാലികമായി ചിന്തിക്കുകയും ചെയ്തതിനുള്ള തെളിവാണ് സി.



കൊച്ചുത്രേസ്യാ. സി. സ്കൊളാസ്റ്റിക്ക എന്നിവരെ ഹോളണ്ടിൽ മെഡിസിന് വിട്ടതും സിസ്റ്റർ ലൂസി, സി. ലിയോ എന്നിവരെ അയർലണ്ടിൽ നേഴ്സിംഗിന് അയച്ചതും.

## 10 സമൂഹസംയോജനം

"ഒന്നായനിന്നെയിഹ രണ്ടായികണ്ടതു കൊണ്ടുണ്ടായൊരല്ല ലിഹമിണ്ടാവതല്ലമമ."ഹരിതാമകീർത്തനത്തിലെ വരികളാണിവ. മദർ ഹൂബായുടെ മനഃസ്ഥിതിയ്ക്ക് ഇതു നന്നെ യോജിക്കും എന്നതുകൊണ്ട് ഇവിടെ കുറിച്ചതാണ്.

മദർ സൾഗായുമൊന്നിച്ച് ബാരിസോളിലെത്തിയതും നീണ്ട കാത്തിരിപ്പിനുശേഷം സന്യാസത്തിലെത്തിയതും രണ്ടായിപ്പിരിഞ്ഞ് കൂട്ടം തെറ്റി, തികച്ചും ഒറ്റയായി ഏറെ മുന്നോട്ടുപോയതും വഴികാട്ടിയവരൊക്കെ വിട്ടുപിരിഞ്ഞു പോയതും ഇപ്പോൾ വീണ്ടും ഒന്നിക്കാൻ വിളിക്കുന്നതും ( മദർ സൾഗ കാണുമ്പോഴൊക്കെ സമൂഹ സംയോജനത്തെക്കുറിച്ച് പറയുമായിരുന്നുവെന്ന് മദർ ഹൂബാ ഡയറിയിൽ രേഖ പ്പെടുത്തിയിട്ടുണ്ട്). ഒന്നും ഇനിയും ഉൾക്കൊള്ളാനാവില്ല. ഓടിത്തളർന്നു. ആരോഗ്യവും മെച്ചമല്ല. എങ്കിലും മൗനമായി ചിന്തിച്ചു. പ്രാർത്ഥിച്ചു പതിവുപോലെ ഇനിയും വിശ്വസിച്ച് പുറപ്പെടേണ്ടിയിരിക്കുന്നു .1956 ജൂലൈയിൽ പണ്ഡിതനായ പ്ലാസിഡ് സി. എം.ഐ. അച്ചൻ വിസിറ്ററായി വന്നു. അദ്ദേഹം മദറിനെ ശ്രവിച്ചു. അത്തനാസിയോസ് പിതാവിനെ കണ്ടു. രണ്ടു പേരും ധൈര്യപ്പെടുത്തി. വളർത്തി വലുതാക്കിയ സന്യാസിനീ മക്കളുമായി പങ്കു വച്ചു.

1956 ഓഗസ്റ്റ് 6- ന് ബഥനിമിശിഹാനുകരണ സന്യാസിനീ സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തി, തിരുസിംഹാസനം ഡിക്രി പുറപ്പെടുവിച്ചിരുന്നു. ഒരേ ലക്ഷ്യം ഒരു സ്ഥാപകൻ. ഇരു ഡയോസിസൻ സമൂഹങ്ങളും ഒരു മദർ ജനറലിന്റെ കീഴിൽ 2 പ്രോവിൻസുകളായി തുടരുന്നതിനും നിഷ്കർഷിച്ചു. രണ്ടു സമൂഹങ്ങളിലും സിസ്റ്റേഴ്സിനെ കണ്ട് സംസാരിച്ചതിനുശേഷമാണ് ബ. പ്ലാസിഡച്ചൻ ഓഗസ്റ്റ് 21- ന്

www.malankaralibrary.com

സംയോജനം നടത്തിയത് അതിന്റെ പിറ്റേന്ന് ആഗസ്റ്റ് 22- ന് നടന്ന ജനറൽ ചാപ്റ്റർ മദർ മാക്സായെ സംയോജിത സമൂഹത്തിന്റെ പ്രഥമ സുപ്പീരിയർ ജനറലായി തെരഞ്ഞെടുത്തു. മഹത് വ്രതവും നിത്യവ്രതവും നടന്ന, പണ്ട്, ഒന്നായിരുന്ന സമൂഹത്തിന്റെ ചാപ്പലായിരുന്ന കെട്ടിടം ജനറലേറ്റായി. മദർ ഹൂബാ തിരുവല്ല പ്രോവിൻസിന്റെ പ്രൊവിൻഷ്യൻ ചാപ്റ്ററിൽ വച്ച് തിരുവല്ലായുടെ പ്രഥമ പ്രൊവിൻഷ്യൽ ആയി തെരഞ്ഞെടുക്കപ്പെട്ടു. 2-ാം പ്രാവശ്യവും മദർ തന്നെ പ്രൊവിൻഷ്യൽ. പിന്നിട് രണ്ട് റ്റേമുകൾ പ്രൊവിൻഷ്യലായിരുന്ന മദർ ദെബഹായുടെ ഒന്നാം കൗൺസിലർ. മദർ ഒന്നും നിരസിച്ചില്ല. 1965 ലെ റ്റേം അവസാനിക്കുമ്പോൾ മദർ തീർത്തും അവശയായിരുന്നു പ്രമേഹവും അനുബന്ധ പ്രശ്നങ്ങളും മദറിനെ അലട്ടിയിരുന്നു. തന്നിമിത്തം ഔദ്യോഗിക ഭാരങ്ങളിൽ നിന്ന് വിട്ടുനില്ക്കാൻ മദർ ആഗ്രഹിച്ചു.

## 11. വിശ്രമ ജീവിതം

ഒന്നമില്ലായ്മയിൽ നിന്ന് സഭയ്ക്കുവേണ്ടി ഐക്യ ശുശ്രൂഷയ്ക്കും യാക്കോബായ സമൂഹത്തിന്റെ ആത്മീയോത് ക്കർഷത്തിനുംവേണ്ടി സ്വയം ജീവിതം ഹോമിച്ച മദറിനെ അവസാന നാളുകളിൽ ശുശ്രൂഷിക്കുവാൻ സിസ്റ്റേഴ്സ് തമ്മിൽ കിടമത്സരമായിരുന്നു. സിസ്റ്റർ മാർഗരറ്റിനാണ് അതിനുള്ള ഭാഗ്യം ലഭിച്ചത്. മദറിന്റെ സ്വപ്ന സാക്ഷാത്കാരമായിരുന്ന പുഷ്പഗിരിയിലെ എല്ലാവരും തന്നെ മദറിന് എന്താവശ്യ മുണ്ടെങ്കിലും ഓടി എത്തുമായിരുന്നു. ഡോ. കോശി, ഡോ. കുരുവിള, ഡോ. ബോറിയ തുടങ്ങി പലരും സ്ഥിരമായി മദറിനെ വന്നു കണ്ട് അന്വേഷണം നടത്തും 1966 - ൽ മദർ ഡോക്ടറാകാൻ വിട്ട സിസ്റ്റർ സ്ക്കൊളാസ്റ്റിക്ക വന്നെത്തി അപ്പോഴേയ്ക്കും മദർ തീരെ ക്ഷീണിതയായി തീർന്നിരുന്നു. ഇടമുറിയാത്ത പ്രാർത്ഥന - അതായിരുന്നു മദർ ഹൂബായുടെ മുറിയിൽ നിന്ന് എപ്പോഴും ഉയർന്നുകൊണ്ടിരുന്നത്. പരി. അമ്മയോട് നിരന്തരം പ്രാർത്ഥിച്ച് അതിൽ ലയിച്ചിരിയ്ക്കുന്ന മദർ ഹൂബായായിരുന്നു തിരുമൂല മഠത്തിന്റെ ഏറ്റവും വലിയ ശക്തി. എത്ര മുഴുവൻ കൊന്ത മദർ ചൊല്ലിയും ചൊല്ലിച്ചിട്ടും ഉണ്ടാകുമെന്നതിന് കണക്കില്ല.



അതിനിടയിലും എല്ലാവരേയും കാണുകയും കേൾക്കുകയും ചെയ്യുമായിരുന്നു. പുറത്തുനിന്ന് ആളുകൾ വന്നാൽ കസേരയിട്ട് ജനലിലൂടെയായിരുന്നു അവസാന നാളുകളിലെ കാഴ്ച ചിലപ്പോൾ ഒന്നും പറയുവാനുണ്ടാവുകയില്ല. ജപമാല മണികളിലായിരിക്കും മദറിന്റെ ശ്രദ്ധ. രാവിലെ ഇൻസുലിൻ എടുക്കുവാൻ നേഴ്സ് മക്കൾ വരുമ്പോൾ പ്രസന്നവദനയായി അവരോട് സംസാരിക്കും. വർഷങ്ങളായുള്ള ആ പതിവിന് മാറ്റം കണ്ടിരുന്നില്ല.

മഠത്തിൽ യോഗാർത്ഥികളായി വന്നവരോട് പ്രത്യേകമായ വാത്സല്യമായിരുന്നു മദറിന് എന്നും. എനിക്ക് 50 സിസ്റ്റേഴ്സിനെ കണ്ടിട്ട് മരിക്കണം എന്ന് മദർ പറയുമായിരുന്നു. മദർ മരിക്കുമ്പോൾ 166 പേർ സിസ്റ്റേഴ്സായി കഴിഞ്ഞിരുന്നുവെന്നാണ് കണക്ക്.

## ഓടിത്തളർന്ന അമ്മയുടെ സഹനബലി

മദർ ഹൂബായ്ക്ക് ചികിത്സയുടെ ഒരു കുറവും ഉണ്ടായിരുന്നില്ല തിരുവല്ല പ്രൊവിൻസിലെ മദറിന്റെ മക്കൾ മദറിനെ പൊന്നുപോലെ നോക്കിയിരുന്നു. പക്ഷെ മദറിന് ശാരീരികവും മാനസികവുമായ അസ്വസ്ഥതകൾ കൂടിവന്നു. സ്വാഭാവികമായും ദീർഘനാളായി ഉണ്ടായിരുന്ന പ്രമേഹ രോഗം മൂലംസംഭവിക്കാവുന്നവയായിരുന്നു ആ വൈഷമ്യങ്ങൾ എല്ലാംതന്നെ. 1966 ഓഗസ്റ്റ് ആദ്യം മുതൽ ഒക്ടോബർ 17 വരെ മദറിന്റെ ആഗ്രഹപ്രകാരം പുഷ്പഗിരി മഠത്തിൽ താമസിച്ചു എങ്കിലും തിരിച്ച് തിരുമൂലമഠത്തിലേയ്ക്കുവന്നു. 1968 ലെ സ്പെഷ്യൽ ജനറൽ ചാപ്റ്റർ തിരുമൂല മഠത്തിൽ വച്ചു നടന്നു. എല്ലാവർക്കും മദറിനെ കാണാൻ ഒരു അവസരമായി. എല്ലാവർക്കും എല്ലായിടത്തും സംഭവിക്കുന്നതുപോലെ മദറിനെ അസ്വസ്ഥമാക്കുന്ന ചില പ്രതികരണങ്ങൾ ഉണ്ടായിരുന്നിട്ടുണ്ട് എന്ന് അറിയാനിടയായിട്ടുണ്ട്. അതാവാം ഒരു പരിധിവരെ മദറിന്റെ മാനസികാസ്വസ്ഥതയുടെ പശ്ചാത്തലവും. എന്തായി രുന്നാലും മദറിന്റെ അന്ത്യനാളുകൾ ഒരു സഹനബലിതന്നെ യായിരുന്നു. അതിലൂടെ 24-ാം തീയതി വെളുപ്പിന് മദർ

www.malankaralibrary.com

ഭാഗ്യമരണം പ്രാപിച്ചു. ശാരീരികമായിത്തന്നെ വളരെയേറെ ബുദ്ധിമുട്ടുകൾ മദറിനുണ്ടായിരുന്നതായി ശുശ്രൂഷിച്ചു കൊണ്ടിരുന്ന സി. മാർഗ്ഗരറ്റ് വെളിപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർ ബോറിയാ (പുഷ്പഗിരി) യും മറ്റു വിദ്ഗദ്ധഡോക്ടേഴ്സും മദറിനെ പലവുരുവന്ന് പരിശോധിച്ചിട്ടുമുണ്ട്. കൂടുതൽ ചികിത്സയ്ക്ക് വഴങ്ങുന്നതായിരുന്നില്ല മദറിന്റെ അസുഖങ്ങൾ. മദർ ക്ഷീണിതയായികാണപ്പെട്ടു. മദറിന്റെ ആഗ്രഹ പ്രകാരം 1971 മാർച്ച് 24 -ാം തീയതി അഭിവന്ദ്യ അത്തനാസ്യോസ് പിതാവ് മദറിന് തൈലാഭിഷേകം നല്കി. 1971 ഒക്ടോബർ 23 രാത്രിയിൽ അസുഖം വർദ്ധിച്ചു. ഭാവമാറ്റങ്ങൾ കണ്ട് ആശ്രമത്തിലും, അരമനയിലും മറ്റിടങ്ങളിലുമൊക്കെ വിവരമറിയിച്ചു. അഭിവന്ദ്യ അത്തനാസ്യോസ് പിതാവ് വന്ന് പ്രാർത്ഥന നടത്തി ബ: പീറ്റർ O.I.C അച്ചൻ അടുത്തു തന്നെയുണ്ടായിരുന്നു. സിസ്റ്റേഴ്സ് വന്നവരെല്ലാം മുറിയിലും പുറത്തുമായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഒക്ടോബർ 24-ാം തീയതി മിഷ്യൻ ഞായറാഴ്ചയായിരുന്നു. അന്നു വെളുപ്പിന് 3.30 ന് മദറിന്റെ സഹനബലിപൂർത്തിയായി. ബ:. പീറ്ററച്ചൻ അന്ത്യാശീർവ്വാദം നല്കിക്കൊണ്ടിരിക്കവേയാണ് മദർ ഇഹലോകത്തോട് യാത്രപറഞ്ഞ് നിത്യ സൗഭാഗ്യത്തെ പുല്കിയത്. വലിയ പ്രേഷിതയായിരുന്ന പ്രിയപ്പെട്ട മദർ ഹൂബായ്ക്ക് മിഷ്യൻ ഞായർ തന്നെയാണല്ലോ സ്വർഗ്ഗയാത്രയ്ക്ക് ഏറ്റവും അനുയോജ്യ ദിവസം.

## അമ്മേ വിട

മദർ ഹൂബായുടെ ശവസംസ്ക്കാരം 24-ാം തീയതി വൈകിട്ട് തന്നെ നടത്തേണ്ടിവന്നു. മദർ പ്രൊവിൻഷ്യൻ മദർ മോനിക്കായ്ക്ക് അങ്ങനെ ഒരു തീരുമാനം കൈക്കൊള്ളേണ്ടി വന്നത് മദറിന്റെ മൃതദേഹം പിറ്റേന്ന് വരെ സൂക്ഷിക്കുവാൻ നിവൃത്തിയില്ലാതിരുന്നതിനാലാണ്. ചരമദിനം ഉച്ചയ്ക്ക് മൂന്നുമണിയോടെ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ്, വന്ദ്യസഖറിയാസ് മാർ അത്തനാസ്യോസ് എന്നീ പിതാക്കന്മാരുടെ നേതൃത്വത്തിൽ ശുശ്രൂഷ നടത്തി. മഠം വക സെമിത്തേരിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ മൃതദേഹം സംസ്ക്കരിച്ചു. ബന്ധുമിത്രാദികളും ബ: വൈദീകരും, ഒട്ടനവധി



ഇടവക ജനങ്ങളും തിരുമൂലപുരം നിവാസികളും മദറിന് അന്ത്യോപചാരത്തിന് എത്തിയിരുന്നു. എങ്കിലും മദറിനെ സ്നേഹിച്ചിരുന്നവരിൽ പലർക്കും അതിന് സാധിച്ചില്ല. പിന്നീടുള്ള ദിവസങ്ങളിൽ മദറിന്റെ കല്ലറയിൽ വീണ് പൊട്ടിക്കരഞ്ഞവരും വിരളമല്ല. എല്ലാവർക്കും ഒന്നേ നിശ്ശബ്ദമായി പറയാനുണ്ടായിരുന്നുള്ളു. അമ്മേ വിട !

www.malankaralibrary.com



മദർ ദനഹാ

1898 – 1991

www.malankaralibrary.com

# മദർ ദനഹാ

*(സി. ഹാക്കിം, പത്തനംതിട്ട)*

*അതിധീര, ധീഷണാംഗ*
*പ്രതിഷ്ഠാ ജീവിതം ശുദ്ധം*
*സവിദ്യ സുശോഭിതം*
*കുലീനം വിനയാന്വിതം*
*സുലക്ഷ്യം സുദർശനം*
*പ്രബുദ്ധം കർമ്മോത്സുകം*
*ലളിതം സുവിശാലം*
*ഹൃദയം മദർ ദനഹാ*
*വന്ദേ ബഥനോദയം*

മദർ ദനഹായുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണാഞ്ജലിയിൽ പരാമർശിക്കുന്ന ഈ ആമുഖ കീർത്തനം, ആ മഹത് ജീവിതത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം തന്നെയാണ്.

ദനഹാ എന്ന പേരിന്റെ അർത്ഥം വ്യക്തമാകത്തക്ക വിധം മദറിന്റെ മുഖം സ്നേഹത്തിന്റെ ചൈതന്യത്താൽ പ്രകാശപൂർണ്ണമായിരുന്നു. ഹൃദയത്തിന്റെ നിഷ്കളങ്കതയിൽ നിന്ന് ആത്മാർത്ഥതയുടെ നിറവുള്ള, ആത്മചൈതന്യത്തിന്റെ പ്രസരിപ്പുള്ള, തുറവിയുടെ ആ പ്രസാദം എത്ര ആകർഷകമായിരിക്കുന്നു. സദാ പ്രവർത്തന നിരതമായ ഒരു ജീവിതശൈലി മദറിനു സ്വായത്തമായിരുന്നു. പ്രാർത്ഥനയും പ്രവർത്തനവും ഏകോപ്പിച്ചുള്ള ബഥനിയുടെ മുഖം മദറിൽ ദൃശ്യമായിരുന്നു.

പുണ്യശ്ലോകനായ മാർ ഈവാനിയോസ് തിരുമേനിയുടെ മനോമുകുരത്തിൽ മൊട്ടിട്ടു വികസിച്ച സന്യാസസമർപ്പണത്തിന് ആദ്യമായി അന്ന് മദർ കടന്നുവരാൻ ഭാഗ്യം ലഭിച്ച പത്തു മദറുമാരിൽ മൂന്നാമത്തെ ആളായിരുന്നു മദർ ദനഹാ. മലങ്കരസഭയുടെ ആദ്ധ്യാത്മികനവീകരണത്തിനുവേണ്ടി മാർ ഈവാനി

www.malankaralibrary.com

യോസ് പിതാവിന്റെ തീക്ഷ്ണമായ പ്രാർത്ഥനയുടെ ഫലമായി ഉണ്ടായ ദൈവനടത്തിപ്പായിരുന്നു ബഥനി സന്യാസ സമൂഹങ്ങളുടെ സ്ഥാപനം. 1919-ൽ ബഥനി സന്യാസ സമൂഹം സ്ഥാപിക്കപ്പെട്ടു. അതിനു ശേഷവും ദീർഘമായ കാത്തിരിപ്പു തന്നെ വേണ്ടി വന്നു ആദ്യത്തെ മദറുമാരുടെ വ്രതവാഗ്ദാനത്തിന്. സമയത്തിന്റെ പൂർത്തീകരണത്തിൽ ബഥനി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട മാർ ഈവാനിയോസ് പിതാവിന്റെ മുൻപിൽതന്നെ സന്യാസപ്രതിഷ്ഠ നടത്തുവാനുള്ള ഭാഗ്യം ആദ്യമദറുമാർക്ക് ലഭിച്ചു. അങ്ങനെ 1925-ൽ ബഥനി സന്യാസിനിസമൂഹം സ്ഥാപിക്കപ്പെട്ടു.

ബഥനിയുടെ ആദ്യ മദറുമാരിൽ ഒരാളായ മദർ ദനഹ ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. ദൈവം നൽകിയ സാഹചര്യങ്ങളും കഴിവുകളും ഒന്നും നഷ്ടപ്പെടുത്താതെ അവയെല്ലാം ദൈവമഹത്വത്തിനായി മദർ ചെലവഴിച്ചു. ശ്രേഷ്ഠമായ പെരുമാറ്റം സംസ്ക്കാരസന്നദ്ധത, ബഹുഭാഷാപ്രാവീണ്യം, ധീരതയോടുകൂടിയ പ്രവർത്തനശൈലി, പ്രാർത്ഥനാ ചൈതന്യം ഇവയെല്ലാം മദറിന്റെ സ്വഭാവത്തിന്റെ പ്രത്യേകതകളായിരുന്നു. സമയം ഒരിക്കലും വ്യർത്ഥമായി മദർ ചെലവാക്കിയിരുന്നില്ല. ആരോടും സരസമായരീതിയിലേ മദർ സംസാരിച്ചിരുന്നുള്ളു.മദറിനുണ്ടായിരുന്ന വായനാശീലം മദറിന്റെ അറിവിനെ വിശാലമാക്കി. ബഥനിയിലെ ആദ്യത്തെ ബിരുദധാരിണി ആയിരുന്നു മദർ ദനഹാ.അന്ത്യംവരെ ചുറുചുറുക്കോടുകൂടിയ പെരുമാറ്റരീതിയായിരുന്നു മദറിനുണ്ടായിരുന്നത്. മലങ്കര സഭയ്ക്കും ബഥനിക്കും വേണ്ടി ആത്മാർത്ഥതയോടെ മദർ പ്രവർത്തിച്ചു.

സന്യാസത്തിന്റെ ആദ്യവർഷങ്ങളിൽ കായംകുളത്ത് മദറിനോടൊത്ത് ജീവിക്കാൻ അവസരം ലഭിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. മദറിന്റെ സ്നേഹവും കരുതലും എന്നേയും വളർത്തി. ഇന്നും മദറിന്റെ മഹത്തായ മാതൃക ഒരുനേട്ടമായി ഞാൻ കരുതുന്നു.

## ജനനം, ബാല്യം, വിദ്യാഭ്യാസം.

മദ്ധ്യതിരുവിതാംകൂറിലെ പ്രകൃതിരമണീയമായ, വളക്കൂ



റുള്ള മണ്ണായ വെണ്ണിക്കുളത്ത് പത്രത്തറവാടായ കണ്ടത്തിൽ കുടുംബത്തിൽ നിന്നും കുടത്തുംമുറിയിൽ ദത്തുമകനായി വന്ന ശ്രീമാൻ വറുഗീസ്മാപ്പിളയുടെയും ശ്രീമതി ശോശാമ്മയുടെയും മകളായി 1898 ജൂൺ 15ാം തീയതി ഭൂജാതയായി. വെണ്ണിക്കുളത്ത് സെന്റ് ബഹനാൻ യാക്കോബായപള്ളിയിൽ വച്ച് മാമോദീസായും മൂറോൻ അഭിഷേകവും സാറാമ്മ എന്ന പേരും നൽകി.

സ്ത്രീവിദ്യാഭ്യാസത്തിനു ഊന്നൽ കൊടുക്കാതിരുന്ന അന്നത്തെ സമുദായത്തിന്റെ മാമൂലുകളെ അതിലംഘിച്ച് മകൾക്കു ഉത്തമവിദ്യാഭ്യാസം നൽകുന്നതിൽ സാറാമ്മയുടെ മാതാപിതാക്കൾ ദത്തശ്രദ്ധരായി. ഒന്നും രണ്ടും ക്ലാസുകൾ മല്ലപ്പള്ളിയിലും തുടർന്നുള്ളവ കോട്ടയം ബേക്കർ മെമ്മോറിയൽ സ്ക്കൂളിലും പഠിച്ച് ഫോർത്തുഫോം പാസ്സായി. കുടുംബത്തിലെ ക്രൈസ്തവ വിശ്വാസ ജീവിതമാതൃകകളും വൈദികപാരമ്പര്യവും സമർപ്പിത ജീവിതത്തിന് അടിത്തറ പാകി. എന്നാൽ വൈദികവൃത്തി ലക്ഷ്യമാക്കി വളർന്നു വന്ന രണ്ടു സഹോദരന്മാരുടെ പെട്ടെന്നുണ്ടായ വേർപാട് സാറാമ്മയുടെ ജീവിതത്തിൽ ഒരു വഴിത്തിരിവായെന്നു വേണം തിരിച്ചറിയുവാൻ. I want to lead a dedicated life എന്ന് തുടർന്ന് സാറാമ്മ കൂടെക്കൂടെ പറയുമായിരുന്നു.

## കൽക്കട്ടായിലേക്ക്.

ഈ കാലഘട്ടത്തിൽ കൽക്കട്ടാ സെറാംപൂർ കോളേജിൽ അദ്ധ്യാപനം നടത്തിയിരുന്ന ഫാദർ പി.റ്റി. ഗീവർഗീസ് സമുദായ സ്നേഹികളും സമർത്ഥരുമായ ഏതാനും യുവാക്കളെയും അതിനുശേഷം ഏതാനും യുവതികളെയും വിദ്യാഭ്യാസം നൽകുന്നതിനായി സെറാംപൂരിലേക്കു കൊണ്ടുപോയിരുന്നു ഈ വിവരം ഗ്രഹിച്ച മാതാപിതാക്കൾ സാറാമ്മയെകൂടെ ഉപരിപഠനത്തിനായി സെറാംപൂരിലേക്കയച്ചു. അവിടെ ആംഗ്ലിക്കൻ സിസ്റ്റേഴ്സ് നടത്തിയിരുന്ന ഡയോസിസൻ സ്ക്കൂളിലും തുടർന്നു ഡയോസിസൻ കോളേജിലും പഠിച്ച് സാറാമ്മ ബി.എ. പാസ്സായി. കോളേജ് പ്രിൻസിപ്പലായിരുന്ന സിസ്റ്റർ മേരിവിക്റ്റോറിയായുടെ സ്നേഹവാത്സല്യങ്ങൾക്ക് സാറാമ്മ അർഹയായി. സിസ്റ്ററിനെപ്പറ്റി പലപ്പോഴും മദർ സ്നേഹപൂർവ്വം പരാമർശിക്കുന്നത് കേൾക്കാനിടയായിട്ടുണ്ട്.

www.malankaralibrary.com

ഇതിനോടകം കേരളത്തിലെ ഏതാനും യുവതികൾ ബാരിസോളിൽ ഓക്സ്ഫോർഡ് സിസ്റ്റേഴ്സ് ഓഫ് എപ്പിഫനിയുടെ മേൽനോട്ടത്തിൽ സന്യാസപരിശീലനവും ഇംഗ്ലീഷ് വിദ്യാഭ്യാസവും നേടിയിരുന്നു. ഫാ. സ്ട്രോങ്, സി. ഈഡിത്ത് തുടങ്ങിയ ആഗ്ലിക്കൻ സന്യാസസമൂഹസ്ഥാപകരുമായി അഭിവന്ദ്യനായ എം. എ. അച്ചനുള്ള സ്നേഹബന്ധവും സൗഹൃദവുമാണ് ഈ പരിശീലനത്തിന് വഴിതെളിച്ചത്.

കൽക്കട്ടായിൽ പഠിച്ചിരുന്ന കുട്ടികൾക്ക് എം. എ. അച്ചൻ ഒരു പിതാവും, ഗുരുവും, പരിശീലകനും, സുഹൃത്തും ആയിരുന്നു. ബാരിസോളിൽ പരിശീലനകാലം 1915 മുതൽ 1919 വരെയായിരുന്നു. പരിശീലനം നടത്തിയ പതിനൊന്നു പേരിൽ മൂന്നുപേർ വിവിധ കാരണങ്ങളാൽ പിരിഞ്ഞുപോയി. ഡയോസിസൻ കോളേജിൽ ഉപരിപഠനം നടത്തിയിരുന്നവർ നിരണത്ത് ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ മകൾ അച്ചാമ്മ, കുടത്തുംമുറിയിൽ കീവറിച്ചന്റെ മകൾ സാറാമ്മ, അവിടെ സ്ക്കൂൾ പഠനം പൂർത്തിയാക്കിയ ഏലിയാമ്മ തോമസ് എന്നിവരായിരുന്നു. ഇവർ കൽക്കട്ടായിൽ നിന്ന് ബാരിസോളിലെത്തി പരിശീലനാർത്ഥികളോടൊപ്പം ചേർന്നിരുന്നു.

ഇവരിൽ ശരിയായ സന്യാസാഭിമുഖ്യവും അഭിരുചിയും ഉള്ളവരെ തെരഞ്ഞെടുത്ത് സന്യാസമഠത്തിന് ആരംഭം കൊടുക്കണമെന്ന ആഗ്രഹത്തോടെ ഫാ. ഗീവർഗ്ഗീസ് 1918 മാർച്ച് അവസാനത്തിൽ പെൺകുട്ടികളെ കണ്ടു സംസാരിച്ചു. നാലുപേരെ അർത്ഥിനി പദത്തിൽ പ്രവേശിപ്പിച്ചു. ആദിമ സഭയുടെ ചൈതന്യം പങ്കുവച്ച ഇവർ ഉൽസാഹികളും ഉന്മേഷവതികളും ആയിരുന്നു.

## ഹൂഗ്ലീ നദിയിലൂടെ ഒരു ഉല്ലാസയാത്ര.

അർത്ഥിനി പദത്തിൽ പ്രവേശിച്ചവരും അതിനായി ഒരുങ്ങുന്നവരുമുൾപ്പെട്ട പതിനൊന്നുപേരടങ്ങുന്ന ശിഷ്യഗണത്തെയും കൊണ്ട് ഹുഗ്ലീനദിയിലൂടെ ഫാ. പി. റ്റി. ഗീവർഗ്ഗീസ് ഒരു ഉല്ലാസയാത്രയ്ക്ക് പോയി . സി.ഹെലനും സി. ആഗ്നസും ഉല്ലാസയാത്രക്ക് ഗുരുശിഷ്യവൃന്ദത്തോടൊപ്പമുണ്ടായിരുന്നു. ബാരിസോളിലെ



ജീവിതാനുഭവങ്ങളുടെ സ്മരണ നിലനിർത്തുന്നതിനും മാനസികോല്ലാസത്തിനും ജീവിക്കുന്ന ചുറ്റുപാടുകൾക്കപ്പുറമുള്ള ലോകവുമായി ബന്ധപ്പെടുന്നതിനും മനസ്സിനേയും ചിന്തകളേയും വിശാലമാക്കുന്നതിനും ഇതുസഹായിക്കുമെന്ന് ജീവിതാനുഭവങ്ങളിൽ നിന്ന് ആ ഗുരുഭൂതൻ മനസ്സിലാക്കിയിരുന്നു. ഇതിന്റെ ഒരുക്കങ്ങൾ പതിവുപോലെ നടക്കുകയാണ്. യാത്രയിൽ കഴിക്കുവാനുള്ള ഭക്ഷണപദാർത്ഥങ്ങൾ ഒക്കെ തയ്യാറാക്കി വച്ചിരിക്കുന്നു. കൂട്ടത്തിൽ ഒരു കുട്ട നിറയെ മധുരമുള്ള പപ്പായ പഴവും (ഓമക്ക)ഉണ്ടായിരുന്നു. ഇതാരുചുമക്കും? എന്ന് ഗുരു ഒരു ചോദ്യം. സാറാമ്മ പപ്പായ എടുത്ത് നടക്കട്ടെ എന്നായി അടുത്തമൊഴി. കെട്ടിലും മട്ടിലും നടപ്പിലുമെല്ലാം തറവാടിത്വം നിറഞ്ഞുനിൽക്കുന്ന വിദ്യാസമ്പന്നയായ ഒരു യുവതി. കൽക്കട്ടാ തെരുവിലൂടെ ഓമയ്ക്കാ കുട്ടയും തലയിലേന്തി ബോട്ടുജട്ടിവരെ നടക്കുന്ന കാഴ്ച! എല്ലാവരും പരസ്പരം നോക്കി. ചിലരൊക്കെ കണ്ണുമിഴിച്ചു. സി. ഹെലനും സഹോദരി ആഗ്നസിനും നേരിയ ചിരി. സാറാമ്മ ഇതെടുക്കുമോ എന്ന ആകാംക്ഷയിൽ ഏതാനും നിമിഷങ്ങൾ. പക്ഷേ സാറാമ്മ ഗുരുശബ്ദം കേട്ടമാത്രയിൽ അടുത്തുനിന്ന ഗുരുവിന്റെ തന്നെ സഹായത്തോടെ കുട്ട തലയിലേറ്റി നടന്നു തുടങ്ങി. ലാളിത്യത്തിലും വിനയത്തിലും സാറാമ്മ ഒന്നാമത്തവളായി. ജീവിതാന്ത്യം വരെ അധികാരികളോടുള്ള അനുസരണഭാവം സാറാമ്മയുടെ കൈമുതലായിരുന്നു. ധൈര്യപൂർവ്വം താഴ്ചയിലേക്ക് ഇറങ്ങാൻ തയ്യാറായ സാറാമ്മയെ വാത്സല്യത്തോടെ നോക്കി ഗുരു പുഞ്ചിരി തൂകി. വ്യക്തിത്വത്തിന്റെ ആഴവും അർത്ഥവും സമ്പത്തിലോ ഉന്നത വിദ്യാഭ്യാസത്തിലോ മേന്മനിറഞ്ഞ തറവാടിത്വത്തിലോ കഴിവിലോ മാത്രം ഒതുങ്ങുന്നതല്ല എന്ന വലിയ മാതൃക സ്വശിഷ്യയിൽ ദർശിച്ച ഗുരുനാഥൻ അഭിമാനപുളകിതനായി ശിഷ്യരോടൊപ്പം ബോട്ടുജെട്ടിയിലേക്ക് നടന്നു.

യാത്രയിൽ മറ്റൊരുവലിയ പാഠംകൂടി അവർ പഠിച്ചു. സാമാന്യം സൗകര്യപ്രദമായ ഒരു ബോട്ട് കിട്ടാവുന്ന ആ ബോട്ടുജെട്ടിയിൽ ആബോ അവർക്കായി ക്രമീകരിച്ചത് അത്രയും പേർക്ക് ഇരിക്കാവുന്ന ഒരു വള്ളമാണ്. ഹുഗ്ലീനദിയുടെ മനോഹാരിത, ശാന്തത, ഇരുകരകളുടെ പ്രകൃതിസൗന്ദര്യം ഇവയെല്ലാം ആസ്വ

www.malankaralibrary.com

ദിച്ച് ദൈവസ്തുതികീർത്തനങ്ങൾ ആലപിച്ച് സസന്തോഷം സഞ്ചരിച്ചിരുന്ന വേളയിൽ പെട്ടെന്നാണ് അത് സംഭവിച്ചത്. എതിരെ വന്ന ഒരു സ്റ്റീം ബോട്ടിന്റെ ജൈത്രയാത്രയിൽ വള്ളം ആടിഉലയുവാൻ തുടങ്ങി. വലിയ ഓളത്തിൽ വള്ളം മുങ്ങുമെന്ന നില. ദൈവമേ എന്ന നിലവിളി. അലകൾക്കിടയിൽ മുങ്ങിതാഴാൻ പോകുന്ന ഭയാനകമായ ആ നിമിഷം. എന്തെല്ലാം പ്രതീക്ഷകളാണ് ആടിയുലഞ്ഞ് താഴാവുന്നത്. വള്ളത്തിൽ മുറുകെ പിടിച്ച് രക്ഷക്കുവേണ്ടി ദൈവത്തെ വിളിച്ചപേക്ഷിക്കുന്ന ബഥനിയുടെ ഭാവി വാഗ്ദാനങ്ങൾ. ദൈവമേ, പിതാവേ, പി.റ്റി. ഗീവർഗ്ഗീസച്ചൻ ഹൃദയം നൊന്ത് വിളിച്ചു. ദൈവാശ്രയത്തികവോടെ കണ്ണുകളുയർത്തി നിശ്ചലനായി നിന്നു. പിതൃസന്നിധിയിൽ സമസ്തവും സമർപ്പിച്ചു. അല്പസമയത്തിനുള്ളിൽ ഓളം നിലച്ചു വള്ളം നേരെയായി. തുടർന്നുള്ള യാത്ര സന്തോഷപ്രദമായി. സ്തോത്രഗീതങ്ങൾ ദൈവസന്നിധിയിലേക്കുയർന്നു. ദൈവപിതാവ് അവിടുത്തെ ദൗത്യനിർവ്വഹണത്തിനായി തെരഞ്ഞെടുക്കുന്നവരെ വിവിധാനുഭവങ്ങളിലൂടെ കടത്തികൊണ്ടുപോയി ആശ്രയബോധമുള്ളവരും ധൈര്യമുള്ളവരുമാക്കിതീർക്കുന്നതുകൂടാതെ അവിടുന്ന് ആഗ്രഹിക്കുന്ന ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുന്നതിന് നമ്മേത്തന്നെ നാം വിട്ടുകൊടുക്കണമെന്ന അറിവ് വിനോദയാത്രയുടെ ഫലമായി അർത്ഥിനികൾക്ക് ലഭിച്ചു.

## പ്രതീക്ഷപൂവണിയുന്നു.

സെറാമ്പൂർ കോളേജ് പ്രിൻസിപ്പാൾ മിസ്റ്റർ ഹൗവ്വൽസിന് രാജിക്കത്തുനൽകി ഉദ്യോഗത്തിൽ നിന്നും സ്വതന്ത്രനായിത്തീർന്ന ഫാ. പി. റ്റി. ഗീവർഗീസിനെ രാജിപിൻവലിച്ച് വീണ്ടെടുക്കാനാകുമോ എന്ന് മി. ഹൗവ്വൽസ് ഒരു അവസാന പരീക്ഷണം നടത്തി. സർവ്വപ്രധാനമായ ഒരു കാര്യത്തിലേക്ക് അച്ചന്റെ ശ്രദ്ധ ക്ഷണിച്ചു.ഫാദറിന്റെ മേൽനോട്ടത്തിൽ ബാരിസോളിലും മറ്റും പഠിക്കുകയും പരിശീലനം നേടുകയും ചെയ്യുന്ന യുവതികളുടെ കാര്യം എങ്ങനെയാണ്. ബാരിസോളിൽ മദർ ഈഡിത്തിന്റേയും സിസ്റ്റർ ഹെലന്റേയും നേതൃത്വത്തിൽ കാര്യക്ഷമമായി പരിശീലനം നടക്കുന്നുണ്ടെങ്കിലും താനുദ്ദേശിക്കുന്ന രീതിയിൽ ഒരു മഠം ബാരിസോളിൽ ഉണ്ടാകുന്നതുകൊണ്ട് തന്റെ സഭയ്ക്കോ,



ക്ലേശം അനുഭവിക്കുന്ന സഭാമക്കൾക്കോ അതിൽ നിന്ന് കാര്യമായ നേട്ടം ഉണ്ടാകുന്നില്ല എന്ന് നേരത്തേമുതൽ ചിന്തിച്ചുറപ്പിച്ചിരുന്ന ഗീവർഗീസച്ചൻ മി. ഹൗവ്വൽസിനോട് പറഞ്ഞു. നാട്ടിൽ എത്തികഴിഞ്ഞാലുടൻ അവരെക്കുറിച്ചുള്ള എന്റെ തീരുമാനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അവരേകൂടെ ഞാൻ നാട്ടിലേക്ക് കൊണ്ടുപോവുകയാണ്.

ആറുവർഷത്തെ സേവനം മതിയാക്കി ശെമ്മാശന്മാരോടൊപ്പം 1919 ൽ കേരളത്തിലെത്തിയ പി. റ്റി. ഗീവർഗീസച്ചനെ സ്നേഹാദരവുകളോടെ സഭാധികാരികൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആഗ്രഹങ്ങളും ആദർശങ്ങളും സംശുദ്ധമാണെന്നും അത് സഭയ്ക്ക് മുതൽകൂട്ടാണെന്നും ബോദ്ധ്യപ്പെട്ട സഭാധികാരികൾ ആശ്രമം സ്ഥാപിക്കുന്നതിനുള്ള അച്ചന്റെ പുറപ്പാടിന് എതിരുനിന്നില്ല. താൻ രൂപീകരിക്കുന്ന ആശ്രമം സഭയ്ക്കുള്ളിൽ ഒരു സ്വതന്ത്രസ്ഥാപനമായിരിക്കണമെന്ന അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെ മാനിക്കുകയും ചെയ്തു.

ഉത്തരേന്ത്യയിലെ തന്റെ പര്യടനത്തിനിടയിൽ സബർമതി, ശാന്തിനികേതൻ മുതലായ സ്ഥാപനങ്ങൾ സന്ദർശിക്കുകയും ഭാരതീയസന്യാസത്തിന്റെ അന്തഃസത്ത മനസ്സിലാക്കുകയും ചെയ്തു. ഫാദർ പി.റ്റി. ഗീവർഗീസ് സെറാമ്പൂരിൽ ആയിരിക്കുമ്പോൾ തന്നെ തന്റെ പിതൃസ്വത്തുകൊണ്ട് വിലയ്ക്കുവാങ്ങിയതും മി. ഈ.ജോൺ പിലിപ്പോസ് നൽകിയതുമായ മുണ്ടൻമലയിൽ തടിയും മുളയും ഉപയോഗിച്ച് ലാളിത്യമാർന്ന പർണ്ണാശ്രമവും അതിനോട് ചേർന്ന് ചാപ്പലും പൂർത്തിയാക്കിയിരുന്നു. വാസയോഗ്യമായിതീർന്ന ആശ്രമത്തിൽ 1919 ഓഗസ്റ്റ് 15 ന് പി.റ്റി. ഗീവർഗീസച്ചൻ ഉൾപ്പെടെ പത്തുപേർ താമസമാക്കി. മലങ്കരസഭയിൽ ഒരു പുതിയ സംരംഭത്തിനു തുടക്കം കുറിച്ചു. ഏകാന്തജീവിതത്തിന് കൂടുതൽ സൗകര്യമുള്ള മറ്റൊരു കുന്നിൽ സ്ത്രീകൾക്കുള്ള മഠവും സ്ഥാപിക്കണമെന്ന് മനസ്സിൽ ഉറച്ചിരുന്നു. എങ്കിലും തിരുവല്ലായിൽ തിരുമൂലപുരത്ത് ഉണ്ടായിരുന്ന കെട്ടിടവും സ്ഥലവും ഓർമ്മയിലെത്തി.

സ്ത്രീ വിദ്യാഭ്യാസത്തിന് വിലകൽപ്പിക്കാതിരുന്ന അക്കാലത്ത് സമുദായസ്നേഹിയും ഔദാര്യവാനുമായിരുന്ന കണ്ടത്തിൽ

www.malankaralibrary.com

വറുഗീസ് മാപ്പിള സ്ത്രീജനോദ്ധാരണാർത്ഥം ഒരു പെൺപള്ളിക്കൂടം മനസ്സിൽ കണ്ടുകൊണ്ട് തിരുമൂലപുരത്ത് ഒരു കെട്ടിടം പണി കഴിപ്പിച്ചുവെങ്കിലും അതു നടന്നുകാണുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. എങ്കിലും സഹധർമ്മിണിയും ഏകമകനും എം. എ അച്ചന്റെ ഈ സംരംഭത്തിന് വലിയ സഹായം നൽകി. കെട്ടിടത്തിന്റെ പണി ശീഘ്രത്തിൽ ഒരു സ്ക്കൂളിന് ഉപയോഗമാംവിധം ക്രമപ്പെടുത്തി. സ്ക്കൂൾ നടത്തിപ്പിന് എല്ലാ ഒത്താശകളും സി. മേരിവിക്ടോറിയ വാഗ്ദാനം ചെയ്തിരുന്നു. എങ്കിലും അദ്ധ്യാപകരെ ലഭിക്കുവാൻ മദർ ഈഡിത്താണ് സഹായിച്ചത്. ഇംഗ്ലണ്ടുകാരിയായ മിസ്സ്. ഹോംസ്, മിസ്സ് ബ്രൂക്സ്മിത്ത് എന്നിവരെ ഇംഗ്ലണ്ടിൽ നിന്നും വരുത്തി സ്ക്കൂളിന് ആരംഭം കുറിക്കുന്നതിന് സഹായിച്ചു.

## സാറാമ്മ സന്യാസാർത്ഥിനി

പ്രതിബന്ധങ്ങളുടേയും എതിർപ്പുകളുടേയും മദ്ധ്യത്തിൽ കെ. വി. സാറാമ്മയും രണ്ടുവർഷത്തെ ബാലികാമഠത്തിലെ അദ്ധ്യാപനത്തിനുശേഷം തിരുമൂലപുരത്ത് പരിശീലനത്തിനെത്തി. മലങ്കരസഭയിൽ സന്യാസപ്രസ്ഥാനത്തിനുള്ള സാധ്യതകൾക്ക് പല പ്രതിബന്ധങ്ങൾ നേരിട്ടിരുന്ന ആ കാലത്ത് ധീരതയോടെ സമർപ്പണ ജീവിതത്തിന് സന്നദ്ധരായി വന്ന ആദ്യത്തെ ആണിക്കല്ലുകളിൽ ഒരാളായി. 1924 ജൂൺ 16 ന് മഠം ചാപ്പലിൽ വച്ച് കൂടത്തുംമുറിയിൽ കെ. വി. സാറാമ്മയെ ആബോ ഗീവർഗ്ഗീസ് അർത്ഥിനി പദത്തിൽ പ്രവേശിപ്പിച്ചു. സി. ഹെലൻ പരിശീലനം നൽകി.

## സന്യാസപ്രതിഷ്ഠ

1925 ൽ എം. എ. അച്ചൻ മാർ ഈവാനിയോസ് എന്ന പേരിൽ ബഥനിയുടെ മെത്രാനായി നിരണത്തുവച്ച് വാഴിക്കപ്പെട്ടു. ആ വർഷം സെപ്റ്റംബർ 8ന് ബഥനി മഠത്തിലെ ആദ്യാംഗങ്ങളുടെ വ്രതവാഗ്ദാനം നടത്താൻ പിതാവ് സന്നദ്ധനായി. 1925 സെപ്റ്റംബർ 20 ന് വൈകിട്ട് അർത്ഥിനികളെ സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷ ആരംഭിച്ചു. ഇളയമ്മ എന്ന് വിളിക്കപ്പെട്ടിരുന്ന എം. പി ശോശാമ്മ, പി. ഐ ആച്ചിയമ്മ, സാറാമ്മ വർഗീസ്



ഇവർക്ക് സന്യാസ നാമങ്ങൾ നൽകപ്പെട്ടു. യഥാക്രമം ശൈനാ, ഹൂബാ, ദനഹാ എന്ന സുറിയാനിപേരുകൾ ! സമാധാനം, സ്നേഹം, ഉദയം എന്ന് അർത്ഥം. സന്യാസത്തിന്റെ ഉൾവസ്ത്രങ്ങൾ നൽകപ്പെട്ടു. മദർ ഈഡിത്ത് മൂന്നുപേരേയും പിറ്റേദിവസത്തെ വ്രതവാഗ്ദാനത്തിനായി ഒരുക്കി.

1925 സെപ്റ്റംബർ 21 സ്മരണീയ ദിനം. സിസ്റ്റേഴ്സ് വ്രതവാഗ്ദാനത്തിൽ ആശ്രമസ്ഥരെ പിന്നിട്ടു. 1927 ഒക്ടോബർ 21-ാം തീയതി ആയിരുന്നു ബ. അച്ചന്മാർ ആദ്യമായിപ്രതിഷ്ഠ നടത്തിയത്. 25 വയസ്സ് പൂർത്തിയായശേഷം ആദ്യകാലപ്രതിഷ്ഠയും നാൽപതുവയസ് പൂർത്തിയായതിനുശേഷം മഹത്പ്രതിഷ്ഠയും എന്ന ഒരു ചിന്ത, ബഥനി മഠം മഹൽ പ്രതിഷ്ഠയുമുള്ള ഒരു സ്ഥാപനം ആയിരിക്കണമെന്ന ആഗ്രഹം പിതാവിനുമുണ്ടായി. പ്രായത്തിൽ 40 വയസ്സ് പൂർത്തിയായ മദർ ശൈനാ മഹത്വ്രതമാണ് ചെയ്തത്. 1926 സെപ്റ്റംബറിൽ പതിവുപോലെ മദർ ഈഡിത്ത് തിരുവല്ലായിൽ വന്നു. കൽക്കട്ടായിൽ നിന്ന് കറുത്തവെയിൽ, കുബൂന ഇവ ഉണ്ടാക്കുന്നതിനുള്ള തുണി വാങ്ങികൊണ്ടുവന്ന് തയ്യിച്ച് രൂപപ്പെടുത്തി മദർ ശൈനായെ മഹൽ പ്രതിഷ്ഠക്കുശേഷം ധരിപ്പിച്ചു.

മിസ്സ് ബ്രൂക്സ്മിത്തിനു പകരമായി വന്ന സി. റൂഥ്, ബാലികാമഠത്തിന്റെ കടബാധ്യതകൾ ഇല്ലാതാക്കി സ്ക്കൂളിന്റെ നിലവാരം ഉയർത്തി. 1926 ൽ മിസ്സ് ബ്രൂക്കസ്മിത്ത് തിരികെ വന്നപ്പോൾ സി. ഹെലന്റെ കൂട്ടായിപ്രവർത്തിച്ചു. ഒരു ഗ്രീക്ക് പണ്ഡിതയായിരുന്ന സിസ്റ്റർ പോസ്റ്റുലൻസിനെ ഗ്രീക്ക് പഠിപ്പിച്ചു. ബഥനി സിസ്റ്റേഴ്സിന് മേൽപറഞ്ഞ ഓക്സ്ഫോർഡ് മിഷൻ ഓഫ് എപ്പിഫനിയിൽ നിന്നു ലഭിച്ച സന്മാതൃകയും ശിക്ഷണവും ഔദാര്യപൂർണ്ണമായ സഹായങ്ങളും സ്നേഹവും പരിപാലനയും ഒരു സമൂഹത്തിനും മറ്റ് സമൂഹത്തിൽ നിന്നും ലഭിക്കാത്തവയായിരുന്നു. പ്രത്യേകിച്ച് മദർ ഈഡിത്ത് ആ സമൂഹത്തിന്റെ സ്ഥാപകയും ശ്രേഷ്ഠയുമെന്ന നിലയിൽ ബഥനിക്ക് ചെയ്തുതന്ന സേവനങ്ങൾ എന്നെന്നും ഓർമ്മിക്കപ്പെടേണ്ടവ തന്നെ.

1926 മുതലും അതിനുമുമ്പും വന്ദ്യ പിതാവിന്റെ പുന

www.malankaralibrary.com

രൈക്യശ്രമങ്ങളെക്കുറിച്ച് വ്യക്തിപരമായ അറിവ് സിസ്റ്റേഴ്സിനുണ്ടായിരുന്നു. സഭാപഠനത്തിലൂടെ സിസ്റ്റേഴ്സ് പ്രബുദ്ധരായിക്കൊണ്ടിരുന്നു. പ്രത്യേകിച്ചും വിദ്യാസമ്പന്നരായ സിസ്റ്റർ ദനഹായും സിസ്റ്റർ സൾഗായും.

## നോവിസ്മിസ്ട്രസ്

ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന് 1928 ൽ ആദ്യമായി നോവിഷ്യേറ്റ് ആരംഭിച്ചു. പി. പി. അന്നമ്മയുടെയും കെ.എ. ഏലിയാമ്മയുടെയും പരിശീലനമാണ് ആദ്യമായി മദർ ദനഹായുടെ നേതൃത്വത്തിൽ നടത്തപ്പെട്ടത്. 1915 മുതൽ 19 വരെ ബാരിസോളിൽ വച്ചുള്ള ശിക്ഷണത്തിനുശേഷം നാട്ടിൽ കോട്ടയം ബേക്കർ മെമ്മോറിയൽ സ്ക്കൂളിലും നാലുവർഷം ബാലികാ മഠത്തിലും പഠിച്ച ശേഷം ഒരു വർഷം ഹോംസയൻസ് പരിശീലനവും നേടിയ ഈ അന്നമ്മ ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയെ കണ്ടുസംസാരിച്ചതിന്റെ ഫലമായി മഠത്തിലേക്കു വരുവാൻ തീരുമാനിക്കുകയായിരുന്നു. പി. പി. അന്നമ്മയെയും കെ.എ. ഏലിയാമ്മയെയും ഒരുമിച്ചു പരിശീലിപ്പിക്കുവാൻ ആരംഭിച്ചുവെങ്കിലും അസുഖംമൂലം കെ.എ. ഏലിയാമ്മയുടെ നോവിഷ്യേറ്റ് വിഘ്നപ്പെട്ടു.1929 മെയ്29-ന് മദർ ദനഹായുടെ പ്രഥമ നോവിസ് പി.പി. അന്നമ്മ തൽക്കാലവ്രതവാഗ്ദാനം ചെയ്ത് മാക്സാ എന്ന സന്യാസനാമം സ്വീകരിച്ചു.

## പുനരൈക്യപരിശ്രമങ്ങൾ

പുനരൈക്യപരിശ്രമങ്ങൾ ഇതിനകം വളരെ പുരോഗമിച്ചു. ബഥനിക്കാർ റോമായിൽ പോകുന്നുവെന്ന് പരക്കെ പറച്ചിലും ആയി. ആദ്യകാലങ്ങളിൽ പലരും അനുകൂലികളായിരുന്നെങ്കിലും പിന്നീട് ശക്തമായ എതിർപ്പുകളും പ്രചരണങ്ങളും കൽപ്പനകളും മൂലം ബഥനിയുടെ പുരോഗമനത്തിന് പല തടസ്സങ്ങളും സൃഷ്ടിക്കുവാൻ സർവ്വ പരിശ്രമങ്ങളും എതിരുനിന്നവർ നടത്തി. ഇനി ബഥനി പള്ളികൾ സ്ഥാപിച്ചുകൂടായെന്ന വിലക്കും കൽപ്പനയും ഉണ്ടായി. പക്ഷേ ബഥനിയുടെ എപ്പിസ്ക്കോപ്പാ മാർ ഈവാനിയോസ് തിരുമേനി തുടങ്ങുന്നതിനെല്ലാം വ്യക്തവും ശുദ്ധവും കെട്ടുറപ്പും നടത്തിപ്പും ഉണ്ടാകുമെന്ന് അന്നുണ്ടായിരുന്ന മദർ ദനഹാ ഉൾപ്പെടെയുള്ള സിസ്റ്റേഴ്സിനും കൂടെയുണ്ടായിരുന്ന സന്യാസ്യാർത്ഥിനികളിൽ പലർക്കും, പരിശീലനത്തിലിരുന്നവർക്കും ബോധ്യം ഉണ്ടായിരുന്നു. അവർ പഠനത്തിലും മുന്നേറിക്കൊണ്ടെയിരുന്നു. മാർപ്പാപ്പയുടെ പരമാധികാരം അപ്രമാദിത്തം, സഭകളുടെ ഐക്യം തുടങ്ങിയവ പഠിച്ചുവന്നു. 1920 മുതൽ വർഷംതോറും കഷ്ഠാനുഭവ ആഴ്ചയിൽ മുണ്ടൻമലയിലെ ധ്യാന പ്രസംഗങ്ങളിലും ശുശ്രൂഷകളിലും സിസ്റ്റേഴ്സ് സംബന്ധിച്ചിരുന്നു. അവർക്കായി നിർമ്മിച്ച സത്രത്തിൽ താമസിച്ചുകൊണ്ട് ഭക്തിനിർഭരവും ഉപവാസാദിതപോനിഷ്ഠകളാൽ യേശുവിനോട് ചേർന്ന് പീഢാനുഭവത്തിലൂടെ കഷ്ടാനുഭവ ശുശ്രൂഷകളിലും അതിനുശേഷമുള്ള ഹോവോറോ ആഴ്ചയിലും ആത്മീകവും ശാരീരികവുമായ ഒരു ഉത്തേജനം സിദ്ധിച്ച് മലയിലെ ഫലമൂലാദികളും ആദ്ധ്യാത്മീക അന്തരീക്ഷവും അനുഭവിച്ച് മടങ്ങിപോരുക പതിവായിരുന്നു. അനേകം അൽമായരും ഈ ഭക്തിനിർഭരമായ അനുഭവത്തിനായി പലദിക്കുകളിൽ നിന്നും തീർത്ഥാടനമായി വന്നിരുന്നു.

മഠവും ആശ്രമവും പിതാവിന്റെ പ്രധാന ചിന്താവിഷയങ്ങളായിരുന്നു. തന്റെ സൂക്ഷ്മത്തിൽ ഭാരമേൽപ്പിക്കപ്പെട്ട മക്കളെ അദ്ദേഹം അത്യധികം സ്നേഹിച്ചു. എന്നാൽ പെൺമക്കളുടെ കാര്യത്തിൽ അമ്മയുടേതിനേക്കാൾ അനുകമ്പയും ആർദ്രതയും അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. ബാരിസോൾ സിസ്റ്റേഴ്സ് പോയതിനുശേഷം ഇവരുടെ ശിക്ഷണത്തിൽ കൂടുതലായ ഒരു കരുതൽ ഉണ്ടായിരുന്നു. അവരുടെ ആത്മീയവും ആരോഗ്യപരവുമായ പുരോഗതിയിൽ അത്യന്തം ശ്രദ്ധിച്ചു. തിരുമൂലപുരത്ത് യാക്കോബായ പള്ളിക്കു സമീപം ഒരു ചെറിയ ഓലമേഞ്ഞ കെട്ടിടത്തിൽ അദ്ദേഹവും ഫാ. യാക്കോബും (മാർ തിയോഫിലോസ്) താമസിച്ച് സിസ്റ്റേഴ്സിനെ പഠിപ്പിക്കാനായി മഠത്തിൽ വന്നിരുന്നു. ഓരോരുത്തർക്കും ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളുമടങ്ങിയ എഴുത്തുകൾ അദ്ദേഹം എഴുതുകയും ചെയ്തിരുന്നു.

ഓരോരുത്തർക്കും അദ്ദേഹത്തെ സമീപിച്ച് അവരുടെ വിഷമങ്ങളും പ്രശ്നങ്ങളുംഅറിയിക്കുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എല്ലാവിവരങ്ങളും വ്യക്തമായി അവർക്ക് മനസ്സിലാക്കി

www.malankaralibrary.com

കൊടുത്തിരുന്നു. എന്നാൽ തന്റെ ആശയങ്ങളിലേക്കോ, ചിന്തകളിലേക്കോ ആരേയും നിർബന്ധിച്ചിട്ടില്ല. അവരുടേതായ തീരുമാനങ്ങൾ എടുക്കുന്നതിന് പ്രത്യേകിച്ചും പുനരൈക്യത്തിന്റെ കാര്യത്തിൽ പൂർണ്ണ സ്വാതന്ത്ര്യം നൽകിയിരുന്നു. മദർ സൾഗായോടൊപ്പം ഒരു അപ്പനോടെന്നപോലെയുള്ള സ്വാതന്ത്ര്യത്തോടെയും ധൈര്യപൂർവ്വവും മദർ ദനഹ സംശയങ്ങൾക്ക് നിവാരണം വരുത്തിയിരുന്നു.

## ഒരു സർപ്പദംശനം

1929 ഏപ്രിൽ മാസത്തിൽ കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതിന് തിരുവല്ലായിൽ നിന്ന് സിസ്റ്റേഴ്സ് പെരുനാട്ടിലേക്ക് പോയി. അന്ന് ഏപ്രിൽ 28-ാം തീയതി ഹോശാന ഞായർ ആഘോഷമായ വി. കുർബാനയും ഓശാനയുടെ ശുശ്രൂഷകളും കഴിഞ്ഞ് മഠാംഗങ്ങൾ സത്രത്തിൽ തിരിച്ചെത്തി. പതിവുള്ള കഞ്ഞിക്ക് ആവശ്യമായ അരികിട്ടാനും തടസ്സം ഉണ്ടായി. ബഥനിക്കാർ റോമായിൽ പോകുന്നു എന്ന നേതൃസ്ഥാനത്തെ പ്രചരണം ആണ് ഈ കഞ്ഞി മുടക്കിയത്.അന്നു വൈകിട്ട് സന്ധ്യാനമസ്ക്കാരത്തോടുകൂടി പിതാവിന്റെ പ്രസംഗവും തുടർന്ന് തുറമുഖത്ത് വന്നടുത്ത് എന്നർത്ഥമുള്ള വാദേദ്തൽമീനോ എന്നറിയപ്പെടുന്ന ശുശ്രൂഷയും ഉണ്ടായിരുന്നു. അതു കഴിഞ്ഞ് കാട്ടുമലയിലൂടെ വെട്ടപ്പെട്ട വഴിയിൽ ആറും ഏഴും പേരായി നടന്നുവരുമ്പോൾ മറ്റുള്ളവർക്ക് വെളിച്ചം കണ്ടുപോരേണ്ടതിന് സിസ്റ്റർ ദനഹാ ഒരു അരികിലേക്ക് മാറിനിന്നു. അപ്പോൾ എന്തോ ഒന്ന് കാലിൽ കടിച്ചു എന്നുപറഞ്ഞു. കൂടെയുള്ളവർ പുറകേവന്നവരിൽ നിന്ന് തീപ്പെട്ടി കത്തിച്ച് അടയാളം കണ്ടിടം പൊള്ളിച്ചു. സത്രത്തിൽ വന്നയുടൻ പൊട്ടാസ്യം പെർമാഗനേറ്റ് ഇട്ടു. കാട്ടുക്കാരൻ വല്യപ്പന്റെ മകനെ വിളിപ്പിച്ച് പിതാവിനെ വിവരം അറിയിച്ചു. ഡോ. തോമസ് പണിക്കരച്ചനേയും കൊണ്ട് പിതാവ് വന്നു. അച്ചൻ മുറിവുകീറി മരുന്നുവച്ചു. വലിയ കുഴപ്പക്കാരല്ലായിരുന്നുവെന്ന് രാവിലെ മനസ്സിലായി.പതിവുള്ള മൗനവും നിഷ്ഠയുമൊന്നും ഇതിന്റെ പേരിൽ മുടങ്ങിയതുമില്ല. പിന്നീട് കഷ്ഠാനുഭവ ആഴ്ച ശുശ്രൂഷകൾക്കായി അങ്ങോട്ടു പോകേണ്ടിവന്നില്ല.



## പുനരൈക്യ ചിന്തകൾ ഫലമണിയുന്നു.

കത്തോലിക്കാ സഭയുമായുള്ള പുനരൈക്യചിന്തകൾ സിസ്റ്റേഴ്സുമായി പങ്കുവച്ചു. പ്രാർത്ഥനയിലൂടെയും സഹകരണത്തിലൂടെയും മഹാത്യാഗങ്ങൾ സഹിച്ച് വന്ദ്യപിതാവിന് പിൻബലവും കരുത്തും നൽകുന്നതിൽ ബഥനി നൽകിയ പങ്ക് ശ്ലാഘനീയമാണ്. മലങ്കരമക്കൾ എന്നെന്നും ഓർമ്മയിൽ സൂക്ഷിച്ചാദരിക്കേണ്ട ഈ മഹത്വ്യക്തികൾ ആദരണീയരത്രേ. 1926 നവംബർ 1-ാം തീയതി വട്ടശ്ശേരിയിൽ മാർ ദിവന്ന്യാസ്യോസ് തിരുമേനി ഒഴികെ ബാക്കി എല്ലാവരും ചേർന്ന് പരുമല വച്ച് കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം സംബന്ധിച്ച കത്തിടപാടുകൾ നടത്താൻ ബഥനി മെത്രാൻ മാർ ഈവാനിയോസിനെ അധികാരപ്പെടുത്തി. വട്ടശ്ശേരിൽ തിരുമേനിയുടെ ഒരു മൗനാനുവാദവും ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നു. വട്ടിപണക്കേസിന് തടസ്സമാകാതിരിക്കാനാണ് അദ്ദേഹം ഇപ്രകാരം ഒഴിഞ്ഞു നിന്നതെന്നും മറ്റുള്ളവർക്ക് മനസ്സിലായി.

ഇതിനോടകം കേരളത്തിലെ കത്തോലിക്കാ സഭയിലെ ഇതര മെത്രാന്മാരുടെ ആലോചനയോടുകൂടി മാർപ്പാപ്പയുടെ നേരിട്ടുള്ള ഭരണത്തിൽ സ്വീകരിക്കപ്പെടുന്നതിനുവേണ്ടതെന്തെന്ന് ചങ്ങനാശേരി ബിഷപ്പ് മാർ ജെയിംസ് കാളാശേരി, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ ഇവരുടേയും ചില പ്രമുഖരുടേയും (ഇലഞ്ഞിക്കൽ മി. ഇ. ജോൺ വക്കീൽ, വി. എം. എ ചാക്കോ പോലീസ് സൂപ്രണ്ട്) പ്രോത്സാഹനത്തോടെ 1926- ൽ മാർപ്പാപ്പയ്ക്ക് ഒരെഴുത്തയക്കുകയും മറുപടി ലഭിക്കുകയും ചെയ്തു.1928 ഏപ്രിൽ മാസത്തിൽ കഷ്ഠാനുഭവാഴ്ചയിൽ വന്ദ്യ പിതാവ് മഠത്തിൽ വന്ന് സിസ്റ്റേഴ്സ് നാലുപേരേയും വിളിച്ച് കലുഷിതമായ യാക്കോബായ സഭാന്തരീക്ഷത്തിൽ ബഥനിക്ക് വളർച്ച തടസ്സമാണെന്നും പുരാതന സഭയോട് യോജിക്കുന്നതിന്റെ ആവശ്യകതയും മറ്റും പറഞ്ഞ് ഭാവിതനിക്കു വിശ്വസിക്കാവുന്ന ഒരു ചെറിയ ഗണത്തെ വാർത്തെടുക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു. അങ്ങനെ ആശ്രമസ്ഥരുടേയും മഠാംഗങ്ങളുടേയും മനോഭാവത്തെ പുനരൈക്യ പന്ഥാവിലേക്കു തിരിച്ചു വിടത്തക്ക പഠനങ്ങളും ഉപദേശങ്ങളും അവർക്കു ലഭിച്ചു കൊണ്ടിരുന്നു. ആയതിലേക്കുള്ള മുന്നേറ്റങ്ങളുടെ വ്യക്തമായ അറിയിപ്പുകൾ അവർക്ക് നൽകുകയും അഭി

www.malankaralibrary.com

പ്രായം ആരായുകയും പ്രാർത്ഥനകൾ ആവശ്യപ്പെടുകയും ചെയ്ത തായി വന്ദ്യ മദർ സൾഗാ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിനിടെ വട്ടിപ്പണക്കേസ് വട്ടശ്ശേരിൽ മെത്രാച്ചന് അനുകൂലമായി വിധിക്കപ്പെട്ടു. ഇതുമുമ്പായി 1929 ഫെബ്രുവരി 15 ന് പുനരൈക്യത്തിന് പരോക്ഷമായി പിൻതുണ നൽകിയിരുന്ന ത്രിതീയ കാതോലിക്കായുടെ വാഴ്ചക്കുമുമ്പ് ബഥനിയുടെ എപ്പിസ്ക്കോപ്പയായ മാർ ഈവാനിയോസിനെ ബഥനി മെത്രാപ്പോലിത്തയായും പാമ്പാടി റമ്പാച്ചനെ മാർ ഗ്രീഗോറിയോസ് എന്ന നാമത്തിലും ബഥനിയുടെ യാക്കോബ് റമ്പാച്ചനെ ബഥനിയുടെ എപ്പിസ്ക്കോപ്പായായി മാർ തിയോഫിലോസ് എന്ന നാമത്തിലും അഭിഷേകം ചെയ്തു. വട്ടിപണക്കേസിന്റെ അനുകൂലമായ വിധിയോടെ മാർ തിയോഫിലോസ് തിരുമേനി ഒഴികെ എല്ലാവരും പുനരൈക്യശ്രമത്തിൽ നിന്നും പിന്മാറി. തന്നെയുമല്ല, ബഥനിക്കാർ റോമായിൽ പോകുന്നുവെന്ന ശ്രുതിയും കൂടുതലായി പരന്നു. ജീവനേപ്പോലെ താൻ സ്നേഹിച്ചിരുന്ന മാർ ഈവാനിയോസ് പിരിഞ്ഞു പോകുമോ എന്ന ഭയത്താൽ സമുദായാംഗങ്ങൾ ബഥനിക്കു നൽകിയിരുന്ന ഉദാരമായ സംഭാവനകൾ, സഹായങ്ങൾ എല്ലാം നിറുത്തലാക്കാൻ മാർ ദിവന്നാസിയോസ് പരിശ്രമിച്ചു.

പിടിയരി നിറുത്തലാക്കി. തദവസരത്തിൽ കൂടുതൽ ആളുകൾക്ക് ഭക്ഷണം കൊടുക്കേണ്ടിവന്ന സന്ദർഭങ്ങളിൽ സിസ്റ്റേഴ്സ് ഉണ്ടാക്കിയിരുന്ന ഭക്ഷണം മുഴവൻ കൊടുത്തയച്ചിട്ടുണ്ട്. കൂടുതൽ ഞെരുക്കം അനുഭവിക്കേണ്ടി വന്നിരുന്നെങ്കിലും അതിൽ മഠാംഗങ്ങൾക്ക് സന്തോഷമായിരുന്നു. പല സ്ഥലങ്ങളിലും 1925 നു ശേഷം സ്ഥാപിക്കപ്പെട്ട ബഥനി പള്ളികൾ ആദ്ധ്യാത്മീക നിലവാരത്തിലും വിശ്വാസത്തിലും മാർ ഈവാനിയോസ് തിരുമേനിയോടുള്ള സഹകരണത്തിലും മുന്നേറിയ സമയത്താണ് മേലിൽ ബഥനി പള്ളികൾ വച്ചുകൂടാ എന്നൊരു നിരോധനാജ്ഞ മാർ ദിവന്ന്യാസോസ് പുറപ്പെടുവിച്ചത്.

## എവിടെയും എതിർപ്പിന്റെ അലയടികൾ

അമരക്കാരനായ നാഥനിൽ പൂർണ്ണ ശരണം അർപ്പിച്ച്



തന്റെ തീരുമാനങ്ങളിലൂടെ ദൈവാശ്രയത്തോടെ മുന്നേറി. ആരെല്ലാം പിന്മാറിയാലും നല്ലതെന്ന് പൂർണ്ണ ബോധ്യമായ ഒരു കർമ്മത്തിൽ നിന്ന് പിന്മാറുന്ന പ്രകൃതം പിതാവിന് ഇല്ലായിരുന്നു.

ബഥനിക്കാർ റോമായിൽ പോകുന്ന വാർത്ത ബാലികാമഠത്തിലെ കുട്ടികൾക്കും മിസ് ബ്രൂക്സ്മിത്തിനും ദുഃഖകരമായി. ആ വാർത്തകൾ ഇനി പറയരുതെന്ന് കുട്ടികളെ മിസ് ബ്രൂക്കസ്സ്മിത്ത് വിലക്കി.കാര്യങ്ങളുടെ ഫലപ്രാപ്തിക്കായി സിസ്റ്റേഴ്സ് ആഴ്ചയിൽ ഒരു ദിവസം വീതം ഭജനം ആരംഭിച്ചു. ദൈവഹിതം മനസ്സിലാക്കുന്നതിന് ഇത് സഹായിച്ചു. വന്ദ്യ പിതാവിന്റെ പ്രസിദ്ധീകരണങ്ങളൊക്കെ ബഥനിക്കുമാത്രമല്ല യാക്കോബായ സഭയ്ക്കു തന്നെ ഒരു മുതൽ കൂട്ടായിരുന്നു. ആശ്രമത്തിൽ രണ്ടുപേരൊഴികെ എല്ലാവരും പിതാവിന് പിൻതുണ നൽകി.

1930 ജൂൺ മാസത്തോടെ പുനരൈക്യ ആലോചനകൾ ഏറെക്കുറെ ക്ലിപ്തമായതിനാൽ സ്ക്കൂളിൽ ജോലി ഏറ്റെടുക്കാതിരക്കുന്നതായിരിക്കും നല്ലതെന്ന് സിസ്റ്റേഴ്സ് തീരുമാനിച്ചു. എങ്കിലും മിസ് ബ്രൂക്സ്മിത്തിന്റെ താല്പര്യപ്രകാരം 1930 ആഗസ്റ്റ് 22 -ാം തീയതി വരെ ക്ലാസ് തുടർന്നു എടുത്തു. പിന്നെ സ്ക്കൂളിൽ ആരും പഠിപ്പിച്ചില്ല.പുനരൈക്യത്തെ സംബന്ധിച്ചുള്ള കത്തുകൾ എഴുതുന്നതിന് സി. ദനഹാ പിതാവിനെ സഹായിച്ചിരുന്നു1930 ആഗസ്റ്റ് 20-ാം തീയതി 10.30 ന് വന്ദ്യ പിതാവും അനുകൂലികളും പെരുനാടിനോട് വിടപറഞ്ഞു. തനിക്ക് ഇഷ്ടദാനമായികിട്ടിയ 100 ഏക്കർ സ്ഥലം ഉടമസ്ഥനായ മി. ഇ. ജെ. ജോണിനെ തന്നെ തിരികെ കിട്ടേണ്ട കരുതൽ ചെയ്തു. പെരുനാട്ടിലെ സ്വത്തുക്കളെല്ലാം ട്രസ്റ്റികളുടെ കൈവശം ഏല്പിച്ചിരുന്നു.

1930 സെപ്റ്റംബർ 19-ാം തീയതി വെള്ളിയാഴ്ച പിതാവുൾപ്പെടുന്ന അഞ്ചംഗസംഘം (മാർ തിയോഫിലോസ്, ഫാ. ജോൺ, അലക്സാണ്ടർ ശെമ്മാശൻ, കിളിലേത്തു ചാക്കോച്ചൻ)കൊല്ലത്തേക്കു യാത്രയായി.. ശനിയാഴ്ച സെപ്റ്റം. 20 ഉച്ചകഴിഞ്ഞ് മൂന്ന് മണി വരെ ഉപവസിച്ചു പ്രാർത്ഥിച്ചു. മൂന്നുമണിക്ക് കൊല്ലം ബിഷപ്പ് ബൻസിഗർ തിരുമേനി മാർ ഈവാനിയോസ്

www.malankaralibrary.com

തിരുമേനിയേയും തെയോഫിലോസ് തിരുമേനിയേയും അതിനുശേഷം കൂടെയുള്ള എല്ലാവരേയും കത്തോലിക്കാ സഭയിലേക്കു ചേർത്തു. അങ്ങനെ അഞ്ചുപേരിൽ മലങ്കരയുടെ ഹയരാർക്കി രൂപീകൃതമായി. ചങ്ങനാശേരി ബിഷപ്പ് ജെയിംസ് മാർ കാളാശ്ശേരി ഇതിൽ സംബന്ധിക്കാൻ കൊല്ലം അരമനയിൽ എത്തിയിരുന്നു.

സെപ്റ്റംബർ 21-ാം തീയതി വന്ദ്യ പിതാവ് മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മദിനം ആലോചിച്ചുറച്ചതുപോലെ കത്തോലിക്കാ സഭാംഗമായി വി. കുർബാന അർപ്പിച്ചു.

സെപ്റ്റംഹപ് 21-ാം തീയതി വൈകീട്ടുതന്നെ പിതാവും കൊച്ചുതിരുമേനിയും മറ്റും ആശ്രമത്തിൽ എത്തിയതായി സിസ്റ്റേഴ്സ് അറിഞ്ഞു.

## ബഥനി സിസ്റ്റേഴ്സ് ഒന്നടങ്കം പുനരൈക്യപ്പെടുന്നു

പൗരസ്ത്യ ആചാരങ്ങളും ആരാധനയും അതേരീതിയിൽ നിലനിർത്തിക്കൊണ്ടാണ് മലങ്കരസഭയുടെ പുനരൈക്യം അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശമനുസരിച്ച് സാധിതമായത്. പുനരൈക്യത്തിനുശേഷം സിസ്റ്റേഴ്സിനെ കാണുവാനും അഭിനന്ദിക്കുവാനും ക്ഷണിക്കുന്നതിനുമായി ചങ്ങനാശ്ശേരിയിലും മറ്റുമുള്ള സെന്റ് ആൻസ് സിസ്റ്റേഴ്സ് തുടങ്ങിയവർ താൽപ്പര്യം കാണിച്ചു.പലവിധമുള്ള ഞെരുക്കങ്ങളും പ്രയാസങ്ങളും അവർ അനുഭവിച്ചു. അതുപോലെ തന്നെ പുനരൈക്യപ്പെട്ട വൈദീകരും പട്ടിണി, പരിഹാസം തുടങ്ങി പലവിധ പീഢകൾ ധൈര്യപൂർവ്വം സ്വീകരിച്ചു.

## നീലാർ മഠം

ഇതിനിടയിൽ പെരുനാട്ടിൽ കഷ്ടാനുഭവ ആഴ്ച നടത്തുവാൻ തടസ്സങ്ങൾ പലതായി. നങ്ങ്യാർകുളങ്ങര കവലക്ക് കുറച്ച് കിഴക്കായി ഒഴിഞ്ഞുകിടക്കുന്ന പറമ്പും ഒരു കെട്ടിടവും



പിതാവിന്റെ ശ്രദ്ധയിൽപ്പെട്ടു. അവിടെ ഒരു തൽക്കാല ഷെഡ് ഉണ്ടാക്കി മാർ ഈവാനിയോസ് തിരുമേനിയും ചേപ്പാട് റമ്പാച്ചനും ആ വർഷം ഹാശാ ശുശ്രൂഷകൾ നടത്തി. സിസ്റ്റേഴ്സ് താമസിക്കാൻ മുട്ടത്ത് പുളിമൂട്ടിൽ ഭവനം സജ്ജമാക്കി. അവിടെ താമസിച്ചുകൊണ്ട് പതിവുപോലെ പ്രാർത്ഥനകൾക്കും ശുശ്രൂഷകൾക്കുമായി സിസ്റ്റേഴ്സ് നീലാർ മഠത്തിലേക്ക് പോയി. അങ്ങനെ പത്തുവർഷമായി പെരുനാട്ടിൽ വച്ചു ഹാശാശുശ്രൂഷകൾ നടത്തിവന്ന പതിവ് ഈ സ്ഥലത്ത് പൂർത്തിയാക്കപ്പെട്ടു. ദൈവാത്മാവിന്റേയും പരി.അമ്മയുടേയും ആവാസത്താൽ ആ സ്ഥലം അനുഗ്രഹീതമായി. 1932 മെയ് 16-ന് നങ്ങിയാർകുളങ്ങര ബഥനി ബാലികാമഠംസ്ക്കൂൾ ആരംഭിച്ചു. വന്ദ്യ ചേപ്പാട് പിലിപ്പോസ്റമ്പാച്ചനും പിതാവിന്റെ അനുജൻ മത്തായിപണിക്കരും അതിന് മേൽനോട്ടം വഹിച്ചു. 1933 മെയ്മാസം 17-ാം തീയതി ബഥനിയുടെ ആദ്യത്തെ ശാഖാമന്ദിരം സ്ഥാപിതമായി. സി. മാക്സാ, സി. ബാസിം ഇവരെ തൃശ്ശൂർ കർമ്മലീത്താ മഠത്തിൽ താമസിപ്പിച്ചുകൊണ്ട് ഗവൺമെന്റ് ട്രെയ്നിംഗ് സ്ക്കൂളിൽ പഠിക്കാനായി വിട്ടു.

## സുപ്പീരിയർ

1933 മെയ്മാസത്തിൽ സി. ദനഹായെ നങ്ങ്യയാർകുളങ്ങര മഠത്തിന്റെ സുപ്പീരിയറായും സി. മാക്സാ, സി. തൈബൂസ് സി. സൈബാർ ഇവരെ മഠത്തിലെ അംഗങ്ങളായും നങ്ങ്യയാർകുളത്തേക്ക് അയച്ചു. ഒരു അന്നമ്മ എബ്രഹാം ആയിരുന്നു ഹെഡ്മിസ്ട്രസ്സ്. സി. സൈബാർ ഒഴിച്ചുള്ളവർ സ്ക്കൂളിൽ പഠിപ്പിച്ചു. 1933 ജൂൺ നാലാം തീയതി സി. ബാസീമിനെ കൂടെ സ്ക്കൂളിലേക്ക് അയച്ചു.

## കൊല്ലം ഹോളിക്രോസ് കോൺവെന്റിൽ നോവിഷ്യേറ്റ്

സി. ദനഹാ, സി. സൾഗാ ഇവരെ കത്തോലിക്കാ സഭയിലെ നോവിഷ്യേറ്റ് പരിശീലനത്തിനായി കൊല്ലത്ത് ഹോളിക്രോസ് മഠത്തിലേക്ക് വന്ദ്യ പിതാവ് അനുഗ്രഹാശീസുകൾ

www.malankaralibrary.com

നൽകി അയച്ചു. 1932 ജനുവരി 12 മുതൽ 19 വരെയുള്ള ധ്യാനത്തിൽ സംബന്ധിച്ചശേഷം അവരെ നോവിഷ്യേറ്റിൽ പ്രവേശിപ്പിച്ചു. മദർ പ്രോവിൻഷ്യലായിരുന്ന ലയോനി, സി. ജോസഫാ, സി. അലോഷ്യ ഇവർ ഹൃദ്യമായ സേവനമാണ് സിസ്റ്റേഴ്സിന് നൽകിയത്. സി. സ്റ്റാനിസ്ലാവോസ് എന്നൊരു സ്വിസ് ജർമ്മൻ സിസ്റ്ററിന്റെ കീഴിൽ അവരുടെ നോവിസ്സസിന്റെ കൂടെ 1932 ജനുവരി 19 മുതൽ 1933 ജനുവരി 20 വരെ ആയിരുന്നു പരിശീലനം.ഈ സിസ്റ്റേഴ്സ് പോയ മഠങ്ങളുമായി ഉത്തമമായ സുഹൃദ് ബന്ധം സ്ഥാപിക്കുകയും അഭിമാനകരവും വിജയപ്രദവുമായ ശിക്ഷണം നേടുകയും ചെയ്തത് പിൻ തലമുറയക്കും ഒരു മുതൽകൂട്ടായി. ആദ്ധ്യാത്മിക ജീവിതത്തിൽ കൂടുതൽ തീക്ഷ്ണതയോടെ മദർ ബാസിം, മദർ മാക്സാ എന്നിവരും തിരിച്ചുവന്നു. രണ്ടുമഠങ്ങളിലും താമസിച്ച സിസ്റ്റേഴ്സിന്റെ ചിലവ് അതാത് മഠങ്ങൾ തന്നെയാണ് വഹിച്ചത് എന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു.

ബാലികാമഠത്തിനുപകരം ബഥനി ബാലികാ മഠം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു. നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളേയും പഠിപ്പിക്കുവിൻ എന്ന ഗുരുവിന്റെ ആഹ്വാനം , ഞാൻ എന്നാളും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന ഉറപ്പ് സിസ്റ്റേഴ്സിന് ഉത്തേജനം നൽകി. നാട്ടിലെ വിവിധ വീടുകളിൽ നിന്നും പെൺകുട്ടികൾ ബാലികാമഠത്തിൽ പഠിക്കാനെത്തി.

സ്ത്രീജനോദ്ധാരണം, ആദ്ധ്യാത്മീക ഉന്നമനം, വിനീതമായ പെരുമാറ്റം തുടങ്ങിയവയിൽ ബഥനിയിലെ കുട്ടികൾ മുൻപന്തിയിലായിരുന്നു. അവർക്ക് സിസ്റ്റേഴ്സിനോടുള്ള ബന്ധം വളരെ ആഴപ്പെട്ടതായിരുന്നു. അവരുടെ പിൻതലമുറക്കാരെ ബഥനിയിലേക്ക് തന്നെ പഠനത്തിനയക്കാൻ അവർ തൽപ്പരരായി. ഇംഗ്ലീഷ് വിദ്യാഭ്യാസവും ജീവിത നിഷ്ഠയുള്ള നേതൃത്വം അവരെ വലുതാക്കി.

മലങ്കരകത്തോലിക്കാ സഭയുടെ ആസ്ഥാനം ഇതിനോടകം തിരുവനന്തപുരമായി. തിരുവനന്തപുരത്തും തിരുവല്ലായിലുമായി സിസ്റ്റേഴ്സ് പ്രേഷിത പ്രവർത്തനം നടത്തി. മദർ ശൈന, സി. ദനഹാ, സി. സൾഗാ ഇവർ തിരുവനന്തപുരത്തും സി. ഹൂബാ,



സി. തൈബൂസ് തുടങ്ങിയവർ തിരുവല്ലായിലുമായി രണ്ടു മഠങ്ങളിലായി പ്രവർത്തിച്ചുവന്നു. തിരുവനന്തപുരം പാളയത്ത് പെൺകുട്ടികൾക്കായി 1941-ൽ ഒരു ഹോസ്റ്റൽ ആരംഭിച്ചിരുന്നു. അതിന്റെ വാർഡനായിരുന്ന മദർ സൾഗാ സുഖമില്ലാതെ മദനപ്പള്ളിയിൽ പോയി. പിതാവിന്റെ പെങ്ങൾ കുഞ്ഞമ്മകൊച്ചമ്മ ഈ കാലയളവിൽ സി. സൈബാറിനെ സഹായിച്ചു. കൂടാതെ അരുവിയോട് പഠിപ്പിച്ചിരുന്ന സി. ഹഫീത്തായും സി. ഹനോനായും എല്ലാ വെള്ളിയാഴ്ചയും. അരുവിയോടു നിന്നും നടന്ന് ഇവിടെ വന്നിരുന്നു.

## ഹോസ്റ്റൽ വാർഡൻ

വീടിന് സൗകര്യം കുറവായതിനാലും കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാലും താമസംവിനാ ഹോസ്റ്റൽ വാൻറോസ് ബംഗ്ലാവിലേക്ക് മാറ്റി. മദർ ദനഹാ ഹോസ്റ്റൽ വാർഡനായി ചുമതലയേറ്റു. കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്ന് കെട്ടിടത്തിന്റെ ഉടമ ആവശ്യപ്പെട്ടു. ആണ്ടിന്റെ മദ്ധ്യത്തിലുള്ള അസൗകര്യം അറിയിച്ചു. വൈകിട്ട് ആറുമണിക്ക് ഉടമസ്ഥന്റെ പക്ഷക്കാരായ ഒരു സംഘം എത്തി. താമസിയാതെ പിതാവ് ചാക്കോച്ചേട്ടനെ അയച്ചു. പുറകേ ഒരു സംഘം പോലിസുകാരുമായി പിതാവും. പോലീസ് വന്നവരെ വിരട്ടിയോടിച്ചു. മറ്റൊരു ചെട്ട്യാരുടെ കെട്ടിടം മലഞ്ചെരിവിൽ മത്തായി സാറിന്റെ സഹായത്തോടെ വാടകയ്ക്ക് എടുത്തു അടിച്ചുവാരി അവിടേക്ക് മാറ്റി. അവിടെ വന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ 1942 ൽ പിതാവ് ഇപ്പോഴത്തെ ഹോസ്റ്റൽ നിൽക്കുന്ന പൂന്നൻറോഡിലെ സ്ഥലവും കെട്ടിടവും വാങ്ങി. 42 പേർക്ക് താമസസൗകര്യമുള്ള സ്ഥലമായിരുന്നു അത്. 1945 ഒക്ടോബറിൽ മദർ ചെങ്ങന്നൂർ മഠം തുടങ്ങുന്നതിനായി പോയി. പകരം മദർ മാക്സാ നിയോഗിക്കപ്പെട്ടു. 1946 ൽ മദർ മാക്സായക്കുപകരം സി. ഹനോനോ വന്നു.

യുദ്ധത്തിന്റെ കാലയളവായിരുന്നതുകൊണ്ട് സിസ്റ്റേഴ്സിന് ബഹുമുഖമായ കഷ്ടപ്പാടുകൾ ഉണ്ടായി. അരികിട്ടാനില്ലായിരുന്നു. സിസ്റ്റേഴ്സ് പച്ചനെല്ലു കുത്തി അരിയുണ്ടാക്കി അന്നുണ്ടായിരുന്ന 32 കുട്ടികൾക്കും ഉച്ചയ്ക്ക് ചോറും മറ്റവസരങ്ങ

www.malankaralibrary.com

ളിൽ ഗോതമ്പും ബജറായും മറ്റും രുചികരമായി ഉണ്ടാക്കികൊടുത്തിരുന്നു. തൃപ്തരായി കുട്ടികൾ സസന്തോഷം സഹകരിച്ചു.1939 ൽ സി. ദനഹാ ക്ഷയരോഗ ബാധിതയായി ചികിത്സാർത്ഥം മദനപ്പള്ളി ക്ഷയരോഗാശുപത്രിയിലെത്തി. സഹനാഗ്നിയിൽ സ്ഫുടം ചെയ്യപ്പെട്ട പ്രസന്നതയോടെ സിസ്റ്റർ തിരിച്ചെത്തി കർമ്മ രംഗത്തിലേക്ക് പ്രവേശിച്ചു. ബഥനിയുടെ വിദ്യാഭ്യാസ രംഗത്താണ് മദറിന്റെ വ്യക്തിത്വം തെളിഞ്ഞു പ്രകാശിച്ചത്. സ്ക്കൂളുകൾക്ക് അംഗീകാരം കിട്ടുന്നതിനും പുതിയ കെട്ടിട നിർമ്മിതിക്കുള്ള അനുമതിക്കുമായി ഓഫീസുകളിൽ കയറി ഇറങ്ങി കാര്യം സാധിച്ചു വരുന്ന മദറിന്റെ മുഖഭാവമാണ് എന്റെ മുമ്പിൽ തെളിഞ്ഞുകാണുന്നത്.

ബഥനിയുടെ ഭവനങ്ങളിൽ സുപ്പീര്യറായും ജനറൽ, പ്രൊവിൻഷ്യൽതലങ്ങളിൽ കൗൺസിലറായും മദർ പ്രവർത്തിച്ചിട്ടുണ്ട്. 1956-ലെ സംയോജനത്തിനു ശേഷം ജനറൽ കൗൺസിലറായി മദർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത കാലഘട്ടത്തിൽ സമൂഹത്തിലെ ആദ്യത്തെ പത്ത് അംഗങ്ങൾക്കു പരിശുദ്ധ പിതാവ് നൽകിയ മദർ സ്ഥാനം നൽകിയ കൂട്ടത്തിൽ മദർ ദനഹായും ഉൾപ്പെട്ടു.

## വിവിധ സ്കൂളുകളിൽ.

ചെങ്ങന്നൂർ സെന്റ് ആൻസ് സ്കൂൾ ഒരു റസിഡൻഷ്യൽ സ്കൂളായിട്ടാണ് ആരംഭിച്ചത്. വന്ദ്യപിതാവിന്റെ സ്നേഹിതരും സഹായികളുമായിരുന്ന വൈദികരുടെയും പിതാവിനോടൊത്ത് ഈ വിദ്യാലയത്തിൽ നിന്നും മദറിന്റെ നേതൃത്വത്തിൽ ശിക്ഷണം ലഭിച്ചു. അവർ എല്ലാവരും തന്നെ ബഥനിയിൽ ഉന്നതമായ സേവനം കാഴ്ച്ചവച്ചവരാണ്. മദറിന്റെ സവിശേഷതകളെപ്പറ്റി ഇവർ ജീവിതകാലത്തു സാക്ഷ്യപ്പെടുത്തിയത് ജന്മശതാബ്ദി സ്മരണികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.രാവിലെ വി. കുർബ്ബാനയ്ക്കു ശേഷം ബ. വൈദികനെ ആദരപൂർവ്വം യാത്രയാക്കിയിട്ട് പ്രഭാതഭക്ഷണം കഴിഞ്ഞ് ഒരു ചൂലും ഇരുമ്പുമായി പറമ്പിലേക്കിറങ്ങി ചപ്പുചവറുകൾ കൊണ്ട് കുണ്ടും കുഴിയും നികത്തി ഭൂമി നിരപ്പാക്കുന്നതിൽ മദർ കാണിച്ച ശ്രദ്ധ മാതൃകാപരമായിരുന്നു.



സ്കൂളുകളും മഠങ്ങളും സ്ഥാപിക്കുന്നതിൽ മദർ പ്രത്യേക താല്പര്യം കാണിച്ചിരുന്നു. അതുപോലെ മഠത്തിനും സ്കൂളിനും ആവശ്യത്തിനു സ്ഥലം കണ്ടെത്തുന്നതിലും മദർ ദത്തശ്രദ്ധയായിരുന്നു. കുട്ടികളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടുന്നതിന് മദറിനു സാധിച്ചിട്ടുണ്ട്. ഇന്ന് നിലവിൽ വന്ന പ്രോജക്ട് രീതിയായിരുന്നു അന്ന് മദറിന്റെ അദ്ധ്യയനരീതി എന്നതിൽ നിന്ന് മദറിൽ അദ്ധ്യാപനരീതി നവീനമായതായിരുന്നുവെന്ന് വ്യക്തമാണ്. കാലോചിതമായ മാറ്റങ്ങൾ മദറിനു സ്വീകാര്യമായിരുന്നു. കലോത്സവങ്ങളിലും കായികോത്സവങ്ങളിലും പങ്കെടുക്കുവാൻ കുട്ടികളെ മദർ പ്രോത്സാഹിപ്പിച്ചിരുന്നു. വിജയശ്രീലാളിതരായി വരുന്ന ടീമുകളെ അഭിനന്ദിക്കുവാനും മദർ ശ്രദ്ധിച്ചിരുന്നു.

ചെങ്ങന്നൂർ, കായംകുളം, നങ്ങ്യാർകുളം മഠങ്ങളിലും കുണ്ടറ ലിറ്റിൽ ഫ്ളവർ സ്കൂളിലും ആയിരുന്നുകൊണ്ട് മദർ എല്ലാ പ്രോത്സാഹനങ്ങളും കുട്ടികൾക്കു നൽകിയിരുന്നു. കായംകുളം സ്കൂളിന്റെയും മഠത്തിന്റെയും പുരോഗതിയിൽ മദർ ദനഹ വഹിച്ചിട്ടുള്ള പങ്ക് അനിർവചനീയമാണ്.മദറിന്റെ സേവനം ഏറ്റവും കൂടുതൽ ലഭിച്ചിട്ടുള്ളതും കായംകുളം സെന്റ് മേരീസ് സ്കൂളിനാണെന്നുള്ളതിൽ സംശയമില്ല. അദ്ധ്വാനവും പ്രാർത്ഥനയും മദറിന്റെ ജീവിതത്തിൽ എടുത്തു പറയേണ്ട രണ്ടു സവിശേഷതകളാണ്.സ്കൂളിലെ മുഴുവൻ കുട്ടികൾക്കായും മുടങ്ങാതെ ഉച്ച സമയത്ത് മോറൽ ക്ലാസുകൾ നൽകി ഒരു ഉത്തമ വ്യക്തിയായി കുട്ടികളെ വാർത്തെടുക്കുന്നതിൽ മദർ അതീവ ശ്രദ്ധാലുവായിരുന്നു. കുട്ടികൾക്കു വേണ്ട രൂപീകരണം ഏറ്റം സ്നേഹനിറവിൽ മദർ നൽകിയിരുന്നു. അയൽപക്കത്തുള്ള വീടുകളിലെ കുഞ്ഞുങ്ങൾ ഇടവേളകളിൽ മദറിന്റെ ഉപദേശവും വാത്സല്യവും അനുഭവിക്കുവാൻ കടന്നു വന്നിരുന്നു. അതുപോലെ സമൂഹത്തിലെ നേതൃ സ്ഥാനങ്ങളിൽ ശോഭിച്ചിരുന്ന ഉദ്യോഗസ്ഥരും ഇലക്ഷൻ സമയങ്ങളിൽ മദറിന്റെ അനുഗ്രഹാശിസുകൾക്കായി പാർട്ടിഭേദമെന്യേ വന്നിരുന്നു.

മദറിന്റെ മര്യാദ നിറഞ്ഞ പെരുമാറ്റവും പുഞ്ചിരിക്കുന്ന മുഖഭാവവും തുറവി നിറഞ്ഞ സംസ്കാരവും കുലീനത്വമുള്ള പെരുമാറ്റവും സരസത നിറഞ്ഞ സൗഹൃദ ഭാവവും ഏവരേയും

www.malankaralibrary.com

ആകർഷിക്കുന്നതായിരുന്നു. ആധ്യാത്മീകമായ ഒരു ദിവ്യതേജസ്സ് ആ മുഖത്ത് കളിയാടിയിരുന്നു.1958 ൽ കായംകുളത്തുനിന്നും അദ്ധ്യാപനവൃത്തിയിൽ നിന്നും വിരമിച്ചിട്ടും അറിവിന്റെ നിറകുട മായ ആ അമ്മയ്ക്ക് ആവശ്യാനുസരണം ആർക്കും സാരോപ ദേശങ്ങൾ പങ്കുവയ്ക്കാനുണ്ടായിരുന്നു. കായംകുളം സ്ക്കൂളിന്റെ ഇന്നുകാണുന്ന പുരോഗതിയിൽ മദറിന്റെ പങ്ക് നിസ്സീമമാണ്.

മദർ ഒരു അരോഗദൃഢഗാത്രയായിരുന്നു. വികസനത്തിന്റെ എല്ലാരംഗങ്ങളിലും മദറിന്റെ ശ്രദ്ധ പതിഞ്ഞിരുന്നു. രാജ്യസ്നേ ഹത്തിന്റെ കാര്യത്തിലും മദർ ഒന്നാമതായിരുന്നു. സ്വാതന്ത്ര്യദി നം, ശിശുദിനം, റിപ്പബ്ലിക് ദിനം തുടങ്ങി ചരിത്രപ്രാധാന്യമുള്ളവ എല്ലാം ആഘോഷമാക്കുവാൻ മദർ പ്രേരണ നൽകിയിരുന്നു. ക്രിസ്മസ്സ് കാലങ്ങളിൽ ഡിസംബർ ഒന്നിനു തന്നെ കരോൾ ഗീതങ്ങൾ പഠിപ്പിച്ചു തുടങ്ങും.

ക്രമവും ചിട്ടയും നിഷ്ഠയുമുള്ള ജീവിതശൈലി മദറിന്റെ ഒരു മുതൽക്കൂട്ടായിരുന്നു. കൽക്കട്ട ഡയോസിസ്സൻ കോളേജിൽ സി. മേരി വിക്ടോറിയായിൽ നിന്നു കിട്ടിയ ശിക്ഷണവും, മദർ ഈഡിത്ത്, സി. ഹെലൻ തുടങ്ങിയ ഓക്സ്ഫോർഡ് മിഷൻ ഓഫ് എപ്പിഫനിയുടെ പരിശീലനങ്ങളും കൊല്ലത്ത് സി. സ്റ്റനാ സ്ലാവ്സിൽ നിന്നും കിട്ടിയ സന്യാസപരിശീലനവും സർവ്വോ പരി കുലീനത്വം നിറഞ്ഞ കുടുംബത്തിൽ നിന്നും ലഭിച്ച അടി സ്ഥാന ഗുണങ്ങളും മദറിന്റെ വ്യക്തിത്വത്തെ വളരെ ധന്യമാക്കി.

## അന്ത്യ നാളുകൾ

സേവനം അനുഷ്ഠിച്ചിരുന്ന അൽമായ ശ്രേഷ്ഠരുടെയും മക്കൾക്ക് 1973 ആയപ്പോഴേക്കും ഒരു ചെറിയ ഹൃദ്രോഗബാധയെ മദർ നേരിടേണ്ടിവന്നു. പൂർണ്ണമായും വിശ്രമ ജീവിതത്തിൽ കായം കുളത്ത് എല്ലാ സംരക്ഷണയിലും കഴിഞ്ഞു.

1990 ജൂൺ ഒൻപതിന് നാലാംഞ്ചിറ മഠത്തിലേക്ക് കൊണ്ടു പോകും വരെ മദർ കായംകുളം മഠത്തിൽ വിശ്രമത്തിലായിരു ന്നു. പ്രാർത്ഥനയിലും വായനയിലും ധ്യാനത്തിലും മദർ സമയം ചെലവഴിച്ചു. അടുത്ത് ചെല്ലുന്നവർക്ക് സാരോപദേശങ്ങൾ നൽകു ന്നതിലും മദർ തൽപ്പരയായിരുന്നു. മദർ ഇംഗ്ലീഷ് ഭാഷ



കൈകാര്യം ചെയ്യുന്നത് കേൾക്കാൻ ഇമ്പമായിരുന്നു. യാമപ്രാർത്ഥ നകൾ സ്പഷ്ടമായും ഉച്ചത്തിലും ഭക്തിയിലും ഇമ്പമായി പാടു ന്നതിൽ മദർ ആരോഗ്യത്തിലും അനാരോഗ്യത്തിലും ശ്രദ്ധിച്ചിരു ന്നു.ഡോക്ടേഴ്സ് ഇടയ്ക്കിടക്ക് മഠത്തിലെത്തി വേണ്ട ചികിത്സ കൾ നൽകിയിരുന്നു. മദറിനെ ശുശ്രൂഷിക്കുന്നത് ഒരു ഭാഗ്യമായി കരുതി സിസ്റ്റേഴ്സ് സമയം കിട്ടുമ്പോഴെല്ലാം മദറിന്റെ അടുക്കൽ എത്തുകയും സഹായിക്കുകയും ചെയ്യുക പതിവായിരുന്നു. എല്ലാ ഉപകാരങ്ങൾക്കും താങ്ക്യൂ സിസ്റ്റർ എന്നു പറയാൻ മദർ മറന്നിട്ടില്ല.

## അന്ത്യ നിമിഷങ്ങൾ

1991 മാർച്ച് ആയപ്പോഴേക്കും മദറിന് ക്ഷീണം വർദ്ധിച്ചു. മാർച്ച് 13 ന് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാ വിന്റെ മുഖ്യ കാർമ്മികത്വത്തിൽ മദറിന് രോഗീലേപനം നൽകി. പ്രാർത്ഥനകളെല്ലാം വ്യക്തമായും സ്പുടമായും മദർ ഏറ്റുച്ചൊല്ലി. ഭക്തിപൂർവ്വം തിരുപാഥേയം ഉൾക്കൊണ്ടു. തുടർന്നുള്ള ദിവസ ങ്ങളിൽ അല്പം സ്വരം ഉയർത്താൻ ശക്തിയുണ്ടായിരുന്നപ്പോ ഴെല്ലാം പ്രാർത്ഥന നയിക്കുകയും മുറിയിൽ പ്രാർത്ഥിക്കുന്നവരോ ടൊപ്പം വ്യക്തമായി പ്രാർത്ഥന ചൊല്ലുകയും ചെയ്തിരുന്നു. എല്ലാ ദിവസവും വി. കുർബ്ബാന സ്വീകരിക്കുവാൻ മദർ നിർക്കർഷ കാണി ച്ചിട്ടുണ്ട്. 1991 മെയ് 12-ന് മദർ പതിവിലും ക്ഷീണിതയായി കാണ പ്പെട്ടു. ആ മുഖത്ത് അവാച്യമായ ഒരു ശോഭ ദൃശ്യമായി. മദറിന്റെ ബന്ധുമിത്രാദികൾ ഇടയ്ക്കുവന്ന് മദറിനെ കാണുന്നുണ്ടായിരു ന്നു.

സിസ്റ്റേഴ്സ് എല്ലാവരും ആകാംക്ഷാഭരിതരായി പ്രാർത്ഥന ഉരുവിട്ടുകൊണ്ട് മദറിന്റെ കിടക്കയ്ക്ക് ചുറ്റും നിന്നിരുന്നു. മരണാ സന്നർക്ക് വേണ്ടിയുള്ള പ്രാർത്ഥനയോടെ ബഥനി ആശ്രമത്തിലെ ബ. സാവിയോ അച്ചൻ അടുത്തുതന്നെ നിന്നു. 13-ാം തീയതി വെളുപ്പിന് 4.15 ന് മദറിന്റെ പാവനാത്മാവ് ശാന്തമായി സ്വർഗ്ഗം പൂകി.മരണവാർത്ത അറിഞ്ഞ് മദറിന്റെ ബന്ധുക്കളും സുഹൃത്തു ക്കളും വൈദീകരും സിസ്റ്റേഴ്സും ദർശനത്തിനും മൃതദേഹത്തിന് അന്തിമാദരവുകൾ നൽകുന്നതിനുമായി വന്നുകൊണ്ടിരുന്നു.14-ാം തിയതി രാവിലെ 9 മണിയോടുകൂടി അഭിവന്ദ്യ ബനഡിക്റ്റ് മാർ

www.malankaralibrary.com

ഗ്രീഗോറിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നാലാംചിറ ബഥനി മഠം വക സെമിത്തേരിയിൽ പ്രത്യേകമായി പണിത കല്ലറയിൽ ആ പൂജ്യ ശരീരം സംസ്ക്കരിച്ചു. 41-ാം ദിനത്തിൽ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ വി. കുർബ്ബാനയും ധൂപാർപ്പണവും നടത്തി. ആ പാവനാത്മാവിന്റെ സ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

## ഉപസംഹാരം

ആഴമായ ആദ്ധ്യാത്മികജീവിതത്തിന്റെ ഉടമയായ മദർ പ്രാർത്ഥനയുടേയും നിഷ്ഠാജീവിതത്തിന്റേയും മാതൃകയായിരുന്നു. രോഗക്കിടക്കയിൽ വച്ച് ഈശോയോട് സംഭാഷിക്കുകയും സമൂഹത്തിന് നൽകിയിട്ടുള്ള നിരവധി നന്മകൾക്ക് നന്ദിപറയുകയും ചെയ്യുന്നത് പലപ്പോഴും കേൾക്കാമായിരുന്നു. പരിശുദ്ധ പിതാവ്, വൈദീകർ, അധികാരികൾ എല്ലാം മദറിന്റെ പ്രാർത്ഥനയിൽ ഉൾപ്പെട്ടിരുന്നു. പ്രാർത്ഥനകൊണ്ട് എനിക്ക് ഇവരെയെല്ലാം സഹായിക്കാമല്ലോ എന്ന് മദർ തൃപ്തിയോടെ പറയുന്നതു കേട്ടിട്ടുണ്ട്.ലളിത ജീവിതവും, അദ്ധ്വാനവും, അതിഥി സൽക്കാരവും, സാധുക്കളോടുള്ള കാരുണ്യവും, സംതൃപ്തി നിറഞ്ഞ മനോഭാവവും മദറിന്റെ പ്രത്യേകതകളായിരുന്നു. രസകരമായി സംസാരിക്കുമ്പോൾ പോലും ക്ലാസ്സിലോ അവനവന്റെ ജോലികൾക്കോ പോകാൻ സമയമായി എന്നറിഞ്ഞാൽ ഉടൻ സംസാരം നിർത്തി പറഞ്ഞയക്കുന്നതും മദറിന്റെ പതിവായിരുന്നു. ഞാൻ നന്നായി പൊരുതി എന്റെ ഓട്ടം പൂർത്തിയാക്കി. നീതിയുടെ കിരീടം എനിക്കായി ഒരുക്കിയിരിക്കുന്നു എന്ന് പൗലോസ് ശ്ലീഹായെപോലെ മദർ ദനഹായ്ക്കും പറയാം. നിത്യകിരീടത്തിനായി പരമ പിതാവിന്റെ സന്നിധിയിൽ സങ്കീർത്തനാലാപം ചെയ്തുകൊണ്ടിരിക്കുന്ന പ്രിയപ്പെട്ട മദർ ദനഹായുടെ മാദ്ധ്യസ്ഥം ബഥനിക്ക് എന്നുമെന്നും അനുഗ്രഹവും കോട്ടയുമായിരിക്കട്ടെ.

ഉദയം എന്ന പേര് മദറിന് ഉചിതമെന്ന് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി അറിഞ്ഞു നൽകി. ബഥനിയുടെ അന്തരീക്ഷത്തിൽ ഒരു ജീവന്റെ തുടിപ്പായി. ആ ശബ്ദം, ആ രൂപം, ആ ചൈതന്യം എന്നെന്നും വിരാജിക്കട്ടെ. അമ്മേ നമോവാകം.





**മദർ സൽഗാ**

**1901 – 1988**

www.malankaralibrary.com

# മദർ സൾഗാ

*(സി. സെൽക്ക, തിരുവനന്തപുരം)*

## മുഖവുര

സംഭവങ്ങളും പാരമ്പര്യങ്ങളും മനുഷ്യരിലൂടെ സംജാതമാകുന്നു. തലമുറകളിലൂടെ ഇത് കൈമാറി സമൂഹത്തി നാകമാനം ഉണർവ്വും ഉത്തേജനവും നൽകുമ്പോഴാണ് സമൂഹം സംസ്കാര സമ്പന്നമാകുന്നത്.

ബഥനി സന്യാസിനി സമൂഹത്തിന്റെ ആരംഭകരിലൊരാളായ മദർ സൾഗായെ യുവതലമുറയ്ക്ക് പരിചയപ്പെടുത്തുമ്പോൾ ലോകചരിത്രത്തിലെതന്നെ മഹത്തായ സംഭവങ്ങളിലൊന്നായ പുനരൈക്യ പ്രസ്ഥാനവും അതിന്റെ ഉപജ്ഞാതാവായ മാർ ഈവാനിയോസ് തിരുമേനിയുമാണ് നിർവ്വചിക്കപ്പെടുന്നത്. മലങ്കര കത്തോലിക്കാ സഭാ ചരിത്രവുമായി അഭേദ്യമായ ബന്ധമാണ് ബഥനിയുടെ ചരിത്രത്തിനുള്ളത്. പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായിരുന്ന ബഥനി സന്യാസി- സന്യാസിനി സഭകളുടെ സംസ്കാര സമ്പന്നതയിലും സന്യാസപരമായ ആദ്ധ്യാത്മിക പാരമ്പര്യങ്ങളിലും അധിഷ്ഠിത മായി മലങ്കര കത്തോലിക്കാസഭ വളർന്നുവന്നത് ദൈവനിയോഗ മായിരുന്നു. സഭാമക്കൾ ഇന്നത് അനുഭവിക്കുന്നു.

മലങ്കര കത്തോലിക്കാ സഭയിലെ ആദ്യ സ്ത്രീ രത്നങ്ങളിലൊരാളായ മദർ സൾഗായുടെ ചരിത്രം ബഥനി സന്യാസിനീ സമൂഹത്തിന്റെ ആദ്യകാല ചരിത്രമാണ്. അത് പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യനാളുകളെ അനുവാചകരിലേയ്ക്ക് പുനരവതരിപ്പിക്കുന്ന മഹാചരിതമത്രെ.

### അദ്ധ്യായം - I
### ബാല്യവും വിദ്യാഭ്യാസവും

കായംകുളത്തിനും മാവേലിക്കരയ്ക്കും ഇടയ്ക്കുള്ള ചരിത്രപ്രധാനമായ കൊച്ചുഗ്രാമമാണ് കറ്റാനം. കായംകുളം

www.malankaralibrary.com

രാജാവിന് കറ്റ കാണമായി നൽകിയിരുന്നതിനാൽ ഈ സ്ഥലത്തിന് കറ്റാനം എന്ന പേരുണ്ടായി എന്ന് മദർ സൾഗാ തന്നെ പറഞ്ഞു കേട്ടിട്ടുണ്ട്.

മാവേലിക്കര പോളച്ചിറയ്ക്കൽനിന്നും, കറ്റാനത്ത് ആന്നിയിൽ താമസമാക്കിയ നൈനാന്റെ മകൻ ചെറിയാൻ തരകനായിരുന്നു മദർ സൾഗായുടെ വന്ദ്യപിതാവ്. മാതാവ് ചാത്തന്നൂർ മഞ്ചാടിവിളാകത്ത് മറിയാമ്മയും. ഈ ദമ്പതിമാരുടെ രണ്ടാമത്തെ സന്താനമായി 1901 നവംബർ 6-ാം തീയതി പുരാതനമായ ആന്നിയിൽ കുടുംബത്തിൽ മദർ സൾഗാ ജനിച്ചു. കറ്റാനത്ത് വി. സ്തേഫാനോസ് സഹദായുടെ നാമത്തിലുള്ള പള്ളിയിൽ മാങ്കാവിൽ ഗീവറുഗീസ് കത്തനാർ മാമോദീസായും മൂറോനഭിഷേകവും നൽകി, കുഞ്ഞിന് അന്നമ്മ എന്ന പേർ കൊടുത്തു. അന്നമ്മയ്ക്ക് തങ്കമ്മ എന്നൊരു ജ്യേഷ്ഠ സഹോദരിയും നൈനാൻ (കുഞ്ഞ്) എന്നൊരു സഹോദരനുമുണ്ടായിരുന്നു.

സ്വതവെ കുശാഗ്രബുദ്ധിയായ അന്നമ്മ മാതാപിതാക്കളുടെ ശ്രദ്ധയിലും പരിലാളനയിലും വളർന്നുവന്നു. സൂക്ഷ്മചിത്തയും അൽപം വാശിക്കാരിയും, വിട്ടുവീഴ്ചയ്ക്ക് വഴങ്ങാത്ത കാർക്കശ്യക്കാരിയുമായിരുന്ന അന്നമ്മ ചെറുപ്രായത്തിൽതന്നെ ആദ്ധ്യാത്മിക കാര്യങ്ങളിൽ വളരെ ഉത്സുകയായിരുന്നു.

തയ്യിൽ ആശാന്റെ പള്ളിക്കൂടത്തിൽ 7-ാം വയസ്സിൽ അന്നമ്മയെ നിലത്തെഴുത്തിനിരുത്തി. കറ്റാനം സി.എം.എസ്. സ്കൂളിൽ 1911-1913 വരെ രണ്ടും മൂന്നും ക്ലാസ്സുകളും, പള്ളിക്കൽ ഗവ: സ്കൂളിൽ 1913-1914 വരെ നാലാം ക്ലാസ്സും, ഇടപ്പള്ളി സി.എം.എസ്. സ്കൂളിൽ 1914-1915 വരെ പ്രിപറേറ്ററി ക്ലാസ്സും പഠിച്ചു. തുടർന്ന് കായംകുളം ഗവ: ഇംഗ്ലീഷ് സ്കൂളിൽ 1915-1917 വരെ 1st, 2nd, 3rd form വിദ്യാഭ്യാസം പൂർത്തിയാക്കി.

അന്നമ്മയുടെ പിതാവ് ചെറിയാൻ തരകൻ കൊല്ലത്ത്



ഇംഗ്ലീഷുകാർ നടത്തിയിരുന്ന ഒരു കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. ഇക്കാലത്ത് ചാത്തുരുത്തി മെത്രാൻ എന്നറിയപ്പെട്ടിരുന്ന ഗ്രീഗോറിയോസ് തിരുമേനിയുടെ ക്ഷണപ്രകാരം ചെറിയാൻ കമ്പനി ഉദ്യോഗം രാജിവച്ചിട്ട് പരുമല സെമിനാരിയിലെ പ്രൊഫസറായി ചേർന്നു. ഇംഗ്ലീഷിൽ നല്ല പാണ്ഡിത്യം ഉണ്ടായിരുന്ന അദ്ദേഹം സെമിനാരിക്കാരെയും മെത്രാച്ചനെയും ഇംഗ്ലീഷ് പഠിപ്പിച്ചു. ഇതിന് പകരമായി സുറിയാനി ഭാഷാ പണ്ഡിതനായിരുന്ന മെത്രാൻ ചെറിയാനെ സുറിയാനി ഭാഷയും പഠിപ്പിക്കുകയുണ്ടായിയെന്ന് മദർ സൾഗാ തന്നെ പറഞ്ഞുകേട്ടിട്ടുണ്ട്. അങ്ങനെ അദ്ദേഹം സെമിനാരിയിൽ സെമിനാരിക്കാരൊന്നിച്ചും, വീട്ടിൽ മക്കളോടൊത്തും ശ്ഹീമോ നമസ്കാരം ചൊല്ലുന്നതിന് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. ഈ പാരമ്പര്യം പിൽക്കാലത്ത് അന്നമ്മയെ ശ്ഹീമോ നമസ്കാരത്തിന്റെ ബൈബിൾ റഫറൻസിനുവേണ്ടിയുള്ള ഗവേഷണത്തിലേയ്ക്ക് ശ്രദ്ധ തിരിക്കുന്നതിന് പ്രചോദനമേകി എന്നു പറയാം. പിതാവിന്റെ ഗുണങ്ങളെല്ലാം സ്വായത്തമാക്കിയ പ്രിയ പുത്രി ആയിരുന്നു അന്നമ്മ. അന്നമ്മയ്ക്ക് 9 വയസുള്ളപ്പോൾ ചെറിയാൻ നിര്യാതനായി.

ഇരുപതാം നൂറ്റാണ്ടിലെ ആദ്യദശകങ്ങളിലെ ആദ്ധ്യാത്മിക സമ്പന്നതയിലാണ് അന്നമ്മവളർന്നുവന്നത്. ആന്നിയിലെ കുടുംബനായകനായ കുഞ്ഞുമാത്തുണ്ണി 18-ാം നൂറ്റാണ്ടിൽ വി. സ്തേഫാനോസ് സഹദായുടെ നാമത്തിൽ പണികഴിപ്പിച്ച മനോഹരദേവാലയം 1935-ൽ മാത്രമാണ് ആന്നിയിൽ കുടുംബം ഇടവകയ്ക്ക് പൂർണ്ണമായി വിട്ടുകൊടുത്തത് എന്ന് "മദർ സൾഗാ ജന്മശതാബ്ദി സ്മരണിക"യിൽ ബഹു. ആന്നിയിൽ തരകനച്ചൻ പ്രതിപാദിച്ചിട്ടുണ്ട്.

ഏഴ് യാമങ്ങളിൽ പ്രാർത്ഥിക്കുകയും നോമ്പ് നോക്കുകയും ചെയ്തിരുന്ന അന്നത്തെ മലങ്കര കുടുംബങ്ങൾ സന്യാസസമൂഹങ്ങളെപ്പോലെ വിശുദ്ധങ്ങളായിരുന്നു. ഇങ്ങനെ മാർതോമാ ക്രിസ്ത്യാനികളുടെ സന്യാസപാരമ്പര്യങ്ങളിലൂടെ വളർന്നുവന്ന അന്നമ്മ ചെറുപ്പത്തിൽതന്നെ അലൗകികമായ

www.malankaralibrary.com

വിശുദ്ധിയിലും അഭൗമമായ സ്വർഗ്ഗീയ കാര്യങ്ങളിലും തന്റെ ബുദ്ധിയും മനസ്സും ചിന്തകളുമർപ്പിച്ചിരുന്നു.

അന്നമ്മയുടെ ചെറുപ്പകാലത്ത്, ഏതാണ്ട് ഒരു നൂറ്റാണ്ടുമുമ്പ്, കേരള യാക്കോബായ സഭയിലുണ്ടായ അത്യുഗ്രമായ കോളിളക്കവും ചേരിതിരിവുകളും ആഭ്യന്തര കലഹങ്ങളുംകൊണ്ട് സഭയ്ക്കുണ്ടായ ദുഃസ്ഥിതി പരിതാപകരമായിരുന്നു. അസമാധാനവും വിശ്വാസത്തകർച്ചയും എവിടെയും പ്രകടമായിരുന്നു. ഈ അധഃപതനത്തിൽനിന്നും സഭയെ വീണ്ടെടുക്കുവാൻ എം.എ. അച്ചനും, ഗ്രീഗോറിയോസ് തിരുമേനിയും വളരെയേറെ പരിശ്രമിച്ചിരുന്നു. അവർ ഇടയ്ക്കിടെ കറ്റാനം പള്ളിയിൽ താമസമാക്കി. വിശ്വാസ സംബന്ധമായ ക്ലാസ്സുകളും ധ്യാനപ്രസംഗങ്ങളും നടത്തി വിശ്വാസികളെ ഒരു നവജീവിതത്തിലേയ്ക്ക് ഒരുക്കിക്കൊണ്ടിരുന്നു. മദർ സൾഗാ തന്റെ ഓർമ്മക്കുറിപ്പുകളിൽ എഴുതുന്നു ''കുണ്ടറമെത്രാച്ചന്റെ ധ്യാനവും, എം.എ. അച്ചന്റെ പാപമോചനം എന്ന പുസ്തകവും കറ്റാനത്തും അതിനടുത്തുമുള്ള യുവതികളെ ഏറെ സ്പർശിച്ചു'' എന്ന്.

## അദ്ധ്യായം - 2
## സഭാനിഷ്ഠജീവിതം സന്യാസത്തിലേയ്ക്കുള്ള വഴിത്തിരിവിൽ

ദൈവവിളിയിലേയ്ക്ക് തന്നെ നയിച്ച കുടുംബാന്തരീക്ഷവും ഇതര സ്വാധീനങ്ങളും മദർ സൾഗാ തന്റെ ഓർമ്മക്കുറിപ്പുകളിൽ വിവരിക്കുന്നുണ്ട്. മദർ എഴുതുന്നു ''തേവലക്കര തെക്കേതയ്യിൽ തോമസ് ശെമ്മാശൻ എം.എ. അച്ചന്റെ വലംകൈ ആയി പ്രവർത്തിച്ചുകൊണ്ട് യുവതികളെയെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളെന്നോണം വിശ്വാസത്തിൽ സ്ഥിരീകരിച്ചു. കോട്ടയം എം.ഡി. സെമിനാരിയിൽ നിന്നും അദ്ദേഹം അവധിക്ക് വരുമ്പോൾ നല്ല പുസ്തകങ്ങൾ കൊണ്ടുതന്നിരുന്നു. അക്കൂട്ടത്തിൽ വി. മറീനയുടെയും വി. യൂഫ്രസീനായുടെയും ജീവചരിത്രം എന്നെ സ്പർശിച്ചു''. മറ്റൊരു കുറിപ്പിൽ വീണ്ടും മദർ എഴുതുന്നു ''വിശുദ്ധന്മാരുടെ



ജീവചരിത്രങ്ങൾ വായിച്ചും, ക്രിസ്താനുകരണത്തിൽനിന്ന് സന്യാസത്തിന്റെ മഹിമ ഗ്രഹിച്ചും എനിക്കും മഠത്തിൽ പോകണമെന്ന് ആഗ്രഹമായി. അക്കാലത്ത് ദിവസവും സന്ധ്യാ പ്രാർത്ഥനയ്ക്ക് മുമ്പ് ബൈബിളും ക്രിസ്താനുകരണവും വായിക്കുന്നത് ഞങ്ങൾക്ക് പതിവായിരുന്നു'' എന്ന്.

സമർപ്പിത ജീവിതത്തിലേയ്ക്ക് തന്നെ നയിക്കുവാൻ ഈ ഗ്രന്ഥപാരായണങ്ങൾ കാരണമായി. പതിമൂന്നാം വയസ്സിൽ സന്യാസജീവിതത്തിനായുള്ള വാഞ്ഛ ആരംഭിച്ചു എന്നും മദർ തന്റെ കുറിപ്പുകളിൽ പറയുന്നുണ്ട്. സത്ഗ്രന്ഥ പാരായണവും സജ്ജന സംസർഗ്ഗവും തന്റെ ജീവിതത്തെ സന്യാസ ദിശയിലേയ്ക്ക് നയിക്കുന്നതിനുള്ള ഉപാധികളായി എന്ന് മദർ വ്യക്തമാക്കുന്നു.

എം.എ. അച്ചന്റെ നേതൃത്വത്തിൽ സഭാ ശുശ്രൂഷയ്ക്കായി പെൺകുട്ടികളെ കൽക്കട്ടായിലും ബാരിസോളിലുമായി പഠിപ്പിക്കുന്ന വിവരം നാട്ടിലാകെ ചർച്ചാവിഷയമായി. അന്നമ്മയുടെ കാതുകളിലും ഈ വാർത്ത എത്തി. യാക്കോബായ സഭയിൽ കേട്ടുകേഴ്വി പോലും ഇല്ലാത്ത ക്രിസ്തീയ സന്യാസം മലങ്കര സഭയിൽ സ്ഥാപിക്കാനുള്ള എം.എ. അച്ചന്റെ ഉദ്യമത്തെ അനുകൂലിക്കുവാൻ അധികമാരും കൂട്ടാക്കിയില്ല. എന്നാൽ ആത്മീക വളർച്ചയ്ക്ക് ആവശ്യമായ ഒരു ജീവിതശൈലിയാണ് സന്യാസമെന്ന് തന്റെ വായനയിൽ കൂടിയും തോമസ് ശെമ്മാശനിൽനിന്നും ഗ്രഹിച്ച അന്നമ്മ എം.എ. അച്ചന്റെ ശ്രേഷ്ഠമായ ഈ ആദർശത്തെ സ്വാഗതം ചെയ്തു. തന്റെ കുഞ്ഞുമനസ്സിൽ കുടികൊണ്ടിരുന്ന വി. സ്ത്രീകളുടെ ചരിത്രം മിന്നൽപിണരുകൾ പോലെ അന്നമ്മയുടെ ചിന്തയിലും മനസ്സിലും ഒഴുകിനടന്നു. ദൈവവിളിയെന്ന മഹാ രഹസ്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന അന്നമ്മയ്ക്ക് പ്രതിബന്ധങ്ങൾ ഏറെയായിരുന്നു. എങ്കിലും അനുകൂലമായി യേശു ഉണ്ടെന്നുള്ള വിശ്വാസത്തോടെ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. ഈ അനുഗ്രഹ സിദ്ധിയ്ക്കായി അനുദിനം പ്രാർത്ഥിച്ചു കൊണ്ടിരുന്നു. രണ്ടുവർഷമായി നിരന്തരം പ്രാർത്ഥിച്ചു കൊണ്ടിരുന്നിട്ടും കുടുംബാംഗങ്ങളാരും

www.malankaralibrary.com

അനുകൂലിച്ചില്ലെന്ന് മാത്രമല്ല ''കഷണം കഷണമായി കാട്ടിലെറിഞ്ഞാലും നിന്നെ ഇതിനനുവദിക്കില്ല'' എന്ന അമ്മയുടെ ഒരു ഭീഷണിയും.!! ഈ ഭീഷണിക്കൊന്നും അന്നമ്മയുടെ മനസ്സിനെ മാറ്റാനായില്ല. നിശ്ചയദാർഢ്യത്തിൽ അമ്മയെ വെല്ലുന്ന സ്വഭാവക്കാരി ആയിരുന്ന അന്നമ്മ ''എങ്കിൽ പിന്നെ ഇന്നുമുതൽ ഞാൻ സ്കൂളിലേയ്ക്കില്ല'' എന്ന മറുപടിയുമായി തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. കുടുംബാംഗങ്ങൾ ഗത്യന്തരമില്ലാതെ അന്നമ്മയുടെ തീരുമാനത്തിന് വഴിമാറിക്കൊടുത്തു.

### അദ്ധ്യായം 3

## ബാരിസോളിലേയ്ക്ക് എപ്പിഫനി സിസ്റ്റേഴ്സിന്റെ ശിക്ഷണത്തിൽ സന്യാസപരിശീലനം

ഏറെക്കാലമായി മനസ്സിൽ കടന്നുകൂടിയ വിശുദ്ധിയുടെ മാർഗ്ഗത്തിലേയ്ക്ക് താൻ വായിച്ചറിഞ്ഞ വിശുദ്ധ സ്ത്രീകളിൽ നിന്നും ഉൾക്കൊണ്ട സമർപ്പണ ജീവിതത്തിലേയ്ക്ക് അന്നമ്മ തയ്യാറായി. ബന്ധുമിത്രാദികളെ സന്ദർശിച്ച് അനുഗ്രഹാശിസ്സുകൾ വാങ്ങി. പ്രിയപുത്രിയെ യാത്രയാക്കാൻ കുടുംബാംഗങ്ങൾ എല്ലാ ക്രമീകരണങ്ങളും ചെയ്തു. പിതൃസഹോദരപുത്രിയായ ആച്ചിയമ്മയും (മദർ ഹൂബാ) കുഞ്ഞിളച്ചി എന്നു വിളിച്ചിരുന്ന തൃപ്പൂണിത്തുറ മൂക്കഞ്ചേരി കുടുംബത്തിലെ എം.പി. ശോശാമ്മയും (മദർ ശൈനോ) ഒരുമിച്ച് 1917 ജൂൺ 22 ന് ട്രെയിൻ മാർഗ്ഗം മദ്രാസ് വഴി ബാരിസോളിലേയ്ക്ക് തിരിച്ചു. എം.എ. അച്ചൻ നിയോഗിച്ചയച്ച മട്ടക്കൽ അലക്സാണ്ടർ ശെമ്മാശനും റ്റി.ഒ. കോശി ശെമ്മാശനും എം.പി. ശോശാമ്മയുടെ സഹോദരൻ എം.പി. പത്രോസ് ശെമ്മാശനും (ഒസ്താത്തിയോസ് തിരുമേനി) അവർക്ക് സഹായികളായി അവരോടൊത്ത് പുറപ്പെട്ടു.

സ്ത്രീ സന്യാസത്തെപ്പറ്റി വലിയ ധാരണയൊന്നും ഇല്ലാതിരുന്ന ഒരു കാലത്ത് എല്ലാം ദൈവ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് മൂന്ന് വനിതകൾ എടുത്ത ധീരമായ മുന്നേറ്റം എം.എ. അച്ചന്റെ സന്യാസ സമൂഹ സ്ഥാപനത്തിന് രൂപഭാവം



നൽകുകയായിരുന്നു. എം.എ. അച്ചന്റെ നിരന്തരമായ പ്രാർത്ഥനായജ്ഞങ്ങളുടെ പ്രതിഫലനമാണ് ഈ മൂന്ന് സ്ത്രീ രത്നങ്ങളിൽ സംജാതമായ ദൈവകൃപ. സന്യാസതീരം അന്വേഷിച്ചുകൊണ്ടുള്ള അവരുടെ പുറപ്പാട് എം.എ. അച്ചനിലൂടെ സാക്ഷാത്കരിക്കപ്പെടുവാൻ ദൈവം തിരുമനസ്സായി.

ജൂൺ 28 ന് അന്നമ്മയും കൂട്ടരും കൽക്കട്ടായിലെ ഹൗറാ സ്റ്റേഷനിലെത്തി. തന്റെ സന്യാസാർത്ഥിനികളെ സ്വീകരിക്കുന്നതിന് എം.എ. അച്ചൻ നേരത്തെ തന്നെ സ്റ്റേഷനിൽ എത്തിയിരുന്നു. നാടും വീടും ഉപേക്ഷിച്ച് ഉറ്റവരെയും ഉടയവരെയും പിരിഞ്ഞ് ഇങ്ങകലെ എത്തിയ അന്നമ്മ എം.എ. അച്ചനെ കണ്ടുമുട്ടിയത് ഏറെ ആശ്വാസത്തോടും അതിലേറെ സന്തോഷത്തോടും ആയിരുന്നു. കരുതലും സ്നേഹവുമുള്ള ഒരു മാതാവും പിതാവും ഒക്കെയായി, എം.എ. അച്ചൻ തനിക്ക് അനുഭവപ്പെട്ടു എന്നാണ് മദർ സൾഗാ തന്റെ ഓർമ്മക്കുറിപ്പുകളിൽ പറയുന്നത്.

നവാഗതർക്ക് സെറാമ്പൂർ കോളേജിൽ എം.എ. അച്ചൻ താമസസൗകര്യം ഏർപ്പെടുത്തിയിരുന്നു. ഉടനെ ബാരിസോളിലേയ്ക്ക് തിരിക്കുവാൻ എം.എ. അച്ചന് അസൗകര്യം ഉണ്ടായിരുന്നതിനാൽ അന്നമ്മയും കൂട്ടരും ഏതാനും ദിനങ്ങൾ സെറാംമ്പൂരിൽ കഴിച്ചുകൂട്ടി. ഈ സമയത്ത് സൗകര്യം കിട്ടിയിരുന്നപ്പോഴൊക്കെ എം.എ. അച്ചൻ തന്റെ സന്യാസാർത്ഥിനികളെ സന്ദർശിച്ച്, സന്യാസജീവിതത്തെപ്പറ്റിയും, ബാരിസോളിൽ അവർ അനുവർത്തിക്കേണ്ട ജീവിതരീതികളെപ്പറ്റിയും ആവശ്യമായ വിശദീകരണവും അറിവും നൽകിയിരുന്നു. ബാരിസോളിലുള്ള ആദ്യത്തെ ബാച്ചിൽ മറ്റൊരു അന്നമ്മയുള്ളതിനാൽ രണ്ടാമതായി വന്ന അന്നമ്മയുടെ പേര് മാറ്റണമെന്ന് എം.എ. അച്ചൻ ആവശ്യപ്പെട്ടു. പല പേരുകൾ പറഞ്ഞിട്ടും അന്നമ്മയ്ക്ക് ഇഷ്ടപ്പെട്ടില്ല. അവസാനം എലിശൂബാ എന്ന പേര് അന്നമ്മയ്ക്ക് ഇഷ്ടമായി. സൾഗാ എന്ന സന്ന്യാസനാമം കിട്ടുന്നതുവരെ അന്നമ്മ എലിശുബാ എന്നാണ് പിന്നീട് അറിയപ്പെട്ടത്.

www.malankaralibrary.com

സെറാമ്പൂരിൽ ലഭിച്ച ഏതാനും ദിനങ്ങൾ എലിശൂബായ്ക്ക് വളരെ വിലപ്പെട്ടതായിരുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ഹവ്വൽസ്, എപ്പിഫനി ബ്രദേഴ്സ്ഹുഡ് സമൂഹാംഗമായ ഫാ. സ്ട്രോംഗ് എന്നിവരെയൊക്കെ പരിചയപ്പെടാനും അവരുടെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റി അറിയുവാനും സാധിച്ചത് എലിശൂബായുടെ ചിന്തകളെ കൂടുതൽ ഉദ്ദീപിപ്പിച്ചു.

1917 ജൂലൈ ആദ്യവാരത്തിൽ എലിശൂബാ ഉൾപ്പെട്ട രണ്ടാമത്തെ ബാച്ചുമായി എം.എ. അച്ചൻ ബാരിസോളിൽ ഓക്സ്ഫോർഡ് മിഷനിൽപ്പെട്ട എപ്പിഫനി സിസ്റ്റേഴ്സിന്റെ ഭവനത്തിൽ എത്തി. രാത്രി വൈകിയതിനാൽ അടുത്ത പ്രഭാതത്തിൽ ആരാധന കഴിഞ്ഞതിന് ശേഷമാണ് എലിശൂബായും കൂട്ടരും സിസ്റ്റേഴ്സിനെ പരിചയപ്പെട്ടത്. എപ്പിഫനി സമൂഹത്തിന്റെ സ്ഥാപക മദർ ഈഡിത്ത് യോഗാർത്ഥിനികളെ ഹൃദ്യമായി സ്വാഗതം ചെയ്തു. അവിടെയുള്ള മറ്റ് സിസ്റ്റേഴ്സും നവാഗതരെ കണ്ട് ഭാവുകങ്ങൾ നേർന്നു. ഉദാരമതിയായ മദർ ഈഡിത്ത് യോഗാർത്ഥിനികൾക്കായി പ്രത്യേക താമസസൗകര്യങ്ങൾ ക്രമീകരിച്ചിരുന്നു. മദർ ഈഡിത്ത് ക്രമീകരിച്ച എല്ലാ സജ്ജീകരണങ്ങളിലും എം.എ. അച്ചൻ അതീവ സംപ്രീതനായി. പ്രത്യേകിച്ച് സി. ഹെലനെ തന്റെ ഭാവി സന്യാസിനികളുടെ ചുമതല പൂർണ്ണമായി ഏൽപ്പിച്ചത് അദ്ദേഹത്തിന് വളരെ സന്തോഷമായി. ''മക്കളെ എന്റെ ചെറുപ്പകാലത്ത് മദർ ഈഡിത്തിനെപ്പോലെ ഒരാൾ എന്നെ നോക്കുവാനുണ്ടായിരുന്നുവെങ്കിൽ ഞാൻ എന്ത് വ്യത്യാസപ്പെട്ടേനെ. നിങ്ങൾ എത്ര ഭാഗ്യമുള്ളവർ'' എന്ന് എം.എ. അച്ചൻ പറഞ്ഞതായി മദർ സൾഗാ തന്റെ ഓർമ്മക്കുറിപ്പുകളിൽ വിശദമാക്കുന്നുണ്ട്.

ബാരിസോളിൽ ഇംഗ്ലീഷ്, ബൈബിൾ, സന്യാസം എന്നിവയെല്ലാം പഠനവിഷയങ്ങളായിരുന്നു. മലയാളം വശമില്ലാതിരുന്ന മദർ ഈഡിത്തും സി. ഹെലനും എടുത്തിരുന്ന ക്ലാസ്സുകൾ കൂടെയുള്ളവർക്കായി തർജ്ജിമ ചെയ്യുവാൻ ഇംഗ്ലീഷ് വശമായിരുന്ന എലിശൂബായെ ആണ് ഏൽപ്പിച്ചിരുന്നത്. മറ്റുള്ളവരിൽനിന്നും തികച്ചും വ്യത്യസ്ത ആയിരുന്ന



എലിശൂബായ്ക്ക് സി. ഹെലൻ പ്രത്യേകം പരിശീലനം നൽകിയിരുന്നു. എലിശൂബായുടെ ബുദ്ധിവൈഭവവും ഭാഷാനൈപുണ്യവും നല്ല പെരുമാറ്റവും കണ്ടറിഞ്ഞ സി. ഹെലൻ 'She is a British girl' എന്ന് വിശേഷിപ്പിക്കുകയുണ്ടായി.

1918-ലെ മദ്ധ്യവേനലവധിക്ക് എലിശൂബാ മറ്റുള്ളവരോടൊപ്പം വീട്ടിൽപോയിട്ട് തിരികെ വന്നപ്പോൾ ''ഒരു പുതിയ ജീവൻ തന്നെ അനുഭവപ്പെട്ടു''വെന്ന് ഓർമ്മക്കുറിപ്പുകളിൽ പറയുന്നു. കാരണം ഔദാര്യമതി ആയിരുന്ന മദർ ഈഡിത്ത് യോഗാർത്ഥിനികൾക്കായി പ്രത്യേകം ഒരു ചാപ്പൽ പണിയിച്ചു. അവിടെ വി. കുർബ്ബാന അർപ്പിക്കാൻ ബഹു. സ്കറിയാ അച്ചനെയും നിയമിച്ചു. വി. തോമാശ്ലീഹായുടെ ദുക്റാന പെരുന്നാൾ ദിവസം എം.എ. അച്ചൻ ചാപ്പൽ കൂദാശ ചെയ്തു. അന്നുതന്നെ എം.പി. ശോശാമ്മയെ (മദർ സൈനോ) സന്യാസത്തിന്റെ ആദ്യപടി ആയ പോസ്റ്റുലൻസിയിലേയ്ക്ക് പ്രവേശിപ്പിക്കുകയും ചെയ്തു.

സന്യാസ രൂപീകരണത്തിന്റെ ഈ പ്രഥമ പ്രക്രിയകളെല്ലാം ഏലിശുബായിൽ വളരെ സ്വാധീനം ഉളവാക്കി. പൂർവ്വാധികം നിഷ്കർഷയോടെ ദൈവാഭിമുഖ്യത്തിൽ മുന്നേറാൻ എലിശൂബായ്ക്ക് ഇത് പ്രേരകമായി. ബഥനിയുടെ ഈ യോഗാർത്ഥിനി സമൂഹത്തെ ആഴമായ ചിന്തകൾ കൊണ്ട് നിറച്ച് ആന്തരികമായ രൂപീകരണം പ്രാപിക്കുവാൻ പര്യാപ്തമായ സാഹചര്യങ്ങളിൽകൂടി വളർത്തികൊണ്ടുവരുവാൻ എം.എ. അച്ചനിൽക്കൂടിയും എപ്പിഫനി സിസ്റ്റേഴ്സ് വഴിയായും പരിശുദ്ധാത്മശക്തി പ്രവർത്തിച്ചുകൊണ്ടിരുന്നുവെന്ന് മാർ ഈവാനിയോസ് തിരുമേനിയുടെ ആത്മകഥയിലും മദർ സൾഗായുടെ ഓർമ്മക്കുറിപ്പുകളിലും നാം വായിക്കുന്നു. ആർദ്രതയുള്ള ഒരു ഹൃദയത്തോടെ ദൈവത്തോട് അടുക്കുന്നതിനുള്ള ഒരു പാഠശാല ആയിരുന്നു ബാരിസോളിലെ ഈ കാലഘട്ടം എലിശൂബയ്ക്ക്. വി. ബസേലിയോസിന്റെ നിയമാവലി ആസ്പദമാക്കിയുള്ള ഒരു സന്യാസജീവിത ക്രമമാണ് സി. ഹെലന്റെ പ്രത്യേകശ്രദ്ധയിൽ അവർ നയിച്ചത്.

www.malankaralibrary.com

ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ ലഭ്യമായ ഈ സന്യാസപരിശീലനം എലിശൂബായ്ക്ക് വലിയൊരനുഭവമായിരുന്നു. എപ്പിഫനി സിസ്റ്റേഴ്സിന്റെ കരുതലും ലാളിത്യവും സ്നേഹവും ഒക്കെ ബാരിസോളിൽ വച്ചുതന്നെ എലിശൂബാ തന്റെ ജീവിതത്തിന്റെ ഭാഗമാക്കിയപ്പോൾ അത് ബഥനിയുടെ സാക്ഷാത്കാരമായി മാറി. എം.എ. അച്ചന്റെ ദൂരവ്യാപകവും പക്വവുമായ ചിന്താധാരയിൽ നിന്നുയിർപൂണ്ട സംരക്ഷണയിലും എപ്പിഫനി സിസ്റ്റേഴ്സിന്റെ ഹൃദയവിശാലതയോടുകൂടിയ സന്യാസപരിശീലനത്തിലും വളർന്നുവന്ന ബഥനിയുടെ ശൈശവദശ ദൈവതൃക്കരങ്ങളിൽ സുരക്ഷിതമായിരുന്നു. എപ്പിഫനി സിസ്റ്റേഴ്സിനെപ്പറ്റിയും ബാരിസോളിലെ പരിശീലനകാലത്തെപ്പറ്റിയും വലിയ മതിപ്പും കൃതജ്ഞതയും ആദരവും സ്നേഹവും ജീവിതത്തിലുടനീളം മദർ സൾഗാ പുലർത്തിയിരുന്നു.

രണ്ടുവർഷത്തെ സന്യാസപരിശീലനത്തിന് ശേഷം എം.എ. അച്ചന്റെ നിർദ്ദേശപ്രകാരം എലിശൂബാ കോട്ടയത്ത് ബേക്കർ മെമ്മോറിയൽ സ്കൂളിൽ 4, 5, 6 ക്ലാസ്സുകൾ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

## അദ്ധ്യായം 4

## ബഥനി മഠം തിരുമൂലപുരത്ത്

സ്ത്രീജനോദ്ധാരണമാണ് തന്റെ സന്യാസിനികളുടെ "കാരിസം" എന്ന് മനസ്സിൽ നിരൂപിച്ച എം.എ. അച്ചൻ 1920 മെയ് മാസത്തിൽ തിരുമൂലപുരത്ത് ബാലികാമഠം സ്കൂൾ ആരംഭിച്ചു. സ്കൂൾ നടത്തിപ്പിനായി ഉദാരമതിയായ മദർ ഈഡിത്തിന്റെ ശ്രമഫലമായി മിസ് ബ്രൂക്സ് സ്മിത്തും, മിസ് ഹോംസും ഇംഗ്ലണ്ടിൽ നിന്നെത്തി സ്കൂൾ നടത്തിപ്പിൽ എം.എ. അച്ചനെ സഹായിച്ചു. മദർ സൾഗാ എഴുതുന്നു "മാതാപിതാക്കളെ പിരിഞ്ഞ് സ്കൂളിൽ താമസമാക്കിയ കുട്ടികൾക്ക് അദ്ദേഹം ഏറ്റവും പ്രിയപ്പെട്ട പിതാവായിരുന്നു. കുട്ടികളുടെ ഇടയിലൂടെ അദ്ദേഹം ഒരു കൊച്ചുകുട്ടിയെപ്പോലെ സ്വതന്ത്രമായി വർത്തിച്ചു" എന്ന്.



ബഥനി സിസ്റ്റേഴ്സിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് എം.എ. അച്ചൻ ഇവിടെ തുടക്കമിട്ടു.

സ്കൂളിനോട് അനുബന്ധിച്ച് മഠം വേണമെന്ന് മിസ് ഹോംസ് വളരെ നിർബന്ധിച്ചു. മിസ് ഹോംസിന്റെ ഈ താത്പര്യത്തെ പരിഗണിച്ചാണ് തിരുമൂലപുരത്ത് മഠം സ്ഥാപിക്കാൻ എം.എ. അച്ചൻ തീരുമാനമെടുത്തത്. സ്കൂളിനോട് അടുത്ത് യോഗാർത്ഥിനികൾക്ക് താമസിക്കുന്നതിന് വളരെ ലളിതമായ പുല്ലുമേഞ്ഞ ഒരു കെട്ടിടം തയ്യാറാക്കി. 1920 മെയ് 20 ന് അതിന്റെ കൂദാശാ കർമ്മം എം.എ. അച്ചന്റെ പ്രധാന കാർമ്മികത്വത്തിലും ചുരുക്കം ചില അടുത്ത സ്നേഹിതരുടെ സാന്നിദ്ധ്യത്തിലും നിർവ്വഹിച്ചു. ബാരിസോളിൽ നിന്നെത്തിയ യോഗാർത്ഥിനികളുടെ ഭവനപ്രവേശനവും നടത്തി. അങ്ങനെ എം.എ. അച്ചൻ മനനം ചെയ്ത സന്യാസിനി സങ്കൽപം ക്രമേണ രൂപം പ്രാപിച്ചുവന്നു. "കുശവന്റെ കയ്യിൽ കളിമണ്ണുപോലെയാണ് സൃഷ്ടാവിന്റെ കയ്യിൽ മനുഷ്യർ" (പ്രഭാ: 35/13)

ബേക്കർ മെമ്മോറിയൽ സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ എലിശൂബാ 1922 ഏപ്രിൽ മാസത്തിൽ തിരുമൂലപുരം മഠത്തിൽ തന്റെ സന്യാസപരിശീലനം വീണ്ടും ആരംഭിച്ചു. 1922-1923 വരെ ബാലികാമഠം സ്കൂളിലെ അദ്ധ്യാപികയായി എലിശൂബാ സേവനം അനുഷ്ഠിച്ചു. 1922 ഏപ്രിൽ 17 ന് എം.എ. അച്ചൻ എലിശൂബായെ പോസ്റ്റുലൻസിയിൽ പ്രവേശിപ്പിച്ചു. എപ്പിഫനി സിസ്റ്റേഴ്സായ സി. ഹെലൻ, സി. റൂത്ത് എന്നിവരുടെ മേൽനോട്ടത്തിൽ എലിശൂബാ ദൈവസമ്പാദനത്തിൽ വളർന്നുവന്നു.

ബഥനിയുടെ പ്രത്യേക കാരിസമായ സ്ത്രീ ജനോദ്ധാരണം തങ്ങളുടെ ദൗത്യമാണെന്ന് സ്ഥാപക പിതാവിലൂടെ ഗ്രഹിച്ച യോഗാർത്ഥിനികൾ സ്കൂളിലെ മതപരവും ആദ്ധ്യാത്മിക പരവുമായ എല്ലാ കാര്യങ്ങളും വളരെ ചുമതലയോടെ നിർവ്വഹിച്ചുവന്നു. എപ്പിഫനി സിസ്റ്റേഴ്സിന്റെ പരിശീലനവും മേൽനോട്ടവും അവരുടെ നിർലോഭമായ സഹകരണവും

www.malankaralibrary.com

യോഗാർത്ഥിനികൾക്ക് കൂടുതൽ ഉന്മേഷവും ധൈര്യവും പകർന്നു. കൂടാതെ മഠത്തിനടുത്തുള്ള ദളിത് വർഗ്ഗക്കാരുടെ ഇടയിലെ മിഷൻ പ്രവർത്തനം സി. ഹെലന്റെ പ്രത്യേക ശിക്ഷണത്തിൽ യോഗാർത്ഥിനികൾ ചെയ്തിരുന്നത് പിൽക്കാലത്തെ ബഥനിയുടെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി.

എം.എ. അച്ചന്റെ താല്പര്യപ്രകാരം തികച്ചും ഭാരതീയ സംസ്കാരത്തെ സമന്വയിപ്പിച്ചുകൊണ്ട് ലളിതജീവിതം, മൗനപാലനം, ഏകാന്തധ്യാനം ഇവയ്ക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള ഒരു സന്യാസരൂപീകരണമാണ് എപ്പിഫനി സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ സി. എലിശൂബായും കൂടെയുള്ളവർക്കും ലഭിച്ചത്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക പാരമ്പര്യങ്ങളിൽ വളർന്നുവന്ന എലിശൂബാ കുട്ടിക്കാലത്ത് അനുഭവിച്ചിരുന്ന തീവ്രമായ ആദ്ധ്യാത്മിക അനുഭവങ്ങളുടെയും ഉത്കൃഷ്ടമായ പെരുമാറ്റ രീതികളുടെയും പശ്ചാത്തലത്തിൽ ഊന്നിനിന്നുകൊണ്ട് അനുദിനം വിശുദ്ധിയുടെ മാർഗ്ഗത്തിൽ വളർന്നുവന്നു.

## അദ്ധ്യായം 5

ബഥനി സന്യാസിനീ സമൂഹത്തിന്റെ നാലാമത്തെ അംഗമായ എലിശൂബാ മദർ സൾഗയായി; ബഥനി സന്യാസിനി യായി.

ഏതാണ്ട് പത്ത് വർഷത്തെ പ്രാർത്ഥനയ്ക്കും പരിശീലനത്തിനും കാത്തിരിപ്പിനും ശേഷമാണ് അർത്ഥിനികൾക്ക് സന്യാസപ്രതിഷ്ഠ നടത്തുവാൻ സാധിച്ചത്. ഒരു മെത്രാന് മാത്രമേ വ്രതനിഷ്ഠയ്ക്ക് യോഗാർത്ഥിനികളെ സ്വീകരിക്കുവാൻ അധികാരമുള്ളു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി സ്ത്രീ സന്യാസത്തിന്ഘടക വിരുദ്ധമായിരുന്നു. ''കഴുത്തു പോയാലും ഞാൻ ഇതിന് അനുവദിക്കുകയില്ല'' എന്ന് അദ്ദേഹം പറഞ്ഞിരുന്നു.

1925 മെയ് 1 ന് എം.എ. അച്ചൻ മാർ ഈവാനിയോസ്



എന്ന നാമത്തിൽ മെത്രാനായി അഭിഷിക്തനായ ശേഷമാണ് അർത്ഥിനികൾക്ക് സന്യാസപ്രതിഷ്ഠ നടത്തുവാൻ സാധിച്ചത്. യാക്കോബായ മെത്രാൻ കക്ഷിക്കാരുടെ നിലനിൽപ്പിന് എം.എ. അച്ചനെ മെത്രാൻ ആക്കണമെന്ന് ആ ഭാഗത്തെ മെത്രാപ്പോലീത്തായും മെത്രാന്മാരും ആഗ്രഹിച്ചു. പക്ഷേ ഒരു സന്യാസി ആയി കഴിയുവാൻ ആഗ്രഹിച്ച അദ്ദേഹം അതിന് ഒട്ടും സമ്മതിച്ചിരുന്നില്ല. എന്നാൽ സന്യാസപ്രതിഷ്ഠ നടത്തുവാൻ മെത്രാൻ ആവശ്യമായിരുന്നതുകൊണ്ട് മാത്രം 1925 മെയ് 1-ന് എം.എ. അച്ചൻ മാർ ഈവാനിയോസ് എന്ന നാമത്തിൽ മെത്രാനായി അഭിഷിക്തനായി. ''മക്കളെ നിങ്ങൾക്കുവേണ്ടി മാത്രം ഞാൻ ഈ കുരിശ് ചുമക്കുന്നു'' എന്നാണ് മെത്രാനായ ശേഷം അദ്ദേഹം തന്റെ അർത്ഥിനികളോട് പറഞ്ഞത്.

ദൈവം എല്ലാം വേണ്ടതുപോലെ ക്രമീകരിക്കുന്നു. സ്ഥാപകൻ തന്നെ അർത്ഥിനികളുടെ വ്രത പ്രതിഷ്ഠ സ്വീകരിക്കണമെന്നത് ദൈവനിയോഗമായിരുന്നു. മലങ്കരയിൽ നടന്ന ഈ വലിയ സംഭവം തലമുറകളോളം സൂക്ഷിക്കപ്പെടേണ്ട ഈ മഹത്കൃത്യം മാർ ഈവാനിയോസ് പിതാവിനാൽതന്നെ നിർവ്വഹിക്കപ്പെട്ടത് ബഥനിക്ക് എന്നും ഭാഗ്യകരമായി. ''കർത്താവിന്റെ രക്ഷയെ ശാന്തമായി കാത്തിരിക്കുന്നത് ഉത്തമം'' (വിലാ: 3/26)

1925 സെപ്തംബർ 21 ന് എലിശൂബാ ഉൾപ്പെട്ട ആദ്യത്തെ നാലുപേരുടെ സന്യാസപ്രതിഷ്ഠക്കുള്ള ക്രമീകരണങ്ങളെല്ലാം ചെയ്തു. സന്യാസ വസ്ത്രത്തിന് മദർ ഈഡിത്തും സി. ഹെലനും രൂപകൽപന ചെയ്തു. അവർ തന്നെ അത് തയ്ച്ചുണ്ടാക്കി. പ്രതിഷ്ഠയ്ക്കുള്ള ദിവസങ്ങൾ എണ്ണിയെണ്ണിക്കഴിയവെ ഒരുക്കധ്യാനം തുടങ്ങുന്നതിന്റെ തലേദിവസം എലിശൂബാ ജ്വരബാധിതയായി. ''ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എനിക്ക് ഭവിക്കട്ടെ''. എന്നുപറഞ്ഞ പരി. അമ്മയോടു ചേർന്നുകൊണ്ട് കൂടുതൽ അർപ്പണഭാവത്തോടെ ദൈവം നിശ്ചയിച്ചിരിക്കുന്ന കാലപൂർത്തിയ്ക്കായി എലിശൂബാ കാത്തിരുന്നു.

www.malankaralibrary.com

എലിശൂബായുടെ സന്യാസപ്രതിഷ്ഠ 1925 ഡിസംബർ 10 ന് നടത്തുവാൻ നിശ്ചയിച്ചിരുന്നുവെങ്കിലും വട്ടശ്ശേരിൽ തിരുമേനിയ്ക്ക് കണ്ണോപ്പറേഷന് വേണ്ടി തിരുവല്ലൂർക്ക് പോകേണ്ടിവന്നതിനാൽ അന്നും പ്രതിഷ്ഠ നടന്നില്ല. ഒന്നിൽ പിഴച്ചാൽ മൂന്നിൽ എന്നൊരു പഴമൊഴിയുണ്ടല്ലോ. അങ്ങിനെ 1925 ഡിസംബർ 27 ന് മാർ ഈവാനിയോസ് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ വി. കുർബ്ബാന മദ്ധ്യേ എലിശൂബാ സന്യാസപ്രതിഷ്ഠ നടത്തി തന്റെ ചിരകാലാഭിലാഷം സാദ്ധ്യമാക്കി. രശ്മി എന്നർത്ഥമുള്ള സൾഗാ എന്ന സന്യാസനാമം സ്വീകരിച്ചു. ഈ വിശിഷ്ടകർമ്മത്തിൽ പങ്കുചേരാൻ സ്വഭവനത്തിൽനിന്നും ആരും ഉണ്ടായിരുന്നില്ലായെന്ന് മദർതന്നെ പറഞ്ഞു കേട്ടിട്ടുണ്ട്. ഓർമ്മക്കുറിപ്പിലും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. തനിക്ക് ലഭിച്ച സമർപ്പണ ജീവിതത്തോട് എന്നും വിശ്വസ്തത പുലർത്തി മദർ സൾഗാ ജീവിച്ചു. വിശ്വാസസത്യങ്ങളിൽ അടിയുറച്ച ആഴമായ പ്രാർത്ഥനാനുഭവങ്ങളുടെയും, അതിൽ നിന്നുയിർകൊണ്ട ദൈവസ്നേഹത്തിന്റെയും ഒരു പ്രതിഫലനമായിരുന്നു മദറിന്റെ ജീവിതം.

സമൂഹം പൊന്തിഫിക്കൽ ആയ ശേഷം ആദ്യത്തെ പത്ത് അംഗങ്ങൾക്കും തിരുസിംഹാസനം 'മദർ' എന്ന ബഹുമതി നൽകി ആദരിക്കുകയുണ്ടായി. ഇതിന് പിന്നിലും പ്രവർത്തിച്ചത് മദർ സൾഗായുടെ കരങ്ങൾ തന്നെയാണ്. നമ്മുടെ സമൂഹത്തിൽ സുപ്പീരിയർ ജനറലും പ്രൊവിൻഷ്യൽ സുപ്പീരിയറും അല്ലാതെ മറ്റാരും 'മദർ' എന്ന് സംബോധന ചെയ്യപ്പെടുന്നില്ല. ജനറലും പ്രൊവിൻഷ്യലും അവരുടെ ഭരണകാലത്ത് മാത്രമേ ഈ സംജ്ഞയ്ക്ക് വിധേയമായിരിക്കുന്നുള്ളു.

## അദ്ധ്യായം 6

## പുനരൈക്യവും പ്രേഷിത പ്രവർത്തനങ്ങളും

1930 സെപ്തംബർ 22 ന് മദർ സൾഗാ മറ്റ് സിസ്റ്റേഴ്സിനോടൊത്ത് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. ലോകചരിത്രത്തിലെ മഹത്തായ ഒരു സംഭവത്തിന്റെ



ആവിഷ്കാരമായിരുന്നു ഇത്. ഗ്രന്ഥ ഗവേഷണങ്ങളിലൂടെ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി പുനരൈക്യത്തിനായി പ്രവർത്തിച്ചുകൊണ്ടിരുന്ന മാർ ഈവാനിയോസ് തിരുമേനിയ്ക്ക് എല്ലാ ഒത്താശകളും നൽകിക്കൊണ്ട് പുനരൈക്യ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ മദറിന് കഴിഞ്ഞുഎന്നുള്ളത് ഏറ്റം സ്തുത്യർഹമാണ്. താൻ മനസ്സിലാക്കിയ സത്യവിശ്വാസങ്ങളെ തേടിയുള്ള ധീരമായ ഒരു മുന്നേറ്റമാണ് മദർ സൾഗാ ഇവിടെ പ്രദർശിപ്പിച്ചത്.

സമൂഹത്തിലെ ആദ്യ അംഗങ്ങളുടെ സന്യാസപരിശീലനത്തിന് കത്തോലിക്കാസഭയിലെ കാനൻ നിയമപ്രകാരമുള്ള ആധികാരികത ലഭിച്ചിരുന്നില്ല. ഈ കുറവ് പരിഹരിച്ച് തന്റെ സന്യാസിനി വ്യൂഹം സുസ്ഥിരമാക്കേണ്ടത് അത്യാവശ്യമാണെന്ന് മനസ്സിലാക്കിയ മാർ ഈവാനിയോസ് തിരുമേനി മദർ സൾഗായെ മദർ ദനഹായുമൊത്ത് 1932 ജനുവരി മാസത്തിൽ കൊല്ലത്തുള്ള ഹോളിക്രോസ് സന്യാസിനീ സമൂഹത്തിൽ നിയമപ്രകാരമുള്ള നോവിഷ്യേറ്റ് പരിശീലനത്തിനായി അയച്ചു. അവിടെ അന്ന് പരിശീലനത്തിലിരുന്ന ഹോളിക്രോസ് സമൂഹത്തിലെ നോവിസ്സസ്സിനോടൊപ്പം സിസ്റ്റർസ്റ്റെനിസ്ലാവോസിന്റെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ട് ഒരുവർഷത്തെ കാനോനിക്കൽ നൊവിഷ്യേറ്റ് പൂർത്തിയാക്കി.

കത്തോലിക്കാ സഭയിൽ ലഭിച്ച ഒരു വർഷത്തെ നോവിഷ്യേറ്റ് കാലം മദർ സൾഗാ വളരെ ചിട്ടയോടും വിശ്വസ്തതയോടും തികഞ്ഞ ആത്മാർത്ഥതയോടുംകൂടെ നിറവേറ്റി. ബാരിസോളിലെ തന്റെ പരിശീലനത്തിന്റെ ഒരു പൂർത്തീകരണമായിരുന്നു ഹോളിക്രോസ് സമൂഹത്തിൽ ലഭിച്ച ഈ കാലയളവിലൂടെ മദർ നേടിയെടുത്തത്.

കിട്ടാവുന്നിടത്തോളം അറിവും അനുഭവ സമ്പത്തും ആത്മീയ സിദ്ധികളുമായി 1933 ജനുവരി 20 ന് മദർ സൾഗാ തിരിച്ചെത്തി. തനിക്ക് ലഭിച്ച വിജ്ഞാന സമ്പത്തും സിദ്ധി

www.malankaralibrary.com
കളുമെല്ലാം സമൂഹാംഗങ്ങൾക്ക് നൽകുവാനുള്ള ഒരു ശ്രമമായിരുന്നു പിന്നീടങ്ങോട്ടുള്ള ജീവിതകാലം മുഴുവൻ. ആദ്യത്തെ അംഗങ്ങളിലെല്ലാം ഈ സവിശേഷത പ്രകടമായിരുന്നു.

താപസശ്രേഷ്ഠനും പുണ്യചരിതനുമായ മാർ ഈവാനിയോസ് തിരുമേനിയുടെ സഭാദർശനമാണ് ബഥനിയ്ക്കുള്ളത്. ഇന്ന് ബഥനി തനതായ ഒരു വ്യക്തിത്വം പുലർത്തിക്കൊണ്ട് കേരളത്തിൽ മാത്രമല്ല ലോകത്തിന്റെ നാനാഭാഗങ്ങളിൽ ആയിരുന്നുകൊണ്ട് സ്ഥാപക പിതാവിന്റെ കാലടികളെ പിൻചെന്ന് നൂറ്റാണ്ടുകളിലൂടെ ആർജ്ജിച്ചെടുത്ത മലങ്കരയുടെ ആത്മീക സംസ്കാരത്തിന് സാക്ഷ്യം വഹിക്കുന്നു.

ബഥനിയ്ക്ക് ശക്തമായ നേതൃത്വം നൽകി വളരെ ലളിതമായ ഒരു സന്യാസചര്യയിലേയ്ക്ക് സമൂഹത്തെ നയിക്കുവാൻ മദർ സൾഗാ വളരെ ആത്മാർത്ഥമായി പരിശ്രമിച്ചു. 1933 മുതൽ 1935 വരെ തിരുമൂലപുരം മഠത്തിൽ താമസിച്ചുകൊണ്ട് നോവിസ്സസ്സിന് പരിശീലനം നൽകി. സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തുന്നതിന് മുൻപ് മൂന്നുപ്രാവശ്യം തിരുവനന്തപുരം രൂപതയിലെ ബഥനി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട മദർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. സമൂഹം പൊന്തിഫിക്കൽ ആയതിനുശേഷം ജനറൽ കൗൺസിലർ, സെക്രട്ടറി ജനറൽ, പ്രൊവിൻഷ്യൽ കൗൺസിലർ, പ്രൊവിൻഷ്യൽ സെക്രട്ടറി എന്നീ തസ്തികകളിലൊക്കെ ആയിരുന്നുകൊണ്ട്, ഏറെക്കാലം ത്യാഗപൂർണ്ണമായ സേവനം ചെയ്ത് സമൂഹത്തിന്റെ ജീവനാഡിയായി പ്രവർത്തിക്കാൻ മദർ സൾഗായ്ക്ക് കഴിഞ്ഞു. സമൂഹത്തിന്റെ ജനറൽ തലത്തിലും പ്രൊവിൻഷ്യൽ തലത്തിലുമുള്ള രേഖാലയങ്ങൾക്ക് മദർ സൾഗാ ക്രമീകൃതമായ രീതിയിൽതന്നെ തുടക്കമിട്ടു.

തിരുമൂലപുരം, നങ്ങ്യാർകുളങ്ങര, പത്തനംതിട്ട, നാലാഞ്ചിറ എന്നീ മഠങ്ങളും ബഥനി ഹോസ്റ്റൽ, എം.റ്റി.റ്റി. ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങളുമായിരുന്നു മദർ സൾഗായുടെ



പ്രവർത്തന മേഖലകൾ, ലോക്കൽ സുപ്പീര്യർ, ഹോസ്റ്റൽ വാർഡൻ, അദ്ധ്യാപിക എന്നീ രംഗങ്ങളിലൊക്കെ മദർ തികഞ്ഞ ആത്മാർത്ഥതയോടും വിശ്വസ്തതയോടുംകൂടെ സേവനം അനുഷ്ഠിച്ച് സമൂഹത്തെ അഭിവൃദ്ധിയിലേയ്ക്ക് നയിച്ചുകൊണ്ടിരുന്നു എന്നത് കൃതജ്ഞതയോടെ സ്മരിക്കുന്നു.

സമൂഹത്തിന്റെ ആദ്യത്തെ ഹോസ്റ്റൽ ബഥനി ഹോസ്റ്റൽ ആയിരുന്നു. ചങ്ങനാശ്ശേരി, ആലപ്പുഴ, കുട്ടനാട് എന്നീ ഭാഗങ്ങളിൽനിന്നും പെൺകുട്ടികൾ തിരുവനന്തപുരത്തുവന്ന് ഹോളി ഏഞ്ചൽസ് സ്കൂളിൽ പഠിപ്പിച്ചിരുന്നു. ആരോ എന്തോ തെറ്റുചെയ്തു എന്ന കാരണത്താൽ സിസ്റ്റേഴ്സ് അവരെ പുറത്താക്കി. ആ കുട്ടികൾ മാർ ഈവാനിയോസ് തിരുമേനിയുടെ അടുത്തുവന്ന് ഒരു ഹോസ്റ്റൽ തുടങ്ങുവാൻ കേണപേക്ഷിച്ചു. ഇവരുടെ സംരക്ഷണത്തിനായി വന്ദ്യപിതാവിന്റെ താത്പര്യ പ്രകാരം തിരുവനന്തപുരത്ത് തൈക്കാട് എന്ന സ്ഥലത്ത് 1940 ജൂൺ മാസത്തിൽ ഒരു വീട് വാടകയ്ക്കെടുത്ത് ഹോസ്റ്റലിന് തുടക്കംകുറിച്ചു. മദർ സൾഗായെ അവിടെ താമസിപ്പിച്ചുകൊണ്ട് കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകി. കുട്ടികൾക്ക് മാത്രമല്ല അക്കാലത്ത് ഓഫീസ് കാര്യങ്ങൾക്കായും പഠനത്തിനായും തിരുവനന്തപുരത്ത് വന്നിരുന്ന സ്ത്രീ ജനങ്ങൾക്ക് പ്രത്യേകിച്ച് വിവിധ സന്യാസിനി സമൂഹങ്ങളിൽപ്പെട്ട ധാരാളം സിസ്റ്റേഴ്സിനും ബഥനി ഹോസ്റ്റൽ ഒരു അഭയകേന്ദ്രം ആയിരുന്നു. ഇന്നും അത് തുടർന്നുകൊണ്ടുപോകുന്നു. ബ. ഫിലിപ്പ് പന്തോളിൽ അച്ചൻ 'മദർ സൾഗാ ജന്മശതാബ്ദി സ്മരണ' എന്ന ബുക്കിൽ ഇപ്രകാരം കുറിക്കുന്നു. 'ഒരമ്മയ്ക്കടുത്ത സ്നേഹത്തോടും വാത്സല്യത്തോടും നയതന്ത്രജ്ഞതയോടും തന്റെ ചുമതലയിലുള്ള വിദ്യാർത്ഥിനികളെ മദർ സൾഗാ നയിച്ചിരുന്നു. എന്നാൽ ഹോസ്റ്റലിലെ നിയമങ്ങൾ വളരെ കർശനമായി കുട്ടികൾ പാലിക്കണമെന്ന് മദറിന് നിർബന്ധമുണ്ടായിരുന്നു. ഹോസ്റ്റലിലെ അന്തേവാസികൾക്ക് മദറിനോട് സ്നേഹവും ബഹുമാനവും ഭയവും ഉണ്ടായിരുന്നു. എന്നാൽ മദർ എപ്പോഴും അവർക്ക് അമ്മയായിത്തന്നെ അനുഭവപ്പെട്ടു.

www.malankaralibrary.com

## അദ്ധ്യായം 7

# നിഷ്ഠാ ജീവിതത്തിലടിയുറച്ച സന്യാസം

"ദൈവസേവനത്തേക്കാൾ ദൈവസമ്പാദനമാണ് അത്യുത്തമം" എന്ന ആദർശം സ്ഥാപക പിതാവിൽ നിന്നും ഏറ്റുവാങ്ങിയ മദർ സൾഗാ തന്റെ ജീവിതത്തിലുടനീളം അത് അന്വർത്ഥമാക്കി. എപ്പോഴും പ്രാർത്ഥനാ നിരതയായിട്ടാണ് മദറിനെ കണ്ടിരുന്നത്. മദറിന്റെ ചലിക്കുന്ന അധരങ്ങൾ താൻ അനുഭവിക്കുന്ന ദൈവിക സാന്നിദ്ധ്യത്തെ വിളിച്ചറിയിച്ചിരുന്നു. ദീർഘനേരം ചാപ്പലിൽ കഴിയുന്ന മദറിനെ എല്ലാവരും ശ്രദ്ധിച്ചിരുന്നു. പ്രാർത്ഥനയും പ്രവർത്തനവും സമഞ്ജസമായി പോകണമെന്നും അവയാണ് വിശുദ്ധിയിലേയ്ക്ക് പ്രവേശിക്കുവാനുള്ള മാർഗ്ഗങ്ങളെന്നും മദർ സൾഗാ വിശ്വസിച്ചിരുന്നു. മറ്റുള്ളവരെ അതിലേയ്ക്ക് പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

മലങ്കരയുടെ പാരമ്പര്യ പൈതൃകങ്ങളിൽ മദർ സൾഗാ അഭിമാനിച്ചു. അത് അഭംഗുരം കാത്തുസൂക്ഷിക്കുന്നതിൽ മദർ ജാഗ്രത പുലർത്തി. ആരാധനയിൽ ഒരു പിഴവോ, അയവോ എവിടെയെങ്കിലും കണ്ടാൽ അത് ആരോടും തുറന്നുപറയുവാനും തിരുത്തുവാനും മദർ ശ്രദ്ധിച്ചിരുന്നു.

മൗനവും പ്രാർത്ഥനയുമാണ് സന്യാസജീവിതത്തിന്റെ നെടുംതൂൺ എന്ന് മദർ സൾഗ കൂടെക്കൂടെ ഉദ്ബോധിപ്പിച്ചിരുന്നു. മൗനപാലനത്തിലുള്ള നിഷ്കർഷ മൂലം മറ്റ് സിസ്റ്റേഴ്സിന്റെ പദവിന്യാസത്തെപ്പോലും മദർ ശ്രദ്ധയോടെ നിയന്ത്രിച്ചിരുന്നു. "സന്യാസിനികളായ നാം രാജകുമാരികളാണ്. രാജകുമാരികളുടെ ശബ്ദം ഉച്ചത്തിൽ കേൾക്കുവാൻ പാടില്ല" എന്ന് മദർ പറഞ്ഞിരുന്നു. ആരെങ്കിലും മൗനസമയത്ത് സ്വരമുയർത്തിയാൽ ശ്...ശ്... എന്ന ശബ്ദം കൊണ്ടോ, അധരങ്ങളിൽ ചൂണ്ടുവിരൽ ഉയർത്തി ആംഗ്യഭാഷയിലോ മൗനം പാലിക്കുക എന്ന് നിർദ്ദേശം നൽകിയിരുന്നു. ഇതേപ്പറ്റി രസകരമായ ഒരു കഥ സിസ്റ്റേഴ്സിനിടയിൽ പ്രചരിക്കുന്നത് ഇവിടെ കുറിക്കുന്നു.



നാലാഞ്ചിറ മഠത്തിലെ പ്രകൃതിമനോഹരമായ വളപ്പിലെ വൃക്ഷങ്ങളിലും ചെടികളിലും അഭയം തേടിയിരുന്ന കുറെ പാട്ടുകാരി കുയിലുകൾ, മഠത്തിലെ മൗനാന്തരീക്ഷമൊന്നും വകവയ്ക്കാതെ തോപ്പം തോപ്പം കൂ... കൂ... വിളികൾ നടത്തി. ചാപ്പലിലേയ്ക്ക് വരുകയായിരുന്ന മദർ സൾഗാ അവരെ ഒന്ന് നോക്കിയിട്ട് ചൂണ്ടുവിരൽ ചുണ്ടിലൊന്നമർത്തി, ശൂ... എന്നൊരു താക്കീതും പാട്ടുകാരികൾ കൂട്ടത്തോടെ സ്ഥലംവിട്ടതും ഒന്നിച്ചുകഴിഞ്ഞു.

മദറിന്റെ സന്യാസജീവിതത്തിൽ എല്ലാറ്റിനും തുല്യപ്രാധാന്യമായിരുന്നു. ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും മദർ വിശ്വസ്തത പാലിച്ചു. മൗനസമയത്ത് സംസാരിക്കുമ്പോൾ താണ സ്വരത്തിൽ "ചുരുങ്ങിയ വാക്കുകളിൽ അത്യാവശ്യമായതുമാത്രം സംസാരിക്കുക" എന്ന് മദർ നിർബന്ധപൂർവ്വം പറഞ്ഞിരുന്നു. നമസ്കാരം പോലും അധികം ഉച്ചത്തിൽ ചൊല്ലുന്നതിനോട് മദർ യോജിച്ചിരുന്നില്ല. എന്നിരുന്നാലും ഉല്ലാസ സമയത്ത് ഫലിതങ്ങൾ പറഞ്ഞ് ചിരിക്കാനും ചിരിപ്പിക്കാനും മദർ സൾഗാ ഇഷ്ടപ്പെട്ടിരുന്നു. ദൈവത്തോട് സദാ സമ്പർക്കത്തിലായിരുന്ന മദറിന്റെ ദൈവാഭിമുഖ്യം മുഖപ്രസന്നതയിലൂടെ പ്രകടമായിരുന്നു.

സഭാ ജീവിതനിഷ്ഠയിലടിയുറച്ച ഒരു സന്യാസജീവിതമായിരുന്നു മദർ സൾഗാ നയിച്ചത്. ദൈവത്തിനുവേണ്ടിയുള്ള ഒരു പരിപൂർണ്ണസമർപ്പണമാണ് സന്യാസം എന്ന് മനസ്സിലാക്കിയ മദർ എപ്പോഴും വിശുദ്ധീകരണ മാർഗ്ഗത്തിൽ വ്യാപരിച്ചുകൊണ്ടിരുന്നു. പ്രഭാതത്തിൽ അതിരാവിലെ ഉണർന്ന് മറ്റാരും ചാപ്പലിൽ എത്തുന്നതിനുമുമ്പേ അവിടെയെത്തി ധ്യാനനിരതയാകുമായിരുന്നു. മദറിനോടൊപ്പം പത്തനംതിട്ട മഠത്തിലുണ്ടായിരുന്ന സിസ്റ്റർ ധന്യയുമായി മദർ പങ്കുവച്ചത് "മദർ സൾഗ ജന്മശതാബ്ദി സ്മരണയിൽ" സി. ധന്യ കുറിക്കുന്നു. "........ മദർ ഒരു സഹപാഠി എന്നവണ്ണം എന്നോട് പറയുകയാണ്, എന്നും രാവിലെ മൂന്ന്മണിക്ക് ഞാൻ എഴുന്നേൽക്കും. ശുചീകരണ കൃത്യങ്ങൾക്കു ശേഷം ബൈബിളും അതിനോട് ബന്ധപ്പെട്ട

www.malankaralibrary.com

ഗ്രന്ഥങ്ങളും വായിച്ച് ധ്യാനിക്കും. അത്യാവശ്യമായവ ബുക്കിൽ കുറിച്ചിടും. ഈ സമയത്ത് ഉറങ്ങുന്നവർക്ക് ശല്യമാകാതിരിക്കാൻ ഞാൻ ടേബിൾ ലാമ്പ് ആണ് ഉപയോഗിക്കുന്നത്'' എന്ന് നിഷ്ഠാപരമായ കാര്യങ്ങളിലുള്ള മദറിന്റെ ശ്രദ്ധയാണ് നാമിവിടെ കാണുന്നത്.

മന്ദിരാംഗങ്ങളുമൊത്ത് ആരാധനയിൽ സംബന്ധിക്കണമെന്ന് മദറിന് നിർബന്ധമുണ്ടായിരുന്നു. ഇതിൽനിന്നും മദർ ഒരിക്കലും മാറി നിന്നിട്ടില്ല. ഇത് നിറവേറ്റുന്നത് മദറിന്റെ വ്യക്തിപരമായ ചുമതലയും മന്ദിരാംഗങ്ങളോടുള്ള കടപ്പാടും ആണെന്ന് മദർ ധരിച്ചിരുന്നു. മരിക്കുന്നതിന് ഏതാണ്ട് രണ്ടാഴ്ച മുമ്പുവരെയും ആരാധനയിൽ മദർ സജീവമായി പങ്കെടുത്തിരുന്നു. ആരാധന സജീവമായി പ്രാർത്ഥിക്കുന്നതിന് മദർ ശ്രദ്ധിക്കുകയും മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഇതിനുദാഹരണമാണ് ശ്ഹീമോ നമസ്കാരത്തിന് അനുബന്ധമായ ബൈബിൾ വാക്യങ്ങൾക്കുവേണ്ടിയുള്ള മദറിന്റെ ഗവേഷണം. സി. റീഹാ ഇപ്രകാരം കുറിക്കുന്നു. ''കാൽ കഴുകൽ ശുശ്രൂഷയ്ക്കുള്ള പ്രത്യേക ഗാനങ്ങൾ ബഥനി ഹോസ്റ്റലിൽ താമസിച്ച് പഠിച്ചുകൊണ്ടിരുന്ന സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാ പുസ്തകത്തിൽ ഹോസ്റ്റൽ വാർഡനായിരുന്ന മദർ തന്നെ എഴുതിതന്നിട്ടുണ്ട്'' എന്ന് (Ibidp42) പ്രവർത്തനങ്ങളെല്ലാം പ്രാർത്ഥന ആയി മാറ്റുന്ന ശൈലി മദർ അഭ്യസിച്ചിരുന്നു. ഓരോ സമയത്തും ചെയ്യുന്ന പ്രവർത്തനങ്ങളെല്ലാം അതാത് സമയത്ത് നടന്നുകൊണ്ടിരിക്കുന്ന വിശുദ്ധ കുർബ്ബാനകളോട് ചേർത്ത് എല്ലാം ദൈവത്തിനായി അർപ്പിക്കുന്ന ശീലം മദർ പുലർത്തിയിരുന്നു. മറ്റുള്ളവരെ അത് അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. എത്രയോ ശ്രേഷ്ഠമായിരുന്നു മദറിന്റെ ഈ സഭാത്മക ജീവിതം.

ഭക്തകൃത്യങ്ങൾക്കെന്നപോലെ ഭക്ഷണത്തിനും ഉല്ലാസത്തിനും കൃത്യമായി പങ്കെടുത്തിരുന്ന മദർ, സമൂഹാംഗങ്ങൾ ഒരുമിച്ചിരുന്ന് പങ്കുവച്ച് അനുഭവങ്ങൾ കൈമാറി പരസ്പരമുള്ള കൂട്ടായ്മ വർദ്ധിപ്പിച്ച് ജീവിതം സന്തോഷപ്രദമാക്കാൻ പ്രചോദനം നൽകിയിരുന്നു.



പ്രകൃതിയേയും പുഷ്പങ്ങളെയും മദർ അത്യധികം സ്നേഹിച്ചിരുന്നു. പ്രകൃതിയിലൂടെ പ്രകൃതിനാഥനിലേയ്ക്ക് എന്ന തത്വം മനസ്സിലാക്കിയ മദറിന് പൂന്തോട്ടങ്ങൾ നിർമ്മിക്കുന്നതും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതും വളരെ ആനന്ദകരമായിരുന്നു. മരണത്തിന്റെ അടുത്ത നാളുകളിൽ സുഖമില്ലാതിരുന്ന ഒരു സിസ്റ്ററിന്റെ അടുത്ത് ഒരു ആഫ്രിക്കൻ ഡെയ്സി ഫ്ളവർവേസിൽ വച്ചിട്ടുണ്ട് ''ഇത് ആഡംബരത്തിനല്ല, to keep the presence of God'' എന്നുപറഞ്ഞ് ദൈവസാന്നിദ്ധ്യം പങ്കുവയ്ക്കുകയുണ്ടായി. എല്ലായിടത്തും എപ്പോഴും എല്ലാറ്റിലും ദൈവൈക്യം മദർ അനുഭവിച്ചിരുന്നു.

## അദ്ധ്യായം 8

## മിശിഹാനുകരണം രചനാമാദ്ധ്യമങ്ങളിലൂടെ പങ്കുവയ്ക്കുന്ന മദർ സൾഗാ

രണ്ടോ മൂന്നോ ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കാനുള്ള ഗവേഷണ ശേഖരങ്ങളും ഗ്രന്ഥ രചനകളും മദർ സൾഗാ നടത്തിയിട്ടുണ്ട്. മലയാളത്തിലെന്നപോലെ ഇംഗ്ലീഷിലും നല്ല പ്രാവീണ്യം സിദ്ധിച്ചിരുന്ന മദർ ധാരാളം വിശഷ്ട ഗ്രന്ഥങ്ങളിലൂടെ അറിവിന്റെ ആഴങ്ങളിലേയ്ക്ക് കടന്നുചെന്നു. ഒരു മാതൃകാ വിദ്യാർത്ഥിയെപ്പോലെയാണ് മദർ സൾഗാ ജീവിതകാലം മുഴുവൻ പിന്നിട്ടത്. സ്വപ്രയത്നം കൊണ്ട് കരസ്ഥമാക്കിയ വിജ്ഞാന സമ്പത്ത് ആവോളം ആസ്വദിക്കുക മാത്രമല്ല അത് ലോഭം കൂടാതെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനും മദർ സൾഗാ തല്പരയായിരുന്നു.

മദർ സൾഗ ചെറുപ്പത്തിൽതന്നെ ബൈബിൾ പഠനവിഷയമാക്കിയിരുന്നു. ബൈബിളിനോടുള്ള മദറിന്റെ ആഭിമുഖ്യം സന്യാസജീവിതത്തിലൂടെ കൂടുതൽ ശക്തമായി. ബൈബിൾ മദർ ശരിക്കും പഠിച്ചു. പഠനംവഴി കണ്ടെത്തിയ യേശു ദർശനത്തിലൂടെ മദർ ജീവിച്ചു. വിശ്വാസവും പാരമ്പര്യവും വിശ്വാസികളിൽ ഉറപ്പിക്കുന്നതിന് ഏറ്റവും പറ്റിയ മാർഗ്ഗം ബൈബിൾ പഠനമാണെന്ന് ഗ്രഹിച്ച മദർ തന്റെ സന്യാസജീവിതത്തിന്റെ

www.malankaralibrary.com

ആരംഭത്തിൽതന്നെ രചനാ മാദ്ധ്യമത്തിലൂടെ തന്റെ അറിവിനെ പ്രകാശനം ചെയ്യുവാൻ ഉദ്യമിച്ചിരുന്നു. പുനരൈക്യത്തിന് മുമ്പുതന്നെ നമ്മുടെ കർത്താവിന്റെ ജീവചരിത്രം (ബഥനി പ്രസ്, തിരുവല്ല, 1929). വി.സഭോപദേശം (Ibid) എന്നിവ രചിച്ചുകഴിഞ്ഞു. വേദപാഠ ക്ലാസ്സുകൾക്ക് ഈ പുസ്തകങ്ങൾ ഉപയോഗിച്ചിരുന്നു.

യേശുവിന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉള്ള ഒരു തീർത്ഥാടനമായിരുന്നു മദറിന്റെ ജീവിതം. യോഗാർത്ഥിനികൾക്ക് ക്ലാസ്സുകൾ എടുത്തിരുന്ന മദർ ബൈബിളിലെ പീഡാനുഭവരംഗങ്ങൾ വിശദീകരിച്ചിരുന്നപ്പോഴൊക്കെ കണ്ണുനീർ തുടയ്ക്കാതെ ആ ഭാഗം വിവരിച്ചു തീർക്കുവാൻ മദറിന് കഴിഞ്ഞിരുന്നില്ലായെന്ന് അനുഭവസ്ഥർ സാക്ഷിക്കുന്നു. അതിൽ ലയിച്ചിരുന്ന യോഗാർത്ഥിനികളിലും അശ്രുധാര ഉണ്ടായി എന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ !!

ഇൻഡ്യയുടെ വൈസ്രോയി ആയിരുന്ന ലോർഡ് ഇർവിൻ തിരുവനന്തപുരം സന്ദർശിച്ചപ്പോൾ മാർ ഈവാനിയോസ് തിരുമേനിയുടെ വി. കുർബാനയിൽ സംബന്ധിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന യൂറോപ്യൻ സന്ദർശകരുടെയും ഉപയോഗത്തിനായി മലങ്കര കുർബ്ബാനയുടെ ഇംഗ്ലീഷ് തർജ്ജിമ എഴുതിയുണ്ടാക്കിയത് മദർ സൾഗാ ആയിരുന്നു. ഇത് തിരുവനന്തപുരം ഗവ: പ്രസിൽ നിന്നും 1929-ൽ പ്രസിദ്ധീകരിച്ചു എന്ന് ബഹു. ആന്നിയിൽ തരകനച്ചൻ ''മദർ സൾഗാ ജന്മശതാബ്ദി സ്മരണ''യിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം സിദ്ധിച്ചിരുന്ന മദർ ഓക്സ്ഫോർഡ് മിഷനിൽപ്പെട്ട എപ്പിഫനി സമൂഹത്തിലെ സി. ജെത്രൂദ് ഇംഗ്ലണ്ടിൽ നിന്നും പ്രസിദ്ധീകരിച്ച ''മദർ ഈഡിത്ത്'' എന്ന ഗ്രന്ഥത്തിൽ ബഥനിയെപ്പറ്റി ഭംഗിയായി എഴുതിയ ഒരു ലേഖനമാണ് The syrian sisterhood എന്നതും പ്രത്യേകം സ്മർത്തവ്യമത്രെ. ഈ ലേഖനങ്ങളെല്ലാംകൂടി ക്രോഡീകരിച്ച് 1990-ൽ റവ. ഡോ. നൈനാൻ തരകൻ ആന്നിയിൽ പ്രസിദ്ധീകരിച്ചതാണ് ''പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ'' എന്ന ഗ്രന്ഥം. അതുപോലെ 1929-ൽ പ്രസിദ്ധീകരിച്ച നമ്മുടെ കർത്താവിന്റെ ജീവചരിത്രത്തിന്റെ മറ്റൊരു പതിപ്പാണ് ബഹു. തരകനച്ചൻ 1993-ൽ പ്രസിദ്ധീകരിച്ച ബൈബിളിലെ യേശു എന്ന പുസ്തകം എന്നതും പ്രത്യേകം പ്രസ്താവ്യമത്രേ.



ബൈബിൾ ഗവേഷണത്തിലുള്ള മദർ സൾഗായുടെ ആഭിമുഖ്യമാണ് ശ്ഹീമോ നമസ്കാരത്തിലെ തിരുവചനങ്ങൾക്കു വേണ്ടിയുള്ള ഗവേഷണത്തിലേയ്ക്ക് മദറിന്റെ ശ്രദ്ധയെ തിരിച്ചത്. നൂറ്റാണ്ടുകളായി കേരളത്തിൽ ഉപയോഗത്തിലിരുന്ന ശ്ഹീമോ നമസ്കാരത്തിന് ഇദംപ്രഥമമായി ബൈബിൾ റഫറൻസ് എഴുതിയുണ്ടാക്കിയത് മദർ സൾഗായാണ്. ശ്ഹീമോ നമസ്കാരത്തിൽ അന്തർലീനമായിരിക്കുന്ന തിരുവചനഭാഗങ്ങൾ കണ്ടുപിടിച്ച് സ്വന്തം കൈപ്പടയിൽ അതിന്റെ കോപ്പികൾ എടുത്ത് സിസ്റ്റേഴ്സിന് നൽകി, ദൈവാനുഭവത്തോടെ ആരാധനയിൽ സംബന്ധിക്കുവാൻ എല്ലാവരെയും മദർ പ്രോത്സാഹിപ്പിച്ചിരുന്നു. ബഥനിയ്ക്കും മലങ്കരയ്ക്കും മദർ സൾഗാ നൽകിയ ഒരു സംഭാവനയാണ് ഈ പ്രാർത്ഥനാ സഹായി.

ഏറെനാളത്തെ തന്റെ തീവ്രമായ പരിശ്രമം കൊണ്ട് തയ്യാറാക്കിയ ഈ പ്രാർത്ഥനാ സഹായി മറ്റൊരു പേരിൽ പ്രസിദ്ധീകരിച്ചു എന്നറിഞ്ഞപ്പോൾ മദർ സൾഗാ അതേപ്പറ്റി യാതൊരു പരാതിയും പറഞ്ഞില്ലെന്ന് മാത്രമല്ല അത് ക്രോഡീകരിച്ച് പുസ്തകമായി പ്രസിദ്ധീകരിച്ചതിൽ സന്തോഷിച്ചതേയുള്ളു. എത്ര വിശിഷ്ടമായ മാതൃക. ആരോടും പകയില്ലാത്ത, നന്മ കണ്ട് സന്തോഷിക്കുന്ന ഒരു വലിയ മനസ്സിന്റെ ഉടമ.

## അദ്ധ്യായം 9

## സ്നേഹത്തിന്റെ ഉറവിടം

വിദേശങ്ങളിൽ പഠനത്തിലായിരുന്ന പലരും മദർ സൾഗായുടെ ഉപദേശവും അഭിപ്രായവും ആരാഞ്ഞിരുന്നു.

www.malankaralibrary.com

ഡോക്ടറേറ്റിനുള്ള തീസിസ് തയ്യാറാക്കുന്നതിന് ബഥനിയെപ്പറ്റിയും മലങ്കരസഭയെപ്പറ്റിയുമുള്ള ചരിത്രപരമായ അറിവുകൾ ശേഖരിച്ചിരുന്നത് മദർ സൾഗായിൽ നിന്നുമായിരുന്നു. നൂറുകണക്കിന് കത്തുകളും കുറിപ്പുകളും യൂറോപ്പിലും മറ്റ് പട്ടണങ്ങളിലും താമസിച്ചിരുന്ന വൈദികർക്കായി മദർ സൾഗാ തയ്യാറാക്കി കൊടുത്തിരുന്നു. കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവ പുനരൈക്യത്തിന്റെ ആദ്യകാലമെന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഏതാനും പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. ബാവാ തിരുമനസ്സ് പറയുന്നു ''....... എന്റെ സന്യാസജീവിതത്തിന്റെ പ്രാരംഭഘട്ടം മുതൽ മദർ സൾഗായുമായി എനിക്ക് പരിചയം ഉണ്ട്. ധാരാളം ചർച്ചകളും സംഭാഷണങ്ങളും ഞാൻ മദറുമായി നടത്തിയിട്ടുണ്ട്. മദറിന്റെ സഭാനിഷ്ഠയിലടിയുറച്ച സന്യാസനിഷ്ഠയിലൂടെ ഉരുത്തിരിഞ്ഞ ജീവിത വീക്ഷണവും ആദ്ധ്യാത്മീക ഉൾക്കാഴ്ചയും എന്നെ ഓരോ പ്രാവശ്യവും ധന്യനാക്കിക്കൊണ്ടിരുന്നു. മദറിന്റെ സമീപനങ്ങളോട് ഞാൻ കാട്ടിയിട്ടുള്ള ആദരവും അതിനനുസൃതമായി സഭാഭിമുഖ്യത്തിൽ ഞാൻ കൈവരിച്ച വളർച്ചയും മദറിന് സന്തോഷപ്രദവും അഭിമാനകരവും ആയിരുന്നു. അതുകൊണ്ടുതന്നെ മദറിന്റെ ആഴമാർന്ന അനുഭവത്തിൽനിന്നും മലങ്കരസഭയെ പറ്റിയുള്ള രേഖകളുടെ വ്യാപകമായ ശേഖരത്തിൽനിന്നും എനിയ്ക്ക് ആവോളം വിളമ്പിതന്ന് എന്നെ സംതൃപ്തനാക്കുകയും ചെയ്യുമായിരുന്നു''. മദർ സൾഗായുടെ അമ്മയ്ക്കടുത്ത കരുതലും വ്യക്തിത്വ മാഹാത്മ്യവുമാണ് കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ഇവിടെ തുറന്നുവച്ചത്. ജർമ്മൻ പണ്ഡിതനായിരുന്ന ഡോ: മധായി മലങ്കര സഭയുടെ ആദ്യകാലങ്ങളെക്കുറിച്ച് പഠിക്കുന്നതിന് മദർ സൾഗായുമായി സമ്പർക്കം പുലർത്തിയിരുന്നുവെന്ന് ബഹു. തരകനച്ചൻ ''പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ'' എന്ന ബുക്കിൽ എഴുതിയിട്ടുണ്ട്. അസാമാന്യമായ വ്യക്തിപ്രഭാവം കൊണ്ട് നിറഞ്ഞ ഔദാര്യമതിയുംമാതൃതുല്യമായ സ്നേഹവായ്പും ഉള്ള ഒരു സന്യാസിനി ആയിരുന്നു മദർ സൾഗാ.

സിസ്റ്റേഴ്സിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്ന ഒരു വലിയ മാതൃഹൃദയത്തിന്റെ ഉടമയായിരുന്നു മദർ സൾഗാ. പഠിക്കുന്ന സിസ്റ്റേഴ്സിന് പഠനാനുബന്ധ പ്രവർത്തനങ്ങൾക്കായി ചെയ്തിരുന്ന സഹായങ്ങൾക്ക് അതിരില്ല. മദർ സൾഗായുടെ സഹായം കൂടാതെ സമൂഹത്തിൽ ആരും തന്നെ ബി.എഡ്., റ്റി.റ്റി.സി., നഴ്സറി ട്രയിനിംഗ് ഇവ പൂർത്തിയാക്കിയിരുന്നില്ല അക്കാലങ്ങളിൽ. മരിക്കുന്നതിന് രണ്ടാഴ്ച മുൻപ് നഴ്സറി ട്രയിനിംഗ് നടത്തിക്കൊണ്ടിരുന്ന സിസ്റ്റേഴ്സിന് പ്രാക്ടിക്കൽ വർക്കിന് ആവശ്യമായ സാധനങ്ങൾ കൊടുത്തയക്കുന്നത് ഇന്നെന്നപോലെ ഓർക്കുന്നു.

ധാരാളം പടങ്ങളും പൂക്കളും പേപ്പർ കട്ടിംഗ്സും ഒക്കെ മദറിന്റെ ശേഖരത്തിലുണ്ടാകും. തയ്യൽ, ക്രാഫ്റ്റ് എന്നിവയിൽ തൽപരയായിരുന്ന മദർ ഒരു നിമിഷം പോലും വെറുതെ ഇരുന്നിട്ടില്ല. ചാപ്പലിലേയ്ക്ക് ആവശ്യമായ വിരികൾ, ചേത്ത തുടങ്ങിയ അലങ്കാരപണികളൊക്കെ വശമാക്കിയിരുന്ന മദർ വളരെ മനോഹരമായി തയ്ക്കുമായിരുന്നു.എന്നും അത്താഴം കഴിഞ്ഞ് ഒന്നിച്ചുകൂടുമ്പോൾ സൂചിയും നൂലും കത്രികയും പേപ്പറും തുണിത്തരങ്ങളും ഒക്കെ ആയിട്ടായിരിക്കും മദറിന്റെ വരവ്. ചിലപ്പോൾ പഴയവസ്ത്രങ്ങൾ തുന്നിപ്പിടിപ്പിക്കുന്ന ഉദ്യമത്തിലായിരിക്കും. എത്ര നല്ല മാതൃക ആയിരുന്നു മദറിന്റെ ഓരോ പ്രവർത്തനങ്ങളിലും ദൃശ്യമായിരുന്നത്.

ഇംഗ്ലീഷ് ഭാഷ നന്നായി വശമാക്കിയിരുന്ന മദർ സൾഗാ സിസ്റ്റേഴ്സിന്റെ ഇംഗ്ലീഷ് മെച്ചപ്പെടുത്തുന്നതിനും പരിശ്രമിച്ചിരുന്നു. ചെറിയ ഡയറികളുണ്ടാക്കി ഇംഗ്ലീഷ് വാക്കുകൾ സ്വന്തം കൈപ്പടയിൽ എഴുതി അതിന്റെ അർത്ഥവും മലയാളത്തിൽ കുറിച്ചിട്ട് സിസ്റ്റേഴ്സിന് കൊടുത്തിരുന്നത് ഒരു പിതാവിനടുത്ത സ്നേഹവാത്സല്യത്തോടും ഒരമ്മയ്ക്കടുത്ത കരുതലോടും കൂടി ആയിരുന്നു എന്നല്ലേ പറയുവാൻ പാടുള്ളു.

സിസ്റ്റേഴ്സിന് വേണ്ടതായ കരുതലും സ്നേഹവും കൊടുത്ത് സമൂഹത്തിൽ അവർ വിലപ്പെട്ടവരാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുവാൻ മദർ ശ്രദ്ധിച്ചിരുന്നു. കമ്പ്യൂട്ടർ

www.malankaralibrary.com

ടെക്നോളജി വ്യാപിച്ചിട്ടില്ലായിരുന്ന അക്കാലത്ത് സമൂഹത്തിൽ ഏറ്റവും ഇളയ സിസ്റ്ററിന്റെ വരെയുള്ള പേരുകൾ ക്രമമായി എഴുതിയുണ്ടാക്കി അതിന്റെ ധാരാളം കോപ്പികൾ എടുത്ത് സിസ്റ്റഴ്സിന് നൽകുവാൻ മദർ സമയം കണ്ടെത്തി. പരസ്പരമുള്ള ബന്ധത്തിന്റെയും മാതൃനിർവിശേഷമായ നിഷ്കളങ്ക സ്നേഹത്തിന്റെയും ബഹിർസ്ഫുരണങ്ങളായിരുന്നു ഇവയൊക്കെ.

മദർ സൾഗായെപ്പറ്റിയുള്ള അനുസ്മരണയിൽ സി. കാതറീൻ ഇപ്രകാരം എഴുതുന്നു. "അവധി കഴിഞ്ഞ് ഞാൻ വീട്ടിൽനിന്നും നാലാഞ്ചിറ മഠത്തിൽ എത്തിയപ്പോൾ മദർ സൾഗായ്ക്ക് വലിയ സന്തോഷം. മദർ എന്നെക്കൊണ്ട് എപ്പോഴും ഓരോന്ന് എഴുതിപ്പിക്കുമായിരുന്നു. ശ്ഹീമോയിലെ ബൈബിൾ റഫറൻസ് എന്നെക്കൊണ്ട് എഴുതിപ്പിക്കുമായിരുന്നു. ഓരോ ഞായറാഴ്ചയുടെയും പ്രത്യേകത, മാർ ഈവാനിയോസ് തിരുമേനി പഠിപ്പിച്ചിരുന്നത് എന്റെ ഡയറിയിൽ മദർ എഴുതിത്തന്നു. ഇന്നും ഞാനത് സൂക്ഷിക്കുന്നു.... മദറിന് എന്നോട് എന്തോ പ്രത്യേകതയുള്ളത് ഞാൻ പലപ്പോഴും മനസ്സിലാക്കിയിരുന്നു. ഒരു ചുമ വന്നാൽ മതി മദർ എന്നെ മുറിയിൽ കൊണ്ടുപോയി മരുന്നുതരും" (മദർ സൾഗാ ജന്മശതാബ്ദി പേജ് 53). മദറിനോട് ഇടപെടുന്ന ഓരോരുത്തർക്കും തോന്നും അവരെയാണ് മദർ കൂടുതൽ ഇഷ്ടപ്പെടുന്നത് എന്ന്.

കൊച്ചു സിസ്റ്റേഴ്സിനോട് മദറിനുള്ള സ്നേഹം വർണ്ണനാതീതമായിരുന്നു. ഒരാൾ സന്യാസത്തിന് കൊള്ളാം എന്ന് കണ്ടാൽ മദർ പിന്നെ എല്ലാം മറക്കും. സി. പരിമള ഇങ്ങനെ എഴുതുന്നു "മദർ മൂന്നുതവണ എന്നെ കാണാൻ വീട്ടിൽ എത്തിയിട്ടുണ്ട്. പ്രീഡിഗ്രി റിസൽട്ട് അറിഞ്ഞിട്ടേ ഞാൻ മഠത്തിൽ വരികയുള്ളു എന്ന് കേട്ടപ്പോൾ പത്തനംതിട്ടയ്ക്ക് സ്ഥലംമാറ്റം ആയിരുന്നിട്ടും പോകാതെ മദർ കാത്തിരിക്കുകയാണ് എന്നെ മഠത്തിൽ സ്വീകരിക്കുവാൻ. ഓരോ വ്യക്തിയെയുമായിരുന്നു മദർ സ്നേഹിച്ചത്. കാടടച്ച് ഒന്ന് സ്നേഹിച്ചതല്ല (Ibid P.39)

മദർ സൾഗ, പദവികൾ കൊണ്ടല്ല മറിച്ച് മദറിന്റെ



മനുഷ്യപൂർണ്ണവും ആത്മീയവുമായ വിശിഷ്ട വ്യക്തിപ്രഭാവം കൊണ്ടാണ് സമൂഹത്തിൽ വളരെ സ്വാധീനം വരുത്തുവാൻ സാധിച്ചത്. ദൈവഹിതം അറിയുകയും അത് പ്രാവർത്തികമാക്കുകയുമായിരുന്നു മദറിന്റെ തീവ്രാഭിലാഷം. "സത്യം അറിയുന്നവൻ വെളിച്ചത്തിലേയ്ക്ക് വരുന്നു. അങ്ങനെ അവന്റെ പ്രവർത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്ന് വെളിപ്പെടുന്നു. (Jn 3/21)

## അദ്ധ്യായം - 10

## സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ

മദർ സൾഗാ ഒരു സാമൂഹിക പ്രവർത്തക കൂടിയായിരുന്നു. സ്ത്രീജനോദ്ധാരണം ലക്ഷ്യമാക്കിയ ബഥനി സിസ്റ്റേഴ്സ് ഗ്രാമവാസികളായ നാലാഞ്ചിറയിലെ പെൺകുട്ടികൾക്കായി സെന്റ് ഗൊരേത്തി സ്കൂൾ 1955-ൽ യു.പി. സ്കൂൾ ആയിട്ടാണ് ആരംഭിച്ചത്. മദർ സൾഗായുടെ ബുദ്ധിപൂർവ്വമായ പ്രവർത്തനം ഇവിടെയും താങ്ങും തണലുമായി കടന്നുവന്നു. അന്ന് മദർ തിരുവനന്തപുരം അതിരൂപതയിലുള്ള ബഥനി സിസ്റ്റേഴ്സിന്റെ മദർ ജനറൽ ആയിരുന്നു. മദർ പലപ്രാവശ്യം വിദ്യാഭ്യാസ ഡയറക്ടറെ നേരിൽകണ്ടും നിവേദനങ്ങൾ നൽകിയും സ്കൂൾ അനുവദിച്ചുകിട്ടാൻ ബദ്ധശ്രദ്ധയായിരുന്നു. ഹൈസ്കൂളിനുവേണ്ടി പ്രയത്നിച്ചതും മദർ സൾഗാ തന്നെയായിരുന്നു. ആർ. ശങ്കർ എറണാകുളത്ത് വരുന്നുണ്ടെന്നറിഞ്ഞ് പട്ടം സെന്റ് മേരീസ് സ്കൂൾ ഹെഡ്മാസ്റ്ററും മദറിന്റെ ബന്ധുവും കൂടി ആയിരുന്ന ചെറിയാൻ തരകൻ സാറിനെ എറണാകുളത്തേക്കയച്ച് അദ്ദേഹം ഭാര്യാ സഹോദരനായിരുന്ന ശ്രീ കണ്ണന്താനത്തിനെയും കൂട്ടി ബഹു. മന്ത്രിയെ കണ്ട് അനുവാദം വാങ്ങുന്നതിന് ഈ സാഹചര്യം സംഘടിപ്പിച്ചത് മദറിന്റെ കർമ്മകുശലതയുടെ മറ്റൊരു ഭാഗമാണ്.

മദർ സൾഗായുടെ വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നിരുന്ന ഒരു ഗുണമാണ് നിശ്ചയദാർഢ്യം. ഏതെങ്കിലും ഒരു സംഗതി മനസ്സിൽ നിരൂപിച്ച് ബോദ്ധ്യപ്പെട്ടാൽ പിന്നീട് അരയും തലയും മുറുക്കി അതിന്റെ പിന്നാലെ നിൽക്കുക എന്നത് മദറിന്റെ ഒരു പ്രത്യേകതയാണ്. ഇതേപ്പറ്റി ബഹു. ഫിലിപ്പ് പന്തോളിലച്ചൻ "മദർ

www.malankaralibrary.com

സൾഗാ ജന്മ ശതാബ്ദിയിൽ'' കുറിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. അച്ചൻ പറയുന്നു. ''.......... മദർ വന്നാൽ കാര്യം സാധിക്കാതെ മടങ്ങിപ്പോവില്ല..... പുത്രസഹജമായ സ്വാതന്ത്ര്യത്തോടും തന്റേടത്തോടും എങ്ങിനെയാണെങ്കിലും കാര്യം സാധിച്ചേ മടങ്ങുമായിരുന്നുള്ളു. സാക്ഷാൽ പുത്രിമാർ അവരുടെ ലൗകിക പിതാവിനെ സ്നേഹിക്കുന്നതിലും ഉപരിയായി ഈ കന്യാസ്ത്രിമാർ മാർ ഈവാനിയോസ് തിരുമേനിയെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. അവർ ഈ ഉറപ്പുള്ള അടിസ്ഥാനത്തിൽ ബഥനി സന്യാസിനി സഭയായി വളർന്ന് ശക്തി പ്രാപിച്ച് ഏതാണ്ട് നൂറോളം കന്യാസ്ത്രീകളെ ഉൾക്കൊള്ളുന്ന സമർപ്പിത സൈന്യമായി നിലകൊള്ളുന്നത് നമുക്കെത്രയോ സന്തോഷകരവും അഭിമാനകരവുമാണ്.(Ibid P19)

ആദ്യകാലങ്ങളിൽ നാലാഞ്ചിറയിൽ ഒരു തപാൽ ഓഫീസ് പ്രവർത്തിച്ചിരുന്നില്ല. തന്മൂലം നാട്ടുകാർ വളരെ വിഷമിച്ചു. ഏത് കാര്യത്തിനും ഒരു പ്രതിവിധി കണ്ടെത്തുന്ന മദർ സൾഗായുടെ ശ്രദ്ധ ഇവിടെയും എത്തി. മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം അന്നത്തെ പോസ്റ്റ് മാസ്റ്റർ ജനറലിന് മദർ നിവേദനം നൽകി. തൽഫലമായി 1936-ൽ തന്നെ നാലാഞ്ചിറയ്ക്ക് പോസ്റ്റ് ഓഫീസ് അനുവദിച്ചുകൊണ്ട് പോസ്റ്റ് മാസ്റ്റർ ജനറൽ അയച്ച മറുപടി മഠത്തിലെ രേഖാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

നാലാഞ്ചിറയിൽ ബസ് സൗകര്യം വളരെ പരിമിതമായിരുന്നു. കേശവദാസപുരം വരെ മാത്രമേ അന്നത്തെ സിറ്റി ബസുകൾ ഓടിയിരുന്നുള്ളു. സിസ്റ്റേഴ്സ് അരുവിയോട് സെന്റ് റീത്താസ് സ്കൂളിൽ പോയിരുന്നത് നടന്നായിരുന്നു. ചിലപ്പോഴൊക്കെ വില്ലുവണ്ടിയിൽ സിസ്റ്റേഴ്സിനെ സ്കൂളിൽ വിട്ടിരുന്നു. എന്നാൽ വൈകിട്ട് നടന്നുതളർന്ന് ക്ഷീണിച്ചവശരായി മഠത്തിൽ എത്തിയിരുന്ന സിസ്റ്റേഴ്സിനെ കണ്ട് മദർ വിഷമിച്ചിരുന്നു. ബസ്സില്ലാതെ നാട്ടുകാരും വളരെ ക്ലേശിച്ചിരുന്നത് മദറിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിനൊരു പരിഹാരം ഉണ്ടാക്കണമെന്ന് തീരുമാനത്തോടെ എത്രയും പെട്ടെന്നുതന്നെ മദർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിവേദനം നൽകി. അങ്ങിനെ സിറ്റി



സർവ്വീസ് ബസുകൾ മണ്ണന്തല വരെ ഓടാൻ ഉത്തരവാകുകയും ചെയ്തു. ഇങ്ങനെ നാനാവിധമായ വികസന പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്ത് താൻ ആയിരിക്കുന്ന സമൂഹത്തെ നന്മയിലേയ്ക്ക് നടത്തുക എന്നത് മദറിന്റെ ഒരു ദർശനമായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ ദീർഘദൃഷ്ടിയും ഭരണപാടവവും ഏറ്റുവാങ്ങിയ ശിഷ്യ ആയിരുന്നു മദർ സൾഗാ എന്ന് സമൂഹം അഭിമാനത്തോടെ സ്മരിക്കുന്നു.

നല്ലൊരു വൈദ്യന്റെ വൈദഗ്ദ്ധ്യവും മദറിന് ലഭിച്ചിരുന്നു. പരുമല സെമിനാരിയിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന മദർ സൾഗായുടെ പിതാവ് ചെറിയാൻ തരകൻ ഇംഗ്ലീഷ് ചികിത്സാവിധികൾ നടത്തിയിരുന്നുവെന്ന് മദറിന്റെ ഓർമ്മക്കുറിപ്പുകളിൽ പറയുന്നുണ്ട്. പിതാവിന്റെ ഈ അഭിരുചി നൈസർഗ്ഗികമായി പുത്രിക്കും ലഭിച്ചു എന്നുവേണം പറയുവാൻ. ധാരാളം ലേഹ്യങ്ങളും പച്ചമരുന്നുകളും അരിഷ്ടങ്ങളും ഉണ്ടാക്കി സിസ്റ്റേഴ്സിന് നൽകി അവരുടെ ആരോഗ്യസംരക്ഷണത്തിൽ മദർ ശ്രദ്ധിച്ചിരുന്നു. ക്ഷീണത്തിന് നെല്ലിക്കാ അരിഷ്ടവും രക്തശുദ്ധിക്ക് അശോകാരിഷ്ടം, കണ്ണിന് ശതാവരിഗുളം എന്നിവ മദർ തയ്യാർ ചെയ്തിരുന്നു. ഔഷധച്ചെടികളും മദർ വച്ചുപിടിപ്പിച്ചിരുന്നു. മാസികകളിലും മറ്റും പ്രസിദ്ധീകരിച്ചിരുന്ന ഒറ്റമൂലികൾ മദറിന്റെ ചികിത്സാവിധിയിൽ സ്ഥാനം പിടിച്ചു. ഔഷധങ്ങളുടെ ഒരു നിഘണ്ടു തന്നെ മദർ സ്വന്തം കൈപ്പടയിൽ എഴുതി പിൻതലമുറയ്ക്കായി കരുതിവച്ചു. പാമ്പ്, എലി, ചിലന്തി തുടങ്ങിയവയുടെ വിഷമേറ്റ ധാരാളം ആളുകളെ മദർ ചികിത്സിച്ച് സുഖമാക്കിയിട്ടുണ്ട്. ആശുപത്രികൾ ഇല്ലാതിരുന്ന അക്കാലത്ത് നാലാഞ്ചിറ മഠത്തിലെ മെഡിക്കൽ ക്ലിനിക്ക് നാലാഞ്ചിറയിലും സമീപപ്രദേശങ്ങളിലും ഉള്ള ആളുകൾക്ക് ഒരു അഭയകേന്ദ്രമായിരുന്നു. ഹെർബോ മിനറൽ ചികിത്സയും മദർ ധാരാളം പേർക്ക് നൽകി പ്രചരിപ്പിച്ചിട്ടുണ്ട്. വിപുലമായിട്ടല്ലെങ്കിലും ഈ ചികിത്സകൾ തേടി വരുന്നവർക്ക് സമൂഹത്തിന്റെ പല ഹൗസുകളിലും സിസ്റ്റേഴ്സ് ഇത് ലഭ്യമാക്കുന്നുണ്ട് എന്ന് കുറിക്കുവാൻ ഏറെ സന്തോഷമുണ്ട്.

www.malankaralibrary.com

മദർ സൾഗായുടെ പാമ്പിൻവിഷ ചികിത്സ വളരെ പ്രസിദ്ധമായിരുന്നു. മൂർഖൻ പാമ്പിന്റെ വിഷമേറ്റ് മരിക്കാറായ ഒരു സന്യാസാർത്ഥിനിയെ - സി.പത്രീസ് - ചികിത്സിച്ച് സുഖമാക്കിയതോടെയാണ് മദർ സൾഗായുടെ ശ്രദ്ധ ഈ വഴിക്ക് തിരിഞ്ഞത്. 1944-ൽ അർത്ഥിനീ പദത്തിലായിരുന്ന സി. പത്രീസിനെ മൂർഖൻപാമ്പ് കൊത്തി. മൂന്നുനാലു ദിവസം ബോധമറ്റുകിടന്നിരുന്ന ആ കുട്ടിയെ അന്ന് പാങ്ങോട്ട് താമസിച്ചിരുന്ന തൃശൂർക്കാരൻ ജോർജ്കുട്ടി വൈദ്യരാണ് ചികിത്സിച്ച് സുഖമാക്കിയത്. വിഷചികിത്സയിൽ വൈദഗ്ധ്യം നേടിയ അദ്ദേഹം നന്നേ വൃദ്ധനായിരുന്നു. തന്റെ മരണത്തോടെ താൻ നടത്തിയിരുന്ന ചികിത്സാവിധികളും തീർന്നോട്ടെ എന്ന് അദ്ദേഹം കരുതി തന്റെ ഏക മകനെപ്പോലും ഈ ശാസ്ത്രം പഠിപ്പിക്കുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. വളരെ സൂക്ഷ്മതയോടും ക്ഷമാപൂർവ്വവും തെല്ലിടവ്യത്യാസം കൂടാതെ ഈ മരുന്ന് തയ്യാറാക്കേണ്ടിയിരുന്നതിനാൽ മറ്റൊരാൾ ചെയ്താൽ തെറ്റുപറ്റും എന്ന നിഗമനത്തിലായിരുന്നു അദ്ദേഹം. സമർത്ഥനായ ഈ വൈദ്യരുടെ നഷ്ടം വൈദ്യശാസ്ത്രത്തിനുണ്ടാകുന്ന തീരാനഷ്ടമായിരിക്കും എന്ന് മനസ്സിലാക്കിയ മദർ വീണ്ടും വീണ്ടും അദ്ദേഹത്തെ സന്ദർശിച്ച് വിലയേറിയ തന്റെ വൈദ്യശാസ്ത്രം തലമുറകൾക്കായി കൈമാറേണ്ടതിന്റെ അത്യാവശ്യകത അദ്ദേഹത്തെ ധരിപ്പിച്ചുകൊണ്ടേയിരുന്നു. ബഥനി ആശ്രമസ്ഥരായിരുന്ന ബഹു. ജോബച്ചനും കോശിയച്ചനും മദറിന് പിൻബലം നൽകി. നിത്യേനയുള്ള ഈ അഭ്യർത്ഥനയും വൈദ്യം പഠിക്കുന്നതിന് മദർ കാട്ടുന്ന താത്പര്യവും വൈദ്യരുടെ മനസ്സിനെ തിരിപ്പിച്ചു. ''നിങ്ങൾ സന്യാസികൾക്കേ ഈ ചികിത്സ തുടരുവാൻ പറ്റുകയുള്ളു'' എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന മരുന്നുകളെല്ലാം അത് സൂക്ഷിക്കുവാനുള്ള ഭരണികൾ ഉൾപ്പെടെ മദറിനെ ഏൽപ്പിക്കുകയും വൈദ്യം അഭ്യസിപ്പിക്കുകയും ചെയ്തു. ബഥനി ആശ്രമസ്ഥർ പ്രത്യേകിച്ച് ജോബച്ചനും കോശിയച്ചനും ഈ ചികിത്സയിൽ വൈദഗ്ധ്യം നേടുകയുണ്ടായി. അങ്ങനെ മദർ സൾഗായുടെ പ്രയത്നഫലമായി വൈദ്യശാസ്ത്രത്തിന് നഷ്ടപ്പെട്ടേക്കാമായിരുന്ന ഈ ചികിത്സ സമ്പ്രദായം അന്നുമുതൽ പ്രാവർത്തികമാക്കുകയും സമൂഹത്തിൽ



പലരെയും അത് അഭ്യസിപ്പിക്കുകയും ചെയ്തു. വിഷമേറ്റുവന്ന അനേകർ ഈ ചികിത്സാമൂലം സുഖമായിട്ടുണ്ട്. ഈ രീതി ഇപ്പോഴും ബഥനിയുടെ പല മന്ദിരങ്ങളും തുടർന്നുവരുന്നു എന്നത് കൃതജ്ഞതയോടെ സ്മരിക്കുന്നു.

അപാരസിദ്ധികളുടെ ഉടമയായ മദർ സൾഗാ കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. മദറിന്റെ ശ്രദ്ധയിൽപെടാത്ത കാര്യങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു എന്നുവേണം പറയുവാൻ. പാചകത്തിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും വലിയതിട്ടമില്ലായിരുന്നുവെങ്കിൽപോലും വിവിധ രീതികളിലുള്ള പാചകവിധികൾ സ്വന്തം കൈപ്പടയിൽ വലിയ ബുക്കുകളിലാക്കി പിൻതലമുറയ്ക്കായി കരുതിയ മദറിന്റെ വിശാല മനസ്കത സ്വർഗ്ഗത്തോളം വലുതായിരുന്നു.

## അദ്ധ്യായം - 11

## പൊന്തിഫിക്കൽ പദവി

മദർ സൾഗായുടെ പണ്ഡിതോചിതമായ നീക്കത്തിന് ഒരു ഉദാഹരണമാണ് സമൂഹത്തിന്റെ പൊന്തിഫിക്കൽ പദവി. കേരളത്തിൽ അധികമാർക്കും ലഭ്യമല്ലാതിരുന്ന ഈ സ്ഥാനം വളരെ പരിമിതമായ സാഹചര്യത്തിൽ കഴിഞ്ഞിരുന്ന ബഥനിയ്ക്ക് തിരുസിംഹാസനം നൽകിയ ഒരു അംഗീകാരമായിരുന്നു ഇത്.

പൊന്തിഫിക്കൽ സ്ഥാനലബ്ധിയെക്കുറിച്ച് മദർ സൾഗായ്ക്ക് നല്ല ധാരണയുണ്ടായിരുന്നു. ബഥനി ഒരു ഡയോസിസൻ സമൂഹമായി മാത്രം കഴിഞ്ഞാൽ ഉള്ളതിന്റെ അപര്യാപ്തത മദർ വ്യക്തമായി മനസ്സിലാക്കിയിരുന്നു. സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തി അനുഗ്രഹിക്കുന്നതിന് ദൈവം മദർ സൾഗായെ ഉപകരണമാക്കി.

1953-ൽ അത്യുന്നത കർദ്ദിനാൾ ടിസറാന്റ് ഇൻഡ്യ സന്ദർശിക്കുന്ന സമയം. തിരുമേനി അന്ന് ഓറിയന്റൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് ആയിരുന്നു. പൗരസ്ത്യസഭകളോട്

www.malankaralibrary.com

പ്രത്യേക വാത്സല്യം പുലർത്തിയിരുന്ന തിരുമേനി, തിരുവനന്തപുരം, തിരുവല്ല രൂപതകൾ സന്ദർശിച്ച് പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ച കണ്ട് സന്തോഷിച്ചു.

അന്ന് തിരുവനന്തപുരം രൂപതയിലെ ബഥനി സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ സൾഗാ ആയിരുന്നു. മദറിന്റെ ക്ഷണമനുസരിച്ച് നാലാഞ്ചിറ ബഥനി മഠം സന്ദർശിക്കാനെത്തിയ കർദ്ദിനാൾ തിരുമേനിയ്ക്ക് സമുചിതമായ വരവേൽപ്പ് നൽകി ആദരിച്ചു. ഏത് കാര്യത്തിലും അവസരോചിതമായി പ്രവർത്തിച്ച് നേട്ടങ്ങൾ സമ്പാദിക്കുന്ന മദർ സൾഗാ കർദ്ദിനാൾ തിരുമേനിയുടെ ഈ സന്ദർശനവും വേണ്ടവിധം പ്രയോജനപ്പെടുത്തി. തിരുമേനിയെ തനിച്ച് കണ്ട് സംസാരിച്ച മദർ ഏറെ നാളായി മനസ്സിൽ കൊണ്ടുനടന്നിരുന്ന തന്റെ ഇംഗിതം തിരുമേനിയെ അറിയിച്ചു. ''ബഥനിയ്ക്ക് പൊന്തിഫിക്കൽ സ്ഥാനം നൽകി അനുഗ്രഹിക്കണം'' തദവസരത്തിൽ തിരുമേനി 'യേസ്' എന്ന് മാത്രം പറഞ്ഞ് ഉത്തരവ് നൽകി. പിന്നീട് ഈസ്റ്ററിനും ക്രിസ്തുമസിനും ഒക്കെ ഗ്രീറ്റിംഗ്സ് അയച്ചിരുന്നപ്പോൾ ''തിരുമേനി നൽകിയ വാഗ്ദാനം നിറവേറ്റാൻ മറക്കരുതേ'' എന്ന് ഓർമ്മിപ്പിച്ചിരുന്നു. അങ്ങിനെ കർദ്ദിനാൾ ടിസറന്റാണ് ബഥനി സന്യാസിനി സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തുന്നതിന് പരി. പിതാവ് 12-ാം പിയൂസ് മാർപ്പാപ്പയോട് ഉണർത്തിച്ചത്.

അക്കാലത്ത് പൗരസ്ത്യ തിരുസംഘത്തിന്റെ കൺസൾട്ടന്റായി റോമിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന കേരളക്കരയിലെ സി.എം.ഐ. സമൂഹാംഗമായ ബഹു. പ്ലാസിഡ് സി.എം.ഐ. അച്ചനെ അപ്പസ്തോലിക് വിസിറ്ററായി പരി. പിതാവ് കേരളത്തിലേയ്ക്ക് കൽപ്പിച്ചയച്ചു. പ്ലാസിഡച്ചൻ ഇവിടെ വന്ന് സമൂഹാംഗങ്ങളെ ഓരോരുത്തരായി നേരിൽകണ്ട് സംസാരിച്ചു. അങ്ങിനെ തിരുവനന്തപുരം, തിരുവല്ല രൂപതകളിൽ സ്വതന്ത്ര സമൂഹങ്ങളായി കഴിഞ്ഞിരുന്ന ബഥനീ സന്യാസിനി സമൂഹാംഗങ്ങളുടെ താൽപര്യപ്രകാരം ഇരു സമൂഹങ്ങളെയും സംയോജിപ്പിച്ച് ഒരു സുപ്പീരിയർ ജനറലിന്റെ ഭരണത്തിൻ കീഴിലാക്കാൻ തീരുമാനിച്ചു.



1956 സെപ്തംബർ 2 ന് ചെങ്ങന്നൂർ മഠത്തിൽ സമ്മേളിച്ച ബഥനി സിസ്റ്റേഴ്സിന്റെ സംയുക്ത ചാപ്റ്ററിൽ പരി. സിംഹാസനത്തിൽ നിന്നുമുള്ള ബൂളാ വായിച്ച് ബഥനിയെ പൊന്തിഫിക്കൽ സ്ഥാനത്തേയ്ക്ക് ഉയർത്തിയതായി പ്രഖ്യാപിച്ചു. ബഹു. പ്ലാസിഡച്ചന്റെ സാന്നിദ്ധ്യത്തിൽ സമൂഹാംഗങ്ങൾ ആദ്യത്തെ സുപ്പീരിയർ ജനറലിനെ - മദർ മാക്സാ-തെരഞ്ഞെടുത്തു.

ഇന്ന് ബഥനി മലങ്കര സഭയോടുള്ള പ്രതിബദ്ധതയിൽ പങ്കുചേർന്നുകൊണ്ട് തിരുസിംഹാസനത്തോടുള്ള നിസ്വാർത്ഥമായ സഹകരണവും വിശ്വസ്തതയും പുലർത്താൻ പ്രതിജ്ഞാബദ്ധമാണ്. ബഹു. പ്ലാസിഡച്ചന്റെ നിസ്വാർത്ഥമായ സേവനത്താൽ അനുഗ്രഹിക്കപ്പെട്ട ബഥനിയ്ക്ക് ധന്യനായ ആ താപസവര്യന്റെ മാദ്ധ്യസ്ഥം എന്നും കോട്ടയായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ആ മഹാത്മാവിന്റെ സ്മരണയ്ക്കു മുമ്പിൽ ഒരായിരം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കാനൻ നിയമപ്രകാരമുള്ള സംവിധാനങ്ങൾ സമൂഹത്തിൽ നടപ്പിലാക്കുവാൻ മദർ സൾഗാ കാണിച്ച തൽപരത വളരെ അഭിനന്ദനാർഹമാണ്. പൊന്തിഫിക്കൽ പദവി ലഭിച്ച സമൂഹത്തിന്റെ നിയമസംഹിത മലയാളത്തിൽ ക്രോഡീകരിക്കുന്നതിനും അത് ഇംഗ്ലീഷിലേയ്ക്ക് ഭംഗിയായി തർജ്ജിമ ചെയ്ത് പരി. സിംഹാസനത്തിന്റെ അംഗീകാരത്തിന് റോമിലേയ്ക്കയക്കുന്നതിനും പ്രധാന പങ്ക് വഹിച്ചത് മദർ സൾഗാ ആയിരുന്നു. വീണ്ടും ഈ നിയമസംഹിത പരിഷ്കരിക്കേണ്ടി വന്നപ്പോഴൊക്കെ, പ്രത്യേകിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനമനുസരിച്ചുള്ള ഭേദഗതികൾ വരുത്തേണ്ടിവന്നപ്പോൾ മദർ സൾഗാ വളരെ താത്പര്യപൂർവ്വം അത് സ്വയം ഏറ്റെടുത്ത് ചെയ്യുവാൻ തയ്യാറായി. സമൂഹത്തെ കാലത്തിന്റെ ചുവരെഴുത്തുകൾക്കനുസൃതമായി ഉന്നതിയിലേയ്ക്ക് നയിക്കണം എന്നതിന്റെ ഒടുങ്ങാത്ത ഒരു സ്നേഹാർപ്പണമാണ് നാമിവിടെ കാണുന്നത്.

www.malankaralibrary.com

## അദ്ധ്യായം 12

## വിശ്രമജീവിതം നയിക്കുന്ന മദർ സൾഗാ

"അദ്ധ്വാനമായിരുന്നു മദർ സൾഗായുടെ വിശ്രമം. വായന ആയിരുന്നു തന്റെ സഖി. പ്രാർത്ഥന ആയിരുന്നു തന്റെ ഉൾക്കാമ്പിലെ നിക്ഷേപം" ഇത് മദർ സൾഗായെപ്പറ്റി സി. പത്രീസിന്റെ നിർവ്വചനമാണ്.

1956-1968 കാലം ജനറൽ കൗൺസിലറായും സെക്രട്ടറി ജനറലായും ഒക്കെ സേവനം ചെയ്തിരുന്ന മദർ സൾഗാ 1974-ൽ പ്രൊവിൻഷ്യൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു. പ്രൊവിൻഷ്യൽ സെക്രട്ടറിയുടെ ചുമതലയും മദർ തന്നെ നിർവ്വഹിച്ചിരുന്നു.

1975 മുതൽ മദർ സൾഗാ നാലാഞ്ചിറയിൽ തന്നെ സ്ഥിരതാമസമാക്കി. പൊതുവേ പറഞ്ഞാൽ ജീവിതത്തിന്റെ നല്ലഭാഗവും മദർ ആരോഗ്യവതിയായിതന്നെ കഴിഞ്ഞു. 1940-ൽ റ്റി.ബി. ബാധിച്ചോ എന്ന് സംശയിച്ച് ഏതാനും നാൾ മദനപ്പള്ളി ആരോഗ്യവാരത്ത് വിശ്രമിക്കുകയുണ്ടായി. 1974ൽ മദർ hystroctomy യ്ക്ക് വിധേയയായി. താമസംവിനാ സുഖം പ്രാപിച്ചു. 1986 ൽ ഉണ്ടായ ചെറിയൊരു ഹൃദയാഘാതത്തെ തുടർന്ന് വലതുവശത്തിന് അൽപം ക്ഷതമുണ്ടായി. എങ്കിലും വ്യക്തിപരമായ എല്ലാ കാര്യങ്ങളും സ്വന്തമായി ചെയ്യുകയും ആരാധനയിൽ കൂട്ടത്തിൽ സംബന്ധിക്കുകയും പതിവുള്ള ഗ്രന്ഥ ഗവേഷണങ്ങളും ഗവേഷണകുറിപ്പുകളും ഒക്കെ സദാ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു.

വാർദ്ധക്യത്തിലേയ്ക്ക് നീങ്ങുന്ന മദർ സൾഗായെ ശുശ്രൂഷിക്കുവാൻ സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രാത്രികാലങ്ങളിൽ സിസ്റ്റേഴ്സ് ടേൺ വച്ച് മദറിന്റെ സുരക്ഷ ഉറപ്പുവരുത്തി. കൂടുതലൊന്നും ചെയ്യുവാനുണ്ടായിരുന്നില്ല. രാത്രി നമസ്കാരം മദർ തനിയെ നടത്തിയിരുന്നു. കിടക്കുന്നതിന് മുമ്പ് ബെഡ് ക്രമീകരിച്ചുകൊടുക്കണം. സ്തൂലഗാത്രിയായ മദർ താഴെ വീഴാതെ ബെഡ്ഡിന്റെ മദ്ധ്യഭാഗത്തുതന്നെയാണെന്ന് ഉറപ്പു



വരുത്തണം. പിന്നെ കൊതുകിന് പഴുത് കൊടുക്കാതെ കൊതുകു വല നന്നായി ബെഡ്ഡിന് ചുറ്റും ക്രമീകരിക്കണം. ഇത്രയും ആകുമ്പോഴേയ്ക്കും പാവം മദർ ഉറങ്ങിക്കഴിഞ്ഞിരിക്കും. !!.

എല്ലാ വെള്ളിയാഴ്ച രാത്രികളിലും മദർ സൾഗാ എന്റെ സംരക്ഷണയിൽ ആയിരുന്നു. ശനിയാഴ്ച രാവിലെ മദർ പ്രഭാത കൃത്യങ്ങളെല്ലാം സ്വന്തമായി ചെയ്ത് പതിയെ ചാപ്പലിൽ പ്രഭാത നമസ്കാരത്തിനെത്തും. വി. കുർബ്ബാനയ്ക്കുശേഷം മദറിന്റെ മുറി ശുചിയാക്കി ബെഡും ഷീറ്റുകളും കാറ്റുകൊള്ളാൻ പുറത്തിട്ടിരുന്നത് ഏറ്റം സ്നേഹത്തോടും ആദരവോടും ആയിരുന്നുവെന്ന് ഇന്ന് ഞാൻ ഓർക്കുന്നു. ഉച്ചയ്ക്ക് മുമ്പ് അതെടുത്ത് യഥാസ്ഥാനത്ത് ക്രമീകരിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയതിനു ശേഷമായിരുന്നു ഞാൻ കോളേജിലേയ്ക്ക് പോയിരുന്നത്. ഏതോ ആദ്ധ്യാത്മിക നിറവിലായിരുന്നു എന്ന് ഇപ്പോൾ ഞാൻ ന്തോഷപൂർവ്വം ഓർക്കുന്നു.

1988 മാർച്ച് 20-ാം തീയതി മുതൽ മദർ സൾഗാ അത്യാസന്ന നിലയിലേയ്ക്ക് വഴുതിവീണു. മാർച്ച് 31 പെസഹാ വ്യാഴാഴ്ചയായിരുന്നു. അന്ന് മദർ കൂടുതൽ പരിക്ഷീണിതയായി. ആയുസിൽ ആദ്യം കുരുത്തോല ശുശ്രൂഷയിൽ പങ്കെടുക്കാത്ത മദർ സൾഗായുടെ മുറിയിലും കിടക്കയിലും സിസ്റ്റേഴ്സ് സ്നേഹത്തോടെ കുരുത്തോല കൊണ്ടുവന്നു വച്ചു. ദുഃഖവെള്ളിയാഴ്ചയും ദുഃഖശനിയാഴ്ചയും ഒക്കെ കർത്താവിന്റെ പീഢാസഹനത്തോട് ചേർന്നുകൊണ്ട് മദർ കിടക്കയിൽതന്നെ കഴിച്ചുകൂട്ടി. മദർ ആവശ്യപ്പെട്ടതനുസരിച്ച് 1988 ഏപ്രിൽ 2ന് അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി മദറിന് രോഗീലേപനം നൽകി. ശുശ്രൂഷ കഴിഞ്ഞയുടനെ താങ്ക് യു മൈ ലോർഡ് എന്ന് സ്ഫുടമായി പറഞ്ഞ് തന്റെ കൃതജ്ഞത അറിയിച്ചു. തന്റെ അവസാനവാക്കുകളായിരുന്നു അത്. പിന്നീട് മദർ ഒന്നും സംസാരിച്ചിട്ടില്ല. ഉത്ഥിതനായ ഗുരുവിൽ ലയിച്ച കണക്കെ കണ്ണുകൾ പൂട്ടി ധ്യാനലീനയായി പിന്നീടുള്ള മൂന്ന് ദിനങ്ങൾ കഴിച്ചുകൂട്ടി. ഈ സമയത്തൊക്കെ സിസ്റ്റേഴ്സ് മദറിന്റെ ശയ്യയ്ക്കരുകിലിരുന്ന് പ്രാർത്ഥിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com

## അദ്ധ്യായം 13

# ജീവിത സമർപ്പണം നിത്യതയിലേയ്ക്ക്

1988 ഏപ്രിൽ 4-ാം തീയതി സന്ധ്യ മയങ്ങിയതോടെ മദറിന്റെ അവസാന നിമിഷം അടുത്തുവെന്ന് എല്ലാവർക്കും ബോദ്ധ്യമായി. സമൂഹാംഗങ്ങളും ഉറ്റ ബന്ധുക്കളും അടുത്തുനിന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഏപ്രിൽ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 03.50 ന് മദർ വായ് അൽപം തുറന്നു... പെട്ടെന്ന് അത് താനെ അടഞ്ഞു.കുടുംബാംഗമായ ബഹു. ഫിലിപ്പ് O.I.C. അച്ചൻ നൽകിയ ആശീർവ്വാദം സ്വീകരിച്ചുകൊണ്ട് ശാന്തമായി മദർ നിത്യതയിലേയ്ക്ക് പ്രവേശിച്ചു. മഠത്തിലെ മണിനാദം മുഴങ്ങി. ദീർഘവും പാവനവുമായ ആ ജീവിതത്തിന്റെ അന്ത്യം ലോകത്തെ വിളിച്ചറിയിച്ചു. അഭിവന്ദ്യ പിതാവിനെ വിവരം അറിയിച്ചു. സംസ്കാരം 6-ാം തീയതി രാവിലെ 10 മണിക്കെന്ന് പ്രഖ്യാപിച്ചു.

ബഥനി സന്യാസിനീ സമൂഹത്തിന്റെ ചൈതന്യമായിരുന്ന ആ ജീവൻ നിലച്ചു. താങ്ങാനാവാത്ത ദുഃഖഭാരത്തോടെ, എന്നാൽ കൃതജ്ഞതാ നിർഭരമായ ആദരവോടെ സമൂഹം പ്രിയപ്പെട്ട മദറിന് അന്ത്യചുംബനങ്ങളേകി. മൃതദേഹം ശുചിയാക്കി വെള്ളവസ്ത്ര ങ്ങളണിയിച്ച് എന്നും അത്താഴത്തിനുശേഷം ഒന്നിച്ചുകൂടിയിരുന്ന എസ്.എച്ച്. ഹാളിൽ പ്രത്യേകം സജ്ജമാക്കിയ പീഠത്തിന്മേൽ വച്ചു. പ്രഭാത നമസ്കാരം അവിടെത്തന്നെ നടത്തി. അനന്തരം മദർ ഏറെക്കാലം ധാരാളം സമയം ചെലവഴിച്ച ചാപ്പലിൽ പൊതുദർശനത്തിനായി വച്ചു. ധാരാളം ആളുകൾ മൃതദേഹം സന്ദർശിച്ച് അന്തിമോപചാരങ്ങൾ അർപ്പിച്ചു. വലിയൊരു ജനപ്രവാഹം തന്നെയുണ്ടായി. സിസ്റ്റേഴ്സിന്റെ ഇടമുറിയാതുള്ള പ്രാർത്ഥനകളും ഗാനാലാപനങ്ങളും അന്തരീക്ഷത്തെ കൂടുതൽ ശോകാവൃതമാക്കി.

പൂക്കളെ സ്നേഹിക്കുകയും നിറയെ പൂക്കൾ വിരിയിച്ച് മനോഹരങ്ങളായ പൂന്തോട്ടങ്ങൾ നിർമ്മിക്കുകയും ചെയ്തിരുന്ന പ്രിയപ്പെട്ട മദറിന് വേണ്ടി ധാരാളം പൂക്കൾ കരുതിവച്ചു. റവ. തോമസ് കുമ്പുകാട്ട് (അന്ന് വികാർ ജനറൽ) മദറിന്റെ നന്മകളെ



അനുസ്മരിച്ചുകൊണ്ട് പ്രസംഗിക്കുകയും മലങ്കര സഭയുടെ പ്രത്യേകിച്ച് തിരുവനന്തപുരം അതിരൂപതയുടെ അനുശോചനം അറിയിക്കുകയും ചെയ്തു.

1988 ഏപ്രിൽ 6-ാം തീയതി ബുധനാഴ്ച രാവിലെ 6.00 മണിക്ക് അഭിവന്ദ്യ ലോറൻസ് തിരുമേനി വി. കുർബ്ബാന അർപ്പിച്ച് ധൂപപ്രാർത്ഥന നടത്തി. 8 മണിക്ക് ആശ്രമസ്ഥർ സമൂഹബലി അർപ്പിച്ച് പ്രാർത്ഥിച്ചു. 10 മണിക്ക് അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി എത്തി സംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. മദർ സൾഗാ വഴി മലങ്കരസഭയ്ക്ക് കൈവന്ന നേട്ടങ്ങളെ അനുസ് മരിച്ചുകൊണ്ട് പിതാവ് പ്രസംഗിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

സമൂഹാംഗങ്ങളുടെ അന്ത്യചുംബനത്തിന് ശേഷം മദർ സൾഗായുടെ പൂജ്യശരീരം സിസ്റ്റേഴ്സ് തന്നെ വഹിച്ചുകൊണ്ട് കത്തിച്ച തിരികളുമായി സെമിത്തേരിയിലേയ്ക്ക് സംവഹിക്കപ്പെട്ടു. അവസാന പ്രാർത്ഥനകൾക്കുശേഷം മൃതദേഹം പ്രത്യേകം സജ്ജമാക്കിയിരുന്ന കബറിൽവച്ച് സംസ്കാര കർമ്മം പൂർത്തിയാക്കി.

എൺപത്താറ് വർഷങ്ങൾക്ക് മുമ്പ് ആന്നി ഭവനത്തിൽ പൊട്ടിവിടർന്ന ആ പ്രകാശധാര അതിന്റെ പ്രഭവ സ്ഥാനത്തേയ്ക്ക് എടുക്കപ്പെട്ടു. മദർ സൾഗായുടെ വിരഹം അവർണ്ണനീയമായ ദുഃഖത്തിന്റെ അനുഭവമായി ഇന്നും ശേഷിക്കുന്നു. ദൈവകൃപയുടെ ആ രശ്മി തന്റെ ജീവിതകാലം മുഴുവൻ സ്വർഗ്ഗത്തിലേയ്ക്ക് പോയ നിമിഷം വരെ നിരന്തരം പ്രകാശിച്ചുകൊണ്ടേയിരുന്നു.

## ഉപസംഹാരം

ശ്രേഷ്ഠമായ കുടുംബത്തിൽ ജനിച്ച് വളർന്നു എന്നുള്ളത് കുലീനമായ ആ മുഖഭാവത്തിലും ആദരണീയമായ പെരുമാറ്റത്തി ലും ദൃശ്യമായിരുന്നു. സന്യാസഗൗരവം വിടാതെയുള്ള വിശിഷ്ട മായ പെരുമാറ്റ രീതി മദറിനോട് ഇടപെട്ടിരുന്നവർക്കെല്ലാം പ്രചോദനമേകിയിരുന്നു. മാതൃനിർവിശേഷമായ സ്നേഹവും ബഹുമാനവും ഏതൊരാളിനോടും മദർ പ്രദർശിപ്പിച്ചിരുന്നു.

www.malankaralibrary.com

മരണംവരെയുള്ള ഓരോ നിമിഷവും മദർ സൾഗാ ഏറ്റം ഫലപ്രദമായി ചെലവഴിച്ചു. ഗൗരവമായ വിഷയങ്ങളിലും ഉന്നതമായ ചിന്തകളിലും മദർ സദാ വ്യാപരിച്ചിരുന്നുവെന്ന് തന്റെ സംഭാഷണങ്ങളും പ്രവർത്തനങ്ങളും വ്യക്തമാക്കിയിരുന്നു.

ആദ്ധ്യാത്മീക വളർച്ചയ്ക്ക് ഉപയുക്തമല്ലാത്ത എല്ലാ ആഡംബരങ്ങളിൽനിന്നും മദർ മനഃപൂർവ്വം അകന്നുമാറിയിരുന്നു. 1975-ൽ നാലാഞ്ചിറയിൽ വിശ്രമിക്കാൻ തുടങ്ങിയ നാൾ മുതൽ എല്ലാ സന്ദർശനങ്ങൾക്കും മദർ വിരാമമിട്ടു. ആധുനികതയുടെ നിറപ്പകിട്ടാർന്ന ടെലിവിഷൻ മദറിനെ ഒന്നു കാണിക്കണമെന്ന് ആശപൂണ്ടവരെല്ലാം മദറിന്റെ മുമ്പിൽ ലജ്ജിച്ച് തലകുനിക്കേണ്ടി വന്നതേയുള്ളു. ഒരിക്കൽ എന്നോടുതന്നെ മദർ പറയുകയുണ്ടായി, ''സിസ്റ്ററെ എനിക്ക് ടി.വി. കാണാൻ വലിയ താത്പര്യമില്ല. അതൊക്കെ ഞാൻ പണ്ടേ ദൈവത്തിന് സമർപ്പിച്ചുകഴിഞ്ഞു'' എന്ന്. അന്തിമനിമിഷത്തിലേയ്ക്ക് ഞാൻ നീങ്ങുന്നുവെന്ന് മറ്റുള്ളവരോട് പറയുകയും ദൈവസമ്പാദ നാർത്ഥമുള്ള തന്റെ നിഷ്ഠാ ജീവിതം, വാർദ്ധക്യത്തിന്റെ കെടുതികളെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് കൂടുതൽ ത്വരിതപ്പെടുത്തുകയുമാണ് ചെയ്തത്.

മാർ ഈവാനിയോസ് തിരുമേനിയുടെ സഭാ ദർശനങ്ങളും ആദ്യ അംഗങ്ങൾ തുടങ്ങിവച്ച ലാളിത്യപൂർണ്ണമായ ജീവിത വിശുദ്ധിയും ദൈവാഭിമുഖ്യവും സന്യാസനിഷ്ഠയും തപശ്ചര്യകളും ബഥനിയിൽ വർദ്ധമാനമാകട്ടെ. ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനിയുടെ സംരക്ഷണയും സമൂഹത്തെ വളർത്തിക്കൊണ്ടുവന്ന മൺമറഞ്ഞ എല്ലാ സമൂഹാംഗങ്ങളുടെയും മാദ്ധ്യസ്ഥവും ബഥനിയ്ക്കെന്നും കോട്ടയായിരിക്കട്ടെ. ബഥനി നീണാൾ വാഴട്ടെ. ദൈവനാമം എല്ലായിടത്തും മഹത്വപ്പെടട്ടെ.

## അനുഗ്രഹിക്കുന്ന മദർ സൾഗാ

മദർ സൾഗായെ ഞാൻ ആദ്യം കാണുന്നത് നാലാഞ്ചിറ മഠത്തിൽ 1956-ൽ ആണെന്നു തോന്നുന്നു. അന്ന് ഞാൻ എട്ടിലോ ഒൻപതിലോ പഠിക്കുന്ന ഒരു കുട്ടിയാണ്. മദറിന്റെ ശ്രേഷ്ഠമായ പെരുമാറ്റവും സ്നേഹപൂർവ്വമുള്ള സംസാരവും എന്നെ ഒത്തിരി



സ്വാധീനിച്ചു. ഞങ്ങളുടെ കുടുംബം മദറുമായി അടുത്ത സമ്പർക്കം പുലർത്തിയിരുന്നു. എന്റെ സന്യാസപ്രവേശനത്തിനുശേഷം മദറുമായി ഞാൻ ധാരാളം സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. ഞാൻ ഈ ലേഖനത്തിൽ ചേർത്തിട്ടുള്ള ഏറെക്കാര്യങ്ങളും മദറിൽനിന്ന് ഞാൻ വ്യക്തിപരമായി കേട്ടതും കണ്ടതുമായ കാര്യങ്ങളാണ്. മദറിനോട് ഇടപെട്ടിരുന്നപ്പോഴൊക്കെ ഏതോ ഒരു ആദ്ധ്യാത്മിക സ്വസ്ഥത അനുഭവപ്പെട്ടിരുന്നു.

എന്റെ അൽപമായുള്ള ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം മദർ സൾഗാ എനിയ്ക്ക് തന്ന അനുഗ്രഹമാണ്. ഒരിയ്ക്കൽ മദറുമായി നടത്തിയ സംഭാഷണത്തിനിടയിൽ ഞാൻ പറഞ്ഞു ''മരിക്കുമ്പോൾ മദറിന്റെ ഗുണങ്ങളൊക്കെ എനിയ്ക്ക് തരണെയെന്ന്''. മദർ അൽപമായൊന്ന് നിശ്വസിച്ചു. എന്നിട്ട് എന്നോടയി ''എനിയ്ക്ക് എന്തോ ഗുണമുണ്ട് സിസ്റ്ററേ''. ഞാൻ വീണ്ടും ''മദറിന് ഒത്തിരി ഗുണങ്ങളുണ്ട്, മദറിന്റെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും സന്യാസ നിഷ്ഠയും തന്ന് എന്നെ അനുഗ്രഹിക്കണം''. മദർ ഒന്ന് ഊറിച്ചിരിച്ചത് മാത്രം. എന്റെ ഉറപ്പായ വിശ്വാസം ഞാൻ ഇത് പറഞ്ഞപ്പോൾതന്നെ മദർ എന്നെ അനുഗ്രഹിച്ചു എന്നാണ്. മദർ സൾഗായുടെ കരുതലും സ്നേഹവും ഞാൻ ധാരാളം ഏറ്റുവാങ്ങിയിട്ടുണ്ട്. അത് എനിയ്ക്ക് ആത്മശക്തിയായി പരിണമിച്ചിട്ടുണ്ട്. സഭാ പാരമ്പര്യങ്ങളെപ്പറ്റിയും പുണ്യത്തിൽ അഭിവൃദ്ധി പ്പെടുന്നതിനെ പറ്റിയുമൊക്കെയുള്ള മദറിന്റെ സംഭാഷണം വളരെ ഹൃദ്യമായിരുന്നു. ഇത് എന്റെ മാത്രം അനുഭവമല്ല, സമൂഹാംഗങ്ങൾ ക്കെല്ലാവർക്കും ഇതുതന്നെയാകും പറയുവാനുള്ളത്. ഈ ലേഖനം എഴുതുവാൻ എന്നെ ചുമതലപ്പെടുത്തിയ ബഹു. മദർ ജനറൽ മദർ ബഞ്ചമിന് ഏറെ നന്ദി.

സി. പരിമള ''മദർ സൾഗാ ജന്മശതാബ്ദിയിൽ'' കുറിച്ചിട്ടുള്ള ഏതാനുംവരികൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുന്നു.

മദർ സൾഗാ, ആ നാമം എന്തിന്റെയൊക്കെയോ പര്യായമാണ്. സ്നേഹം, ജ്ഞാനം, സത്യം, ധൈര്യം, കരുതൽ, സമർപ്പണം ഇങ്ങനെ എല്ലാറ്റിന്റെയും. ഒരിക്കലും ഒളിമങ്ങാത്ത

www.malankaralibrary.com

പ്രകാശം പോലെ ജീവിതത്തിലാകെ പ്രഭ വിതറുന്ന ആ തുറന്ന പുസ്തകം, അതായിരുന്നോ ? അതുമാത്രമായിരുന്നോ മദർ ? ആ സ്നേഹമയിയോട് അടുത്തവർക്കെല്ലാം പ്രത്യേകം പ്രത്യേകം സ്നേഹം നൽകുന്ന വിധം വ്യത്യസ്തം. അതിൽ സ്വാർത്ഥതയുടെ കണികപോലും ഇല്ല. മുന്നിൽവന്ന് നിൽക്കുന്നവരുടെ പരമമായ നന്മ മാത്രം.

സദാ എഴുത്തിലും വായനയിലും മുഴുകിയിരുന്നതു കൊണ്ട് ആ വലതുകയ്യിൽനിന്നും പേന ഒഴിഞ്ഞിരുന്നില്ല. അതല്ലെങ്കിൽ തയ്ക്കാനുള്ള തുണിയും കത്രികയും, ക്രിസ്തുമസ് കാർഡും. വെളുത്ത്, ഒട്ടൊന്നുനീണ്ട്, തുടിഞ്ഞുകിടക്കുന്ന കവിളുകളുള്ള മുഖം. നിറഞ്ഞ ചിരി ചുണ്ടിൽ പരക്കുമ്പോൾ ഇടതുകൈവിരലുകൾ ആ കവിളിൽ പതിക്കും. പൊട്ടിച്ചിരിക്കും ശബ്ദമുണ്ടാക്കാതെ. ആ ചിരിയുടെ അന്ത്യത്തിൽ ഒരു ഏങ്ങൽ ഉണ്ട്. ആത്മാർത്ഥതയുടെ ഒരു കൂട പൂക്കളുണ്ട്. എത്ര മധുരമായ വാക്കുകൾ ആ നാവിൽ നിന്നും പൊഴിഞ്ഞിരുന്നു. എത്ര കരുണയുള്ള രശ്മികൾ ആ കണ്ണുകളിൽനിന്നും ഉതിർന്നിരുന്നു. ആ വ്യക്തിത്വം ഗലീലേയന്റെ ഗുണങ്ങളാൽ സമ്പന്നമായിരുന്നു..... ഇന്ന് സ്വർഗ്ഗത്തിലിരുന്ന്കറുത്ത ഫ്രെയിം ഉള്ള കണ്ണട വച്ച് ചിരിക്കുമ്പോൾ ആ കൈ അവിടെയും പ്രവർത്തന നിരതമാണോ ? ആയിരിക്കാം.

സ്മരിപ്പൂ തവരൂപം
നമിപ്പൂതവപാദം
നിനക്കുന്നിവരമ്മേ മഹിതമാം തവ ചരിതം
ഇഷ്ടപുഷ്പമാം അങ്ങെ ഹൈഡ്രാഞ്ചിയിൽനിന്ന്
ഒരു പൂക്കുല ഞാനിന്നടർത്തിയെടുക്കട്ടെ
തവ കീർത്തനങ്ങളാൽ അടരും കണ്ണുനീർ ചേർത്ത്
തവപൊൻകുടീരത്തിൽ സ്നേഹമായർപ്പിക്കട്ടെ.





മദർ മാക്സാ

1904 – 1997

www.malankaralibrary.com

# മദർ മാക്സാ

*(സി. ശ്ബീഹാ, ജനറലേറ്റ്)*

സ്നേഹപൂർവ്വം മുഴുവൻ കൊടുത്തിട്ട് പ്രതിഫലം കൈപ്പേറിയതാണു കിട്ടുന്നതെങ്കിൽ ധൈര്യപൂർവ്വം അതു സ്വീകരിക്കുന്നത് ശ്രേഷ്ഠമാണ്, ദൈവസ്നേഹമാണ്.

(മദർ മാക്സാ)

## ജനനവും ബാല്യവും

ചരിത്രമുറങ്ങുന്ന മാവേലിക്കരയിലാണ് മദർ മാക്സായുടെ ജനനം. മദറിന്റെ വല്യപ്പച്ചൻ (അപ്പന്റെ അപ്പൻ) കോരുത് , ചങ്ങനാശ്ശേരി രൂപതയിൽപ്പെട്ട മുട്ടാറ്റു നിന്ന് മാവേലിക്കര വന്നു താമസമാക്കിയതിനെപ്പറ്റിയുള്ള വിവരങ്ങൾ മദറിന്റെ ഡയറി ക്കുറിപ്പിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. സമൂഹത്തിലെ ഒരു പ്രത്യേക ആചാരത്തിന്റെ നിർവഹണത്തി നായി ഒരു മേനോൻ കോരുതിന്റെ കുടുംബത്തെ കൊടുങ്ങല്ലൂരിൽ നിന്നും ക്ഷണിച്ചു കൊണ്ടുവന്നു. അന്ന് ക്ഷേത്രങ്ങളിലേക്കുള്ള എണ്ണ മറ്റു ജാതിക്കാർ തൊട്ട് അശുദ്ധമായത് ക്രിസ്ത്യാനികളെ കൊണ്ടു തൊടുവിച്ചായി രുന്നു ശുദ്ധമാക്കിയിരുന്നത്. അങ്ങനെ മുട്ടാറ്റു ക്ഷേത്രത്തിലെ എണ്ണ തൊട്ടു ശുദ്ധിയാക്കുന്നതിനു വേണ്ടിയാണ് കോരുതിന്റെ കോടിക്കൽ കുടുംബത്തെ മുട്ടാറ്റു കൊണ്ടുവന്നു താമസിപ്പിച്ചത്. ഈകുടുംബത്തിൽ നിന്നും ഒരു പെൺകുട്ടിയെ മാവേലിക്കര വടക്കേവീട്ടിൽ വിവാഹംകഴിച്ചു കൊണ്ടുവന്നു. ആ ദമ്പതികൾക്കു മക്കളില്ലാതിരുന്നതിനാൽ പെൺകുട്ടിയുടെ സഹോദരനെക്കൂടെ മാവേലിക്കരയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. പിന്നീട് ഈ ആങ്ങള വിവാഹിതനായി. ഈ സഹോദരൻ മദർ മാക്സായുടെ വല്യപ്പച്ചനായ കോരേച്ചൻ ആയിരുന്നു. വളരെ നാളുകൾക്കുശേഷം പെങ്ങൾക്ക് ഒരു മകൻ ജനിച്ചപ്പോൾ അടുത്തുതന്നെ ഒരു വീട് പണിയിപ്പിച്ച് കോരേച്ചനേയും കുടുംബത്തെയും അങ്ങോട്ടു മാറ്റി പാർപ്പിച്ചു. അദ്ദേഹത്തിനു 3 ആൺമക്കളും 3 പെൺ മക്കളും ഉണ്ടായി. ആൺമക്കളിൽ ഒരാളായ പീലിപ്പോച്ചനായിരുന്നു മദർ മാക്സായുടെ പിതാവ്.

www.malankaralibrary.com

ബഥനി സന്യാസിനീ സമൂഹത്തിലെ അഞ്ചാമത്തെ അംഗമായ മദർ മാക്സാ ക്രിസ്താബ്ദം 1904 ഏപ്രിൽ 18 (മലയാളം 1079 മേടം 6 ) ന് ഉച്ചക്ക് 1.30 - ന് ജനിച്ചു. മാവേലിക്കര പ്രായിക്കാട്ട് (മണക്കാട്ട്) മുറി വടക്കേവീട്ടിൽ പീലിപ്പോച്ചനും അന്നമ്മയു മായിരുന്നു മദറിന്റെ മാതാപിതാക്കൾ. ദൈവദാസ നായ മാർ ഈവാനിയോസ് പിതാവിനെ മാമ്മോദീസാ മുക്കിയ മാവേലിക്കര പുതിയകാവു പള്ളിയിൽ അതേ മാമോദീസാ തൊട്ടിയിൽ അതേ വൈദികൻ - പണിക്കരുവീട്ടിൽ പറമ്പിൽ തയ്യത് സ്ക്കറിയാ കത്തനാർ തന്നെ ഈ പെൺകുട്ടിയേയും മാമോദീസാ മുക്കി. ബ. സ്ക്കറിയാ കത്തനാർ മാർ ഈവാനിയോസ് തിരുമേനിയുടെ പിതൃസഹോദരൻ ആയിരുന്നു. മാമോദീസായും മുറോനഭിഷേക വും നൽകി ശിശുവിന് പ. അമ്മയുടെ മാതാവിന്റെ പേരായ അന്ന എന്ന നാമവും നൽകി. പീലിപ്പോച്ചനും അന്നമ്മയ്ക്കും 9 പെൺമക്കളും 2 ആൺമക്കളും ജനിച്ചു. അവരിൽ ഒൻപതാമത്തേ തായിരുന്നു അന്നമ്മ. മദറിന്റെ നേരെ മൂത്തവരായിരുന്നു സഹോദരന്മാർ തോമസും ഫിലിപ്പും. രണ്ടാമത്തെ മകൻ പഠിച്ചു ഡോക്ടറായി അപ്പൻ നടത്തിയിരുന്ന ഡിസ്പൻസറി ഒരു ആശുപത്രിയായി ഉയർത്തി. പീലിപ്പോച്ചന്റെ ഓർമ്മയെ നിലനിർത്തുന്ന ഒരു സ്ഥാപനമാക്കി. ഫിലിപ്പ് മെമ്മോറിയൽ അഥവാ പി. എം. മെമ്മോറിയൽ എന്ന് പ്രസ്തുത ആസ്പത്രി അറിയപ്പെടുന്നു.

## വിദ്യാഭ്യാസം

പുത്തൻപുരയ്ക്കൽ കുടുംബത്തിന്റെ ഏറ്റവും അടുത്തുണ്ടായിരുന്ന വിദ്യാലയം പ്രോട്ടസ്റ്റന്റു സായിപ്പന്മാർ നടത്തിയിരുന്ന ബിഷപ്പ് ഹോഡ്ജസ് ഹൈസ്കൂളായിരുന്നു. പള്ളി, പള്ളികൂടം, സായിപ്പച്ചന്മാർക്കു താമസിക്കുവാനുള്ള കെട്ടിടം, സെമിത്തേരി ഇവയെല്ലാം അടുത്തടുത്തായിരുന്നു. ചുരുക്കത്തിൽ പ്രോട്ടസ്റ്റന്റുകാരുടെ അധീനതയിൽ ആയിരുന്നു ആ സ്കൂളിനു ചുറ്റുമുള്ള പ്രദേശങ്ങളെല്ലാം. പ്രാഥമിക പഠനത്തിനായി അന്നമ്മയേയും സഹോദരങ്ങളോടൊപ്പം ആ സ്കൂളിൽ ചേർത്തു. സി. എം. എസ്സ് കാരുടെ ആ സ്കൂളിൽ ആ കാലത്ത് ഒന്നാമത്തെ പീരിഡിൽ ബൈബിളിലെ പഴയനിയമത്തിലെയും പുതിയ



നിയമത്തിലെയും കഥകളും വാക്യങ്ങളും പഠിപ്പിച്ചിരുന്നു. പഠനകാര്യത്തിൽ വളരെ നല്ല നിലവാരം ആ സ്കൂളിനുണ്ടായി രുന്നു.

അന്നമ്മ രണ്ടാം ക്ലാസിൽ പഠിച്ചു കൊണ്ടിരിക്കുമ്പോൾ ടൈഫോയിഡ് പിടിപെട്ട് കിടപ്പിലായി. അത് അന്നമ്മയുടെ പഠനത്തെ തടസ്സപ്പെടുത്തിയെന്നു മാത്രമല്ല രോഗം വളരെ ഗുരുതരമാവുകയും ചെയ്തു. മരുന്നുകൾ ഒന്നും ഫലിച്ചില്ല. മരിക്കുമോ ജീവിച്ചിരിക്കുമോ അതും സംശയം. മൂത്ത രണ്ടു പെൺമക്കളുടെ മരണം അപ്പച്ചനെ തളർത്തിയിരുന്നു. മരണ വക്ത്രത്തിൽ കിടന്നു പിടയുന്ന കൊച്ചുമകളെ കണ്ടു പിതാവു തന്റെ ഹൃദയം സ്വർഗ്ഗീയ പിതാവിന്റെ പക്കലേക്കുയർത്തി. കണ്ണുനീരോട് ഹൃദയം തകർന്ന് ഒരു നേർച്ച നേർന്നു. ഈ മകൾ ജീവിക്കുന്നപക്ഷം ദൈവവേലയ്ക്കു കൊടുത്തേക്കാം. എന്ന തായിരുന്നു നേർച്ച (കത്തോലിക്കാ പാരമ്പര്യം ആണ് അത്രമാത്രം ഉറച്ച വിശ്വാസത്തോട് ഒരു നേർച്ചയ്ക്ക് അപ്പനെ പ്രേരിപ്പിച്ചതെന്ന് മദർ ഡയറിക്കുറിപ്പിൽ എഴുതിയിട്ടുണ്ട്). കാരുണ്യവാനായ ദൈവം ആ കൊച്ചു ബാലികയെ തൊട്ടു സുഖപ്പെടുത്തി. എന്നാൽ അന്നമ്മയുടെ വീട്ടുകാർ യാക്കോബായ പാരമ്പര്യത്തിൽ നിന്നും അണുവിട പിൻമാറുവാൻ താല്പര്യമില്ലാത്തവരായിരുന്നതുമൂലം ഈ നേർച്ച നിറവേറ്റുവാൻ ഒട്ടും തന്നെ ശ്രദ്ധിച്ചില്ലെന്നു മാത്രമല്ലാ. ഈപ്രതിജ്ഞ മറന്നു പോവുകയും ചെയ്തു.

## സന്യാസത്തിലേക്കുള്ള വിളി

നാലാം ക്ലാസ് പഠനം പൂർത്തിയാക്കിയ അന്നമ്മയെ അന്നത്തെ രീതി അനുസരിച്ച് പ്രിപ്പയാററ്ററി ക്ലാസ്സിൽ ചേർത്തു. ഇംഗ്ലീഷ് പഠനം ഒന്നര മാസം പൂർത്തിയാക്കിയ സന്ദർഭത്തിലാണ് എം.എ. അച്ചൻ മാതാപിതാക്കളെ കാണാനായിട്ട് കൽക്കട്ടായിൽ നിന്നും അവധിക്കു വീട്ടിൽ വന്നത്. മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു അന്തിമതീരുമാനം കർത്താവിന്റേതാണെ ന്നുള്ള ദൈവവചനം അന്നമ്മയെ സംബന്ധിച്ചു നിവർത്തിയാ കുന്നതാണ് നമ്മൾ തുടർന്നു കാണുന്നത്. അന്നമ്മയെക്കുറിച്ചുള്ള അപ്പന്റെ നേർച്ച നടപ്പിലാക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ

www.malankaralibrary.com

പൂർത്തീകരണം നടക്കുകയാണ്. എം. എ. അച്ചൻ സെറാംപുരിൽ പഠിപ്പിക്കുകയാണെന്നും ദൈവവിശ്വാസവും നൽസ്വഭാവവുമുള്ള ഏതാനും ആൺകുട്ടികളെയും പെൺകുട്ടികളെയും അവിടെ കൊണ്ടുപോയി പഠിപ്പിക്കുന്നുണ്ടെന്നുമൊക്കെയുള്ള വിവരങ്ങൾ അന്നമ്മയുടെ ഒരു ചാർച്ചക്കാരൻ പറഞ്ഞു വീട്ടിൽ അറിഞ്ഞു. അന്നമ്മയെകൂടെ ആ പെൺകുട്ടികളുടെകൂടെ വിടുന്നതു നല്ലതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ വിവരം അറിഞ്ഞ അപ്പൻ കൂടുതൽ വ്യക്തമായി കാര്യങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടി എം. എ. അച്ചനെ നേരിൽ കണ്ടു. എം. എ.അച്ചന്റെ പ്രവർത്തനങ്ങളിൽ സംപ്രീതനായ പീലിപ്പോച്ചൻ മകളെക്കുറിച്ചു ചെയ്ത നേർച്ച നിറവേറ്റുവാനുള്ള ഒരു സുവർണ്ണവസരമായി ഇതിനെ കണക്കാക്കി. ഉറച്ചതീരുമാനവുമായാണ് വീട്ടിൽ തിരിച്ചെത്തിയത്. അന്നമ്മയെ കൂടെ കൽക്കട്ടായിലേയ്ക്ക് അയക്കുവാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തു. വെറും പതിനൊന്നു വയസ്സു മാത്രം പ്രായമായ മകളെ ജാക്കറ്റും പാവാടയുമൊക്കെ തയ്പ്പിച്ചു കൊടുത്താണ് കൽക്കട്ടായിലേക്ക് യാത്രയാക്കിയത്. മാവേലിക്കരയിൽ നിന്നും തഴക്കര കല്ലറയ്ക്കൽ കുടുംബാംഗമായ കുഞ്ഞമ്മ എന്ന ഒരു പെൺകുട്ടിയും കൂട്ടിനായി ഉണ്ടായിരുന്നു. യാത്ര ചോദിച്ചിറങ്ങിയപ്പോൾ അമ്മ സങ്കടപ്പെട്ടെങ്കിലും അന്നമ്മ കരയാതെ ധൈര്യമായി പെരുമാറി. കുട്ടിക്കൊണ്ടു പോകുവാൻ എം. എ. അച്ചനും അനുജൻ മത്തായിപണിക്കരും, കുഞ്ഞും, കുഞ്ഞമ്മയും മറ്റു ബന്ധുക്കളും എത്തിയിരുന്നു. ദൈവത്തെക്ക വിഞ്ഞ് നിങ്ങളൊക്കെ നോക്കിക്കൊള്ളുമല്ലോ . എന്ന് അമ്മ അച്ചനോട് പറഞ്ഞതായി മദർ ഡയറിക്കുറിപ്പിൽ എഴുതി വച്ചിട്ടുണ്ട്.

അച്ചൻകോവിലാറിന്റെ കരയ്ക്കുള്ള ആറാട്ടുകടവിൽനിന്ന് കെട്ടുവള്ളത്തിൽ കൊല്ലത്തെത്തി. അവിടെ നിന്ന് എം. എ. അച്ചനും കുറെ ശെമ്മാശന്മാരും മറ്റു നാലു പെൺകുട്ടികളും കൂടി ട്രെയിനിൽ മദ്രാസിലേക്കു യാത്രതിരിച്ചു. നിരണത്ത് ഇലഞ്ഞിക്കൽ കുടുംബത്തിലെ മി. ഇ.ജെ. ജോൺ വക്കീലിന്റെ മകൾ അച്ചാമ്മയും, വെണ്ണിക്കുളത്തു കൂടത്തും മുറിയിൽ സാറാമ്മയും, ശൂരനാട്ടു ബ.കുറ്റിയിലച്ചന്റെ മകൾ മറിയാമ്മയും അവരോടൊത്തുണ്ടായിരുന്നു. ട്രെയിൻ യാത്രയ്ക്കുവേണ്ട ഭക്ഷണസാധനങ്ങൾ എം.എ. അച്ചന്റെ നിർദ്ദേശപ്രകാരം ചാക്കോച്ചേട്ടൻ കരുതിയിരുന്നു.



കൂടുതലായി വേണ്ടിവന്നത് എം. എ. അച്ചൻ അതാതു സ്റ്റേഷനിൽ നിന്നും വാങ്ങിക്കൊടുത്തിരുന്നു. മദ്രാസിൽ എത്താൻ രണ്ടു രാത്രിയും രണ്ടു പകലും വേണ്ടി വന്നു. മദ്രാസിൽ നിന്നും ഏഴു പെൺകുട്ടികൾ ഒരു കമ്പാർട്ടുമെന്റിൽ ഒന്നിച്ചും ശെമ്മാശന്മാർ മറ്റൊരു കമ്പാർട്ടുമെന്റിലുമായി യാത്ര തുടർന്നു. മൂന്നാം ദിവസം കൽക്കട്ടായിലെത്തി. എം. എ. അച്ചനിൽ നിന്നും ഒരപ്പന്റെയും, അമ്മയുടെയും സ്നേഹവും കരുതലും അവർ യാത്രയിൽ അനുഭവിച്ചറിഞ്ഞു.

യാക്കോബായ സഭയിൽ ഒരു സന്യാസസമൂഹം ആരംഭിക്കുവാനുള്ള എം. എ. അച്ചന്റെ ആഗ്രഹം കിഴക്കൻ ബാരിസോളിലുള്ള ഓക്സ്ഫോർഡ് മിഷൻ സിസ്റ്റേഴ്സിന്റെ സ്ഥാപകയായ മദർ ഈഡിത്തിനെ അറിയിച്ചു. മദറിന്റെ നിർദ്ദേശ പ്രകാരം സന്യാസപരിശീലനം നൽകുന്നതിനും വേണ്ടിയാണ് മുൻ പറഞ്ഞ മൂന്ന് പെൺകുട്ടികളെ ബാരിസോളിലേക്കു കൊണ്ടുപോയത്. അവരെ മദർ ഈഡിത്തിന്റെ സ്ഥാപനത്തിൽ കൊണ്ടു ചെന്നാക്കി. ഇംഗ്ലണ്ടിൽ നിന്നുള്ള മദാമ്മമാരായ ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ സ്നേഹപൂർവ്വമായ പെരുമാറ്റവും പരിചരണവും മലയാളി പെൺകുട്ടികളെ വളരെയധികം സന്തോഷമുള്ളവരാക്കി. നല്ല മാതൃകയും പരിശീലനവും നൽകി അവർ കുട്ടികളെ വളർത്തി. ബാരിസോളിൽ രണ്ടു വർഷം സിസ്റ്റർ എലിയനോറും രണ്ടു വർഷം സിസ്റ്റർ ഹെലനും കുട്ടികളുടെ പരിശീലനത്തിന്റെ ചുമതല വഹിച്ചു.

1916 ഏപ്രിൽ മാസത്തിൽ എം. എ. അച്ചൻ അവധിക്കു നാട്ടിൽ പോന്നപ്പോൾ അന്നമ്മയും മറ്റു കുട്ടികളുടെ കൂട്ടത്തിൽ നാട്ടിലേക്കുപോന്നു. അവധിക്കു ശേഷം തിരികെ ബാരിസോളി ലേക്ക് അന്നമ്മയെ വിടുവാൻ വീട്ടുകാർ വിസമ്മതിച്ചു. എന്നാൽ അന്നമ്മയുടെ നിർബന്ധം മൂലം തിരികെ വിടേണ്ടിവന്നു. വേറെ മൂന്നു പെൺകുട്ടികൾ കൂടെ ഈ പ്രാവശ്യം ബാരിസോളിലേക്കു വന്നു. ബാരിസോളിൽ സിറിയൻ പെൺകുട്ടികൾക്കായി കുറച്ചു കൂടെ സൗകര്യം ഉള്ള ഒരു കെട്ടിടം ക്രമീകരിച്ചു. കൂടാതെ ബംഗാളി ഭക്ഷണം അവർക്കു പ്രയാസമായതുകൊണ്ട് കുട്ടികൾ തന്നെ ഭക്ഷണം ഉണ്ടാക്കി കഴിക്കുവാൻ അനുവദിച്ചു. സിസ്റ്റേഴ്സ്

www.malankaralibrary.com

ആവശ്യമായ സാധനങ്ങൾ വാങ്ങി കൊടുത്തിരുന്നു. മലയാളി പെൺകുട്ടികളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിനായി എം. എ. അച്ചൻ ഇടയ്ക്കിടയ്ക്ക് അവിടെ പോവുകയും അച്ചന്മാർ മാറി മാറി സായ്പ്പച്ചന്മാരുടെ കൂടെ താമസിക്കുവാൻ വേണ്ട ക്രമീകരണം ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെ മദാമ്മ സിസ്റ്റേഴ്സിന്റെയും അച്ചന്മാരുടെയും സഹായ സഹകരണത്തിന്റെ ഫലമായി അവർ ആദ്ധ്യാത്മികമായി വളർന്നു വന്നു. ഫാദർ പി. റ്റി. ഗീവർഗീസിന്റെ ആഗ്രഹവും നിർദ്ദേശവും അനുസരിച്ച് ബാരിസോളിലെ സുറിയാനി സമൂഹം ഐക്യത്തിലും സ്നേഹത്തിലും ആദിമസഭയിലെപ്പോലെ ഉറച്ച ഒരു കുടുംബമായി ജീവിച്ചു.

ഫാ. പി.റ്റി ഗീവർഗ്ഗീസ് ഇതിനോടിടയ്ക്ക് കേരളത്തിൽ ഒരു ആശ്രമം ആരംഭിക്കുവാനുള്ള പരിശ്രമം ആരംഭിച്ചിരുന്നു. അച്ചൻ ആരംഭിക്കുവാൻ പോകുന്ന ആശ്രമത്തിന്റെ സ്ഥലവും അതുപോലെ പെൺകുട്ടികൾക്കായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ സ്ഥാനവും ഒക്കെ കണ്ട് അതിന്റെ സാദ്ധ്യതകളെപ്പറ്റി ആലോചന നൽകുന്നതിനായി മദർ ഈഡിത്തിനെയും സിസ്റ്റർ ഹെലനെയും കേരളത്തിലേക്കു ക്ഷണിച്ചു. രണ്ടാം പ്രാവശ്യത്തെ സന്ദർശനസമയത്ത് പെരുനാട്, തിരുവല്ല എന്നിവിടങ്ങളിലെ സ്ഥാപനങ്ങളെപ്പറ്റിയുള്ള ഒരു രൂപീകരണം ഉണ്ടായിരുന്നു. ഇതിനോടിടയ്ക്ക് സന്യാസം ആഗ്രഹിച്ച് ബാരിസോളിലേക്കു വന്നവരുടെ എണ്ണം വർദ്ധിച്ചു. ചിലരെ പോസ്റ്റുലൻസിയിൽ പ്രവേശിപ്പിച്ചു. അന്നമ്മയെയും ഏലിശുബായേയും കൂടെ പഠിക്കുവാൻ വിടുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. പ്രൈവറ്റു ട്യൂഷൻ കൊടുക്കുന്നതിനേക്കാൾ സ്കൂളിൽ ചേർത്തു പഠിപ്പിക്കുന്നതു നല്ലതെന്നു മനസ്സിലാക്കിയ ഫാദർ പി.റ്റി. ഗീവർഗീസ് അവരെ കോട്ടയത്തുള്ള ബേക്കർ മെമ്മോറിയൽ സ്കൂളിൽ ചേർത്തു പഠിപ്പിക്കുവാൻ തീരുമാനിച്ചു. അങ്ങനെ ബാരിസോളിൽ നിന്നും തിരികെ വന്നപ്പോൾ അന്നമ്മയെ ബേക്കർ മെമ്മോറിയലിൽ ഫോറം മൂന്നിൽ ചേർത്തു. താമസം ബേക്കർ മെമ്മോറിയൽ ബോർഡിംഗിലുമായി. ഞായറാഴ്ച തോറും യാക്കോബായ പള്ളിയിൽ വി. കുർബാനയ്ക്കു പോകുവാൻ പ്രത്യേകം അനുവാദം



വാങ്ങി, മാമ്മൻ മാപ്പിളയുടെ സഹോദരൻ മാത്തുള്ളമാപ്പിളയുടെ മകൾ അമ്മാൾ വന്നു ഏലിയാ ചാപ്പലിലേക്കു കൂട്ടിക്കൊണ്ടു പോയിരുന്നു. എം. എ. അച്ചൻ എം.ഡി. സെമിനാരി സ്കൂളിലെ പ്രിൻസിപ്പൽ ആയിരുന്നപ്പോൾ ഉള്ള പരിചയം ആണ് അമ്മാളിനെ അയയ്ക്കുവാനും ഇവരെ കൂട്ടിക്കൊണ്ടു പോകുവാനും ഇടയാക്കിയത്. യാക്കോബു ശെമ്മാശൻ (പിന്നീട് അഭിവന്ദ്യ തെയോഫിലോസ് തിരുമേനി) രണ്ടുപേരെയും പെങ്ങന്മാരെപ്പോലെ കരുതിയിരുന്നു.

തിരുമൂലപുരത്തു സ്കൂൾ തുടങ്ങിയപ്പോൾ അന്നമ്മയെ അവിടെ ചേർത്തു പഠിപ്പിച്ചു. ആദ്യം ബോർഡിംഗിലും പിന്നെ മഠത്തിലും താമസിച്ചിരുന്നു. അനുദിനപ്രാർത്ഥനകളും ആത്മ ശോധനയും ഇടയ്ക്കിടയ്ക്കുള്ള കുമ്പസാരവും, ഞായറാഴ്ചത്തെ വി. കുർബാനയും ആദ്ധ്യാത്മികമായി വളരുന്നതിന് സഹായിച്ചു. ദൈവത്തിന്റെ സന്നിധിയിൽ നില്ക്കുകയാണെന്നു വിചാരമുണ്ടായിരിക്കണമെന്നും ദിവസേനയുള്ള ഓരോ പ്രാർത്ഥനയിലും ദൈവത്തെ കണ്ടെത്തണമെന്നും സിസ്റ്റർ ഹെലൻ പറഞ്ഞു കൊടുത്തിരുന്നത് കൂടെകൂടെ ഓർമ്മിക്കുമായിരുന്നുവെന്ന് മദർ തന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## സന്യാസ പരിശീലനവും പ്രഥമ വ്രതവാഗ്ദാനവും

ബഥനി ബാലികാ മഠത്തിലെ പഠനം കഴിഞ്ഞ് അന്നമ്മയ്ക്ക് 1921 - ൽ വീട്ടിലേക്കു തിരികെ പോകേണ്ടതായി വന്നു. അമ്മയും അപ്പച്ചനും പെട്ടെന്നു മരിക്കുകയും ആങ്ങളമാർ പഠിക്കുന്ന സ്ഥലത്തായിരിക്കുകയും ചെയ്തതിനാൽ കോഴഞ്ചേരിയിലുള്ള ജേഷ്ഠത്തിയുടെകൂടെ ആയിരുന്നു അന്നമ്മ കുറച്ചുനാൾ താമസിച്ചിരുന്നത്. സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് ഇങ്ങനെ ജീവിക്കേണ്ടി വന്നെങ്കിലും സന്യാസജീവിതത്തിലുള്ള ആഗ്രഹത്താൽ ജ്വലിച്ച് ഒരു സന്യാസാർത്ഥിനിയുടെ ജീവിതം തന്നെയാണ് വീട്ടിലും നയിച്ചത്. മഠത്തിൽ തിരികെ പോകണമെന്ന് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും അതു തുറന്നു പറയുവാൻ ഭയമായിരുന്നു. എപ്പോഴെക്കെ എം. എ. അച്ചനെ കാണുവാൻ സൗകര്യം കിട്ടിയോ അപ്പോഴെല്ലാം കണ്ട് വേണ്ട

www.malankaralibrary.com

മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ച് ജീവിതത്തെ ക്രമപ്പെടുത്തിയിരുന്നു. അതുപോലെ 1925 - ൽ തിരുമൂലയിൽ പോയി ഹോം സയൻസു പഠിക്കുവാൻ അയച്ചപ്പോൾ സൗകര്യം കിട്ടിയപ്പോഴെല്ലാം മഠത്തിൽ പോവുകയും സിസ്റ്റേഴ്സുമായി സംസർഗ്ഗം പുലർത്തുകയും ചെയ്തു. അവധിക്കാലത്ത് എം. എ. അച്ചൻ കോഴഞ്ചേരിയിൽ യോഗത്തിനു വന്നപ്പോൾ പോയി കണ്ട് സംസാരിച്ച് മഠത്തിൽ ചേരുവാനുള്ള തീരുമാനമെടുത്തു. പഠനം കഴിഞ്ഞ് സഹോദരന്മാർ മാവേലിക്കരയിലുള്ള വീട്ടിൽ തിരിച്ചെത്തിയതിനാൽ അന്നമ്മയെ മൂത്തസഹോദരി സ്വഭവനത്തിൽ കൊണ്ടുചെന്നാക്കി. വളരെയധികം നിർബന്ധിച്ചതിന്റെ ഫലമായി സഹോദരന്മാർ അന്നമ്മയെ മഠത്തിൽ ചേരുവാൻ അനുവദിക്കുകയും അവർതന്നെ തിരുമൂലമഠത്തിൽ കൊണ്ടു ചെന്നാക്കുകയും ചെയ്തു. അങ്ങനെ അന്നമ്മ മഠത്തിൽ അംഗമായി സന്യാസജീവിതം ആരംഭിച്ചു.

1925 -ൽ ഫാദർ ഗീവർഗീസ്, വട്ടശ്ശേരിൽ തിരുമേനി ഉൾപ്പെടെയുള്ള സൂനഹദോസിന്റെ തീരുമാനത്തിനു വിധേയനായി, ബഥനിയുടെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. അങ്ങനെ എം. എ. അച്ചന്റെ ചിരപ്രതീക്ഷിതമായ സന്യാസ സമൂഹസ്ഥാപനകർമ്മത്തിനുള്ള കളം ഒരുക്കപ്പെട്ടു. നേരത്തെ തന്നെ വ്രതവാഗ്ദാനകർമ്മത്തിനായി ഒരുക്കപ്പെട്ടു കൊണ്ടിരുന്ന മൂന്നു സഹോദരിമാരുടെ വ്രതവാഗ്ദാന കർമ്മങ്ങൾക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. 1925 സെപ്റ്റംബർ 8- ന് വി. കുർബാന മദ്ധ്യേ മൂന്നു പേരും മാർ ഈവാനിയോസ് തിരുമേനിയുടെ മുൻപാകെ വ്രതം ചെയ്തു. അവർക്കു മൂന്നു പേർക്കും ശൈന, ഹുബ, ദനഹാ എന്ന സന്യാസനാമങ്ങൾ നൽകി. സന്യാസ വസ്ത്രവും നൽകി. 1926 - ൽ ഏലിശുബാ വ്രതം ചെയ്തു. സൾഗ എന്നപേരും സ്വീകരിച്ചു. ഇവരിൽ ശൈന മഹാവ്രതവും മറ്റു 3 പേർ ആദ്യമേതന്നെ നിത്യവ്രതവുമാണ് എടുത്തത്.

1927 സെപ്റ്റംബറിൽ അന്നമ്മയെ പോസ്റ്റുലൻസിയിൽ പ്രവേശിപ്പിച്ചു. 1928 മെയ് മാസത്തിൽ അന്നമ്മയെയും കെ.എ. ഏലിയാമ്മ (കളപ്പുരയ്ക്കൽ യാക്കോബു ശെമ്മാശന്റെ സഹോദരി) യേയും നോവിഷ്യേറ്റിൽ പ്രവേശിപ്പിച്ചു. മദർ ദനഹാ ആയിരുന്നു നോവിസ്സ് മിസ്ട്രസ്സ്. കെ.എ. ഏലിയാമ്മയ്ക്കു സുഖമില്ലാതെ



വന്നതിനാൽ ഇടയ്ക്ക് വീട്ടിൽ വിടേണ്ടിവന്നു. തിരികെ വന്നെങ്കിലും അന്നമ്മയുടെ മാത്രം വ്രതവാഗ്ദാനമാണ് 1929 മെയ്മാസത്തിൽ നടന്നത്. അന്നമ്മ തല്ക്കാല വ്രതവാഗ്ദാനം ചെയ്തു. Meakness എന്നർത്ഥമുള്ള മാക്സാ എന്ന സുറിയാനി നാമവും സ്വീകരിച്ചു. സിസ്റ്റർ മാക്സായ്ക്ക് വെള്ള കുബഌനായും വെളുത്ത ദീദായും Plane കുരിശും മാർ ഈവാനിയോസ് പിതാവ് വാഴ്ത്തിക്കൊടുത്തു.

## പുനരൈക്യം

ഓർത്തോഡോക്സ് സഭയിൽ ആത്മീയമായ പുരോഗതിയുടെ എല്ലാ പാതകളും അടയ്ക്കപ്പെട്ടതായ ഒരു അനുഭവം ഉണ്ടായി. പുനരൈക്യ പരിശ്രമങ്ങൾക്കു സുന്നഹദോസ് മാർ ഈവാനിയോസ് തിരുമേനിയെ ചുമതലപ്പെടുത്തിയെങ്കിലും വട്ടിപ്പണക്കേസിന്റെ വിജയം അവരെ പുറകോട്ടു വലിച്ചു. എന്നാൽ മുൻപോട്ടു വച്ച കാൽ പിൻപോട്ടു വലിക്കുവാൻ മാർ ഈവാനിയോസ് തിരുമേനി തയ്യാറായില്ല. 1930 ആഗസ്റ്റു മാസത്തിൽ മുണ്ടൻമല വിട്ടിറങ്ങി. തന്റെ അനുയായികളിൽ ഭൂരിപക്ഷം പേരോടുകൂടെ താൻ സമ്പാദിച്ചതും തനിക്കുണ്ടായിരുന്നതും എല്ലാം ഉപേക്ഷിച്ച് വെറും കൈയ്യോടെയാണ് ഇറങ്ങി പോന്നത്. 1930 സെപ്റ്റംബർ 20- ന് കൊല്ലത്തുവച്ച് ബൻസിഗർ തിരുമേനിയുടെ മുൻപാകെ സത്യപ്രതിജ്ഞചെയ്ത് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. അങ്ങനെ മലങ്കര കത്തോലിക്കാ സഭ ഉൽഘാടനം ചെയ്യപ്പെട്ടു. തങ്ങൾക്കു സന്യാസ പരിശീലനം നൽകി ദൈവത്തിന്റെ പ്രതിഷ്ഠിതരായി തങ്ങളെ ഉയർത്തിയ അഭിവന്ദ്യപിതാവിൽ പൂർണ്ണവിശ്വാസം അർപ്പിച്ചു. വീട്ടുകാരുടെയും സ്നേഹിതരുടെയും എതിർപ്പുകളെ തൃണവൽഗണിച്ച്. അഭിവന്ദ്യപിതാവിന്റെ കൈകളാൽതന്നെ 1930 സെപ്റ്റംബർ 22-ാം തീയതി കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുത്തപ്പെട്ടു. ആദ്യം പുനരൈക്യപ്പെട്ട ആ 10 പേരിൽ മദർ മാക്സായും ഉൾപ്പെട്ടിരുന്നു. യാതൊരു വിധ എതിർപ്പുകളും മദറിനെ പിൻതിരിപ്പിക്കാൻ പോരുന്നതല്ലായിരുന്നു.

പുനരൈക്യത്തിനും പിതാവിനും എതിരായുള്ള

www.malankaralibrary.com

പ്രചരണങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ ഈ സന്ദർഭത്തിൽ വസ്തുനിഷ്ഠമായി കാര്യങ്ങൾ എല്ലാം പിതാവും സിസ്റ്റേഴ്സിനെ ധരിപ്പിച്ചിരുന്നു. വേദപുസ്തകാടിസ്ഥാനത്തിൽ കത്തോലിക്കാസഭയാണ് ഏകസത്യസഭയെന്നുള്ള സത്യം പിതാവ് തറപ്പിച്ചു പറഞ്ഞു പഠിപ്പിച്ച് ഇവരുടെ മനസ്സിൽ ഉറപ്പിച്ചു. പിതാവിന്റെ വ്യക്തിത്വത്തിലും ദൈവീക നേതൃത്വത്തിലും സിസ്റ്റേഴ്സിനു പൂർണ്ണമായ വിശ്വാസം ഉണ്ടായിരുന്നു. കത്തോലിക്കാ സഭയും ഓർത്തോഡോക്സ് സഭയും തമ്മിൽ വിശ്വാസ കാര്യത്തിൽ ഭിന്നത ഇല്ലായെന്നുള്ള വസ്തുതയും സിസ്റ്റേഴ്സിന് ആശ്വാസപ്രദമായിരുന്നു. മുകളിൽ പറഞ്ഞ സംഗതികളാണ് വീട്ടുകാരുടെ എതിർപ്പുണ്ടായിട്ടും സിസ്റ്റേഴ്സ് എല്ലാവരും ഒറ്റക്കെട്ടായി പിതാവിനോടൊപ്പം പുനരൈക്യത്തിൽ യോജിച്ചു നിൽക്കുവാൻ സഹായകമായത്.

## അദ്ധ്യാപക പരിശീലനം

മാർ ഈവാനിയോസ് തിരുമേനിയുടെ ശ്രമഫലമായി ആരംഭിച്ച ബാലികാമഠം സ്കൂളിൽ നിന്നും കത്തോലിക്കാ സഭാപുനരൈക്യത്തോടുകൂടെ സിസ്റ്റേഴ്സ് പിൻവാങ്ങി. അതേ രീതിയിൽ പെൺകുട്ടികൾക്കായി ഒരു വിദ്യാലയം തുടങ്ങണ മെന്നുള്ള പിതാവിന്റെ അതിയായ അഭിലാഷം നങ്ങ്യാർകുളത്ത് ബഥനി ബാലികാമഠം എന്ന പേരിലാരംഭിച്ച പെൺപള്ളിക്കൂടത്തി ലൂടെ പൂർത്തിയായി. പിന്നീട് കായംകുളത്താരംഭിച്ച സെന്റ് മേരീസ് , ചെങ്ങന്നൂരിലെ സെന്റ് ആൻസ് ഇവയൊക്കെയും വന്ദ്യ പിതാവിന്റെ ആഗ്രഹപൂർത്തീ കരണത്തിനു സഹായകമായി. ഈ സ്ക്കൂളുകളിലേക്കു പരിശീലനം സിദ്ധിച്ച അദ്ധ്യാപികമാരെ ലഭ്യമാക്കേണ്ടത് സ്ഥാപനലക്ഷ്യ സാദ്ധ്യത്തിന് അത്യന്താ പേക്ഷിതമാണെന്നു പിതാവിനു ബോദ്ധ്യമായി. പരിശീലനത്തിന് അയയ്ക്കുവാനായി പിതാവ് ആദ്യം തെരഞ്ഞെടുത്ത രണ്ടുപേരിൽ ഒരാളായിരുന്നു മദർ മാക്സാ. മദർ ബാസീം ആയിരുന്നു മറ്റൊരാൾ. ഇവർക്കു രണ്ടുപേർക്കും തൃശൂർ ഗവൺമെന്റു സ്കൂളിൽ റ്റി.റ്റി.സിക്ക് അഡ്മിഷൻ വാങ്ങിച്ചു കൊടുക്കുന്നതിലും താമസിച്ചു പഠിക്കുവാൻ വേണ്ട മറ്റു ക്രമീകരണങ്ങൾചെയ്തു കൊടുക്കുന്നതിലും തൃശൂരിലെ കർമ്മലീത്താ സിസ്റ്റേഴ്സ് ചെയ്ത



സേവനം എന്നും നന്ദിയോടെ സ്മരിക്കേണ്ടതാണ്. അവിടുത്തെ പഠനത്തിനു വേണ്ടിവന്ന സകല ചെലവുകളും വഹിച്ചതും കർമ്മലീത്താക്കാരായിരുന്നു. സിസ്റ്റേഴ്സ് സ്നേഹ ത്തോടും കരുതലോടും പെരുമാറി. അവിടുത്തെ താമസം കത്തോലിക്കാസഭയെപ്പറ്റി കൂടുതൽ മനസ്സിലാക്കുവാൻ സഹായിച്ചു. അതുപോലെ നമ്മുടെ ഹോസ്റ്റലിലേക്കു പിന്നീടു കടന്നുവന്ന സിസ്റ്റേഴ്സിനോട് വളരെ കരുതലോടും ആതിഥ്യ മര്യാദയോടും പെരുമാറുവാൻ നമ്മുടെ സമൂഹത്തിലെ സിസ്റ്റേഴ് സിന് നല്ല മാതൃക നൽകത്തക്കവണ്ണം രണ്ടു മദേഴ്സും പിന്നീടു പെരുമാറിയെന്നുള്ളതു പ്രത്യേകം ശ്രദ്ധാർഹമാണ്. 1932 -ൽ റ്റി.റ്റി.സി പാസ്സായി തിരികെ വന്നു.

## നങ്ങ്യാർകുളം മഠാംഗം

1932 - 33 വർഷത്തിൽ തിരുമൂലമഠത്തിൽ ആയിരുന്നു കൊണ്ട് മദർ നിത്യവ്രതത്തിനായി ഒരുങ്ങി. 1933 ഏപ്രിൽ 2- ന് നിത്യഹോമയാഗമായി തന്നെത്തന്നെ കർത്താവിന് അർപ്പിച്ചു. തുടർന്നു 1933 മെയ് 17- ന് ആരംഭിച്ച ബഥനിയുടെ ആദ്യ ശാഖാമന്ദിരമായ നങ്ങ്യാർകുളത്തേക്കു നിയോഗിക്കപ്പെട്ടു. 1931 - ൽ അവിടെ ആരംഭിച്ചിരുന്ന സ്ക്കൂളിൽ അദ്ധ്യാപികയായി സേവനം ആരംഭിച്ചു. കുട്ടികൾക്കും, രക്ഷാകർത്താക്കൾക്കും എല്ലാം ഏറ്റവും സ്വീകാര്യയായ ഒരു അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. 1939 വരെയുള്ള കാലയളവിൽ സ്കൂൾ ടീച്ചർ എന്നതിനു പുറമേ ബോർഡിംഗ് മിസ്ട്രസ് എന്ന ചുമതലയും നിർവഹിച്ചിരുന്നു. കൂടാതെ അടുത്തുള്ള പള്ളികളിൽ പോയി വേദോപദേശം പഠിപ്പിക്കുകയും ചെയ്തിരുന്നു.

## പുതിയ ചുമതലകൾ

ബഥനിയിലെ ഒരു സാധാരണ അംഗമെന്നതിനു പുറമേ വിവിധ സ്ഥാനങ്ങൾ വഹിക്കുകയും സമൂഹത്തിന്റേയും സമൂഹാംഗ ങ്ങളുടേയും വളർച്ചയ്ക്കുതകുമാറുള്ള ശുശ്രൂഷയിൽ വ്യാപൃതയാ വുകയും ചെയ്തു മദർ മാക്സാ. 1939 മുതൽ മദർ ജനറലായുള്ള നിയമനം സമൂഹസേവനത്തിനുള്ള മദറിന്റെ അർപ്പണബോധം തെളിയിക്കുന്നതിനുള്ള ഒരു അവസരമായി. തുടർന്നുള്ള

www.malankaralibrary.com

കാലങ്ങളിലും ഇതുപോലെയുള്ള ചുമതലകൾ ഭരമേൽപ്പിക്കുവാൻ ഈ കാലഘട്ടത്തിലെ മദറിന്റെ മാതൃകാപരമായ പെരുമാറ്റം സമൂഹത്തിനു ഉത്തേജനം നൽകി. ഒരേ കാലഘട്ടത്തിൽ മദർ ജനറലായും, നോവിസ് മിസ്ട്രസ്സായും ഉള്ള ചുമതലകൾ സ്ഥാപകപിതാവ് മദറിനെ ഭരമേൽപ്പിച്ചതിൽ നിന്ന് വന്ദ്യ പിതാവിന് മദറിന്റെ കഴിവിൽ ഉണ്ടായിരുന്ന മതിപ്പ് വ്യക്തമാകുന്നതാണ്. ഇങ്ങനെ ഭാരിച്ച രണ്ട് ഉത്തരവാദിത്വങ്ങൾ പിതാവ് ഏല്പ്പിച്ചപ്പോൾ ഒരു തടസ്സവും പറയാതെ നർവഹിച്ചതിൽ നിന്നും മദറിനു അധികാരികളോടുണ്ടായിരുന്ന അനുസരണവും വിധേയത്വവു മാണ് വെളിവാകുന്നത്. വന്ദ്യ പിതാവ് ഏല്പ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ വേണ്ട കഴിവും, ശക്തിയും എല്ലാം സർവ്വശക്തൻ പ്രദാനം ചെയ്യുമെന്നുള്ള ഉറച്ചവിശ്വാസവും മദറിനുണ്ടായിരുന്നു. രണ്ടുത്തരവാദിത്വങ്ങൾ ഏല്പിച്ചപ്പോൾ അതിന്റെ ഭാരം അല്പം കുറച്ചു കൊടുക്കുവാൻ വന്ദ്യപിതാവു തന്നെ സഹായഹസ്തവുമായി മുൻപോട്ടു വന്നു. വന്ദ്യ പിതാവ് ദിവസവും പട്ടത്തു നിന്ന് നടന്ന് നാലാഞ്ചിറയിൽ വന്നു നോവിസ്സ സിനു ക്ലാസ്സെടുക്കുമായിരുന്നു. സിസ്റ്റർ ഹബീബാ, സി. ബസിയ, സി. ഹെംസാ, സി. ആഗ്നസ്സ്, സി. ത്രിസ്ത, സി. റോസ്, സി. തൈബൂസ്, സി. സെമഹാ, സി. ശ്ലോമ്മോ എന്നിവരായിരുന്നു ആ കാലഘട്ടത്തിലെ നോവിസസ്സ്. 1942 - ൽ സുപ്പീര്യർ ജനറൽ സ്ഥാനം കഴിഞ്ഞ് ഒരു സാധാരണ സിസ്റ്ററായി ജീവിതം ആരംഭിച്ചു. 1942 - 43 വർഷക്കാലത്ത് ബഥനി ഹോസ്റ്റലിലെ അംഗമായിരുന്നു. 1943 - ൽ വീണ്ടും ഒരു വർഷക്കാലത്തേക്ക് നോവിസ് മിസ്ട്രസ്സായി ഉത്തരവാദിത്വം വഹിച്ചു. 1944 മുതൽ 1956 വരെയുള്ള കാലഘട്ട ത്തിൽ ബഥനി ഹോസ്റ്റൽ, ചെങ്ങന്നൂർ, കായംകുളം എന്നീ മഠങ്ങളിലെ അംഗമായും സ്കൂളുകളിൽ അദ്ധ്യാപികയായും, ചെങ്ങന്നൂർ, കായംകുളം, കറ്റാനം എന്നീ മഠങ്ങളിലെ സുപ്പീര്യറായും സേവനം അനുഷ്ഠിച്ചു. 1956 - ൽ മദർ ചെങ്ങന്നൂർ മഠത്തിലെ സുപ്പീര്യറും സ്കൂളിലെ അദ്ധ്യാപികയുമായിരിക്കുന്ന സന്ദർഭത്തിലാണ് സമൂഹസംയോജനവും പുതിയ ജനറൽബോഡി യുടെ തെരഞ്ഞെടുപ്പും നടന്നത്.



## സംയോജിക്കപ്പെട്ട സമൂഹത്തിലെ ആദ്യത്തെ മദർ ജനറൽ

1956 വരെ ബഥനി തിരുവനന്തപുരം, തിരുവല്ല എന്ന രണ്ടു ഡയോസിസൻ സമൂഹങ്ങളായി വളർന്നുവന്നു. ഒരേ നിയമാ വലിയും ഒരേ കാരിസവും ഒരേ പ്രവർത്തന ശൈലിയുമുള്ള സമൂഹം സംയോജിപ്പിച്ച് ഒന്നാക്കേണ്ടതിന്റെ ആവശ്യകത സമൂഹാംഗങ്ങൾക്കു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി 1956 ആഗസ്റ്റുമാസം 21-ാം തീയതി റോമിൽ നിന്നും നിയോഗിച്ച ബ. പ്ലാസിഡ് സി.എം.ഐ അച്ചന്റെ നേതൃത്വത്തിൽ സമൂഹസംയോ ജനം നടന്നു. തുടർന്ന് ആദ്യത്തെ ജനറൽ ചാപ്റ്റർ സമ്മേളിച്ചു. പ്രസ്തുത സമ്മേളനം മദർ മാക്സായെ മദർ ജനറലായി തെരഞ്ഞെടുത്തു. അന്നത്തെ സമൂഹാംഗങ്ങൾക്കെല്ലാം സുസമ്മത യായ ഒരു വ്യക്തിയായിരുന്നു മദർ എന്നതിനുള്ള ഒരു തെളിവായി ഈ തെരഞ്ഞെടുപ്പിനെ കണക്കാക്കാം. മദറിൽ അർപ്പിച്ച വിശ്വാസം മദർ നൂറു ശതമാനം വിശ്വസ്തതയോടെ കാത്തുസൂക്ഷിച്ചുവെന്ന് തുടർന്നുള്ള മദറിന്റെ പ്രവർത്തനങ്ങളിൽ നിന്നും വ്യക്തമായി. സമൂഹസംയോജനത്തിന്റെ ആരംഭ കാലത്തുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സമചിത്തതയോടും ക്ഷമയോടും സ്നേഹത്തോടും കൈകാര്യം ചെയ്യുവാൻ മദറിനുണ്ടായിരുന്ന കഴിവ് പ്രശംസനീയ മാണ്. അങ്ങനെ സംയോജിപ്പിക്കപ്പെട്ട ബഥനിയിൽ ഏവരാലും അംഗീകരിക്കപ്പെട്ട, സമാരാദ്ധ്യയായ ഒരു ഉത്തമ സന്യാസിനി യായിരുന്നു മദർ മാക്സാ.

മദറിന്റെ മാതൃസഹജമായ സ്നേഹവും കരുതലും അതുപോലെതന്നെ ഭരണ പാടവവും രണ്ടാം പ്രാവശ്യവും മദറിനെത്തന്നെ സുപ്പീര്യർ ജനറലായി തെരഞ്ഞെടുക്കുവാൻ സിസ്റ്റേഴ്സിനെ പ്രേരിപ്പിച്ചു. അങ്ങനെ 1962 - 68 കാലയളവിലും മദർതന്നെയായിരുന്നു സമൂഹത്തിന്റെ സുപ്പീര്യർ ജനറൽ. ഈ കാലഘട്ടത്തിൽ സമൂഹത്തിന്റെ വി. നിയമം എഴുതി ഉണ്ടാക്കുന്ന തിന് മദർ നേതൃത്വം നൽകി. രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം ആവശ്യമായ മാറ്റങ്ങളോടെ വി. നിയമം എഴുതി ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മദർ ബോദ്ധ്യമുള്ള വളായിരുന്നു. സഭയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന എല്ലാ

www.malankaralibrary.com

ചലനങ്ങളെയും വിവേചിച്ചറിയുകയും സ്വീകാര്യമായവ ഉൾക്കൊള്ളുകയും അവയെ അനുധാവനം ചെയ്യുന്നതിനു സിസ്റ്റേഴ്സിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ടുതന്നെ പൈതൃകത്തെ കാത്തു സൂക്ഷിക്കുവാൻ ശ്രദ്ധിച്ച ഒരു ചരിത്രനായികയായിരുന്നു മദർ മാക്സാ.

## പ്രൊവിൻഷ്യൽ സുപ്പീര്യർ

രണ്ടാം പ്രാവശ്യത്തെ മദർ ജനറൽസ്ഥാനം അവസാനിച്ചപ്പോൾ 1968- ൽ മദറിനെ തിരുവനന്തപുരം പ്രോവിൻസിലെ പ്രൊവിൻഷ്യൽ സ്ഥാനം തേടിയെത്തി. മൂന്നു വർഷം തിരുവനന്തപുരം പ്രോവിൻസിന്റെ ആസ്ഥാനമായ നാലാഞ്ചിറയിൽ താമസിച്ചുകൊണ്ട് പ്രോവിൻസിന്റെ സർവ്വതോന്മുഖമായ ഉന്നതിക്കു വേണ്ടി പരിശ്രമിച്ചു. 1974-ലെ ജനറൽ സിനാക്സിസിൽ അംഗമായിരുന്ന മദറിനെ ജനറൽ കൗൺസിലറായി തെരെഞ്ഞെടുത്തു. മദർ ജനറൽ മദർ സെമഹായോടു ചേർന്നുനിന്നുകൊണ്ട് സമൂഹത്തിന്റെ നാനാവിധമായ ഉയർച്ചക്കും വളർച്ചക്കും സഹായകമായ എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിയായി. ഈ കാലയളവിലാണ് (1975-ൽ) ബഥനിയുടെ കനകജൂബിലി പത്തനംതിട്ട ജില്ലയിൽ ഓമല്ലൂർ ആര്യഭാരതി സ്കൂളിൽ വച്ച് ആഘോഷിച്ചത്. തിരുമൂലപുരത്തു വച്ചു നടത്തിയ പ്രാരംഭ സമ്മേളനത്തിന്റെയും ആര്യഭാരതിയിൽ വച്ചു നടത്തിയ സമാപനസമ്മേളനത്തിന്റെയും വിജയത്തിനായി മദർ അക്ഷീണം പരിശ്രമിക്കുകയുണ്ടായി.

## ഈരേഴ മഠം സുപ്പീര്യർ

1973 ലും ജനറൽ കൗൺസിൽ സ്ഥാനം കഴിഞ്ഞ് 1980 മുതൽ 82 വരെയും മദർ ഈരേഴ മഠത്തിലെ അംഗവും അവിടുത്തെ സുപ്പീര്യറും ആയിരുന്നു. ഒരു അമ്മയുടെ സ്നേഹം ആ മക്കൾ നേരിട്ടറിഞ്ഞ കാലഘട്ടമായിരുന്നു അത്. കഷ്ടപ്പെടുന്ന മാതാപിതാക്കന്മാരുടെ വാത്സല്യം ലഭിക്കാത്ത, ആ മക്കളോട് ഒരു അമ്മയുടെ വാത്സല്യത്തോടെ മദർ ഇടപ്പെട്ടു. അതിനു മുമ്പും അവരുടെ പുരോഗതിയിൽ ശ്രദ്ധാലുവായിരുന്നു മദർ. എന്നാൽ



ഇപ്പോൾ അവരുടെ കാര്യത്തിൽ നേരിട്ട് ശ്രദ്ധിക്കുവാൻ സാധിച്ചു. കുഞ്ഞുങ്ങളുടെ പഠനകാര്യത്തിലും അവരുടെ ആരോഗ്യപരിപാലനത്തിനും പ്രത്യേക കരുതൽ മദറിനുണ്ടായിരുന്നു. എന്തെങ്കിലും തൊഴിൽ അഭ്യസിപ്പിക്കുന്നതിനും സ്വയം വരുമാനം ഉണ്ടാക്കുന്നതിനും മദർ അവരെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ ജോലിയിൽ പ്രവേശിപ്പിച്ചവർക്ക് യോഗ്യരായ വരന്മാരെ കണ്ടുപിടിച്ച് അവരെ വിവാഹം ചെയ്തയക്കുന്നതിനും മദർ ശ്രദ്ധിച്ചു. മദർ ഈരേഴ മഠത്തിലെ സുപ്പീര്യർ ആയിരുന്ന കാലത്ത് അഞ്ച് പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചു. തുടർന്നുള്ള അവരുടെ ക്ഷേമകരമായ ജീവിതത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുവാനും മദർ മറന്നില്ല. കൂടാതെ കുട്ടികളുടെ ജീവനോടിരിക്കുന്ന മാതാവിനെയൊ, പിതാവിനെയൊ, വീട്ടുകാരെയൊ ഒന്നിച്ചുകൂട്ടുവാനും മദർ അവസരം ഉണ്ടാക്കി. കുഞ്ഞുങ്ങളുടെ നന്മയ്ക്കും സന്തോഷത്തിനും വേണ്ടി വീട്ടുകാരെകൂടി ഉൾപ്പെടുത്തികൊണ്ടുള്ള മീറ്റീംഗുങ്ങുകൾ സംഘടിപ്പിച്ചു. കുഞ്ഞുങ്ങളുടെ കലാപരി പാടികളും ഒരുമിച്ചുള്ള ഭക്ഷണവും മദറിന്റെ ആ സമയത്തുള്ള ഉപദേശവും വീട്ടുകാരെയും, കുഞ്ഞുങ്ങളേയും തമ്മിലും, വീട്ടുകാരും സ്ഥാപനവുമായിട്ടും, മദറുമായിട്ടും അടുപ്പിക്കുന്നതിന് കാരണമായി. മദർ നാലാഞ്ചിറയിൽ രോഗകിടക്കയിൽ ആയിരുന്ന ചുരുങ്ങിയ സമയത്ത് ഈ കുഞ്ഞുങ്ങളെല്ലാം മദറിന്റെ ചുറ്റും വന്ന് സ്നേഹം പങ്കുവച്ചത് ഒരു പ്രത്യേക അനുഭവമായിരുന്നു. അതു പോലെ മദറിന്റെ മരണശേഷം ഇവർ എല്ലാവരും കൂടെ കുടുംബ സമേതം വന്ന് മദറിന്റെ നന്മകൾ അയവിറക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. അതേ ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. വാഗ്ദാനമനുസരിച്ച് ഒന്നിന് നൂറായി മക്കളെ നൽകികൊണ്ട് മദറിനെ അനുഗ്രഹിച്ചു.

## സമൂഹത്തെയും സമൂഹാംഗങ്ങളെയും സ്നേഹിച്ച ഒരമ്മ

ഇടയൻ ആടുകളെ പേരു ചൊല്ലി വിളിക്കുന്നു എന്നു വചനത്തിൽ പറയുന്നതു പോലെ സമൂഹാംഗങ്ങളെ പേരുചൊല്ലി വിളിച്ചിരുന്ന ഒരു അമ്മ ആയിരുന്നു മദർ മാക്സാ. സമൂഹത്തിലെ

www.malankaralibrary.com

ഓരോ വ്യക്തിയേയും, അവരുടെ കഴിവുകളോടും കുറവുകളോടും കൂടെ മദറിന് അറിയാമായിരുന്നു. കഴിവുകളെ വളർത്തുവാനും കുറവുകളെ നികത്തുവാനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും തിരുത്തലുകളും നൽകുന്നതിൽ മദർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ചിലപ്പോൾ കർക്കശമായി തന്നെ ശാസിക്കുന്നതിന് മദർ മടിച്ചിരുന്നില്ല. പക്ഷേ മദറിന് ഊഷ്മളതയുള്ള ഒരു ഹൃദയം ഉണ്ടെന്നുള്ള സത്യം ഏവർക്കും സുഗ്രാഹ്യമായിരുന്നു. മക്കളെ അറിയുന്ന മാതാവായിരുന്നു മദർ മാക്സാ.

മദറിന്റെ സന്തോഷവും കരുതലും സ്വഭവനത്തിലെ അംഗങ്ങളാണ് ആദ്യം അനുഭവിച്ചറിഞ്ഞത്. ബഥനി സമൂഹത്തിൽ എവിടെ ഒരു പുതിയ ഭവനം ആരംഭിച്ചാലും അവരുടെ സുഖ സൗകര്യങ്ങളും ആവശ്യങ്ങളും മദർ പരിഗണിച്ചിരുന്നു. എവിടെ ഒരു ബുദ്ധിമുട്ടുണ്ടായാലും അതു പരിഹരിക്കുവാൻ മദർ ശ്രദ്ധിക്കുമായിരുന്നു. സ്വന്തം ഭവനത്തിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനോടൊപ്പം തൈകൾ പാകികിളിർപ്പിച്ച് മറ്റു ഭവനങ്ങളിലേക്കു കൊടുത്തു വിടുകയും ചെയ്യുമായിരുന്നു. അതുപോലെ ഫലങ്ങൾ ശേഖരിച്ചു പഴുപ്പിച്ച് അതെല്ലാവർക്കും ലഭ്യമാക്കുന്നതിനു ശ്രദ്ധിച്ചിരുന്നു. പഠിക്കുവാനോ, പഠിപ്പിക്കുവാനോ, യാത്രക്കോ ഒക്കെ ആയി പോയിരിക്കുന്ന സിസ്റ്റേഴ്സിനെ ഓർത്തിരുന്ന് അവർ വരുമ്പോൾ സൂക്ഷിച്ചു വച്ചിരിക്കുന്ന സാധനങ്ങൾ കൊടുക്കുമായിരുന്നു. അങ്ങനെ സമൂഹാംഗങ്ങളെല്ലാവരെയും മദർ വ്യക്തിപരമായി കരുതിയിരുന്നു.

സമൂഹത്തോടുള്ള സ്നേഹം, അതിന്റെ ഉയർച്ചയിൽ ഉള്ള ആകാംക്ഷ, സമൂഹത്തിലേയ്ക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഉള്ള ഉത്സാഹം ഇവയിലെല്ലാം ഉള്ള മദറിന്റെ താൽപര്യം ഒന്നുപ്രത്യേകമായിരുന്നു. ദൈവദാസൻ മാർ ഈവാനിയോസിനോടുള്ള ഭക്തിയും ആദരവും വിധേയത്വവും മദറിന്റെ ജീവിതത്തിൽ നിന്നും മറ്റുള്ളവർ പഠിച്ച സാധന പാഠങ്ങളായിരുന്നു. ആദ്യമായി സമൂഹ ജീവിതം സ്വീകരിക്കാൻ വരുന്ന അർത്ഥിനികൾക്ക് ബഥനിയേപ്പറ്റിയും വന്ദ്യ പിതാവിനെപ്പറ്റിയും മദറിൽ നന്നും കേൾക്കുന്നത് ഏറ്റവും സന്തോഷപ്രദമായ ഒരു അനുഭവമായിരുന്നു. താൻ അനുഭവിച്ചറിഞ്ഞ പാഠങ്ങൾ



പകർന്നുകൊടുത്തത് ഏറ്റവും ഹൃദ്യമായിട്ടായിരുന്നു. പിതാവിനെപ്പറ്റിയും ബഥനിയെപ്പറ്റിയും സംസാരിക്കുന്നതിൽ ഒരു ലോഭവും കാണിച്ചിരുന്നില്ല. കിട്ടുന്ന സന്ദർഭങ്ങളിലൊക്കെ കുട്ടികളെ നാലാഞ്ചിറയിലെ ചാപ്പലിന്റെ പുറകിലുള്ള വരാന്തയിൽ ഒന്നിച്ചിരുത്തി ഏതാണ്ടൊരു ഗുരുകുല സമ്പ്രദായത്തിന്റെ രീതിയിൽ പഠിപ്പിച്ചത് ഒരു പ്രത്യേക അനുഭവമായിരുന്നു. മദറിൽ നിന്നും പഠിച്ച ഈ പാഠങ്ങൾ സന്യാസാർത്ഥിനികൾക്ക് ഒരു വലിയ മുതൽകൂട്ടായിരുന്നു. അർത്ഥിനികളെയും അവരുടെ മാതാപിതാക്കളെയും പ്രത്യേകമായി മനസ്സിലാക്കുകയും അവർക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു മദർ. കുട്ടികളുടെ ശാരീരികവും ആത്മീകവുമായ വളർച്ചയിൽ മദർ പ്രത്യേകം ശ്രദ്ധിക്കുകയും ചുമതലപ്പെട്ടവരെ അതിനായി നിഷ്കർഷിക്കുകയും ചെയ്തിരുന്നു

## സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കിയ മദർ

സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയിൽ അതീവ ശ്രദ്ധാലുവായിരുന്നു മദർ മാക്സാ എന്ന സത്യം സുപ്പീര്യർ ജനറൽ ആയിരുന്നകാലം പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. സമൂഹാംഗങ്ങൾക്കു വിദ്യാഭ്യാസം നൽകി അതിലൂടെ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ മദർ പ്രത്യേകം ശ്രദ്ധിച്ചു. ഇതേ ഉദ്ദേശ്യത്തോടുകൂടെ സിസ്റ്റേഴ്സിനെ ഉപരിപഠനത്തിനായി അമേരിക്കാ, റോം, ഹോളണ്ട് മുതലായ വിദേശരാജ്യങ്ങളിലേക്കയച്ചു. അതുപോലെ സിസ്റ്റേഴ്സിനെ ഉത്തരേന്ത്യയിലും കേരളത്തിലുള്ള വിവിധ സ്ഥാപനങ്ങളിലുമയച്ചു പഠിപ്പിക്കുന്നതിനു വേണ്ട നേതൃത്വവും നൽകി. പഠനത്തിനായി അയയ്ക്കുന്ന സിസ്റ്റേഴ്സിനു വേണ്ട സംഗതികൾ എല്ലാം ക്രമീകരിക്കുന്നതിലും മദർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇതിനെല്ലാമുപരി കത്തുകൾ മഖേന മദർ സിസ്റ്റേഴ്സുമായുള്ള സ്നേഹബന്ധം നിരന്തരം ശക്തിപ്പെടുത്തിയിരുന്നു. സമൂഹത്തിൽ നടക്കുന്ന ഓരോ കൊച്ചുകാര്യം പൊലും എഴുത്തുകളിലൂടെ അവരെ അറിയിച്ചിരുന്നു. ആഴ്ചയിൽ ഒരു കത്ത് മദറിൽ നിന്നും ലഭിച്ചിരുന്നു. അവധിയ്ക്കു മഠത്തിൽ തിരിച്ചു വരുമ്പോഴുള്ള മദറിന്റെ സ്വീകരണവും, അന്വേഷണവും കരുതലും ഒക്കെ

www.malankaralibrary.com

ഒരിക്കലും മറക്കുവാൻ പറ്റുന്നതല്ല. സിസ്റ്റേഴ്സിന്റെ വിജയത്തിൽ അങ്ങേയറ്റം അഭിമാനം കൊണ്ടിരുന്നു മദർ. പരാജയത്തിൽ നിന്നും വിജയത്തിലേക്ക് ഉയർന്നു വരുവാൻ ശക്തി പകർന്ന ഒരു ശക്തി ശ്രോതസായിരുന്നു മദർ മാക്സാ. സിസ്റ്റേഴ്സിന്റെ സമഗ്രമായ വ്യക്തിത്വ വികസനത്തിലൂടെ സമൂഹത്തിന്റെ വികസനം നേടാൻ മദർ ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനായുള്ള ശക്തമായ നേതൃത്വം കൊടുക്കുകയും ചെയ്തു.

ചെറുപ്രായത്തിൽ തന്നെ യുറോപ്യൻ സിസ്റ്റേഴ്സിൽ നിന്നും കിട്ടിയ പരിശീലനം, അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മാർഗ്ഗദർശനം, കുടുംബത്തിൽ നിന്നും ലഭിച്ച അടിയുറച്ച സ്വഭാവരൂപീകരണം, വിദ്യാഭ്യാസകാലത്തു നേടിയ അറിവുകൾ, ശ്രേഷ്ഠരായ ആളുകളോടുള്ള സംസർഗ്ഗം ഇവയെല്ലാം മദറിനെ ഒരു ഉത്തമ വ്യക്തിത്വത്തിന്റെ ഉടമയാക്കി ത്തീർത്തു. വളരെ ശ്രേഷ്ഠമായി മദർ എല്ലാവരോടും പെരുമാറി. ഉന്നത ആദർശങ്ങൾ മദറിനെ നയിച്ചു. സഭയോടും സഭാപിതാക്കന്മാരോടും അങ്ങേയറ്റം സ്നേഹവും ബഹുമാനവും പുലർത്തി. ആഗോള കത്തോലിക്കാ സഭയുടെ വളർച്ചയിലും, പ്രത്യേകവിധമായി മലങ്കരസഭയുടെ ഉയർച്ചയിലും മദർ ശ്രദ്ധാലുവായിരുന്നു. താനുൾപ്പെട്ട സന്യാസ സമൂഹത്തിന്റെ അഭിവൃദ്ധി ലക്ഷ്യം വച്ചുകൊണ്ട് മദർ അക്ഷീണം യത്നിച്ചു. മദറിന്റെ ചുണ്ടിൽ നിന്നും എപ്പോഴും പ്രാർത്ഥനകൾ ഉയർന്നിരുന്നു. അതുപോലെ മറ്റുള്ളവരെക്കൊണ്ട് മദർ സഭയ്ക്കുവേണ്ടി പ്രാർത്ഥിപ്പിക്കുമായിരുന്നു.

## വ്യക്തിപരമായ സവിശേഷതകൾ

ഉന്നതമായ ചിന്തയും ശ്രേഷ്ഠമായ ജീവിതവും കൈമുതലാക്കിയ മദറിന്റെ ജീവിതത്തിന്റെ ഒരു പ്രത്യേക സവിശേഷതയായിരുന്നു ലാളിത്യം. ശ്രേഷ്ഠമായ സന്യാസ ജീവിതത്തിന് മദർ ലളിത ജീവിതത്തിൽ അടിസ്ഥാനമിട്ടു. എല്ലാവിധത്തിലും ലാളിത്യമാർന്നതായിരുന്നു മദറിന്റെ ജീവിതം. ഹൃദയപരിശുദ്ധി, സംലഭ്യത, എളിയവരോടുള്ള കരുതലും സമീപനവും, എളിയ സാഹചര്യങ്ങളോടുള്ള പൊരുത്തപ്പെടൽ



ഇവയൊക്കെ മദർ മാക്സായുടെ ജീവിതത്തിന്റെ സവിശേഷതകളായിരുന്നു. ചിരിക്കുവാനും ചിരിപ്പിക്കുവാനും ആ നിഷ്ക്കളങ്കയ്ക്കുസാധിച്ചിരുന്നു. ഒരു ഉദാഹരണം പറയാം. ക്രിസ്സ്മസ്സിന്റെ പാതിരാകഴിഞ്ഞു വന്നാൽ എല്ലാവർക്കും ഒന്നുറങ്ങണം എന്നുള്ള ആഗ്രഹം ആയിരിക്കും ഉണ്ടാവുക. എന്നാൽ യേശു ക്രിസ്തുവിന്റെ ജനനത്തിന്റെ പ്രാധാന്യം വരും തലമുറയെ മനസ്സിലാക്കിക്കൊടുക്കുവാൻ മദർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു ചെണ്ട - ടിന്നായാലും മതി - സംഘടിപ്പിച്ച് അതും കൊട്ടിച്ചുകൊണ്ട് കൂടെ നടന്ന് എല്ലാവരെയും മുറിയിൽ നിന്നും പുറത്തിറക്കും. എന്നിട്ട് എല്ലാവരെയും കൂടി ഒന്നിച്ചുകൂട്ടി ക്രിസ്സ്മസ്സ് പാട്ടുകൾ പാടി സന്തോഷിക്കും. കേക്കുമുറിച്ച് മധുരം പങ്കിട്ട ശേഷമേ എല്ലാവരെയും ഉറങ്ങാൻ പോകുവാൻ സമ്മതിക്കുമായിരുന്നുള്ളു. ദൈവത്തിന്റെ കാരുണ്യത്താൽ മദറിനു ലഭിച്ചിട്ടുള്ള കഴിവുകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ മദർ ഒട്ടും മടി കാണിച്ചിരുന്നില്ല. ധാരാളം ഇംഗ്ലീഷ് പാട്ടുകൾ അറിയാമായിരുന്ന മദർ എല്ലാവരെയും കൂടി വിളിച്ചിരുത്തി അതു പഠിപ്പിച്ച് വളരെ രസപ്രദമായ രീതിയിൽ അവതരിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുമായിരുന്നു. മദർ പഠിപ്പിച്ച പല പാട്ടുകളും അന്നുണ്ടായിരുന്ന സിസ്റ്റേഴ്സ് ഇന്നും ഓർമ്മിക്കുകയും അവസരോചിതമായി പാടുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

## മാതൃകാ ജീവിതം

ജീവിതമാതൃകയിലൂടെ സഭയുടെപാരമ്പര്യങ്ങളും സന്യാസസമൂഹത്തിന്റെ ആദർശങ്ങളും മറ്റുള്ളവരിലേക്കു പകരുവാൻ മദറിനു സാധിച്ചു. താൻ പഠിപ്പിക്കുവാൻ ആഗ്രഹിച്ചതെല്ലാം സ്വന്ത ജീവിതത്തിൽ പ്രായോഗികമാക്കിയ ഒരു ഉത്തമ ഗുരുഭൂതയായിരുന്നു മദർ. വർഷങ്ങൾക്കു ശേഷവും ബഥനിയിലെ ജീവിക്കുന്ന മാതൃകകളുടെ ആവശ്യകതയെപ്പറ്റി പരാമർശിക്കുമ്പോൾ പറയുന്ന ഒരു സംഗതിയാണ് മദർ മാക്സായെപ്പോലെ ഇന്നു ജീവിക്കുന്ന മാതൃകകൾ കുറവാണ് എന്ന്. വലിപ്പച്ചെറുപ്പമില്ലാതെ, പ്രായഭേദമില്ലാതെ എല്ലാവരെയും മദർ ഒരുപോലെ സ്നേഹിച്ചു.എന്നോടാണ് മദറിനു കൂടുതൽ സ്നേഹം എന്ന് സമൂഹത്തിലെ ഓരോ സിസ്റ്ററിനും, പരിശീലനത്തിൽ

www.malankaralibrary.com

ഇരിക്കുന്ന കുട്ടികൾക്കും ഭവനത്തിൽ സഹായികളായവർക്കും എല്ലാം അനുഭവപ്പെട്ടിരുന്നു. സിസ്റ്റേഴ്സിനെ മാത്രമല്ല അവരുടെ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും എല്ലാം മദർ വ്യക്തിപരമായി അറിഞ്ഞിരുന്നു. മദർ മാക്സാ അവരുടെയെല്ലാം മദർ ആയിരുന്നു. അവരെല്ലാം നമ്മുടെ മദർ എന്നാണ് മദറിനെ വിശേഷിപ്പിച്ചിരുന്നത്.

## സഭാസ്നേഹി

സഭയുടെ വളർച്ചയിൽ സമൂഹം വഹിക്കുവാനുള്ള പങ്കിനെപ്പറ്റി ബോദ്ധ്യം ഉണ്ടായിരുന്ന മദർ ഇടവക പ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സ് സജീവമായി പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിച്ചിരുന്നു. വന്ദ്യപിതാക്കന്മാരോടും സഭാധികാരികളോടും അങ്ങേയറ്റം സ്നേഹത്തോടും ബഹുമാനത്തോടും ഇടപ്പെട്ടിരുന്നു. മഠവും ആശ്രമവും അരമനയും എല്ലാം ഒന്നായിക്കാണാനുള്ള വിശാലവീക്ഷണം മദറിനുണ്ടായിരുന്നു. സഭയെ സംബന്ധിച്ച് അഭിപ്രായം പറയേണ്ട അവസരങ്ങളിൽ തുറന്നു സംസാരിക്കുവാൻ ഉള്ള സ്വാതന്ത്ര്യം മദർ ഉപയോഗിച്ചിരുന്നു. മലങ്കരസഭയുടെ വളർച്ച മദർ സ്വപ്നം കണ്ടിരുന്നു. ജീവിച്ചിരുന്നിടത്തോളം പുനരൈക്യ വാർഷികാഘോഷങ്ങളിലെല്ലാം മദർ പങ്കെടുത്തിരുന്നു. പ്രായമോ രോഗമോ ഒന്നും തന്നെ മദറിനെ ഇതിൽ നിന്നും പിൻതിരിപ്പിച്ചില്ല. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം പുനരൈക്യപ്പെട്ട ആദ്യ അംഗങ്ങളിൽ ഒരാൾ എന്ന നിലയിൽ മദറിന്റെ ജീവിത ഔന്നത്യം പ്രകടമായ ഒരവസരമായിരുന്നു ഇത്. ഏതു സ്ഥലത്തുവച്ച് പുനരൈക്യ വാർഷികം നടന്നാലും അവിടെയെല്ലാം മദർ എത്തിച്ചേരുമായിരുന്നു. മദർ മരിക്കുന്നതിനു തൊട്ടു മുൻപുള്ള വർഷങ്ങളിൽ ബത്തേരിയിൽ വച്ചു നടന്ന പുനരൈക്യ വാർഷികത്തിൽ മദർ പങ്കെടുക്കുമെന്നു കരുതാനാവില്ലായിരുന്നു. ചെറുപ്പക്കാർ മടിച്ചുമാറി നിന്നിടത്ത് തൊണ്ണൂറു വയസ്സിനോടടുത്ത മദർ വളരെ സന്തോഷത്തോടെ ദീർഘദൂരം യാത്ര ചെയ്ത് മീറ്റിംഗിൽ പങ്കെടുത്തു. മാത്രമല്ല ബത്തേരിയിൽ പുതിയതായി ആരംഭിച്ച എല്ലാ മഠങ്ങളും സന്ദർശിച്ച് സിസ്റ്റേഴ്സിനെയെല്ലാം കണ്ടിട്ടാണ് തിരിച്ചെത്തിയത്. അതു പോലെ കോട്ടയത്തു വച്ചു നടന്ന പുനരൈക്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളിലും മദർ പങ്കെടുത്തു. അവിടെ വച്ച് മദർ



തെരേസായും മദർ മാക്സായുമായുള്ള ഒരു അപൂർവ്വസംഗമം നടക്കുകയുണ്ടായി.

## രണ്ടു വിശുദ്ധാത്മാക്കളുടെ ഒന്നുചേരൽ

മദർ തെരേസായും മദർ മാക്സായും രണ്ട് അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമകളായിരുന്നു. ഇവർ തമ്മിലുള്ളബന്ധം വളരെ ആഴമേറിയതായിരുന്നു. മദർ തെരേസ തന്റെ സന്യാസ ഭവനത്തിന്റെ ശാഖ തിരുവനന്തപുരത്തു സ്ഥാപിക്കാൻ വന്നപ്പോൾ മുതൽ ഈ ബന്ധം കൂടുതൽ ദൃഢമായി. ബഥനി ഹോസ്റ്റലിൽ വച്ച് അവർ തമ്മിൽ നടന്നിട്ടുള്ള കൂടിക്കാഴ്ച്ചയും സംഭാഷണങ്ങളും വളരെ ഹൃദ്യമായതായിരുന്നു. രണ്ടുപേർക്കും തമ്മിൽ ധാരാളം സാമ്യങ്ങൾ ഉള്ളതായി പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. രണ്ടുപേരുടെയും ജീവിതശൈലി വളരെ സാമ്യമുള്ളതായിരുന്നു. സന്യാസ സമൂഹങ്ങളുടെ വളർച്ചയിൽ, വ്യക്തികൾക്കു കൊടുത്തിരുന്ന കരുതലിൽ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ, ഇതിനെല്ലാമുപരി വി. കുർബാനയോടുള്ള ഭക്തിയിൽ സാമ്യം കാണാൻ സാധിക്കുന്നുണ്ട്. മദർ തെരേസാ വി. കുർബാനയുടെ മുൻപിലിരുന്നു ശക്തി സംഭരിച്ചതുപോലെ മദർ മാക്സായും നിരന്തരമായ പ്രാർത്ഥനയിലൂടെ ശക്തി സംഭരിച്ചിരുന്നു.

## ഇതര സന്യാസ സമൂഹങ്ങളോടുള്ള പരിഗണന

മദർ മാക്സായിക്കുണ്ടായിരുന്ന മറ്റൊരു സവിശേഷതയായിരുന്നു, മറ്റു സന്യാസ സമൂഹങ്ങളിലെ സിസ്റ്റേഴ്സിനോടുണ്ടായിരുന്ന കരുതലും ബഹുമാനവും. ആംഗ്ലിക്കൻ സിസ്റ്റേഴ്സ് കേരളത്തിൽ നിന്നും പോയെങ്കിലും കത്തു മുഖേന അവരുമായി നിരന്തരമായി ബന്ധപ്പെട്ടിരുന്നു. ബഥനിയുടെ സ്ഥാപനത്തിനു മുൻപായി പരിശീലനം നൽകിയ അവരോട് എന്നും മദറിന് നന്ദിയും സ്നേഹവും ഉണ്ടായിരുന്നു. 1962 – ൽ മദർ സൾഗായുമൊത്ത് മദർ മാക്സാ ബാരിസോളിലെ ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ മഠത്തിൽ പോയി. ഒരാഴ്ചക്കാലം അവരോടൊത്തു താമസിച്ച് സന്തോഷം പങ്കുവച്ചു. അതുപോലെ കുറച്ചു. കാലത്തേക്ക് സിസ്റ്റർ ഹെലൻ എല്ലാ വർഷവും കേരളത്തിൽ

www.malankaralibrary.com

വരികയും ബഥനിയിൽ താമസിക്കുകയും സ്നേഹാദരങ്ങൾ കൈമാറുകയും ചെയ്തിരുന്നു. അപ്പോഴെല്ലാം മദർ മാക്സായും മറ്റു സിസ്റ്റേഴ്സും ഏറ്റവും വലിയ സ്നേഹത്തോടും നന്ദിയോടുമാണ് സിസ്റ്റർ ഹെലനെ സ്വീകരിച്ചിരുന്നത്. അതു പോലെ മദർ തെരേസായുടെ സമൂഹത്തിൽപ്പെട്ട സിസ്റ്റേഴ്സിന്റെ ഒരു ഭവനം തിരുവനന്തപുരത്തുള്ള കുന്നുകുഴിയിൽ ഉണ്ടായിരുന്നു. ബഥനിയും ആ മഠവുമായുള്ള ബന്ധത്തിന് ഒരു കാരണം ആ മഠം സ്ഥാപിക്കുവാനായി സിസ്റ്റേഴ്സ് വന്നപ്പോൾ ആദ്യം താമസിച്ചത് ബഥനി ഹോസ്റ്റലിൽ ആയിരുന്നുവെന്നുള്ളതാണ്. സ്വന്തം മാതൃഭവനത്തിൽ ആയിരിക്കുന്നതു പോലെ സന്തോഷത്തോടെ അവിടെ ആയിരിക്കുവാൻ മദർ മാക്സായും മദർ ബാസിമും അവർക്ക് ഹൃദ്യമായ സ്വാഗതം നൽകിയിരുന്നു. പുതിയ മഠത്തിൽ അവരുടെ താമസം ആരംഭിച്ചപ്പോഴും പിന്നീടും അവരെ പോയികാണുന്നതിനും പുതിയ സ്ഥലത്തോടുള്ള അവരുടെ അപരിചിതത്വം ഇല്ലാതാക്കുന്നതിനും ശ്രദ്ധിക്കുകയുണ്ടായി. ആദ്യകാലത്ത് സിസ്റ്റേഴ്സിന്റെകൂടെ മിഷ്യൻ പ്രവർത്തനത്തിനായി ബഥനി സിസ്റ്റേഴ്സിനെക്കൂടെ അയയ്ക്കുന്നതിന് മദർ മാക്സാ തയ്യാറായി. അതുപോലെ ക്രിസ്തുമസിന് മറ്റും ചാരിറ്റി സിസ്റ്റേഴ്സിനെ നാലാഞ്ചിറ ബഥനി മഠത്തിലേക്കുക്ഷണിച്ചു വരുത്തി ഹൃദ്യമായി അവരെ സ്വീകരിക്കുകയും കൃഷി സാധനങ്ങൾ ശേഖരിച്ചുവച്ചിരുന്ന് അവർക്കു കൊടുത്തു വിടുകയും ചെയ്യുമായിരുന്നു. ഒരമ്മ വീടു മാറിപ്പോയിരുന്ന മക്കൾക്കു സാധനങ്ങൾ സംഭരിച്ചുകൊടുത്തു വിടുന്ന ഒരു പ്രതീതി ഉളവായി. സിസ്റ്റേഴ്സിനു വലിയ സന്തോഷമായിരുന്നു.

## ജീവിത ലാളിത്യം

തന്റെ അന്ത്യത്തോട് അടുക്കുകയാണെന്നു ബോദ്ധ്യമായ മദർ ഇത്രനാൾ താമസിച്ചിരുന്ന മുറിയിലേക്കു പോകുവാൻ ഒരുങ്ങിയപ്പോൾ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ഒരു സിസ്റ്റർ പറഞ്ഞു, വൈദികർക്കും മറ്റും കടന്നു വരാൻ സൗകര്യമുള്ളത് ഈ മുറിയിലാണ് എന്ന് തൊട്ടടുത്തു കാണിച്ചു കൊടുത്ത മുറിയിൽ വിശ്രമിക്കുവാൻ മദർ തെല്ലുപോലും മടി കാണിച്ചില്ല. ഞാൻ എന്റേത് എന്നൊക്കെയുള്ള ഭാവങ്ങൾ എന്നേ മദറിൽ നിന്നും



അകന്നുപോയിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമായി. മാക്സ എന്ന പേര് അന്വർത്ഥമാക്കിയതുപോലെ ശാന്തവും സൗമ്യവുമായിരുന്നു മദറിന്റെ ജീവിതം.

## നിഷ്ഠാജീവിതം

നിഷ്ഠാ ജീവിതം നയിച്ച ഒരു ഉത്തമ സന്യാസിനി ആയിരുന്നു മദർ മാക്സാ. യൂറോപ്യൻ സിസ്റ്റേഴ്സിൽ നിന്നും സ്ഥാപക പിതാവിൽ നിന്നും ലഭിച്ച സദ്ഗുണത്തെ സ്ഥാപക മദറുമാരിൽ ഒരാളെന്ന നിലയിൽ മദറും കൂടി ഉൾപ്പെട്ട് രൂപീകരിച്ചെടുത്ത നിയമാവലി അനുസരിച്ചും വളരെ ചിട്ടയോടും ക്രമമായും ഉള്ള ഒരു ജീവിത ശൈലിയാണ് മദർ മാക്സാ അനുവർത്തിച്ചത്. ബഥനിയുടെ ജീവിതശൈലി എന്താണെന്ന് മദറിന്റെ ജീവിതത്തിൽ നിന്നും പിന്നീടുള്ള തലമുറയ്ക്ക് വായിച്ചെടുക്കുവാൻ തക്ക ഒരു തുറന്ന പുസ്തകമായിരുന്നു മദർ. സന്യാസ വ്രതങ്ങൾ പാലിക്കുന്നതിന്, സന്യാസ നിഷ്ഠ അനുസരിച്ച് ജീവിക്കുന്നതിന് ഒരു ജീവിക്കുന്ന മാതൃകയായിരുന്നു മദർ.

എല്ലാ ദിവസവും കൃത്യസമയത്ത് എഴുന്നേൽക്കുന്നതിനും കൂട്ടക്രമങ്ങൾക്ക് കൃത്യമായി എത്തുന്നതിനും മദറിനു സാധിച്ചിരുന്നു. അവസാന ദിവസങ്ങളിൽ പോലും പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനും മദർ എത്തുമായിരുന്നു. എങ്ങനെയെങ്കിലും അല്പം താമസിച്ചുപോയാൽ വിനയപൂർവ്വം അധികാരികളോട് അനുവാദം ചോദിച്ചേ കൂട്ടത്തിലേക്ക് വരുമായിരുന്നുള്ളു. മിതമായ ഭക്ഷണം കൊണ്ട് തൃപ്തിപ്പെട്ടിരുന്നു. വൃത്തിയും വെടിപ്പും എല്ലാകാര്യത്തിലും ദൃശ്യമായിരുന്നു. ഒന്നിലും അതൃപ്തി കാണിച്ചിരുന്നില്ല. എല്ലാവരോടും സ്നേഹത്തോടും കരുതലോടും പെരുമാറി. അനുവാദം ചോദിച്ചു ചെയ്യേണ്ട കാര്യങ്ങളിൽ അനുവാദം ചോദിച്ചു മാത്രമേ ചെയ്യുമായിരുന്നുള്ളു. പാവപ്പെട്ട കുട്ടികളെ സഹായിക്കുന്ന കാര്യത്തിൽ ശ്രദ്ധയുണ്ടായിരുന്ന മദർ അതിനായിട്ട് ആരെങ്കിലും പണമോ മറ്റ് സാധനങ്ങളോ കൊടുത്താൽ അതുപോലും അധികാരികളോട് ചോദിച്ചിട്ടു മാത്രമേ കൊടുത്തിരുന്നുള്ളു. മദറിന്റെ ജീവിതത്തിന്റെ അവസാന

www.malankaralibrary.com

നാളുകളിൽ പോലും ധാരാളം കുട്ടികളെ പഠനത്തിനായും മറ്റ് സംഗതികൾക്കായും സഹായിക്കാൻ മദറിന് സാധിച്ചിട്ടുണ്ട്. ഇതെല്ലാം മദർ വളരെ ശാന്തമായി നിർവ്വഹിച്ചിരുന്നു. ജീവിതത്തിലുടനീളം ഈ ശാന്തത കളിയാടിയിരുന്നു. അതേ ശാന്തത മരണത്തിലും ദൃശ്യമായി.

## ദൈവത്തോടുള്ള വ്യക്തി ബന്ധം

ദൈവത്തോടുള്ള മദറിന്റെ നിരന്തരമായ സംസർഗം മദറിനു ജീവിതത്തിൽ ശാന്തതയും അതേ സമയം വിജയവും നേടി കൊടുത്തു. നിരന്തരം മദർ സുകൃത ജപങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു. മദറിന്റെ പ്രാർത്ഥനയുടെ ശക്തിയാണ് പ്രശ്ന കലുഷിതമായ ഒരു സാഹചര്യത്തിൽ ബഥനിയാകുന്ന നൗകയുടെ അമരത്ത് പന്ത്രണ്ടുവർഷക്കാലം ഇരുന്ന് ഒരു ഭരണ നയതന്ത്രജ്ഞയുടെ നൈപുണ്യത്തോടെ അതിനെ നയിക്കുവാൻ സാധിച്ചത്. ഇന്ന് കെട്ടുറപ്പുള്ള ഒരു സമൂഹമായി ബഥനി തീർന്നിട്ടുണ്ടെങ്കിൽ അത് മദർ മാക്സാ ഉൾപ്പെട്ട ആദ്യത്തെ പത്ത് മദറുമാരുടെ ജീവിത വിശുദ്ധിയും പ്രാർത്ഥനാ ചൈതന്യവും സ്വഭാവ വൈശിഷ്ഠ്യവും കാരണമാണ്. മദർ മാക്സായുടെ കർമ്മ നിരതമായ ജീവിതവും, ശ്രേഷ്ഠമായ പെരുമാറ്റവും, അടിയുറച്ച ദൈവവിശ്വാസവും, അഗാധമായ താഴ്മയും നിഷ്കർഷയുള്ള ജീവിതവും നല്ല മാതൃകയും എല്ലാം ഇതിന് അടിത്തറയിടുന്നതിന് സഹായകമായി.

## ആതിഥ്യ മര്യാദ

മദറിന്റെ ആതിഥ്യമര്യാദ എല്ലാവരാലും പ്രശംസിക്കപ്പെടുന്ന ഒന്നാണ്. ദൂരയാത്ര ചെയ്തുവരുന്ന സിസ്റ്റേഴ്സിന് സമയത്ത് ഭക്ഷണം കൊടുക്കുന്നതിനും അവരുടെ ക്ഷേമം അന്വേഷിക്കുന്നതിലും മദർ ഉത്സുകയായിരുന്നു. ബഥനി യാഥാർത്ഥ ബഥനി തന്നെയായിരിക്കണം എന്നൊരു ചിന്താഗതി മദറിനുണ്ടായിരുന്നു. കർത്താവിന് ആതിഥ്യം അരുളിയ ബഥനിയെപ്പോലെ നമ്മുടെ ഭവനങ്ങളിലേക്ക് കടന്നുവരുന്ന എല്ലാവരേയും ആദരിക്കുകയും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിവർത്തിക്കുകയും ചെയ്യണമെന്ന് മദറിന് നിർബന്ധമായിരുന്നു. ഏത് പ്രോവിൻസ് എന്ന വ്യത്യാസമില്ലാതെ സിസ്റ്റേഴ്സിനെ സ്നേഹ



പൂർവ്വം സ്വീകരിച്ചിരുന്നു. അവർ ആയിരിക്കുന്ന സ്ഥലങ്ങളിലെ എല്ലാ വിവരങ്ങളും ആരാഞ്ഞറിഞ്ഞിരുന്നു. അവിടെയുള്ള സിസ്റ്റേഴ്സിനെയെല്ലാം പേരുപറഞ്ഞ് അന്വേഷിച്ചിരുന്നു. കൂടെവരുന്ന കുട്ടികളായാലും, ഇനി പ്രത്യേക കാരണവശാൽ ഒന്നിച്ചുവരുന്ന ഗ്രൂപ്പുകളായാലും അവർക്കെല്ലാം വേണ്ടശുശ്രൂഷകൾ ചെയ്ത് അവരെ തൃപ്തരാക്കി അയയ്ക്കണമെന്ന് മദറിന് നിർബന്ധമായിരുന്നു. സ്നേഹം മദറിന്റെ ജീവിത ശൈലിയായിരുന്നു. മറ്റുള്ളവരുടെ നന്മക്കായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തിരുന്നു. മഠത്തിന്റെ നിയമ പരിധിയിൽ നിന്നുകൊണ്ട് എല്ലാ നന്മകളും മദർ ചെയ്തിരുന്നു.

സ്ത്രീ ജനോദ്ധാരണത്തിൽ തല്പരയായിരുന്ന മദർ ആ രംഗത്തേയ്ക്കു സിസ്റ്റേഴ്സിന്റെ ശ്രദ്ധ തിരിച്ചു വിട്ടിരുന്നു. നല്ല ഒരു അദ്ധ്യാപിക എന്ന നിലയിൽ പെൺകുട്ടികളുടെ ശരിയായ സ്വഭാവരൂപീകരണത്തിൽ ശ്രദ്ധാലുവായിരുന്നു. കുട്ടികളിലൂടെ അവരുടെ മാതാപിതാക്കളുമായി ബന്ധപ്പെടുകയും നല്ല ജീവിത മൂല്യങ്ങൾ പ്രയോഗികമാക്കുന്ന കുടുംബങ്ങളാക്കി തീർക്കുവാൻ അവരെ പ്രബോധിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

വലിയ ആരോഗ്യപ്രശ്നമൊന്നും മദറിനില്ലായിരുന്നു. അല്പം ഷുഗർ കൂടുതലായിരുന്നു. അതിന്റെ പഥ്യം വളരെ ശ്രദ്ധയോടെ നോക്കിയിരുന്നു. 1976 - കഴുത്തിൽ ഉണ്ടായിരുന്ന മുഴയ്ക്ക് ചികിത്സിക്കേണ്ടി വന്നതാണ് അനാരോഗ്യത്തിന് ആരംഭം കുറിച്ചത്. പെരുമ്പുഴയിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും ചികിത്സകൾ നടത്തിയിട്ടുണ്ട്. 1983 മുതൽ നാലാംഞ്ചിറ മഠത്തിൽ വിശ്രമ ജീവിതം നയിച്ചു. ഇതിനു ശേഷവും സന്യാസാർത്ഥികൾക്ക് ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. ദൈവദാസൻ മാർ ഈവാനിയോസിനെ പറ്റിയും ബഥനിയുടെ ആരംഭത്തെപ്പറ്റിയും പഠിപ്പിക്കുമായിരുന്നു. അതുപോലെ മദറിന്റെ വിശ്രമത്തിന്റെ ഈ കാലയളവിലാണ് മദർ ജനറൽ മദർ ഫിലോമിനായുടെ ആഗ്രഹപ്രകാരം ബഥനിയുടെ ആദ്യകാലത്തെപ്പറ്റിയും മദറിന്റെ ദൈവവിളിയെപ്പറ്റിയുമുള്ള ഡയറിക്കുറിപ്പുകൾ എഴുതിയത്. 1991 ൽ കണ്ണിന് ഒരു ഓപ്പറേഷൻ നടന്നു. കുറച്ചു

www.malankaralibrary.com

നാളുകളായി ചെവിയുടെ കേൾവിയും കുറഞ്ഞുവന്നിരുന്നു. ഇതൊന്നും മദറിന്റെ പ്രാർത്ഥനാ ജീവിതത്തിന് ഒരു തടസ്സമായിരുന്നില്ല. അവയെല്ലാം കൃത്യമായും കൂട്ടത്തിൽ സംബന്ധിച്ചും നിർവ്വഹിച്ചിരുന്നു. കൂടാതെ മദർ ഒരു വലിയ മാതൃഭക്തയായിരുന്നു. അതു പോലെ വേദപുസ്തകം വായിക്കുകയും ജീവിതയാത്രക്കാവശ്യമായ അന്നന്നപ്പം വി. ഗ്രന്ഥത്തിന്റെ നിറവിൽ നിന്നും നുകരുവാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മലങ്കരസഭയെ അങ്ങേയറ്റം സ്നേഹിച്ച മദർ, ബഥനിക്ക് മലങ്കരയിൽ ഉണ്ടായിരിക്കുന്ന സ്ഥാനത്തെപ്പറ്റി ബോദ്ധ്യമുള്ളവളായിരിക്കുകയും ആ ബോദ്ധ്യത്തിലേയ്ക്ക് മറ്റുള്ളവരെ നയിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. ബൈബിളും, ഈവാനിയോസ് പിതാവിന്റെ ജീവിത ചരിത്രവും മറ്റും വായനയ്ക്കായിട്ട് ഉപയോഗിച്ചിരുന്നു.

മദർ തന്റെ ജീവിതത്തിന്റെ സ്നേഹദീപം ആയിരുന്നു എന്നാണ് സിസ്റ്റർ ദയ (ബത്തേരി) മദർ മാക്സായെപ്പറ്റി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് മദർ സിസ്റ്ററിനോടും മറ്റുള്ളവരോടും, അവർ സമൂഹത്തിൽ പ്രവേശിച്ചപ്പോൾ മുതൽ സ്നേഹപൂർവ്വം ഇടപ്പെട്ട സന്ദർഭങ്ങളും, സംഭവങ്ങളും അനുസ്മരിക്കുന്നു. ഓരോരുത്തരുടെയും കുടുംബങ്ങളെപ്പറ്റിയും കുടുംബാംഗങ്ങളെപ്പറ്റിയുമുള്ള മദറിന്റെ അന്വേഷണവും കരുതലും ഒന്നും ഇന്നും മറക്കാവുന്നതല്ല. വ്യക്തികളോടു കാണിച്ചിരുന്ന സ്നേഹവും വാൽസല്യവും ഇന്നെന്നപോലെ അനുഭവവേദ്യമാകുന്നു. മദറിന്റെ സ്നേഹത്തോടെയും കരുതലോടെയുമുള്ള ജീവിതം കണ്ട്, അനുഭവിച്ചറിഞ്ഞത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള ഒരു പ്രചോദനവും മദറിൽ നിന്നും ഉൾക്കൊണ്ടു. മദറിന്റെ സ്നേഹവും വാൽസല്യവും അനുഭവിക്കുവാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായി സിസ്റ്റർ കരുതുന്നു. പേരുവിളിച്ചില്ലെങ്കിലും ജീവിച്ചിരിക്കുമ്പോൾ തന്നെ മദർ ഒരു വിശുദ്ധയായിരുന്നുവെന്നാണ് മദറിനെപ്പറ്റിയുള്ള സിസ്റ്റർ ദയയുടെ അഭിപ്രായം.

## ജീവിതംപോലെ തന്നെ അന്ത്യവും

തന്റെ അന്ത്യത്തോട് അടുക്കുന്നുവെന്നുള്ളതിനെപ്പറ്റി



ബോധവതിയായിരുന്നു എന്ന് വ്യക്തമാക്കുന്നതാണ് എനിക്ക് ഒരു ഭാഗ്യമരണം കിട്ടുവാൻ പ്രാർത്ഥിക്കണമേ എന്ന് മദർ കൂടെകൂടെ പറഞ്ഞിരുന്നത്. സ്വർഗ്ഗാരോപണ തിരുനാളിനെക്കുറിച്ച് വാചാലമായി സംസാരിച്ച മദർ നമ്മുടെ കർത്താവിനൊടൊപ്പം സ്വർഗ്ഗത്തിലേക്ക്യാത്രയാകുന്നതിനെ പ്പറ്റിയും പരാമർശിച്ചിരുന്നു. തുടർന്ന് ഞാൻ ബഥനിയെ അനുഗ്രഹിക്കുന്നു എന്ന് പറഞ്ഞ് സമൂഹത്തിന് അനുഗ്രഹം നൽകി മദർ ഒരനുഗ്രഹമായി. മദർ ഒരു വലിയ ക്ഷീണത്തിലേയ്ക്ക് വഴുതി വീഴുകയായിരുന്നു. ഒരുവൻ ജീവിക്കുന്നത് എങ്ങിനെയോ അങ്ങിനെയായിരിക്കും മരണവും എന്ന് പറയാറുണ്ടല്ലോ. മദർ മാക്സായെ സംബന്ധിച്ച് ഇത് അന്വർത്ഥമായി. 1997 - ഏപ്രിൽ പകുതിയോടുകൂടെ ക്ഷീണം വർദ്ധിച്ചു. പ്രാർത്ഥന നിർബന്ധിച്ച് മുറിയിൽ തന്നെയാക്കി. മദർതന്നെ പ്രാർത്ഥന ആരംഭിച്ചു. രോഗീശുശ്രൂഷകർ ഏറ്റുചൊല്ലി. അന്നുതന്നെ മുറിയിൽ വച്ച് ദിവ്യകാരുണ്യ നാഥനെ സ്വീകരിച്ചു. അത് മദറിന്റെ തിരുപാഥേയം ആണെന്ന് ആരും തന്നെ ചിന്തിച്ചില്ല. മദർ സാധാരണപോലെ ശാന്തമായി സംസാരിച്ചിരുന്നു. ക്ഷീണം വർദ്ധിച്ചതിനാൽ ആശ്രമത്തിൽ നിന്നും ബ. ജയിംസ് അച്ചനെ വരുത്തി. മദറിന് രോഗീലേപനം നൽകി. ബോധത്തോടെ കൂദാശ സ്വീകരിച്ചു. ബ. അച്ചന് മദർ തന്നെ നന്ദി പറഞ്ഞു. പ്രാർത്ഥനാ വേളയിൽ എല്ലാ തെറ്റിനെപ്പറ്റിയും ഞാൻ പാശ്ചാത്തപിക്കുന്നു. എല്ലാവരും എന്നോട് ക്ഷമിക്കണമേ എന്നുള്ള മദറിന്റെ ക്ഷമായാചനം എല്ലാവരേയും ദുഃഖത്തിലാഴ്ത്തി. എന്നാൽ അത് വലിയൊരു മാതൃകയായിട്ട് കൊച്ചുതലമുറയ്ക്ക് അനുഭവപ്പെട്ടു. മരണത്തിന്റെ ആ വേളയിൽ പോലും മദർ മാക്സായ്ക്കുണ്ടായിരുന്ന ഹൃദയ ഉണർവ്വ് നമുക്കൊരു വെല്ലുവിളിയാണ്. തന്നെ തന്റെ സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് കൂട്ടികൊണ്ടുപോകുവാൻ സ്വർഗ്ഗീയ മണവാളനും പ. അമ്മയും തനിക്കുമുമ്പേ കടന്നുപോയവരും വന്നു നിൽക്കുന്നതു ദർശിച്ച മദർ അവരെയെല്ലാം പേരുചൊല്ലി വിളിക്കുന്നതുകേൾക്കാമായിരുന്നു. മദറിന്റെ സാധാരണ രീതിയിൽ വല്യപിതാവിനെ വിളിച്ചു. കൂടാതെ മദർ ശൈനാ, മദർ ദനഹാ, മദർ ഹൂബാ, മദർ സൾഗാ ഇവരെ കൺമുമ്പിൽ കാണുന്നതുപോലെ പേരുചൊല്ലി വിളിച്ചു. കർത്താവുമാത്രം മറഞ്ഞുനിൽക്കുന്നതെന്തെന്നു തന്റെ പ്രിയനോട് ചോദിച്ചു. തന്റെ സ്വർഗ്ഗീയ അതിഥികളോട് സംഭാഷിക്കുമ്പോഴും

www.malankaralibrary.com

സന്യാസ സംസ്കാരം മറന്നില്ല. ആ വേളയിലും മദറിനെ അന്തിമയാത്രയ്ക്ക് പ്രാർത്ഥിച്ചനുഗ്രഹിച്ചയയ്ക്കുവാൻ വന്ന വൈദീകനെ മദർ ആദരിച്ചു. പ്രാർത്ഥിച്ചുകഴിഞ്ഞയുടനെ അച്ചനെ ഇരുത്ത് എന്നു മദർ പറഞ്ഞു. മദറിന്റെ ജീവിതത്തിലുടനീളം കാത്തു സൂക്ഷിച്ച ആതിഥ്യമര്യാദയും വൈദീകരോടുള്ള ബഹുമാനവും ഇവിടെയും പ്രകടമാക്കി.

മദർ സ്നേഹിച്ചു വളർത്തിയ സമൂഹാംഗങ്ങൾ ചുറ്റും പ്രാർത്ഥനാനിരതരായി നിൽക്കവേ ബ. വൈദികന്റെ അന്തിമാശീർവാദം സ്വീകരിച്ചുകൊണ്ട് 1997 ഏപ്രിൽ മാസം 15-ാം തീയതി രാത്രി 9 മണിക്ക് തന്റെ 93-ാം വയസ്സിൽ സ്വർഗ്ഗീയ മണവാളന്റെ പക്കലേക്കുയാത്രയായി. ഈശോ, മറിയം യൗസേപ്പ് എന്നുച്ചരിച്ചു കൊണ്ടാണ് മദർ ഈ ലോകത്തിൽ നിന്നും വിട പറഞ്ഞത്. ജീവിത വിശുദ്ധിയോടെ, നിഷ്ക്കളങ്കമായി ജീവിച്ച മദറിന് നമ്മുടെ കർത്താവിനെ മുഖാഭിമുഖം കണ്ടുകൊണ്ടു മരിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചു. യേശുവും മാലാഖമാരും വന്ദ്യപിതാവും പ്രിയപ്പെട്ട മദേഴ്സുംകൂടെ മദറിനെ സ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ടു പോയി. തന്റെ ബാല്യകാലത്ത് ഒരു അത്ഭുതത്തിലൂടെ തന്നെ, ദൈവവേലയ്ക്കായി സ്വന്തം അപ്പന്റെ നേർച്ചയിലൂടെ ദൈവം വേർതിരിച്ചു. ദൈവീകമായ ഈ ശക്തി ജീവിതത്തിലുടനീളം മദറിനെ നയിച്ചു. തന്റെ അന്ത്യവിനാഴികയിലും ഈ ശക്തിയുടെ പ്രവർത്തനം ദൈവം മറ്റുള്ളവർക്കു ദൃശ്യമാക്കി. മദറിന്റെ ജീവിതത്തിൽ നിരന്തരം ഇടപെട്ട ദൈവം മദറിനെ തന്റെ നിത്യ വസതിയിലേക്കു കൂട്ടിക്കൊണ്ടു പോയി എന്നു നമുക്കു സമാശ്വസിക്കാം. സ്വർഗ്ഗത്തിൽ ബഥനിക്കു മാത്രമല്ല, മലങ്കര സഭയ്ക്കും - ആഗോള കത്തോലിക്കാ സഭയ്ക്കു പൊതുവായും - ഒരു മദ്ധ്യസ്ഥകൂടി ബഥനിയിലൂടെ ഉണ്ടായി എന്ന് നമുക്ക് അഭിമാനിക്കാം.





മദർ തൈബൂസ്

1904 – 1947

www.malankaralibrary.com

# മദർ തൈബൂസ്

*(1904 - 1947)* *(സി.ഡൽഫീന തിരുവല്ല)*

## കുടുംബ - വിദ്യാഭ്യാസ പശ്ചാത്തലം

### ജനനം

ചെങ്ങന്നൂർ, അതി പുരാതനമായ പൂവത്തൂർ തറവാടിന്റെ ഒരു ശാഖയാണ് മാമ്പഴക്കാട്ട് കുടുംബം. മാമ്പഴക്കാട്ട് ഇടിക്കുളയുടെയും മതിയൽച്ചിറ ചെറുകര സാറാമ്മയുടെയും മകനായ പി.ഐ. ചാക്കോയാണ് മദർ തൈബൂസിന്റെ പിതാവ്. ചെങ്ങന്നൂർ പേരിശ്ശേരിൽ കടംതോട്ടത്തിൽ മാമന്റെയും മറിയാമ്മയുടെയും മകൾ അന്നമ്മയാണ് മാതാവ്.

1904 മാർച്ച് 11- ന് ആയിരുന്നു മദറിന്റെ ജനനം. ചെങ്ങന്നൂർ, യാക്കോബായ പള്ളിയിൽ വെച്ച് പൂവത്തൂർ യാക്കോബ് കത്തനാർ മാമോദീസ, മൂറോൻ എന്നീ കർമ്മങ്ങൾ നടത്തി ഹന്ന (അന്നമ്മ) എന്ന് പേര് നൽകി. യാക്കോബായ പാരമ്പര്യം അനുസരിച്ച് മാമ്മോദീസായോടുകൂടെ തിരുരക്തവും നൽകി അന്നമ്മയെ അനുഗ്രഹിച്ചു.

### സഹോദരങ്ങൾ

1. സാറാമ്മ
2. പി.സി.ഐസക്
3. പി.സി. തോമസ്
4. എം. സി. ചാക്കോ
5. മറിയാമ്മ
6. എം. സി. ഗീവർഗ്ഗീസ് (ഫാദർ ഗീവർഗ്ഗീസ് ഒ.ഐ.സി)
7. എം. സി. ജോസഫ്
8. എം. സി. അന്നമ്മ (മദർ തൈബൂസ്)
9. എം. സി. ജോൺ

www.malankaralibrary.com

സഹോദരങ്ങളിൽ സാറാമ്മ, ഗീവർഗീസ്, ജോസഫ് എന്നിവർ മലങ്കര കത്തോലിക്കാ സഭാംഗങ്ങളായിരുന്നു. മദറിന്റെ സഹോദരങ്ങൾ ആരും തന്നെ ഇന്ന് ജീവിച്ചിരിപ്പില്ല.

മദറിന്റെ സഹോദര പുത്രന്റെ കൊച്ചുമകൻ തോമസ് ഉമ്മനും (ജോളി) ഭാര്യ എലിസബേത്തും (സിസിലി) മക്കൾ, ഗ്ലാഡ്സൺ, ജിപ്സാ എന്നിവരാണ് തറവാട്ടുവീട്ടിൽ ഇന്ന് താമസിക്കുന്നത്.

ജോളിയ്ക്ക് രണ്ടു സഹോദരിമാരാണ് ഉള്ളത്. ജയ, ജാസ്മിൻ ഇരുവരും വിവാഹിതരാണ്.

ഇപ്പോൾ വിശ്രമാർത്ഥം മാവേലിക്കരയിൽ താമസിക്കുന്ന റിട്ടയർഡ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ എം. ടി. എബ്രഹാം മദറിന്റെ സഹോദര പുത്രനാണ്.

## വിദ്യാഭ്യാസം

കൊച്ചന്നമ്മ എന്നഓമനപേരിൽ വളർന്നുവന്ന അന്നാമ്മ യെ മഠത്തിൽപറമ്പിൽ ചെറിയാനാശാൻ എഴുത്തുനിരു ത്തി അടുത്തുള്ള വിദ്യാലയത്തിൽ പ്രൈമറി വിദ്യാഭ്യാസവും തുടർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസവും നൽകുവാൻ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. അതോടൊപ്പം തന്നെ സഭാ സ്നേഹത്തിലും വിശ്വാസത്തിലും മകളെ വളർത്തിയിരുന്നു.

അന്നാമ്മയുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ കാല ഘട്ടത്തിലായിരുന്നു എം.എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന ഫാ. പി.റ്റി. ഗീവർഗ്ഗീസ് സഭാ നവീകരണ പദ്ധതികൾക്ക് രൂപം നൽകിയത്. ഈ ഉദ്ദേശ്യസാഫല്യത്തിനായി ബ. അച്ചൻ താൻ പ്രൊഫസറായി രുന്ന കൽക്കട്ട സെറാമ്പൂർ കോളേജിലേയ്ക്ക് ഉപരിപഠനാർത്ഥം ഏതാനും യുവാക്കളെയും ശെമ്മാശന്മാരെയും കൊണ്ടു പോയിരുന്നു. കൊച്ചന്നാമ്മയുടെ മൂത്ത സഹോദരൻ എം. സി. ജോർജ്ജ് ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇദ്ദേഹം പിന്നീട് ആശ്രമത്തിലെ പ്രഥമ വൈദികനായിത്തീർന്നു. (ഫാ. ഗീവർഗ്ഗീസ് O.I.C)



## ബാരിസോളിൽ

സഭാനവോത്ഥാനത്തിൽ സ്ത്രീകളുടെ പങ്ക് വളരെ വലുതാണെന്നു മനസ്സിലാക്കിയ എം. എ. അച്ചൻ സഭാ സ്നേഹവും കുടുംബ പാരമ്പര്യവുമുള്ള മാതാപിതാക്കളിൽ നിന്നും ഏതാനും പെൺകുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിനും സഭാപഠനത്തിനുമായി കൽക്കട്ടായിലെ ബാരിസോൾ എന്ന സ്ഥലത്ത് ആഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ കൂടെ പരിശീലനത്തിനായി കൊണ്ടുപോയി. 1918 ജൂൺ മാസത്തിൽ അഞ്ച് പെൺകുട്ടികളുടെ കൂട്ടത്തിൽ മാമ്പഴക്കാട്ടിലെ പതിന്നാലു വയസ്സുകാരി കൊച്ചന്നമ്മയും ഉണ്ടായിരുന്നു.

ഹൈചർച്ചുകാരായ യൂറോപ്യൻ കന്യാസ്ത്രീകൾ ഈസ്റ്റ് ബംഗാളിൽ ബാരിസോൾ എന്ന സ്ഥലത്ത് താമസ്സമാക്കിക്കൊണ്ട് കൽക്കട്ടായിൽ ഒരു കോളേജ് നടത്തിയിരുന്നു.കോളേജ് പ്രിൻസിപ്പൽ ആയ സിസ്റ്റർ മേരി വിക്ടോറിയായെ ഫാദർ പി. റ്റി. ഗീവർഗീസ് സന്ദർശിക്കുകയും പ്രസ്തുത കോളേജിൽ പെൺകുട്ടികളെ സുറിയാനിയും ഇംഗ്ലീഷും പഠിപ്പിക്കാനുള്ള അനുവാദം വാങ്ങിക്കുകയും ചെയ്തു മദർ ഈഡിത്ത് ഇംഗ്ലീഷ് പഠിപ്പിക്കുകയും സിസ്റ്റർ ഗ്ലാഡീസ് സന്മാർഗ പരിശീലനവും വേദോപദേശവും നൽകുകയും ചെയ്തിരുന്നു.

1918 മുതൽ മൂന്നാം ബാച്ചിൽ അന്നമ്മ ബാരിസോളിൽ സിസ്റ്റർ ഹെലന്റെ നേതൃത്വത്തിൽ പരിശീലനം ആരംഭിച്ചെങ്കിലും കാലാവസ്ഥ അന്നമ്മയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചതിനാൽ 1920 - ൽ നാട്ടിലേയ്ക്ക് മടങ്ങി പോരേണ്ടി വന്നു. ഇക്കൂട്ടത്തിൽ മലങ്കര പെൺകുട്ടികളും സിസ്റ്റർ ഹെലൻ, സിസ്റ്റർ ഡോറിൻ എന്നിവരും വന്നിരുന്നു. അന്നമ്മ എന്ന പേരിൽ രണ്ടു പേര് ഉണ്ടായിരുന്നതിനാൽ കൊച്ചന്നമ്മ സാറാമ്മ എന്ന പേരി ലാണ് അറിയപ്പെട്ടിരുന്നത്.

## ബാലികാമഠത്തിൽ

സഭയിൽ ആധ്യാത്മികത വളർത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ടി സർവസംഗപരിത്യാഗികളായ

www.malankaralibrary.com

സമർപ്പിതർ സഭയിൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകത മന സ്സിലാക്കിയ എം. എ. അച്ചൻ സെറാമ്പൂരിൽ നിന്നും നാട്ടിലെത്തി മുണ്ടൻമലയിൽ പുരുഷന്മാർക്കായി ഒരു ആശ്രമവും സ്ത്രീ കൾക്കായി തിരുവല്ലായിൽ തിരുമൂലപുരത്ത് ഒരു മഠവും ആരംഭിച്ചു.

ബാരിസോളിൽ നിന്നും പരിശീലനം നിർത്തി മടങ്ങിവന്ന കൊച്ചന്നാമ്മ ബാലികാമഠം സ്കൂളിൽ സെക്കന്റ് ഫോമിൽ ചേർന്ന് പഠനം ആരംഭിച്ചു. 1924-ൽ ഫിഫ്ത്ത് ഫോറം പഠനം പൂർത്തിയാക്കി വെല്ലൂർ ആശുപത്രിയിൽ നേഴ്സിംഗ് പഠിക്കാൻ നായർ വിഭാഗത്തിൽ നിന്നും ചേർന്ന മേരി നയോമിയോടൊപ്പം അന്നാമ്മയെ അയയ്ക്കയുണ്ടായി. നേഴ്സിംഗ് പഠനം പൂർത്തി യാക്കിയ കൊച്ചന്നാമ്മയെ മിഡ്വൈഫറി പഠനത്തിനു മുമ്പു തന്നെ വന്ദ്യപിതാവ് 1927 നവംബർ 4- ന് തിരുമൂല ബഥനി മഠത്തിലേയ്ക്ക് തിരിച്ചു വിളിച്ചു.

## സന്യാസപരിശീലനം

1927 നവംബർ 4-ാം തീയതി അന്നാമ്മ തിരുവല്ലാ ബഥനി മഠത്തിൽ ചേർന്ന് സന്യാസത്തിന്റെ ആദ്യ പരിശീലനം ആരംഭിച്ചു. ബാരിസോളിൽ നിന്നും സിസ്റ്റർ ഹെലനും പരിശീലനം നൽകുന്നതിനായി തിരുവല്ലായിൽ എത്തിയിരുന്നു.

1928 ജൂൺ 26- ന് പോസ്റ്റുലന്റായ കൊച്ചന്നാമ്മ നോവിസ് മിസ്ട്രസ് മദർ ദനഹായുടെ കീഴിൽ 1929 ഏപ്രിൽ 6-ാം തീയതി നവശിഷ്യപദം ആരംഭിച്ചു. 1930 മെയ് 12 - ന് കൊച്ചന്നാമ്മ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മുൻപാകെ വ്രതവാഗ്ദാനം നടത്തി. കൃപ എന്നർത്ഥമുള്ള തൈബൂസ് എന്ന സുറിയാനി പേര് സ്വീകരിച്ചു. ഇക്കൂട്ടത്തിലാണ് മദർ ബാസിമും വ്രതവാഗ്ദാനം നടത്തിയത്.

## പുനരൈക്യം

1930 സെപ്റ്റംബർ 22 തിങ്കളാഴ്ച പതിവുപോലെ രാവിലെ ഏഴ്മണിക്ക് വി. കുർബാന അർപ്പിക്കാനായി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് മഠത്തിൽ വന്നു. കന്യാസ്ത്രീകൾ എല്ലാ



വരും കത്തോലിക്കാ സഭയിൽ ചേരാൻ തയ്യാറാണെന്ന് മുൻകൂട്ടി അറിയിച്ചിരുന്നെങ്കിലും വ്രതം എടുത്തവർക്കു പോലും വ്രതത്തിൽ നിന്നും വിടുതൽ നൽകുന്നതിനും തീരുമാനം എടുക്കുന്നതിനുമുള്ള പൂർണ്ണ സ്വാതന്ത്ര്യം അഭിവന്ദ്യപിതാവ് നൽകിയിരുന്നു. എത്ര സഹനങ്ങൾ നേരിടേണ്ടിവന്നാലും സിസ്റ്റേഴ്സ് കത്തോലിക്കാ സഭയിൽ ചേരാൻ ഒരുങ്ങിയിരിക്കുകയാണെന്നറിയിച്ചു. മലങ്കര യാക്കോബായ സഭയിലെ അനുഭവം മനസ്സിലാക്കാൻ വന്ദ്യപിതാവ് ഒരിക്കൽ പറയുകയുണ്ടായി. മക്കളെ ഈ ചെടി ഈ മണ്ണിൽ വളരുകയില്ല .

മലങ്കര സഭയുടെ ചരിത്രവും കൂനൻ കുരിശുസത്യവും തന്മൂലമുണ്ടായ പിളർപ്പും എല്ലാം പഠിച്ച് മനസ്സിലാക്കിയ ശേഷം യഥാർത്ഥ സഭ കത്തോലിക്കാ സഭയെന്ന് അവർക്ക് ബോധ്യപ്പെട്ടു. വന്ദ്യപിതാവ് സിസ്റ്റർ ഹെലന്റെ കെട്ടിടത്തിന്റെ കീഴത്തെ മുറിയിൽ (അന്നത്തെ വിസിറ്റേഴ്സ്റൂം) ഇരുന്ന് കന്യാസ്ത്രീകളെ ഓരോരുത്തരായി വിളിച്ച് സ്വതന്ത്ര പ്രഖ്യാപനം ചെയ്യുവാൻ അവസരം നൽകി.

പ്രഖ്യാപനത്തിനു ശേഷം വന്ദ്യപിതാവ് പള്ളിയിൽ വന്നിരുന്നു. (തിരുമൂല മഠത്തിലെ ഇപ്പോഴത്തെ പുതിയ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു അന്നത്തെപള്ളി) മദ്ബ ഹായിൽ ഇരുന്ന് പ്രാർത്ഥിച്ചശേഷം പിതാവ് ഓരോരുത്തർക്കും സത്യ പ്രതിജ്ഞ വാചകം ചൊല്ലികൊടുത്തു. ഏവരും ഏറ്റുചൊല്ലി, തിരുസഭയെ ആശ്ലേഷിച്ചു. സിസ്റ്റർ തൈബൂസ് ധൈര്യപൂർവം മലങ്കര കത്തോലിക്കാ സഭയെ പുൽകിയ ആറാമത്തെ അംഗമായി രുന്നു. തുടർന്നു നടന്ന വി. ബലിയിലൂടെ ആത്മീയ ശക്തിനേടി അവർ സന്തോഷം പങ്കുവെച്ചു.

1933 ഏപ്രിൽ 2 ന് മദർ തൈബൂസ് വന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ നിത്യ വ്രതവാഗ്ദാനം നടത്തി.

## നങ്ങ്യാർകുളങ്ങര സ്കൂളിലെ പ്രവർത്തനം

1931-ൽ ആരംഭിച്ച നങ്ങ്യാർ കുളങ്ങര ബഥനിബാലികാമഠം

www.malankaralibrary.com

സ്കൂളിൽ ഡ്രിൽ പഠിപ്പിക്കുന്നതിനായി സിസ്റ്റർ തൈബൂസ് 1933 മെയ് മാസത്തിൽ എത്തിച്ചേർന്നു. ആ കാലഘട്ടത്തിൽ ചിത്രരചനയിൽ താല്പര്യം കാണിച്ചിരുന്ന സിസ്റ്ററിനെ ഡ്രോയിംങ്ങ് പഠിപ്പിക്കുന്നതിനായി ഒരു മാസ്റ്ററെ മഠത്തിൽ വരുത്തി. 1934 നവംബർ മാസത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ സഹോദരിയുടെ ഭവനത്തിൽ (മാവേലിക്കര കല്ലുംപുറത്ത്) താമസിച്ചുകൊണ്ട് കോട്ടയ്ക്കൽ സ്കൂളിൽ പരീക്ഷ എഴുതി. ചില പാർട്ടുകളിൽ പാസ്സായി. 1936 വരെ ഡ്രോയിംങ്ങും ഡ്രില്ലും നങ്ങ്യാർകുളങ്ങര സ്കൂളിൽ പഠിപ്പിച്ചു.

## സിസ്റ്റേഴ്സ് - തിരുവല്ലാ രൂപതയിലേക്ക്

1932 ജൂൺ 11 - ന് തിരുവല്ല, തിരുവനന്തപുരം ഹൈരാർക്കികൾ സ്ഥാപിതമായി. തിരുവനന്തപുരത്ത് മാർ ഈവാനിയോസ് പിതാവിനെയും തിരുവല്ലായിൽ മാർ തെയോഫിലോസ് പിതാവിനേയും നിയമിച്ചു കൊണ്ട് റോമിൽ നിന്നും Deligate Apastolic മുഖേന കല്പന വന്നു. ഇരുവരും ഒരുമിച്ച് കുറെ നാളുകൂടി താമസിച്ചശേഷം രണ്ടു രൂപതകൾ ആക്കിയാൽ മതിയെന്നായിരുന്നു, Deligate ന്റെ ആഗ്രഹം. അങ്ങനെ 1933 നവംബർ 6- ന് തിരുവല്ല രൂപതാ സ്ഥാപനം നടന്നു. പ്രഥമ മെത്രാപ്പോലീത്ത മാർ തെയോഫിലോസ് തിരുമേനി ആയിരുന്നു.

യാക്കോബായ - ഓർത്തഡോക്സ് കേന്ദ്രമായിരുന്ന തിരുവല്ലായിൽ നിറഞ്ഞു നിന്ന വെല്ലുവിളികളുടെ ഇടയിൽ അഭിവന്ദ്യ തെയോഫിലോസ് പിതാവിന്റെ സഹായി ആയിരുന്നു മദർ തൈബൂസിന്റെ സഹോദരൻ റവ. ഫാ. ഗീവറുഗീസ് ഒ.ഐ.സി. വന്ദ്യനും പരിശുദ്ധനുമായ തെയോഫിലോസ് തിരുമേനി രോഗസ്ഥനായപ്പോഴും രൂപതയ്ക്ക് താങ്ങും തണലുമായി പ്രവർത്തിച്ചത് ബ. ഗീവറുഗീസ് അച്ചനായിരുന്നു.

1936 - ൽ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ നിർദ്ദേശപ്രകാരം സിസ്റ്റേഴ്സ് എല്ലാവരും തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ നിർമ്മിച്ച പുതിയ ഭവനത്തിലേയ്ക്ക് താമസം മാറ്റി. എന്നാൽ തിരുവല്ലായിൽ ചെയ്തുകൊണ്ടിരുന്ന പ്രേഷിത



വേലകൾ മുടങ്ങുകയും സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം ആവശ്യമെന്ന് ബോദ്ധ്യമാകുകയും ചെയ്തതിനാൽ അഭിവന്ദ്യ തെയോഫിലോസ് തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച് വന്ദ്യമാർ ഈവാനിയോസ് പിതാവ് സിസ്റ്റേഴ്സിനെ വീണ്ടും തിരുവല്ലായിലേയ്ക്ക് അയച്ചു. അക്കൂട്ടത്തിൽ സ്വന്തം സഹോദരിയായ സിസ്റ്റർ തൈബൂസിനെ കൂടെ തിരുവല്ലായ്ക്ക് അയയ്ക്കണമെന്ന് അവിടെ വികാരി ജനറാളായിരുന്ന ബഹു. ഗീവറുഗീസ് O.I.C അച്ചൻ നിർബന്ധിക്കുകയുണ്ടായി. സിസ്റ്റർ തൈബൂസിന്റെ ആരോഗ്യ സ്ഥിതി അത്രമെച്ചമല്ലാതിരുന്നതിനാൽ സിസ്റ്ററിനെ അയക്കുന്ന കാര്യത്തിൽ വന്ദ്യ പിതാവിന് തൃപ്തിയില്ലായിരുന്നു. മാനസികാ അസ്വസ്ഥതകൾ സിസ്റ്ററിനെ തളർത്തിയിരുന്നുയെങ്കിലും അച്ചന്റെ നിർബന്ധം കണക്കി ലെടുത്ത് സിസ്റ്ററിനെ അയയ്ക്കുകയുണ്ടായി.

1936 ജൂൺ 15- ന് തിരുവനന്തപുരത്തു നിന്നും മദർ ഹൂബ മദർ ത്രിസൂസ്, മദർ ശൈനോ, സിസ്റ്റർ ബ്രുക്സാ ഇവർ കാറിൽ നങ്ങ്യാർക്കുളങ്ങര മഠത്തിൽ എത്തി, സിസ്റ്റർ തൈബൂസിനെയും കൂട്ടി 16-ാം തീയതി തിരുവല്ലായിൽ എത്തിച്ചേർന്നു. ബ. ഗീവറുഗീസച്ചൻ, പീലിപ്പോസച്ചൻ, മറിയാമ്മ, ആനി, ഏലിശുബ തുടങ്ങിയവർ തിരുവല്ലായിൽ നിന്നും വന്നിരുന്നു. കൂടാതെ തിരുവല്ലായിലെ ഇടവകക്കാർ മാനേജർ ചാക്കാച്ചൻ (മദർ സെമഹായുടെ അപ്പച്ചൻ) മകൾ മറിയാമ്മ, കുട്ടിസാർ (സി. എത്സബത്ത്, സി. സിസിലി, തിരുവല്ല ഇവരുടെ പിതാവ്) കുട്ടിസാറിന്റെ മക്കൾ എന്നിവർ സ്വീകരിക്കുവാൻ നില്പുണ്ടായിരുന്നു.

തിരുവല്ലായിൽ തുടങ്ങിവച്ച പ്രേഷിത പ്രവർത്തനങ്ങൾ സിസ്റ്റേഴ്സ് പുനരാരംഭിച്ചു.

## രോഗാവസ്ഥയിൽ സിസ്റ്റർ തൈബൂസ്

മദർ ത്രിസൂസും മദർ തൈബൂസും ചിത്രരചനയും തയ്യലും പഠിക്കുന്ന കാലഘട്ടം ചങ്ങനാശ്ശേരിയിൽ നിന്നും ജേക്കബ് സാർ ആയിരുന്നു പഠിപ്പിച്ചിരുന്നത്. ഈ സമയത്ത് അതായത് 1937 മാർച്ച് 29 ഞായറാഴ്ച (വലിയ നോമ്പിലെ ഞായർ) സിസ്റ്ററിന് ശാരീരിക

www.malankaralibrary.com

മാനസിക അസ്വസ്ഥതകൾ അനുഭവപ്പെടുകയുണ്ടായി. രോഗബാധിതയായ സിസ്റ്ററിന് പഠനം പൂർത്തിയാക്കുവാൻ സാധിച്ചില്ല. 1939 ഏപ്രിൽ 21 മുതൽ 10 വർഷത്തോളം തുടർച്ചയായി ചികിത്സയിൽ കഴിഞ്ഞിട്ടും വേണ്ടത്ര ഫലം കണ്ടില്ലെന്നു മാത്രമല്ല, ചില സമയങ്ങളിൽ അസ്വസ്ഥത വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ സുഖമുള്ള സമയത്ത് മറ്റുള്ളവരെ സഹായിക്കുവാനും ശുശ്രൂഷിക്കുവാനും നല്ല ശ്രദ്ധകാണിച്ചിരുന്നു.

1939 ഏപ്രിൽ മാസത്തിൽ സിസ്റ്ററിനെ മദർ ഹുബായും സിസ്റ്റർ ത്രിസൂസും കൂടെ വന്ദ്യ തെയോഫിലോസ് പിതാവിന്റെ കാറിൽ തിരുവനന്തപുരം അരമനയിൽ മാർ ഈവാനിയോസ് പിതാവിന്റെ അടുത്ത് കൊണ്ടു ചെന്നു. പിതാവ് ചികിത്സയ്ക്കു വേണ്ട ക്രമീകരണങ്ങൾ എല്ലാം ചെയ്തിരുന്നു. സിസ്റ്റർ തൈബൂസിനോട് പിതാവ് പ്രത്യേകമായി പറഞ്ഞു മകളെ ഒരു പ്രത്യേക ചികിത്സയ്ക്കായി അയയ്ക്കുകയാണ് . തിരുവനന്തപുരത്ത് ഹോളിക്രോസ് സിസ്റ്റേഴ്സ് സേവനം ചെയ്തു കൊണ്ടിരിക്കുന്ന ഹോസ്പ്പിറ്റലിൽ ചികിത്സയ്ക്കായി സിസ്റ്ററിനെ കൊണ്ടു ചെന്നാക്കി. സിസ്റ്റേഴ്സിനെ പൂർണ്ണമായി ഏല്പിച്ചിട്ട് എല്ലാവരും മടങ്ങിപ്പോന്നു. തിരുവല്ലായിൽ നിന്നും തിരവനന്തപുരത്തു നിന്നും വന്ദ്യപിതാക്കന്മാരും മദേഴ്സും സിസ്റ്ററിനെ സന്ദർശിച്ചു ആശ്വസിപ്പിക്കുമായിരുന്നു. പാങ്ങോട്ടെ കർമ്മലീത്ത വൈദീകരും ഹോളിക്രോസ് സിസ്റ്റേഴ്സും ആധ്യാത്മിക സഹായങ്ങൾ സിസ്റ്ററിന് സുഖമുള്ളപ്പോൾ എല്ലാം നൽകുമായിരുന്നു. ഏതാനും വർഷങ്ങൾക്കു ശേഷം സിസ്റ്റേഴ് സിന്റെ സേവനം ഹോസ്പ്പിറ്റലിന് ലഭ്യമാകാതെയായി. സിസ്റ്ററിന്റെ മരണാനന്തര ക്രമീകരണങ്ങൾക്കായി സിസ്റ്റേഴ്സിനെ ഏല്പിച്ചിരുന്ന സന്യാസ വസ്ത്രങ്ങളും കൈയിൽ പിടിക്കാനുള്ള കുരിശും സിസ്റ്ററിനെ ശുശ്രൂഷിച്ചിരുന്ന ഒരു കത്തോലിക്ക നേഴ്സിനെ ഏല്പിച്ചിരുന്നു.

സുബോധമുള്ള അവസരങ്ങളിൽ സിസ്റ്റർ ഈ വലിയ സഹനത്തെ പ്രാർത്ഥനാപൂർവം സ്വീകരിച്ചിരുന്നു. അതിന്റെ തെളിവായി സിസ്റ്ററിന്റെ ഡയറിക്കുറുപ്പിൽ നിന്നും എന്റെ കർത്താവ് എന്നെ സ്നേഹിക്കുന്നു അവിടുന്ന് എന്നെ തന്റെ



സ്വന്തം വകയായി തിരഞ്ഞെടുത്തു. ഇനിയും എന്നെ താൻ ഉപേക്ഷിക്കുകയില്ല, ഞാൻ നിമിത്തം മറ്റുള്ളവർക്ക് എന്തെങ്കിലും ആപത്തുണ്ടാകുന്നതിനെക്കാൾ എന്നെ ദൈവം എടുത്തുകൊള്ളട്ടെ .

എല്ലാം മാതാവിന്റെ കൈയിൽ കൊടുക്കുക, പോരായ്മകൾ കർത്താവ് തീർക്കും. എന്നുള്ള ആധ്യാത്മീക സന്ദേശങ്ങൾ സിസ്റ്ററിന് ലഭ്യമായി.

1947 ജനുവരി അവസാന ആഴ്ചയിൽ സിസ്റ്ററിന് വയറുകടി ബാധിച്ചതിനെ തുടർന്ന് ആരോഗ്യനില മോശമായിത്തീർന്നു. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ ഫീസ്റ്റുദിനം ജനുവരി 27 തിങ്കളാഴ്ച രാത്രിയിൽ രോഗം കൂടുതലാണെന്ന് ആശുപത്രിയിൽ നിന്നും വിവരം ലഭിച്ചു. ഉടനെ തന്നെ തിരുവനന്തപുരത്തെ മദർ ജനറലായിരുന്ന മദർ ബാസിമും സിസ്റ്റർ ഹഫീത്തയും ശലോമി എന്നിവരും കൂടി ബഥനി ഹോസ്റ്റലിലേക്ക് വണ്ടിയിൽ പ്പോയി. അവിടെചെന്നപ്പോൾ രാത്രി പത്തു മണിയോടെ സിസ്റ്ററിന്റെ പാവനാത്മാവ് നിത്യസമ്മാനത്തിനായി പറന്നുയർന്നു എന്ന വിവരമാണ് ലഭിച്ചത്.

## വേർപാടിന്റെ നിമിഷങ്ങൾ

സിസ്റ്ററിന്റെ മരണത്തോട് അടുത്ത നിമിഷങ്ങളിൽ ഒരു കത്തോലിക്കാ നേഴ്സിന്റെ പരിചരണം ലഭിക്കുകയും ഈശോ മറിയം യൗസേപ്പേ എന്ന മന്ത്രോച്ചാരണത്തോടെ ആത്മാവ് സ്വർഗ്ഗത്തിലേക്ക് ഉയരുകയും ചെയ്തു. മരണത്തിന്റെ തലേ ആഴ്ചയിൽ വി.കുമ്പസാരം നടത്തി. വി. കുർബാന സ്വീകരിച്ചിരുന്നു. സിസ്റ്ററിന്റെ മരണവിവരം അറിഞ്ഞ ഉടനെ മദർ ബാസിമും, മദർ സൾഗയും ഉടനെ ആശുപത്രിയിലെത്തി. സിസ്റ്ററിന്റെ മുഖഭാവം വളരെയേറെ പ്രസന്നതയുള്ളതായിരുന്നു. അനാരോഗ്യത്തിന്റെയോ ദീർഘനാളത്തെ കിടപ്പിന്റെയോ യാതൊരു ചാഞ്ചല്യവും സിസ്റ്ററിന്റെ വദന പ്രശാന്തതയ്ക്ക് കോട്ടം വരുത്തിയില്ല. തന്റെ ആത്മ മണവാളൻ തന്നെ ശുശ്രൂഷിച്ചതായി തോന്നിപ്പോകും വിധമായിരുന്നു മരണാനാന്തര മുള്ള സിസ്റ്ററിന്റെ

www.malankaralibrary.com

ശരീരം, ദിവ്യനാഥൻ ബഥനി ആരാമത്തിൽ നിന്നും അടർത്തിയെടുത്ത ആദ്യസൂനമായിരുന്നു മദർ തൈബൂസ്.

മദറിന്റെ ഭൗതീക ശരീരം വയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ പ്രഭാതത്തിൽ തന്നെ നാലാഞ്ചിറ ചാപ്പലിന്റെ കിഴക്കുവശത്തുള്ള ഒരു മുറിയിൽ സജ്ജീകരിച്ചു. അന്നു രാവിലത്തെ വി. കുർബാന മദറിനുവേണ്ടി അർപ്പിച്ചു. കുന്നംകുളത്ത് ആയിരുന്ന മദർ ഹൂബായെ മരണവാർത്ത അറിയിക്കുന്നതിനായി മദർ സൾഗ എക്സ്പ്രസ് കമ്പി അടിക്കുകയും മദർ തൈബൂസിന്റെ സഹോദരനായ ബഹു. ഗീവറുഗീസ് ഒ.ഐ.സി. അച്ചനെ തിരുവല്ലാ ബഥനി ആശ്രമത്തിലേക്ക് ഫോൺ വഴി അറിയിക്കുകയും ചെയ്തു.

രാവിലെ ഏഴു മണിക്ക് Special കാറിൽ ബഹു. മദർ ബാസിമും മദർ സൾഗയും മദർ ഹൈമനൂസും ആശുപത്രിയിൽ എത്തി പ്രാർത്ഥിച്ചു. ബഹു. ഫിലിപ്പ് പന്തോളിൽ അച്ചനും കുര്യൻ ഇലഞ്ഞിമറ്റം അച്ചനും ജഡ്ക്കാ വണ്ടിയിൽ ആശുപത്രിയിൽ എത്തി 28-ാം തീയതി രാവിലെ 10.30 ന് സിസ്റ്ററിന്റെ ശരീരം നാലാംഞ്ചിറ മഠത്തിൽ കൊണ്ടുവന്നു. ബഹു. ഫീലിപ്പോസ് റമ്പാച്ചനും, ബഹു. ജോഷ്വ ഒ.ഐ.സി അച്ചനും, സിസ്റ്റേഴ്സും ചേർന്ന് യഥാവിധം സ്വീകരിച്ച് വിരിച്ചൊരുക്കിയിരുന്ന കട്ടിലിൽ സിസ്റ്ററിനെ കിടത്തി. ശവസംസ്കാര ശുശ്രൂഷ വരെ പ്രാർത്ഥനകളും പാട്ടുകളും ഉരുവിട്ടുകൊണ്ടിരുന്നു.

തിരുവല്ലായിൽ നിന്നും മദർ ഹൂബായും , മദർ ത്രിസൂസും കുട്ടിസാറും ഇടവകജനങ്ങളും, രണ്ടു മണിയോടെ ശുശ്രൂഷയ്ക്ക് എത്തിചേർന്നു. തിരുവല്ലായിൽ നിന്നും സിസ്റ്റേഴ്സ് പുറപ്പെടും മുമ്പ് ഫീലിപ്പോച്ചൻ സിസ്റ്റേഴ്സ് പുറപ്പെട്ടു എന്ന് ഫോൺ ചെയ്തശേഷം ചങ്ങനാശ്ശേരിയ്ക്ക് പോയി. വന്ദ്യപിതാവിന്റെ ഡ്രൈവർ ഗീവറുഗീസ് അച്ചനെ പുളിക്കുന്നിന് അയച്ച് പിതാവിനെ വിവരം അറിയിച്ചു. വന്ദ്യപിതാവ് വിവരം അറിഞ്ഞപ്പോൾതന്നെ ഉടനെപുറപ്പെടുന്നു എന്ന് ഫോണിലൂടെ അറിയിച്ച ശേഷം തിരുവല്ലാ അരമനയിൽ വന്ന് കൊച്ചു പിതാവിനെ (സേവേറിയോസ് പിതാവ്) കാറിൽ കയറ്റി തിരുവനന്തപുരത്തിന് പുറപ്പെട്ടു. പോകുന്ന



വഴിയ്ക്ക് ചെങ്ങന്നൂർ ആശ്രമത്തിൽ വിവരം അറിയിച്ചു. വന്ദ്യപിതാക്കന്മാർ നാലാംഞ്ചിറ മഠത്തിൽ 3 മണിക്ക് എത്തിചേരുകയും സംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടത്തുകയും ചെയ്തു. തിരുവല്ലായിൽ നിന്നും വരാനുള്ളവർ വന്നിട്ട് ബാക്കി ശുശ്രൂഷകൾ നടത്താമെന്ന് പ്രസ്താവിച്ചിട്ട് ശവസംസ്കാര സ്ഥലം പോയി കണ്ടു. അധികം താമസിയാതെ തിരുവല്ലായിൽ നിന്നും ബഹു നെടുങ്ങാട്ട് അച്ചൻ, പക്കോമിയോസ് അച്ചൻ, റഫായേൽ അച്ചൻ എന്നിവരെല്ലാം എത്തി പ്രാർത്ഥന ആരംഭിച്ചു. 3-ാം ശുശ്രൂഷയ്ക്കുമുമ്പായി മദറിന്റെ മൃതശരീരം പെട്ടിയിലാക്കി, എടുത്തു കൊണ്ട് എൻപാപത്തിൽ ഞാൻ എന്ന ഗാനം ആലപിച്ചു കൊണ്ട് ചാപ്പലിൽ ഒരുക്കിയിരുന്ന പീഠത്തിൽ കൊണ്ടു വെച്ചു. വന്ദ്യപിതാക്കന്മാരും 15 വൈദീകരും ചേർന്ന് സംസ്കാര ശുശ്രൂഷകൾ നടത്തി. വന്ദ്യപിതാക്കന്മാർ ധൂപം വെച്ചും ബഹു. വൈദീകർ കൈ മുത്തിയും ബഹു. സിസ്റ്റേഴ്സ് കൈയസൂരി കൊടുത്തും യാത്ര പറഞ്ഞു. മൃതശരീരം എടുക്കുവാൻ വന്ദ്യപിതാവ് സിസ്റ്റേഴ്സിനോടു കല്പ്പിച്ചു. മദർ ജനറൽ മദർ ശൈനാ, മദർ ഹൂബാ തുടങ്ങിയവർ ചേർന്ന് മൃതശരീരം വഹിച്ചുകൊണ്ട് വന്ദ്യപിതാക്കന്മാരും ബഹു. വൈദീകരും മുൻപിലും മൃതശരീരം പിറകിലുമായി മഠത്തിന്റെ തെക്കു കിഴക്കു ഭാഗത്ത് ക്രമപ്പെടുത്തിയിരുന്ന കല്ലറയുടെ സമീപം എത്തി തലവശം പടിഞ്ഞാറായി വെച്ച് മെഴുകുതിരികൾ വെച്ചു വന്ദ്യ വലിയ പിതാവ് പ്രധാന കാർമ്മികൻ ആയിരുന്നു. സൈത്ത് ഒഴിച്ച് മുഖശീലകൊണ്ട് മുഖം മൂടിയതിനുശേഷം കല്ലറ കൂദാശ ചെയ്തു. മാനേജരും ഗീവറുഗിച്ചനും, കുട്ടിസാറും കൂടി പെട്ടി കുഴിയിൽ ഇറക്കി. മണ്ണിനു പകരം വന്ദ്യപിതാക്കന്മാരും, വൈദീകരും, സിസ്റ്റേഴ്സും കുന്തിരിക്കം ഇട്ട് പെട്ടി മൂടി. കരിങ്കല്ലുകൊണ്ട് കുഴിയുടെ മുകൾഭാഗം കെട്ടി തലയ്ക്കൽ തൗനായിലെ ഒരു കുരിശും വെച്ചു. കല്ലറയുടെ ബാക്കി ഭാഗം തീർക്കുന്നതിന് ബഹു. കോശി അച്ചനെ വന്ദ്യപിതാവ് ഏല്പിച്ചു. പ്രാർത്ഥന കഴിഞ്ഞ് മഠത്തിന്റെ മുറ്റത്തു വന്നു സൗകര്യമില്ലാതിരുന്നതുകൊണ്ട് മുറ്റത്തുവെച്ച് കാപ്പി കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു. പിറ്റേദിവസം വന്ദ്യപിതാവും ബഹു. പക്കോമിയോസ് അച്ചനും കൂടി വിശുദ്ധ കുർബാന ചൊല്ലി ധൂപം വെച്ചു. സിസ്റ്ററിന്റെ മരണവിവരം തിരുവല്ലായിലെ എല്ലാ വൈദീകരേയും സിസ്റ്റേഴ്സിനേയും

www.malankaralibrary.com

എഴുതി അറിയിച്ചു. വി. കുർബാന ചൊല്ലുന്നതിനുവേണ്ടി എഴുത്തും പണവും ആശ്രമത്തിലേൽപ്പിച്ചു. തിരുവല്ലായിൽ ബഹു. റോക്കിയച്ചൻ (കാർമ്മലെറ്റ് ഫാദർ) രണ്ടു ദിവസവും വി. കുർബാനയും ഒപ്പീസും ചൊല്ലി കാഴ്ചവെച്ചു. സിസ്റ്റേഴ്സ് മൂന്നു ദിവസം ഉല്ലാസം നടത്താതെ സിസ്റ്ററിനു വേണ്ടി പ്രാർത്ഥനയിൽ മുഴുകിയിരുന്നു. മദർ ഹൂബയും മദർ ത്രീസൂസും മൂന്നാം ദിവസം (വെള്ളിയാഴ്ച) ഉച്ചകഴിഞ്ഞ് തിരുവല്ലായിൽ തിരിച്ചെത്തി. മാർ ഈവാനിയോസ് കോളേജിന്റെ കല്ലിടിൽ കർമ്മം കഴിഞ്ഞ് വന്ദ്യ കൊച്ചുതിരുമേനിയും (മാർ സെവേറിയോസ് പിതാവ്) ബ. വൈദീകരും തിരുവല്ലായിലേക്ക് മടങ്ങി. 9-ാം ചരമദിനം അനുസ്മരിച്ച് ബ. പാക്കോമിയൂസ് അച്ചൻ വി. കുർബാന അർപ്പിച്ച് ധൂപ പ്രാർത്ഥന നടത്തി.

## മൃതദേഹം പുതിയ കല്ലറയിൽ

നാലാഞ്ചിറ മഠത്തിൽ പുതിയ സെമിത്തേരി തയ്യാറാക്കിയപ്പോൾ 1951 നവംബർ 18 ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത മദർ തൈബൂസിനെ അടക്കിയിരുന്ന കല്ലറ തുറപ്പിച്ച് അസ്ഥികളും കുരിശും ഒരു പേടകത്തിലാക്കി സിസ്റ്റേഴ്സ് തന്നെ വഹിച്ച് ചാപ്പലിൽ കൊണ്ടുവന്ന് വച്ചു. പ്രാർത്ഥനകൾ ചൊല്ലി ആഘോഷമായി ഇന്നുകാണുന്ന പുതിയ സെമിത്തേരിയിൽ മദർ ശൈനോയെ സംസ്ക്കരിച്ചതിന്റെ തെക്കുവശത്തുണ്ടാക്കിയ പുതിയ കല്ലറയിൽ പ്രാർത്ഥനയ്ക്ക് ശേഷം സംസ്കരിച്ചു.

## മദർ തൈബൂസ്

വൃത്തം : മഞ്ജരി

ചെങ്ങന്നൂർ പൂവത്തൂർ മാമ്പഴക്കാട്ടില
ന്നാഘോഷ സാഘോഷ സാമംഗളം
ചാക്കോച്ചൻ അന്നമ്മ ദമ്പതികൾക്കായി
ഹന്ന - യാം പുത്രിയാൾ ഭൂജാതയായ്

കൊച്ചന്നാമ്മയെന്ന ഓമനപേരിനാൽ
ബാല്യകാലത്തിൻ പടികളേറി



ഇംഗ്ലീഷ് വിദ്യായോടൊപ്പം വളർത്തിനാൾ
വിശ്വാസ ജീവിതം നിഷ്ഠാപൂർവ്വം

സഭതൻ പഠനവും ഉന്നത വിദ്യയും
പുൽകുവാനന്നുപോയ് ബാരിസോളിൽ
ഓക്സ് ഫോർഡു മിഷനിൽ സിസ്റ്റർ ഹെലനിന്റെ
നേതൃത്വം നേരുള്ള പാതയായി

നാട്ടിൽ തിരിച്ചെത്തി ചേർന്നു പഠിച്ചവൾ
ബാലിക മഠം തന്നിലർത്ഥിനിയായ്
ആറാം ഫോം പിന്നിട്ട് നേഴ്സായി തീർന്നവൾ
സന്ന്യാസ തരുവിന്റെ വിത്തുപാകി.

തിരുവല്ല ബഥനിയിലർത്ഥിനിയായ് ചേർന്നു
സിസ്റ്റർ ഹെലനിന്റെ മേൽനോട്ടത്തിൽ
വന്ദ്യനാം ഈവാനിയോസ് താതൻ മുമ്പാകെ
സന്ന്യാസ ജീവപ്രതിഷ്ഠയേകി

കൃപയെന്ന അർത്ഥത്തിലേകിയ പൂജ്യമാം
തൈബൂസെന്നുള്ളതാം നവ്യനാമം
വന്ദ്യനാം താതനോടൊന്നിച്ചു പുൽകിനാൾ
പുനരൈക്യം സാമോദം ധൈര്യപൂർവ്വം

ഡ്രോയിംഗ് മാസ്റ്ററായ് , ഫിസിക്കൽ ട്രയിനിയായ്
പ്രാവീണ്യം പലവിധം പ്രകടമാക്കി
സേവനം ശുശ്രൂഷ പ്രാർത്ഥനാ മന്ത്രണം
മദറിന്റെ ജീവിതസ്പന്ദമല്ലോ

www.malankaralibrary.com

രോഗം കടന്നങ്ങുദേഹിക്ഷയിച്ചാലു
മൊട്ടുമേ മങ്ങിയില്ലാ ജീവിതം
സന്ന്യാസ നിഷ്ഠയും സ്നേഹ പ്രകൃതവും
ശാന്ത സ്വഭാവവും കൈമുതലായ്

ബഥനിയിലൊളി മങ്ങാ ദീപമായ് ശോഭിക്കും
തൈബൂസ് മദറെന്നും ഓർമ്മകളിൽ
ആദരമോടേകാം ബഥനിതൻ പ്രാർത്ഥന
അഞ്ജലി കോർക്കുന്നു സ്നേഹപൂർവ്വം ...





**മദർ ബാസിം**
**1903 – 1992**

www.malankaralibrary.com

### ബഥനിയുടെ നിത്യസ്മരണയിൽ

## മദർ ബാസിം

*(സി. ഹെലന തിരുവനന്തപുരം)*

ചില ഭവനങ്ങൾ, ദേശങ്ങൾ, രാജ്യങ്ങൾ എന്നിവ ചില അനുഗ്രഹീത വ്യക്തികളുടെ ജനനം, ജീവിതം, മരണം എന്നിവയാൽ ചരിത്രത്തിൽ കൂടുതൽ ആദരണീയവും സ്മരണീയവുമായി തീരാറുണ്ട്. പഴയനിയമകാലങ്ങളിലും പുതിയ നിയമ കാലങ്ങളിലും ഇങ്ങനെയുള്ള ചരിത്രസംഭവങ്ങൾ നടന്നതായി വി. ഗ്രന്ഥത്തിൽ നമുക്ക് കാണുവാൻ സാധിക്കും.

കുഞ്ഞു ജനിച്ച് അവന് യോഹന്നാൻ എന്ന് നാമകരണം ചെയ്യുന്നതുവരെ മൗനിയായി ജീവിച്ച സക്കറിയാ പുരോഹിതന്റെ ജീവിതത്തിൽ കുട്ടിയുടെ ജനനം പുതിയ ഒരു അദ്ധ്യായം സൃഷ്ടിച്ചതായി നമുക്ക് കാണുവാൻ സാധിക്കും. ദൈവമെ, ഈ ശിശു ആരായിരിക്കും എന്ന് കണ്ടവർ കേട്ടവർ പറഞ്ഞു. യേശുവിന്റെ ജനനം മാനവചരിത്രത്തെ മുഴുവൻ B.C. എന്നും A.D. എന്നും രണ്ടായി തിരിച്ചു. അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനവുമെന്ന് മാലാഖവൃന്ദം പാടിയ അനുഗ്രഹിക്കപ്പെട്ട ദിവസം. ഡിസംബർ 25 അന്നും ഇന്നും എന്നും നമുക്ക് ആനന്ദമരുളുന്ന ദിവസം.

ആലപ്പുഴ ജില്ലയിൽ കായംകുളം എന്ന ചരിത്ര പ്രാധാന്യമുള്ള സ്ഥലത്ത് പൊൻവാണിഭം കുടുംബത്തിൽ ശ്രീ ദാനിയേലിന്റെയും കോട്ടയം വേങ്കിടത്ത് ശ്രീമതി സാറാമ്മയുടേയും 7 മക്കളിൽ മൂന്നാമത്തെ കുട്ടിയായി 1903 ഡിസംബർ 25-ന് മദർ ബാസിം ജനിച്ചു പൊൻവാണിഭക്കാരായ കോടീശ്വരന്മാരുമായി ബന്ധങ്ങളുയർത്തി സ്വർണ്ണ കച്ചവടക്കാരായി കായംകുളത്തുണ്ടായിരുന്ന ഒരു കുടുംബമാണ് പൊൻവാണിഭ കുടുംബം. കോട്ടയം ചെറിയ യാക്കോബായ പള്ളിയിൽ വച്ച് ബ. എരുത്തുങ്കൽ വല്യച്ചൻ മാമ്മോദീസായും മൂറോനഭിഷേകവും നൽകി കുഞ്ഞിന് മറിയം എന്ന പേരും നൽകപ്പെട്ടു.

സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിക്കപ്പെട്ട ഒരു കാലയളവ്

www.malankaralibrary.com

ആയിരുന്നില്ല അന്നുണ്ടായിരുന്നത്. എന്നിട്ടും പൊൻവാണിഭം കുടുംബം അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് മറിയാമ്മയെ പ്രോത്സാഹിപ്പിച്ച് വിദ്യാഭ്യാസത്തിനായി പറഞ്ഞയച്ചു. തിരുവനന്തപുരം ഹോളി ഏഞ്ചൽസ്, ആലപ്പുഴ സെന്റ് ജോസഫ്, കോട്ടയം ബേക്കർ മെമ്മോറിയൽ എന്നീ സ്കൂളുകളിലായി L.P., U.P , High School പഠനം പൂർത്തിയാക്കി. മദറിന്റെ പിതാവിന്റെ ട്രാൻസ്ഫർ കാരണമാണ് വിവിധ സ്കൂളുകളിലായി കയറി ഇറങ്ങുവാൻ ഇടയായത്. തുടർന്ന് തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് എം.എ. ബിരുദം വിജയകരമായി സമ്പാദിച്ചു.

ഈ കാലയളവിൽ യാക്കോബായ സഭാ പുനരുദ്ധാരണാർത്ഥം ചില പുതിയ പരിപാടികൾക്ക് നേതൃത്വം നല്കിയിരുന്ന എം.എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന ഫാദർ പി.റ്റി. ഗീവറുഗീസിന്റെ പ്രവർത്തനങ്ങൾ വളരെയേറെ ശ്രദ്ധേയമായിരുന്നു. സഭയ്ക്കുവേണ്ടിയും സഭാ സന്താനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സ്ത്രീജനോദ്ധാരണത്തിലൂടെ കുടുംബനവീകരണം സാധിക്കുന്നതിനുമുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണതയേറിയ പ്രവർത്തനങ്ങൾ മലങ്കര മക്കളുടെ ഹൃദയങ്ങളെ ഏറെ സ്പർശിക്കുന്നവയായിരുന്നു. സെറാമ്പൂർ കോളേജ് പ്രൊഫസർ സ്ഥാനം ഉൾപ്പെടെ തനിക്കുണ്ടായിരുന്നതും തന്നെ തന്നെയും പരിത്യജിച്ച് സന്ന്യാസം വരിച്ചുകൊണ്ട് മലങ്കര മക്കൾക്കായി വിശുദ്ധിയുടെ ഒരു പുതിയ പാത അദ്ദേഹം വെട്ടിതുറന്നു. സ്ത്രീ സന്യാസം അചിന്തനീയമായിരുന്ന കാലഘട്ടത്തിൽ യാക്കോബായ കുടുംബങ്ങളിലെല്ലാം ഈ വാർത്ത ഒരു കോളിളക്കം സൃഷ്ടിച്ചു. പൊൻവാണിഭം കുടുംബത്തിലും ഈ വാർത്ത എത്തിയെന്നു മാത്രമല്ല, മറിയാമ്മയ്ക്കും സന്യാസത്തിലേക്ക് ഒരു ഉൾവിളിയും താല്പര്യവും അനുഭവപ്പെട്ടു.

എന്നാൽ ഈ ആഗ്രഹം പൂവണിയാൻ കാത്തിരിപ്പും പ്രാർത്ഥനയും ആവശ്യമാണെന്ന് മറിയാമ്മയ്ക്കും മനസിലായി. തന്റെ ചിന്തകളും ആഗ്രഹങ്ങളും പുറത്തു പറഞ്ഞാലുള്ള മാതാപിതാക്കളുടെ മനോഭാവം മനസിലാക്കിയ മറിയാമ്മ പല അടവുകളും പ്രയോഗിച്ചുനോക്കി. ഈ സമയം മറിയാമ്മയുടെ



പിതൃസഹോദരി പുത്രി ആച്ചിയമ്മ തിരുമൂലപുരത്ത് എം.എ. അച്ചൻ സ്ഥാപിച്ച പെൺകുട്ടികൾക്കായുള്ള മഠത്തിൽ സന്യാസപരിശീലനം നേടുകയായിരുന്നു. ആച്ചിയമ്മയോടൊപ്പം കുറേനാൾ താമസിക്കാനുള്ള ആഗ്രഹം മാതാപിതാക്കളെ മറിയാമ്മ അറിയിച്ചു. കുടുംബാംഗങ്ങളിൽ നിന്ന് എതിർപ്പുകൾ ഉണ്ടായി എന്നു മാത്രമല്ല എം.എ. അച്ചന്റെ ഇമ്മാതിരി പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിമർശനങ്ങളും തലപൊക്കി. എല്ലാമൊക്കെ കാണുകയും കേൾക്കുകയും ചെയ്ത മറിയാമ്മ ഒരുനയതന്ത്രജ്ഞതയുടെ ചുറുച്ചുറുക്കോടെ മറ്റൊരു കാൽവയ്പിനൊരുങ്ങി. അതായത് ഒരു ഉദ്യോഗ വാഹിയാവുക. തിരുമൂലപുരത്ത് ബാലികാമഠം റസിഡൻഷ്യൽ സ്കൂളിൽ ഒരു അദ്ധ്യാപികയാവുക. റസിഡൻഷ്യൽ സ്കൂളായതുകൊണ്ട് അദ്ധ്യാപികാദ്ധ്യേതാക്കൾ ഒന്നിച്ചു താമസിക്കണം. അതിനു മാതാപിതാക്കൾ അനുവദിക്കുകയും 1927 ജൂണിൽ മറിയാമ്മ അവിടെ അദ്ധ്യാപികയായി പ്രവേശിക്കുകയും ചെയ്തു. ദൈവം തനിക്കായി തെരഞ്ഞെടുത്തവർക്കുവേണ്ടിയുള്ള ഒരുവലിയ വഴിയൊരുക്കലായിരുന്നു അതെന്ന് മറ്റാരും അന്ന് മനസിലാക്കിയിരുന്നില്ല.

1928 ജൂൺ 25 മുതൽ ആരുടേയും അനുവാദം കാത്തിരിക്കാതെ മറിയാമ്മ സന്യാസ പരിശീലനത്തിലേയ്ക്ക് പ്രവേശിക്കപ്പെട്ടു. സി. ഹെലൻ ആയിരുന്നു ആസ്പിരൻസി മിസ്ട്രസ്. 1929 - ൽ നോവിഷ്യറ്റിൽ പ്രവേശിപ്പിക്കപ്പെട്ടു. മദർ ദനഹായായിരുന്നു നോവിസ്മിസ്ട്രസ്. സന്യാസ പ്രതിഷ്ഠയ്ക്കുവേണ്ടി തീക്ഷണതയോടെ ഒരുങ്ങി. നവശിഷ്യകാലഘട്ടം പുറത്തുള്ള ആരുമായി സമ്പർക്കം പാടില്ല. പ്രത്യേകപഠന പരിപാടികൾ ഒന്നുംപാടില്ല. ആദ്ധ്യാത്മിക കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ച് ദൈവസാന്നിധ്യത്തിൽ കഴിയുന്നകാലം. ഈ പരിശീലനത്തിൽ 365 ദിവസങ്ങൾ പൂർത്തിയാക്കുകയും വേണം. മറിയാമ്മയുടെ സന്യാസ പരിശീലനം ക്രമേണ നടക്കുന്നുവെന്നു മനസിലാക്കിയ മാതാപിതാക്കൾ നവശീഷ്യപരിശീലനത്തിന് മുടക്കംവരുത്താൻ തീരുമാനിച്ചു. അതിനായി അപ്പനു നല്ല സുഖമില്ലായെന്നും മകളെ ഒരു നോക്കുകണ്ട ശേഷം തിരിച്ചയയ്ക്കാമെന്നും അഭ്യർത്ഥിച്ചു. മാതാപിതാക്കളെ ബഹുമാനിക്കാനും ആദരിക്കാനും പഠിക്കുകയും പഠിപ്പിക്കുകയും

www.malankaralibrary.com

ചെയ്യുന്ന ബഥനി ഉടനെ മറിയാമ്മയെ വീട്ടിലെത്തിച്ചു. എന്തോ പന്തികേടിതിലുണ്ടെന്ന് മദർ ശൈനോയെ മറിയാമ്മ അറിയിച്ചു. വീട്ടിലെത്തിയപ്പോഴെ അതു വ്യക്തമാകുകയും ചെയ്തു. അപ്പനു കാര്യമായ അസുഖമൊന്നുമില്ല. അമ്മ സുഖമായിരിക്കുന്നു. വന്ന ഉടനെ അമ്മ പറഞ്ഞു മോൾ ആ കൈ നീളമുള്ള ചട്ട മാറി സാധാരണ ഡ്രസ് ഉപയോഗിച്ചാട്ടെ. മഠത്തിൽ പോകുമ്പോൾ മതിയല്ലോ ആ ഡ്രസ്. അപ്പോൾ മാറിപ്പോകാം. അമ്മയെ നന്നായി അറിയാവുന്ന മകൾ അതേപടി അനുസരിച്ചു. പോകുംവരെ കഴുത്തിലും കാതിലും വേണം. ഓർത്തഡോക്സ് പാരമ്പര്യം അതും സ്വീകരിച്ചു.

തിരിച്ചു പോരേണ്ടതിന് എബനേസർ എന്ന ഒരു ബസ്സേ അക്കാലത്ത് ഉണ്ടായിരുന്നുള്ളു. അതുവെളുപ്പിനെ നാലിനും അഞ്ചിനും ഇടയ്ക്കാണ് അതു വഴിപോന്നിരുന്നത്. തിരിച്ചുവരേണ്ട ദിവസം മറിയാമ്മ എഴുന്നേറ്റ് ഒരുങ്ങി അമ്മയുടെ അടുത്തുചെന്നു ചോദിച്ചു. ഉപ്പാപ്പനോടു ചോദിക്കുക എന്നായി അമ്മ. അപ്പനെ ഉപ്പാപ്പൻ എന്നാണ് അന്ന് അവർ വിളിച്ചിരുന്നത്. മറിയാമ്മ ഉപ്പാപ്പന്റെ അടുത്തു ചെന്നു ഉപ്പാപ്പാ ഞാൻ പോകട്ടെ എന്ന് ചോദിച്ചു. ആൾ ഉണർന്നുകിടക്കുകയായിരുന്നുവെങ്കിലും മറുപടി ഒന്നുമില്ല. വീണ്ടും വിളിച്ചു ചോദിച്ചു ആൾ തിരിഞ്ഞുകിടന്നു. അങ്ങനെ യാത്രമുടങ്ങി. ഇങ്ങനെ രണ്ടു മൂന്നു ദിവസം ആവർത്തിക്കപ്പെട്ടപ്പോൾ മറിയാമ്മ വിവരം മഠത്തിൽ അറിയിച്ചു. മഠത്തിൽ നിന്നും ചില നിർദേശങ്ങൾ എഴുതി അയച്ചു. ഫലം കണ്ടില്ല. മഠത്തിലും വിഷമമായി.

മറിയാമ്മ വിഷമിച്ച് മഠത്തിലേക്ക് എഴുതുകയും എല്ലാവരും പ്രാർത്ഥിക്കുകയും ചെയ്തു. ഒടുവിൽ ഒരു പരിപാടി ദൈവം ഒരുക്കി വാഹന സൗകര്യങ്ങൾ വളരെ കുറവായിരുന്നു. എവിടെ നിന്നോ ഒരു വാഹനം സംഘടിപ്പിച്ച് മദർ ശൈനോ, മദർ ഹൂബാ, മദർ ദനഹാ, മദർ മാക്സാ നങ്ങ്യാർകുളങ്ങരവരെ പോകുവാനും മാർഗ്ഗമദ്ധ്യേ പൊൻവാണിഭം വീടും സന്ദർശിക്കുവാൻ തീരുമാനിച്ചു. അങ്ങനെ വീട്ടിൽ ചെന്നത് മറിയാമ്മയ്ക്ക് അശ്വാസമായി. ഒടുവിൽ അവർ യാത്രപറഞ്ഞിറങ്ങിയപ്പോൾ ഞാനും കൂടെ പോകുകയാണ് എന്ന് പറഞ്ഞ് മറിയാമ്മയും വാഹനത്തിൽ കയറി ഇരിപ്പുറപ്പിച്ചു.



അമ്മ നിർബന്ധിച്ചുവെങ്കിലും മറിയാമ്മ വണ്ടിയിൽ നിന്നും ഇറങ്ങിയില്ല. അങ്ങനെ മഠത്തിൽ തിരിച്ചെത്തിയ മറിയാമ്മ നോവിഷ്യറ്റു പൂർത്തിയാക്കി.

1930 മെയ് മാസം 12 - ന് തിരുമൂലപുരം ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പ്രഥമ വ്രതവാഗ്ദാനവും സന്യാസവസ്ത്ര സ്വീകരണവും നടന്നു. കൃപ അഥവാ നന്മ എന്നർത്ഥമുള്ള ബാസിം എന്ന സുറിയാനിപേര് മറിയാമ്മയ്ക്ക് നൽകപ്പെട്ടു നീ അല്ലാ എന്നെ തെരഞ്ഞെടുത്തത് ഞാനാണ് നിന്നെ തെരഞ്ഞെടുത്തത് എന്ന് നമ്മുടെ കർത്താവും അരുളിചെയ്ത വാക്കുകൾ മറിയാമ്മയിൽ നിറവേറി. ആദ്യ വ്രതവാഗ്ദാന സമയത്ത് കുടുംബാംഗങ്ങൾക്ക് ചടങ്ങുകളിൽ സംബന്ധിക്കാമായിരുന്നു വെങ്കിലും മറിയാമ്മയുടെ ആദ്യവ്രതവാഗ്ദാനത്തിന് അമ്മ മാത്രമേ വീട്ടിൽ നിന്നും എത്തിയിരുന്നുള്ളു.

ആദ്യ വ്രതവാഗ്ദാനത്തിനുശേഷം ആറുമാസത്തി നുള്ളിൽ അവർ വളരെയേറെ പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടതായി വന്നു. 1930 സെപ്റ്റംബർ 20 പുനരൈക്യ ദിനം. അതിനു മുമ്പ് മാർ ഈവാനിയോസ് പിതാവ് സിസ്റ്റേഴ്സിനെ ചരിത്ര സംബന്ധമായ സഭാ സംഭവങ്ങൾ പഠിപ്പിച്ചിരുന്നു. കത്തോലിക്കാ സഭയിലേയ്ക്ക് ഒന്നുചേരേണ്ടതിന്റെ ആവശ്യം അവർ മനസ്സിലാക്കി. എന്നിരുന്നാലും സിസ്റ്റർ ബാസിമിനും കൂട്ടർക്കും അത്രയൊന്നും പഠിക്കുവാനോ മനസിലാക്കുവാനോ സാധിച്ചിരുന്നില്ല. മാതാപിതാക്കൾ സഹോദരങ്ങൾ എല്ലാം എതിർക്കുന്നു. തിരികെ വിളിക്കുന്നു. എന്തുചെയ്യണമെന്ന് അറിഞ്ഞുകൂടാ.

അക്കാലത്ത് സന്യാസികളെയും അർത്ഥികളെയും പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും നിയോഗിക്കപ്പെട്ടിരുന്നത് (അഭിവന്ദ്യ തിയോഫിലോസ് തിരുമേനി) യാക്കോബു ശെമ്മാശൻ അലക്സിയോസ് ശെമ്മാശൻ (പിന്നീട് തേവോദോസിയൂസ് മെത്രാൻ) എന്നിവരായിരുന്നു. അലക്സിയോസ് ശെമ്മാശനെ കൊച്ചു ആബൂനാ എന്നുവരെ സംബോധന ചെയ്തിരുന്നു. ഇദേഹം സിസ്റ്റേഴ്സിനെ പിൻതിരിപ്പിക്കുവാൻ വളരെ സ്വാധീനം ചെയ്തിരുന്നു.

www.malankaralibrary.com

ദൈവാശ്രയം എന്ന ഉറച്ച ചങ്ങലയുടെ ആരംഭകണ്ണിയിൽ മുറകെ കൈ കൊടുത്തിരുന്ന ഒരു നേതാവാണ് മാർ ഈവാനിയോസ് എന്ന് ഉറച്ചു വിശ്വസിച്ചിരുന്ന മറിയാമ്മയ്ക്ക് ഇനി പതർച്ചയില്ല. പിതാവിനോടൊപ്പം നിൽക്കാനുള്ള മനക്കരുത്ത് നേടുക അല്ലാതെ പുറകോട്ടില്ല എന്ന നിശ്ചയത്തിൽ തന്നെ ഉറച്ചു. ബ. അലക്സിയോസച്ചന്റെ ഉപദേശം ശക്തമായിരുന്നു പെൺമക്കൾവേണം മാർ ഈവാനിയോസിന്റെ മനസുതിരിക്കാൻ അതിലും പ്രത്യേകിച്ച് പൊൻവാണിഭം മറിയാമ്മയോട് മാർ ഈവാനിയോസിനുള്ള പ്രത്യേക വാത്സല്യം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. സഭമാറാനും മാറ്റാനും പാടില്ല അത് ദൈവദോഷമാണ് എന്നുവരെ അദേഹം പറഞ്ഞു. സിസ്റ്റർ ബാസിമിന്റെ സ്ഥിരദൃഢതമാത്രമല്ല സഹജമായ ഒതുക്കിയുള്ള ചിരിയും മുഖപ്രത്യക്ഷതയും എതിരാളിയോടുള്ള ചോദ്യചിഹ്നമായി നിന്നു.

എന്തിനധികം 1930 സെപ്റ്റംബർ 22 മറ്റെല്ലാ സിസ്റ്റേഴ്സും എന്താണ് ചെയ്യുന്നതെന്ന് സിസ്റ്റർ ബാസിം ഒരു കടലാസു കഷണത്തിലെഴുതി, സഭാ പുനരൈക്യത്തിന് അഭിവന്ദ്യ പിതാവ് എന്തുനിശ്ചയമെടുത്തോ അത് ഞാനും അനുകരിക്കും. മറ്റൊരു തീരുമാനം എനിക്കില്ല, പിതാവ് എന്നെ സ്വീകരിക്കണം എന്ന്. കൃതാർത്ഥനായ പിതാവ് സിസ്റ്റർ ബാസിമിന്റെ വാക്കുകൾക്ക് നൂറുശതമാനം അംഗീകാരം നൽകി വലതു കൈ കൊടുത്ത് മദ്ബഹായിലേക്ക് സ്വീകരിച്ചു. അതാണ് എന്റെ ജീവിത ശക്തി എന്ന് മദർ പറഞ്ഞിട്ടുണ്ട്.

1931 മെയ് മുതൽ തൃശൂർ കർമ്മലീത്താമഠത്തിൽ താമസിച്ചുകൊണ്ട് T.T.C. ( Teacher Training Course) ഗവൺമെന്റ് ട്രെയിനിംഗ് സ്കൂളിൽ പഠിക്കുവാനായി സിസ്റ്റർ അയക്കപ്പെട്ടു. ഓർത്തഡോക്സ് പാരമ്പര്യത്തെ കത്തോലിക്കാ വിശ്വാസവുമായി ഒത്തുചേർക്കാനുള്ള നല്ല അവസരമായിരുന്നു അത്. ആദിമ ക്രൈസ്തവ സഭാ വിശ്വാസങ്ങൾ ഉറപ്പിക്കുന്നതിനും കത്തോലിക്കാ ഓർത്തഡോക്സ് താരതമ്യ പഠനത്തിനും ഈ താമസം മദറിന് വലിയ പ്രചോദനമായി.

1936 - ൽ നിത്യ വ്രതവാഗ്ദാനത്തിനുശേഷം നോവിസ്



മിസ്ട്രസായി സിസ്റ്റർ നിയമിക്കപ്പെട്ടു. 1940 - ൽ തിരുവനന്തപുരം അതിരൂപതയിൽ മാർത്താണ്ഡം കേന്ദ്രമാക്കി ഡോട്ടേഴ്സ് ഓഫ് മേരി (D.M) എന്നൊരു സന്യാസിനീ സമൂഹം സ്ഥാപിതമായി. അവരുടെ സന്യാസപരിശീലന മിസ്ട്രസായി സിസ്റ്റർ ബാസിമിനെ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് നിയോഗിച്ചു രണ്ടു വർഷത്തെ പരിശീലനത്തിനുശേഷം ആദ്യ അംഗങ്ങളുടെ ആദ്യ വ്രതവാഗ്ദാനം നടത്തി. അങ്ങനെ സമൂഹാരംഭം കുറിച്ചശേഷം വീണ്ടും അദ്ധ്യാപികയായി നങ്ങ്യാർകുളങ്ങരയെത്തി.

തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലുമായി സമൂഹം രണ്ടായി വളർന്നു വന്നുവെങ്കിലും 1956 - സമൂഹം രണ്ടും ഒന്നായി സംയോജനം നടത്തി ഒരു ജനറലിന്റെ കീഴിൽ തിരുവനന്തപുരം തിരുവല്ലാ എന്ന് രണ്ടു പ്രോവിൻസുകളായി രൂപം കൊണ്ടു. രണ്ടു പ്രോവിൻസുകൾക്കും രണ്ടു പ്രോവിഷ്യൽ മദറുമാർ നിയമിക്കപ്പെട്ടു. തിരുവനന്തപുരം പ്രോവിൻസിന്റെ ആദ്യത്തെ പ്രോവിൻഷ്യലായി തെരഞ്ഞെടുക്കപ്പെട്ടത് മദർ ബാസിമാണ്. ഇത് ഒരു ദൈവനിയോഗമായി മദർ സ്വീകരിക്കുകയും തന്നിൽ ഏല്പിക്കപ്പെട്ട നിയോഗങ്ങൾ ഏറ്റം വിശ്വസ്തതയോടെ നിർവ്വഹിക്കയും ചെയ്തു. കോൺഗ്രിഗേഷന്റെ ആദ്യ അംഗങ്ങളായ ആദ്യത്തെ 10 പേർക്ക് മദർ സ്ഥാനം നൽകികൊണ്ട് പരിശുദ്ധപിതാവ് അവരെ ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ ഏഴാമത്തെ വ്യക്തിയാണ് മദർ ബാസിം.

അദ്ധ്യാപിക, സുപ്പീര്യർ, നോവിസ് മിസ്ട്രസ് , മദർ പ്രോവിൻഷ്യൽ, പ്രോവിൻഷ്യൽ കൗൺസിലർ, ഹോസ്റ്റർ വാർഡൻ എന്നീതുറകളിൽ മദർ സമൂഹത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മദർ പ്രധാനമായും ഒരു അദ്ധ്യാപിക ആയിരുന്നുവെങ്കിലും 28 വർഷം തിരുവനന്തപുരം ബഥനി ഹോസ്റ്റലിന്റെ വാർഡനായിരുന്നു.

ഒരമ്മ, ഒരുസഹോദരി, ഒരു കൂട്ടുകാരി തുടങ്ങി ഏതു നിലയിലും മറ്റുള്ളവരെ കരുതുവാനും സ്നേഹിക്കാനും ശുശ്രൂഷ ചെയ്യുവാനും മദർ പ്രദർശിപ്പിച്ചിരുന്ന ഔദാര്യം വളരെ

www.malankaralibrary.com

വലുതായിരുന്നു. അനേകർക്ക് അത് അനുഭവിച്ചറിയുവാൻ സാധിച്ചു. ബഥനി ഹോസ്റ്റലിന്റെ ഏകദേശം അടുത്തുള്ള കോളനിയായിരുന്ന ചെങ്കൽ ചൂളമിഷൻ. ബ. മത്തായി മലഞ്ചരുവിൽ അച്ചൻ അവിടെ ചാപ്ലയിനായിരിക്കുന്നകാലം. അവിടെ മിഷനുപോകുവാനായി ചെല്ലുന്നസിസ്റ്റേഴ്സിനോട് മദർ കാണിച്ചിരുന്ന കരുതൽ അനുഭവിക്കുവാൻ പലപ്പോഴും സാധിച്ചിരുന്നു. ചൂളയിലെ വിസിറ്റിനുശേഷമുള്ള അവരുടെ ഭക്ഷണം വസ്ത്രം ഇവയിലെല്ലാം മദറിന് ശ്രദ്ധഉണ്ടായിരുന്നു. ഒരമ്മയുടെ സ്നേഹം കൂടെയുള്ള സിസ്റ്റേഴ്സും ഹോസ്റ്റലിലെ കുട്ടികളും ആവോളം അനുഭവിച്ചു. അതുകൊണ്ട് അനേക വർഷങ്ങൾ കഴിഞ്ഞിട്ടും. ബഥനിഹോസ്റ്റലിൽ മദർ ബാസിമിനോടൊപ്പം ജീവിച്ചത് ഇന്നും മധുരസ്മരണയായിതന്നെ അനേകരിൽ നിലനിൽക്കുന്നു. കേരളത്തിലെന്നല്ല. ഭാരതത്തിലും വിദേശങ്ങളിലും മദർ ബാസിമിന്റെ ആതിഥ്യം സ്വീകരിച്ചവർ ബഥനി സിസ്റ്റേഴ്സിനെ കാണുമ്പോൾ അവരുടെ അനുഭവം അയവിറക്കാറുണ്ട്. ബഥനി സമൂഹത്തിനുണ്ടായിരിക്കേണ്ട ആതിഥ്യമര്യാദയെപ്പറ്റി വി. നിയമത്തിൽ പറഞ്ഞിരിക്കുന്നത് മദർ അതുപോലെ പാലിച്ചു. അതിഥികളെ അനുഗ്രഹിക്കുവാൻ വന്നമാലാഖമാരെപ്പോലെ മദർ കരുതി ആദരിച്ചിരുന്നു. മദറിന്റെ ആതിഥ്യം സ്വീകരിച്ച ഓർമ്മ നിലനിർത്തുന്ന വൈദീകരും സന്യസ്തരും ധാരാളമുണ്ട്. എത്രപറഞ്ഞാലുംതീരാത്ത അനുഭവങ്ങൾ ജീവിത ദൃഷ്ടാന്തങ്ങൾ മദർ അവശേഷിപ്പിച്ച നല്ലചിന്തകൾ മദറുമായി ഇടപെട്ട ഹൃദയങ്ങളിലെല്ലാം ഇന്നും പച്ചപിടിച്ചു നിൽക്കുന്നു.

ഹോസ്റ്റലിൽ എത്ര സ്ഥലമില്ലാത്ത അവസരത്തിലും ആരു വന്നാലും അവരെ സന്തോഷത്തോടെ മദർ സ്വീകരിക്കും. ആരേയും നിരാശപ്പെടുത്തുകയില്ല. എന്നിട്ടുപറയും പിള്ളേരേ ഇനിയും ആരും വരാതിരിക്കാൻ പ്രാർത്ഥിക്കണെ ഒട്ടും സ്ഥലമില്ലായെന്ന് അന്നും ആരെങ്കിലും വന്നാൽ അവരേയും മദർ സ്വീകരിക്കും. അതായിരുന്നു മദറിന്റെ സ്വഭാവം. കെട്ടിടത്തിൽ ഇടയില്ലായെങ്കിലും മദറിന്റെ ഹൃദയത്തിൽ എപ്പോഴും അനേകർക്ക് ഇടം ഉണ്ടായിരുന്നു എന്നത് വലിയ ഒരു സത്യമായിരുന്നു. ഹൃദയത്തിൽ ഇടംഉണ്ടാകുക എന്നതാണല്ലോ പ്രധാനപ്പെട്ട കാര്യം. അപ്പോൾ ബാക്കിയും ക്രമീകരിക്കപ്പെട്ടിരുന്നു എന്ന് കാണുവാൻ സാധിക്കും.



എത്രപേരുണ്ടായിരുന്നാലും വ്യക്തിപരമായി മദർ ഓരോരുത്തരേയും അറിഞ്ഞിരുന്നു. സ്നേഹിച്ചിരുന്നു. പേരുചൊല്ലിവിളിച്ചിരുന്നു. നല്ലിടയന്റെ ലക്ഷണം മദറിൽ ഉണ്ടായിരുന്നു.

മൗനപാലനത്തിൽ സന്യാസത്തിലുള്ള പ്രാധാന്യം മദർ വളരെ നിഷ്കർഷയോടെ പാലിച്ചിരുന്നു. മണി കിലുക്കിയാൽ ആരുംഹോസ്റ്റലിൽ സംസാരിക്കയില്ല. ആരെങ്കിലും എവിടെങ്കിലും സംസാരിച്ചാൽ അത് മദറിന്റെ ശ്രദ്ധയിൽ പെടും. മദറിന്റെ ഈ മൗനപാലനം കൂടെയുള്ള സിസ്റ്റേഴ്സിനും കുട്ടികൾക്കും വലിയമാതൃകയും പ്രചോദനവും ആയിരുന്നു. തെറ്റുകൾ ശാസനയും തിരുത്തലുകളും നൽകിയാലും അടുത്ത നിമിഷം മദറിന്റെ സ്നേഹം എല്ലാ നൊമ്പരങ്ങളേയും ഇല്ലാതാക്കും. മദർ എവിടെ പോയാലും ഞങ്ങൾ ഇന്ന സ്ഥലം വരെ പോകയാണ്, പ്രാർത്ഥിക്കണെ എന്നു പറഞ്ഞിട്ടേ പോകയുള്ളു. 6 മണിക്കാണ് കുട്ടികളുടെ ജപമാല പ്രാർത്ഥന മദർ ആദ്യമേ ചാപ്പലിൽ എത്തും. ആരെങ്കിലും വരാതിരുന്നാൽ അതുമദറിന്റെ ശ്രദ്ധയിൽ പെടും. ഓരോരുത്തരേയും കരുതലോടെ ശ്രദ്ധിച്ചിരുന്നു. ഹോസ്റ്റലിലെ കുട്ടികളെ മാത്രമല്ല. അവരുടെ രക്ഷിതാക്കളേയും മദറിന് വ്യക്തിപരമായി അറിയാമായിരുന്നു. തികച്ചും യേശുവിന്റെ സ്നേഹം അനേകർക്ക് പകർന്നു കൊടുത്ത മദർ അവിടെ നിന്നിറങ്ങിയ കുട്ടികളിലും രക്ഷിതാക്കളിലും ഇന്നും ജീവിക്കുന്നു.

ആർദ്രഹൃദയത്തിന്റേയും വിശാലമനസ്സിന്റേയും ഉടമയായിരുന്നു മദർ. സാധുക്കളോട് മദറിന് വലിയ കരുണയായിരുന്നു. ഭിക്ഷക്കാർ ഏതു സമയത്തുകടന്നു വന്നാലും അവർക്ക് ഭക്ഷണം കൊടുക്കാതെ മദർ വിടുകയില്ല. പലപ്പോഴും അവരുടെ പാത്രവുമായി മദർ അടുക്കളയിൽ ചെന്ന് ഭക്ഷണം കൊണ്ടു കൊടുക്കും. ഫിസ്റ്റു ദിവസങ്ങളിൽ ചാരിറ്റി സിസ്റ്റേഴ്സിന്റെ സ്ഥാപനങ്ങളിലെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കുന്ന കാര്യത്തിലും മദർ വളരെ ശ്രദ്ധാലുവായിരുന്നു. പാവങ്ങളോടുള്ള സ്നേഹം മദറിന്റെ സ്വഭാവത്തിൽ അലിഞ്ഞു ചേർന്നിരുന്നു.

വളരെ നിഷ്ഠയോടു കൂടിയ ഒരു സന്യാസ ജീവിതമാണ്

www.malankaralibrary.com

മദർ നയിച്ചിരുന്നത്. എത്രമാത്രം ജോലിതിരക്കുകളുണ്ടായിരുന്നാലും അവയൊന്നും മദറിന്റെ സന്യാസ ജീവിതാനുഷ്ഠാനങ്ങളെ ഭംഗപ്പെടുത്തുവാൻ മദർ അനുവദിച്ചിരുന്നില്ല. യാമപ്രാർത്ഥന, ഭക്തിവായന, ഭക്ഷണം, ഉല്ലാസം, കൊന്ത ഇവയൊക്കെ കൂട്ടത്തിൽ തന്നെ പങ്കുകൊള്ളുകയും അവയിൽ വീഴ്ചവരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരുന്നു. മദറിന്റെ നിഷ്ടാ ജീവിതം എന്നും മറ്റുള്ളവർക്കും മാതൃകയും പ്രചോദനവും ആയിരുന്നു.

മേൽപട്ടക്കാർ, വൈദികർ, വൈദിക വിദ്യാർത്ഥികൾ ഇടവക കൂട്ടായ്മയിലെ സഹോദരങ്ങൾ തുടങ്ങി എല്ലാവരും തന്നെ മദറിന്റെ സ്നേഹത്തിനും ആദരവിനും പ്രത്യേക പരിഗണനകൾക്കും പാത്രീഭവിച്ചിരുന്നു. ബഥനിപിതാവായ മാർ ഈവാനിയോസ് പിതാവിനോട് മദറിനുണ്ടായിരുന്ന ആദരവും സ്നേഹവും എടുത്തുപറയേണ്ടതാണ്. എവിടെ ആരോട് സംസാരിച്ചാലും വന്ദ്യ പിതാവിന്റെ ഗുണഗണങ്ങൾ വിഷയമാകും. പ്രത്യേകിച്ച് പ്രാർത്ഥന, ദൈവമാതൃഭക്തി, ദൈവാശ്രയബോധം എല്ലാമെല്ലാം പിതാവിൽ നിന്നും മദറിന്റെ ജീവിതത്തിലേക്ക് പകർന്നിരുന്നു. വന്ദ്യപിതാവ് പഴയ അരമനയിൽ രോഗശയ്യയിലായിരിക്കുമ്പോൾ അന്നു മദർ പ്രോവിൻഷ്യലായിരുന്നു. മദർ ബാസിം കൂടെകൂടെ അരമനയിൽ പോയി അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചിരുന്നു. ഒരു ദിവസം മടങ്ങിപോരുമ്പോൾ മദർ പിതാവിനോടു ചോദിച്ചു. പിതാവേ ഞങ്ങൾ പിതാവിനുവേണ്ടി എന്തു പ്രാർത്ഥിക്കണം എന്ന്. പിതാവു പറഞ്ഞുകൊടുത്തു പരിശുദ്ധ മറിയമെ. ദൈവത്തിന്റെ കന്യകയായ മാതാവേ ! അങ്ങേ പുത്രന്റെ അടുക്കൽ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കുന്ന കാര്യത്തിൽ നീ ഒട്ടും വിശ്രമിക്കരുതെ. ആയത് അവൻ ഞങ്ങൾ എല്ലാവരോടും കരുണ ചെയ്യുന്നതിനായിട്ടുതന്നെ എന്ന സുകൃതജപം. മദർ ബാസിം വഴി ലഭിച്ച ഈ ജപം ഇളംതലമുറ ഭക്തിപൂർവ്വം ചൊല്ലിവരുന്നു. വന്ദ്യ പിതാക്കന്മാരേയും വൈദീകരേയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലും മദർ അതീവ ശ്രദ്ധാലുവായിരുന്നു.



പ്രാർത്ഥന എനിക്ക് ജീവശ്വാസമാണെന്നു ഗാന്ധിജി പറഞ്ഞ വാക്കുകൾ മദറിനെ സംബന്ധിച്ചും ശരിയായിരുന്നു. പ്രാർത്ഥനയിൽ കുതിർന്നതായിരുന്നു ആ ജീവിതം. ദീർഘനേരം ബൈബിൾ വായിച്ചും പ്രാർത്ഥിച്ചും സമയം ചെലവഴിക്കുമായിരുന്നു. തായ്ത്തണ്ടിനോട് ചേർന്നു ജീവരസം വലിച്ചെടുത്തിരുന്ന മദർ ഏതവസ്ഥയിലും ദൈവത്തിലാശ്രയിച്ച് ആത്മധൈര്യത്തോടെ തന്നെ ജീവിച്ചു. ആദ്യവ്രതാനുഷ്ഠാനത്തിനു ശേഷം ഒരു വർഷം ഒരു കത്തോലിക്കാമഠത്തിൽ താമസിച്ചു പഠിച്ചതുകൊണ്ടാകാം ദിനംപ്രതിയുള്ള കൊന്ത, തിരുഹൃദയ ഭക്തി ഇവയെല്ലാം മദറും വലിയ പ്രാധാന്യം കൊടുത്തിരുന്നു. ബഥനിയുടെ ആദ്ധ്യാത്മികത, ആദർശം, കാരിസം എന്നിവയുടെയെല്ലാം നില നില്പിനും മദർ ബാസിം പ്രചോദനവും പ്രേരകവുമാണെന്ന് ബഥനിമക്കൾ എല്ലാവരും വിശ്വസിക്കുന്നുണ്ട്.

ബഥനിയുടെ ആദ്യത്തെ പത്തു മദറുമാരിൽ ഏഴാമത്തെ അംഗമായിരിക്കുവാനുള്ള ഭാഗ്യം മദറിനുനൽകി. കർമ്മരംഗങ്ങളിലെല്ലാം തികഞ്ഞ അർപ്പണബോധത്തോടെ തന്നെ മദർ ജീവിച്ചു. ധീരമായ കാൽവെയ്പോടെ ബഥനിയിൽ സന്യാസ പ്രതിഷ്ടനടത്തിയ മദർ കടന്നു വന്ന വഴികൾ പ്രതിബന്ധങ്ങളും പരീക്ഷണങ്ങളും നിറഞ്ഞവയായിരുന്നുവെങ്കിലും ദൈവാശ്രയത്തോടെ ധീരതയോടെ ആ പടവുകളെല്ലാം കടക്കുവാൻ ദൈവം സഹായിച്ചു. ഒരിക്കൽ കണ്ടു പരിചയപ്പെട്ടവരുടെയെല്ലാം ജീവിതത്തിൽ വ്യക്തിമുദ്രപതിപ്പിക്കുവാൻ സാധിച്ച ഒരു വ്യക്തിയായിരുന്നു മദർ ബാസിം.

1993 ജൂൺ വരെ നല്ല ആരോഗ്യവതിയായി കഴിഞ്ഞിരുന്ന മദർ ബാസിം പെട്ടെന്നാണ് ക്ഷീണിതയായി തീർന്നത്. ജൂൺ ആറിന് അസാധാരണ ക്ഷീണവും ശ്വാസതടസവും മദറിനെ അലട്ടി. തിരുവനന്തപുരം ജൂബിലി ഹോസ്പിറ്റലിലേയ്ക്ക് മദറിനെ കൊണ്ടുപോകുകയും അവിടെ വച്ച് ബ. കുമ്പുക്കാട്ടച്ചൻ മദറിന് രോഗീലേപനം നൽകുകയും ചെയ്തു. രോഗിക്ക് ചികിത്സ എന്നതിലുപരി പരിരക്ഷണമാണ് മദറിന് ആവശ്യമെന്ന ഡോക്ടേഴ്സിന്റെ നിർദ്ദേശമനുസരിച്ച് മദറിനെ നാലാഞ്ചിറ മഠത്തിലേക്ക് കൊണ്ടുപോന്നു. സ്നേഹപൂർവ്വമായ പരിചരണ

www.malankaralibrary.com

ങ്ങൾ, പ്രാർത്ഥന, ഗാനാലാപനങ്ങൾ എല്ലാമെല്ലാം ഒരു പരിധിവരെ മദറിന് ആശ്വാസമായിരുന്നു. എങ്കിലും നല്ലവേദന സഹിക്കുന്നുണ്ടെന്നു പ്രകടമായി കാണാമായിരുന്നു. വേദനയുടെ തീച്ചൂളയിൽ എരിഞ്ഞടങ്ങുമ്പോഴും സ്ഥാപക ചൈതന്യത്തിന്റെ അനശ്വരതയെ കുറിച്ച് മദർ ബോധവതിയായിരുന്നു. ആ കറയില്ലാത്ത ജീവിത വിശുദ്ധി മദറിനെ ചൂഴ്ന്നു നിന്നിരുന്നു എന്നതിന് തെളിവായിരുന്നു തന്നെ സന്ദർശിക്കാനെത്തിയ ബനഡിക്റ്റുമാർ ഗ്രീഗോറിയോസ് പിതാവിനോടു മദർ പറഞ്ഞ അവസാന വാക്കുകൾ, പിതാവേ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തുന്നതിനുവേണ്ട നടപടികൾ പിതാവു ചെയ്യണെ എന്നതായിരുന്നു അത്.

1993 ജൂലൈ അവസാനത്തോടെ മദർ തീർത്തും ക്ഷീണിതയായി കാണപ്പെട്ടു. എന്നാൽ വി. കുർബാനയോട് അതീവ ഭക്തയായിരുന്ന മദർ എല്ലാ ദിവസവും ദിവ്യ കാരുണ്യം ഉൾകൊള്ളുവാൻ താല്പര്യപ്പെട്ടിരുന്നു. അവസാന നിമിഷം വരെ മദർ ബോധവതിയായിരുന്നു. 1993 ആഗസ്റ്റ് 1 ന് സിസ്റ്റേഴ്സ് എല്ലാവരും പ്രാർത്ഥനാ നിരതരായി നിൽക്കുമ്പോൾ ബ. സക്കറിയാസ് ചങ്ങംകാരിയച്ചൻ മദറിന് അന്തിമ ആശീർവാദം നൽകി. അങ്ങനെ 90 -ാം വയസ്സിൽ മദറിന്റെ പാവനാത്മാവ് നിത്യതയിലേക്കു യാത്രയായി

ജർമ്മനിയിൽ കാനോനിക വിസിറ്റു നടത്തികൊണ്ടിരുന്ന മദർ ജനറൽ മദർ ഫിലോമിനായും മദർ പ്രോവിൻഷ്യൽ മദർ റഹമ്മാസും ചരമവാർത്ത അറിഞ്ഞ ഉടൻ തന്നെ മടക്കയാത്ര ക്രമീകരിച്ചു. ആഗസ്റ്റ് മൂന്നിന് മദറുമാർ എത്തിച്ചേർന്നു.

അഭിവന്ദ്യബനഡിക്ടു മാർ ഗ്രിഗോറിയോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ശവസംസ്കാരം നടത്തപ്പെട്ടു. ആരേയും ആകർഷിക്കുന്ന എല്ലാവരേയും ഉൾകൊള്ളുന്ന വ്യക്തിയായിരുന്നു മദർ. വശ്യമായ ചിരി വ്യക്തിബന്ധം ഊട്ടി ഉറപ്പിക്കുന്നതായിരുന്നു. ചൈതന്യം നിറഞ്ഞ നിഷ്ടാപരമായ സന്യാസത്തിൽ തന്നോടു കാർക്കശ്യവും മറ്റുള്ളവരോട് ലാഘവത്വവും ഉള്ള ഔദാര്യ ഹൃദയമായിരുന്നു മദറിനുണ്ടായിരുന്നത്. പുതുമയെ സന്തോഷ



പൂർവ്വം സ്വാഗതം ചെയ്യുവാനും പാരമ്പര്യത്തെ മാനിക്കുവാനുമുള്ള കഴിവുണ്ടായിരുന്നു. നിരവധി മൂല്യങ്ങളുടേയും സുകൃതങ്ങളുടേയും വിളനിലയമായിരുന്നു. ഗൗരവം സ്പുരിക്കുന്നതെങ്കിലും സന്തോഷവും മന്ദസ്മിതവും മായാത്ത മുഖഭാവമായി രുന്നു. വിജയത്തിന്റെ വ്യക്തിയാകുന്നതിനേക്കാൾ ത്യാഗത്തിന്റെ വ്യക്തിയാകാൻ പരിശ്രമിച്ച ഒരു സാധകയായിരുന്നു. ജീവിതം മുഴുവൻ പ്രാർത്ഥയാകുന്ന ചര ടിൽ മദർ ബന്ധിച്ചിരുന്നു.,

ചുരുക്കത്തിൽ എല്ലാം നന്മകളുടേയും ഉറവിടമായമദർ മലങ്കരകത്തോലിക്കാ സഭയുടേയും പുനഃരൈക്യ പ്രസ്ഥാനത്തിന്റേയും സഭയുടെ ചങ്കായ സന്യാസ സമൂഹത്തി ന്റേയും ആദ്യകാല ചരിത്രത്തിൽ ഒരുനാളും മങ്ങാതെ നിലകൊള്ളുന്നു. സ്വയം ഉരുകിയെരിഞ്ഞു അനേകർക്കു പ്രകാശം നൽകി. സ്ഥാപക പിതാവും കൂട്ടരും ഒത്ത് സ്വർഗ്ഗത്തിൽ ആയിരിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട മദറെ, നിങ്ങളുടെ അദ്ധ്വാനഫലങ്ങൾ അതായിരിക്കുന്ന രീതിയിൽ ഈ സമയം കൊയ്തെടുക്കുവാൻ മക്കൾക്ക് പ്രേരണ നൽകണെ ! മക്കൾക്കായി പ്രാർത്ഥിക്കണെ.

www.malankaralibrary.com



# മദർ സൈബാർ

**1903 – 1982**

www.malankaralibrary.com

# മദർ സൈബാർ

*(സിസ്റ്റർ പാസ്കൽ പത്തനംതിട്ട)*

## ആമുഖം

മനുഷ്യന്റെ ആഴമേറിയ ആദ്ധ്യാത്മിക വീക്ഷണത്തിലധിഷ്ഠിതമാണ് സന്ന്യാസം. ലൗകീക ജീവിത കെട്ടുപാടുകളിൽ നിന്നെല്ലാം പിൻവാങ്ങി, ലോകസുഖങ്ങൾ പരിത്യജിച്ച്, സർവ്വേശ സന്നിധിയിൽ സായൂജ്യം കണ്ടെത്തി ദിനരാത്രങ്ങളിലൂടെയുള്ള തപസ്സും പ്രാർത്ഥനയും വഴി ഈശ്വര സാക്ഷാത്കാരം സാധിച്ച ചിലരെങ്കിലും എല്ലാക്കാലത്തും എല്ലാ മതങ്ങളിലും ഉണ്ടായിരുന്നു. ഇവരെ സന്നാസികൾ എന്ന് വിളിച്ചിരുന്നു. ആർഷഭാരതം വൈവിധ്യമാർന്ന സന്യാസജീവിത ശൈലിയ്ക്ക് സാക്ഷ്യം വഹിക്കുന്നു. ഇതിൽ തിളക്കമാർന്നു നിൽക്കുന്നു ക്രൈസ്തവ സന്യാസം. ദൈവത്തിനും ദൈവജനത്തിനും വേണ്ടിയും വീണ്ടെടുപ്പുവിലയായി സ്വയം പ്രതിഷ്ഠിച്ച് ത്യാഗോജ്ജ്വലജീവിതം നയിക്കുന്നതിന് അവിടുന്ന് ഇഷ്ടമുള്ളവരെ തെരഞ്ഞെടുത്ത് വിളിക്കുന്നു. ഇപ്രകാരം ദൈവത്താൽ വിളിക്കപ്പെടുന്ന ഓരോ വ്യക്തിയും തന്നോടുകൂടി ആയിരിക്കാനും ദൗത്യം നിർവ്വഹിക്കാനും ആയി അയയ്ക്കപ്പെടുന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ട് ദിവ്യവരങ്ങളാൽ നിറച്ച് അയയ്ക്കപ്പെട്ട വ്യക്തിയാണ് മദർ സൈബാർ. അന്നത്തെ സഭാ പശ്ചാത്തലം, ഉത്കൃഷ്ട കുടുംബം എന്നിവ മദറിനെ ഉത്തമ വ്യക്തിത്വത്തിന് ഉടമയാക്കി തീർത്തു.

### അദ്ധ്യായം 1

## പുത്തൻകൂറും പുനരൈക്യവും സഭയിൽ സന്ന്യാസം

ശിഷ്യഗണങ്ങളോടുകൂടി ക്രിസ്തുനാഥൻ നയിച്ച ജീവിതം സന്ന്യാസ ജീവിതത്തിന്റെ മഹനീയ മാതൃകയാണ്. അവിടുത്തെ ജീവിതവും പഠനവുമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അന്തഃസത്ത. ''പിതാവിന്റെ തിരുമനസ്സ് നിറവേറ്റുവാൻ ലോകത്തിലേയ്ക്ക് പ്രവേശിച്ച ദൈവപുത്രൻ സ്വയം സ്വീകരിക്കുകയും തന്നെ അനുഗമിച്ചിരുന്ന ശിഷ്യന്മാർക്ക് ഉപദേശിച്ചുകൊടു

www.malankaralibrary.com

ക്കുകയും ചെയ്ത അതേ ജീവിതരീതി സന്ന്യാസികൾ കൃത്യമായി പിൻതുടരുകയും സഭയിൽ അതിനെ ശാശ്വതമായി പ്രതിനിധാനം ചെയ്യുകയും ചെയ്യുന്നു.'' (തിരുസഭ No. 44)

സന്ന്യാസത്തിന്റെ അടിസ്ഥാനതത്വം ''തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ'' (മത്താ 16/24) എന്നുള്ള ക്രിസ്തുവചനങ്ങളാണ്. തന്നെത്തന്നെ പരിത്യജിക്കാത്ത ഒരുവനും യേശുവിന്റെ ശിഷ്യനായിരിക്കുക സാദ്ധ്യമല്ല. വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ ഉന്നതമായ ഒന്നിനുവേണ്ടി എല്ലാം പരിത്യജിച്ച് ഇറങ്ങി പുറപ്പെടുന്നു; മാത്രമല്ല പൂർണ്ണനായ ഗുരുവിനെ ഏറ്റവുമടുത്ത് അനുകരിക്കുകയും അനുഗമിക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള സമ്പൂർണ്ണ സ്വയ സമർപ്പണമാണിത്. തന്നെയും തനിക്കുള്ള സർവ്വത്തെയും പരിത്യജിച്ച സന്യാസ സ്ഥാപക പിതാക്കന്മാരായ, ഏകാന്ത വാസത്തിന്റെ പിതാക്കന്മാരായ വി. അന്തോനീസ്, വി. മക്കാരിയൂസ്, സമൂഹ സന്ന്യാസ ജീവിതത്തിന് ആരംഭം കുറിച്ച വി. പക്കോമിയോസ്, വി. ബേസിൽ തുടങ്ങിയവർ ഇതിന് ഉദാഹരണങ്ങളാണ്. കാലാകാലങ്ങളിൽ സഭയെ നവീകരിക്കുന്ന തിനും വിശുദ്ധീകരിക്കുന്നതിനും, കെട്ടിപ്പടുക്കുന്ന തിനും രൂപം കൊണ്ട സമൂഹങ്ങളാണ് ഫ്രാൻസിസ്കൻ, കർമ്മലീത്ത, ഡൊമിനിക്കൻ, ഈശോസഭ തുടങ്ങിയവ.

## സന്ന്യാസം കേരളസഭയിൽ

യേശുവിന് സ്ത്രീകളോടുണ്ടായിരുന്ന മനോഭാവം സമത്വത്തിന്റെയും ആദരവിന്റെയും സ്നേഹത്തിന്റേതു മായിരുന്നുവെന്ന് സുവിശേഷങ്ങളിൽനിന്ന് വ്യക്തമാകുന്നുണ്ട്. ക്രിസ്തുമതം ആദിമ നൂറ്റാണ്ടിൽതന്നെ ഇവിടെ പ്രഘോഷിക്ക പ്പെട്ടുവെങ്കിലും സ്ത്രീകളോടുള്ള ഹൈന്ദവ സമീപനത്തിന്റെ സ്വാധീനം സഭാ ശുശ്രൂഷയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിന് വിഘാതമായി. ക്രിസ്തുമതം സ്ത്രീകളുടെ മാന്യതയും തുല്യതയും അംഗീകരിക്കുന്നുവെന്നതിൽ നാം അഭിമാനം കൊള്ളാറുണ്ട്. എന്നാൽ അടുത്തകാലം വരെയും കേരള ക്രൈസ്തവ സമുദായത്തിലും ഈ തുല്യത മാനിച്ചിരുന്നില്ല



എന്നാണ് ചരിത്രരേഖകൾ സാക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ സ്ത്രീകൾ സന്ന്യാസജീവിതം അനുഷ്ഠിക്കുന്നതിന് അനുകൂല മായ സമീപനം അല്ലായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. സന്ന്യാസം ആഗ്രഹിക്കുന്നവരെ അറബിക്കടലിൽ കെട്ടിതാഴ്ത്തു ന്നതാണ് അതിലും ഭേദം എന്ന് ചിന്തിക്കുന്നവരും ഉണ്ടായിരുന്നു. എങ്കിൽതന്നെയും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലും സന്ന്യാസികൾ ഉണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. ഇവിടെ സന്ന്യാസ സംഘങ്ങൾ രൂപംകൊണ്ടിരുന്നുവെങ്കിലും അവയെല്ലാംതന്നെ ഓരോരോ കാരണങ്ങളാൽ നാമാവശേഷം ആവുകയാണ് ഉണ്ടായത്.

## പോർട്ടുഗീസ് ആധിപത്യവും പിളർപ്പും

ആദ്യകാലത്ത് ഇവിടുത്തെ സഭയ്ക്ക് പശ്ചിമേഷ്യയിലെ സുറിയാനി സഭയോട് ആയിരുന്നു ബന്ധം. 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസ് മിഷനറിമാർ കേരളത്തിൽ വന്നപ്പോൾ ഇവിടെ ഉണ്ടായിരുന്ന മെത്രാന്മാർ പേർഷ്യയിൽനിന്നുള്ളവർ ആയിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾ വിദേശികളെ സഹോദരരായി പരിഗണിച്ചുവെങ്കിലും അതിഥികൾ അവരുടെ മേൽ ആധിപത്യം ഉറപ്പിക്കുകയാണ് ചെയ്തത്. ഉദയംപേരൂർ സുന്നഹദോസ് ഈ സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ഘടകങ്ങൾ മാറ്റിമറിച്ച് ലത്തീൻഭരണം ഏർപ്പെടുത്തി. ഇതിന്റെ പരിണിതഫലമാണ് 1653 ലെ കൂനൻ കുരിശുസത്യം. പോർട്ടുഗീസ് അധികാരികൾക്കെതി രായുള്ള സമരത്തിൽ വിചാരം വികാരത്തിന് അടിമപ്പെട്ടപ്പോൾ എടുത്ത തീരുമാനത്തിന്റെ ഫലമായി സഭയിൽ പിളർപ്പ് ഉണ്ടാകുന്നതിന് ഇടയായി. നിലനിൽപ്പിനുവേണ്ടി കള്ളക്കത്ത് ചമയ്ക്കുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും അധികാരാവ കാശങ്ങളില്ലാതെ മെത്രാനെ വാഴിയ്ക്കുകയും ചെയ്തത് സഭാഗാത്രത്തിലുണ്ടായ മുറിവിന്റെ ആഴം വർദ്ധിപ്പിച്ചു.

### ആദ്ധ്യാത്മിക മരവിപ്പ്

നേരായ പന്ഥാവിൽനിന്ന് വ്യതിചലിച്ചുവെന്ന് ബോദ്ധ്യമായ ഭൂരിപക്ഷംപേരും സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ നിലനിന്നു. പൗരസ്ത്യ ആരാധനാ ക്രമവും

www.malankaralibrary.com

ആചാരങ്ങളും വിട്ട് അന്ത്യോക്യൻ ലിറ്റർജി സ്വീകരിച്ച് അന്ത്യോഖ്യൻ യാക്കോബായ സഭയുടെ സ്വാധീനത്തിലായവരെ പുത്തൻകൂറുകാരെന്ന് വിളിച്ചു. പിളർപ്പുണ്ടായ കാലം മുതൽ പുത്തൻകൂർ സഭയെ നയിച്ച പല പിതാക്കന്മാരും മാതൃസഭയുമായുള്ള ഐക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങളാരംഭിച്ചു. പല കാരണങ്ങളാൽ അത് ഫലമണിഞ്ഞില്ല. മെത്രാപ്പോലീത്താമാർ തമ്മിലുള്ള വ്യവഹാരങ്ങളും, വഴക്കും വാശിയും വടംവലിയും സഭാതലത്തിൽ വ്യാപിച്ചിരുന്നതിനാൽ സുറിയാനി സമുദായത്തിൽ ആദ്ധ്യാത്മിക ചൈതന്യം നഷ്ടമായി. സുവിശേഷ പ്രവർത്തനം ഏതാനും ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങിനിന്നു.

## എം.എ. അച്ചനും ആദ്ധ്യാത്മിക നവോത്ഥാനവും

1898 സെപ്തംബർ 20 ന് ശെമ്മാശ്ശപട്ടം സ്വീകരിച്ച പി.റ്റി. ഗീവർഗ്ഗീസ് ഒരു പ്രതിജ്ഞ എടുത്തു " എനിക്കു ജന്മം നൽകിയ സമുദായത്തിന്റെ ആദ്ധ്യാത്മിക നവീകരണത്തിന് ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. വൈദികരുടെ ബോധനത്തിലൂടെയും വിശുദ്ധീകരണത്തിലൂടെയും ഇത് സാധിക്കാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു." (മാർഗരറ്റ് ഗിബൺസ്, മാർ ഈവാനിയോസ്, ഡബ്ളിൻ 1962 P 10) പിൽക്കാല ജീവിതം ഈ പ്രതിജ്ഞയുടെ നിറവേറ്റലായിരുന്നു. ഇടവകകൾ തോറും സഞ്ചരിച്ച് കൂദാശകളെക്കുറിച്ച് ബോധനം നൽകുകയും കൺവൻഷനുകൾ സംഘടിപ്പിക്കുകയും ചെയ്തു. 1908 ഓഗസ്റ്റ് 15 ന് വൈദികനായപ്പോൾ ആയുഷ്പര്യന്തം തന്നെ പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചു. സുറിയാനി വൈദികരിൽ ഇദംപ്രഥമമായി എം.എ. ബിരുദം നേടിയ പി.റ്റി. ഗീവർഗ്ഗീസ്, ഡോ: ഹവ്വത്സിന്റെ ആഗ്രഹപ്രകാരം തിരുമേനിമാരുടെ അനുവാദത്തോടെ സെറാമ്പൂർ കോളേജ് ഉദ്യോഗം സ്വീകരിച്ചു. അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് ദൈവം അദ്ദേഹത്തിന് കൊടുത്തിരുന്ന സ്വാഭാവികവും അതിസ്വാഭാവികവുമായ സിദ്ധികളെ സ്വസമുദായത്തിന്റെ മാത്രമല്ല ഭാരതം മുഴുവന്റെയും നന്മയ്ക്കായി വിനിയോഗിക്കണമെന്നുള്ള താത്പര്യം ആയിരുന്നു. കൂടാതെ സഭയ്ക്കുള്ളിലെ കലാപകലുഷിതവും മ്ലേച്ഛവുമായ ഗതിവിഗതികളും അദ്ദേഹത്തെ



അസ്വസ്ഥചിത്തനാക്കി. അത് പരിഹരിക്കുവാനുള്ള പ്രായോഗിക മാർഗ്ഗങ്ങളും ദൈവം അപ്പപ്പോൾ കാണിച്ചുകൊടുത്തിരുന്നു. സെറാമ്പൂരിൽവച്ച് എം.എ. അച്ചൻ തന്റെ ശിഷ്യന്മാരായ ശെമ്മാശ്ശൻമാരെ ചേർത്ത് മിഷനറി സംഘത്തെ രൂപപ്പെടുത്തി. സെറാമ്പൂരിൽ രൂപംകൊണ്ട ശൈശവാശ്രമത്തെ പെരുന്നാട്ടിലെ മുണ്ടൻമലയിൽ 1919-ൽ പറിച്ചുനട്ടു. സർവ്വസംഗപരിത്യാഗത്തിലൂടെയും പ്രാർത്ഥനയും തപസ്സും വഴിയും ആർജ്ജിച്ച ആദ്ധ്യാത്മിക ചൈതന്യം മിഷൻ പ്രവർത്തനത്തിലൂടെ ജനങ്ങൾക്ക് നൽകി. "ഓരോ ഗൃഹത്തിന്റെയും ഉള്ളറകളിലേയ്ക്ക് കടന്നുചെന്ന് സ്ത്രീജനങ്ങളിൽ സുവിശേഷ ചൈതന്യവും ആത്മീയതയും പകർന്നുനൽകുന്നതോടൊപ്പം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുക; ഈ ഉദ്ദേശത്തോടെ സ്ത്രീജനോദ്ധാരണാർത്ഥം ബഥനി മഠം 1925 ൽ സ്ഥാപിച്ചു. മലങ്കര സഭയിൽ ആദ്ധ്യാത്മിക പ്രബുദ്ധത ഉളവാക്കാനാണ് ആശ്രമവും മഠവും സ്ഥാപിച്ചത്. സന്ന്യാസ പ്രസ്ഥാനത്തിലൂടെ മലങ്കര സഭയുടെ ആദ്ധ്യാത്മിക ഉന്നമനം കുറെയേറെ സാധിച്ചെങ്കിലും സമുദായത്തിലെ കലുഷിതമായ അന്തരീക്ഷത്തിന് ശാശ്വതമായ പരിഹാരം കത്തോലിക്കാ സഭയുമായുള്ള പുനരൈക്യമാണെന്ന് ബോദ്ധ്യപ്പെട്ടു. അതിനാൽ 1930 സെപ്തംബർ 20 ന് പിതാവും നാല് അനുഗാമികളും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഭാരതന്യൂമാനും പുനരൈക്യപ്രണേതാവും സമുദായ സമുദ്ധാരകനും ആയ മാർ ഈവാനിയോസ് സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സ്വച്ഛതയുടെയും വിഹായസ്സിൽ എത്തിച്ചേർന്നു. അദ്ദേഹത്തോടു കൂടി വലിയൊരു സഭൈക്യപ്രസ്ഥാനം ഉദയം ചെയ്തു.

### അദ്ധ്യായം 2

## കുടുംബപശ്ചാത്തലം

കോട്ടയത്തിന് അടുത്തുള്ള ഒളശ്ശ, മലങ്കര നസ്രാണികളും ക്നായി തോമ്മായുടെ അനുയായികളായ ക്നാനായ ക്രിസ്ത്യാനികളും പൂർവ്വകാലം മുതൽ അധിവസിക്കുന്ന പ്രദേശമാണ്. ഇരുകൂട്ടരും വ്യത്യസ്ത പാരമ്പര്യമുള്ളവരെങ്കിലും ക്രൈസ്തവരെന്ന നിലയിൽ ഐക്യമുള്ളവരായിരുന്നു.

www.malankaralibrary.com

ഒളശ്ശയിലെ പുരാതന കുടുംബങ്ങളിൽ ഒന്നായ കളപ്പുരയ്ക്കൽ കുടുംബം മലങ്കര നസ്രാണി പുത്തൻകൂർ വിഭാഗത്തിൽപ്പെടുന്നു. പഴയകൂർ വിഭാഗത്തിലുള്ള ചേർപ്പുങ്കൽ മറ്റത്തിൽ കുടുംബത്തിന്റെ ശാഖയുമാണ്. പഴയകൂറും പുത്തൻകൂറും ഉൾപ്പെടുന്നതാണ് ഇവരുടെ കുടുംബചരിത്രം. കുടുംബയോഗത്തിൽ ഇരു വിഭാഗത്തിൽ പ്പെട്ടവരും ഒരു കുടുംബമെന്നനിലയിൽ ഒരുമിച്ചു കൂടുകയും ചെയ്തുവന്നു. ''തരകൻ'' എന്ന സ്ഥാനം കളപ്പുരയ്ക്കൽ കുടുംബത്തിലെ പുരുഷന്മാർക്ക് ഉണ്ടായിരുന്നു.

## കെ.എ. യാക്കോബ് ശെമ്മാശൻ

കളപ്പുരയ്ക്കൽ കുടുംബത്തിലെ ഏബ്രഹാം തരകൻ, പരിപ്പ് നാലാത്ര കുടുംബത്തിലെ അച്ചാമ്മയെ വിവാഹം കഴിച്ചു. ദൈവഭക്തരായിരുന്ന മാതാപിതാക്കൾക്ക് 1891 ഫെബ്രുവരി മാസം 26-ാം തീയതി വ്യാഴാഴ്ച ഒരു പുത്രൻ പിറന്നു. 1891 മാർച്ച് മാസം 16-ാം തീയതി വല്ല്യാട്ട് കല്ലുങ്കത്തറ പള്ളിയിൽ വച്ച് ചാലാശ്ശേരിൽ ഔസേഫ് കത്തനാർ ശിശുവിന് മാമ്മോദീസായും മൂറോൻ അഭിഷേകവും നൽകി. യാക്കോബ് എന്ന പേരാണ് മാമോദീസാ യിൽ നൽകപ്പെട്ടത്. മാതാപിതാക്കളുടെ പ്രത്യേക പരിലാളനയി ലും കുടുംബത്തിൽ മറ്റെല്ലാവരുടെയും വാത്സല്യത്തിലും പ്രീതിയിലും കുട്ടി വളർന്നുവന്നു. ''ശിശു വളരുകയും ആത്മാവിൽ ശക്തി പ്രാപിക്കുകയും ജ്ഞാനം നിറഞ്ഞ് ശക്തനാവുകയും ചെയ്തു. ദൈവത്തിന്റെ കൃപ അവന്റെ മേൽ ഉണ്ടായിരുന്നു''. (ലൂക്കോ 2/40). യേശുവിനെക്കുറിച്ചുള്ള ഈ തിരുവചനങ്ങൾ യാക്കോബിന്റെ ജീവിതത്തിലും അന്വർത്ഥമായി എന്ന് ആ ജീവിതത്തിൽനിന്ന് മനസ്സിലാക്കാം.

പ്രൈമറി സ്കൂൾ പഠനം പൂർത്തിയാക്കിയ ബാലനെ കോട്ടയം എം.ഡി. സെമിനാരിയിൽ ചേർത്ത് പഠിപ്പിച്ചു. പഠനത്തിൽ തൽപരനും സമർത്ഥനുമായിരുന്ന യാക്കോബ് തോൽവിയറിയാതെ പഠിച്ചു. ക്ലാസ്സിൽ സഹപാഠികൾക്ക് ഒരു സഹോദരനും അദ്ധ്യാപകർക്ക് സംപ്രീതനുമായിരുന്നു. മെട്രിക്കുലേഷൻ പരീക്ഷയിൽ സ്തുത്യർഹമായി വിജയം കൈവരിച്ച യാക്കോബിന് താൻ പഠിച്ചിരുന്ന എം.ഡി. സെമിനാരിയിൽതന്നെ അദ്ധ്യാപക ജോലിയും ലഭിച്ചു.



കൊച്ചുസാർ ദൈവഭക്തിയിലും പെരുമാറ്റത്തിലും കൃത്യനിഷ്ഠയി ലും ഒരു നല്ല മാതൃകാ അദ്ധ്യാപകനായി കാണപ്പെട്ടു. തൻനിമിത്തം വിദ്യാർത്ഥികൾക്കും സഹാദ്ധ്യാപകർക്കും ആദരണീയനും മേലുള്ളവർക്ക് സംപ്രീതനുമായിതീർന്നു. അക്കാലത്ത് എം.ഡി. സെമിനാരിയിൽ പ്രിൻസിപ്പൽ ആയിരുന്ന ഫാ. പി.റ്റി. ഗീവർഗ്ഗീസ് എം.എ.യുടെ കൂടെ ആയിരുന്നു താമസിച്ചിരുന്നത്. ഒളശ്ശ ഇടവകക്കാരുടെ പ്രത്യേക താത്പര്യ പ്രകാരം യാക്കോബിന് ശെമ്മാശപട്ടം നൽകി.

എം.എ. അച്ചന്റെ കൂടെ താമസിച്ച് അദ്ധ്യാപകജോലി ചെയ്തിരുന്ന ശെമ്മാശനും, എം.ഡി. സെമിനാരി ജോലി രാജിവച്ച് അദ്ദേഹത്തിന്റെ കൂടെ സെറാമ്പൂരിലേയ്ക്ക് പുറപ്പെടാൻ തയ്യാറായി. അതിനെക്കുറിച്ച് മാർ ഈവാനിയോസ് (പി.റ്റി. വർഗ്ഗീസ് അച്ചൻ) ഇപ്രകാരം എഴുതിയിരിക്കുന്നു ''അക്കാലത്ത് നമ്മോടൊന്നിച്ച് താമസിച്ചിരുന്ന കെ.എ. യാക്കോബ് ശെമ്മാശ്ശനും സെറാമ്പൂർക്കായി ഒപ്പം ഇറങ്ങി. പ്രകൃത്യാ സൗമ്യശീലനും വിനീതബുദ്ധിയും ഏത് കാര്യത്തിലും നമ്മോടൊത്ത് സഹകരി പ്പാനും ബുദ്ധിമുട്ടാനും സന്നദ്ധനുമായി കാണപ്പെട്ട അദ്ദേഹം പിൽക്കാലത്ത് നമ്മുടെ കൂട്ടുവേലക്കാരനായി തീർന്നുകൊണ്ട് എപ്പിസ്കോപ്പാ പദത്തിൽ ഉയർത്തപ്പെടാൻ ഇടയായതിൽ ദൈവം നമ്മോട് ചെയ്ത ആനുകൂല്യവും കൃപയും അപരിമേയമെന്നേ പറയാവതുള്ളു''. (ഗിരിദീപം P4) ഇരുവരും സെറാമ്പൂരിലെത്തി. ഫാ. പി.റ്റി. ഗീവർഗീസ് കോളേജിൽ ജോലിയിൽ പ്രവേശിക്കുകയും യാക്കോബ് ശെമ്മാശൻ കോളേജിൽ ചേർന്ന് പഠനം ആരംഭിക്കുകയും ചെയ്തു. ബി.എ. ഓണേഴ്സിന് പഠിച്ചുകൊണ്ടി രുന്ന കാലത്ത് ഫാ. പി.റ്റി. ഗീവർഗ്ഗീസ് സന്യാസജീവിതത്തെക്കുറിച്ച് ആഴമായി ചിന്തിക്കുകയും പഠിക്കുകയും ശെമ്മാശൻമാരുമായി ആലോചിക്കുകയും ചെയ്തിരുന്നു. സന്ന്യാസ ജീവിതത്തിൽ താത്പര്യമുള്ള ശെമ്മാശൻമാരെ ചേർത്ത് സന്യാസജീവിത ചര്യകൾ പാലിച്ചുതുടങ്ങുകയും ചെയ്തു. ഇവരിൽ ഒന്നാമനായി രുന്നു കെ.എ. യാക്കോബ് ശെമ്മാശൻ. ശെമ്മാശന്റെ ഒണേഴ്സ് പഠനം പൂർത്തിയാകുന്നതിന്മുൻമ്പ് ഫാദർ പി.റ്റി. ഗീവർഗ്ഗീസ് സന്ന്യാസ ആശ്രമ സ്ഥാപനത്തിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു. യാക്കോബ് ശെമ്മാശൻ ഉന്നത ബിരുദം നേടാനുള്ള ശ്രമങ്ങ

www.malankaralibrary.com

ളെല്ലാം ഉപേക്ഷിച്ച് നാട്ടിൽവന്ന് പെരുന്നാട് മുണ്ടൻമലയിൽ 1919-ൽ ആശ്രമജീവിതം ആരംഭിച്ചു. 1920 മാർച്ചിൽ ഫാ. പി.റ്റി. ഗീവർഗ്ഗീസും പ്രഥമ അംഗങ്ങളും തങ്ങളെത്തന്നെ സമർപ്പിച്ചപ്പോൾ യാക്കോബ് ശെമ്മാശനും തന്നെത്തന്നെ സമർപ്പിക്കുകയുണ്ടായി. യാക്കോബ് ശെമ്മാശൻ വൈദീകപഠനം തുടരുകയും 1924 ൽ അഭിഷേകം ചെയ്ത് വൈദീകനാവുകയും ചെയ്തു. ദൈവഭക്തി, ശാന്തസ്വഭാവം, സ്വഭാവശുദ്ധി എന്നീ വിശിഷ്ട ഗുണങ്ങളെല്ലാം കൊണ്ട് യാക്കോബച്ചൻ എല്ലാവർക്കും ഒരു നല്ല മാതൃകയും ആദരണീയനും ആയിരുന്നു. ആശ്രമാദ്ധ്യക്ഷൻ ബഹു. യാക്കോബച്ചനെ ഗുരുവായി നിയമിച്ചു. അതുമുതൽ "ഗുരുവച്ചൻ" എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. 1927 ഡിസംബറിൽ യാക്കോബച്ചൻ മഹത്വ്രതമെടുത്ത് റമ്പാനും, 1929 ൽ തെയോഫിലോസ് എന്ന് പേര് നൽകി ബഥനിയുടെ എപ്പിസ്കോപ്പ ആയും വാഴിച്ചു. ഇതേക്കുറിച്ച് മാർ ഈവാനിയോസ് പിതാവ് സാക്ഷിക്കുന്നു "പ്രകൃത്യാ സൗമ്യശീലനും വിനീതബുദ്ധിയും ഏത് കാര്യത്തിലും നമ്മോടൊന്നിച്ച് സഹകരിപ്പാനും ബുദ്ധിമുട്ടുവാനും സന്നദ്ധനുമായി കാണപ്പെട്ട അദ്ദേഹം പിൽക്കാലത്ത് നമ്മുടെ കൂട്ടുവേലക്കാരനായി തീർന്നുകൊണ്ട് എപ്പിസ്കോപ്പാ പദത്തിൽ ഉയർത്തപ്പെടാൻ ഇടയായതിൽ ദൈവം നമ്മോട് ചെയ്ത ആനുകൂല്യവും കൃപയും അപരിമേയമെന്നേ പറയാവതുള്ളൂ". ബഥനി സമൂഹ സ്ഥാപകനും മെത്രാപ്പോലീത്തായുമായിരുന്ന മാർ ഈവാനിയോസ് പിതാവ് ഓർത്തഡോക്സ് സഭയിലെ മറ്റ് മെത്രാൻമാരുടെ ആലോചന യോടു കൂടി കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിനു വേണ്ടി പരിശ്രമിച്ചു കൊണ്ടിരുന്നു. മാർ ഈവാനിയോസ് തിരുമേനിയെ പുനരൈക്യത്തിന് പ്രോത്സാഹിപ്പിച്ചവരും പരി. സിംഹാസനവുമായി സമ്പർക്കത്തിൽ ഏർപ്പെടാനുള്ള ചുമതല ഏൽപ്പിച്ചവരും നിർണ്ണായകമായ നിമിഷമായപ്പോൾ മാറുകയാണ് ചെയ്തത്. ഏതാനും ചിലർമാത്രമേ അദ്ദേഹത്തോടൊപ്പം ഉറച്ചുനിന്നുള്ളൂ. അവരിൽ ഒരാളാണ് തെയോഫിലോസ് പിതാവ്. പിതാവിന്റെ സാന്നിദ്ധ്യവും സഹകരണവും മാർ ഈവാനിയോസ് പിതാവിന് ആശ്വാസവും ആത്മധൈര്യവും നൽകി. 1930 സെപ്തംബർ 18-ാം തീയതി മാർ ഈവാനിയോസ് പിതാവുമൊത്ത് മാർ തെയോഫിലോസ് പിതാവും കൊല്ലം ബിഷപ്പ് ഹൗസിലേയ്ക്ക്



പോവുകയും അവിടെ എത്തി രണ്ട് ദിവസം ധ്യാനിച്ചൊരുങ്ങി 20-ാം തീയതി അവർ കത്തോലിക്കാ കൂട്ടായ്മയിൽ പ്രവേശിക്കുകയും ചെയ്തു. തെയോഫിലോസ് തിരുമേനിയുടെ ദ്വിതീയ സഹോദരിയായ ഏലിയാമ്മയാണ് പിൽക്കാലത്ത് മദർ സൈബാർ എന്ന പേരിലറിയപ്പെട്ടത്.

## കളപ്പുരയ്ക്കൽ കുടുംബം

കളപ്പുരയ്ക്കൽ കുടുംബത്തിലെ ആദ്യജാതനായ യാക്കോബിന് 3 സഹോദരന്മാരും 3 സഹോദരികളും ഉണ്ടായിരുന്നു. ഇട്ടിക്കുഞ്ഞ്, മാത്തുക്കുട്ടി, ഔസേപ്പച്ചൻ എന്നിവർ സഹോദരന്മാരും മറിയാമ്മ, ഏലിയാമ്മ, കുഞ്ഞന്നാമ്മ എന്നിവർ സഹോദരിമാരും ആയിരുന്നു. പിതാവ് കളപ്പുരയ്ക്കൽ ഏബ്രഹാം തരകൻ ചിട്ടി നടത്തിയതിൽ വന്ന സാമ്പത്തിക പ്രതിസന്ധിയിൽ പെട്ടെന്ന് നിര്യാതനാവുകയും, താമസിച്ചിരുന്ന വീടും പുരയിടവും മറ്റ് സ്വത്തുക്കളും കടബാദ്ധ്യതയിൽ ലേലം ചെയ്യുകയും ചെയ്തതിനാൽ ഭാര്യ അച്ചാമ്മയെയും 7 സന്താനങ്ങളെയും അച്ചാമ്മയുടെ സഹോദരന്മാരുടെ സംരക്ഷണയിൽ പരപ്പിൽ നാലാത്ര, തുമ്പയിൽ പുരയിടത്തിൽ പുതിയ വീട് പണിത് താമസിപ്പിച്ചു. മൂത്ത സഹോദരൻ ഇട്ടിക്കുഞ്ഞ് വീട്ടുകാര്യങ്ങളും കൃഷിയും നടത്തി. മാത്തുക്കുട്ടി (കെ.ഐ. മാത്യു B.A.L.T.) മേപ്രായിൽ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററായും കുഞ്ഞൗസേപ്പച്ചൻ ബി.എ. മംഗലാപുരത്ത് തഹസീൽദാരായും സേവനം അനുഷ്ഠിച്ചു. സഹോദരി മറിയാമ്മയെ ഒളശ്ശയിൽ പുളിയ്ക്കപ്പറമ്പിൽ പാപ്പുക്കുട്ടിയും കുഞ്ഞന്നാമ്മയെ മറ്റീത്രയിൽ ജോർജ്ജ്കുട്ടിയും വിവാഹം ചെയ്തു.

## കുഞ്ഞേലിയാമ്മ

ധിഷണാശാലിയായ ഏബ്രഹാം തരകനും ഭക്തയും ശാലീനയുമായ അച്ചാമ്മയ്ക്കും 7 മക്കളിൽ നാലാമത്തേതായി 1903 ജൂൺ 12 ന് ഒരു പെൺകുഞ്ഞ് ജനിച്ചു. അനുഗ്രഹമാരിയെന്നവണ്ണം കാലവർഷം തുള്ളികളാൽ പുഷ്പവൃഷ്ടി നടത്തി. പക്ഷികൾ ദൈവസ്തുതികൾ ആലപിച്ചുകൊണ്ട് കൂടുതേടി യാത്രയായി. കർഷകർ പണി ആയുധങ്ങളുമേന്തി, സ്വേദകണങ്ങൾ തുടച്ചുമാറ്റി

www.malankaralibrary.com

തങ്ങളുടെ വീടുകളിലേയ്ക്ക് യാത്രയായി. അപ്പോൾ നാട്ടിലെങ്ങും ഒരു പുതിയ വാർത്ത ! നാലാത്ര ഭവനത്തിൽ നാലാമത്തെ കൺമണി ജനിച്ചിരിക്കുന്നു. ദിവസങ്ങൾ പിന്നിട്ടപ്പോൾ കുഞ്ഞിനെ കുഞ്ഞേലിയാമ്മ എന്ന് വിളിച്ചുതുടങ്ങി. ഒളശ്ശ യാക്കോബായ പള്ളിയിൽ വച്ച് മങ്കുഴി അച്ചൻ മാമ്മോദീസായും മൂറോനഭിഷേക വും നൽകി. മാമ്മോദീസാ പേര് ഏലിയാമ്മ എന്നായിരുന്നു. മാമ്മോദീസായിൽ ലഭിച്ച വിശ്വാസദീപം കൂടുതൽ ഉജ്ജ്വലത യോടെ പ്രകാശം പരത്തി അനേകായിരങ്ങളെ യേശുവിലേയ്ക്ക് ആനയിക്കുവാൻ ദൈവം ഈ കുഞ്ഞിനെ ഉപകരണമാക്കി.

## വിദ്യാഭ്യാസം

കളരി എന്ന് അറിയപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപന മായിരുന്നു പണ്ട് നിലവിലിരുന്നത്. കളരിയിൽ വിദ്യ അഭ്യസിപ്പിച്ചി രുന്നവരെ ആശാൻമാർ എന്നാണ് വിളിച്ചിരുന്നത്. ഈ കളരി വിദ്യാഭ്യാസം പെൺകുട്ടികൾക്ക് നൽകിയിരുന്നു. മിക്കവാറും പെൺകുട്ടികളുടെ വിദ്യാഭ്യാസം ആശാൻകളരിയോടെ അവസാനി ച്ചിരുന്നു. പാചകവേലയിലും കുട്ടികളെ വളർത്തുന്നതിലും മറ്റ് വീട്ടുജോലിയിലും അമ്മയെ സഹായിക്കുകയായിരുന്നു അവളുടെ കടമ. അഞ്ചാം വയസ്സിൽ കൊച്ചേലിയാമ്മയെ ഒളശ്ശയിൽ ഒരു നായർ കുടുംബത്തിലെ പ്രസിദ്ധനായിരുന്ന ഓളോർ ആശാന്റെ അടുത്ത് എഴുത്തിനിരുത്തി. സ്ഫുടമായ സംസാരവും വടിവൊത്ത കയ്യക്ഷരവും ചുറുചുറുക്കുള്ള പ്രകൃതവും കുഞ്ഞേലിയാമ്മയെ ആശാന് പ്രിയങ്കരിയാക്കി. ക്രിസ്ത്യൻ മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തന ഫലമായി വർണ്ണവിവേചനത്തെ എതിർത്ത് നശിപ്പിക്കുന്നതിലും വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും സാരമായ സംഭാവന അവർ നൽകി. ഇംഗ്ലീഷ് വിദ്യാഭ്യാസവും തത്ഫലമായ വിശാലചിന്തകളും സ്ത്രീത്വത്തെ ഒരു പുതിയ കാഴ്ചപ്പാടിൽ വീക്ഷിക്കാൻ വേദിയൊരുക്കി. സ്ത്രീകളെ വിദ്യ അഭ്യസിപ്പിച്ച് നല്ല കുടുംബിനികളാക്കുന്നതോടൊപ്പം നല്ല അദ്ധ്യാപികമാരും ഉദ്യോഗസ്ഥകളുമാക്കി രൂപാന്തരപ്പെടുത്തുന്നതിൽ മിഷനറിമാർ ശ്രദ്ധ ചെലുത്തി. കളരിയിലെ പഠനത്തിന് ശേഷം കോട്ടയത്ത് ബേക്കർ മെമ്മോറിയൽ, പള്ളം ബുക്കാന, കോട്ടയം ലത്തീൻ



കോൺവെന്റ് സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് പ്രൈമറി വിദ്യാഭ്യാസം ഏലിയാമ്മ പൂർത്തിയാക്കി. കച്ചേരിക്കടവ് യു.പി. സ്കൂളിൽ 6, 7 ക്ലാസുകൾ പഠിച്ചു. അന്നത്തെ സാഹചര്യത്തിൽ ഏഴാംക്ലാസുവരെയുള്ള പഠനംകൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. അതിനുശേഷം 3 വർഷത്തോളം ഏലിയാമ്മ സ്വഭവനത്തിൽ ആയിരുന്ന് പാചകകലയിലും കൃഷികാര്യങ്ങളിലും പരിശീലനം സമ്പാദിച്ചു. കുടുംബത്തിൽനിന്നും ലഭിച്ച ഈ പരിശീലനം ഭാവി ജീവിതത്തിൽ 60 ഉം 100 ഉം മേനി ഫലം പുറപ്പെടുവിക്കുന്നതിന് ദൈവം ഏലിയാമ്മയെ ഒരുക്കുകയായിരുന്നു. കുടുംബത്തിലെ പ്രാർത്ഥനാ അന്തരീക്ഷം, മാതാപിതാക്കളുടെ മാതൃകാ ജീവിതം എന്നിവ ഏലിയാമ്മയെ സമർപ്പണ ജീവിതത്തിലേയ്ക്ക് നയിച്ചു. ആർദ്രചിത്തയായ ഏലിയാമ്മയ്ക്ക് നന്മയോട് ശക്തമായ ആകർഷണമുണ്ടായിരുന്നു. സദാ പ്രസന്നവദനയും ശാന്തത സ്ഫുരിക്കുന്ന മുഖഭാവവും എല്ലാവരോടും സ്നേഹവും കരുതലും കാണിക്കുന്ന പ്രകൃതവും വിവേകപൂർണ്ണമായ പെരുമാറ്റവും വഴി ഏലിയാമ്മ കുടുംബാംഗങ്ങളുടെ ശ്രദ്ധാകേന്ദ്രമായി വളർന്നു.

## വഴിത്തിരിവ്

''മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ'' (സുഭാ: 16/1). കർത്താവിന്റെ പദ്ധതിയോടൊത്ത് നാം സഹകരിക്കുമ്പോഴാണ് നമ്മുടെ പ്ലാനും പദ്ധതിയും ജീവിതവും ഫലം പുറപ്പെടുവിച്ച് വിജയത്തിൽ എത്തിക്കുവാൻ സാധിക്കുക. ഏലിയാമ്മയുടെ സഹോദരനും എം.എ. അച്ചന്റെ ശിഷ്യനും സന്തതസഹചാരിയുമായിരുന്ന യാക്കോബ് കശീശ്ശാ മൂലം എം.എ. അച്ചന്റെ സഭാനവീ കരണങ്ങളെക്കുറിച്ചും പുത്തൻ സംരംഭങ്ങളെക്കുറിച്ചും ഏലിയാമ്മ നന്നായി അറിഞ്ഞിരുന്നു. അതിനാൽ ആ പ്രവർത്തന പദ്ധതികളോട് താത്പര്യവും തോന്നിയിരുന്നു. ഈ കാലഘട്ട ത്തിൽ 1925-ൽ തിരുവല്ല തിരുമൂലപുരത്ത് ഒരു സന്ന്യാസിനി മഠം രൂപം കൊണ്ടതായി അറിഞ്ഞ ഏലിയാമ്മ തനിയ്ക്കും മഠത്തിൽ അംഗമാകണമെന്ന തീരുമാനത്തിലെത്തി. മലങ്കര യാക്കോബായ സഭയിൽ അന്നോളമുണ്ടായിട്ടില്ലാത്ത സ്ത്രീ സന്ന്യാസത്തിന്

www.malankaralibrary.com

പെൺകുട്ടിയെ അയക്കുക കുടുംബാംഗങ്ങൾക്ക് ചിന്തനീയമായിരുന്നില്ല. എതിർപ്പുകൾ എവിടെയും തലപൊക്കി. ഏലിയാമ്മയുടെ ആഗഹത്തിന് താങ്ങും തണലുമായി നിന്നത് യാക്കോബ് കശീശ്ശാ മാത്രമായിരുന്നു. എല്ലാ എതിർപ്പുകളെയും മറികടന്ന് 1926 സെപ്തംബറിൽ ഏലിയാമ്മ തിരുമൂലപുരം മഠത്തിലെത്തി. ബാരിസോൾ പരിശീലനം ലഭിച്ചിട്ടില്ലാത്ത ആദ്യത്തെ 'ആയാത' (Aspirant) ഏലിയാമ്മയായിരുന്നുവെന്നത് സ്മരണീയമാണ്. മലങ്കര സഭയിൽ സന്ന്യാസം ഒരു പുതുമയും ചോദ്യചിഹ്നവുമായി മാറിയ സാഹചര്യത്തിൽ ഏലിയാമ്മയുടെ തെരഞ്ഞെടുപ്പ് ഒരു വെല്ലുവിളിയായിരുന്നു. ഏലിയാമ്മയെ അർത്ഥിനിയായി സ്വീകരിക്കുവാൻ 'ആബോ' എന്ന് വിളിക്കപ്പെട്ട എം.എ. അച്ചന് വലിയ സന്തോഷമായിരുന്നു.

യാക്കോബായ സഭയിൽ ഇദംപ്രഥമമായി രൂപാന്തരം കൊണ്ട സന്ന്യാസസമൂഹത്തിന് ഇന്നത്തെപ്പോലെ ക്രമീകൃതമായ പരിശീലനം അന്ന് ഇല്ലായിരുന്നു. പ്രാരംഭ പരിശീലനത്തിന് ശേഷം 1928 മെയ് മുതൽ സന്ന്യാസപ്രതിഷ്ഠയ്ക്കുള്ള തീവ്ര പരിശീലനം സിസ്റ്റർ ദനഹായുടെ നേതൃത്വത്തിൽ ആരംഭിച്ചു.

## വിളിയിലെ വെല്ലുവിളികൾ

ദൈവവിളി ഒരു വെല്ലുവിളിയാണ്. സാഹസികതയാണ്. സഹനത്തിലേയ്ക്കുള്ള വിളിയാണ്. "കുറുനരികൾക്ക് മാളങ്ങളും ആകാശപ്പറവകൾക്ക് കൂടുമുണ്ട്. എന്നാൽ മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല" (മത്തായി 8/20) എന്നു പറഞ്ഞുവന്ന മനുഷ്യപുത്രന്റെ പിന്നാലെയാണ് വിളി സ്വീകരിക്കുന്നവർ പോകേണ്ടത്. ഒര്യ വ്യക്തിയുടെ ജീവിതത്തിലെ സംഘടനാത്മകമായ അവസരമാണ് ക്രിസ്തുവിന്റെ ആധികാരികമായ വിളിയ്ക്ക് മറുപടി കൊടുക്കുവാൻ തീരുമാനമെടുക്കുന്ന ഘട്ടം. സഹനത്തിന്റെയും വേദനയുടെയും കുരിശുമരണത്തിന്റെയും പാഠങ്ങൾ ജീവിതമാതൃകയാക്കിയ ക്രിസ്തുവിനെ പിഞ്ചെല്ലുവാൻ ആത്മധൈര്യം അത്യന്താപേക്ഷിതമാണ്. "ആരും എന്റെ ജീവൻ എന്നിൽനിന്നും എടുത്തുകളയുകയില്ല, ഞാനത് സ്വമനസ്സാലെ സമർപ്പിച്ചിരിക്കുന്നു" (യോഹ: 10/18) എന്ന് സ്വജീവിതത്തെക്കുറിച്ച്



ക്രിസ്തുനാഥൻ പറഞ്ഞതുപോലെ സ്വതന്ത്രമായ സ്വയാർപ്പണത്തിലൂടെ ദൈവസമ്പാദനത്തിനും സേവനത്തിനും തയ്യാറാകുന്ന വ്യക്തിയുടെ ജീവിതം സഹനത്തിന്റെയും സാഹസികതയുടേതും ആണ്. ഏലിയാമ്മയുടെ വിശ്വാസവും ദൈവാശ്രയവും ഉറപ്പിക്കുവാൻ എന്നവണ്ണം ചില മാർഗ്ഗതടസ്സങ്ങൾ പ്രത്യക്ഷപ്പെട്ടു. തല നിറയെ ചിരങ്ങ് ബാധിച്ച് സന്ന്യാസപരിശീലനം തുടരാനാവാതെ ഏലിയാമ്മ ചികിത്സാർത്ഥം സ്വഭവനത്തിലേയ്ക്ക് അയക്കപ്പെട്ടു. വലിയ പ്രതീക്ഷയോടെ ക്ഷമാപൂർവ്വം സഹിച്ചു കൊണ്ട് ചികിത്സയ്ക്ക് വിധേയയായ ഏലിയാമ്മ സുഖം പ്രാപിച്ച് 6 മാസം കഴിഞ്ഞ് 1930 ഏപ്രിൽ മാസത്തിൽ തിരുമൂല തിരിച്ചെത്തി പരിശീലനം തുടർന്നു. പിന്നെയും തന്റെ സന്ന്യാസവിളിയെ ചോദ്യം ചെയ്യുന്ന ശാരീരികവും മാനസികവുമായ പരീക്ഷണങ്ങൾ ഒന്നിനുപുറകെ ഒന്നായി നേരിടേണ്ടി വന്നു. അതിൽ വലിയ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു 1930 ലെ പുനരൈക്യം.

## സാഹസികമായ ചുവടുവെയ്പ്

ബഥനിയുടെ സ്ഥാപകനായ പിതാവ് മാർ ഈവാനിയോസും താൻ ഏറ്റവുമധികം സ്നേഹിക്കുന്ന സ്വസഹോദരനും കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടുന്നു എന്ന വാർത്ത ഏലിയാമ്മയുടെ മുൻപിൽ ഒരു വലിയ ചോദ്യചിഹ്നമായി. മനസ്സ് ചിന്തയിലാണ്ടു. തീഷ്ണതയോടെ പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടി. ദൈവതെരഞ്ഞെടുപ്പിന്റെ ശക്തി ആർക്കും തടയാനാകില്ല.

പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് ദൈവതിരുമനസ്സിന് തന്നെത്തന്നെ കീഴ്പ്പെടുത്തി ദൈവഹിതം പരമപ്രധാനമായി കരുതുന്ന പിതാവിന്റെയും തന്റെ സഹോദരന്റെയും (തെയോഫിലോസ് തിരുമേനി) "തെരഞ്ഞെടുപ്പ് തന്നെ എന്റേതും" എന്ന ഉറച്ച തീരുമാനത്തോടെ 1930 സെപ്തംബർ 22 ന് അന്നുണ്ടായിരുന്ന 7 സിസ്റ്റേഴ്സിനോടും 2 അർത്ഥിനി കളോടും ഒപ്പം സത്യവിശ്വാസം ഏറ്റുപറഞ്ഞ് ഏലിയാമ്മയും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ഏലിയാമ്മയുടെ പുനരൈക്യ വാർത്ത കുടുംബാംഗങ്ങളെ പ്രകോപിപ്പിച്ചു. ഏലിയാമ്മയെ

www.malankaralibrary.com

സ്വഭവനത്തിലേയ്ക്ക് തിരിച്ചയക്കുന്നില്ലെങ്കിൽ മഠത്തിന് മുമ്പിൽ സത്യാഗ്രഹമിരിക്കുമെന്ന് സിസ്റ്റേഴ്സിനോടും, വീട്ടിലേയ്ക്ക് തിരിച്ചെത്തുന്നില്ലെങ്കിൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ വലുതായിരിക്കുമെന്ന് ഏലിയാമ്മയോടും ഭീഷണി മുഴക്കാനും കുടുംബാംഗങ്ങൾ മടിച്ചില്ല. ഇതൊന്നും ഏലിയാമ്മയെ അധൈര്യപ്പെടുത്തിയില്ല. "ഭയപ്പെടേണ്ട നിന്റെ രക്ഷയ്ക്ക് ഞാൻ നിന്റെ കൂടെ ഉണ്ട്" (ജെറ: 1/8) എന്ന തിരുവചനം ഏലിയാമ്മയെ ധൈര്യപ്പെടുത്തി.

## സാഫല്യദിനം

1931 ഏപ്രിൽ 17 ! ആത്മസാക്ഷാത്കാരത്തിന്റെ പുണ്യദിനം. ആഗ്രഹ സാഫല്യദിനം ! എല്ലാ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച്, തിരുമൂലപുരം ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും സ്വസഹോദരൻ മാർ തെയോഫിലോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിലും ഏലിയാമ്മ ആദ്യ വ്രതവാഗ്ദാനം നടത്തി സന്ന്യാസവ്രതം സ്വീകരിച്ചു. സഹനം, ക്ഷമ, പ്രതീക്ഷ എന്നൊക്കെ അർത്ഥം ധ്വനിക്കുന്ന സൈബാർ എന്ന സുറിയാനി പദമാണ് ഏലിയാമ്മയ്ക്ക് സന്ന്യാസനാമമായി ലഭിച്ചത്. ദൈവനിയോഗം പോലെ ലഭിച്ച ഈ പേര് അന്വർത്ഥമാക്കിക്കൊണ്ടുള്ള ജീവിതമായിരുന്നു പിന്നീട് നയിച്ചത്. 1935 ഏപ്രിൽ 2ന് സിസ്റ്റർ നിത്യമായി തന്നെത്തന്നെ ദൈവത്തിന് സമർപ്പിച്ചു. 1936-ൽ ബഥനി സിസ്റ്റേഴ്സ് തിരുവനന്തപുരത്തേയ്ക്ക് പോയപ്പോൾ മുതൽ തിരുവനന്തപുരം മന്ദിരങ്ങളെ കേന്ദ്രീകരിച്ചാണ് മദറിന്റെ പ്രവർത്തനങ്ങൾ നടന്നത്. നങ്ങ്യാർകുളം, നാലാഞ്ചിറ, ബഥനി ഹോസ്റ്റൽ, കറ്റാനം ചെങ്ങന്നൂർ, കായംകുളം, കുണ്ടറ, ചന്ദനപ്പള്ളി, പത്തനംതിട്ട, കുറവൻകോണം, കന്യാകുമാരി എന്നിങ്ങനെ ബഥനിയുടെ മിക്കവാറും മന്ദിരങ്ങളിൽ താമസിച്ച് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1956 ന് ശേഷം സമൂഹത്തിന്റെ ആരംഭ കാലങ്ങളിൽ ആദ്യത്തെ 10 പേർക്ക് നിത്യമായി 'മദർ' സ്ഥാനം റോമിൽനിന്നും കൽപ്പിച്ചുകിട്ടുക ഉണ്ടായി. അതിൽ എട്ടാമത്തെ അംഗം മദർ സൈബാറാണ്.





## വ്യക്തിത്വ സവിശേഷതകൾ

വ്യക്തിത്വമെന്നത് ഒരുവന്റെ സ്വഭാവത്തിന്റെ ആകമാനമുള്ള ഗുണവിശേഷമാണ്. ചിന്തയുടെയും പെരുമാറ്റത്തിന്റെയും ബൗദ്ധിക മാനസിക ശാരീരിക ഗുണങ്ങളുടെ ചലനാത്മകമായ സംയോജനമാണ്. തിളക്കമുള്ള വ്യക്തിത്വം ഒരുവനെ സ്വയം വിലയിരുത്തി യാഥാർത്ഥ്യത്തെ അംഗീകരിച്ചുകൊണ്ടു പോകുവാനും ജീവിത വിജയം കരസ്ഥമാക്കുവാനും സഹായിക്കും. ഒരുവന്റെ വ്യക്തിത്വം മറ്റുള്ളവർക്ക് സ്വീകാര്യമായി തോന്നണമെങ്കിൽ ക്ഷമയും സഹാനുഭൂതിയും വേണം. ഒരു വ്യക്തിയുടെ മാതാപിതാക്കൾ, ജീവിത സാഹചര്യവും മതപരവും സാമൂഹ്യപരവുമായ പശ്ചാത്തലം, ജനിച്ചുവളർന്ന നാടിന്റെയും വീടിന്റെയും മതപരമായ പശ്ചാത്തലം എന്നിവയെല്ലാം വ്യക്തിയുടെ വ്യക്തിത്വ രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിയ്ക്കുന്നുണ്ട്. മദർ സൈബാറിന്റെ വ്യക്തിത്വത്തിലെ സവിശേഷതകൾക്കെല്ലാം നിമിത്തമായിത്തീർന്നത് മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാമാണ്.

### 1. പ്രാർത്ഥനയും ദൈവാനുഭവവും

ആളുകളോട് യാത്ര പറഞ്ഞ ശേഷം പ്രാർത്ഥിക്കാൻ മലയിലേയ്ക്കു പോയ (മർക്കോ 6/46) യേശുവിന്റെ കർമ്മോദ്യുക്തവും പ്രാർത്ഥനാപരവുമായ ജീവിതം സ്വായത്തമാക്കിക്കൊണ്ട് മദർ പലപ്പോഴും പ്രാർത്ഥനാനിരതയായി ദീർഘനേരം ചാപ്പലിൽ ആയിരുന്നുകൊണ്ട് ദൈവാനുഭവം നുകരുന്നതിലും അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലും സന്തോഷം കണ്ടെത്തി. കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ (സങ്കീ 34/8) എന്ന് സങ്കീർത്തകനോടൊപ്പം പറയുന്നതിന് മദറിനും സാധിച്ചു. പരി. ത്രിത്വത്തിനോട് പ്രത്യേക ഭക്തി ഉണ്ടായിരുന്നു. പരിശുദ്ധാത്മാവിന് നിരന്തരം സ്തുതി അർപ്പിച്ചിരുന്നു. കൂടെക്കൂടെ വി. കുർബ്ബാന സന്ദർശിച്ച് ദിവ്യനാഥനുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ വളരാൻ അരുമനാഥനോട് ദീർഘനേരം സംഭാഷണം നടത്തിയിരുന്നു. സഭയ്ക്കും സമൂഹത്തിനും വേണ്ടി ദൈവ സന്നിധിയിൽ മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ദൈവ സാന്നിദ്ധ്യ സ്മരണ സുകൃത ജപങ്ങളിലൂടെ നിലനിർത്തിയിരുന്നു. മദർ

www.malankaralibrary.com

നിഷ്ഠാപരമായ ജീവിതത്തിൽ ദത്തശ്രദ്ധയായിരുന്നു. പ്രാർത്ഥന, ധ്യാനം, വി. കുമ്പസാരം, വി. കുർബാന, ഇന്ദ്രിയ നിഗ്രഹം, പരോപകാര പ്രവർത്തനങ്ങൾ എന്നിവയിലൂടെ ദൈനംദിനം ദൈവകൃപയിൽ ജീവിച്ചു. ക്രിസ്തു കേന്ദ്രീകൃത ജീവിതത്തിലൂടെ വി. പൗലോസിനോടൊപ്പം പറയുവാൻ സാധിച്ചു. 'ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു' (ഗലാ 2/20).

കൂട്ടക്രമങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിൽ സന്തോഷം കണ്ടെത്തി. മദറിന്റെ നിഷ്ഠയോടുകൂടിയ ജീവിതശൈലി പിൻതലമുറയ്ക്ക് മാർഗ്ഗനിർദ്ദേശമായിരുന്നു. ആർക്കെങ്കിലും എന്തെങ്കിലും പ്രയാസം വരുത്തിയിട്ടുണ്ടെന്ന് മനസ്സിലായാൽ സൂര്യാസ്തമയത്തിന് മുമ്പ് അവരോട് ക്ഷമ ചോദിച്ച് രമ്യപ്പെടുന്നതിന് മദർ കാണിച്ചിരുന്ന സ്വഭാവ വൈശിഷ്ട്യം ശ്ലാഘനീയമാണ്. ക്ഷമിക്കാൻ ദൈവീകഭാവ മുള്ളവർക്കേ സാധിക്കുകയുള്ളൂ.

ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ' (മത്താ: 11/29) എന്ന യേശുവിന്റെ ആഹ്വാനം ഉൾക്കൊണ്ട് യേശുവിനെ അനുകരിക്കുകയും അനുഗമിക്കുകയും ചെയ്ത് മിശിഹാനുകരണം സ്വായത്തമാക്കി. ക്രിസ്തുവിന്റെ ജീവിതം പിതാവുമായുള്ള ഐക്യത്തിന്റെ ബഹിർസ്ഫുരണമായിരുന്നതു പോലെ, മദർ സൈബാറിന്റെ സന്ന്യാസജീവിതവും ദൈവൈക്യത്തിന്റെ നിദർശനമായിരുന്നു.

'പാടുന്നവൻ ഇരട്ടി പ്രാർത്ഥിക്കുന്നു' എന്ന മഹത്വചനം സ്വജീവിതത്തിൽ അന്വർത്ഥമാകുമാറ് ഇമ്പകരമായ സ്വരത്തിൽ പാടി കേൾവിക്കാരിൽ ഭക്തി ജനിപ്പിക്കുകയും ചെയ്തിരുന്നു. കഷ്ടാനുഭവ ആഴ്ചയിലെ മദറിന്റെ സെദറാ വായന ഭക്തി ദ്യോതകവും പീഡാനുഭവ രംഗങ്ങൾ കേൾവിക്കാരുടെ മനസ്സിൽ പതിയത്തക്കവിധത്തിലുമായിരുന്നു.

ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ വി. കുർബ്ബാനയെ കേന്ദ്രീകരിച്ച് ചെയ്യണമെന്നും, അതിനായി രാവിലെ മുതൽ ഉച്ചവരെയുള്ള സമയം വി. കുർബാന സ്വീകരണത്തിന്റെ



ഉപകാര സ്മരണയായും ഉച്ചമുതൽ പിറ്റെ ദിവസം വരെ അതിനുള്ള ഒരുക്കമായും ചെലവഴിക്കണമെന്ന ബോധ്യത്തോടെയാണ് അനുദിന കൃത്യങ്ങൾ ചെയ്തിരുന്നത്. പരിശുദ്ധ അമ്മയോടുള്ള ഭക്തിയിലും അമ്മയുടെ പുണ്യങ്ങൾ അനുകരിക്കുന്നതിലും ജപമാല ചൊല്ലുന്നതിലും അതീവ തൽപരയായിരുന്നു.

ദൈവത്തോടുള്ള സ്നേഹം സഹോദരങ്ങളോടുള്ള സ്നേഹത്തിലൂടെ പ്രകടമാക്കിയിരുന്നു. പരസ്പരം ഐക്യപ്പെട്ട് പോകുന്നതിനും ഓരോരുത്തരോടും അവർ ആയിരിക്കുന്ന അവസ്ഥയിൽ ഇടപെടുന്നതിനുമുള്ള കഴിവ് ഉണ്ടായിരുന്നു. പ്രാർത്ഥനാ ജീവിതത്തിന്റെ പ്രതിഫലനങ്ങളായ സമാധാനം, സന്തോഷം, സംതൃപ്തി എന്നിവ സ്വഭാവത്തിൽ പ്രകടമായിരുന്നു.

'നിങ്ങൾ അപേക്ഷകളോടും യാചനകളോടുംകൂടെ എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാ നിരതരായിരിക്കുവിൻ. അവിശ്രാന്തം ഉണർന്നിരുന്ന് എല്ലാ വിശുദ്ധർക്കും വേണ്ടി പ്രാർത്ഥിക്കുവിൻ' (എഫേ: 6/18)

## 2. പ്രസന്നഭാവം

'നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷി ക്കുവിൻ. ഞാൻ വീണ്ടും പറയുന്നു നിങ്ങൾ സന്തോഷിക്കുവിൻ' (ഫിലി 4/4) എന്ന പൗലോസ്ശ്ലീഹായുടെ തിരുവചനങ്ങൾ ജീവിതത്തിൽ അർത്ഥവത്താകുവാൻ എപ്പോഴും സന്തോഷമുള്ള വ്യക്തിത്വത്തിനുടമയായിരുന്നു മദർ സൈബാർ. സന്തോഷി ക്കുവാനും സന്തോഷിപ്പിക്കുവാനുമുള്ള മദറിന്റെ വൈഭവം അനിതര സാധാരണമായിരുന്നു. കുസൃതിച്ചിരിയോടുകൂടിയുള്ള നടപ്പും, ഫലിതം ആസ്വദിക്കുന്ന പ്രകൃതിയും മദറിന്റെ ജീവിത ശൈലിയായിരുന്നു. ഫീസ്റ്റ് ദിനങ്ങളിൽ മറ്റുള്ളവരെ ചിരിപ്പി ക്കാനുള്ള വകയുമായി മദർ ഉണ്ടാകും. പത്രങ്ങളിലെ കാർട്ടൂണുകളിലും വാർത്തകളിലും എല്ലാം മദർ തമാശകൾ കണ്ടെത്തുകയും ചിരി പടർത്തിവിടുകയും ചെയ്യും. അപൂർവ്വം ചില സന്ദർഭങ്ങളിൽ, ആഘോഷാവസരങ്ങളിൽ ശിശുസഹജമായ നിഷ്കളങ്കതയോടെ കളികളിൽ പങ്കുചേരുകയും ഫലിതരസം കൊണ്ട് കാണികളെ സന്തോഷചിത്തരാക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com

ആരുടെയെങ്കിലും മുഖം വാടിയിരിക്കുന്നതുകണ്ടാൽ അവരെ വിളിച്ച് സംസാരിച്ച് തമാശ് പറഞ്ഞ് അവരെ ചിരിപ്പിക്കുകയും അതോടൊപ്പം മദറും ചിരിക്കുകയും ചെയ്യുമായിരുന്നു.

നല്ലിലായിൽ മിഷന്, കുണ്ടറയിൽ നിന്ന് പൊയ്ക്കൊണ്ടിരുന്നപ്പോൾ വാഹനസൗകര്യം ഇല്ലായിരുന്നു. നടന്നാണ് പൊയ്ക്കൊണ്ടിരുന്നത്. സ്ത്രീ സമാജം, സൺഡേ സ്കൂൾ ഒക്കെ നടത്തി തിരിച്ച് നടന്നുവരുമ്പോൾ സിസ്റ്റേഴ്സ് ചോദിക്കും 'എങ്ങനെ ഉണ്ടായിരുന്നു യാത്ര' ഉടനെയുള്ള മറുപടി 'കാറ്റ് എന്നെ ഊതി ഞാനും ഊതി നടന്നു, ഒരു ക്ഷീണവുമില്ല' എന്നുപറഞ്ഞ് ചിരിക്കും. വൈഷമ്യമുള്ളത് ലാഘവപ്പെടുത്തി നർമ്മരസത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കും. അതുകൊണ്ട് മദറിന്റെ സാന്നിദ്ധ്യം തന്നെ എല്ലാവരും ആസ്വദിച്ചിരുന്നു. രുചികരമായ ഭക്ഷണം വച്ചുകൊടുത്ത് മറ്റുള്ളവരെ സന്തോഷിപ്പിക്കുന്ന രീതി, അത് മദറിന്റെ കടമ പോലെയായിരുന്നു. തന്നെത്തന്നെ മറ്റുള്ളവർക്ക് സംലഭ്യമാക്കി പ്രസാദാത്മകമായ ജീവിതം നയിക്കുന്നതിന് മദറിന് സാധിച്ചു.

## 3. ലാളിത്യം

ഒരുവന്റെ മനസ്സ് ഏകാഗ്രമായി ദൈവത്തിൽ ഉറപ്പിക്കപ്പെട്ട് ജീവിതവും പ്രവർത്തനങ്ങളുമെല്ലാം ആ ലക്ഷ്യത്തിൽ മാത്രമായിരിക്കുന്നതാണ് ലാളിത്യം. 'ദൈവത്തിൽ മാത്രം സംതൃപ്തി അടയുന്ന അവിടുത്തെ മാത്രം അന്വേഷിക്കുന്ന, കലർപ്പില്ലാത്ത ഉദ്ദേശപരിശുദ്ധിയാണ് ബഥനിയിൽ സാക്ഷാത്കരിക്കേണ്ട ലളിത ജീവിതം' (വി. നിയമം Article No.8). നാമെന്തായിരിക്കുന്നുവോ അതുപോലെ നമ്മെ കാണാനുള്ള കഴിവും എനിക്കുള്ളതെല്ലാം ദൈവത്തിൽ നിന്നുള്ളതാണെന്ന വിനയഭാവവും, വിപരീത സാഹചര്യങ്ങളി ലുള്ള സമചിത്തതയും ഇതിന്റെ ബഹിർസ്ഫുരണങ്ങളാണ്. ദൈവമാണ് നമ്മുടെ സമ്പത്ത്. അവിടുന്ന് നമുക്കെല്ലാമായി തീരുമ്പോൾ എല്ലാ ബന്ധങ്ങളിൽ നിന്നും നാം മോചിതരായിത്തീരും. ദൈവത്തിൽ സർവ്വസമ്പത്തും കണ്ടെത്തുകയെന്നത്, ദൈവപരിപാലനയിലുള്ള വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കുന്ന മനോഭാവമാണ്. ലാളിത്യത്തിന്റെ ഈ സവിശേഷതകളെല്ലാം മദറിൽ തെളിഞ്ഞുകാണുന്നു.



നിങ്ങൾ ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. (മത്താ: 18/13) എന്ന് ക്രിസ്തുനാഥൻ അരുളിചെയ്തതിൽനിന്നും ദൈവരാജ്യ പ്രവേശനത്തിന് ശിശുസഹജമായ നിഷ്കളങ്കത ആവശ്യമാണ്. ഈ ശിശുസഹജമായ നിഷ്കളങ്കത മദറിൽ ദർശിക്കാമായിരുന്നു.

ശ്രേഷ്ഠമായ കുടുംബത്തിൽ നിന്നും വന്ന മദർ തന്റെ സമയവും സിദ്ധികളും ആരോഗ്യവുമെല്ലാം ആർക്കും ഏതവസരത്തിലും ആവശ്യാനുസരണം നൽകുന്നതിന് വേണ്ടി വിനിയോഗിച്ചു. പ്രാരംഭകാലത്ത് പുതിയ മഠങ്ങളിൽ അംഗമായിരുന്ന് ക്ലേശങ്ങളിലൂടെയും അദ്ധ്വാനത്തിലൂടെയും അതിനെ വളർത്തി. കുണ്ടറ, ചന്ദനപ്പള്ളി എന്നീ മഠങ്ങളുടെ സ്ഥാപന ചരിത്രം മദറുമായി ബന്ധപ്പെട്ടതാണ്. അതിന്റെ ബാലാരിഷ്ടതകൾ സന്തോഷത്തോടെ സഹിച്ച് വളർത്തി. തന്നെ സമീപിക്കുന്ന വ്യക്തികളെ പണ്ഡിത പാമര ഭേദമെന്യേ അർഹിക്കുന്ന തരത്തിൽ അംഗീകരിച്ചുകൊണ്ട് ഇടപെടുമായിരുന്നു.

## 4. അതിഥി സത്കാരം

ബഥനിയുടെ മുഖമുദ്രയായ ആതിഥ്യമര്യാദ മദറിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അതിഥികളെ യഥോചിതം സ്വീകരിച്ച് അവർക്കാവശ്യമായവ ചെയ്തുകൊടുക്കാനുള്ള താത്പര്യം കാണിച്ചിരുന്നു. ചിലപ്പോൾ അങ്ങനെ സ്വീകരിച്ച് കബളിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഒരിക്കൽ ഒരു ചെറുപ്പക്കാരൻ സഹായത്തിനായി മദറിന്റെ അടുത്തുവന്നു. മദറിന് അവനോട് സഹതാപം തോന്നത്തക്ക വിധത്തിൽ നിസ്സഹായ അവസ്ഥ വിവരിച്ചു. അവൻ കള്ളനാണെന്ന് മനസ്സിലായിട്ടും അവന് സഹായം ചെയ്തുകൊടുത്തു. കാരണം സഹായം തേടിവന്നവനല്ലേ എന്ന മനോഭാവമായിരുന്നു മദറിന്.

## 5. പ്രേഷിതാഭിമുഖ്യം

"ഞാൻ സുവിശേഷം പ്രഘോഷിക്കുന്നില്ലെങ്കിൽ എനിയ്ക്ക് ഹാ ദുരിതം" (1 കൊറി 9/16) എന്ന തിരുവചനം ഉൾക്കൊണ്ടുകൊണ്ട് ആയിരുന്ന മഠങ്ങളിൽ സുവിശേഷ സന്ദേശം പങ്കുവയ്ക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. അങ്ങനെ സുവിശേഷമാകാനും

www.malankaralibrary.com

സുവിശേഷമേകാനും മദറിന് സാധിച്ചു. സൺഡേ സ്കൂൾ പഠിപ്പിക്കുക, ആദ്യകുർബ്ബാനയ്ക്ക് കുട്ടികളെ ഒരുക്കുക, സ്ത്രീ സമാജത്തിന് നേതൃത്വം കൊടുക്കുക എന്നിവയിലൂടെ കുട്ടികളെയും മാതാക്കളെയും വിശ്വാസത്തിലുറപ്പിക്കാൻ പരിശ്രമിച്ചു. ഭവനസന്ദർശനത്തിലൂടെ കാതോലികവും അപ്പസ്തോലികവും ഏകവും വിശുദ്ധവുമായ സഭയിലേയ്ക്ക് അകത്തോലിക്കരെ ആനയിച്ചു. ഉത്തമ കുടുംബജീവിതത്തിന് അവരെ ബോധനത്തിലൂടെ പ്രാപ്തരാക്കി. മദറിന്റെ എഴുപതു കളിലും മിഷന് പോകുവാൻ താല്പര്യമായിരുന്നു. 1977-ൽ കന്യാകുമാരിയിലേയ്ക്ക് സേവനത്തിനായി പോയതിൽ നിന്ന് പ്രേഷിത പ്രവർത്തനത്തിനോടുള്ള മദറിന്റെ ആഭിമുഖ്യം മനസ്സിലാക്കാം.

## 6. സഹാനുഭൂതി

മദറിന്റെ രോഗികളോടുള്ള കരുതലും കാരുണ്യവുമാണ് എന്നെ ഏറ്റവും കൂടുതൽ സ്പർശിച്ചതെന്ന് സി. സ്ലീബാ സാക്ഷിക്കുന്നു. മറ്റുള്ളവരിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ ആവശ്യങ്ങളിൽ നല്ല ശമരിയാക്കാരിയായി വർത്തിച്ചുവെന്ന് അനുഭവസ്ഥരായ സിസ്റ്റേഴ്സ് പറയുകയുണ്ടായി. പഥ്യക്കാർക്ക് അതനുസരിച്ചുള്ള ഭക്ഷണം, മരുന്ന് എന്നിവ കൊടുക്കുന്നതിനും തന്നാലാവും വിധം അവരെ ആശ്വസിപ്പിക്കുന്നതിനും ശ്രദ്ധിച്ചി രുന്നു. സ്കൂളിൽനിന്നു ജോലി കഴിഞ്ഞുവരുന്ന സിസ്റ്റേഴ്സിനോട് കാണിച്ചിരുന്ന കരുതലും സ്നേഹവും വർണ്ണനാതീതമായിരുന്നു. സിസ്റ്റേഴ്സ് പോഷകഗുണമുള്ള പച്ചക്കറികൾ കഴിക്കുവാൻ മടി കാണിക്കുമ്പോൾ മദർ അതെടുത്ത് ഏതാണ്ട് രുചികരമായ സാധനം പോലെ സന്തോഷപൂർവ്വം കഴിച്ചിട്ട് ഓരോരുത്തർക്കും വിളമ്പിക്കൊടുക്കുമായിരുന്നു. സിസ്റ്റേഴ്സിന്റെ ആരോഗ്യ സംരക്ഷണത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സെന്റ് ഗോരേത്തി സ്കൂളിന്റെ ആരംഭത്തിൽ പാവപ്പെട്ട കുട്ടികളാണ് അവിടെ പഠനത്തിന് വന്നിരുന്നത്. നിർദ്ധനരായ കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിൽ സംതൃപ്തി കണ്ടെത്തിയിരുന്നു. മദറിന്റെ പ്രവർത്തന മേഖലകളായ കൃഷി, മെസ് മാനേജ്മെന്റ്, സുപ്പീരിയർ എന്നീ തലങ്ങളിൽ ഹൃദയാർദ്രതയോടെ പെരുമാറുന്നതിന് സാധിച്ചു.



## 7. അദ്ധ്വാനത്തിൽ സംതൃപ്തി

'സ്വന്തം കൈകൊണ്ട് അദ്ധ്വാനിക്കുവിൻ' (1 തെസ്സ: 4/11) എന്ന തിരുവചനത്തിനനുസൃതം അദ്ധ്വാനപൂർണ്ണമായ ജീവിതമാണ് മദർ നയിച്ചത്. നിത്യോപയോഗ സാധനങ്ങളെല്ലാം തന്നെ സ്വന്തം പറമ്പിൽ ഉണ്ടാക്കണമെന്ന മനോഭാവവും അതനുസരിച്ചുള്ള ജീവിതശൈലിയുമായിരുന്നു മദറിന്റേത്. എല്ലാത്തരം ഫല വൃക്ഷങ്ങൾ, കായ്കനികൾ, പച്ചക്കറികൾ, ഔഷധങ്ങൾ എന്നിവ പറ്റിയ സ്ഥലത്ത് നട്ട് വെള്ളം നനച്ച് ഫലമെടുത്തിരുന്നു. കൃഷി ചെയ്യിക്കുവാനും കപ്പ, വാഴ, ചേന, കാച്ചിൽ തുടങ്ങിയ വിളകൾ, മുളക്, വെണ്ട, പാവൽ, പയർ, കോവൽ തുടങ്ങി വിവിധ തരത്തിലുള്ള പച്ചക്കറികൾ നട്ടുപിടിപ്പിച്ച് സിസ്റ്റേഴ്സിന് പോഷകാഹാരം നൽകുവാനും ശ്രദ്ധിച്ചിരുന്നു. പേര, സപ്പോർട്ട, എഗ് ഫ്രൂട്ട് തുടങ്ങിയ പഴവർഗ്ഗങ്ങൾ നട്ടുവളർത്തി അവയിൽ നിന്ന് പഴങ്ങൾ പറിച്ചെടുത്ത് സിസ്റ്റേഴ്സിന് നൽകുന്നത് മദറിന്റെ ഹോബിയായിരുന്നു. പലവിധ അച്ചാർ ഉണ്ടാക്കാനുള്ള മദറിന്റെ വൈഭവം സവിശേഷതയാർന്നതായിരുന്നു.

## 8. വടിവൊത്ത കയ്യക്ഷരം

അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് മദറിനെ സുറിയാനി പഠിപ്പിച്ചിരുന്നു. അതിനുശേഷം ധാരാളം സുറിയാനി പുസ്തകങ്ങൾ മദർ കോപ്പി ചെയ്തിരുന്നു. മദറിന്റെ സുറിയാനി കൈയെഴുത്ത് പ്രതികൾ അരമനയിലും മഠത്തിലും ഉണ്ടായിരുന്നു. മലങ്കര കത്തോലിക്കാ സഭയുടെ പ്രധാന ആരാധനാക്രമം അനുവദിച്ച് കിട്ടുന്നതിന് അതിന്റെ ഒരു കോപ്പി റോമിലേയ്ക്ക് അയച്ചുകൊടുക്കണമായിരുന്നു. സുറിയാനി ഭാഷയിലായിരുന്ന പുസ്തകം ഏറ്റം ഭംഗിയായി വടിവൊത്ത കൈയക്ഷരത്തിൽ സുറിയാനിയിലെഴുതി പിതാവിനെ ഏൽപ്പിച്ചു. മദറിന്റെ ഈ കയ്യെഴുത്തുപ്രതികൾ മഠത്തിലും അരമനയിലും റോമിലുള്ള രേഖാലയത്തിലും നിത്യസ്മാരകമായി നിലകൊള്ളുന്നു.

## വിശ്രമജീവിതം

ശാരീരിക അസ്വസ്ഥതകൾ വളരെ മുമ്പുമുതലെ മദർ

www.malankaralibrary.com

അനുഭവിച്ചിരുന്നുവെങ്കിലും സന്ന്യാസനിഷ്ഠാ ജീവിതത്തിന് തടസ്സം നേരിട്ടിരുന്നില്ല. പെരുമ്പുഴ മഠാംഗമായിരുന്ന കാലം 1968 ആഗസ്റ്റ് മാസത്തിലുണ്ടായ ഒരു ഹൃദയാഘാതത്തെക്കുറിച്ച് ഫലിതരസത്തിൽ മദർ പറയുകയുണ്ടായി. ''ഇത് എനിയ്ക്കു സ്വർഗ്ഗത്തിലേയ്ക്കുള്ള പാസ്പോർട്ടാണ്. ഇനിയും വീസായും ടിക്കറ്റും വരണം''. കൊല്ലത്ത് ബൻസിഗർ ആശുപത്രിയിൽ പ്രവേശിപ്പിച്ച മദറിന് അന്നുതന്നെ രോഗീലേപനം നൽകി. ഏതാനും ദിവസങ്ങൾകൊണ്ട് അപകടനില തരണം ചെയ്ത മദറിനെ വിശ്രമാർത്ഥം നാലാഞ്ചിറ മഠത്തിലേയ്ക്ക് കൊണ്ടുപോയി. സഹനം സന്തതസഹചാരി എന്നപോലെ മദറിനെ അനുഗമിച്ചിരുന്നു. വിവിധ തരത്തിലുള്ള രോഗങ്ങൾ മദറിന് ഉണ്ടായിരുന്നു. 1975-ൽ മദറിന്റെ ഒരു കണ്ണിന് ഓപ്പറേഷൻ നടന്നു. 1982 മെയ്മാസം മുതൽ മദർ തീർത്തും കിടപ്പിലായി. അവശത വർദ്ധിച്ചതിനാൽ രോഗീലേപനം വീണ്ടും നടത്തി. സംസാരശക്തി, ശ്രവണ ശക്തി, കാഴ്ച എന്നിവയെല്ലാം ക്രമേണ ഇല്ലാതായിക്കൊണ്ടിരുന്നു. 1982 ജൂലൈ മാസം 10 ന് മദർ കാത്തിരുന്ന വീസായും ടിക്കറ്റും എത്തിയതിന്റെ ലക്ഷണമായിരുന്നു. കണ്ണുകൾ തുറന്ന് ചുറ്റും നിന്നവരെ നോക്കി. 10-ാം തീയതി വെളുപ്പിന് 3.00 മണിയ്ക്ക് സ്വർഗ്ഗവാതിൽ തുറന്നു. എല്ലാവരുടെയും പ്രാർത്ഥനാമദ്ധ്യേ മദർ സൈബാറിന്റെ പാവനാത്മാവ് ഈ ലോകത്തിൽനിന്നും ശാന്തമായി കടന്നുപോയി.

## നിത്യതയിലേയ്ക്ക്

മരണവാർത്ത അറിഞ്ഞ് കുടുംബാംഗങ്ങൾ, ബന്ധുമിത്രാദികൾ, അഭ്യുദയകാംക്ഷികൾ, സിസ്റ്റേഴ്സ്, ബഹു. വൈദികർ തുടങ്ങി ജീവിതത്തിന്റെ നാനാതുറയിലുള്ളവർ അന്തിമോപചാരം അർപ്പിച്ചു. അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി മദറിനുവേണ്ടി വി. കുർബ്ബാന അർപ്പിച്ച് ചരമപ്രസംഗവും നടത്തി. അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ (തിരുവല്ല) തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷ ആരംഭിച്ചു. ധാരാളം ബഹു. വൈദികർ, മദേഴ്സ്, സിസ്റ്റേഴ്സ്, ഇടവക ജനങ്ങൾ, ബന്ധുമിത്രാദികൾ എന്നിങ്ങനെ ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ മദറിന്റെ മൃതദേഹം നാലാഞ്ചിറ



മഠത്തിന്റെ സെമിത്തേരിയിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ സംസ്കരിച്ചു.

## ഉപസംഹാരം

52 വർഷത്തോളം ബഥനിയിൽ ജീവിച്ച് 79-ാം വയസ്സിൽ നിത്യതയിൽ പ്രവേശിച്ച മദർ സൈബാറിന്റെ പ്രാർത്ഥനയും നിഷ്ഠാജീവിതവും സന്തോഷപ്രകൃതിയും, ഹൃദയാർദ്രതയും, ലാളിത്യവും ശാന്തമായ പെരുമാറ്റവും അനുകരണാർഹങ്ങളാണ്. ധന്യമായ ആ ജീവിതത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ !!!

### സഹായക ഗ്രന്ഥങ്ങൾ

1. ബിഷപ്പ് മാർ തെയോഫിലോസ് - ഫാദർ പക്കോമിയോസ് OIC
2. മദർ സൈബാർ - ജന്മശതാബ്ദി സ്മരണിക
3. വാടാമലരുകൾ - സിസ്റ്റർ ഹെലേന എസ്.ഐ.സി.
4. ബഥനി

www.malankaralibrary.com



മദർ ഹൈമനൂസ്

1906 – 1980

www.malankaralibrary.com

# മദർ ഹൈമനൂസ്

*(സി. വിജയ പത്തനംതിട്ട)*

## അദ്ധ്യായം 1
## സഭാ ചരിത്ര പശ്ചാത്തലം

മഹാന്മാർ മരിച്ചാലും അവരുടെ പ്രവർത്തനങ്ങളിൽ അവർ ജീവിക്കും. ബഥനിയുടെ സ്ഥാപകനും ഭാഗ്യസ്മരണാർഹനും സഭൈക്യ പ്രസ്ഥാനത്തിന്റെ പുണ്യശിൽപിയുമാണ് ദൈവദാസൻ മാർ ഈവാനിയോസ്. തന്റെ ഉറച്ച സന്ന്യാസദർശനങ്ങളുടെയും അചഞ്ചലമായ ബോദ്ധ്യങ്ങളുടെയും പ്രതിഫലനമാണ് 1919-ൽ പെരുന്നാട്ടിൽ മുണ്ടൻമലയിൽ സ്ഥാപിതമായ സന്ന്യാസാശ്രമം. ''ദൈവസേവനത്തേക്കാൾ ദൈവസമ്പാദനം അത്യുത്തമം'' എന്ന് വന്ദ്യപിതാവിന് ബോദ്ധ്യപ്പെട്ടു.

1653 ലെ കൂനൻകുരിശ് സത്യത്തോടുകൂടി സഭാഗാത്രത്തിന് നേരിട്ട പിളർപ്പ് ഒരു ചരിത്രസത്യമായി തെളിഞ്ഞുനിന്നു. ഈ മുറിവ് സഭയുടെ ഐക്യത്തിൽകൂടി മാത്രമേ സൗഖ്യമാകൂ എന്ന് മനസ്സിലാക്കി അതിനായി പരിശ്രമിച്ചു എം.എ. അച്ചൻ എന്നറിയപ്പെടുന്ന ഫാദർ പി.റ്റി. ഗീവറുഗീസ്. ഭാരതജനതയ്ക്ക് ക്രിസ്തുസാക്ഷ്യം നൽകാനും മലങ്കരസഭയുടെ പുനരുദ്ധാരണത്തിനും സ്വയം സമർപ്പിച്ചു, പ്രാർത്ഥിച്ചു ലക്ഷ്യപ്രാപ്തിയിലെത്തിച്ചേർന്നു. ഈ ലക്ഷ്യാവിഷ്കരണമാണ് ബഥനി സന്ന്യാസ സമൂഹങ്ങൾ.

അധികാര വടംവലി, കക്ഷിവഴക്ക് ഇവകളാൽ ആദ്ധ്യാത്മിക ചൈതന്യം സ്വന്തം സഭയിൽ നഷ്ടപ്പെട്ടു. അതിനെ രക്ഷിച്ച് സമാധാനത്തിന്റെയും ഐക്യത്തിന്റെയും പാതയിലേയ്ക്ക് നയിക്കുന്നതിന് ശ്രമമായി, എം.എ. അച്ചൻ. വളരെ ചെറുപ്പം മുതലെ തന്നിൽ മുളയെടുത്തിരുന്ന സന്ന്യാസാഭിമുഖ്യം ശക്തിയായി വളർന്നുതുടങ്ങി. സഭയിലും ചെറുഘടകമായ കുടുംബങ്ങളിലും ആദ്ധ്യാത്മിക വളർച്ച ശക്തിപ്പെടുത്താൻ ഏറ്റം പറ്റിയ മാർഗ്ഗം

www.malankaralibrary.com

എം.എ. അച്ചൻ കണ്ടെത്തിയത് സഭയ്ക്കും സഭാമക്കൾക്കും വേണ്ടി ആത്മാർപ്പണം ചെയ്യുവാൻ തയ്യാറാകുന്ന സ്ത്രീ പുരുഷന്മാരുടെ സമൂഹരൂപീകരണമാണ്.

കൽക്കട്ടായിൽ സെറാമ്പൂർ കോളേജിൽ പ്രൊഫസറായി കഴിയുന്ന കാലത്ത് സമർത്ഥരായ ഏതാനും വൈദിക വിദ്യാർത്ഥികളെയും കുലീന കുടുംബങ്ങളിൽപെട്ടവരും മലങ്കര സഭാസ്നേഹികളും തന്റെ സുഹൃത്തുക്കളുമായവരുടെ മക്കളിൽ ചില പെൺകുട്ടികളെയും ഉപരിപഠനാർത്ഥം കൽക്കട്ടായിൽ താമസിക്കാനുള്ള ഏർപ്പാടുകൾ എം.എ. അച്ചൻ ചെയ്തു. സെറാമ്പൂരിൽ നിന്നും 300 മൈലോളം ദൂരെ ബാരിസോൾ എന്ന സ്ഥലത്ത് ആംഗ്ലിക്കൻ സഭയിലെ എപ്പിഫനി സിസ്റ്റേഴ്സിന്റെ ഒരു സന്ന്യാസഭവനം ഉണ്ടായിരുന്നു. അതിന്റെ സുപ്പീരിയർ മദർ ഈഡിത്തിനെ തന്റെ ആഗ്രഹം അറിയിച്ചു. കേരളത്തിൽ വന്ന് സന്ന്യാസപരിശീലനം നൽകുന്ന കാര്യം പ്രയാസമാണെന്നും ഏതാനും പെൺകുട്ടികളെ ബാരിസോളിൽ കൊണ്ടുചെന്നാൽ അവരെ പരിശീലിപ്പിക്കാമെന്നും മദർ പറഞ്ഞതനുസരിച്ചാണ് പെൺകുട്ടികളെ കൽക്കട്ടായിലേയ്ക്ക് കൊണ്ടുപോയത്. 1915 മുതൽ 1918 വരെയുള്ള വർഷങ്ങളിൽ കൽക്കട്ടായിൽ എത്തിച്ചേർന്ന പെൺകുട്ടികൾക്ക് ഭാഷാപഠനത്തോടൊപ്പം സന്ന്യാസ പരിശീലനവും ലഭിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ തന്നിൽ രൂഢമൂലമായിക്കൊണ്ടിരുന്ന സന്ന്യാസചിന്ത 1919-ൽ എം.എ. അച്ചനെ പ്രൊഫസർ സ്ഥാനം രാജിവച്ച് നാട്ടിൽ എത്തിച്ചു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എല്ലാം വിട്ടുപേക്ഷിച്ച് സന്ന്യാസം സ്വീകരിക്കുവാൻ എം.എ. അച്ചൻ തീരുമാനിച്ചു. അധികാരികളുടെ അനുമതിയോടുകൂടി എം.എ. അച്ചനും ഉപരിപഠനാർത്ഥം സെറാമ്പൂരിൽ പോയിരുന്ന ശെമ്മാശൻമാരും കൂടി കാഷായവസ്ത്രം ധരിച്ച് കേരളത്തിന്റെ വടക്കുകിഴക്കൻ മലപ്രദേശത്തുള്ള മുണ്ടൻമലയിൽ ഒരു ആശ്രമം കെട്ടിയുണ്ടാക്കി ആശ്രമവാസം തുടങ്ങി.

സന്ന്യാസപരിശീലനാർത്ഥം ബാരിസോളിൽ കൊണ്ടുപോയ പെൺകുട്ടികൾക്ക് എപ്പിഫനി സിസ്റ്റേഴ്സ് തനി ഭാരതീയ



രീതിയിൽ സന്ന്യാസപരിശീലനം നൽകിക്കൊണ്ടിരിക്കുമ്പോൾ 1920-ൽ തിരുമൂലപുരത്ത് പെൺകുട്ടികൾക്കായി ബഥനീ ബാലികാമഠം ഇംഗ്ലീഷ് സ്കൂൾ എം.എ. അച്ചൻ സ്ഥാപിക്കണമെന്ന് നിശ്ചയിച്ചു. അദ്ധ്യാപകരായി രണ്ടുപേരെ തന്ന് സഹായിക്കണമെന്ന് മദർ ഈഡിത്തിനോട് ആവശ്യപ്പെട്ടു. എം.എ. അച്ചന്റെ നിർബന്ധം മൂലം ഇംഗ്ലണ്ടിൽ നിന്നും മദർ ഈഡിത്തിന്റെ ഉറ്റ മിത്രങ്ങളായിരുന്ന മിസ് ഹോംസ്, മിസ് ബ്രൂക്സ്മിത്ത് എന്നിവരെ തിരുമൂലയ്ക്ക് വിടാമെന്ന് സമ്മതിച്ചു. എന്നാൽ മലയാളഭാഷ വശമില്ലാത്തതിനാൽ ബാരിസോളിൽ പരിശീലനത്തിലിരിക്കുന്ന പെൺകുട്ടികളേക്കൂടി തങ്ങളോടുകൂടെ അയക്കണമെന്ന് അവർ ശഠിച്ചു. ഗത്യന്തരമില്ലാത്തതിനാൽ ആ പെൺകുട്ടികളും അവരോടുകൂടെ കേരളത്തിലേയ്ക്കുവന്നു. തിരുവല്ലയിൽ തിരുമൂലപുരത്ത് ലളിതമായി പുല്ലുമേഞ്ഞ ഒരു ചെറിയ ഭവനത്തിൽ അവരെ താമസിപ്പിച്ചു. മഹാമനസ്കയായ മദർ പെൺകുട്ടികൾക്ക് സന്ന്യാസപരിശീലനം കൊടുത്തിരുന്ന സിസ്റ്റർ ഹെലനേക്കൂടി തിരുമൂലയ്ക്ക് അയച്ചു. അതിനാൽ 1920 മുതൽ സന്ന്യാസ പരിശീലനം തിരുമൂലയിൽ നടന്നു.

സ്ത്രീകൾക്ക് സന്ന്യാസം നിഷിദ്ധമായി കരുതിയിരുന്ന കാലം. സന്ന്യാസഭവനം ഉണ്ടായാലും സന്ന്യാസപദം എങ്ങനെയെന്ന ചിന്തയിലായി എം.എ. അച്ചൻ. കാരണം മെത്രാൻമാർക്ക് മാത്രമേ സന്ന്യാസവ്രതങ്ങൾ സ്വീകരിക്കുവാൻ പാടുള്ളു. തന്റെ ആഗ്രഹം ദൈവസന്നിധിയിൽ അർപ്പിച്ചു പ്രാർത്ഥിച്ചു. ഒപ്പം സന്ന്യാസപരിശീലനം നടത്തിക്കൊണ്ടിരുന്ന വനിതകളും കണ്ണുനീരോടെ അവരുടെ ആഗ്രഹം ദൈവസന്നിധി യിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. ദൈവഹിതമെങ്കിൽ അതിനുള്ള വഴികൾ ദൈവത്തിൽ തന്നെയുണ്ട്. 1925 മെയ്മാസം 1 ന് ആബോഗീവർഗീസിനെ ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്തു. പലപ്രാവശ്യം താൻ നിരസിച്ച മെത്രാൻസ്ഥാനം ഈ സന്ദർഭത്തിൽ സ്വീകരിക്കുവാൻ ഇടയാക്കിയ കാരണം മഠത്തിലെത്തിയ പിതാവ് അർത്ഥിനികളോട് പങ്കുവെച്ചു. ''മക്കളെ, നിങ്ങളെ പ്രതി ഞാനീ കുരിശു വഹിക്കുവാൻ സമ്മതിച്ചു'' എന്ന് പറഞ്ഞതായി മദർ സൾഗായുടെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com

1925 സെപ്റ്റംബർ 8 ന് ബഥനിയിലെ ആദ്യത്തെ മൂന്ന് അംഗങ്ങൾ ബഥനിയുടെ മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ സന്ന്യാസ പ്രതിജ്ഞ ചെയ്തു സന്ന്യാസിനികളായി. അങ്ങനെ ബഥനി സന്യാസിനി സമൂഹം രൂപംകൊണ്ടു. സംഭവ ബഹുലമായ ഈ കാലഘട്ടത്തിലാണ് കൂടത്തുംമുറി കുടുംബാംഗ മായ കൊച്ചുമറിയാമ്മ (മദർ ഹൈമനൂസ്) സന്ന്യാസജീവിതം ആഗ്രഹിച്ചു തിരുമൂല മഠത്തിൽ വരുന്നത്. 1930 സെപ്റ്റംബർ 20-ന് മാർ ഈവാനിയോസ് തിരുമേനിയുടെ ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നു. അഭിവന്ദ്യപിതാവിന്റെ ആദർശധീരതയും തീരുമാനങ്ങളും ദൈവഹിതവും അനുകരണീയവുമെന്ന് മനസ്സിലാക്കി 1930 സെപ്റ്റംബർ 22-ന് ബഥനിയിൽ അന്നുണ്ടായി രുന്ന കൊച്ചുമറിയാമ്മ ഉൾപ്പെടെ പത്ത് അംഗങ്ങളും സധൈര്യം കത്തോലിക്കാ സഭയിലേയ്ക്ക് പുനരൈക്യപ്പെട്ടു. ഈ വാർത്ത അറിഞ്ഞതോടെ ബന്ധുക്കൾ ശത്രുക്കളായി, അനുഭാവികൾ അകന്നവരായി. കുടുംബാംഗങ്ങൾ വിഷമിച്ചു. ബഥനിയ്ക്കും മാർ ഈവാനിയോസ് തിരുമേനിയ്ക്കും എതിരായി ദൂഷണങ്ങൾ എവിടെയും മാറ്റൊലി കൊണ്ടു. ദൈവത്തിലുള്ള പൂർണ്ണമായ വിശ്വാസത്താൽ പ്രേരിതയായി കൊച്ചുമറിയാമ്മ എതിർപ്പുകളെല്ലാം ധീരതയോടെ തരണം ചെയ്തു. ബഥനിയിലെ ആദ്യ അംഗങ്ങളിൽ ഒമ്പതാമത്തെ അംഗമാണ് മദർ ഹൈമനൂസ്. ത്യാഗോജ്ജ്വലമായ പ്രാർത്ഥന, പ്രവർത്തനങ്ങൾ, ജീവിത ദർശനങ്ങൾ ഇവ ഒരു മുതൽക്കൂട്ടായി ബഥനിക്ക് സമ്മാനിച്ച് ദൈവസ്തുതികളിൽ വ്യാപൃതയായി ഇന്ന് സ്വർഗ്ഗത്തിൽ ബഥനിയെ ദൈവ തിരുമുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. ദൈവഹിതം മാത്രം ജീവിതനിയമമാക്കിയ മദർ ഹൈമനൂസിന് ബഥനിയുടെ ആദരാഞ്ജലികൾ.

## അദ്ധ്യായം 2

## ബാല്യം, സന്ന്യാസവിളി

അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിനാൽ 1925-ൽ സ്ഥാപിതമായ ബഥനി സന്ന്യാസിനീ സമൂഹം 1956 ഓഗസ്റ്റ് 21 ന് പൊന്തിഫിക്കൽ പദവിയിലേയ്ക്ക്



ഉയർത്തപ്പെട്ടു. ആഗോള കത്തോലിക്ക സഭാ ചരിത്രത്തിലും മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക ചരിത്രത്തിലും ബഥനിയുടെ വ്യക്തിത്വം, സവിശേഷത ഇവ ദൈവപിതാവ് അംഗീകരിക്കുന്നു എന്നതിന്റെ പ്രകടമായ തെളിവാണ് ഈ പദവി. 1962-ൽ ജനറൽ സിനാക്സിസ് നടക്കുന്ന സന്ദർഭത്തിൽ മിശിഹാനുകരണ സന്ന്യാസിനി സമൂഹത്തിലെ ആദ്യത്തെ പത്ത് അംഗങ്ങൾക്ക് എന്നേക്കുമായി 'മദർ സ്ഥാനം' കൽപ്പിച്ചുകൊണ്ട് പരിശുദ്ധ സിംഹാസനത്തിൽ നിന്നും അറിയിപ്പ് ലഭിച്ചു. ആദ്യാംഗങ്ങളുടെ വീരോചിതമായ വ്യക്തി പ്രഭാവത്തെ അംഗീകരിച്ചുകൊണ്ടും ആദരിച്ചുകൊണ്ടും ബഥനീമക്കൾക്ക് തിരുസിംഹാസനത്തിൽ നിന്നും ലഭിച്ച മഹാദാനം. ഈ പത്തുപേരിൽ ഒമ്പതാമത്തെ അംഗമാണ് മദർ ഹൈമനൂസ്.

വെണ്ണിക്കുളത്ത് കൂടത്തുംമുറിയിൽ കുടുംബാംഗമായ ഈപ്പന്റെയും കോട്ടയത്ത് വാകത്താനത്ത് വെട്ടിപ്പറമ്പിൽ വീട്ടിൽ ശ്രീമതി അച്ചാമ്മയുടെയും ഏറ്റവും ഇളയ മകളായിരുന്നു മദർ. 1906 മെയ് 21-ന് കൂടത്തുംമുറിയിൽ പടിഞ്ഞാറേമുറിയിൽ വീട്ടിൽ ജനിച്ച ശിശുവിനെ 'ഉണ്ണിച്ചാമ്മ' എന്ന ഓമനപ്പേരിൽ വിളിച്ചിരുന്നു. വെണ്ണിക്കുളം യാക്കോബായ പള്ളിയിൽ വച്ച് കക്കുടിയിൽ എബ്രഹാം കത്തനാർ മാമ്മോദീസായും മൂറോനഭിഷേകവും നൽകി, മറിയം എന്ന മാമോദീസാ പേരും കൊടുത്തു. തികഞ്ഞ യാക്കോബായ പാരമ്പര്യത്തിലും വിശ്വാസത്തിലും മറിയം വളർന്നുവന്നു. മൂന്ന് ജ്യേഷ്ഠ സഹോദരിമാരും ഒരു സഹോദരനു മായിരുന്നു ഉണ്ണിച്ചാമ്മയ്ക്ക് ഉണ്ടായിരുന്നത്.

അന്നത്തെ നാട്ടുനടപ്പനുസരിച്ച് അയ്യൻകോവിൽ ആശാന്റെ അടുത്ത് നാലാമത്തെ വയസ്സിൽ നിലത്തെഴുത്തിനിരുത്തി. അതുകഴിഞ്ഞ് ഒന്നും രണ്ടും ക്ലാസുകൾ വാലാംകര പ്രൈമറി സ്കൂളിലും മൂന്നാം ക്ലാസ് പള്ളിവക സ്കൂളിലും നാലാം ക്ലാസ് വെണ്ണിക്കുളം ഗവൺമെന്റ് ഗേൾസ് സ്കൂളിലും പഠിച്ചു. തുടർന്ന് പ്രിപ്പയാറട്ടറി ക്ലാസ് മുതൽ തേർഡ് ഫോം - ഇന്നത്തെ ഏഴാം സ്റ്റാൻഡേർഡ് വരെ വാലാംകര പള്ളിവക ഇംഗ്ലീഷ് മീഡിയം സ്കൂളിലും അതിന്റെ അടുത്ത ഒരുവർഷം ബാലികാമഠം സ്കൂളിൽ

www.malankaralibrary.com

ഡൊമസ്റ്റിക് സയൻസും പഠിക്കുകയുണ്ടായി.

ഇക്കാലത്താണ് മറിയാമ്മയുടെ കുടുംബം എം.എ. അച്ചനുമായി പരിചയപ്പെട്ടത്. കൂടത്തുംമുറി കുടുംബം എം.എ. അച്ചനുമായി സഭാകാര്യങ്ങളിൽ അതീവ താത്പര്യത്തോടെ സഹകരിച്ച് പ്രവർത്തിച്ചു. മലങ്കരയിൽ രൂപം കൊണ്ട സന്ന്യാസിനീ സമൂഹ ത്തിലെ ആദ്യ അംഗങ്ങളായിരുന്നു മദർ ശൈന, മദർ ഹൂബ, മദർ ദനഹ ഇവർ. മലങ്കര സഭയിൽ ഉടലെടുത്ത ഈ പുതിയ പ്രസ്ഥാനത്തിലേയ്ക്ക് കടന്നുചെല്ലുവാൻ കൊച്ചുമറിയാമ്മ അതിയായി ആഗ്രഹിച്ചു. മറിയാമ്മയ്ക്ക് വിവാഹാലോചനകൾ ഒന്നിനു പുറകെ ഒന്നായി വന്നുകൊണ്ടിരുന്നു. വിവാഹജീവിതമല്ല സന്ന്യാസജീവിതമാണ് തന്റെ വിളിയെന്ന് മറിയാമ്മ മനസ്സിലാക്കി. ദിവസങ്ങൾ കഴിയുംതോറും സന്ന്യാസജീവിതത്തോടുള്ള ആഭിമുഖ്യം മറിയാമ്മയിൽ വർദ്ധിച്ചുകൊണ്ടേയിരുന്നു. സന്ന്യാസം സ്ത്രീകൾക്ക് നിഷിദ്ധമായി കരുതിയിരുന്ന ആ കാലഘട്ടത്തിൽ യാക്കോബായ പാരമ്പര്യത്തിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന മാതാപിതാക്കൾക്ക് മറിയാമ്മയുടെ ആഗ്രഹം ഉൾക്കൊള്ളുവാൻ ഒട്ടും കഴിഞ്ഞിരുന്നില്ല. മറിയാമ്മ തന്റെ ആഗ്രഹസാദ്ധ്യത്തിന് പല മാർഗ്ഗങ്ങളും അവലംബിച്ചു. ഭക്ഷണം ഉപേക്ഷിച്ച് മുറിക്കുള്ളിൽ കതകടച്ച് തനിച്ചിരിക്കുമായിരുന്നു. പഠിക്കുവാൻ പോകാതെ ഒരു വർഷം ഒരു ശീതസമരത്തിൽ വീട്ടിൽ കഴിയേണ്ടി വന്നു. ''മൂന്നുമക്കളെ വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിപ്പിച്ച് സന്തോഷിച്ചതല്ലേ ? ഇനിയും എന്നെ സന്ന്യാസജീവിതത്തിലേയ്ക്ക് അനുവദിച്ച് സന്തോഷിക്കണം'' മറിയാമ്മ അപ്പച്ചനോട് പറഞ്ഞു. മറിയാമ്മയെ തന്റെ ആഗ്രഹത്തിൽനിന്നും പിന്മാറ്റാൻ അസാദ്ധ്യമെന്ന് മനസ്സിലാക്കിയ അപ്പച്ചൻ മനസില്ലാമനസ്സോടെ മകൾക്ക് സമ്മതം നൽകി.

ഒരുവർഷത്തോളം വലുതായ മാനസിക സംഘർഷത്തിൽ കഴിഞ്ഞ ശേഷം 1927 ഡിസംബർ 31 ന് കൊച്ചുമറിയാമ്മ പ്രശ്നങ്ങളെല്ലാം അതിജീവിച്ചു. തിരുമൂലപുരം ബഥനി മഠത്തിൽ ചേർന്ന് സന്ന്യാസ പരിശീലനം തുടങ്ങി. 1929 ഫെബ്രുവരി 24-ന് അർത്ഥിനി പരിശീലനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രവേശിച്ചു.



ഈ ഘട്ടത്തിലാണ് സഭാ സ്നേഹിയായ എം.എ. അച്ചന്റെ നടത്തിപ്പിൽ സംതൃപ്തയായിരുന്ന മറിയാമ്മ എന്തുതന്നെ നേരിടേണ്ടി വന്നാലും പിന്മാറുകയില്ല എന്ന ദൃഢനിശ്ചയത്തോടെ അന്നുണ്ടായിരുന്ന സിസ്റ്റേഴ്സിനോടൊപ്പം 1930 സെപ്തംബർ 22 ന് കത്തോലിക്കാ വിശ്വാസം ഏറ്റുപറഞ്ഞ് മാതൃസഭാംഗമായത്.

1931 ഏപ്രിൽ 18 മുതൽ മറിയാമ്മയുടെ നവശിഷ്യ പരിശീലനം ആരംഭിച്ചു. 1933 ജനുവരി 3 വരെ മദർ ഹൂബ ആയിരുന്നു നവശിഷ്യ ഗുരുനാഥ. അവസാനത്തെ മൂന്ന് മാസം മദർ സൾഗായും 1933 ഏപ്രിൽ 18 ന് അഭി. മാർ ഈവാനിയോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ തിരുമൂലപുരം ചാപ്പലിൽ വച്ച് ആദ്യ വ്രതവാഗ്ദാനം നടത്തി. 'വിശ്വാസം' എന്നർത്ഥമുള്ള ഹൈമനൂസ് എന്ന പേര് കൊച്ചുമറിയാമ്മയ്ക്ക് നൽകി മുദ്ര കുത്തി അനുഗ്രഹിച്ചു. അന്നുമുതൽ പൂർവ്വാധികം സന്തോഷത്തോടെ സന്ന്യാസ വസ്ത്രങ്ങൾ അണിഞ്ഞ് ചുറുചുറുക്കോടെ ദൈവ സമ്പാദനത്തിലും ദൈവസേവനത്തിലും കൊച്ചുസിസ്റ്റർ മുന്നേറി. തിരുവല്ലായിൽ താമസിച്ചുകൊണ്ട് തയ്യൽ പഠിച്ചു. പരീക്ഷ എഴുതി. തിയറിയ്ക്ക് ജയിച്ചു. 1934 മെയ് മുതൽ നങ്ങ്യാർകുളം ബഥനി മഠം വക ഹൈസ്കൂളിൽ തയ്യൽ പഠിപ്പിച്ചു. അദ്ധ്യാപനത്തോടൊപ്പം തയ്യലിന്റെ പ്രാക്ടിക്കൽ പരീക്ഷയും പാസായി. പരീക്ഷ പൂർണ്ണമായും പാസായതോടുകൂടി 1935 മുതൽ ബഥനിമഠം ഹൈസ്കൂളിലെ തയ്യൽ മിസ്ട്രസായി നിയമിതയായി. മദറിന്റെ ക്ലാസ്സ് കുട്ടികൾ വളരെ ഇഷ്ടപ്പെട്ടിരുന്നു. മദറിന്റെ സന്തോഷ പ്രകൃതിയും സ്നേഹമസൃണമായ പെരുമാറ്റവും കുട്ടികളെ വളരെയധികം ആകർഷിച്ചിരുന്നു. ഡിസൈൻ വരച്ച് മേശവിരി, കുഷ്യൻകവർ, തൂവാല ഇവ നിറമുള്ള നൂലുകൾ കൊണ്ട് തയ്പ്പിച്ച് കുട്ടികളിൽ സന്തോഷവും ക്രിയാത്മകത്വവും വളർത്തുവാൻ മദർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 1939 മെയ് 14 ന് തന്നെത്തന്നെ നിത്യഹോമബലിയായി ദൈവത്തിന് സമർപ്പിച്ചു കൊണ്ട് കൂടുതൽ കർമ്മോത്സുകയായി. വി. അഗസ്റ്റിന്റെ വാക്കുകൾ മദറിന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി. ''ഒരു കന്യകയുടെ സന്തോഷം ഈശോയോടുകൂടി, ഈശോയിൽ, ഈശോയ്ക്കു വേണ്ടി, ഈശോ വഴിയാണ്''. (വി. അഗസ്റ്റിൻ.)

www.malankaralibrary.com

സ്നേഹത്തിന്റെയും സേവനത്തിന്റെയും സഹനത്തിന്റെയും സജീവ മാതൃകയായിരുന്നു മദറിന്റെ ധന്യജീവിതം. ഒരമ്മയുടെ സ്നേഹവും കരുതലും പ്രോത്സാഹനവും മദർ നൽകിയിരുന്നു. മദറിന്റെ ആതിഥ്യമര്യാദയും തന്നെ സമീപിക്കുന്നവരോടുള്ള സ്നേഹവാത്സല്യങ്ങളും എടുത്തുപറയേണ്ട ഗുണങ്ങളാണ്. സിസ്റ്റേഴ്സിന്റെ മാതാപിതാക്കളും ബന്ധുക്കളും മദറിന് അന്യരായിരുന്നില്ല. എല്ലാവരെയും മദറിന് വ്യക്തിപരമായി അറിയാമായിരുന്നു.

### അദ്ധ്യായം 3

## പ്രാർത്ഥനാചൈതന്യം

മദറിന്റെ ഏകസഹോദരഭാര്യയുടെ ഓർമ്മക്കുറിപ്പുകളിൽ കാണുന്നു 'മദർ ഞങ്ങളുടെ കുടുംബത്തിന്റെ വിളക്ക്'. മദർ വഴിയായി ദൈവം ധാരാളം അനുഗ്രഹങ്ങൾ കുടുംബത്തിന് നൽകിയിട്ടുണ്ട്. മദറിന്റെ സഹോദരൻ പാപ്പച്ചന് വളരെക്കാലം മക്കളില്ലായിരുന്നു. വീട്ടുകാർക്കും മദറിനും ഇത് വളരെയധികം വേദനയുളവാക്കി. മദർ ഈ വിഷയം ദൈവസന്നിധിയിൽ അർപ്പിച്ച് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. കൂടെയുള്ള സിസ്റ്റേഴ്സിനെക്കൊണ്ടും പ്രാർത്ഥി പ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാരോടും തന്റെ വേദന പങ്കിട്ടു. അവരോടും പ്രാർത്ഥനാ സഹായം അപേക്ഷിച്ചു. മുട്ടിപ്പായി പ്രാർത്ഥിക്കുന്നവർക്ക് ദൈവം ഉത്തരമരുളുന്നു. അത്ഭുതമെന്ന് പറയട്ടെ 15 വർഷത്തിനുശേഷം ദൈവം കനിഞ്ഞ് ഒരു ആൺകുഞ്ഞിനെ അവർക്ക് പ്രദാനം ചെയ്തു. സിസ്റ്റേഴ്സിന്റെ ആഗ്രഹപ്രകാരം ആ കുഞ്ഞിന് ഡോണ (Gift of god) എന്ന് പേരിട്ടു. ഡോണായ്ക്ക് 7 വയസായപ്പോൾ ഒരു കൊച്ചനുജനെയും ദൈവം സമ്മാനിച്ചു. രണ്ടുപേരും പഠനത്തിൽ അതി സമർത്ഥരായിരുന്നു. രണ്ടുപേരും പ്രശസ്തരായ ഡോക്ടേഴ്സ് ആയിത്തീർന്നു. ഡോക്ടർ ഡോണാ കോതമംഗലം ധർമ്മഗിരിയിൽ ചീഫ് ഡയറക്ടറായി 20 വർഷം സേവനം ചെയ്ത ശേഷം തന്റെ സേവനരംഗം ഇംഗ്ലണ്ടിലേയ്ക്ക് വ്യാപിപ്പിച്ചു. ഇംഗ്ലണ്ടിൽ മൂന്നുവർഷത്തെ സേവനത്തിനുശേഷം ഇപ്പോൾ കോട്ടയം മെഡിക്കൽ സെന്റർ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ഡോ:



ജോർജി അമേരിക്കയിൽ 5 വർഷം സേവനം ചെയ്തശേഷം സ്വന്തം നാട്ടിൽ സേവനം ചെയ്യണമെന്ന ആഗ്രഹത്താൽ മദ്രാസ് രാമചന്ദ്രയിൽ Nephrology Head ആയി ജോലി ചെയ്യുന്നു. വിദേശങ്ങളിൽ പലപ്പോഴും ഡോക്ടേഴ്സിന്റെ സമ്മേളനത്തിലേയ്ക്ക് ഡോ: ജോർജി ക്ഷണിക്കപ്പെടുന്നുണ്ട്. ഈ അനുഗ്രഹങ്ങളുടെയെല്ലാം കാരണം മദർ ഹൈമനൂസിനെ മഠത്തിൽ വിട്ടതുകൊണ്ട് മാത്രമാണെന്ന് കുടുംബാംഗങ്ങൾ വിശ്വസിക്കുന്നു. കർത്താവിൽ ആശ്രയിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.

ആഴമേറിയ പ്രാർത്ഥനാനുഭവം ഉള്ള വ്യക്തിയായിരുന്നു മദർ ഹൈമനൂസ്. രാത്രിയുടെ നിശബ്ദതയിൽ സക്രാരിയുടെ മുമ്പാകെ നീണ്ട മണിക്കൂറുകൾ മദർ പ്രാർത്ഥിച്ചിരുന്നു. ഏകാന്തതയിൽ യേശുവിനോടുള്ള സംസർഗ്ഗമായിരുന്നു മദറിന്റെ ശക്തികേന്ദ്രം. പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കുവാനുള്ള ശക്തി പ്രാർത്ഥനയിൽ നിന്നും മദർ കണ്ടെത്തി. മാതാവിനോടു ഒരു പ്രത്യേക ഭക്തി മദറിൽ കണ്ടിരുന്നു. ബാലഭവനിൽ ആയിരിക്കുമ്പോൾ അവിടെ താമസിച്ചിരുന്ന കുഞ്ഞുങ്ങളെയും മാതാവിനോടുള്ള ഭക്തിയിൽ വളർത്തി. ഒരു കറുത്ത ജപമാല കൈവിരലുകൾക്കിടയിൽ കോർത്തുപിടിച്ച് ഇടയ്ക്കിടെ അമ്മേ, മാതാവേ എന്ന് നെടുവീർപ്പിട്ടുപറഞ്ഞുകൊണ്ട് ചുറുചുറുക്കോടെ മദർ നടക്കുമായിരുന്നു. മദറിനോട് ഇടപെടുന്നവരോട് കർത്താവിന്റെ നന്മയെക്കുറിച്ചും സ്നേഹത്തെപ്പറ്റിയും സംസാരിച്ചിരുന്നു. ദൈവാശ്രയത്തോടെ ത്യാഗമനോഭാവത്തോടെയുള്ള മദറിന്റെ നിഷ്ഠാജീവിതവും ജീവിത ലാളിത്യവും മാതൃകാപരമായിരുന്നു. ''സർവ്വസംഗ പരിത്യാഗികളും യഥാർത്ഥ ദൈവസ്നേഹവും ദൈവഭക്തിയും നിറഞ്ഞവരുമായ നിസ്വാർത്ഥരെ കൊണ്ടു മാത്രമേ സുവിശേഷ പ്രഘോഷണം ശക്തിയുക്തം നടത്തുന്നതിനും ഫലം കൈവരിക്കുന്നതിനും സാധിക്കുകയുള്ളു''. (മാർ ഈവാനിയോസ്.)

മദറിൽ കണ്ട വേറൊരു ഭക്തിയായിരുന്നു സ്ലീബാപാഥ. ഭക്തിയോടും ശ്രദ്ധയോടും സ്ലീബാപാഥ നടത്തിയാൽ ഏതുകാര്യവും സാധിക്കും എന്ന ഉറച്ചവിശ്വാസം മദറിനുണ്ടായി

www.malankaralibrary.com

രുന്നു. ഇത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ മദർ സന്തോഷം കണ്ടെത്തി. വി. യൗസേപ്പ് പിതാവിന്റെ മാദ്ധ്യസ്ഥം അസാദ്ധ്യ കാര്യങ്ങൾ നേടിയെടുക്കുവാൻ പറ്റിയത് എന്ന് മദർ വിശ്വസിച്ചിരുന്നു. കാര്യം സാധിക്കുന്നതുവരെ നിർബന്ധം പിടിച്ച് മദർ പ്രാർത്ഥിച്ചിരുന്നു. രാത്രിയിൽ എവിടെയെങ്കിലും നടന്നാൽ കഴുത്തിൽ ഇട്ടിരിക്കുന്ന കുരിശ് പിന്നോട്ടിടും. 'മുമ്പിൽക്കൂടി അശുദ്ധാത്മാക്കൾ വന്നാൽ കുരിശുവരച്ച് അവരെ ഓടിക്കാം. പുറകിൽകൂടി വന്നാൽ പുറത്തുകിടക്കുന്ന കുരിശുകണ്ട് അവർ ഓടും' എന്ന് മദർ വിശ്വസിച്ചിരുന്നു.

ഭക്തകൃത്യങ്ങൾ കൃത്യസമയത്ത് നടത്തുന്ന കാര്യത്തിൽ ജോലിത്തിരക്ക് ഒരു തടസ്സമായിരുന്നില്ല. പ്രഭാതത്തിൽ ദിവസവും 4 മണിയാകുമ്പോൾ എഴുന്നേൽക്കും. പ്രഭാതമണി അടിക്കുന്ന കൃത്യം മദർ തന്നെ നിർവ്വഹിച്ചിരുന്നു. മുട്ടിന്മേൽനിന്ന് കണ്ണുനീരോടെ പ്രാർത്ഥിക്കും.

സന്ന്യാസപരിശീലനം എന്ന ചുമതല മദറിനെ ഏൽപ്പിച്ചിരുന്നപ്പോൾ സന്ന്യാസത്തിന്റെ ആദ്യപടികൾ വളരെ കൃത്യമായി നല്ല നിഷ്ഠയോടെ അവരെ പഠിപ്പിച്ചിരുന്നു. പഠിപ്പിക്കുക മാത്രമല്ല മദറിന്റെ ജീവിതത്തിൽ അവ പ്രായോഗികമാക്കി കാണിച്ചും കൊടുത്തിരുന്നു. ഒരു സന്ന്യാസിനിയുടെ ഇരുപ്പ്, നടപ്പ്, കിടപ്പ്, നോട്ടം ഭാവം, ചിരി, സംസാരം ഇവയിലെല്ലാം പാലിക്കേണ്ട അടക്കമൊതുക്കം മദർ കുട്ടികൾക്ക് മനസ്സിലാക്കി കൊടുത്തു. ഉറങ്ങുവാൻ പോകുമ്പോഴും രാവിലെ ഉണരുമ്പോഴും പരിശുദ്ധമായ ജീവിതം നയിക്കുവാൻ മാതാവിനോട് പ്രാർത്ഥിക്കു വാൻ പരിശീലിപ്പിച്ചിരുന്നു. കിടക്കുവാൻ പോകുമ്പോൾ കിടക്കയ്ക്ക് ചുറ്റും നാല് കുരിശുവരയ്ക്കുക, പ്രഭാതമണി കേൾക്കുമ്പോൾ കിടക്കയ്ക്ക് തീ പിടിച്ചാൽ എന്നപോലെ ചാടിയെഴുന്നേൽക്കുക, എത്രയുംവേഗം ചാപ്പലിൽ എത്തുക ഇവയെല്ലാം മദറിന്റെ ഉപദേശത്തിൽ അടങ്ങിയിരുന്നു. ഇവയെല്ലാം അവസാനകാലം വരെയും മദർ ശീലിച്ചിട്ടുള്ളതാണ്.

ശിശുസഹജമായ ദൈവാശ്രയവും പ്രാർത്ഥനാ ജീവിതവും



മദറിൽ കണ്ടിരുന്നു. ഏത് ആവശ്യത്തിലും ഏതുനേരത്തും മദർ പ്രാർത്ഥനയിൽ ആശ്രയിച്ചു. മറ്റുള്ളവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുവാനും മറക്കുകയില്ല. 'വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ശക്തിമത്താണ്. അത് ഒരിക്കലും പാഴാകുകയില്ല' എന്ന് മദർ പറഞ്ഞിരുന്നു. 'ആശ്രയിക്കുന്നവരെ ഒരു നാളും നിരാശപ്പെടുത്താത്തവനാണ് ദൈവം. ഒരിക്കലും നമ്മെ തള്ളുകയോ സഹായിക്കാതിരിക്കുകയോ ചെയ്കയില്ല'.(മാർ ഈവാനിയോസ്) മദർ ഈരേഴ ബാലഭവനിൽ താമസിച്ചിരുന്ന കാലത്ത് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുമ്പോൾ, കൃഷിയിറക്കുമ്പോൾ കാലാവസ്ഥ അനുകൂലമാകുവാൻ, നെല്ലുണങ്ങുന്നതിന് മഴ തടസ്സമാകാതിരിക്കുവാൻ എന്നുവേണ്ടാ ചെറുതും വലുതുമായ ഏത് കാര്യത്തിനും കൈവിരിച്ച്നിന്ന് പ്രാർത്ഥിക്കുകയും മറ്റുള്ളവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയും ചെയ്തിരുന്നു. വിശുദ്ധരോടും വിശുദ്ധ വസ്തുക്കളോടുമുള്ള മദറിന്റെ ബഹുമാനവും സ്നേഹവും ആരെയും അതിശയിപ്പിക്കുന്നതായിരുന്നു. കൊച്ചുത്രേസ്യാ പുണ്യവതി, അൽഫോൻസാമ്മ, ചാവറ കുറിയാക്കോസ് അച്ചൻ ഇവരുടെയൊക്കെ മെഡലുകൾ, തിരുശേഷിപ്പുകൾ ഇവയെല്ലാം വളരെ ഭദ്രമായി സൂക്ഷിച്ചിരുന്നു. ഇതിനിടയിൽ രസകരമായ ഒരു സംഭവമുണ്ടായി. ആരോ ഒരാൾ ഒരു കുപ്പിയിൽ കുഞ്ഞാടിന്റെ രക്തം എന്നുപറഞ്ഞ് ഭദ്രമായി പൊതിഞ്ഞ് മദറിന് നൽകി. അത് വളരെ ഭക്തി ബഹുമാനത്തോടെ സ്വീകരിച്ചു. കണ്ടുനിന്നവർ മദറിനെ കളിയാക്കി. മദറിന്റെ മറുപടി 'തിരുരക്തമല്ലെങ്കിൽ പോകട്ടെ, ആണെങ്കിൽ ആദരിക്കാതിരിക്കുന്നത് പാപമല്ലെ'. ഇത്രമാത്രം നിഷ്കളങ്കമാനസ ആയിരുന്നു മദർ. മദർ ആരെയും അവിശ്വസിച്ചിരുന്നില്ല.

രോഗത്തിലും പ്രായാധിക്യത്തിലും നോമ്പുകാലങ്ങളിലെ വർജ്ജനയും ഉപവാസവും കുമ്പിടീലും പഴയരീതിയിൽതന്നെ പൂർണ്ണമായി, കൃത്യമായി അനുഷ്ഠിക്കുന്നതിൽ മദർ തത്പരയായിരുന്നു. ഇത് കൊച്ചുതലമുറയ്ക്ക് വലിയ ഒരു മാതൃക ആയിരുന്നു. മദർ പെരുനാട് മാമ്പറ മഠത്തിൽ താമസിക്കുന്ന കാലത്ത് വെണ്ണിക്കുളത്തുനിന്നും സഹോദരൻ പാപ്പച്ചനും ഭാര്യ മറിയാമ്മയും കൂടെക്കൂടെ മദറിനെ കാണുവാൻ മധുരപലഹാരങ്ങൾ,

www.malankaralibrary.com

പഴവർഗ്ഗങ്ങൾ തുടങ്ങിയ വിഭവങ്ങളുമായി വരുമായിരുന്നു. മദർ തന്റെ വാർദ്ധക്യകാലത്ത് ബുദ്ധിമുട്ടിൽ കഴിയുന്നത് അവർക്ക് സഹിക്കുവാൻ പ്രയാസം. 'ഇനിയും ഭൂമിയിലെങ്ങും സ്ഥലമില്ലയോ പെങ്ങളെ' എന്ന സങ്കടകരമായ ചോദ്യത്തിന് മദറിന്റെ മറുപടി "നീ എന്തുവാടാ ഈ പറയുന്നത്, ഞാൻ സുഖിക്കാനല്ല, കർത്താവിനു വേണ്ടി കഷ്ടപ്പെടുവാനും സഹിക്കുവാനുമാണ് മഠത്തിൽ വന്നത്" "യേശുക്രിസ്തുവിന്റെ ഒരു നല്ല പടയാളിയെപ്പോലെ കഷ്ടപ്പാടുകൾ സഹിക്കുക" 2 തിമോ. 2/3 ഇതായിരുന്നു മദറിന്റെ ലക്ഷ്യം. മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ, "ക്ലേശങ്ങളിൽ നമുക്ക് നിരാശയില്ല, ദുഃഖങ്ങളിൽ നമുക്ക് സങ്കടമില്ല". മദറിന് ശക്തി പകർന്നുകൊണ്ടിരുന്നു ഈ വാക്കുകൾ ആദ്യകാലങ്ങളിൽ നങ്ങ്യാർകുളത്തുമഠത്തിൽ താമസിക്കുന്ന സമയത്ത് സാമ്പത്തിക മായി വളരെയധികം ബുദ്ധിമുട്ടുകൾ മദറിന് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഭക്ഷണം ഇല്ലാതെ പലദിവസങ്ങളിൽ പട്ടിണി കിടക്കേണ്ടി വന്നിട്ടുണ്ട്. യാതൊരു പരാതിയോ പരിഭവമോ ഇല്ല. മാർ ഈവാനിയോസ് പിതാവ് ഈ വിവരമറിഞ്ഞ് അരി, പയർ, പച്ചക്കറികൾ ഇവ കാറിന്റെ പുറകിൽ കരുതിക്കൊണ്ട് സിസ്റ്റേഴ്സിനെ സന്ദർശിച്ചിട്ടുണ്ട്. ഏത് വിഷമഘട്ടങ്ങളെയും തരണം ചെയ്യാനുള്ള ശക്തി പ്രാർത്ഥനയിലൂടെ മദർ ആർജ്ജിച്ചിരുന്നു. "ഞാൻ നല്ല ഓട്ടം ഓടി, നീതിയുടെ കിരീടം എനിയ്ക്കായി വച്ചിരിക്കുന്നു". 2 തിമോ. 4/8 വി. പൗലോസ് ശ്ലീഹായെപ്പോലെ വലിയ പ്രതീക്ഷയോടും മനഃശാന്തിയോടും മദറിന് ഈ ലോകത്തിൽ നിന്നും യാത്രയാകാൻ കഴിഞ്ഞു. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനു സരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" റോമ: 8/28 സ്നേഹമയിയായ മദറിന് ഒന്നുംഭാരമായിരുന്നില്ല എല്ലാം ദൈവസ്നേഹത്തെ പ്രതിമാത്രം.

## അദ്ധ്യായം 4

## സേവനരംഗങ്ങൾ

## വിളങ്ങിയിരുന്ന ഗുണങ്ങൾ

1930 നവംബർ 11-ന് അഭിവന്ദ്യ മാർ ഈവാനിയോസ്



പിതാവ് തിരുമൂലമഠത്തിൽ ദിവ്യബലി അർപ്പിച്ചു. അതിനുശേഷം പെൺകുട്ടികൾക്കായി നങ്ങ്യാർകുളത്ത് പണി ആരംഭിച്ചിരിക്കുന്ന സ്കൂളിനെക്കുറിച്ച് വന്ദ്യ പിതാവ് സംസാരിക്കുകയുണ്ടായി. 'ബഥനി ബാലികാമഠം സ്കൂൾ' എന്ന് വിളിക്കപ്പെട്ട സ്കൂളിന്റെ പൂർണ്ണ ഉത്തരവാദിത്വം സിസ്റ്റേഴ്സിന് നൽകി. അഭിവന്ദ്യ പിതാവിന്റെ കരുതലും സ്നേഹവും കണ്ട സിസ്റ്റേഴ്സ് മനം കുളിർത്ത് കണ്ണീർപൊഴിച്ചു. സ്കൂൾ കെട്ടിടത്തിനോടനുബന്ധിച്ച് ഒരു ഓലക്കെട്ടിടം പരിമിതമായ സൗകര്യങ്ങളോടെ നിർമ്മിച്ചിരുന്നു. 1932 മെയ് 16 ന് സ്കൂളും താമസത്തിനുള്ള കെട്ടിടവും കൂദാശ ചെയ്തു സിസ്റ്റേഴ്സിനെ ഏൽപ്പിച്ചു. അന്നുമുതൽ സിസ്റ്റേഴ്സ് അവിടെ താമസമായി. 1935 മുതൽ നങ്ങ്യാർകുളങ്ങര 'ബഥനി ബാലികാമഠം' ഹൈസ്കൂളിൽ തയ്യൽ മിസ്ട്രസായി മദർ ഹൈമനൂസ് തന്റെ സേവനം ആരംഭിച്ചു. "സുകൃതം കൊണ്ട് നിന്റെ ജീവിതത്തെ നിറയ്ക്കുന്നതിനും ആത്മാവിനെ പ്രശോഭിപ്പിക്കുന്നതിനും കർത്താവിനെ മഹത്വപ്പെടുത്തുന്നതിനുമായി സർവ്വ ശക്തികളും പ്രയോഗിച്ച് ഉത്സാഹിക്കുക".(മാർ ഈവാനിയോസ്) മദർ മഠത്തിലെ ജോലികളെല്ലാം ചുറുചുറുക്കോടെ സർവ്വശക്തി കളും പ്രയോഗിച്ച് ചെയ്തിരുന്നു. പള്ളിയിൽ മനോഹരമായ കൊത്തുപണി കളോടുകൂടിയ ത്രോണോസ്, മുട്ടുകുത്തിനിന്നു വി. കുർബ്ബാന സ്വീകരിക്കാനുള്ള ആലങ്കാരികമായി പണി ചെയ്ത നീലർ, മറ്റ് അത്യാവശ്യമായ ഉപകരണങ്ങൾ, വി. കൊച്ചുത്രേസ്യാ യുടെ സ്വന്തം സഹോദരി സിസ്റ്റർ അയച്ചുതന്ന വി. കൊച്ചുത്രേസ്യാ യുടെ രൂപം ഇവയെല്ലാം പള്ളിയിൽ ഉണ്ടായിരുന്നു. മണൽ പ്രദേശമായതിനാൽ പൊടിശല്യം വളരെ ആയിരുന്നു. എങ്കിലും മദർ ഹൈമനൂസ് എല്ലാം സദാ തുടച്ചുമിനുക്കി അതിന്റെ പരിശുദ്ധിയിൽ തന്നെ സൂക്ഷിച്ചിരുന്നു. "എന്നെ പിന്തുടരുവാൻ ആഗ്രഹിക്കുന്നവൻ സ്വന്തം കുരിശും എടുത്തുകൊണ്ട് എന്റെ പിന്നാലെ വരട്ടെ" എന്ന യേശുവിന്റെ ആഹ്വാനത്തിന് ഉത്തരം നൽകിക്കൊണ്ട് ബഥനിയുടെ വിവിധ സ്ഥാപനങ്ങളിൽ മദർ തന്റെ സേവനം കാഴ്ചവച്ചു. സുപ്പീര്യർ, പ്രൊക്യുറേറ്റർ, ഹോസ്റ്റൽ മെസ് മാനേജർ തുടങ്ങിയ ഉത്തരവാദിത്വമുള്ള പല നിലകളിലും മദർ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഏത് ജോലി ഏൽപ്പിച്ചാലും 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്ന പരിശുദ്ധ

www.malankaralibrary.com

മാതാവിന്റെ ജീവിത മന്ത്രം ഉരുവിട്ട് സന്തോഷത്തോടെ സ്വീകരിച്ചിരുന്നു.

ബഥനിയുടെ ആരംഭകാലങ്ങളിൽ പല മഠങ്ങളുടെയും ശൈശവദശാസന്ധികളിൽ സകലതിലും ദൈവപരിപാലനയുടെ കരം ദർശിച്ച് ത്യാഗോജ്ജ്വലമായ രീതിയിൽ നേതൃത്വം നൽകിയ കുലീന വ്യക്തിത്വത്തിന്റെ ഉടമയാണ് മദർ ഹൈമനൂസ്. കല്ലുമല മഠത്തിന്റെയും പെരുനാടു മഠത്തിന്റെയും ആരംഭത്തിൽ സുപ്പീരിയർ ആയിരുന്നുകൊണ്ട് അതിന്റെ ബാലാരിഷ്ടതകൾ വിവേകപൂർവ്വം കൈകാര്യം ചെയ്തത് അനുഭവസ്ഥരായ സഹോദരങ്ങൾ ആദരവോടും ബഹുമാനത്തോടും സാക്ഷിക്കുന്നു. ഏറ്റവും കൂടുതൽ സമയം ഈരേഴ ബാലഭവനിലാണ് തന്റെ സേവനം കാഴ്ചവച്ചത്. "എന്റെ ഏറ്റവും ചെറിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ, എനിയ്ക്കുതന്നെയാണ് ചെയ്തത്". യേശുവിന്റെ ഈ വാക്കുകൾ ബാലഭവനിലെ തന്റെ ജോലികൾ വളരെ സന്തോഷത്തോടെ ചെയ്യുവാൻ വേണ്ട പ്രേരണ മദറിന് നൽകി. 1951 മാർച്ച് 30 മുതൽ 1952 ജൂൺ വരെയും 1958 ജൂൺ മുതൽ 1968 ജൂൺ വരെയും ഈ സ്ഥാപനത്തിന്റെ സുപ്പീരിയർ ആയി അതിനെ നയിച്ചു. കുട്ടികളെ മാതൃസ്നേഹത്തോടു വളർത്തി നല്ല നിലയിൽ ആക്കുവാൻ മദർ പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. മദർ വളർത്തിയ കുട്ടികൾ കേരളത്തിലും വിദേശത്തും ആതുരസേവനത്തിലും അദ്ധ്യാപക വൃത്തിയിലും കഴിയുന്നവരുണ്ട്. നല്ല കുടുംബിനികളുമുണ്ട്. മദർ പാവപ്പെട്ട കുട്ടികൾക്ക് ഒരു അത്താണി ആയിരുന്നു. ജാതിമത ഭേദമെന്യേ കുഞ്ഞുങ്ങളെയും അവരുടെ വീട്ടുകാരെയും സ്വന്തമെന്ന പോലെ കരുതിയിരുന്നു. അനാഥക്കുഞ്ഞുങ്ങളുടെ നൊമ്പരങ്ങളറിഞ്ഞ് അവരുടെ വേദനകളും ദുഃഖങ്ങളും തന്റേതാക്കി മാറ്റി, സത്യത്തിനും ആത്മാർത്ഥതയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള മാതൃസഹജമായ സ്നേഹവും കരുതലുകളും മദറിന്റെ പ്രത്യേകത ആയിരുന്നു. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്ന ക്രൈസ്തവ പ്രമാണം കൈമുതലാക്കി അനേകം പാവങ്ങളെ മദർ സഹായിച്ചു. നാനാജാതി മതസ്ഥരുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റാൻ മദറിന് കഴിഞ്ഞിട്ടുണ്ട്.



കുഞ്ഞുങ്ങളെ ഇഷ്ടപ്പെട്ട മദർ അവരെ കുളിപ്പിക്കുന്നതിനും തലമുടി ചീകി കൊടുക്കുന്നതിലും മധുരപലഹാരങ്ങൾ നൽകുന്നതിലും സന്തോഷം കാണിച്ചിരുന്നു. കൂടുതൽ മാർക്ക് വാങ്ങി സ്കൂളിൽനിന്നും വരുമ്പോൾ അവർക്ക് സമ്മാനം കൊടുത്ത് പ്രോത്സാഹിപ്പിക്കും. പരീക്ഷ പേപ്പറിൽ മദർ തന്നെ അവരുടെ പേരെഴുതികൊടുക്കും. കൂടെക്കൂടെ കുട്ടികളുടെ വിവരമറിയാൻ സ്കൂളിൽ പോകും. കുട്ടികളെക്കൊണ്ട് സ്കൂളിൽ ഡാൻസും പാട്ടും മറ്റ് കലാപരിപാടികളും നടത്തിക്കും. ബാലഭവനിലെ കുട്ടികൾ ഏതിനും മുമ്പിൽ ഉണ്ടായിരിക്കണമെന്ന് മദറിന് നിർബന്ധമായിരുന്നു.

അരിക്ഷാമം വന്ന ഒരുകാലം. സ്കൂളിൽ ഉപ്പുമാവും പാലും കുട്ടികൾക്ക് കൊടുത്തിരുന്നു. അത് കഴിക്കുവാൻ ക്യൂ നിൽക്കണം. ഇല കീറി എടുക്കണം. 'അത് അവർക്ക് നാണക്കേട് ആയിരിക്കും' എന്ന് പറഞ്ഞ് ബാലഭവനിലെ കുട്ടികളെ അതിന് വിട്ടിരുന്നില്ല. കുട്ടികളെ ഒന്നിച്ചുകൂട്ടി മദർ അവർക്കു നല്ല ഉപദേശങ്ങൾ കൊടുത്തിരുന്നു. ചിലപ്പോൾ അന്നത്തെ പത്രം വായിച്ച് കേൾപ്പിക്കും. പ്രാർത്ഥനാവിഷയം അതിൽ ഉണ്ടെങ്കിൽ അത് പ്രത്യേകം മനസ്സിലാക്കി കൊടുക്കും "സത്യം പറയുക, സകലതും സത്യത്തെ മുൻനിർത്തി പ്രവർത്തിക്കുക, എല്ലാറ്റിനും മുമ്പായി ദൈവത്തെ ഓർക്കുക, തിന്മയ്ക്ക് പകരം നന്മ ചെയ്യുക, താഴ്മയോടെ പെരുമാറുക. ഒരുത്തരും വ്യസനിക്കാൻ നാം കാരണമാകരുത്, തെറ്റുപറ്റിയാൽ മാപ്പു ചോദിക്കുക, ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിക്കുക ഇവയെല്ലാം മദറിന്റെ ഉപദേശത്തിന്റെ ചില ഭാഗങ്ങളാണ്. സത്യം, നന്മ, താഴ്മ, സഹോദരസ്നേഹം, പ്രാർത്ഥന, ഇവയെല്ലാം കുട്ടികളെ മനസ്സിലാക്കും. മദറിന്റെ ശുശ്രൂഷ ലഭിച്ചു ബാലഭവനിൽ വളർന്ന ഒരു കുട്ടിയുടെ അഭിപ്രായം "അനാഥരായ കുഞ്ഞുങ്ങളുടെ പരിചരണവും ശുശ്രൂഷയും ഏറ്റെടുത്ത മറ്റൊരു മദർ തെരേസയാണ് മദർ ഹൈമനൂസ്. "സ്നേഹത്തിനർഹതയില്ലാത്തവരെന്നു തോന്നിക്കുന്നവർക്ക് സ്നേഹം കൊടുക്കുന്നതിലാണ് സ്നേഹം എന്ന പുണ്യം അടങ്ങിയിരിക്കുന്നത്" (മദർ തെരേസ.)

www.malankaralibrary.com

ചെങ്ങന്നൂർ സെന്റ് ആൻസ് സ്കൂളിൽ ആദ്യകാലത്ത് കുട്ടികൾ കുറവായിരുന്നു. ഒരുവർഷം ചില ക്ലാസ്സുകൾ നിന്നുപോകുമോയെന്ന് സംശയം. ഈരെഴ ബാലഭവനിലെ ഹൈസ്കൂൾ, മിഡിൽ സ്കൂൾ കുട്ടികളെ സെന്റ് ആൻസിലേയ്ക്ക് കൊണ്ടുപോയി കുട്ടികളുടെ കുറവ് നികത്താമെന്ന് അഭിപ്രായ മുണ്ടായി. റ്റി.സി. വാങ്ങി മദർ തന്നെ കുട്ടികളെ സെന്റ് ആൻസിൽ കൊണ്ടുചെന്നു. അവരെയും സമ്പന്നരായ കുട്ടികളുടെ കൂടെ യാതൊരു കുറവും കൂടാതെ ബോർഡിംഗിൽ താമസിപ്പിക്കണ മെന്ന് മദർ ആവശ്യപ്പെട്ടു. അധികാരികൾ സമ്മതിച്ചു. ഇപ്പോഴും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ ബോർഡിംഗിൽ താമസിപ്പിച്ച് പഠിപ്പിക്കുന്നുണ്ട്. രണ്ടാഴ്ചയിൽ ഒരിക്കലോ, മാസത്തിലൊരിക്കലോ കുട്ടികളുടെ സുഖാന്വേഷണ ത്തിനായി മദർ ചെങ്ങന്നൂർ എത്തുമായിരുന്നു. ഈരെഴ മഠത്തിൽ വിശേഷഭക്ഷണം എന്തെങ്കിലും ഉണ്ടാക്കിയാൽ അതിലൊരുഭാഗം ഈ കുട്ടികൾക്ക് എത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ മദറിന് ഒരിക്കലും മറവി ഉണ്ടായിട്ടില്ല.

''തൊഴിലാളികളെ സ്നേഹിക്കുക, അവരെ സംരക്ഷിക്കുക, അവരെ നയിക്കുക'' (പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ) വി. കുർബ്ബാനയ്ക്കു ശേഷം എന്നും രാവിലെ മദർ പണിസ്ഥലങ്ങൾ സന്ദർശിക്കും. വളരെ സ്നേഹമായി, ശാന്തമായി അവരോട് സംസാരിക്കും. കുടുംബകാര്യങ്ങൾ അന്വേഷിക്കും. അവരുടെ പ്രശ്നങ്ങൾ സശ്രദ്ധം ശ്രവിക്കും. പ്രശ്നപരിഹാരം തന്നാലാവും വിധം പരിഹരിച്ചിട്ടേ അവിടെനിന്നും മാറുകയുള്ളു. തങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു അമ്മയെയാണ് മദറിൽ അവർ കണ്ടിരുന്നത്.

''ആതിഥ്യമര്യാദകൾ കാണിക്കുവാൻ നിങ്ങൾ മറക്കരുത്. അതുവഴി മനസ്സിലാക്കാതെയാണെങ്കിലും മാലാഖമാരെ സൽക്കരിച്ചവരുണ്ട്''. ഹെബ്രാ: 13/2. മദറിന്റെ ജീവിതത്തിൽ എടുത്തുകാണിക്കുന്ന ഒരു ഗുണമാണ് അതിഥി സത്ക്കാരം. ഡൊമസ്റ്റിക് സയൻസ് പഠിച്ചിരുന്ന മദറിന് പാചകകല നല്ല വശമായിരുന്നു. രുചികരമായി ഭക്ഷണം പാകം ചെയ്യുവാനും അത്



മറ്റുള്ളവർ കഴിക്കുന്നത് കാണുവാനും മദർ ഇഷ്ടപ്പെട്ടിരുന്നു. അതിഥികൾക്ക് ഭക്ഷണം കൊടുത്തിട്ട് മദർ അവരുടെ അടുത്തി രുന്ന് സംസാരിക്കും. അവർക്ക് എന്തെങ്കിലും ആവശ്യം ഉണ്ടായാൽ വിളിച്ചാലുടൻ എത്തുവാൻ അടുത്തമുറിയിൽ ആരെയെങ്കിലും നിർത്തിയിരിക്കും. സിസ്റ്റേഴ്സിന്റെ ഭവനങ്ങളിൽ നിന്നും ആരെങ്കിലും വന്നാൽ സ്നേഹത്തോടെ സ്വീകരിച്ച് സൽക്കരിച്ച് വിവരങ്ങൾ ആരാഞ്ഞിരുന്നു.

പാളയം ബഥനി ഹോസ്റ്റലിൽ മദർ ബാസിം, മദർ സൾഗാ ഇവരുടെ അസിസ്റ്റന്റ് വാർഡനായി സേവനം ചെയ്തിട്ടുണ്ട്. സമൂഹാംഗങ്ങൾക്കും ഹോസ്റ്റലിലെ കുട്ടികൾക്കും രുചികരമായ വിവിധങ്ങളായ ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുന്നതിൽ മദർ സന്തോഷവും സംതൃപ്തിയും കണ്ടെത്തിയിരുന്നു. ഹോസ്റ്റൽ വിദ്യാർത്ഥികളുടെ കൊച്ചുമദർ ആയിരുന്നു മദർ ഹൈമനൂസ്. ചെറുപ്രായം തോന്നുന്ന ശരീരപ്രകൃതിയായിരുന്നു. ഏത് കോളേജിലാണ് പഠിക്കുന്നതെന്ന് കുട്ടികളുടെ വിസിറ്റേഴ്സ് ചോദിച്ചിട്ടുണ്ട്. അടുക്കളയിൽ സഹായിക്കുന്നവരോടും ഹോസ്റ്റൽ കുട്ടികളോടും, ആരോടെല്ലാം മദർ ഇടപെടുന്നുവോ അവരോ ടെല്ലാം സുസ്മേരവദനയായി സ്നേഹത്തോടെ ഇടപെട്ടിരുന്നു. മാർത്താ, ശലോമി, ശോശാമ്മ, അന്നമ്മ, റോസമ്മ, മറിയക്കുട്ടി, ചെല്ലമ്മ ഇവരോടെല്ലാം സഹകരിച്ച് ഭക്ഷണകാര്യങ്ങൾ ക്രമീകരിച്ചിരുന്നു. ഇവരുടെ സഹായത്തോടെ പുതിയ പുതിയ പലഹാരങ്ങൾ ഉണ്ടാക്കി എല്ലാവർക്കും കൊടുക്കുക എന്നത് മദറിന്റെ ഒരു ഹോബി ആയിരുന്നു. ''യാതൊരു പരാതിയും ഇല്ലാതെ മറ്റുള്ളവർക്കുവേണ്ടി എത്ര ബുദ്ധിമുട്ടിയാലും അതിന്റെ പ്രതിഫലം ദൈവം തരാതിരിക്കുകയില്ല'' എന്നതായിരുന്നു മദറിന്റെ വിശ്വാസം.''നിങ്ങളുടെ ജോലി എന്തുതന്നെയായി രുന്നാലും മനുഷ്യനെയല്ല ദൈവത്തെ സേവിക്കുന്നതുപോലെ ഹൃദയപരമാർത്ഥതയോടെ ചെയ്യുവിൻ, നിങ്ങൾക്കു പ്രതിഫലമായി കർത്താവിൽനിന്ന് അവകാശം ലഭിക്കുമെന്ന് അറിഞ്ഞു കൊള്ളുവിൻ'' (കൊളോ. 3/23, 24)

നാലാഞ്ചിറ മഠത്തിൽ ഭക്ഷണത്തിന്റെ ചുമതല

www.malankaralibrary.com

ഉണ്ടായിരുന്ന കാലത്ത് ബഥനി ഹോസ്റ്റലിൽ നിന്ന് പഠിക്കുന്ന സിസ്റ്റേഴ്സ് അവധി കിട്ടുമ്പോൾ പ്രൊവിൻഷ്യൽ ഹൗസിൽ പോയി താമസിക്കുമായിരുന്നു. അവധിയ്ക്ക് ചെല്ലുന്ന സിസ്റ്റേഴ്സിനെ സന്തോഷത്തോടെ സ്വീകരിച്ച് അവർക്ക് എന്തൊക്കെ പലഹാരങ്ങളാണ് വേണ്ടത് എന്ന് അന്വേഷിക്കും. മദറിന്റെ ചോദ്യം കേൾക്കുമ്പോൾ അവർക്ക് അറിയാവുന്ന കുറെ പലഹാരങ്ങളുടെ ലിസ്റ്റ് വളരെ തമാശയോടെ അവർ അവതരിപ്പിക്കും. വളരെ ബുദ്ധിമുട്ടുള്ള ഹൽവാ, ഒരപ്പം ഇവയെല്ലാം ലിസ്റ്റിൽ കാണും. അവധി കഴിഞ്ഞ് ഹോസ്റ്റലിൽ പോകാറാകുമ്പോഴേയ്ക്കും ലിസ്റ്റനുസരിച്ചുള്ള ഭക്ഷണം മേശയിൽ നിരത്തും. സിസ്റ്റേഴ്സിനെ വിളിച്ച് ''കഴിക്കൂ സിസ്റ്റേഴ്സ് കഴിക്കൂ, ആവശ്യം പോലെ കഴിക്കൂ'' എന്ന് പറയും. ചോദിച്ചതെല്ലാം കൊടുക്കുവാൻ സാധിച്ചല്ലോ എന്ന ചാരിതാർത്ഥ്യത്തോടെ ആ മുഖം ശോഭിക്കുമായിരുന്നു.

''അദ്ധ്വാനത്തിന് നമ്മുടെ ജീവിതത്തിൽ വിശേഷവിധിയായി സ്ഥാനമുണ്ടായിരിക്കേണ്ടതാണ്. മാനസികാരോഗ്യത്തിനും ആത്മശുദ്ധീകരണത്തിനും അത് നമ്മെ സഹായിക്കും. ശുശ്രൂഷയിലൂടെ സ്വയം ചെലവഴിക്കുന്നതിനുള്ള സേവനസന്നദ്ധത അദ്ധ്വാനജീവിതം നമ്മിൽ വളർത്തുന്നു''.(വിശുദ്ധനിയമം ആർട്ടിക്കിൾ 186.)

അദ്ധ്വാനപ്രിയയായ മദർ ഏത് ജോലിയും ചെയ്യുന്നതിന് തയ്യാറായിരുന്നു. ഈരേഴ ബാലഭവനിൽ കുട്ടികൾക്കുവേണ്ടി നെല്ല്, കൂവരക്, എള്ള് ഇവ കൃഷി ചെയ്തിരുന്നു. കച്ചി ഉണങ്ങിയെടുക്കുക, നെല്ല് ഉണക്കുക, എള്ള് പാകപ്പെടുത്തി ഉണക്കിയെടുക്കുക ഈ ജോലികളെല്ലാം സിസ്റ്റേഴ്സുമൊത്ത് മദർ ചെയ്തിരുന്നു. കുലീന കുടുംബജാതയായ മദറിന് ഈ ജോലികളൊന്നും മാന്യതയ്ക്ക് കുറവുള്ളവയായിരുന്നില്ല. സിസ്റ്റേഴ്സിനെക്കൊണ്ട് ജോലി ചെയ്യിക്കുവാൻ മദർ മടിച്ചിരുന്നില്ല. സിസ്റ്റേഴ്സ് നന്നായി ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ മദറിന് നിർബന്ധമായിരുന്നു. ഭക്ഷണം ആരെങ്കിലും വേണ്ടവിധം കഴിക്കുന്നില്ല എന്ന് മദറിന് ബോദ്ധ്യമായാൽ ആ സിസ്റ്ററിനോട് മദർ പറയും, ''ഭക്ഷണം കഴിഞ്ഞാലുടൻ ഒരു കുപ്പിയുമായി ഹോസ്പിറ്റലിൽ വരെ പോകുക''. തന്റെ ചുമതല



ഉണ്ടായിരുന്ന സിസ്റ്റേഴ്സിൽ എന്തെങ്കിലും തെറ്റുകൾ കണ്ടാൽ അവരെ ശാസിച്ചിരുന്നു. തെറ്റുതിരുത്തി അവരെ സമൂഹത്തിന് യോജിച്ചവരാക്കി തീർക്കണമെന്നതായിരുന്നു മദറിന്റെ ലക്ഷ്യം. തിരുത്തൽ ലഭിക്കുന്ന സിസ്റ്റേഴ്സിന് മദറിനോട് കൂടുതൽ സ്നേഹം തോന്നിയിരുന്നു. അനുഭവസ്ഥരായ സിസ്റ്റേഴ്സ് ഇക്കാര്യങ്ങളെക്കുറിച്ച് വളരെ വാചാലതയോടെ സംസാരിക്കുന്നത് കേട്ടിരിക്കുന്ന ആളിനും സമയം പോകുന്നത് അറിയുകയില്ല. എന്ത് ത്യാഗം സഹിച്ചും 'ലക്ഷ്യം' നേടിയെടുക്കണമെന്നായിരുന്നു മദറിലും കൂടെ ഉണ്ടായിരുന്നവരിലും ഉണ്ടായിരുന്ന ആഗ്രഹം.

അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരേയും വളരെ ആത്മാർത്ഥതയോടെ, ബഹുമാനത്തോടെ, ആദരവോടെ സ്വീകരിക്കുകയും കരുതുകയും ഭക്ഷണം കഴിപ്പിക്കുകയും ചെയ്യുന്നതിൽ മദർ താത്പര്യം കാണിച്ചിരുന്നു. താമസിക്കുന്ന മഠത്തിന് ചുറ്റുമുള്ള എല്ലാ വീടുകളുമായി അടുത്ത പരിചയം ഉണ്ടായിരുന്നു. ആവശ്യങ്ങളിൽ സഹായിക്കുന്നതിലും വയസ് ചെന്നവർ, രോഗികൾ ഇവരെ കരുതുന്നതിലും മദർ അതീവ തത്പരയായിരുന്നു. ആളുകൾ മദറിനെ 'വല്ല്യ സിസ്റ്റർ' എന്നും അതുകേട്ട് കുഞ്ഞുങ്ങൾ 'വല്ലിത്ര' എന്നും വിളിച്ചിരുന്നു. ധാരാളം സ്നേഹിതർ മദറിന് ഉണ്ടായിരുന്നു. എല്ലാ പ്രവർത്തനങ്ങളിലും കുടുംബശ്രേഷ്ഠത തെളിഞ്ഞുനിന്നു. യാതൊരു പരാതിയും ഒന്നിലുമില്ല. ലഭിക്കുന്ന പരിചരണങ്ങൾ അർഹിക്കുന്നതിൽ കൂടുതലെന്ന് രോഗാവസ്ഥയിൽപോലും പറയുമായിരുന്നു. എന്ത് സഹായം സ്വീകരിച്ചാലും നന്ദി പറയുവാൻ മറന്നിരുന്നില്ല.

തെറ്റുപറ്റി എന്നുകണ്ടാൽ ആരോടും ക്ഷമ ചോദിക്കുവാൻ മദർ മടിച്ചിരുന്നില്ല. ബാലഭവനിലെ കുട്ടികൾ സെന്റ് ആൻസ് ബോർഡിംഗിൽ താമസിക്കുന്ന കാലം. ഒരിക്കൽ കുട്ടികളിലൊരാൾ ഒരു പ്രശ്നം വലുതാക്കി പരാതിയുമായി മദറിനെ സമീപിച്ചു.മദർ പരാതി അന്വേഷിക്കുവാൻ സെന്റ് ആൻസിൽ എത്തി. അന്നത്തെ സുപ്പീരിയർ സി. ഹെലനായെ കണ്ടു. അൽപം കർശനമായി മദർ സിസ്റ്ററിനോട് സംസാരിച്ചു. കുട്ടിയുടെ സാന്നിദ്ധ്യത്തിൽ മദർ

www.malankaralibrary.com

സത്യാവസ്ഥ മനസ്സിലാക്കി. കുട്ടിയെ വിളിച്ച് തിരുത്തൽ കൊടുത്തു. സിസ്റ്ററിനോട് മദർ ആത്മാർത്ഥമായി ക്ഷമ ചോദിച്ചു. സമൂഹത്തിൽ സിസ്റ്ററിനേക്കാൾ മുതിർന്ന ആളും സിസ്റ്ററിന്റെ ഗുരുവുമായ മദർ ഹൈമനൂസ് സിസ്റ്ററിനോട് ഒരു കൊച്ചു കുട്ടിയെപ്പോലെ ക്ഷമ ചോദിച്ച ലാളിത്യത്തിന്റെ, വിനയത്തിന്റെ പാഠം സിസ്റ്ററിന് വളരെ പ്രചോദനമായിരുന്നു എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. 'മദറിന്റെ സ്നേഹവും അടുപ്പവും കുറെക്കൂടി കൂടിയതല്ലാതെ അൽപം പോലും കുറവുണ്ടാക്കിയില്ല' എന്ന് സിസ്റ്റർ സാക്ഷിക്കുന്നു.

പ്രേഷിത ചൈതന്യം നിറഞ്ഞുനിന്ന ഒരു വ്യക്തി ആയിരുന്നു മദർ ഹൈമനൂസ്. 1968 ൽ റാന്നി പെരുനാട് മഠത്തിന്റെ ആരംഭകാലം. ബഥനി പ്രസ്ഥാനത്തിന്റെ പ്രാരംഭസ്ഥലമായ പെരുനാട് മുണ്ടൻമലയ്ക്കടുത്ത് ഒരു മഠം തുടങ്ങാൻ പലരും ആഗ്രഹിച്ചു. 1968 ജൂൺ 13 ന് ചെറിയ മൂന്നു നാലുമുറികളുള്ള ഒരു പഴയകെട്ടിടത്തിൽ മഠം ഉദ്ഘാടനം ചെയ്തു. അതിന്റെ സുപ്പീരിയർ മദർ ഹൈമനൂസ്, മറ്റ് അംഗങ്ങൾ സിസ്റ്റർ സോഫിയ, സിസ്റ്റർ സ്റ്റേഫാന ഇവർ രണ്ടുപേരും കക്കാട് യു.പി. സ്കൂളിൽ അദ്ധ്യാപകർ. ഈ സ്കൂൾ പെരുനാട് മടത്തുംമൂഴി പേഴുംപാറ റോഡിന് സമീപം കാഞ്ഞിരംപള്ളി, കണ്ടംകുളം മുതലാളിമാർ അവരുടെ തോട്ടംതൊഴിലാളികളുടെ മക്കളെ പഠിപ്പിക്കാൻ സ്കൂളിനുവേണ്ടി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന് നൽകിയ സ്ഥലത്താണ് മുകളിൽ പറഞ്ഞ സ്കൂൾ. 1500 ഏക്കർ കണ്ടംകുളം തേയിലത്തോട്ടം, 1000 ഏക്കർ കാവനാൽ റബ്ബർതോട്ടം, 300 ഏക്കർ ലിറ്റിൽ ഫ്ളവർ തോട്ടം ഇവയുടെ ഇടയ്ക്കുള്ള ഒരു കുന്നിലാണ് ഈ സ്കൂൾ. ഈ സ്കൂളിന്റെ താഴെയുള്ള കുന്നിലാണ് കണ്ടംകുളം തോട്ടത്തിന്റെ ഓഫീസ്. മൂന്നാലുമുറികളുള്ള പഴയകെട്ടിടമാണ് മഠത്തിന്റെ താത്കാലിക വസതി. റബർ തോട്ടത്തിന്റെ ഇടയ്ക്കുള്ള ഈ പഴയകെട്ടിടത്തിൽ വിഷമുള്ള പാമ്പുകളെയും കാണാറുണ്ടായിരുന്നു. രാത്രിയിൽ ഭയം ജനിപ്പിക്കുന്ന ശബ്ദകോലാഹലങ്ങൾ, വനത്തിലെ ജന്തുക്കളുടെയും പക്ഷികളുടേതുമെന്ന് ക്രമേണ മനസ്സിലായി. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതുപോലെ കണക്കില്ലാത്ത മിന്നാമിനുങ്ങുകൾ



റബ്ബർ മരങ്ങളുടെ മുകളിൽ പ്രത്യക്ഷപ്പെടുന്നത് ഒരു നല്ല കാഴ്ച ആയിരുന്നു. കെട്ടിടത്തിൽ ലൈറ്റും വെള്ളവും ഇല്ല. ഒരു മഴ പെയ്താൽ ചുറ്റുപാടും ഊറ്റുവെള്ളം. കെട്ടിടത്തിന് താഴെയായി ഉണ്ടായിരുന്ന തോട്ടക്കിണർ കോരി വൃത്തിയാക്കി വെള്ളം ചുമന്ന് മുകളിൽ കൊണ്ടുവരണം. അനാരോഗ്യമോ പ്രായാധിക്യമോ ഒന്നും ഗൗനിക്കാതെ നമ്മുടെ മദർ ഹൈമനൂസ് എല്ലാത്തിനും മുമ്പിൽ കാണും. കൂടെ താമസിച്ചിരുന്ന സിസ്റ്റർ സോഫിയാതന്നെ ഇവ സാക്ഷിക്കുന്നു.

കക്കാട് യു.പി. സ്കൂളിനെ റ്റീച്ചേഴ്സ് വിളിച്ചിരുന്നത് എം.എസ്.സി. മാനേജ്മെന്റിന്റെ 'ആൻഡമാൻസ്' എന്നാണ്. 'പണിഷ്മെന്റ് ട്രാൻസ്ഫർ' കൊടുക്കുന്ന സ്ഥലമെന്നും പറയാറുണ്ട്. അസൗകര്യങ്ങൾ വളരെ ഉണ്ടായിരുന്നിട്ടും മദറിന്റെ സ്നേഹപൂർവ്വമായ കരുതലും സഹകരണവും, ത്യാഗവും അതിലുമുപരി മദറിന്റെ പ്രാർത്ഥനയും കൂടെയുള്ളവർക്ക് ആശ്വാസവും പ്രചോദനവും നൽകിയിരുന്നു. സ്കൂൾ കുട്ടികൾക്ക് സോഷ്യൽ വർക്ക് സെന്ററിൽ നിന്നും ലഭിച്ചിരുന്ന ഗോതമ്പ്, പാൽ ഇവ പാകം ചെയ്തു കുട്ടികളെ കഴിപ്പിക്കുന്ന ചുമതല മദർ ഏറ്റെടുത്തു.

"ഞാൻ സുവിശേഷം പ്രസംഗിക്കുന്നുവെങ്കിൽ അതിൽ എനിയ്ക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം". (1 കോരി. 9/16.) ഈ വചനം മദറിന്റെ ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ മദർ നന്നായി ശ്രദ്ധിച്ചിരുന്നു. പെരുനാടിന് അപ്പുറമുള്ള നമ്മുടെ പള്ളികളിലേയ്ക്ക് യാത്രാ സൗകര്യങ്ങൾ വളരെ കുറവായിരുന്നു. ആങ്ങംമൂഴി, ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്,വടശ്ശേരിക്കര, മണ്ണാറക്കുളത്തി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ഭവന സന്ദർശനം, രോഗീ സന്ദർശനം, ഇവ സിസ്റ്റേഴ്സിനോടൊപ്പം മദർ നടത്തിയിരുന്നു. പോകുമ്പോൾ വഴിയിൽ സംസാരം പാടില്ല, അങ്ങോട്ടുമിങ്ങോട്ടും നോക്കാതെ കൊന്ത, സുകൃതജപങ്ങൾ ഇവ ചൊല്ലണം. ഇവ മദറിന് നിർബന്ധമായിരുന്നു. മാമ്പാറ പള്ളിയിൽനിന്നും ബഹു. വൈദികർ സാധിക്കു

www.malankaralibrary.com

മ്പോഴൊക്കെ മഠത്തിൽ വന്ന് വി. കുർബാന അർപ്പിക്കുമായിരുന്നു. അവർക്ക് അസൗകര്യമുള്ള ദിവസങ്ങളിൽ സിസ്റ്റേഴ്സ് മാമ്പാറ പള്ളിയിൽ വി. കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. കാലു പൊട്ടുന്നതുകൊണ്ട് ചെരിപ്പ് ഉപയോഗിക്കാൻ മദറിന് പ്രയാസം. റോഡ് ശരിയാക്കാനായി റോഡിൽ റബിൾസ് നിരത്തിയിട്ടിരിക്കുന്നു. റബിളിന്റെ മുകളിൽക്കൂടി മദർ ത്യാഗത്തോടെ നടന്നിരുന്നു. സാധനങ്ങൾ വാങ്ങാൻ പത്തനംതിട്ട പോകണം. കുറച്ചുദൂരെയുള്ള റോഡിൽകൂടി ഒറ്റ ബസ്സുമാത്രം. സാധനങ്ങൾ മടത്തുംമൂഴി പാലത്തിന്റെ അടുത്തുനിന്നും ചുമന്ന് തോട്ടക്കെട്ടിടം വരെ പോകേണ്ടിയിരുന്നു. അറുപതു കഴിഞ്ഞ മദർ അതിനും തയ്യാർ.

ചുറ്റും വിസ്തൃതമായ തോട്ടം, അയൽപക്കമില്ല. ജനവാസം വളരെ വിരളം. വേറെ ഒരു സ്ഥലം കണ്ടുപിടിച്ചു മഠം പണിയണമെന്ന് മാർ ഗ്രീഗോറിയോസ് തിരുമേനി അഭിപ്രായപ്പെട്ടു. മദറിന്റെ അടുത്ത ശ്രമം മഠത്തിന് സ്ഥലം കണ്ടുപിടിക്കുക, മഠം പണിയുക ഇവയിലായി. ഇപ്പോഴത്തെ മഠം സ്ഥിതി ചെയ്യുന്ന സ്ഥലം ഒരു ഈഴവനിൽനിന്നും വാങ്ങി. പാറപ്രദേശത്ത് ഒരു കിണറും കുഴിപ്പിച്ചു. ഇതിന്റെ പുറകിലുണ്ടായിരുന്ന മദറിന്റെ അദ്ധ്വാനം വളരെയാണ്. പ്രാർത്ഥനയും പരിത്യാഗവും എല്ലാം ദൈവസന്നിധിയിൽ അർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലം.

സ്നേഹത്തിന്റെയും സേവനത്തിന്റെയും സഹനത്തിന്റെയും മഹനീയ മാതൃക നൽകിയ ധന്യജീവിതം. ഒന്നിലും പരാതിയില്ല. ഒരുത്തരേയും താഴ്ത്തി സംസാരിക്കുകയില്ല. എല്ലാവർക്കും ആശ്വാസമേകുന്ന വാക്കുകൾ, സിസ്റ്റേഴ്സ് മാത്രമല്ല അവരുടെ മാതാപിതാക്കളും മദറിന് അന്യരായിരുന്നില്ല. മദറിന്റെ വിനയസ്വഭാവം മദർ എത്രമാത്രം ഉന്നതയാണെന്നും ദൈവകൃപയ്ക്ക് പാത്രീഭൂതയായിരുന്നെന്നുമുള്ളതിന്റെ തെളിവായിരുന്നു. എന്തെന്നാൽ "നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാകുക, അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും". പ്രഭാ: 3/18



അദ്ധ്യായം 5

## അന്ത്യനാളുകൾ

"എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാകുന്നു." ഫിലിപ്പി: 1/21 'ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലെ പുതുജീവനിലേയ്ക്ക് പ്രവേശിക്കുവാനായി അവിടുത്തെ സഹനത്തിലും മരണത്തിലും പങ്കുചേരേണ്ടിയിരിക്കുന്നു. മദർ ഹൈമനൂസിനെ സംബന്ധിച്ചിടത്തോളം കാര്യമായ അസുഖങ്ങളൊന്നും ഉണ്ടായിട്ടില്ല. 1980 ഏപ്രിൽ മാസത്തിൽ മാവേലിക്കര കല്ലുമല മഠത്തിൽ വച്ച് മദറിന് വലിയ ക്ഷീണം തോന്നി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി പരിശോധന നടത്തി. മദറിന് ലിവറിൽ ക്യാൻസർ എന്ന് കണ്ടു പിടിച്ചു. ഒരു ഓപ്പറേഷൻ ആവശ്യമായിരുന്നിട്ടും മദറിനെ സംബന്ധിച്ച് പ്രയാസമായിരുന്നതിനാൽ മെഡിക്കൽ കോളേജിൽനിന്ന് നാലാഞ്ചിറ മഠത്തിലേയ്ക്ക് മദറിനെ മാറ്റി. വേദന കുറയ്ക്കുന്നതിനും ആശ്വാസത്തിനുമായി ഹോമിയോ ചികിത്സ തുടങ്ങി. രോഗി ആണെന്ന ചിന്ത മദറിനെ അലട്ടിയിരുന്നില്ല. മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതെ ചെയ്യാവുന്ന സംഗതികൾ തനിയെ ചെയ്യണമെന്ന് നിർബന്ധമായിരുന്നു. കളി പറയാനും കളിയാക്കുവാനും പൊട്ടിച്ചിരിക്കുവാനും മദർ മടിച്ചിരുന്നില്ല. മദറിന്റെ സഹോദരമക്കളായ ഡോ: ഡോണയും ഡോ: ജോർജിയും ഹോസ്പിറ്റലിൽനിന്ന് കിട്ടിയ മദറിന്റെ റിപ്പോർട്ട് കണ്ട് രോഗത്തിന്റെ തീവ്രത മനസ്സിലാക്കി. ഇതിനിടെ ഒരു തീർത്ഥാടനമായി വീട്ടിൽനിന്നും സഹോദരനുമൊത്ത് വേളാങ്കണ്ണിയിൽപോയി പരിശുദ്ധ മാതാവിന്റെ കൃപ നേടുന്നതിന് സാധിച്ചത് വലിയ അനുഗ്രഹമായി, അനുഭവമായി മദർ പറഞ്ഞിട്ടുണ്ട്.1980 സെപ്തംബർ ആയപ്പോഴേയ്ക്കും മഞ്ഞപ്പിത്തത്തിന്റെ ലക്ഷണങ്ങളും മദറിൽ കണ്ടുതുടങ്ങി. കാലിലും വയറിനകത്തും നീർക്കോളും സമാന്യം നല്ല വേദനയുമുണ്ടായി. എന്നിട്ടും ഒന്നര ആഴ്ചയോളം രോഗമൊന്നും ഇല്ലാത്തവരെപ്പോലെ ഓടി നടക്കുന്ന കാഴ്ച എല്ലാവരെയും അത്ഭുതപ്പെടുത്തി. പ്രാർത്ഥന, ഭക്ഷണം, യാമ പ്രാർത്ഥന, ഉല്ലാസം തുടങ്ങിയ കൂട്ടക്രമങ്ങളിലെല്ലാം സന്നിഹിതയായിരുന്ന മദറിന്റെ സാന്നിദ്ധ്യം എല്ലാവർക്കും വലിയ ഒരു മാതൃകയായിരുന്നു.

www.malankaralibrary.com

ഡോക്ടേഴ്സ് മഠത്തിലെത്തി പരിശോധിക്കുന്നുണ്ടായിരുന്നു. അന്ത്യസമയം പെട്ടെന്ന് ആയിരിക്കുമെന്ന് ഡോക്ടേഴ്സ് അറിയിച്ചതിനാൽ മദർ തീരെ അവശയാകുന്നതിന് മുൻപ് 'രോഗീലേപനം' കൊടുക്കണമെന്ന് അധികാരികൾ തീരുമാനിച്ചു.

1980 സെപ്തംബർ 19 ന് അഭിവന്ദ്യ പീലക്സിനോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ മദറിന് രോഗീലേപനം നടത്തി. പരസഹായം കൂടാതെ തന്നത്താനെ, ഒരുങ്ങി തൈലാഭിഷേകത്തിനായി കിടക്കയിലായി. എല്ലാ പ്രാർത്ഥനയും സ്ഫുടമായി അനുതാപത്തോടെ ഏറ്റുചൊല്ലി കൂദാശ സ്വീകരിക്കുന്ന മദറിനെ അത്ഭുതത്തോടെ, ആദരവോടെ ചുറ്റുംനിന്ന് സിസ്റ്റേഴ്സ് വീക്ഷിച്ചു. അനുദിനം രോഗം വർദ്ധിച്ചുകൊണ്ടിരുന്നു. ഡോക്ടേഴ്സ് നിർബന്ധമായി ബഡ്റെസ്റ്റ് കൽപ്പിച്ചു. ശുശ്രൂഷിക്കുവാൻ രാത്രിയിൽ നിന്നവരോട് "നിങ്ങൾ പോയി കിടന്നുറങ്ങൂ, ഞാൻ ഇപ്പോഴൊന്നും മരിക്കുകയില്ല" എന്ന് പലപ്രാവശ്യം മദർ പറഞ്ഞിട്ടുണ്ട്. മരണത്തിന് ഏതാനും ദിവസം മുമ്പുവരെയും എല്ലാ കൂട്ടക്രമങ്ങളിലും മദർ പങ്കെടുത്തിരുന്നു. സ്വയം ചെയ്യാവുന്നവ നിർബന്ധം കാണിച്ച് തനിയെ ചെയ്തിരുന്നു. "കിടക്കയിൽ കിടന്ന് ആരെയും ഭാരപ്പെടുത്താതെ കടന്നുപോകണം" ഇതായിരുന്നു, മദറിന്റെ പ്രാർത്ഥന. "ഞാൻ ചോദിച്ചതൊന്നും തമ്പുരാൻ തരാതിരുന്നിട്ടില്ല ഇതും തമ്പുരാൻ തരുമെന്നാണ് എന്റെ വിശ്വാസം" മദർ പറയുമായിരുന്നു. വർദ്ധിച്ചു വന്നിരുന്ന രോഗം മദറിനെ തളർത്തിയെങ്കിലും മരണകരമായ ക്ഷീണം ആർക്കും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല.

1980 സെപ്തംബർ 27 ന് വൈകിട്ട് 6.20 ന് സ്വന്തം സഹോദരനും സിസ്റ്റേഴ്സും പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ മദറിന്റെ പാവനാത്മാവ് നിത്യസമ്മാനത്തിനായി സ്വർഗ്ഗത്തിലേയ്ക്ക് പറന്നുയർന്നു. മരിക്കുമ്പോൾ മദറിന് 75 വയസ്സുണ്ടായിരുന്നു. 28-ന് ഉച്ചയ്ക്കുശേഷം മൂന്നുമണിക്ക് ബഹു. മോൺ. സി.റ്റി. കുരുവിള അച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. ബന്ധുമിത്രാദികളും നാട്ടുകാരും സ്നേഹിതരും ധാരാളം വൈദികരും സിസ്റ്റേഴ്സും



ഉൾപ്പെടെ ഒരു വലിയ ജനാവലി സംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. അഞ്ചുമണിയോടെ നാലാഞ്ചിറ മഠം വക സെമിത്തേരിയിൽ തയ്യാറാക്കിയ കല്ലറയിൽ മദറിന്റെ മൃതശരീരം സംസ്കരിച്ചു. മദർ ഹൈമനൂസ് ഒരു ഓർമ്മയായി.

മദറിന്റെ അന്ത്യാഭിലാഷവും വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം നിറവേറ്റി. മദറിന്റെ മരിക്കാത്ത, മറക്കാത്ത ഓർമ്മകൾ, നന്മകൾ ബഥനിയിൽ നിലനിൽക്കുന്നു. സ്വർഗ്ഗത്തിൽ ബഥനിക്കുവേണ്ടി നിത്യപിതാവിൽനിന്നും നന്മകൾ, കൃപകൾ വാരിച്ചൊരിയുന്നു മദർ ഹൈമനൂസ്. ബഥനിയിലെ മാർത്തായെപ്പോലെ ദൈവസ്നേഹം നിറഞ്ഞ ശുശ്രൂഷയിലും അതിഥി സൽക്കാരത്തിലും പകൽ മുഴുവൻ ഏർപ്പെട്ടിരുന്ന മദർ രാത്രിയുടെ നിശബ്ദതയിൽ മറിയത്തേപ്പോലെ ദൈവസന്നിധി യിൽ പ്രാർത്ഥനാ നിരതയായിരിക്കുവാൻ കാണിച്ച നിഷ്കർഷ സഹോദരങ്ങൾക്ക് വലിയ ഒരു മാതൃകയായിരുന്നു. തന്റെ ആയുസ്സും ആരോഗ്യവും മറ്റുള്ളവരുടെ നന്മയ്ക്കായി ദൈവം ദാനമായി നൽകിയതാണെന്നുള്ള ഉറച്ചബോദ്ധ്യത്തിൽ കഠിനമായി അദ്ധ്വാനിക്കുന്ന ലളിത ജീവിത രീതിയായിരുന്നു മദറിന്റേത്. മറ്റുള്ളവരെ, അവരുടെ ആവശ്യം തന്റെ ആവശ്യത്തേക്കാൾ പ്രധാനം എന്നു കരുതി സഹായിച്ചിരുന്നു. മറ്റുള്ളവരുടെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച് അവ സാധിച്ചു കൊടുത്തിരുന്നു എന്ന് അനുഭവസ്ഥർ സാക്ഷിക്കുന്നു. ജോലി ചെയ്യുമ്പോൾ പോലും തനിക്കും മറ്റുള്ളവർക്കും ദൈവസാന്നിദ്ധ്യ സ്മരണ ഉണ്ടാകുവാൻ All for Jesus" എന്ന് കൂടെക്കൂടെ ഉരുവിട്ടിരുന്നു. ഏത് ജോലിയും അതിന്റേതായ പ്രത്യേകതയിൽ ചെയ്യുവാനുള്ള നല്ല കഴിവ് മദറിന് ഉണ്ടായിരുന്നു.

ആരംഭകാലത്തെ കഷ്ടാരിഷ്ടതകൾ, സാമ്പത്തിക പരാധീനത ഇവയെല്ലാം മദർ സഹിച്ചു. സേവനം, ലളിത ജീവിതം, കഠിനാദ്ധ്വാനം ഇവ ബഥനിയിലെ തന്റെ പിൻഗാമികൾക്ക് ഒരു മാതൃകയായി തന്നു. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹാശിസ്സുകൾ, ഉപദേശങ്ങൾ ഇവ നേരിട്ട് പിതാവിൽ നിന്നും സ്വീകരിച്ച മദറിന് മലങ്കര കത്തോലിക്കാസഭയെക്കുറിച്ചും

www.malankaralibrary.com

വലിയ അഭിമാനമായിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെ ഗുണഗണങ്ങൾ വർണ്ണിക്കുമ്പോൾ മദർ വളരെ വാചാലയാകുമായിരുന്നു.

'സന്യാസ ജീവിതമാകുന്ന നുകം ലഘുവും മധുരവുമാകുന്നു' എന്ന് മദർ സ്വജീവിതത്തിലൂടെ കാണിച്ചു. സന്ന്യാസനിഷ്ഠ ആദ്യാവസാനം ഒരുപോലെ പാലിച്ച വ്യക്തിത്വം, ശിശുസഹജമായ നിഷ്കളങ്കത, അത്യഗാധമായ ദൈവ വിശ്വാസം, പ്രാർത്ഥനാ ചൈതന്യം, പാവങ്ങളോടുള്ള സ്നേഹവാത്സല്യം, മറ്റുള്ളവരെ ശ്രവിക്കുവാനുള്ള സന്മനസ്സ് ഇവയെല്ലാം മദറിൽ കണ്ട ഗുണവിശേഷങ്ങളാണ്. കുടുംബഭാവനയോടും ഫലിതരസത്തോടും ഭാരങ്ങളും പ്രയാസങ്ങളും നല്ല അരൂപിയിൽ സ്വീകരിക്കുന്നതിനും ദിവ്യനാഥന്റെ ഉത്തമമണവാട്ടിയായി ജീവിച്ച് അന്ത്യസമയത്തും സന്തോഷത്തോടെ യാത്ര പറഞ്ഞ് ദൈവസന്നിധിയിലേയ്ക്ക് പറന്നുയരുന്നതിനും കരുണാനിധിയായ ദൈവം മദറിനെ സഹായിച്ചു. "എന്റെ പിതാവിനാൽ അനുഗ്രഹീതരെ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ". മത്താ: 25/34. ഈ വേദവാക്യം മദറിൽ നിറവേറി. പ്രിയപ്പെട്ട മദറിന് ബഥനി മക്കളുടെ സ്നേഹാദരവുകൾ .





# മദർ ത്രീസൂസ്

1902 – 1974

www.malankaralibrary.com

# മദർ ത്രിസൂസ്

*(സിസ്റ്റർ ഫിലോമിന തിരുവല്ല)*

''സുഹൃത്തിനെയും ശത്രുവിനെയും ഒരുപോലെ സ്നേഹിക്കുകയും സന്തോഷത്തെയും ദുഃഖത്തെയും ഒരുപോലെ വീക്ഷിക്കുകയും ആസക്തികളില്ലാത്തവളായിരിക്കുകയും നിശബ്ദയായി എല്ലാത്തിലും സംതൃപ്തി കണ്ടെത്തുകയും ദൃഢമായ മനസ്സോടെ ദൈവഭക്തിയിൽ ആമഗ്നയായിരിക്കുകയും അവിടുത്തെ തിരുവിഷ്ടത്തിന് കീഴ്‌വഴങ്ങി അനുസരിക്കുകയും ചെയ്യുന്നതാണ് സന്യാസത്തിന്റെ കാതൽ'' എന്ന് ബോദ്ധ്യപ്പെടണമെങ്കിൽ നമ്മുടെ ആദിമചൈതന്യത്തിലേയ്ക്ക് നാം പിന്തിരിയേണ്ടിയിരിക്കുന്നു. മലങ്കരയിൽ സ്ത്രീജന വിദ്യാഭ്യാസമോ സന്യാസപരിശീലനമോ നിഷിദ്ധമായിരുന്ന ഒരു കാലഘട്ടത്തിൽ ദീർഘവീക്ഷണമുള്ള ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രേഷിത ഹൃദയം തുടിച്ചതിന്റെ ഫലമായിട്ടാണ് ബഥനി സന്യാസിനി സമൂഹം രൂപം പ്രാപിച്ചത്. കേരളത്തിലെ ക്രൈസ്തവ സഭകളെക്കുറിച്ചുള്ള പഠനവും പരിശീലനവും ആ വന്ദ്യപിതാവിൽനിന്നുതന്നെ സ്വീകരിച്ച നമ്മുടെ സൂഹത്തിലെ ആദ്യാംഗങ്ങളുടെ സമർപ്പണ ചൈതന്യം വരും തലമുറകൾക്ക് ലഭ്യമാകുന്നതിന് അവരുടെ ചരിത്രം പഠിക്കേണ്ടത് അനുപേക്ഷണീയമാണ്. അകത്തോലിക്കാ സഭാംഗങ്ങളായിരുന്ന അവരെല്ലാം 1930 സെപ്തംബർ 22-ാം തീയതിയിൽ തന്നെ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ കത്തോലിക്കാ സഭയിൽ വിശ്വസിച്ച് സസ്നേഹം ആ സഭയെ ആശ്ലേഷിച്ചു എന്നത് നന്ദിപൂർവ്വം നാം അനുസ്മരിക്കണം. അഞ്ചുവർഷത്തെ സന്ന്യാസ പരിശീലനാനന്തരം സ്ഥാപക പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ അനുസരണം ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ വാഗ്ദാനം ചെയ്ത് ദൈവത്തിന് സമ്പൂർണ്ണ സമർപ്പണം നടത്തി. സന്ന്യാസ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായ വ്രതബദ്ധ ജീവിതം, പ്രാർത്ഥനാ ചൈതന്യം, സമൂഹജീവിതം, പ്രേഷിത ചൈതന്യം എന്നിവ അവരിൽ വിളങ്ങിയിരുന്നു.

www.malankaralibrary.com

ആദ്യത്തെ പത്ത് സന്ന്യാസിനികളിൽ പത്താമത്തെ അംഗമായ മദർ ത്രിസൂസിന്റെ ജീവചരിത്രത്തിലേയ്ക്ക് നമുക്കൊന്ന് കണ്ണോടിക്കാം. കോട്ടയത്ത് തിരുവഞ്ചിയൂർ വേങ്കടത്ത് വീട്ടിൽ ശ്രീ. ഐപ്പ് ജോസഫും വാകത്താനത്ത് കാര്യാ വീട്ടിൽ ശോശാമ്മയുമാണ് മദറിന്റെ മാതാപിതാക്കന്മാർ. അവർ പുതുപ്പള്ളി യിലേയ്ക്ക് മാറിത്താമസിച്ചതിനാൽ 1902 ജൂൺ 4-ാം തീയതി ചിറയ്ക്കൽ പുത്തൻപുരയിലാണ് ഈ പെൺകുഞ്ഞ് ജനിച്ചത്. അവിടെയുള്ള മാർത്തോമ്മാ പള്ളിയിൽ വച്ച് മാമോദീസാ സ്വീകരിച്ചപ്പോൾ അന്നമ്മ എന്ന നാമധേയം നൽകപ്പെട്ടു. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന അന്നമ്മ ഭക്തയും സമർത്ഥയുമായിരുന്നു. തിരുവഞ്ചിയൂർ ഗവ: എൽ.പി. സ്കൂളിലും കോട്ടയം സെന്റ് ജോസഫ് യു.പി. സ്കൂളിലുമായി പ്രൈമറി വിദ്യാഭ്യാസം നടത്തി. കോട്ടയത്ത് ബേക്കർ മെമ്മോറിയൽ സ്കൂളിൽ വച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തിരുവല്ലാ നിക്കോൾസൺ ഹൈസ്കൂളിൽ പഠിച്ച് E.L.S.C. പാസ്സായി. ഉടനെതന്നെ കോട്ടയം സെന്റ് ആൻസിൽ അദ്ധ്യാപികയായി നിയമനം ലഭിച്ചു. അക്കാലത്ത് യാക്കോബായ സഭയിലെ ഏറ്റവും പ്രഗത്ഭ വൈദികനായിരുന്ന എം. എ. അച്ചന്റെ പ്രസംഗങ്ങൾ, ആദർശങ്ങൾ എന്നിവയോട് വലിയ മതിപ്പുണ്ടായിരുന്നു അന്നമ്മയ്ക്ക്. ഒരുകൊല്ലത്തെ അദ്ധ്യാപക വൃത്തിക്കുശേഷം അന്നമ്മ ഉപരിപഠനം നടത്തിയത് തിരുവനന്ത പുരത്തെ വിമൻസ് കോളേജിലാണ്. ഇന്റർമീഡിയേറ്റ് പൂർത്തിയായപ്പോഴേയ്ക്കും റ്റൈഫോയിഡ് പിടിപ്പെട്ടതിനാൽ പഠനം നിർത്തേണ്ടിവന്നു. രോഗവിമുക്തയായപ്പോൾ പുതുപ്പള്ളി ഗവ: സ്കൂളിൽ അദ്ധ്യാപികയായി നിയമനം ലഭിച്ചു.

തിരുമൂലപുരത്ത് ബാലികാമഠം സ്കൂൾ പ്രവർത്തന രഹിതമായി കിടന്നിരുന്നത് പ്രവർത്തനക്ഷമമാക്കുവാൻ ഇംഗ്ലണ്ടിൽ നിന്നും മിസ്. ബ്രൂക്സ്മിത്ത്, മിസ് ഹോംസ് എന്നിവരെ വരുത്തി അദ്ധ്യാപനം ആരംഭിച്ചത് നമ്മുടെ എം.എ. അച്ചനാണ്. ആറുമാസത്തിന് ശേഷം അന്നമ്മയ്ക്ക് രണ്ടുവർഷം മേൽപ്പറഞ്ഞ ഹൈസ്കൂളിൽ ജോലി നൽകപ്പെട്ടു. ''ദൈവസമ്പാദന മാണ് ദൈവസേവനത്തേക്കാൾ ശ്രേഷ്ഠം'' എന്ന മുദ്രാവാക്യം



പ്രഘോഷിക്കുന്ന എം.എ. അച്ചനുമായി അന്നമ്മ പൂർവ്വാധികം ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ അനിതര സാധാരണമായ സിദ്ധികളും സഭാസ്നേഹവും അന്നമ്മയെ ഹഠാദാകർഷിച്ചു. ബഥനിയുടെ ആദ്യകാലത്തെ വെല്ലുവിളികളും ബാലാരിഷ്ടതകളുമെല്ലാം വലിയ ആത്മീയ ചൈതന്യത്തോടും ആനന്ദത്തോടും തരണം ചെയ്യാനുള്ള ആത്മധൈര്യം അന്നമ്മ പ്രകടമാക്കി. സ്വന്തം കുടുംബാംഗങ്ങൾ അന്നമ്മയെ പീഡിപ്പിച്ചു. കാരണം ബഥനിമഠം ചാപ്പലിൽ വച്ച് കണ്ടീഷണൽ ബാപ്റ്റിസം സ്വീകരിച്ച് 1928 മെയ് 3-ാം തീയതി ബഥനി മഠത്തിലെ അംഗമായി ചേർന്നു എന്നതാണ്. അന്നമ്മയുടെ വാക്കുകൾ തന്നെ ഉദ്ധരിച്ചുകൊള്ളട്ടെ. ''കുടുംബാം ഗങ്ങളെല്ലാം ബദ്ധവൈരികളായി തീർന്നു. അപ്പച്ചൻ നിഷ്കരുണം പറഞ്ഞത് ഇങ്ങനെയാണ് 'പുകഞ്ഞ കൊള്ളി പുറത്ത്; മേലിൽ നീ എന്റെ വീട്ടിൽ കാലു കുത്തരുത്' ബന്ധുക്കളെല്ലാം ശത്രുക്കളായി, അനുഭാവികളെല്ലാം അകന്നവരായി, എവിടെയും ബഥനി ക്കെതിരായ ദൂഷണങ്ങളേ കേൾക്കാനുള്ളു. സമസ്തവും ദൈവത്തിന് സമർപ്പിച്ചുകൊണ്ട് സംതൃപ്തിയോടും സന്തോഷ ത്തോടുംകൂടിയാണ് ഞങ്ങൾ ജീവിച്ചത്'' അന്ന് പെരുനാട് മുണ്ടൻമലയിലായിരുന്നു പുരുഷന്മാർക്കുള്ള സന്ന്യാസാശ്രമം. അവിടെ വച്ചാണ് അന്നമ്മ തന്റെ ചിരകാലസ്വപ്നമായ സന്ന്യാസ ജീവിതത്തിലേയ്ക്കുള്ള പ്രഥമഘട്ടമായ പോസ്റ്റുലൻസിയിൽ പ്രവേശിച്ചത്. സന്ന്യാസ ജീവിതത്തിലേയ്ക്കുള്ള തന്റെ ദൈവവിളിയ്ക്ക് വീരോചിതമായ രീതിയിൽ പ്രത്യുത്തരം നൽകി. 1925-ൽ എം.എ. അച്ചൻ ബഥനി മെത്രാനായി അഭിഷിക്തനായി. 1930 സെപ്തംബർ 20 നാണല്ലോ ബഥനി ആശ്രമത്തിലെ 5 പേർ കൊല്ലത്തുവച്ച് സന്ന്യാസസഭയെ ആശ്ലേഷിച്ചത്. 1930 സെപ്തംബർ 22 ന് തന്നെ ആദ്യാംഗങ്ങളായ സിസ്റ്റേഴ്സ് പത്തുപേരും മലങ്കര കത്തോലിക്കാ സഭയെ സ്വമനസ്സാ ചങ്കൂറ്റത്തോടെ ആശ്ലേഷിച്ചത് ഞങ്ങൾ എന്നും കൃതജ്ഞതയോടെ സ്മരിക്കുന്നു. 1931 മെയ് 10-ാം തീയതി മദർ ഹൂബായുടെ നേതൃത്വ ത്തിൽ അന്നമ്മയ്ക്ക് നവശിഷ്യ പരിശീലനം ആരംഭിച്ചു. ഇക്കാലത്ത് ഒരു രോഗം പിടിപെട്ടതിനാൽ നോവീഷ്യേറ്റ് മുടങ്ങേണ്ടിവന്നു. 1932-ൽ മദർ സൾഗായുടെ ശിക്ഷണത്തിൽ നവശിഷ്യപരിശീലനം പുനരാരംഭിച്ച് 1933 ജൂൺ 4-ാം തീയതി തിരുമൂലപുരം ചാപ്പലിൽവച്ച് അഭിവന്ദ്യ മാർ

www.malankaralibrary.com

ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും നടത്തുവാൻ സാധിച്ചു. അന്ന് സിസ്റ്റർ ത്രിസൂസ് എന്ന സന്ന്യാസനാമവും നൽകപ്പെട്ടു സത്യനിഷ്ഠ അഥവാ ധർമ്മനിഷ്ഠ എന്ന അർത്ഥമാണ് ഈ സുറിയാനി വാക്കിനുള്ളത്. മലങ്കര കത്തോലിക്കാ സഭയോടുള്ള പ്രത്യേക വാത്സല്യം പ്രകടമാക്കാനായി 1956-ൽ ബഥനി സന്നാസിനി സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തി അനുഗ്രഹിച്ചപ്പോൾ ആദ്യാംഗങ്ങളായ പത്തുപേർക്കും 'മദർ' എന്ന സ്ഥാനംനൽകി ആദരിച്ചു. ഇന്ന് 'മദർ' എന്ന് വിളിക്കപ്പെടുന്നവർ ഭരണസാരഥ്യം വഹിക്കുന്ന മദർ ജനറലും മദർ പ്രൊവിൻഷ്യലുമാണ്.

സന്ന്യാസത്തിലെ സമുന്നതമായ ഒരു ശുശ്രൂഷയാണ് നവശിഷ്യഗുരുക്കൾക്കുള്ളത്. സ്ഥാപക പിതാവിന്റെ സിദ്ധികളും ചൈതന്യവും പകർന്നുകൊടുക്കുവാൻ നവശിഷ്യകളെ ആദ്ധ്യാത്മികമായി വളർത്തി പൂർണ്ണതയിൽ എത്തിക്കുവാൻ ഗുരുനാഥന്മാർക്ക് സാധിക്കണം. മദറിന്റെ ഒരു നവശിഷ്യയാണ് ഞാനെന്നോർക്കുമ്പോൾ അഭിമാനം തോന്നുന്നു. സമൂഹജീവിതം ഏറ്റം സന്തോഷകരമാക്കി തീർക്കുവാൻ മദർ സർവ്വാത്മനാ ശ്രദ്ധിച്ചിരുന്നു. പരസ്പര ധാരണയും വിശ്വാസവും വളർത്തിയാൽ മാത്രമേ സന്ന്യാസജീവിതത്തിലെ സ്വർഗ്ഗീയാനുഭൂതി ലഭ്യമാവുകയുള്ളു. ആരുടെയും ജീവിതം ഒരു 'പൂമെത്ത' അല്ലല്ലോ. മറ്റുള്ളവരോട് ക്ഷമിക്കുന്നതിനും രമ്യപ്പെടുന്നതിനും ഭാരം വഹിക്കുന്നതിനും സന്നദ്ധയായിരുന്നു മദർ. ആന്തരികവും ബാഹ്യവുമായ നിശബ്ദത സന്ന്യാസിനിമാർക്ക് അനുപേക്ഷണീയമാണല്ലോ. മദർ അത് പഠിപ്പിക്കുക മാത്രമല്ല മാതൃക കാട്ടിയും നവശിഷ്യരെ ഉത്ബോധിപ്പിച്ചിരുന്നു. ഹൃദയശാന്തതയും എളിമയുമുള്ള യേശുമിശിഹായെ അനുകരിക്കുക എന്നത് മിശിഹാനുകരണ സന്യാസിനികളുടെ കടമയാണെന്ന് മദർ ഓർമ്മിപ്പിച്ചിരുന്നു. ഉപവി, പഞ്ചേന്ദ്രിയങ്ങളുടെ സംയമനം എന്നിവയൊക്കെ മദർ വലിയ പ്രാധാന്യം നൽകി, ലംഘനങ്ങൾക്കൊക്കെ അനുയോജ്യമായ പ്രായശ്ചിത്തം നൽകി ഞങ്ങളെ പരിശീലിപ്പിച്ചിരുന്നു. ആദ്ധ്യാത്മിക സൗധത്തിന്റെ അടിസ്ഥാനം



തന്നെ എളിമയാണ് ''താഴ്മതാനഭ്യുന്നതി'' എന്ന സത്യം നവശിഷ്യരിൽ രൂഢമൂലമാക്കിയിരുന്നു. വിവിധ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും നിന്ന് വന്ന് ഒന്നിച്ച് ഒരേ മനസ്സോടെ ഒരേ ഹൃദയത്തോടെ ത്യാഗപൂർവ്വമായി ഏകോദര സഹോദരങ്ങളെന്ന പോലെ ജീവിതം നയിച്ചത് മദറിന്റെ പരിശീലനം ലഭിച്ചതിനാലാണ്. മിശിഹാനുകരണത്തിലൂടെ മലങ്കര സഭയുടെ നവോത്ഥാനവും പുനരൈക്യവും സ്ത്രീജനോദ്ധാരണവുമാണ് ബഥനിയുടെ കാരിസം അഥവാ ദിവ്യശക്തി പകരുന്ന സിദ്ധി എന്ന ഉൾക്കാഴ്ച നൽകുന്നതായിരുന്നു മദറിന്റെ പ്രബോധനങ്ങൾ. സർവ്വസംഗപരിത്യാഗത്തിന് മദറിന്റെ ധീരോദാത്തതയോട് മലങ്കര കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം മകുടോദാഹരണമാണ്. നമ്മുടെ സ്വാഭിഷ്ടങ്ങൾ എന്തുമാത്രം ത്യജിക്കുന്നുവോ അത്രയധികമായി ദൈവേഷ്ടത്തിൽ നമ്മൾ വളരുകയാണ്. മദറിന്റെ ജീവിതമാതൃക നമുക്ക് ഉത്തേജനമാവട്ടെ. ''കുരിശില്ലാതെ കിരീടമില്ല'' എന്ന ബോദ്ധ്യത്തോടെ ജീവിതത്തിൽ ഉടനീളം സഹനങ്ങൾ ഏറ്റെടുക്കാനും പരാതിയോ ആവലാതിയോ കൂടാതെ നിന്ദാവമാനങ്ങൾ ധൈര്യപൂർവ്വം സഹിക്കുവാനും മദർ പ്രദർശിപ്പിച്ച സ്നേഹപൂർവ്വമായ ത്യാഗസന്നദ്ധത നമുക്കും എന്നെന്നും മാതൃകയായിരിക്കണം. മൂന്നുവർഷക്കാലം കൊണ്ട് 23 സിസ്റ്റേഴ്സിനെ സന്ന്യാസത്തിന് മദർ സന്നദ്ധരാക്കി.

സമൂഹാംഗങ്ങൾ വർദ്ധിച്ചതോടെ പിറവം, അഞ്ചൽപ്പെട്ടി എന്നിവിടങ്ങളിൽ ശാഖാമന്ദിരങ്ങൾ സ്ഥാപിതമായി. അവിടങ്ങളിൽ മാതൃസ്നേഹമുള്ള മദർ ത്രിസൂസ് സുപ്പീരിയറായി ശുശ്രൂഷ നടത്തി. ഭവനസന്ദർശനങ്ങൾ നടത്തുകയും അവരുടെ ആദ്ധ്യാത്മികവും ആരോഗ്യപരവുമായ കാര്യങ്ങളിൽ ആത്മാർത്ഥതയോടെ ഉപദേശവും ശുശ്രൂഷകളും നൽകിയിരുന്ന തിനാൽ അവർക്കെല്ലാം പ്രിയങ്കരിയായിരുന്നു മദർ. മനോഹരമായ ത്രോണോസ് വിരികളും വന്ദ്യ പിതാക്കന്മാർക്കും ബഹു. വൈദികർക്കും ആവശ്യമായ തിരുവസ്ത്രങ്ങൾ നിർമ്മിക്കുന്നതിലും അസാധാരണമായ കലാവാസനയും സേവനതത്പരതയും പ്രകടമാക്കിയിട്ടുണ്ട്. സമൂഹാംഗങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയിലും മദർ ശ്രദ്ധാലുവായിരുന്നു. ദൈവത്തോട് ഒന്നായിരിക്കുന്ന അവസ്ഥയാണ് ആത്മീയ ജീവിതത്തിന്റെ ലക്ഷ്യം. പൂർണ്ണമനസ്സോടും

www.malankaralibrary.com

പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടും ഏത് പ്രവൃത്തിയും ഏത് കാര്യവും ചെയ്യുന്നതിൽ മദർ മാതൃക നൽകിയിരുന്നു. ‘‘നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ’’ എന്ന യേശുവിന്റെ തിരുവചനം നിറവേറ്റുന്നതിലാണ് സന്ന്യാസ പൂർണ്ണത എന്ന സത്യം മാതൃകാപരമായ നിഷ്ഠാജീവിതം വഴി സഹോദരങ്ങളെ പഠിപ്പിച്ചു. നമ്മൾ യേശുവിനാൽ നിറയപ്പെടുമ്പോൾ മാത്രമേ യേശുവിനെ മറ്റുള്ളവർക്ക് നൽകുവാൻ സാധിക്കൂ. ജാതി-മത-വർഗ്ഗ-വർണ്ണ ഭേദമെന്യേ എല്ലാവരെയും ദൈവത്തോട് അടുപ്പിക്കുവാൻ മദറിന് സാധിച്ചിട്ടുണ്ട്. ഈ പ്രേഷിത ചൈതന്യം നാമോരോരുത്തരും സോത്സാഹം ആർജ്ജിച്ചെടുക്കേണ്ടതാണ്. അദ്ധ്യാപകവൃത്തിയിൽ ആയിരുന്നപ്പോഴും വിശ്രമവേളയിലുമെല്ലാം സ്ത്രീജനോദ്ധാരണത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നു.

“Perfection is not a little thing, but it consists in little things എന്ന ബോദ്ധ്യം നൽകി ചെറിയ കാര്യങ്ങൾ പോലും പൂർണ്ണ വിശ്വസ്തതയോടെ സിസ്റ്റേഴ്സ് അനുഷ്ഠിച്ചിരുന്നു. ദൈവം ഓരോരുത്തർക്കും ഓരോ ദൗത്യമാണ് നൽകുന്നത്. ’’ആ ദൗത്യം അയാൾക്ക് മാത്രമേ പരിപൂർണതയിൽ ചെയ്യാനാവൂ’’. പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹജീവിതം ബഥനിയിൽ പ്രതിബിംബിക്കണം’’ എന്ന തത്വം അഭിവന്ദ്യ സ്ഥാപക പിതാവിന്റെ തീക്ഷ്ണമായ ആഗ്രഹവും പ്രബോധനവുമായിരുന്നു.

ഇനിയും ഞാനല്ല ജീവിക്കുന്നത് മിശിഹാ എന്നിൽ ജീവിക്കുന്നു’’ എന്നുള്ള ആഴമായ ക്രൈസ്തവാനുഭൂതിയി ലേയ്ക്ക് മദർ ആനയിക്കപ്പെട്ടിരുന്നു. ദൈവാനുഭൂതിയിലേയ്ക്ക് നയിക്കുന്ന ശാന്തിദമായ അന്തരീക്ഷവും അദ്ധ്വാനവും ആത്മസംയമനവും നിഷ്ഠയും സർവ്വോപരി ദൈവസ്നേഹവും പരസ്നേഹവും ഉൾക്കൊള്ളുന്ന ശുശ്രൂഷാ ജീവിതവും മദർ സ്വായത്തമാക്കിയിരുന്നു. പ്രാർത്ഥനയിൽ പിതാവായ ദൈവത്തോട് ഐക്യപ്പെട്ടും എല്ലാവർക്കും നന്മ ചെയ്തും ജീവിച്ച നമ്മുടെ കർത്താവിന്റെ ലളിത ജീവിതവും ദൈവത്തിൽ മാത്രം തൃപ്തിയടയുന്ന അവിടുത്തെ മാത്രം അന്വേഷിക്കുന്ന ഉദ്ദേശ പരിശുദ്ധിയോടും



അനാഡംബരവും വിനയാന്വിതവുമായ ഒരു ജീവിതം മദറിൽ ദൃശ്യമായിരുന്നു. ഒരു വിജ്ഞാനദാഹിയായിരുന്ന മദർ നിയമപഠനം, ഭക്തിപൂർവ്വമായ ധ്യാനം, ശ്രദ്ധയോടുകൂടിയ നിരന്തര പ്രാർത്ഥന, വ്രതങ്ങളും സുകൃതങ്ങളും ആസ്പദമാക്കിയുള്ള പ്രബോധനം, ദുർഗുണങ്ങളെ ഉന്മൂലനം ചെയ്യാനും ആത്മനിയന്ത്രണങ്ങൾ സമ്പാദിക്കുവാനും നവശിഷ്യർക്കെന്നപോലെ സഹസന്ന്യാസ സഹോദരങ്ങൾക്കും മാതൃകാപരമായ ജീവിതം കാഴ്ച വയ്ക്കുന്നതിനും മദറിന് സാധിച്ചിട്ടുണ്ട്. തയ്യൽ, പാചകവിദ്യ, ഭാഷാധ്യാപനം, ആരാധനാ ക്രമാധിഷ്ഠിതമായ ജീവിത പരിശീലനം, സ്ത്രീജനങ്ങൾക്കു വേണ്ടിയുള്ള ധ്യാനം, കുടുംബ നവീകരണം എന്നിവയെല്ലാം മദറിന്റെ ശ്രദ്ധേയമായ ശുശ്രൂഷകളായിരുന്നു. All for Jesus” എന്ന കൊച്ചു സുകൃതജപം,, മറ്റു ചെറിയ സ്തുതിപ്പുകൾ എന്നിവ ഉരുവിടാൻ ഞങ്ങൾ പഠിച്ചത് മദറിൽ നിന്നാണ്. വി. അൽഫോൻസ് ലിഗോരിരചിച്ച The True Spouse of Jesus Christ എന്ന ഗ്രന്ഥം വായിച്ച് തൽക്ഷണം പരിഭാഷപ്പെടുത്തി സമൂഹാംഗങ്ങൾ എല്ലാവരെയും വിശുദ്ധിയിൽ വളർത്തുന്നതിന് സഹായിച്ച ആ സന്മനസ്സും ഔദാര്യവും മറക്കാവതല്ല. വലിയ പ്രഗത്ഭയാണെന്നുള്ള ഭാവമൊന്നുമില്ലാതെ ചുരുക്കം ചില ഇംഗ്ലീഷ് വാക്കുകളുടെ അർത്ഥം വെറും ഇ.എസ്.എൽ.സി. ക്കാരായ ശിഷ്യരോട് ചോദിച്ച് വിവർത്തനം നടത്താനുള്ള വിനയഭാവം മദർ പ്രകടിപ്പിച്ചിരുന്നു.

അവസരോചിതമായ ഒരു ഗൗരവഭാവം പ്രകടിപ്പിച്ചിരുന്നെങ്കിലും സമയോചിതമായി പ്രസന്നതയും പുഞ്ചിരിയും കാഴ്ചവച്ചുകൊണ്ട് മദറിന്റെ സഹജമായ നിഷ്കളങ്കതയും പ്രകടിപ്പിക്കാൻ മദർ ഒരിക്കലും വിസ്മരിച്ചിരുന്നില്ല. വിശുദ്ധ കൊച്ചുത്രേസ്യായുടെ കുറുക്കുവഴിയിലൂടെയാണ് മദർ ധന്യമായ തന്റെ ജീവിതം നയിച്ചിരുന്നത്. പലപ്പോഴും നാം മറ്റുള്ളവരെ അവരുടെ നേട്ടങ്ങളിൽ പ്രശംസിക്കുകയോ പ്രചോദനം നൽകി വളർത്തുകയോ ചെയ്യുന്നതിൽ വിമുഖരാണ്. എന്നാൽ മദറാകട്ടെ മറ്റുള്ളവരിൽ കാണുന്ന നന്മകൾ ചൂണ്ടിക്കാണിച്ച് അവരെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു എന്നത് നമുക്കേവർക്കും അനുകരണീയമായിരുന്നു. 1920 കളിൽ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലായിരുന്ന തിരുമൂലപുരം ബഥനി

www.malankaralibrary.com

സ്ഥാപനങ്ങൾ പുനരൈക്യത്തോടെ ഓർത്തഡോക്സിന് വിട്ടുകൊടുത്തു. ആകയാൽ ദളിത് ക്രൈസ്തവർക്കായി ''നല്ലിടയന്റെ സ്കൂൾ'' ആരംഭിച്ചിരുന്നു. ഒരു പ്രതിഫലവും ഇച്ഛരിക്കാതെ അക്ഷരാഭ്യാസം, തയ്യൽ, മതപഠനം, സദാചാര ബോധനം എന്നിവയൊക്കെ നടത്തി പരിസരങ്ങളിലുണ്ടായിരുന്ന അവശ ക്രൈസ്തവർക്കുവേണ്ടി നൽകിയ സേവനം പ്രശംസനീയമായിരുന്നു. അവയ്ക്കൊക്കെ നേതൃത്വം നൽകുന്നതിലും മദർ പ്രാവീണ്യം പ്രകടിപ്പിച്ചു. അവരിലധികം പേരും മലങ്കര കത്തോലിക്കാ വിശ്വാസവും സ്വീകരിച്ചു. അന്ന് തുടങ്ങിവച്ച ചെറിയ സ്കൂളാണ് ഇന്ന് പത്തനം തിട്ടിയിലുള്ള യു.പി. സ്കൂളുകളിൽ ഏവരും പ്രശംസിക്കുന്ന ഒന്നാമത്തേതായ തിരുമൂല വിലാസം യു.പി. സ്കൂൾ. സിസ്റ്റേഴ്സിന്റെ കഠിനാദ്ധ്വാനവും നിസ്വാർത്ഥതയും എവിടെയും ശ്രദ്ധേയമാണ്. തിരുമൂലപുരം ബഥനി മഠത്തിന്റെ ആദ്യകാല ദാരിദ്ര്യവും അവഗണനയും മറ്റ് വേദനാജനകമായ പല അരിഷ്ടതകളും കണക്കിലെടുത്ത് 1936-ൽ മൂന്നുമാസക്കാലത്തേയ്ക്ക് സിസ്റ്റേഴ്സിനെ എല്ലാവരെയും തിരുവനന്തപുരത്ത് നാലാഞ്ചിറയിലുള്ള ബഥനി മഠത്തിലേയ്ക്ക് മാറ്റി താമസിപ്പിക്കാൻ സ്ഥാപക പിതാവ് തിരുമനസ്സായി.

മൂന്നുമാസത്തിന് ശേഷം തിരുമൂലപുരം ബഥനി മഠത്തിൽ വീണ്ടും വന്നവർ വെറും 3 സിസ്റ്റേഴ്സ് മാത്രമാണ്. തിരുവല്ല രൂപതയുടെ പ്രഥമ രൂപതാദ്ധ്യക്ഷൻ പുണ്യശ്ലോകനായ അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിന്റെ സംരക്ഷണയിൽ ഇവിടുത്തെ മഠം ഉന്നതിയിലേയ്ക്ക് പറന്നുയരുകയായിരുന്നു. അതിന് പ്രധാന പങ്ക് വഹിച്ചത് മദർ ത്രിസൂസാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. മദർ ഹൂബാ മന്ദിരാദ്ധ്യക്ഷയായി 1968 വരെയും സമൂഹത്തെ അത്ഭുതകരമായി നയിച്ചു. ദൈവപരിപാലനയിലുള്ള സുദൃഢമായ വിശ്വാസവും പ്രാർത്ഥനാ ചൈതന്യവും പരസ്നേഹ സമ്പന്നമായ ശുശ്രൂഷകളും വന്ദ്യ പിതാവിന്റെ ദീർഘ വീക്ഷണവും പുനരൈക്യ സംരംഭങ്ങളും അത്ഭുതാവഹമെന്നേ പറയേണ്ടൂ. തിരുസഭാ സ്നേഹം നമ്മുടെ സ്ഥാപക പിതാവിന്റെ ശ്രദ്ധേയമായ ഒരു ദിവ്യസിദ്ധിയായിരുന്നു. മദർ ത്രിസൂസ് അതിൽ ആകൃഷ്ടയായത് കൂടാതെ തിരുസഭയെ ആത്മീയ ചൈതന്യത്തോടെ ആശ്ലേഷിച്ചു. ''ദൈവ സമ്പാദനമാണ് ദൈവസേവനത്തേ



ക്കാൾ ഉത്തമം'' എന്ന മുദ്രാവാക്യം സ്നേഹപൂർവ്വം സ്വീകരിച്ചു. പഠനവും പ്രാർത്ഥനയും വഴി വിശ്വാസ സത്യങ്ങൾ മനസ്സിൽ അരക്കിട്ടുറപ്പിച്ചു. കേരളത്തിലുള്ള വിവിധ ക്രൈസ്തവ സഭകളെക്കുറിച്ചുള്ള പരിജ്ഞാനം വന്ദ്യപിതാവ് നൽകിയിരുന്നു. ആദ്യകാലത്തുണ്ടായ വെല്ലുവിളികളും പ്രതിബന്ധങ്ങളുമെല്ലാം ഊർജ്ജസ്വലതയോടെ അഭിമുഖീകരിച്ചു. സാധുജനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിന് പുറമെ ആരാധന ക്രമാധിഷ്ഠിതമായ ആത്മീയത നേടിക്കൊടുത്തു. അഗതികളുടെയും അനാഥരുടെയും ജീവിതഭാരം ലഘൂകരിക്കുന്നതിനും മലങ്കരയുടെ സ്നേഹഭാജനങ്ങളായി വളർത്തുന്നതിലും മദർ വഹിച്ച പങ്ക് അന്യാദൃശ്യമാണ്. മദർ അധികാരിയായിരുന്നപ്പോഴെല്ലാം അധീനരുടെ തെറ്റുകൾ സസ്നേഹം ചൂണ്ടിക്കാണിച്ച് സന്മാതൃക നൽകി അവരെയെല്ലാം ഉന്നതിയിലേയ്ക്ക് നയിച്ചു. മദറിന്റെ ജീവിത ലാളിത്യവും എളിമയും അനുകരണീയമായിരുന്നു.

രോഗികളിൽ യേശുവിനെ ദർശിച്ച് രോഗീശുശ്രൂഷ നടത്താൻ മദറിന് സാധിച്ചിരുന്നു. എത്ര ത്യാഗം ആവശ്യമായ ശുശ്രൂഷയായാലും വിനയത്തോടെ രോഗികളെ ശുശ്രൂഷിക്കുകയും യേശുവിനെ ശുശ്രൂഷിച്ചാലെന്ന പോലെ അതിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്തിരുന്നു. ഏതൊരു പ്രവൃത്തിയും ഉദ്ദേശ ശുദ്ധിയോടെ പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ട് നിർവ്വഹിക്കുന്നതിനുള്ള പ്രചോദനം ഞങ്ങൾക്ക് നൽകിയത് മദറാണ്. മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ദിവ്യകാരുണ്യാരാധന, ബൈബിൾ പാരായണം, സഭാ പിതാക്കന്മാരുടെ ഗ്രന്ഥവായന എന്നിവകൾ വഴി ലഭിച്ച ആദ്ധ്യാത്മികത, മൗന നിഷ്ഠ എന്നിവയെല്ലാം വലിയ ദൈവാനുഭവങ്ങളിലേയ്ക്ക് മദറിനെ നയിച്ചിട്ടുണ്ട്. ആകുലത, ഉത്കണ്ഠ, നിരാശ, ദുഃഖഭാവം അഥവാ മ്ലാനത, കോപശീലം എന്നിവയെല്ലാം ഒഴിവാക്കാൻ പ്രാർത്ഥനാ ശീലമാണ് മദറിനെ പ്രാപ്തയാക്കിയത്.

1936 ലാണ് ബഥനി സന്ന്യാസിനി സമൂഹം ഒരു ഡയോസിഷൻ സമൂഹമായി രൂപം പ്രാപിച്ചത്. തന്മൂലം പത്ത് സിസ്റ്റേഴ്സ് ഇവിടെ ചെയ്തിരുന്ന സേവനങ്ങളെല്ലാം മൂന്നു സിസ്റ്റേഴ്സിൽ നിക്ഷിപ്തമായി. അക്കാലത്ത് സമൂഹാദ്ധ്യക്ഷ

www.malankaralibrary.com

യായിരുന്ന മദർ ഹൂബായെ ആത്മാർത്ഥമായി സ്നേഹിക്കാനും അദ്ധ്വാനപൂർവ്വം സഹായിക്കാനും മദർ ത്രിസൂസേ ഉണ്ടായിരുന്നുള്ളു. സ്ഥാപക പിതാവിൽനിന്നും ലഭിച്ച തിരുസഭാ സ്നേഹം ദൈനംദിന വളർച്ച പ്രാപിച്ചു. 1930 സെപ്തംബറിൽ നടന്ന പുനരൈക്യത്തോടെ സിസ്റ്റേഴ്സ് ബാലികാമഠം ഹൈസ്കൂളിൽ നിന്ന് ഒരു കൊച്ചു കൂരയായിരുന്ന ബഥനി മഠത്തിലേയ്ക്ക് പിന്തിരിഞ്ഞു. മദറിന്റെ ഉണർവ്വും ഉത്സാഹവും ഓജസ്സും തേജസ്സും എല്ലാം വളരെ ശ്രദ്ധേയമായിരുന്നു. ''നല്ലിടയന്റെ സ്കൂൾ'' പൂർവ്വാധികം അഭിവൃദ്ധിപ്പെട്ടു. മതബോധനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള മദറിന്റെ അദ്ധ്യാപനം നിരവധി ആത്മാക്കൾക്ക് നിർവൃതി നൽകി. നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിച്ചതിനുശേഷം ചെയ്ത പരസ്നേഹ ശുശ്രൂഷകളെല്ലാം മദറിനും അദ്ധ്യേതാക്കൾക്കും ചാരിതാർത്ഥ്യം നൽകി. ''ഇനി ഞാനല്ല ജീവിക്കുന്നത് യേശു എന്നിൽ ജീവിക്കുന്നു'' എന്ന പരമബോദ്ധ്യം മദറിന് ലഭിച്ചു. യേശുക്രിസ്തുവിന്റെ നിരന്തര സഹായം മദറിനെ സന്തുഷ്ട യാക്കി. സ്ത്രീജനോദ്ധാരണം ലക്ഷ്യമാക്കി സ്ഥാപകന്റെ ഏതൊരു കൽപനയും അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കുവാൻ മദറിന് സാധിച്ചു. എല്ലാ ശുശ്രൂഷകളും യേശുവിന് ചെയ്താലെന്നതു പോലെ മദർ നിവ്വഹിച്ചു. മദർ ഹൂബായുടെ കൗൺസിലർ എന്ന നിലയിൽ മദറിന് മദർ ത്രിസൂസ് താങ്ങും തണലുമായിരുന്നു.

1968 ആയപ്പോഴേയ്ക്കും വാർദ്ധക്യസഹജമായ ബലഹീനത ഉണ്ടായിതുടങ്ങി. അവയെല്ലാം മദറിന്റെ ജീവിത നിഷ്ഠയും പ്രാർത്ഥനാ ചൈതന്യവും വർധമാനമാക്കിയതേ ഉള്ളൂ. സിസ്റ്റേഴ്സിന്റെ ഉപജീവനമാർഗ്ഗം ''പിടിയരി'' ആയിരുന്നു. കത്തോലിക്കാ സഭാ പുനരൈക്യത്തോടെ അതും നിഷേധിക്കപ്പെട്ടു. 1933 ൽ ആദ്യ വ്രതവാഗ്ദാനം ചെയ്ത മദർ 1940-ൽ നിത്യവ്രതസ്ഥയായി. അദ്ധ്വാനിച്ച് സമ്പാദിച്ച അറിവെല്ലാം സഹോദരങ്ങളുമായി പങ്കുവച്ച് ഒരു എളിയ ജീവിതം നയിച്ച മദർ പിൻതലമുറയ്ക്ക് മായാത്ത മാതൃക നൽകിയിട്ടുണ്ട്. സർവ്വശക്തനായ ദൈവപിതാവിൽ പൂർണ്ണ ആശ്രയവും ധീരോദാത്തതയോടെ കാഴ്ചവച്ച സമ്പൂർണ്ണ സമർപ്പണവും നമുക്കെന്നും മാതൃകയാണ്. ഇന്നത്തെ തലമുറയിൽ കാണുന്ന



ഒരു പ്രത്യേകത ദൈവത്തിന്റെ ആഹ്വാനവും സിദ്ധികളും തിരിച്ചറിയാതെ സ്വാർത്ഥമതികളായ മാതാപിതാക്കന്മാരോട് ചേർന്നുനിന്ന് ദൈവവിളിയിൽ ശ്രദ്ധിക്കാതെ ദൈവത്തിൽനിന്നും അകലുന്നു എന്നതാണ്. എല്ലാം സ്വന്തമാക്കുക, വ്യക്തിപരമായ സുഖം തേടുക എന്നീ സ്വഭാവങ്ങളോടുകൂടിയതാണ് ലൗകിക സ്നേഹം. ഇവയിൽനിന്ന് നമ്മെ സ്വതന്ത്രമാക്കുന്നതാണ് ദൈവീക സ്നേഹം. മിശിഹാനുകരണ സന്ന്യാസിനികൾ, കാലിത്തൊഴുത്ത് മുതൽ കാൽവരി വരെ അനുസരണവും ദാരിദ്ര്യവും അനുഷ്ഠിച്ച് പരമപിതാവിന് സമ്പൂർണ്ണ സമർപ്പണം ചെയ്ത് ബ്രഹ്മചാരിയായി ജീവിച്ച യേശുക്രിസ്തുവിനെ അനുകരിച്ച് വിശുദ്ധിയിൽ എന്നെന്നും വളർന്ന് പൂർണ്ണതയിൽ എത്തിച്ചേരാൻ ബാദ്ധ്യസ്ഥരാണ്. നമ്മുടെ മാത്രമല്ല; നമ്മോട് ബന്ധപ്പെടുന്ന എല്ലാ മനുഷ്യരുടെയും രക്ഷ നേടിയെടുക്കുക എന്നത് നമ്മുടെ ഏറ്റം പ്രധാന ദൗത്യമാണ്. സുഖമോ, ദുഃഖമോ, പീഢനമോ, പട്ടിണിയോ, തിരസ്ക്കരണമോ, രോഗങ്ങളോ, പരിഹാസമോ എന്തും ദൈവത്തിൽ നിന്ന് സസന്തോഷം സ്വീകരിച്ച് വീരോചിതമായി പെരുമാറുവാൻ മദറിന് സർവ്വശക്തനായ ദൈവം ശക്തി പ്രദാനം ചെയ്തു. കഠിനാദ്ധ്വാനത്തിന്റെ ജീവിതത്തിൽ സംതൃപ്തി കണ്ടെത്തി. വിഷമപ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട സാഹചര്യങ്ങൾ വന്നപ്പോഴെല്ലാം ധൈര്യവും സഹിഷ്ണുതയും നൽകി മദറാണ് ആ ചെറുസമൂഹത്തെ മുന്നോട്ട് നയിച്ചത്. അനുദിന ദിവ്യബലിയും കൂദാശാ സ്വീകരണവും ദൈവസ്നേഹം അനുഭവിച്ചറിയുന്നതിനും ദൈവപരിപാലനയിൽ ശരണപ്പെടുന്നതിനും ജീവിത നിഷ്ഠ പാലിക്കുന്നതിനും ഉണർവ്വും ഊർജ്ജവും നൽകിയിരുന്നു. ശാരീരികവും മാനസികവുമായി അനുഭവപ്പെട്ട വേദനകളെല്ലാം പ്രാർത്ഥനാപൂർവ്വം സ്വീകരിച്ച് വലിയ പുണ്യയോഗ്യത സമ്പാദിക്കുവാൻ മദറിന് സാധിച്ചിട്ടുണ്ട്.

ബ്രഹ്മചര്യജീവിതം മാലാഖമാരുടെ ജീവിതമാണ്. മണിക്കൂറുകൾ ദൈവത്തെ സ്തുതിച്ചുകൊണ്ട് നമുക്കും യേശുവിനെ അനുകരിക്കാം. യേശു ദരിദ്രരോടും പാപികളോടും ചുങ്കക്കാരോടും ഇടപെടുന്നതിൽ സന്തോഷം കണ്ടെത്തി. അതുപോലെ മദറും നല്ലിടയന്റെ സ്കൂളിലും അയൽവാസികളുടെ ഇടയിലും സ്നേഹപൂർവ്വം ഇടപെട്ടിരുന്നു. സമൂഹത്തിൽ

www.malankaralibrary.com

പരസ്പരമുള്ള അനുസരണം എളിമയിൽനിന്നാണ് ഉരുത്തിരിയുന്നത് എന്ന തത്വം സഹോദരങ്ങളെ പഠിപ്പിച്ചിരുന്നു. കാലിത്തൊഴുത്ത് മുതൽ കാൽവരി വരെ സ്വയം ശൂന്യവത്കരിച്ചു കൊണ്ടുള്ള അനുസരണം അഭ്യസിച്ചിരുന്ന യേശുവിനെപ്പോലെ ദൈവയിഷ്ടമാണ് നാം അനുസരണം വഴി തേടുന്നത്. കഠിനാദ്ധ്വാനവും ലളിതജീവിതവും വഴി ദാരിദ്ര്യം അഭ്യസിക്കാൻ സാധിക്കുന്നു. ദൈവവചനം നമ്മുടെ ബുദ്ധിയിൽ ഉണ്ടായിരുന്നാൽ പോരാ, ഹൃദയത്തിലേയ്ക്ക് പ്രവേശിക്കണം. ഇത്യാദി ചിന്താഗതികളെല്ലാം മദറിന്റെ ജീവിതവിശുദ്ധിയുടെ അടയാളങ്ങൾ ആയിരുന്നു.

1968 മുതൽ മദറിനെ അസുഖങ്ങൾ ഒന്നൊന്നായി അലട്ടിയിരുന്നു. പരാതിയോ, പരിഭവമോ കൂടാതെ വളരെ നിശബ്ദമായി ജീവിതം നയിച്ച മദർ വായനയിലും പ്രാർത്ഥനയിലും മുഴുകി ജീവിച്ചെന്ന് പറയാം. 1974 ഓഗസ്റ്റ് 6-ാം തീയതി നമ്മുടെ കർത്താവിന്റെ മറുരൂപപ്പെരുന്നാളിൽ മദർ പറയുകയാണ്, 'വിശുദ്ധ അൽഫോൺസ് ലിഗോരിയുടെ പുസ്തകം ആയ Preperation for death വായിച്ച്, ധ്യാനിച്ച് മരണത്തിനായി ഞാൻ ഒരുങ്ങിയിരിക്കുകയാണ്' എന്ന്, മദറിന്റെ അഗാധമായ ദൈവസ്നേഹവും പരസ്നേഹവും ആത്മസമർപ്പണവും എത്രയോ അനുകരണീയമാണ്. "പൊന്നുതമ്പുരാൻ എപ്പോൾ വിളിച്ചാലും എനിക്ക് സന്തോഷമാണ്" 1974-ൽ ചികിത്സാർത്ഥം പുഷ്പഗിരി ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെട്ടു. "ഉന്മേഷമുള്ള മനസ്സ് രോഗം സഹിക്കുന്നു". (സുഭാ: 18:14) ഉദരസംബന്ധമായ ഉഗ്രവേദനയാൽ ക്ഷീണിതയായി. നാഥനായ യേശുവിന്റെ കുരിശ് താങ്ങാനായി മദർ ഉത്സാഹത്തോടെയാണ് ആംബുലൻസിൽ സസന്തോഷം കയറിയത്. 1974 ആഗസ്റ്റ് 21 ന് മദർ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയയായി. അസഹനീയമായ വേദന സഹിച്ചപ്പോഴും, രോഗീലേപനം സ്വീകരിക്കുവാൻ മദർ തീവ്രമായി ആഗ്രഹിച്ചു. പിറ്റേ ദിവസം പരമപിതാവ് മദറിനെ തന്റെ തിരുസന്നിധിയിലേയ്ക്ക് വിളിച്ചു. ദിവ്യകൂദാശകളെല്ലാം ഭക്തിപൂർവ്വം സ്വീകരിച്ച് 72-ാമത്തെ വയസ്സിൽ മദർ പരലോകം പൂകി. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ അത്തനാസ്യോസ് പിതാവിന്റെയും നിരവധി വൈദികർ, സിസ്റ്റേഴ്സ് എന്നിവരുടെയും



പ്രാർത്ഥനാനുഗ്രഹങ്ങൾ സ്വീകരിച്ചുള്ള ഒരു ഭാഗ്യമരണമായിരുന്നു മദറിന് ലഭിച്ചത്. ഓഗസ്റ്റ് 22 വെളുപ്പിന് 3 മണിക്കാണ് മദർ ദിവംഗതയായത്.

താമസിയാതെ മൃതശരീരം തിരുമൂലപുരം ബഥനി മഠത്തിലേയ്ക്ക് കൊണ്ടുവന്നു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് ചരമപ്രസംഗം നടത്തി. മദറിന്റെ അസാമാന്യ കഴിവുകൾ, ത്യാഗസന്നദ്ധത, ഔദാര്യം, നിഷ്ഠയും നിർമ്മലവുമായ ജീവിതചര്യ, ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ സഹോദര സ്നേഹം, സഭാപരമായ ശുശ്രൂഷകളിൽ കാട്ടിയ പ്രേഷിത ചൈതന്യം, വിവിധങ്ങളായ സിദ്ധികൾ എല്ലാം വിലമതിച്ചുകൊണ്ടാണ് പ്രസംഗം നടത്തിയത്. നിരവധി വൈദികരുടെയും വിശ്വാസികളുടെയും സന്ന്യാസി സന്ന്യാസിനികളുടെയും മഹനീയ സാന്നിദ്ധ്യത്തിൽ 1974 ഓഗസ്റ്റ് 23 ന് 4 മണിയോടുകൂടി തിരുമൂലപുരം ബഥനി മഠം വക സെമിത്തേരിയിൽ സജ്ജമാക്കിയിരുന്ന പ്രത്യേക കല്ലറയിൽ സംസ്കരിച്ചു. ജന്മശതാബ്ദി സ്മരണ 2002-ൽ ആഘോഷിച്ചു.

മദറിന്റെ ആത്മശാന്തിയ്ക്കായി 40 ദിവസത്തേയ്ക്ക് ഗ്രിഗോറിയൻ കുർബ്ബാന അർപ്പിക്കപ്പെട്ടു. ഇപ്പോൾ വർഷംതോറും സ്മരണ ദിനത്തിൽ ദിവ്യബലി സമർപ്പിക്കപ്പെടുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തുവരുന്നു.

മദറിൽ പ്രകടമായിരുന്ന ദൈവിക പുണ്യങ്ങൾ സഹന സന്നദ്ധത, ആദർശ ശുദ്ധി, അവാച്യമായ പ്രാർത്ഥനാ ചൈതന്യം, അനിതര സാധാരണമായ സഹന സന്നദ്ധത, ധീരത, കർമ്മ കുശലത, ജീവിത ലാളിത്യം, ഔദാര്യം എന്നിവയെല്ലാം ബഥനി മക്കൾക്ക് അനുകരിക്കാവുന്നതാണ്. പ്രസന്നവതിയായി ദൈവസന്നിധിയിൽ സ്തോത്ര ഗാനങ്ങളാലപിക്കുന്ന മദറിന് നിത്യാശ്വാസം നേർന്നുകൊണ്ടും മദ്ധ്യസ്ഥത യാചിച്ചുകൊണ്ടും സ്നേഹപൂർവ്വം പ്രാർത്ഥനാഞ്ജലികൾ അർപ്പിച്ചുകൊള്ളട്ടെ.